# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2021-23)

### നാൽപ്പത്തിരണ്ടാമത് റിപ്പോർട്ട്
### (2023 ആഗസ്റ്റ് മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട അദ്ധ്യായം 3-ലെ ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**
**2023**

# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2021-23)

### നാൽപ്പത്തിരണ്ടാമത് റിപ്പോർട്ട്
(2023 ആഗസ്റ്റ് മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട അദ്ധ്യായം 3-ലെ ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | I |
| മുഖവുര | : | II |
| റിപ്പോർട്ട് | : | III |
| അനുബന്ധം I | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | : | 58 |
| അനുബന്ധം II | | |
| സർക്കാരിൽ നിന്നും ലഭിച്ച മറുപടി | : | 65 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23)

## ഘടന

**അദ്ധ്യക്ഷൻ :**

ശ്രീ. ടി. പി. രാമകൃഷ്ണൻ

**അംഗങ്ങൾ**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അനിൽ കുമാർ ബി., അണ്ടർ സെക്രട്ടറി

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2021-2023)യുടെ നാൽപ്പത്തിരണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട അദ്ധ്യായം 3-ലെ ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2023 ആഗസ്റ്റ് മാസം 8-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

**ടി. പി. രാമകൃഷ്ണൻ,**
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2023 ആഗസ്റ്റ് 10

## റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട അദ്ധ്യായം-3 ലെ ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

### ഓഡിറ്റ് നിരീക്ഷണങ്ങൾ

ഓഡിറ്റ് ഖണ്ഡിക

**വരവിനങ്ങളിലെ നഷ്ടങ്ങൾ**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കാൻ ഫലപ്രദമായ നടപടികളൊന്നും തന്നെ കുറെ വർഷങ്ങളായി നടന്നിട്ടില്ല. നികുതികൾ യഥാസമയം പിരിച്ചെടുക്കുന്നതിനും നികുതിയിതര വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിനും ശ്രദ്ധ ചെലുത്തുന്നില്ല. കെട്ടിട നികുതി, തൊഴിൽ നികുതി തുടങ്ങിയ വിവിധ വരവിനങ്ങളിൽ വൻതുക കുടിശ്ശികയായി അവശേഷിക്കുന്നു. തനതു വരുമാനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ വരുമാനത്തിലുണ്ടാകുന്ന നഷ്ടം കാലാകാലങ്ങളിൽ നിരീക്ഷിക്കുന്നതിനും നഷ്ടം നികത്തുന്നതിനും കഴിയാതെ വരുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:

**പാണഞ്ചേരി ഗ്രാമപഞ്ചായത്ത് - തൃശ്ശൂർ ജില്ല**

ഓഡിറ്റ് ഖണ്ഡിക

**ഷോപ്പിംഗ് കോംപ്ലക്സ് വാടക പിരിച്ചെടുത്തിട്ടില്ല.**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 1999-2000, ഖണ്ഡിക നമ്പർ 2-4

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2000-2001, ഖണ്ഡിക നമ്പർ 2-3

1999-2000, 2000-2001 സാമ്പത്തിക വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് എടുത്ത താഴെ പറയുന്ന വ്യക്തിയിൽ നിന്ന് വാടക ലഭിച്ചതായോ ആയത് ഈടാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചതായോ ഓഡിറ്റിന് കണ്ടെത്താൻ സാധിച്ചില്ല.

1999-2000

1. ശ്രീ. സുശീൽകുമാർ റൂം നമ്പർ 7/108 12,672/- രൂപ

2000-2001

2. ശ്രീ. സുശീൽകുമാർ റൂം നമ്പർ 7/108 12,672/- രൂപ

ആകെ 25,344/- രൂപ

മേൽ തുക നിയമാനുസൃതമായ പിഴ പലിശ സഹിതം ഈടാക്കാൻ വേണ്ട നടപടികൾ അധികാരികളുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : ശ്രീ. പി. മുകുന്ദൻ നായർ, സെക്രട്ടറി

(1999-2000, 2000-2001)

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.1 & 3.1.1)

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, 1999-2000 സാമ്പത്തിക വർഷത്തെ വാടക ബന്ധപ്പെട്ട വ്യക്തിയിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്നും എന്നാൽ 2000-2001 സാമ്പത്തിക വർഷത്തിൽ ഷോപ്പിംഗ് കോംപ്ലക്സിലെ പ്രസ്തുത മുറിയിൽ പഞ്ചായത്തിന്റെ പൈപ്പുകൾ സൂക്ഷിച്ചിരുന്നതിനാൽ വാടക ലഭ്യമായില്ലായെന്നും പാണഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു.

2. പ്രസ്തുത മറുപടി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ച സമിതി ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കാൻ തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**3. ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക ഈടാക്കുന്നതിനായി സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് പാണഞ്ചേരി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

**പാഞ്ഞാൾ ഗ്രാമപഞ്ചായത്ത്- തൃശ്ശൂർ ജില്ല**

ഓഡിറ്റ് ഖണ്ഡിക

**മണൽ വിൽപ്പന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 1999-2000, 2000-2001,. 2001-02, 2002-03

ഖണ്ഡിക നമ്പർ 2-2, 2-3, 2-1, 2-2

1999-2000 മുതൽ 2002-2003 വരെയുള്ള കാലയളവിൽ 22,94,320/- രൂപയുടെ മണൽ വൽപ്പന നടത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ ഏതെല്ലാം കടവുകളിലാണ് മണൽ വാരൽ അനുവദിച്ചിരുന്നതെന്നോ അതിനനുസൃതമായ വരവ് പഞ്ചായത്തിന് ലഭിച്ചിരുന്നോ എന്നുമുള്ള കാര്യങ്ങൾ 'പരിശോധിക്കുന്നതിനാവശ്യമായ രേഖകളോ കടവുകൾ ലേലം ചെയ്യതിനെ സംബന്ധിക്കുന്ന ഫയലോ പഞ്ചായത്ത് കമ്മിറ്റി തീരുമാനമോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല ഈ വിഷയത്തിലേക്ക് സെക്രട്ടറിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. മേൽ മണൽ വിൽപ്പന സംബന്ധിക്കുന്ന എല്ലാ രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥർ :

1999-2000

ശ്രീ. വി. ഗോപിനാഥൻ,
മുണ്ടനാട് ഹൗസ്,
പി.ഒ. ചെറുതുരുത്തി, തൃശ്ശൂർ (4/99-19.01.2000)

1999-2000-2002-2003

ശ്രീ. എ. കെ. സുൽത്താൻ
സുഹറ മൻസിൽ, നരിക്കുറ്റി പി.ഒ
പാലക്കാട് (19.01.2000 - 01.08.2002)

2002-2003

ശ്രീമതി വി. എ. ഷെരീഫ
കുട്ടപുരയ്ക്കൽ, പൊറ്റ പി.ഒ., പഴയന്നൂർ,
തൃശ്ശൂർ (1.8.2002 - 03/03)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.1.2)

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

4. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

**നിഗമനങ്ങൾ/ശിപാർശകൾ**

**5. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**പാലക്കാട് നഗരസഭ**

ഓഡിറ്റ് ഖണ്ഡിക

**തൊഴിൽകരം-വൻകുടിശ്ശിക -മറ്റ് ക്രമക്കേടുകൾ**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2006-2007, ഖണ്ഡിക നമ്പർ 2 (13)

പാലക്കാട് നഗരസഭയിലേക്ക് വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവ അടവാക്കേണ്ട തൊഴിൽ നികുതി നിയമാനുസൃതം അടവാക്കാത്തതിനാൽ നഗരസഭയ്ക്ക് 56,87,840/- രൂപ നഷ്ടമായിരിക്കുന്നു. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 539 പ്രകാരം നഗരസഭയ്ക്ക് ലഭിക്കേണ്ട ഏതെങ്കിലും തുകകൾ ഡ്യൂ ആകുന്ന തീയതി മുതൽ മൂന്നു വർഷത്തിനുള്ളിൽ ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാത്തപക്ഷം ആ തുകകൾ മുനിസിപ്പാലിറ്റിക്ക് നഷ്ടപ്പെടുന്നതാണ്. മുനിസിപ്പാലിറ്റിക്ക് നഷ്ടം സംഭവിച്ച തുകകൾ 12% പലിശ സഹിതം ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.1.4)

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

6. തൊഴിൽ നികുതി യഥാസമയം പിരിക്കാത്തതിനാൽ നഗരസഭയ്ക്കുണ്ടായ നഷ്ടം നികത്തിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് അക്കാലത്ത് തൊഴിൽ കരം ചെക്ക് മുഖേനയാണ് ലഭിച്ചുകൊണ്ടിരുന്നതെന്നും അത് സമയബന്ധിതമായി ഈടാക്കി രജിസ്റ്ററിൽ രേഖപ്പെടുത്താതിരുന്നതുകൊണ്ടായിരിക്കാം പ്രസ്തുത ഓഡിറ്റ് പരാമർശമുണ്ടായിട്ടുള്ളതെന്നും യഥാർത്ഥത്തിൽ അത്രയും കുടിശ്ശികയുണ്ടായിരുന്നില്ലെന്നും നിലവിൽ തൊഴിൽ കരം കൃത്യമായി ഈടാക്കുന്നുണ്ടെന്നും പാലക്കാട് നഗരസഭാ സെക്രട്ടറി മറുപടി നൽകി.

7. പ്രസ്തുത തുക യഥാസമയം രേഖപ്പെടുത്താതിരുന്നതിനാലാണ് തുകയിൽ വ്യത്യാസം വരാൻ കാരണമെന്ന് എറണാകുളം പഞ്ചായത്ത് റീജിയണൽ ഡയറക്ടർ സമിതിയെ അറിയിച്ചു.

8. 2020-21 ലെ ബാലൻസ് ഷീറ്റിൽ 5,95,02,971/- രൂപ തൊഴിൽ നികുതി ഇനത്തിൽ കുടിശ്ശികയായി കാണിച്ചിട്ടുണ്ടെന്ന് ചൂണ്ടിക്കാട്ടിയ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അതെങ്ങനെ പരിഹരിക്കുമെന്ന് ആരാഞ്ഞതിന്, പ്രസ്തുത തുക നടപ്പുവർഷത്തെ ആകെ ഡിമാന്റാണെന്നും ആയത് ശേഖരിച്ച് വരുന്നതേയുള്ളുവെന്നും പാലക്കാട് നഗരസഭാ സെക്രട്ടറി വിശദീകരിച്ചു.

9. ഡിമാൻഡ് ചെയ്യുന്ന തുക തന്നെ ബാലൻസ് ഷീറ്റിൽ അസറ്റായി കാണിക്കുന്നതുകൊണ്ടാണ് ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുക ലഭിക്കാതെ വരുന്നതെന്ന് എറണാകുളം പഞ്ചായത്ത് റീജിയണൽ ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു.

10. 2023-24 സാമ്പത്തിക വർഷമെങ്കിലും യഥാർത്ഥത്തിൽ ലഭിക്കേണ്ട തുകയെത്രയെന്ന് തിട്ടപ്പെടുത്തിയതിന് ശേഷമായിരിക്കണം ബാലൻസ് ഷീറ്റ് തയ്യാറാക്കേണ്ടതെന്നും ബാലൻസ് ഷീറ്റ് പ്രകാരം ലഭിക്കേണ്ട തുക ആരുടെയൊക്കെ പക്കൽ നിന്നുള്ളതാണ് എന്ന രേഖ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കേണ്ടതുണ്ടെന്നും വ്യക്തമാക്കിയ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ നിലവിൽ കൺസോളിഡേറ്റ് ചെയ്ത ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടോയെന്ന് ആരാഞ്ഞതിന്, നിലവിൽ വിശദവിവരം ഉൾപ്പെടുത്തിയ കൃത്യമായ ഡിമാന്റ് രജിസ്റ്ററുണ്ടെന്ന് എറണാകുളം പഞ്ചായത്ത് റീജിയണൽ ഡയറക്ടർ മറുപടി നൽകി.

11. പല നഗരസഭകളും പഞ്ചായത്തുകളും തൊഴിൽ നികുതി ഡിമാന്റ് രേഖപ്പെടുത്തിയിരിക്കുന്നത് ശരിയായ രീതിയിലല്ലെന്നും തൊഴിൽ നികുതിയുടെ പരിധിയിൽ വരുന്നവർ ആരൊക്കെയെന്ന് കൃത്യമായി മാപ്പിംഗ് നടത്തിയാൽ ഡിമാന്റ് തുക പിരിച്ചെടുക്കാൻ കഴിയുന്നതാണെന്നും അപ്രാപ്യമായ ഡിമാന്റല്ല ഇവിടെ സൂചിപ്പിച്ചിരിക്കുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

12. കുടിശ്ശികയും കണക്കുകളും കൃത്യമല്ലെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച സാഹചര്യത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് എന്ത് നിലപാട് സ്വീകരിക്കണമെന്ന് ആലോചിക്കേണ്ടതുണ്ടെന്നും തൊഴിൽകരം കൃത്യമായി പിരിക്കുകയെന്നത് നഗരസഭയുടെ ഉത്തരവാദിത്തമാണെന്നും സമിതി വിലയിരുത്തി.

13. പ്രസ്തുത വിഷയത്തിൽ പാലക്കാട് മുനിസിപ്പാലിറ്റിയാണ് ഉത്തരവാദിത്തം ഏറ്റെടുക്കേണ്ടതെന്നും കുടിശ്ശികയുടെ കൃത്യമായ കണക്ക് കൈവശമില്ലെന്നും വ്യക്തമാക്കിയ എറണാകുളം പഞ്ചായത്ത് റീജിയണൽ ഡയറക്ടർ, ബാലൻസ് ഷീറ്റിൽ കാണിച്ചിരിക്കുന്ന ഡിമാൻഡ് തുകയിൽ ലഭിച്ച തുക രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും ലഭിക്കാനുള്ളത് പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും തൊഴിൽ നികുതി കുടിശ്ശികയുണ്ടെങ്കിൽ D&O ലൈസൻസ് പുതുക്കി നൽകരുതെന്ന് നഗരസഭയോട് ആവശ്യപ്പെടാമെന്നും പ്രസ്തുത തുക നഷ്ടപ്പെട്ടിട്ടില്ലെന്നാണ് പാലക്കാട് മുനിസിപ്പാലിറ്റി അധികൃതർ നല്കിയിരിക്കുന്ന വിശദീകരണമെന്നും വ്യക്തമാക്കി.

14. പ്രസ്തുത തുക നഷ്ടപ്പെട്ടിട്ടില്ലെങ്കിൽ അക്കാര്യം രേഖകളിലുണ്ടാകണമെന്ന് സമിതി ചൂണ്ടിക്കാട്ടി.

15. ഭാവിയിൽ ഇത്തരം വിഷയങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും പ്രസ്തുത തുക ക്രമപ്പെടുത്തുമെന്ന മറുപടി അംഗീകരിക്കുന്നുവെന്നും ജിയോസ്പേഷ്യൽ മാപ്പിംഗ് നടത്താൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടെന്നും കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഇതിലൂടെ അറിയാൻ കഴിയുമെന്നും എന്നാൽ അഡ്മിനിസ്ട്രേഷനും അക്കൗണ്ടിംഗും ഡിജിറ്റൽ വിവരങ്ങളിൽ ഉൾപ്പെടുത്താനുള്ള

സാധ്യത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇപ്പോഴും ഉപയോഗപ്പെടുത്തുന്നില്ലെന്നും അനധികൃത കെട്ടിടങ്ങളുടെയും അവിടെ ജോലി ചെയ്യുന്നവരുടെയും വിവരങ്ങൾ ഡിജിറ്റലായി സൂക്ഷിക്കുന്ന നഗരസഭകളുണ്ടെങ്കിലും പ്രസ്തുത വിവരങ്ങൾ ഭരണ നിർവ്വഹണത്തിൽ ഉപയോഗിക്കുന്നത് സംബന്ധിച്ചുള്ള അവ്യക്തത ഒരു പ്രശ്നമാണെന്നും ബഡ്ജറ്റ് അക്കൗണ്ടിംഗിന് കൃത്യമായ ടൂൾ വേണമെന്ന് പറയുന്നതിന്റെ കാരണമിതാണെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

16. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ലെന്നും തനത് ഫണ്ടിന്റെ സ്വരൂപണത്തിലും ചെലവഴിക്കലിലും ക്രമപ്പെടുത്തലിന്റെ ആവശ്യകതയുണ്ടെന്നും ഇക്കാര്യം സംബന്ധിച്ച് ഒരു പൊതുനിർദ്ദേശം നല്കുന്നത് ഉചിതമായിരിക്കുമെന്നും 100 ശതമാനം നികുതി/നികുതിയേതര വരുമാനം പിരിച്ചെടുക്കുന്ന സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ടിൽ നിന്നു തന്നെ ഇൻസെന്റീവ് നൽകുന്നുണ്ടെന്നും കേരളാ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ചീഫ് (ഡീസെൻട്രലൈസ്ഡ് പ്ലാനിംഗ് ഡിവിഷൻ) അറിയിച്ചു.

17. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഓഡിറ്റ് വിഭാഗത്തിന് വിശദമായ റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**18. തൊഴിൽ നികുതി കുടിശ്ശികയുടെ കൃത്യമായ വിവരങ്ങൾ നഗരസഭയിൽ ലഭ്യമല്ലെന്ന് സമിതി നിരീക്ഷിക്കുന്നു. തൊഴിൽ നികുതി ഇനത്തിൽ പിരിച്ചെടുത്ത തുക കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കണമെന്നും ഈ വിഷയത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**അനുവദിക്കപ്പെട്ട ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്നു**

പ്രത്യേക ഘടകപദ്ധതികൾക്കായും മറ്റ് പ്രത്യേക ഉദ്ദേശങ്ങൾക്കു വേണ്ടിയും അനുവദിക്കുന്ന തുകകൾ ആ പ്രത്യേക ഉദ്ദേശത്തിനുവേണ്ടി മാത്രമേ ചെലവഴിക്കാവൂ എന്ന് സർക്കാർ മാർഗ്ഗനിർദ്ദേശമുണ്ടായിട്ടും പല നഗരസഭകളും ജില്ലാ

പഞ്ചായത്തുകളും പ്രസ്തുത നിർദ്ദേശങ്ങൾ അവഗണിച്ചുകൊണ്ട് ഫണ്ട് വകമാറ്റി ചെലവഴിക്കുന്ന പ്രവണത കണ്ടുവരുന്നു. ഇത് ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. ശ്രദ്ധയിൽപ്പെട്ട ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:

**പാലാ നഗരസഭ - കോട്ടയം ജില്ല**

ഓഡിറ്റ് ഖണ്ഡിക

**ജനസേവന കേന്ദ്രം/ഓഫീസ് കമ്പ്യൂട്ടർവത്ക്കരണം എന്നിവയ്ക്കായി ഭീമമായ തുക ഡി.പി.സി അംഗീകാരമില്ലാതെ ഐ.കെ.എം-ൽ നിക്ഷേപിച്ചു**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2005 -2006, ഖണ്ഡിക നമ്പർ 2.4

സമ്പൂർണ്ണ ഓഫീസ് കമ്പ്യൂട്ടർവത്ക്കരണത്തിനായി 2005-06-ൽ എസ്.ഒ. 23/2006 നമ്പറായി തയ്യാറാക്കിയ പ്രോജക്ടിന്റെ നിർവ്വഹണത്തിന് 10,000/- രൂപ പദ്ധതി വിഹിതവും 18,88,396/- രൂപ തനത് ഫണ്ട് വിഹിതവും ഉൾപ്പെടെ 18,98,396/- രൂപയാണ് അടങ്കലായി വകയിരുത്തിയിരുന്നത്. ടി പ്രോജക്ടിന് 16.05.2005-ൽ 1/05-06 നമ്പറായി ഡി.പി.സി. അംഗീകാരവും ലഭിച്ചിരുന്നു. പദ്ധതിനിർവ്വഹണ വേളയിൽ കൂടുതൽ പ്രവൃത്തിയിനങ്ങൾ ഉൾപ്പെടുത്തണമെന്ന ചെയർപേഴ്സന്റെ ആവശ്യം പരിഗണിച്ച് 16,00,000/- രൂപ കൂടി നിക്ഷേപിക്കുവാൻ ഐ.കെ.എം. ആവശ്യപ്പെടുകയും തദനുസരണം പദ്ധതി വിഹിത വകയിരുത്തൽ കേവലം 10,000/- രൂപ മാത്രമാണെന്ന വസ്തുത പരിഗണിക്കാതെ സ്റ്റിയറിംഗ് കമ്മിറ്റിയുടെ 29.03.2006-ലെ നിർദ്ദേശവും ചെയർപേഴ്സന്റെ 30.03.2006-ലെ നിർദ്ദേശവും അനുസരിച്ച് 25,00,000/- രൂപ പദ്ധതി വിഹിതത്തിൽ നിന്നും പിൻവലിച്ച് ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. ടി നടപടി പദ്ധതി വിഹിതത്തിന്റെ ഗുരുതരമായ വകമാറ്റലായി ഓഡിറ്റ് വിലയിരുത്തുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.2 & 3.2.2)

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

19. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

**നിഗമനങ്ങൾ/ശിപാർശകൾ**

**20. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**കണ്ണൂർ ജില്ലാ പഞ്ചായത്ത്**

ഓഡിറ്റ് ഖണ്ഡിക

**സമ്പൂർണ്ണ ശുചിത്വ പരിപാടിക്ക് അനുവദിച്ച തുക മാറ്റി ചെലവഴിച്ചു**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2005 -2006, ഖണ്ഡിക നമ്പർ 3-1

സമ്പൂർണ്ണ ശുചിത്വ പരിപാടിയുടെ ഭാഗമായി ജില്ലാപഞ്ചായത്ത് വിഹിതമായി 2003-04 മുതൽ 2006-07 വരെ പദ്ധതി വിഹിതം 70 ലക്ഷം രൂപ ജില്ലാ കോ-ഓർഡിനേറ്റർക്ക് (DRDA) അനുവദിച്ചിരുന്നു. ചെലവഴിക്കാത്ത തുക 23.11.2004-ലെ ജി.ഒ.(പി.) നമ്പർ 549/04 ഫിൻ. ഖണ്ഡിക 4.4 പ്രകാരം അതാത് വർഷാവസാനം തിരിച്ചടക്കേണ്ടതിന് പകരം ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, മറ്റു ചെലവുകൾ, കേന്ദ്ര വിഹിതം എന്നിവയ്ക്ക് വകമാറ്റി ചെലവഴിച്ചു ആയത് ഗുരുതരമായ കൃത്യവിലോപമാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ :

ടി. തുളസീധരൻ

അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ , സാനിട്ടറി മിഷൻ

(മനോജ്ഞം, അഗസ്ത്യക്കോട്, അഞ്ചൽ പി.ഒ, കൊല്ലം-691 306)

ഇപ്പോഴത്തെ വിലാസം : എ.ഡി.സി, പെർഫോമൻസ് ഓഡിറ്റ് ഓഫീസർ.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.2.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

21. 2003-04 മുതൽ 2006-07 വരെ 70 ലക്ഷം രൂപ കണ്ണൂർ ജില്ലാ പഞ്ചായത്ത് ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർക്ക് അനുവദിച്ചതിൽ 45.886 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ബാക്കി 21.11 ലക്ഷം രൂപ വകമാറ്റി ചെലവഴിച്ചുവെന്നാണ് ആരോപണമെന്നും മറ്റ് ഫണ്ടുകൾ ലഭ്യമല്ലാത്തതിനാൽ പദ്ധതി നടത്തിപ്പിനായി സദുദ്ദേശ്യത്തോടെ പ്രസ്തുത തുക ചെലവഴിച്ചുവെന്ന് ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർ മറുപടി ലഭ്യമാക്കിയിട്ടുണ്ടെന്നും പ്രസ്തുത മറുപടി പഞ്ചായത്തിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും ജില്ലയിലെ ശുചിത്വ മിഷൻ പദ്ധതി നിർവ്വഹണത്തിന് പ്രസ്തുത തുക ഉപയോഗിച്ചതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ടെന്നും കണ്ണൂർ ജില്ലാ പഞ്ചായത്ത് ഫിനാൻസ് ഓഫീസർ (സെക്രട്ടറി ഇൻ ചാർജ്ജ്) സമിതിയെ ബോധിപ്പിച്ചു.

22. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

## നിഗമനങ്ങൾ/ശിപാർശകൾ

**23. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ സമ്പൂർണ്ണ ശുചിത്വ പരിപാടിക്ക് അനുവദിച്ച തുക മാറ്റി ചെലവഴിച്ചത് സംബന്ധിച്ച പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ഉത്തരവുകളും ചട്ടങ്ങളും ലംഘിച്ചുള്ള പ്രവൃത്തികൾ**

സർക്കാരും പൊതുമരാമത്ത് വകുപ്പും കാലാകാലങ്ങളിൽ ഇറക്കുന്ന ഉത്തരവുകൾ ലംഘിച്ചുകൊണ്ട് വിവിധ പദ്ധതികൾ നിർവ്വഹിച്ചുവരുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ പഞ്ചായത്ത്/മുനിസിപ്പൽ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായും നിരവധി പ്രവൃത്തികൾ ചെയ്തു വരുന്നു. ഇത് ഗുരുതരമായ അച്ചടക്ക ലംഘനമായി ഓഡിറ്റ് വിലയിരുത്തുന്നു. അത്തരത്തിൽ പ്രവൃത്തി നിർവ്വഹിച്ചതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:

## പുതുക്കാട് ഗ്രാമപഞ്ചായത്ത് -തൃശ്ശൂർ ജില്ല

ഓഡിറ്റ് ഖണ്ഡിക

### ഗുണഭോക്തൃ പദ്ധതികൾ - കുടുംബശ്രീയെ ഏൽപ്പിച്ച് പണം നൽകി

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2003 -2004, ഖണ്ഡിക നമ്പർ 3-9

24,66,000/- രൂപ പി.ഡി. അക്കൗണ്ടിൽ നിന്നും 5 പൊതു പദ്ധതികൾക്കും 3 ഗിരിവർഗ്ഗ പദ്ധതികൾക്കുമായി മെമ്പർ സെക്രട്ടറി, കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി എന്ന പേരിൽ നൽകി അംഗീകരിച്ച പദ്ധതികൾ പ്രകാരം ഈ പദ്ധതികളുടെയെല്ലാം നിർവ്വഹണാധികാരി സെക്രട്ടറിയാണ്. എന്നാൽ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയെ നിർവ്വഹണ ഏജൻസിയാക്കിയാണ് ഇപ്രകാരം പദ്ധതി പണം കണക്കുമാറ്റി ചെലവഴിച്ചത്. ഇത് 09.07.2003-ലെ ജി.ഒ.(പി.) 381/03/ഫിൻ-ലെ നിർദ്ദേശങ്ങൾക്ക് എതിരാണ്. പി. ഡി. അക്കൗണ്ടിൽനിന്നും യഥാർത്ഥ ചെലവിനുള്ള തുകമാത്രം ചെക്കായി നൽകണമെന്നിരിക്കെ വ്യക്തിഗത പദ്ധതികൾക്കുള്ള തുക മുഴുവനായി മറ്റൊരു ഏജൻസിയെ ഏൽപ്പിച്ചത് 31.03.2004-ൽ പി.ഡി. കണക്കുകൾ എല്ലാം അവസാനിപ്പിക്കണമെന്ന നിർദ്ദേശത്തെ മറികടന്ന് പദ്ധതി പണം കൈവശം സൂക്ഷിച്ച് ഉപയോഗിക്കാൻ വേണ്ടി മാത്രമാണ്. 01.04.2004-ന് മുമ്പ് തുകയൊന്നും ചെലവഴിച്ചിട്ടില്ല. 14.06.2004 വരെ ഈ സൊസൈറ്റി കണക്കിൽ നിന്നും പിൻവലിച്ചത് കഴിച്ച് 15,27,963/- രൂപ 03.09.2004-ൽ ബാക്കിയുണ്ടായിരുന്നു.

പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം സെക്രട്ടറിയുടെ വിയോജനക്കുറിപ്പോടെ ഈ പണം കൈമാറ്റം നടത്തിയതും 09.07.2003 ലെ സർക്കാർ ഉത്തരവിന് വിരുദ്ധമാണ്.

അനധികൃതമായി സൊസൈറ്റിക്ക് പണം നൽകിയതും സൊസൈറ്റി അതിൽ നിന്നും ചെലവ് നടത്തിയതും ബന്ധപ്പെട്ട അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

ബാക്കിയുള്ള തുക തിരികെ വാങ്ങുന്നതിനും അനധികൃതമായി സൊസൈറ്റി നടത്തിയ ചെലവിന് സാധൂകരണം വാങ്ങുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ :

ശ്രീ. വി. തങ്കപ്പൻ, സെക്രട്ടറി.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.4 & 3.4.1)

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

24. അനധികൃതമായി സി.ഡി.എസ്. ന് പണം നൽകിയതിനെക്കുറിച്ച് സമിതി ആരാഞ്ഞതിന് വ്യക്തിഗത പദ്ധതികൾക്കുള്ള തുകയാണ് കുടുംബശ്രീ മെമ്പർ സെക്രട്ടറിയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ അക്കൗണ്ടിലേയ്ക്ക് കൈമാറിയതെന്നും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറാണ് വ്യക്തികൾക്ക് ചെക്ക് മുഖേന തുക നൽകിയതെന്നും ചെലവഴിക്കാത്ത ബാക്കി തുക സർക്കാരിലേയ്ക്ക് തിരിച്ചടച്ചിട്ടുണ്ടെന്നും അതിന്റെ രേഖകൾ സമിതിയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്നും പുത്തൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകി.

25. മേൽ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**26. പുത്തൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## പാലക്കാട് നഗരസഭ

<u>ഓഡിറ്റ് ഖണ്ഡിക</u>

**കല്യാണമണ്ഡപ നിർമ്മാണം - കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ലംഘനം**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക: 2(2)

യാതൊരു കെട്ടിടനിർമ്മാണ ചട്ടങ്ങളും പാലിക്കാതെ നിർമ്മിക്കപ്പെട്ട കല്യാണമണ്ഡപത്തിൽ നിന്നും പുറന്തള്ളുന്ന മാലിന്യങ്ങൾ 'പൊതുജനങ്ങൾക്ക് ശല്യമാകുന്നുവെന്ന 51 പേരുടെ ഒപ്പോടുകൂടിയ പരാതി ശരിയാണെന്ന് ടൗൺ പ്ലാനിംഗ് ഇൻസ്പെക്ടർ (8.6.2007-ന്) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ കെട്ടിടം അനധികൃതമാണെന്നും അതിന്മേൽ നടപടികൾ സ്വീകരിക്കണമെന്നും 14.6.2007-ന് ടിയാൻ ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിലുള്ള വാണിജ്യ കെട്ടിടത്തിൽ അനധികൃത കല്യാണമണ്ഡപം നടത്തിവരുന്നത് നിർത്തിവെക്കാൻ കക്ഷിക്ക് അടിയന്തര നോട്ടീസ് നൽകാവുന്നതാണെന്ന് 12.7.2007-ന് റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സെക്രട്ടറി പുറപ്പെടുവിച്ച ഉത്തരവിനെതിരെ കെട്ടിട ഉടമ ബഹു. ട്രൈബ്യൂണലിൽ അപ്പീൽ നൽകുകയും നിർമ്മാണം ക്രമപ്പെടുത്താൻ കഴിയുമോ എന്ന് പരിശോധിക്കാൻ ട്രൈബ്യൂണൽ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആയത് ടൗൺ പ്ലാനിംഗ് ഓഫീസർ പരിശോധിച്ച് അനധികൃത നിർമ്മാണം ക്രമീകരിക്കാനാവില്ലെന്നും നടപടികൾ തുടരാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ മേൽ നിർമ്മാണം പൊളിച്ചുനീക്കാൻ 23.2.2008-ന് സെക്രട്ടറി ഉത്തരവിട്ടിരുന്നു. എന്നാൽ അനന്തര നടപടികൾ ഒന്നും നടന്നതായി കാണുന്നില്ല. ഇത് ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:

ശ്രീ. ബേബി ആന്റണി, സെക്രട്ടറി, തിരൂർ മുൻസിപ്പാലിറ്റി (ഓഡിറ്റ് നടന്ന സമയം)
S/o ആന്റണി, വടക്കുംചേരി വീട്, കിഴക്കമ്പലം, എറണാകുളം ജില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.4.3)

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

27. 2/674, 2/686 നമ്പർ വാണിജ്യ കെട്ടിടങ്ങളിൽ അനധികൃത കല്യാണമണ്ഡപം നടത്തിവരുന്നതായി പരാതി ലഭിച്ചതിനെത്തുടർന്ന് 04.01.2008-ൽ കല്യാണ മണ്ഡപത്തിന്റെ പ്രവർത്തനം നിർത്തിവയ്ക്കുന്നതിന് ഉത്തരവ് നൽകിയിരുന്നുവെന്നും അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് കേരള മുനിസിപ്പാലിറ്റി ആക്ട് 406-ാം വകുപ്പ് പ്രകാരം കാരണം കാണിക്കൽ നോട്ടീസും 406(3)-ാം വകുപ്പ് പ്രകാരം സ്ഥിരീകരണ ഉത്തരവും നൽകിയിട്ടുണ്ടെന്നും അനധികൃത നിർമ്മാണം പൊളിച്ച് നീക്കാൻ 23.02.2008-ന് സെക്രട്ടറി ഉത്തരവിട്ടിരുന്നെങ്കിലും തുടർനടപടി സ്വീകരിച്ചതായി കാണുന്നില്ലെന്നും ഇതുസംബന്ധിച്ച ഒറിജിനൽ ഫയൽ കണ്ടെത്താനായിട്ടില്ലെന്നും ഓഡിറ്റ് പരാമർശം വന്നതിനെത്തുടർന്ന് വിഷയം ശ്രദ്ധയിൽപ്പെടുകയും നിയമാനുസൃതമായി നടപടി സ്വീകരിച്ചുവരികയും ചെയ്യവേ എതിർകക്ഷി ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്തതിനെത്തുടർന്ന് ഒബ്ജക്ഷൻ ഫയൽ ചെയ്യണമെന്നും കക്ഷിയെ നേരിൽ കേൾക്കണമെന്നും 16.05.2015-ന് ട്രൈബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും ഒറിജിനൽ ഫയൽ കാണാത്തതിനാൽ അതിന് സാധിച്ചില്ലെന്നും അനധികൃത നിർമ്മാണം പൊളിച്ചുനീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരവേ അതിനെതിരെ എതിർകക്ഷി ഹൈക്കോടതിയിൽ നിന്ന് ഇന്ററിം സ്റ്റേ ഓർഡർ വാങ്ങിയിരിക്കുകയാണെന്നും നിലവിൽ പ്രസ്തുത വിഷയം ഹൈക്കോടതിയുടെ പരിഗണനയിലാണെന്നും പാലക്കാട് നഗരസഭാ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു

28. സ്റ്റേ ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഇതുസംബന്ധിച്ച് രണ്ട് യോഗങ്ങൾ നടത്തിയിരുന്നുവെന്നും ഉടൻ തന്നെ അടുത്ത യോഗം വിളിക്കുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

29. ഫയൽ നഷ്ടപ്പെട്ടതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് നോട്ടീസ് കൊടുത്ത് നിയമ

പ്രകാരമുള്ള തുടർ നടപടി സ്വീകരിച്ച് കൊണ്ടിരിക്കുകയാണെന്ന് പാലക്കാട് നഗരസഭാ സെക്രട്ടറി മറുപടി നൽകി. എഞ്ചിനീയറിംഗ് വിഭാഗമാണ് ഫയലിന്റെ കസ്റ്റോഡിയനെന്നും എന്നാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ആരാണെന്ന് അറിയാൻ കഴിഞ്ഞില്ലെന്നും നഗരസഭാ സെക്രട്ടറി തുടർന്ന് അറിയിച്ചു.

30. ഇതിനുത്തരവാദിയായ ഉദ്യോഗസ്ഥൻ ആരാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെന്ന് ചൂണ്ടിക്കാട്ടിയ സമിതി ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ആരാണെന്ന് അറിയില്ലെന്നത് തന്നെ ഗുരുതരമായ വീഴ്ചയാണെന്ന് വിലയിരുത്തി.

31. അന്നത്തെ ക്ലാർക്ക് ആരായിരുന്നുവെന്നും ഏത് സെക്ഷനാണ് പ്രസ്തുത ഫയൽ കൈകാര്യം ചെയ്തിരുന്നതെന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലെന്നാണ് നഗരസഭാ സെക്രട്ടറി ഉദ്ദേശിച്ചതെന്നും പാലക്കാട് നഗരസഭ ടി രജിസ്റ്റർ സൂക്ഷിക്കാതിരുന്നത് തെറ്റ് തന്നെയാണെന്നും എല്ലാ നഗരസഭകളും കൃത്യമായി രജിസ്റ്ററുകൾ സൂക്ഷിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും എറണാകുളം റീജിയണൽ ജോയിന്റ് ഡയറക്ടർ അറിയിച്ചു.

32. നിലവിൽ മുനിസിപ്പാലിറ്റികളുടെയും പഞ്ചായത്തുകളുടെയും പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്യുന്നുണ്ടെന്നും മാസം തോറുമുള്ള മീറ്റിംഗുകൾ പുനരാരംഭിച്ചിട്ടുണ്ടെന്നും നികുതി പിരിക്കുന്നതിനും കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിനും നിലവിലുള്ള മാർഗ്ഗരേഖ സംബന്ധിച്ച് അവബോധം നൽകുന്നതിനുള്ള ക്ലാസ്സുകളും പ്ലാൻ ചെയ്തിട്ടുണ്ടെന്നും കോവിഡ് കാരണം കഴിഞ്ഞ രണ്ട് വർഷക്കാലം ഓൺലൈൻ റിവ്യൂ മാത്രം നടത്തിയിരുന്നതിനാൽ വിശദാംശങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിരുന്നില്ലെന്നും നേരിട്ടുള്ള യോഗങ്ങൾ പുനരാരംഭിക്കുന്നതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന നിലവാരവും കാര്യക്ഷമതയും കുറച്ചുകൂടി മെച്ചപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

33. പ്രവർത്തനങ്ങൾ ചട്ടപ്രകാരം ചെയ്യണമെന്ന് ആവശ്യപ്പെട്ട സമിതി പ്രസ്തുത വിഷയത്തിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയാൽ മാത്രമേ ഇതിന്മേൽ തീരുമാനമെടുക്കുന്നതിന് സാധിക്കുകയുള്ളുവെന്ന് നിരീക്ഷിച്ചു.

34. പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**35. പ്രസ്തുത വിഷയം സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള സ്റ്റേ ഒഴിവാക്കുന്നതിനും കേസ് നടപടികൾ ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഫയൽ നഷ്ടപ്പെട്ടത് സംബന്ധിച്ച് അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

**പുത്തൂർ ഗ്രാമപഞ്ചായത്ത് - തൃശ്ശൂർ ജില്ല**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ഭവനനിർമ്മാണം - ധനസഹായം നൽകിയതിലെ അപാകത**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002-03, ഖണ്ഡിക നമ്പർ: 3-2

ഈ പദ്ധതി പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരിൽ സ്വന്തമായി ഭൂമിയുള്ളതും സ്വന്തമായി വീടില്ലാത്തതുമായ കുടുംബങ്ങൾക്ക് വീടൊന്നിന് 22,000 രൂപ ധനസഹായം നൽകാൻ വിഭാവനം ചെയ്തിരുന്നു. എന്നാൽ കൈവശ സർട്ടിഫിക്കറ്റോ പട്ടയമോ ഇല്ലാതെ അനധികൃതമായി 1.1.1977-ന് മുമ്പ് ഭൂമി കൈവശം വച്ചിരുന്നവരാണ് എന്ന് ബന്ധപ്പെട്ട വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള 21 ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിച്ചത്. പട്ടയമോ കൈവശരേഖയോ ഇല്ലാതെ അനധികൃതമായി കൈവശം വച്ചുവരുന്ന ഭൂമിയിലാണ് വീട് നിർമ്മാണത്തിന് ധനസഹായം നൽകിയിരിക്കുന്നത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.5.8)

ഓഡിറ്റ് ഖണ്ഡികക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

36. പ്രസ്തുത വിഷയം സ്ക്രീനിംഗ് കമ്മിറ്റി വിശദമായി പരിശോധിച്ചതാണെന്നും പ്രസ്തുത പദ്ധതി നടപ്പിലാക്കിയത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായിട്ടാണെങ്കിലും പദ്ധതിയുടെ ഗുണഭോക്താക്കൾ സമൂഹത്തിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന ജനസമൂഹമായതിനാലും ഭൂമിക്ക് കൈവശാവകാശ സർട്ടിഫിക്കറ്റുണ്ടായിരുന്നതിനാലും

പദ്ധതി നടപ്പാക്കിയത് 20 വർഷങ്ങൾക്ക് മുമ്പായിരുന്നതിനാലും ഇതുസംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സ്ക്രീനിംഗ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ടെന്ന് സമിതി ചൂണ്ടിക്കാട്ടി.

37. സ്ക്രീനിംഗ് കമ്മിറ്റിയുടെ ശിപാർശ ജില്ലാ ഓഡിറ്റ് ഓഫീസിന് നൽകിയാൽ പരിശോധിച്ച് പരാമർശം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കാമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

38. വനം-റവന്യൂ വകുപ്പുകൾ സംയുക്തമായി പരിശോധന നടത്തിയത് സംബന്ധിച്ച രേഖ ആരുടെയും കൈവശമില്ലെന്ന് പഞ്ചായത്ത് ഡയറക്ടറേറ്റ് സീനിയർ ഫിനാൻസ് ഓഫീസർ അറിയിച്ചു.

39. പുത്തൂർ ഗ്രാമപഞ്ചായത്തിലെ വലിയൊരു പ്രദേശം വനത്തോട് ചേർന്നു കിടക്കുന്നതാകയാൽ 50 വർഷത്തിലധികമായി കൈവശം വച്ചുവരുന്ന ഭൂമിയ്ക്ക് പട്ടയത്തിന് അപേക്ഷിച്ചാൽ ലഭിക്കാത്ത അവസ്ഥയുണ്ടെന്നും ഐ.എ.വൈ., ലൈഫ് പദ്ധതി പ്രകാരം അനുവദിക്കുന്ന വീടുകൾക്കും വർഷങ്ങളായി താമസിച്ചുവരുന്നവർക്കും ബിൽഡിംഗ് പെർമിറ്റ് കൊടുക്കാൻ സർക്കാർ ഉത്തരവുണ്ടെന്നും അതനുസരിച്ച് പട്ടയം ലഭിക്കാത്ത ഭൂമിയിൽ ബിൽഡിംഗ് പെർമിറ്റ് നിലവിൽ കൊടുത്തുവരുന്നുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

40. മേൽ വിഷയം സംബന്ധിച്ച് സ്ക്രീനിംഗ് കമ്മിറ്റിയുടെ ശിപാർശ അടക്കമുള്ള റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിനും ഓഡിറ്റ് വകുപ്പ് ടി റിപ്പോർട്ട് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി തീരുമാനിച്ചു

## നിഗമനങ്ങൾ/ശിപാർശകൾ

**41. ഓഡിറ്റ് പരാമർശിച്ച പദ്ധതി നടപ്പാക്കിയത് മാർഗരേഖയ്ക്ക് വിരുദ്ധമായിട്ടാണെങ്കിലും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ സമൂഹത്തിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന ജനസമൂഹമായതിനാലും ഭൂമിക്ക് കൈവശാവകാശ സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നതിനാലും പദ്ധതി നടപ്പാക്കിയത് ഇരുപത് വർഷങ്ങൾക്ക് മുമ്പായിരുന്നതിനാലും പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സ്ക്രീനിംഗ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ശിപാർശ ഉൾപ്പെടുന്ന സ്ക്രീനിംഗ് കമ്മിറ്റി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിനും ഓഡിറ്റ് വകുപ്പ് ആയത്**

**പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

**തിരുവനന്തപുരം നഗരസഭ**

ഓഡിറ്റ് ഖണ്ഡിക

**സർക്കാർ വക സ്ഥലത്ത് അനധികൃതമായി ചുറ്റുമതിൽ നിർമ്മാണം**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക 3.10

ജഗതിയിലുള്ള കുളം നികത്തിയ സ്ഥലം സംരക്ഷിക്കുന്നതിനായി ചുറ്റുമതിൽ നിർമ്മാണം നടത്തുന്നതിന് നഗരസഭ അനുവാദം നൽകി. എന്നാൽ, പണി തുടർന്നുവരവെ, റവന്യൂ അധികാരികൾ സ്ഥലം സന്ദർശിച്ച് സർക്കാർ വക ഭൂമിയിലാണ് നഗരസഭ പണി ചെയ്യിക്കുന്നതെന്ന് ബോദ്ധ്യപ്പെടുത്തിയതിനാൽ പണി നിർത്തിവയ്ക്കുകയും ചെയ്തു. ഇപ്രകാരം അനധികൃതമായി, നഗരസഭയുടേതല്ലാത്ത സ്ഥലത്ത് പണി നടത്തിയതുമൂലം 1,55,842 രൂപ നഷ്ടം സംഭവിച്ചു.

ഉത്തരവാദിയായ ഉദ്യോഗസ്ഥർ:

ശ്രീ.ഡാനിയേൽ, പ്രോജക്ട് എഞ്ചിനീയർ, തിരുവനന്തപുരം നഗരസഭ.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3.5.12)

ഓഡിറ്റ് ഖണ്ഡികക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

42. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

**നിഗമനങ്ങൾ/ശിപാർശകൾ**

**43. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ലക്ഷ്യം കൈവരിക്കാത്ത പദ്ധതികൾ**

കൃഷി, അനുബന്ധ മേഖല, ഭവനനിർമ്മാണം, വ്യവസായം, ഭൗതിക സാഹചര്യം വർദ്ധിപ്പിക്കൽ, ജലസേചനം, വൈദ്യുതീകരണം, മാലിന്യ സംസ്കരണം തുടങ്ങിയ

വിവിധ മേഖലകളിലെ പ്രോജക്ടുകൾ ഉദ്ദേശലക്ഷ്യം നേടിയിട്ടില്ല. പദ്ധതി രൂപീകരണത്തിലെ ദീർഘവീക്ഷണമില്ലായ്മ, കാര്യക്ഷമമായ മോണിറ്ററിംഗിന്റെ അഭാവം എന്നിവ ഇതിനുകാരണങ്ങളാണ്. വ്യവസായ മേഖലകളിലെ പ്രോജക്ടുകളിൽ അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിലെ ഉത്സാഹം പിന്നീടുള്ള പദ്ധതി നടത്തിപ്പിൽ കാണുന്നില്ല. വ്യവസായ പ്രോജക്ടുകൾ അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിൽ മാത്രം ഒതുങ്ങുന്ന ഇത്തരം സാഹചര്യം ഉണ്ടാകാതിരിക്കാൻ ദീർഘവീക്ഷണത്തോടെ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതും കൃത്യമായ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്. ഇത്തരത്തിൽ ഉദ്ദേശലക്ഷ്യം കൈവരിക്കാത്ത പ്രോജക്ടുകളുടെ ഏതാനും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

### പുതുക്കോട് ഗ്രാമപഞ്ചായത്ത് - പാലക്കാട് ജില്ല

ഓഡിറ്റ് ഖണ്ഡിക

**പദ്ധതികൾ ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടില്ല**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ 3.3

പുതുക്കോട് ഗ്രാമപഞ്ചായത്തിൽ 2 പദ്ധതികൾക്കായി 25.63 ലക്ഷം രൂപ ചെലവഴിച്ചുവെങ്കിലും പദ്ധതി നാളിതുവരെ പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായില്ല.

| ക്രമ നം. | പദ്ധതി | ചെലവഴിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | കല്യാണമണ്ഡപം | 1119940 | 9.7.2005-ന് , ഉദ്ഘാടനം നടത്തിയെങ്കിലും കല്യാണമണ്ഡപം അപകടാവസ്ഥയിലാണ് എന്ന സാങ്കേതിക വിദഗ്ദ്ധന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 8/06 മുതൽ ഉപയോഗിക്കുന്നില്ല. |
| 2 | ജലസംഭരണി | 1443955 | 9.7.2005-ന് വാട്ടർ ടാങ്കിന്റെ ഉദ്ഘാടനം നടത്തി. വാട്ടർ ടാങ്ക് വാട്ടർ അതോറിറ്റിക്ക് കൈമാറുകയോ ജലവിതരണത്തിന് ഉപയോഗപ്രദമാക്കുകയോ ചെയ്തിട്ടില്ല. |
| | **ആകെ** | **2563895** | |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3.6 & 3.6.1)

ഓഡിറ്റ് ഖണ്ഡികക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. <u>കല്യാണ മണ്ഡപം</u>

44. മാലിന്യങ്ങൾ തരംതിരിക്കുന്നതിനുവേണ്ടി കല്യാണമണ്ഡപത്തിന്റെ കെട്ടിടം ഉപയോഗിക്കുന്നുണ്ടെന്നാണ് പറയുന്നതെങ്കിലും നിലവിലെ രേഖകൾ പ്രകാരം പ്രസ്തുത കെട്ടിടം ഉപയോഗയോഗ്യമല്ലെന്ന് സാങ്കേതിക വിദഗ്ദ്ധൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു

45. പ്രസ്തുത കല്യാണമണ്ഡപത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന് 1995-96-ൽ ആരംഭിച്ച് പത്തുവർഷം കൊണ്ട് പൂർത്തീകരിച്ച ഒരു പ്രവൃത്തിയാണിതെന്നും ഉദ്ഘാടന ശേഷം കുറച്ചുകാലം കല്യാണമണ്ഡപം വാടകയ്ക്ക് നൽകിയിരുന്നുവെങ്കിലും അതിന്റെ നിർമ്മാണത്തിലും ഡിസൈനിലും പ്രശ്നങ്ങളുണ്ടെന്നുള്ള പരാതി ചില വ്യക്തികൾ ഉന്നയിച്ചതിനെത്തുടർന്ന് പാലക്കാട് എൻ.എസ്.എസ്. എഞ്ചിനീയറിംഗ് കോളേജിലെ പ്രൊഫസറെക്കൊണ്ട് പരിശോധന നടത്തുകയും പ്രസ്തുത കെട്ടിടം കമ്മ്യൂണിറ്റി ഹാളായി ഉപയോഗിക്കാൻ കഴിയില്ലെന്ന് അവർ റിപ്പോർട്ട് നൽകുകയും ചെയ്തതിനാൽ 2006 മുതൽ പ്രസ്തുത കെട്ടിടം ഉപയോഗിക്കുന്നില്ലെന്നും ഇതുവരെ തകരാറൊന്നും സംഭവിക്കാത്ത കെട്ടിടം നിലവിൽ പഞ്ചായത്ത് എം.സി.എഫ്. ആയി ഉപയോഗിച്ചുവരികയാണെന്നും പാലക്കാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ മറുപടി നൽകി. കൂടാതെ, 1995-ലാണ് ഇതിന്റെ നിർമ്മാണം തുടങ്ങിയതെന്നും അന്ന് പഞ്ചായത്തിന് എഞ്ചിനീയറിംഗ് വിഭാഗം ഉണ്ടായിരുന്നില്ലെന്നും ഉദയഭാനു എന്ന ഒരു സ്വകാര്യ എഞ്ചിനീയറെയാണ് പ്രവൃത്തിയുടെ മേൽനോട്ടം ഏൽപ്പിച്ചിരുന്നതെന്നും അദ്ദേഹത്തിന് നോട്ടീസയച്ചെങ്കിലും മരണപ്പെട്ടതായി അറിയാൻ കഴിഞ്ഞുവെന്നും പദ്ധതിയുടെ കൺവീനറായിരുന്ന ശ്രീ. എം. കെ. ചന്ദ്രന് നോട്ടീസയച്ചിരുന്നെങ്കിലും അത് റദ്ദാക്കണമെന്നാവശ്യപ്പെട്ട് ടിയാൻ വക്കീൽ നോട്ടീസയച്ചിരിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

46. അപകടാവസ്ഥയിലാണെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും പ്രസ്തുത കെട്ടിടം ഇതുവരെ തകർന്നു വീണിട്ടില്ലെന്നും ഫെയർ വാല്യു ഉള്ള സ്ഥലമായതിനാൽ അവിടെ ഒന്നുകൂടി പരിശോധന നടത്തി സർക്കാരിന്റെ സാധൂകരണം വാങ്ങി പുതിയ പദ്ധതി തുടങ്ങാനാകുമോയെന്ന് ആലോചിക്കണമെന്നും പ്രസ്തുത കെട്ടിടം എം.സി.എഫ്. ആയി

ഉപയോഗിക്കുന്നത് ശരിയല്ലെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

47. പ്രസ്തുത കെട്ടിടം ഉപയോഗയോഗ്യമാണോയെന്ന് ചീഫ് എഞ്ചിനീയറെക്കൊണ്ട് പരിശോധിപ്പിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു

2. <u>ജലസംഭരണി</u>

48. സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികാഘോഷ വേളയിൽ ഒരു പദ്ധതി നിർദ്ദേശിക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജലസംഭരണി നിർമ്മിക്കാൻ പഞ്ചായത്ത് തീരുമാനിക്കുകയും പ്ലാൻ ഫണ്ടിൽ തുക വകയിരുത്തി നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ച് രണ്ട് വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തുവെങ്കിലും അക്കാലത്ത് വാട്ടർ അതോറിറ്റിയുടെ മറ്റൊരു പദ്ധതി മുഖേന അവിടെയുള്ള ഭൂരിപക്ഷം വീടുകളിലും കുടിവെള്ള കണക്ഷൻ ലഭിച്ചതിനാൽ പ്രസ്തുത വാട്ടർ ടാങ്ക് ഉപയോഗിക്കാൻ കഴിഞ്ഞില്ലെന്നും വാട്ടർ ടാങ്ക് വാട്ടർ അതോറിറ്റിയെ ഏൽപ്പിക്കാനായിരുന്നു പഞ്ചായത്ത് ഉദ്ദേശിച്ചിരുന്നതെങ്കിലും വാട്ടർ അതോറിറ്റി ടാങ്ക് ഏറ്റെടുത്തില്ലെന്നും അതിന്റെ പരിസരപ്രദേശത്തുള്ള കുറച്ച് വീടുകൾക്കെങ്കിലും കുടിവെള്ള കണക്ഷൻ എത്തിക്കാൻ കഴിയുമോയെന്നാണ് ഇപ്പോൾ പഞ്ചായത്ത് പരിശോധിക്കുന്നതെന്നും പാലക്കാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു.

49. വാട്ടർ ടാങ്കിന്റെ ആവശ്യകത പരിശോധിച്ച് മാത്രമേ തുക ചെലവഴിക്കാൻ പാടുള്ളുവെന്നും പ്രസ്തുത ടാങ്ക് പ്രയോജനപ്പെടുത്താൻ വേണ്ടി മാത്രം തുക ചെലവഴിക്കുന്ന അവസ്ഥയുണ്ടാകരുതെന്നും ജലലഭ്യത കുറവുള്ള ജില്ലയായ പാലക്കാട് ഭൂഗർഭ ജല സംവിധാനമുപയോഗിച്ച് വെള്ളമെത്തിക്കാൻ കഴിയുമെങ്കിൽ അത് പരിഗണിക്കാവുന്നതാണെന്നും ജല സംഭരണിയിലുൾക്കൊള്ളുന്ന ജലത്തിന്റെ ആവശ്യം പദ്ധതി പ്രദേശത്തുണ്ടോയെന്നും ജൽജീവൻ മിഷന്റെ ഭാഗമായി ജലത്തെ അധിക സംവിധാനമായി പ്രയോജനപ്പെടുത്താൻ കഴിയുമോയെന്ന് ജില്ലാ തലത്തിൽ ആലോചിച്ച് തീരുമാനിക്കണമെന്നും സമിതി നിർദ്ദേശിച്ചു

**നിഗമനങ്ങൾ/ശിപാർശകൾ**

**50. പുതുശ്ശേരി ഗ്രാമപഞ്ചായത്ത് കല്യാണമണ്ഡപത്തിനായി നിർമ്മിച്ച കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് ചീഫ് എഞ്ചിനീയറുടെ**

**പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പ്രസ്തുത കെട്ടിടം നിൽക്കുന്നത് ഫെയർ വാല്യൂ ഉള്ള സ്ഥലത്തായതിനാൽ ടി കെട്ടിടം എം.സി.എഫ്. ആയി ഉപയോഗിക്കുന്നത് ശരിയല്ലെന്നും ടി സ്ഥലത്ത് മറ്റേതെങ്കിലും പദ്ധതി നടപ്പിലാക്കാനാകുമോ എന്ന് പരിശോധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

**51. ജലസംഭരണിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഇനിയൊരു ജലസംഭരണിയുടെ ആവശ്യമുണ്ടോയെന്ന് പരിശോധിച്ച് മാത്രമേ തുക ചെലവഴിക്കാവൂ എന്നും പൊതുപണം ദുരുപയോഗം ചെയ്യുന്ന അവസ്ഥ ഉണ്ടാകരുതെന്നും സമിതി നിർദ്ദേശിക്കുന്നു. പാലക്കാട് ജില്ലയിലെ ജലലഭ്യതക്കുറവ് കണക്കിലെടുത്ത് ഭൂഗർഭജല സംവിധാനമുപയോഗിച്ച് വെള്ളമെത്തിക്കുന്നത് പരിഗണിക്കാവുന്നതാണെന്നും ജൽജീവൻ മിഷന്റെ ഭാഗമായി ജലത്തെ അധിക സംവിധാനമായി പ്രയോജനപ്പെടുത്താൻ കഴിയുമോയെന്ന് ജില്ലാതലത്തിൽ കൂടിയാലോചിച്ച് തീരുമാനമെടുക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

**റാന്നി ബ്ലോക്ക് പഞ്ചായത്ത് - പത്തനംതിട്ട ജില്ല**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ആറുവച്ചാൻ കുഴി-ഇടകടത്തി-കുറുമ്പൻ മൂഴിക്കോട് റോഡ് നിർമ്മാണം (നബാർഡ്)**

**ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06(ചെലവ്) ഖണ്ഡിക 2-6**

നബാർഡിന്റെ സഹായത്തോടെ റോഡ് നിർമ്മാണം പൂർത്തീകരിക്കുവാൻ 70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 25% ടെണ്ടർ കുറവിന് 12.11.2002-ൽ ബിജുമോൾ റഷീദ് എന്ന കരാറുകാരിയുമായി ഉടമ്പടി വയ്ക്കുകയും ചെയ്തിരുന്നു. പെർഫോമൻസ് ഗ്യാരന്റി വയ്ക്കാതെയാണ് കരാർ ഉറപ്പിച്ചു നൽകിയത്. സമയബന്ധിതമായി പ്രവൃത്തി ചെയ്യാതെ ഇപ്പോൾ ഉപേക്ഷിച്ച നിലയിലാണ്. രണ്ട് പാർട്ട് ബില്ലുകളിലായി നാളിതുവരെ കരാറുകാരിക്ക് 8,76,144 രൂപ നൽകി. കാലതാമസത്തിന് നിയമാനുസൃതമുള്ള ഫൈൻ ഈടാക്കുവാൻ തീരുമാനിച്ചുവെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. നീട്ടിക്കൊടുത്ത കാലാവധിക്കുള്ളിലും പ്രവൃത്തി പൂർത്തീകരിക്കാതെ കരാറുകാരി 10.3.2007-ൽ പഞ്ചായത്തിനെതിരെ നിയമനടപടി

സ്വീകരിക്കുമെന്ന് സൂചിപ്പിച്ചുകൊണ്ട് കത്ത് നൽകിയതിനെത്തുടർന്ന് കരാർ റദ്ദ് ചെയ്തു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം ജനങ്ങൾ പാർക്കുന്ന അവികസിത മേഖലയുടെ വികസനം ലക്ഷ്യമിട്ട് തയ്യാറാക്കിയ ടി പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കരാറുകാരിയുടെ ഭാഗത്തുനിന്നും പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഗുരുതരമായ അനാസ്ഥ ഉണ്ടായിട്ടുണ്ട്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:

ശ്രീ. വി. സനിൽകുമാർ, സെക്രട്ടറി.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.6.6)

ഓഡിറ്റ് ഖണ്ഡികക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

52. ആറുവച്ചാൻകുഴി-ഇടകടത്തി-കുറുമ്പൻ മൂഴിക്കോട് റോഡ് നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുന്നതിന് 31.07.2007-ൽ കരാറുകാരിക്ക് നോട്ടീസ് നല്കുകയും തുടർന്ന് കരാറുകാരി ചെയ്ത പ്രവൃത്തിയുടെ മൂല്യം ഉൾപ്പെടെ 16 ലക്ഷം രൂപ ആവശ്യപ്പെട്ട് ബഹു. പത്തനംതിട്ട സബ് കോടതി മുമ്പാകെ കേസ് ഫയൽ ചെയ്യുകയും ചെയ്തുവെന്നും 2018-ൽ ക്ലെയിം അനുവദിക്കാതെ കോടതി വിധി പ്രസ്താവിച്ചതിനാൽ സർക്കാരിന്റെ തുക നഷ്ടപ്പെട്ടിട്ടില്ലെന്നും പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ടെന്നും റാന്നി ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ വിശദീകരിച്ചു

53. റാന്നി ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസറുടെ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു

## നിഗമനങ്ങൾ/ശിപാർശകൾ

**54. റാന്നി ബ്ലോക്ക് പഞ്ചായത്തിലെ ആറുവച്ചാൻകുഴി-ഇടകടത്തി-കുറുമ്പൻ മൂഴിക്കോട് റോഡ് നിർമ്മാണ പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ടെന്നും ഈ ഇനത്തിൽ തുക നഷ്ടപ്പെട്ടിട്ടില്ലെന്നുമുള്ള ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറുടെ വിശദീകരണത്തിന്റെ**

അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**മതിലകം ബ്ലോക്ക് പഞ്ചായത്ത് - തൃശ്ശൂർ ജില്ല**

ഓഡിറ്റ് ഖണ്ഡിക

**വ്യവസായ വിപണന കേന്ദ്രം - വൈദ്യുതീകരണം നടത്തിയിട്ടില്ല**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-05, ഖണ്ഡിക നമ്പർ 3-11

പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് പരിധിയിൽ മേൽ കെട്ടിടത്തിന്റെ പണി 4.10.2004-ൽ പൂർത്തീകരിച്ചെങ്കിലും നാളിതുവരെ വൈദ്യുതീകരിച്ച് ഉപയോഗ യോഗ്യമാക്കിയിട്ടില്ല.

2002-03-ൽ 12,80,337 രൂപ എസ്റ്റിമേറ്റ് കണക്കാക്കി 4000 ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിൽ നിർമ്മിച്ച കെട്ടിടത്തിന് 11,99,748 രൂപ നിർമ്മാണചെലവ് നിശ്ചയിച്ച് നികുതികൾ കഴിച്ച് ബാക്കി തുക നൽകിയിട്ടുണ്ട്.

04-10-2004-ൽ പണി പൂർത്തീകരിച്ച കെട്ടിടം വൈദ്യുതീകരിക്കുന്നതിന് 1,80,000 രൂപ എസ്റ്റിമേറ്റ് നിശ്ചയിച്ച് 2006-07-ൽ 90/06 നമ്പരായി പ്രോജക്ട് ഉൾപ്പെടുത്തുകയും നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച നിർമ്മിതി കേന്ദ്രത്തിന് 6-9-2007-ൽ 36,000 രൂപ അഡ്വാൻസ് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പണി പൂർത്തീകരിച്ച് നാളിതുവരെയായിട്ടും കെട്ടിടം ഉപയോഗയോഗ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരുന്നതിനുള്ള കാരണം വ്യക്തമല്ല. വ്യക്തമായ മറുപടി ഇക്കാര്യത്തിൽ നൽകേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:

ശ്രീ. കെ. ആർ. ദേവദാസ്, ബി.ഡി.ഒ & സെക്രട്ടറി.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.6.7)

ഓഡിറ്റ് ഖണ്ഡികക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

55. മതിലകം ബ്ലോക്ക് പരിധിയിലാണ് വ്യവസായ വിപണന കേന്ദ്രത്തിന്റെ കെട്ടിടം പണിതിരിക്കുന്നതെന്നും കെട്ടിടത്തിലെ എല്ലാ മുറികളും വൈദ്യുതീകരിക്കുകയും വാടകയ്ക്ക് നല്കുകയും ചെയ്തിട്ടുണ്ടെന്നും മതിലകം ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ സമിതി മുൻപാകെ ബോധിപ്പിച്ചു ഇക്കാര്യം പരിശോധിച്ചശേഷം ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു

56. മേൽ വിഷയം സംബന്ധിച്ച റിപ്പോർട്ട് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കുവാനും ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കാനും സമിതി തീരുമാനിച്ചു

**നിഗമനങ്ങൾ/ശിപാർശകൾ**

**57. വ്യവസായ വിപണന കേന്ദ്രം കെട്ടിടം വൈദ്യുതീകരിക്കുകയും മുറികൾ വാടകയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ടെന്ന മതിലകം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിനും ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

**തിരൂർ ബ്ലോക്ക് പഞ്ചായത്ത് - മലപ്പുറം ജില്ല**

ഓഡിറ്റ് ഖണ്ഡിക

**ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക് ബോട്ടുകൾ വാങ്ങിയത്**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2005-06 (ചെലവ്) ഖണ്ഡിക 2(6)

| പ്രൊ. നമ്പർ | തുക |
|---|---|
| 087/03-04 | 10,86,437 രൂപ |
| 124/04-05 | 5,84,714 രൂപ |
| | 16,71,151 രൂപ |

മേൽ പ്രോജക്ട് പ്രകാരമുള്ള ചെലവ് സംബന്ധമായ വിശദാംശം നേരിട്ട് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണപ്പെട്ടു

ഏഴ് ബോട്ടുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ടെങ്കിലും എല്ലാം സമീപപ്രദേശങ്ങളിൽ ഉപയോഗരഹിതമായി കിടക്കുകയാണ്. ബോട്ടുകൾ പ്രവർത്തിപ്പിക്കാനുള്ള മോട്ടോറുകൾ പോലും ഘടിപ്പിച്ചിട്ടില്ല.

കൂടാതെ പ്രോജക്ട് നമ്പർ 125/04-05 പ്രകാരം അഴിമുഖത്ത് വാഹന പാർക്കിംഗ് സൗകര്യത്തിനായി 398282 രൂപ ചെലവിൽ പാർക്കിംഗ് സൗകര്യം നിർമ്മിച്ചതായി എം. ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ടി സ്ഥലം നേരിൽ പരിശോധിച്ചതിൽ പാർക്കിംഗ് സൗകര്യം തയ്യാറാക്കി ഉദ്ഘാടനം നിർവ്വഹിച്ചതായി ഒരു ശിലാഫലകം കണ്ടെങ്കിലും അത്തരത്തിലുള്ള പാർക്കിംഗ് സ്ഥലം കണ്ടെത്താൻ കഴിഞ്ഞില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.6.8)

ഓഡിറ്റ് ഖണ്ഡികക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

58. ബ്ലോക്ക് പഞ്ചായത്ത് 2004-ൽ ബോട്ടുകൾ വാങ്ങി കരാർ അടിസ്ഥാനത്തിൽ ഡി. റ്റി. പി. സി. യ്ക്കും തുടർന്ന് സ്വകാര്യവ്യക്തിക്കും വാടകയ്ക്ക് നല്കിയിരുന്നുവെന്നും 2013-ൽ ബ്ലോക്ക് പഞ്ചായത്ത് ബോട്ടുകൾ തിരികെയെടുത്തുവെന്നും 2015 വരെ ബോട്ടുകൾ പ്രവർത്തനക്ഷമമായിരുന്നുവെങ്കിലും കാലപ്പഴക്കം കൊണ്ട് നിലവിൽ പ്രവർത്തനരഹിതമാണെന്നും ബോട്ടുകൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും തിരൂർ ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ വിശദീകരിച്ചു.

59. ബോട്ടുകൾ ലേലം ചെയ്യുന്ന വിഷയത്തിൽ തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**60. ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക് വാങ്ങിയ ബോട്ടുകൾ കാലപ്പഴക്കം കൊണ്ട് പ്രവർത്തനരഹിതമായതിനാൽ ലേലം ചെയ്യുന്ന വിഷയത്തിൽ തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

## കണ്ണൂർ നഗരസഭ

ഓഡിറ്റ് ഖണ്ഡിക

### (എ) ഒരു ലക്ഷം ഭവന പദ്ധതി വായ്പതുക ഈടാക്കാൻ നടപടി സ്വീകരിച്ചില്ല

ഓഡിറ്റ് റിപ്പോർട്ട്: 2006-07, ഖണ്ഡിക 3-35

ഒരു ലക്ഷം ഭവന പദ്ധതി നടപ്പിലാക്കാനായി കണ്ണൂർ നഗരസഭയിലെ സി.ഡി.എസ്. ഹഡ്കോയിൽ നിന്നും എടുത്ത ലോൺ തിരിച്ചടക്കുന്നതിൽ വീഴ്ച വന്നപ്പോൾ റവന്യൂ റിക്കവറി നടപടികൾ ഉണ്ടാവുകയും കുടിശ്ശിക തുകയായ 9,03,134 രൂപയും കളക്ഷൻ ചാർജ്ജായി 45,157 രൂപയും നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് ഒടുക്കുകയുണ്ടായി. വായ്പ തുക ഗുണഭോക്താക്കളിൽ നിന്നും ഈടാക്കുന്നതിൽ ഗുരുതരമായ അലംഭാവമാണ് നഗരസഭയിലെ സി.ഡി.എസ്. കാണിച്ചത്. മുതലും പലിശയും ചേർത്ത് ഒരു ഗുണഭോക്താവിൽ നിന്നും 9/08 വരെ 23,000 രൂപയോളം പിരിച്ചെടുക്കേണ്ട സ്ഥാനത്ത് വെറും 250 രൂപ മാത്രം ഒടുക്കിയവരുണ്ട്. തിരിച്ചടവ് പട്ടികയനുസരിച്ച് തന്നെ പ്രതിമാസ ഗഡു 624 രൂപയാകുമെന്നിരിക്കെ പ്രതിമാസം 150 രൂപ വെച്ച് ഈടാക്കാൻ പ്രോജക്ട് ഓഫീസർ ഫയലിൽ നിർദ്ദേശം നൽകി കാണുന്നു. ഗുണഭോക്താവും സി.ഡി.എസ്.ഉം തമ്മിലുണ്ടാക്കിയ എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം തുക ഈടാക്കാൻ നടപടി സ്വീകരിച്ചില്ല. റവന്യൂ റിക്കവറി നടപടി ഉണ്ടായപ്പോൾ തുക നഗരസഭാ ഫണ്ടിൽ നിന്ന് ഒടുക്കുകയാണുണ്ടായത്. കമ്മ്യൂണിറ്റി ഓർഗനൈസറുടെ റിപ്പോർട്ട് പ്രകാരം 10 ഗുണഭോക്താക്കൾ തിരിച്ചടവ് പൂർത്തിയാക്കുന്നതിനുമുൻപ് വീട് വിറ്റുപോകുകയുണ്ടായി. ഗുണഭോക്താക്കളുമായി സി.ഡി.എസ്. ഉണ്ടാക്കിയ കരാർ പരിശോധിച്ചപ്പോൾ 49 കേസുകളിൽ ഒപ്പുവച്ച തീയതിക്കുശേഷമാണ് മുദ്രക്കടലാസിന്റെ തീയതി എന്ന് കാണാൻ കഴിഞ്ഞു. ഇത് കരാറിന്റെ പ്രാബല്യം തന്നെ ഇല്ലാതാക്കാൻ പര്യാപ്തമാണ്. സ്വന്തമായി സ്ഥലമില്ലാത്തവർക്കുപോലും വീട് വെക്കാൻ തുക അനുവദിച്ചതും തറ നിർമ്മാണം മാത്രം പൂർത്തിയാക്കിയ ഗുണഭോക്താവിന് മുഴുവൻ തുകയും അനുവദിച്ചതും ശ്രദ്ധയിൽപ്പെട്ടു. 3 ഗുണഭോക്താക്കൾ ഈ പദ്ധതിയിൻകീഴിൽ നിർമ്മിച്ച വീട് വാടകയ്ക്ക് കൊടുത്തിരിക്കുന്നതായും കണ്ടെത്താൻ കഴിഞ്ഞു. നഗരങ്ങളിൽ താമസിക്കുന്ന

വീടില്ലാത്ത ദരിദ്രർക്ക് പാർപ്പിടം ലഭ്യമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ പദ്ധതി ഉദ്ദേശ്യലക്ഷ്യം കൈവരിക്കാതെ പോകുകയും ഉത്തരവാദപ്പെട്ടവരുടെ അലംഭാവംമൂലം നഗരസഭയ്ക്ക് വൻ ബാധ്യത ഉണ്ടാക്കുകയും ചെയ്തു.

തുക ഒടുക്കിയതിന് ഉത്തരവാദി:

ശ്രീ. ബി. ഇന്ദ്രബാലൻ പിള്ള, ഗൗരി, കോട്ടയ്ക്കകം,
തൃക്കടവൂർ, പെരിനാട്. പി. ഒ.,കൊല്ലം ജില്ല.

പദ്ധതി നടത്തിപ്പിലെ മറ്റ് ക്രമക്കേടുകൾക്കുത്തരവാദി:

ശ്രീ. വി. പി. അബ്ദുൾസലാം, എം. കെ. ഹൗസ്,
കൊല്ലാത്ത് പറമ്പ്, തലശ്ശേരി- 670 103.

## (ബി) ഖരമാലിന്യ സംസ്കരണം

ഓഡിറ്റ് റിപ്പോർട്ട് :2006-07, ഖണ്ഡിക: 3-5

കണ്ണൂർ നഗരസഭയിൽ ഖരമാലിന്യങ്ങളുടെ ശാസ്ത്രീയമായ സംസ്കരണം നടത്തുന്നതിനുള്ള നടപടികൾ ഇതുവരെ നടപ്പിലായിക്കഴിഞ്ഞിട്ടില്ല. ബി.ഒ.ടി അടിസ്ഥാനത്തിൽ പ്ലാന്റ് സ്ഥാപിക്കാൻ ഐ.സി.ഐ.സി.ഐ-കിൻഫ്ര എന്ന സ്ഥാപനവുമായി കരാർ ഒപ്പിടുകയുണ്ടായി. ഈ സ്ഥാപനത്തിന് മൊബിലൈസേഷൻ അഡ്വാൻസ് ആയും ഇടക്കാല പേമെന്റ് ആയും രണ്ടു തവണയായി 7,29,560 രൂപ അനുവദിക്കുകയും ചെയ്തു. എന്നാൽ എഗ്രിമെന്റിലെ വ്യവസ്ഥ പ്രകാരം 4 മാസത്തിനകം പ്രവൃത്തി കോൺട്രാക്ട് നൽകാനുള്ള നടപടികൾ കിൻഫ്ര സ്വീകരിച്ചതായി കാണുന്നില്ല. കിൻഫ്രയെ ഒഴിവാക്കിക്കൊണ്ട് യു.ഐ.ഡി.എസ്.എസ്.എം.ടി. യുടെ ധനസഹായത്തോടെ നാലര കോടിയോളം രൂപ അടങ്കലുള്ള മറ്റൊരു മാലിന്യ സംസ്കരണ പദ്ധതിയാണ് ഇപ്പോൾ നഗരസഭയുടെ പരിഗണനയിലുള്ളത്. കിൻഫ്രയ്ക്ക് മുൻകൂറായി നൽകിയ തുക നഗരസഭയ്ക്ക് നഷ്ടമായിരിക്കുകയാണ്. അഡ്വാൻസ് തുക തിരികെ ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും വിലാസവും | ചെലവു തുക |
|---|---|---|
| 1 | ശ്രീ. ടി. സന്തോഷ്, അഴകത്ത് ഹൗസ്, തെക്കേവിള പി. ഒ., കൊല്ലം ജില്ല. | 5,05,080 |

| | | |
|---|---|---|
| 2 | ശ്രീ. ബി. ഇന്ദ്രബാലൻ പിള്ള, ഗൗരി, കോട്ടയ്ക്കകം, തൃക്കടവൂർ, പെരിനാട്. പി. ഒ.,കൊല്ലം ജില്ല. | 2,24,480 |
| | ആകെ | 7,29,560 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.6.10)

ഓഡിറ്റ് ഖണ്ഡികക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

**(എ) ഒരു ലക്ഷം ഭവന പദ്ധതി വായ്പത്തുക ഈടാക്കാൻ നടപടി സ്വീകരിച്ചില്ല**

61. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

**(ബി) ഖരമാലിന്യ സംസ്കരണം**

62. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖകൾ നഗരസഭ ഹാജരാക്കാത്തത് സംബന്ധിച്ച വിശദീകരണമെന്താണെന്ന് സമിതി ആരാഞ്ഞതിന് കണ്ണൂർ നഗരസഭ ഖരമാലിന്യങ്ങളുടെ ശാസ്ത്രീയമായ സംസ്കരണം നടത്തുന്നതിന് 2006-ൽ ഐ.സി.ഐ.സി.ഐ. കിൻഫ്ര എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ടെങ്കിലും ഫലപ്രദമാകാത്തതിനെത്തുടർന്ന് തുടർച്ചയായ ചർച്ചകൾ നടന്നെങ്കിലും ഒരു പദ്ധതിയും നിർവ്വഹണതലത്തിലെത്തിയില്ലെന്നും കിൻഫ്രയ്ക്ക് മുൻകൂറായി നൽകിയ തുക നഗരസഭയ്ക്ക് നഷ്ടമായതിനാൽ കിൻഫ്രയെ ഒഴിവാക്കിക്കൊണ്ട് ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് യു.ഐ.ഡി.എസ്.എം.റ്റി. യുടെ ധനസഹായത്തോടെ തുടങ്ങിയ മറ്റൊരു പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും കിൻഫ്രയ്ക്ക് നൽകിയ മുൻകൂർ തുകയുപയോഗിച്ച് അവർ പ്രീബിഡുമായി ബന്ധപ്പെട്ട പേപ്പർ വർക്കുകളും പരസ്യവും നൽകുകയും യോഗ്യതയുള്ള മൂന്ന് പേരെ കണ്ടെത്തുകയും ചെയ്തിരുന്നുവെങ്കിലും അതുമായി ബന്ധപ്പെട്ട നടപടികൾ തുടർന്നുപോകാൻ കഴിയാത്ത സാഹചര്യമുണ്ടായെന്നും ഓഡിറ്റ് പരാമർശം സംബന്ധിച്ച രേഖകൾ 2022 ഏപ്രിൽ മാസം ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെന്നും കൊടുത്ത പണത്തിന്റെ വാല്യുവേഷൻ അനുസരിച്ചുള്ള വിശദാംശവും മൊബിലൈസേഷൻ അഡ്വാൻസിനകത്ത് അഡ്ജസ്റ്റ് ചെയ്യാൻ കഴിയുന്ന ഫിനാൻഷ്യൽ പാർട്ട്

എത്രയാണെന്നത് സംബന്ധിച്ച് മൂല്യ നിർണ്ണയം നടത്തിയ രേഖകളും സമർപ്പിച്ചിട്ടുണ്ടെന്നും കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറി വിശദമാക്കി.

63. രേഖകൾ സമർപ്പിച്ചാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ കഴിയുമോയെന്ന സമിതിയുടെ ചോദ്യത്തിന് മുൻകൂർ നൽകിയ തുക എങ്ങനെയാണ് ക്രമീകരിക്കേണ്ടതെന്ന് സർക്കാരിനോട് ആലോചിച്ച് തീരുമാനമുണ്ടാക്കണമെന്നും ഓഡിറ്റ് വകുപ്പിന് ഒരു തീരുമാനം പറയാൻ നിർവ്വാഹമില്ലെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ മറുപടി നൽകി.

64. കിൻഫ്ര ചെയ്തുവെന്ന് പറയുന്ന കാര്യങ്ങൾ അവർക്ക് കൊടുത്ത തുകയ്ക്ക് തത്തുല്യമായിട്ടുള്ളതാണെന്ന് സ്വന്തം നിലയിൽ സ്ഥിരീകരിക്കാൻ ഓഡിറ്റ് വകുപ്പിന് കഴിയില്ലായെന്നും മുനിസിപ്പൽ എഞ്ചിനീയറെയോ മറ്റേതെങ്കിലുമൊരു ഏജൻസിയെയോ ഉപയോഗിച്ച് ആയത് പരിശോധിച്ച് സർക്കാർ മുഖേന ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകണമെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

65. മേൽ പരാമർശിച്ച പ്രവൃത്തിയുടെ മൂല്യനിർണ്ണയം ബന്ധപ്പെട്ട ഏജൻസിയെക്കൊണ്ട് പരിശോധിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാരിനെ സമീപിച്ച് തീരുമാനമെടുത്ത് മൂല്യനിർണ്ണയം നടത്തി ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**66. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഒരു ലക്ഷം ഭവനപദ്ധതി വായ്പത്തുക ഈടാക്കാൻ നടപടി സ്വീകരിച്ചില്ലെന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**67. ഖരമാലിന്യ സംസ്കരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് കിൻഫ്രയ്ക്ക് നഗരസഭ മൊബിലൈസേഷൻ അഡ്വാൻസായി നൽകിയ തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. കിൻഫ്ര ചെയ്ത പ്രവൃത്തികൾ അവർക്ക് അനുവദിച്ച തുകയ്ക്ക് തത്തുല്യമായിട്ടുള്ളതാണോ എന്ന് പരിശോധിക്കുന്നതിനായി മുനിസിപ്പൽ എഞ്ചിനീയറെയോ മറ്റേതെങ്കിലും ഏജൻസിയെയോ കൊണ്ട് മൂല്യനിർണ്ണയം നടത്തി ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല/ ഓഡിറ്റിന് ഹാജരാക്കുന്നില്ല**

പദ്ധതി നിർവ്വഹണ രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നതുമൂലം പദ്ധതി ചെലവിന്റെ നിജസ്ഥിതി വിലയിരുത്താൻ കഴിയുന്നില്ല. വ്യക്തിഗത ആനുകൂല്യങ്ങൾ അർഹരായവർക്കാണോ ലഭിക്കുന്നതെന്ന് വിലയിരുത്തുന്നതിനും പദ്ധതി തുകയുടെ ദുർവിനിയോഗം സംബന്ധിച്ച വിവരങ്ങൾ വിലയിരുത്തുന്നതിനും രേഖകൾ ഹാജരാക്കാത്തതുമൂലം കഴിയുന്നില്ല. അതുപോലെ കൃത്യമായ രേഖകളും അവശ്യംവേണ്ട രജിസ്റ്ററുകളും സൂക്ഷിക്കാത്തതും ശരിയായി കാര്യങ്ങൾ അപഗ്രഥിക്കുന്നതിന് തടസ്സമുണ്ടാക്കുന്നുണ്ട്. തെരഞ്ഞെടുത്ത ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

**തൃശ്ശൂർ ജില്ല**

ഓഡിറ്റ് ഖണ്ഡിക

**വിവിധ ആവശ്യങ്ങൾക്കായി തുകകൾ ചെലവഴിച്ചതിന് രേഖകളില്ല**

ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ വിവിധ ആവശ്യങ്ങൾക്കായി ചെലവഴിച്ച തുകയുടെ രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്കായി ഹാജരാക്കുകയുണ്ടായില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവിന്റെ നിജസ്ഥിതി മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 88,88,593 രൂപ ചെലവുരേഖകൾ ഹാജരാക്കുന്നതിനുവേണ്ടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദവിവരം താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | ചാവക്കാട് | 1999-00 | 2-4 | 53120 | ശ്രീ. പി. ഇബ്രാഹിംകുട്ടി, എക്സ്റ്റൻഷൻ ഓഫീസർ, ഐ.ആർ.ഡി. |
| | | 1997-98 | 2-6 | 396583 | ശ്രീ. എം. അബ്ദുൾസലാം, സെക്രട്ടറി |
| | | 2000-01 | 2-4(ബി) | 300000 | ശ്രീ. കെ. വി. ജോസഫ്, |

| | | | | | |
|---|---|---|---|---|---|
| | | | | | സെക്രട്ടറി |
| | | 2000-01 | 2-7 | 367256 | ശ്രീ. പി. ഇബ്രാഹിംകുട്ടി, എക്സ്റ്റൻഷൻ ഓഫീസർ, ഐ.ആർ.ഡി. |
| | | 2000-01 | 2-9 | 848032 | |
| 2 | ചൊവ്വന്നൂർ | 2003-04 | 3-4(എ) | 7535 | ശ്രീ. കെ. കെ. ഷാജു. സെക്രട്ടറി. |
| | | 2003-04 | 3-4(ബി) | 1178485 | |
| | | 2003-04 | 3-8 | 527608 | |
| | | 2002-03 | 3-3 | 2145097 | ശ്രീ. കെ. കെ. ഷാജു. സെക്രട്ടറി. ശ്രീ. പി.കെ.വിശ്വംഭരൻ (ഇൻചാർജ്) |
| 3 | വെള്ളാങ്കല്ലൂർ | 2002-03 | 3-4 | 241134 | ശ്രീ.,പി.ബി. ബാബു സിയാവുദ്ദീൻ, സെക്രട്ടറി. |
| 4 | മുല്ലശ്ശേരി | 2001-02 | 2-3 | 16000 | ശ്രീ. പി. കെ. വിജയൻ, സെക്രട്ടറി |
| 5 | തളിക്കുളം | 2001-02 | 3-1 | 14160. | ലഭ്യമല്ല. |
| | | 2001-02 | 3-2 | 8260 | " |
| | | 2001-02 | 3-3 | 33040 | " |
| 6 | മതിലകം | 2003-04 | 3-8 | 100834 | " |
| | ആകെ | | | 6237144 | |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.7 & 3.7.3)

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

## ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത്

<u>പ്ലാൻ പി.ഡി. വൗച്ചറുകൾ നൽകിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു</u>

68. പ്ലാൻ പി.ഡി. വൗച്ചറുകൾ നൽകിയിട്ടില്ല എന്നതാണ് 1999-2000-ൽ നടപ്പാക്കിയ പദ്ധതിയിന്മേലുള്ള ഓഡിറ്റ് പരാമർശമെന്നും പ്രസ്തുത ഓഡിറ്റ് നടന്നത് 2007-ലായതിനാലാണ് യഥാസമയം ഫയലുകളും മറ്റ് രേഖകളും കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും സാധിക്കാതിരുന്നതെന്നും നിലവിൽ നടത്തിയ പരിശോധനയിൽ പദ്ധതികൾ നടപ്പിലാക്കിയതിന്റെ വർക്ക് രജിസ്റ്ററും ക്യാഷ് ബുക്കും കണ്ടെത്തി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ടെന്നും പുന്നയൂർക്കുളം, ഒരുമനയൂർ പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതികൾ നിലവിലുള്ളതായി പഞ്ചായത്ത് സെക്രട്ടറിമാർ രേഖാമൂലം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പ്രസ്തുത രേഖകൾ 29.07.2022-ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ടെന്നും ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്നും ചാവക്കാട് ബി. ഡി. ഒ. അഭ്യർത്ഥിച്ചു.

69. പ്രസ്തുത രേഖകൾ പരിശോധിച്ചതിനുശേഷം പരാമർശം ഒഴിവാക്കുന്നത് സംബന്ധിച്ച് തീരുമാനിക്കാമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു.

70. പ്രസ്തുത റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

<u>ബ്ലോക്ക് പഞ്ചായത്ത് കെട്ടിട നിർമ്മാണം - പ്രവൃത്തിയുടെ ഫയൽ ലഭ്യമാക്കിയിട്ടില്ല</u>

71. 19.05.2016 തീയതിയിലെ എൽ.എഫ്.എ.ഡി.211232/10 നമ്പർ കത്തുപ്രകാരം ബ്ലോക്ക് പഞ്ചായത്ത് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ഫയൽ ഹാജരാക്കിയിട്ടില്ലെന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ടെന്ന് ചാവക്കാട് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ വ്യക്തമാക്കി. പ്രസ്തുത വിശദാംശങ്ങൾ പരിശോധിക്കാമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു

72. ഓഡിറ്റ് വകുപ്പ് രേഖകൾ പരിശോധിച്ച് ബോധ്യപ്പെടുന്ന മുറക്ക് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

<u>തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ പരിശീലനം - രേഖകൾ ഹാജരാക്കാത്തത്</u>

73. പ്രസ്തുത വിഷയത്തിന്മേലുള്ള ഫയൽ പരിശോധിച്ചപ്പോൾ 54 പേർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകിയതായും 01.02.2000 മുതൽ ക്ലാസ് തുടങ്ങുന്ന എന്നും 50 രൂപയുടെ മുദ്രപത്രം സഹിതം ഹാജരാകണമെന്നും സെക്രട്ടറി പറഞ്ഞതായും രേഖകളുണ്ടെന്നും പ്രസ്തുത രേഖകളെല്ലാം സ്ക്രീനിംഗ് കമ്മിറ്റിയ്ക്ക് നൽകിയിട്ടുണ്ടെന്നും പഴയ ഫയലുകളെല്ലാം ഇപ്പോൾ കണ്ടെത്തിയിട്ടുണ്ടെന്നും 2,50,000 രൂപ അടങ്കലുള്ള പ്രസ്തുത പദ്ധതിയുടെ തുക പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ടെന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും 29.03.2000-ൽ ഒരു ലക്ഷം രൂപ, 03.11.2000-ൽ ഒരു ലക്ഷം രൂപ, 30.03.2001-ൽ 50,000 രൂപ എന്ന രീതിയിലാണ് തുക ചെലവഴിച്ചിട്ടുള്ളതെന്നും ചാവക്കാട് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ സമിതിയെ ബോധിപ്പിച്ചു.

74. സ്ക്രീനിംഗ് കമ്മിറ്റിക്ക് നൽകിയ രേഖകൾ ബന്ധപ്പെട്ട ഓഡിറ്റ് ഓഫീസർക്കുകൂടി നൽകണമെന്നും ആയത് പരിശോധിച്ചതിനുശേഷം തീരുമാനമെടുക്കാമെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു.

75. സ്ക്രീനിംഗ് കമ്മിറ്റിക്ക് നൽകിയ രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

<u>പി.വി.സി . പൈപ്പ്, മോട്ടോർ അനുബന്ധ സാമഗ്രികൾ വാങ്ങിയത്</u>

76: പി.വി.സി. പൈപ്പുകളും അനുബന്ധ സാമഗ്രികളും വാങ്ങി പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളതാണെന്നും പ്രസ്തുത പദ്ധതി ഇപ്പോഴും നല്ല രീതിയിൽ നടന്നുവരുന്നുണ്ടെന്ന റിപ്പോർട്ടാണ് പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുള്ളതെന്നും സാധനങ്ങൾ വാങ്ങിയതിന്റെ രേഖകളുണ്ടെന്നും ചാവക്കാട് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ വിശദീകരിച്ചു.

77. പ്രസ്തുത വിഷയത്തിന്മേലുള്ള എല്ലാ രേഖകളും ഓഡിറ്റിന് മുമ്പാകെ ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ആഗസ്റ്റ് മാസത്തിൽ തൃശ്ശൂർ ജില്ലാ ഓഫീസിലെ ഓഡിറ്റർ പ്രസ്തുത ഓഫീസ് സന്ദർശിക്കുമ്പോൾ ആവശ്യപ്പെട്ട രേഖകൾ നല്കണമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ നിർദ്ദേശിച്ചു.

78. പ്രസ്തുത രേഖകൾ ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

ഫയലുകൾ ഹാജരാക്കിയില്ല വിവിധ പ്രവൃത്തികൾക്കായി 8,48,032/- തുക തടസ്സപ്പെടുത്തി

79. പരാമർശ വിഷയം സംബന്ധിച്ച രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും ഓഡിറ്റ് ആയത് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി തീരുമാനിച്ചു.

**ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത്**

80. ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഖണ്ഡിക 3-4(എ)-യിലെ പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു ഖണ്ഡിക 3-4(ബി)യുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെന്ന് ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു

81. രേഖകൾ ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

82. ഖണ്ഡിക 3.8, 3.3 എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കാൻ സമിതി നിർദ്ദേശിച്ചു.

**വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത്**

83. കുടിവെള്ള പദ്ധതിയ്ക്കായി തുക ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെന്നല്ലാതെ അതുമായി ബന്ധപ്പെട്ട രേഖകളൊന്നും ഓഡിറ്റ് വകുപ്പിൽ ലഭ്യമായിട്ടില്ലെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു

84. വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്തിലെ എസ്.ടി. കോളനിയിൽ കൊമ്പത്ത്കടവ് കുടിവെള്ള പദ്ധതിക്കുവേണ്ടി പൈപ്പുകൾ വാങ്ങിയതിന്റെ ഫയൽ രേഖകൾ കണ്ടെത്തിയിട്ടുണ്ടെന്നും അതിന്റെ പകർപ്പ് സ്ക്രീനിംഗ് കമ്മിറ്റിയ്ക്ക് നൽകിയിട്ടുണ്ടെന്നും നടപ്പാക്കിയ കാലഘട്ടത്തിൽ പ്രസ്തുത കുടിവെള്ള പദ്ധതി നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും പിന്നീട് ജലനിധി പദ്ധതി നടപ്പാക്കിയതിനാൽ ജലനിധിയുടെ കുടിവെള്ളമാണ് നിലവിൽ ഉപയോഗിക്കുന്നതെന്നും മുൻപ് കേരള വാട്ടർ അതോറിറ്റിയുടെ വാട്ടർ ടാങ്കിൽ

നിന്നുള്ള വെള്ളമാണ് പ്രസ്തുത പദ്ധതിയ്ക്കായി ഉപയോഗിച്ചിരുന്നതെന്നും കുടിവെള്ളക്ഷാമം നേരിട്ട സമയത്ത് പ്രസ്തുത പ്രദേശത്തെ ആളുകൾക്ക് മാത്രമായി വാട്ടർ അതോറിറ്റിയുടെ ടാങ്കിൽ നിന്ന് വെള്ളമെത്തിക്കുന്നതിനാണ് പൈപ്പുകൾ വാങ്ങിയതെന്നും വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു

85. പണം ചെലവഴിച്ചത് ജനങ്ങൾക്ക് പ്രയോജനപ്പെട്ടുവെന്ന വിവരം പഞ്ചായത്ത് ഭരണസമിതിയുടെ ശിപാർശയോടെ ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു

**മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്**

86. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

**തളിക്കുളം ബ്ലോക്ക് പഞ്ചായത്ത്**

87. മേൽ പരാമർശിച്ച പ്രവൃത്തികൾ സംബന്ധിച്ച് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയെങ്കിലും പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം വിശദീകരിച്ച് പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തോടെ ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിച്ചു

**മതിലകം ബ്ലോക്ക് പഞ്ചായത്ത്**

88. സുലേഖ സോഫ്റ്റ് വെയറിൽനിന്നും എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റും കരാറുകാരന് തുക കൊടുത്തതിന്റെ വൗച്ചറും കിട്ടിയിട്ടുണ്ടെന്നും നിലവിൽ കയ്പമംഗലം പഞ്ചായത്തിൽ അങ്കണവാടി കെട്ടിടം നന്നായി പ്രവർത്തിക്കുന്നുണ്ടെന്നും മതിലകം ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ സമിതിയെ ബോധിപ്പിച്ചു

89. പ്രസ്തുത റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു

## നിഗമനങ്ങൾ/ശിപാർശകൾ

**90. ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്ലാൻ പി.ഡി.വൗച്ചറുകൾ നൽകിയിട്ടില്ല, ബ്ലോക്ക് പഞ്ചായത്ത് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ഫയൽ ലഭ്യമാക്കിയിട്ടില്ല, തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ പരിശീലനത്തിന്റെ രേഖകൾ ഹാജരാക്കാത്തത്, പി.വി.സി. പൈപ്പ്, മോട്ടോർ അനുബന്ധ സാമഗ്രികൾ വാങ്ങൽ, ഫയലുകൾ ഹാജരാക്കിയില്ല - വിവിധ**

പ്രവൃത്തികൾക്കായി 8,48,032/- തുക . തടസ്സപ്പെടുത്തി എന്നീ പരാമർശങ്ങൾ സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പ്രസ്തുത പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

91. ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ഖണ്ഡിക 3-4(എ) യിലെ പരാമർശം ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിനും ഖണ്ഡിക 3-4(ബി)യുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, ഖണ്ഡിക 3-8, 3-3 എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

92. വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്തിലെ എസ്. ടി. കോളനിയിൽ നടപ്പാക്കിയ കുടിവെള്ള പദ്ധതി നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നുവെന്ന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കുടിവെള്ള പദ്ധതിക്കായി പണം ചെലവഴിച്ചത് ജനങ്ങൾക്ക് പ്രയോജനപ്രദമായിരുന്നുവെന്നത് സംബന്ധിച്ച റിപ്പോർട്ട് പഞ്ചായത്ത് ഭരണ സമിതിയുടെ ശിപാർശയോടെ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

93. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

94. തളിക്കുളം ബ്ലോക്ക് പഞ്ചായത്തിലെ ഓഡിറ്റ് പരാമർശിച്ച പ്രവൃത്തികൾക്ക് മുൻകൂർ തുക നൽകിയെങ്കിലും പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം വിശദീകരിച്ച് ഭരണസമിതിയുടെ അംഗീകാരത്തോടെ ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

95. മതിലകം ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ അംഗൻവാടി കെട്ടിട നിർമ്മാണത്തിന്റെ ചെലവ് രേഖകൾ ലഭ്യമായിട്ടുണ്ടെന്നും നിലവിൽ

**അംഗൻവാടി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നുമുള്ള മതിലകം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ചെലവ് രേഖകൾ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേലുള്ള റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മുൻകൂർ തുക നൽകിയിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്ത പദ്ധതികൾ**

ദേശീയ ജോലിക്ക് കൂലി ഭക്ഷണം പരിപാടി ഉൾപ്പെടെ വിവിധ പദ്ധതികൾക്ക് മുൻകൂർ തുക നൽകിയിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്തതുമൂലം വൻതുക പാഴ്ചെലവായി മാറി. മൊബിലൈസേഷൻ അഡ്വാൻസ് നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തികൾ പൂർത്തീകരിക്കാത്തവയും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**കോട്ടുവള്ളി ഗ്രാമപഞ്ചായത്ത്-എറണാകുളം ജില്ല**

**പണം മുൻകൂർ കൈപ്പറ്റിയിട്ടും പൂർത്തിയാക്കാത്ത മരാമത്ത് പണികൾ:**

ഓഡിറ്റ് റിപ്പോർട്ട് വർഷം 2003-04, ഖണ്ഡിക: 3-21

അഡ്വാൻസ്/പാർട്ട് ബിൽ തുക കൈപ്പറ്റി പണി പൂർത്തിയാക്കാത്ത ഗുണഭോക്തൃ സമിതി കൺവീനർമാർക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്. (ത.ഭ.വകുപ്പിന്റെ സർക്കുലർ നമ്പർ 15687/ഡി.പി.1/01/16.5.2002)

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | അഡ്വാൻസ് തുക/ പാർട്ട് ബിൽ തുക |
|---|---|---|
| 1 | തത്തപ്പിള്ളി കുളം പുനരുദ്ധാരണം | 50,000.00 |
| 2 | വല്യത്ത കോളനി തോട് സംരക്ഷണം | 32,000.00 |
| 3 | കാരിക്കാപ്പിള്ളി റോഡ് (എസ്. ജി. ആർ.വൈ) | 50,000.00 |
| 4 | മഹിളപ്പടി സംഘപ്പറമ്പ് റോഡ് | 90,185.00 (പാർട്ട് ബിൽ) |
| | **ആകെ** | **2,22,185.00** |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.9 & 3.9.1)

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

96. ഓഡിറ്റ് പരാമർശിച്ച പ്രവൃത്തികൾ സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയിരിക്കുന്ന മറുപടി പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തോടെ ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചു

## നിഗമനങ്ങൾ / ശിപാർശകൾ

**97. കോട്ടുവള്ളി ഗ്രാമപഞ്ചായത്തിൽ പണം മുൻകൂർ കൈപ്പറ്റിയിട്ടും പൂർത്തിയാക്കാത്തതായി ഓഡിറ്റ് പരാമർശിച്ച മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് സമിതി മുമ്പാകെ ലഭ്യമാക്കിയ മറുപടി പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തോടെ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## തൃശ്ശൂർ ജില്ല

ഓഡിറ്റ് ഖണ്ഡിക

**മൊബിലൈസേഷൻ അഡ്വാൻസ് നൽകി - പണി പൂർത്തിയാക്കിയിട്ടില്ല**

തൃശ്ശൂർ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ താഴെ പറയുന്ന പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും പണി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനോ അല്ലാത്തപക്ഷം 12% പലിശ സഹിതം തുക ഈടാക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | പഞ്ചായത്ത് | പ്രവൃത്തിയുടെ പേര് | ഓഡിറ്റ് വർഷം | ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | കടങ്ങോട് ഗ്രാമപഞ്ചായത്ത് | വെള്ളത്തേരി അംഗൻവാടി | 03-04 | 3-20 | 24762 | ശ്രീ. ശങ്കരൻ കുട്ടി, ജൂനിയർ സൂപ്രണ്ട്, ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ |
| | | പുത്തൻതോട്- കട്ടോമ്പിച്ചാൽ സംരക്ഷണം | 03-04 | 3-20 | 16350 | |
| | | പുത്തൻതോട് സംരക്ഷണം | 03-04 | 3-20 | 14000 | |
| | | ഒന്നാം വാർഡ് മിച്ചഭൂമി പൈപ്പ് ലൈൻ നീട്ടൽ | 03-04 | 3-20 | 17500 | |
| | | എയ്യാൽ ഭാഗം പൈപ്പ് ലൈൻ നീട്ടൽ | 03-04 | 3-20 | 10400 | |
| | | ചിണ്ടംകടവ് രാജീവ് നഗർ കുടിവെള്ള പദ്ധതി | 03-04 | 3-20 | 8850 | |
| | | പൈംകുളം പുനരുദ്ധാരണം കൺവീനർ: കെ. ഹരികൃഷ്ണൻ | 02-03 | 3-4 | 40866 | വി.ആർ. ധർമ്മരാജൻ സ്പെ.ഗ്രേ.സെക്രട്ടറി, വരന്തരപ്പിള്ളി |
| | | ശ്മശാനം റോഡ് പ്രവൃത്തി കൺവീനർ: കെ. വി. സത്യൻ | 02-03 | 3-8 | 3729 | |
| | | അയ്യപ്പകുളം പുനരുദ്ധാരണം | 02-03 | 3-9 | 12500 | |
| | | കാലടിമന താഴംപാടം കൺവീനർ: സി. എ. രാധാകൃഷ്ണൻ | 02-03 | 3-9 | 5000 | ശ്രീമതി. രേവമ്മ. ടി. ആർ.(റിട്ട.) സെക്രട്ടറി, രാജരേഖ, കോട്ടയിൽവീട് പൂത്തോൾ.പി ഒ,തൃശ്ശൂർ |
| | | പന്നികുളം പുനരുദ്ധാരണം കൺവീനർ: വി. സുരേന്ദ്രൻ | 02-03 | 3-9 | 10000 | |

| | | | | | | |
|---|---|---|---|---|---|---|
| | | പൈപ്പ് ലൈൻ നീട്ടൽ (ജനറൽ) കൺവീനർ: സുനിൽകുമാർ | 02-03 | 3-9 | 19500 | |
| | | പൈപ്പ് ലൈൻ നീട്ടൽ (എസ്.സി) കൺവീനർ: സി. എ. രാജൻ | 02-03 | 3-9 | 62473 | |
| | | കൈകുളങ്ങര ഗ്രന്ഥശാല നന്നാക്കൽ | 02-03 | 3-9 | 28520 | |
| | | പൈംകുളം പുനരുദ്ധാരണം കൺവീനർ: എ.എസ്. മണികണ്ഠൻ | 02-03 | 3-9 | 20000 | |
| | | പട്ടികജാതി കുടിവെള്ളം | 02-03 | 3-9 | 62500 | വി.ആർ.ധർമ്മരാജൻ, സ്പെ.ഗ്രേ. സെക്രട്ടറി, വരന്തരപ്പിള്ളി |
| | | ചിറമനങ്ങാട് - കുറിഞ്ചൂർ റോഡ് | 02-03 | 3-9 | 45000 | ശ്രീമതി. രേവമ്മ. ടി. ആർ.(റിട്ട.) സെക്രട്ടറി, രാജരേഖ, കോട്ടയിൽവീട് പൂത്തോൾ. പി.ഒ,തൃശ്ശൂർ |
| | | ചിറമനങ്ങാട് അംഗൻവാടി കെട്ടിടം കൺവീനർ: ചീരൻജോസ് | 02-03 | 3-9 | 48250 | |
| | | മണ്ണാൻകുന്ന് സാംസ്കാരിക നിലയം, കൺവീനർ: ജമാലുദ്ദീൻ | 02-03 | 3-9 | 25000 | ശ്രീമതി തങ്കമണി, ജൂനിയർ സൂപ്രണ്ട്, കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ |
| | | പുലിക്കപ്പാടം കോളനി റോഡ് കൺവീനർ: കെ. എം. അമീർ | 02-03 | 3-9 | 11500 | |

| | | | | | | |
|---|---|---|---|---|---|---|
| | | ഹെൽത്ത് സെന്റർ റോഡ് അറ്റകുറ്റപ്പണി | 01-02 | 3-7 | 30000 | എൻ.ആർ. ജയൻ, സെക്രട്ടറി, നാട്ടിക ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ |
| 2 | മതിലകം ബ്ലോക്ക് പഞ്ചായത്ത് | വാർഡ് 12-ലെ (കൈപ്പമംഗലം പഞ്ചായത്ത്) റോഡിന്റെ പാർശ്വഭിത്തി കെട്ടൽ | 02-03 | 3-9 | 55491 | ശ്രീ.കെ. ആർ. ദേവദാസ്, ബി.ഡി.ഒ. |
| | | മതിലകം പഞ്ചായത്ത് താലം - കഴുവിലങ്ങ് റോഡ് സൈഡ് കെട്ടൽ | 02-03 | 3-10 | 27500 | |
| | | പെരിഞ്ഞനം പഞ്ചായത്ത് അറവാതോടിന്റെ സൈഡ് കെട്ടൽ | 02-03 | 3-10 | 41000 | |
| | | കൾവർട്ട് നിർമ്മാണം | 03-04 | 3-12 | 36385 | |
| | | **ആകെ** | | | **677076** | |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹ്യത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.9.7)

ഓഡിറ്റ് ഖണ്ഡികക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**കടങ്ങോട് ഗ്രാമപഞ്ചായത്ത്**

98. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ 21 പ്രവൃത്തികളും പൂർത്തീകരിച്ചതായി കടങ്ങോട് ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു

**മതിലകം ബ്ലോക്ക് പഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-03, 2003-04)

ഖണ്ഡിക 3-9 കൈപ്പമംഗലം ഗ്രാമപഞ്ചായത്ത് വാർഡ് 12-ലെ റോഡിന്റെ പാർശ്വഭിത്തി കെട്ടൽ

99. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സ്ക്രീനിംഗ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ടെന്ന് ചൂണ്ടിക്കാട്ടിയ സമിതി പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് നിർദ്ദേശിച്ചു.

ഖണ്ഡിക 3-10 താലം-കഴവിലങ്ങ് റോഡ് സൈഡ് കെട്ടൽ

100. ഓഡിറ്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

ഖണ്ഡിക 3 -10 പെരിഞ്ഞനം പഞ്ചായത്ത് - അറവാ തോടിന്റെ സൈഡ് കെട്ടൽ

101. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചുവെന്നുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

ഖണ്ഡിക 3-12 കൾവർട്ട് നിർമ്മാണം - എസ്.ജി.ആർ.വൈ. പണി-തുക മുൻകൂർ നൽകി പണി പൂർത്തിയാക്കിയിട്ടില്ല

102. പ്രസ്തുത പദ്ധതി എസ്.ജി.ആർ.വൈ. പദ്ധതിയാണെന്നും ആയത് ക്രമീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത പരാമർശം ഒഴിവാക്കാമെന്നുമുള്ള ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ / ശിപാർശകൾ

**103. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ 21 പ്രവൃത്തികളും പൂർത്തീകരിച്ചുവെന്ന കടങ്ങോട് ഗ്രാമപഞ്ചായത്തിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**104. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മതിലകം ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## പത്തനംതിട്ട ജില്ലാ പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

### (എ) തേക്കുംമല വനിതാ കമ്മ്യൂണിറ്റി - കം - ട്രെയിനിംഗ് സെന്റർ നിർമ്മാണം

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003-04, ഖണ്ഡിക: 2-23

2002-03-ലെ വാർഷിക പദ്ധതി പ്രകാരം തേക്കുംമല വനിതാ കമ്മ്യൂണിറ്റി - കം - ട്രെയിനിംഗ് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിനായി 99,975/- രൂപയുള്ള ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ചു പ്രവൃത്തിയുടെ കൺവീനർക്ക് 16.01.2004-ൽ 22,900/- രൂപ മൊബിലൈസേഷൻ അഡ്വാൻസായി നൽകി. എന്നാൽ പ്രവൃത്തി നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. കൺവീനറിൽ നിന്നും 12% പിഴപ്പലിശ സഹിതം തുക ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി 26.10.2006-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും ആയതിന്മേൽ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

ഉത്തരവാദിയായ ഉദ്യോഗസ്ഥർ:

1. ശ്രീമതി കെ. സുജാത, പി.ആർ,
   രാജി നിവാസ്, പയ്യനാമൺ (കൺവീനർ)
2. ശ്രീ. എം.ജി. സദാനന്ദൻ,
   അസിസ്റ്റന്റ് എഞ്ചിനീയർ (അഡീഷണൽ ചാർജ്)

### (ബി) അഡ്വാൻസ് കൈപ്പറ്റിയ കൺവീനർ പ്രവൃത്തി പൂർത്തിയാക്കിയില്ല

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003-04, ഖണ്ഡിക: 2-6

പത്തനംതിട്ട ജില്ലയിലെ തുമ്പമൺ, പന്തളം കൃഷി ഭവനുകളുടെ കീഴിൽവരുന്ന മാവര തോടിന്റെ വീതിയും ആഴവും കൂട്ടുന്ന പദ്ധതിയുടെ ഭാഗമായി 26.03.2004-ൽ 25,000/- രൂപ പ്രവൃത്തിയുടെ കൺവീനർക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ നൽകി. പ്രവൃത്തി നാളിതുവരെ പൂർത്തിയാക്കുകയോ, അഡ്വാൻസ് തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:

ശ്രീ. കെ. ശിവാനന്ദൻ, ഡെപ്യൂട്ടി ഡയറക്ടർ,
കൃഷി (വാട്ടർ മാനേജ്മെന്റ്)

**(സി) മണ്ണു സംരക്ഷണ പദ്ധതികൾ – മുൻകൂർ കൈപ്പറ്റിയ കൺവീനർമാർ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക: 3-31

ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന 19 മണ്ണ് സംരക്ഷണ പ്രവൃത്തികളുടെ കൺവീനർമാർ മുൻകൂർ കൈപ്പറ്റിയ തുക ഓഡിറ്റ് തീയതി വരെയും ക്രമപ്പെടുത്താതെ അവശേഷിക്കുന്നു. (2003-04 മുതലുള്ളത്). പ്രവൃത്തികൾ പൂർത്തീകരിക്കാതെ 17,54,326/- രൂപ ഇപ്രകാരം ക്രമപ്പെടുത്താൻ അവശേഷിക്കുന്നു. തുക പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:

ശ്രീ. എസ്. ബിജു, സോയിൽ കൺസർവേഷൻ ഓഫീസർ

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.9.8)

ഓഡിറ്റ് ഖണ്ഡികക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

(എ) തേക്കുംമല വനിതാ കമ്മ്യൂണിറ്റി-കം-ട്രെയിനിംഗ് സെന്റർ നിർമ്മാണം

105. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

(ബി) അഡ്വാൻസ് കൈപ്പറ്റിയ കൺവീനർ പ്രവൃത്തി പൂർത്തിയാക്കിയില്ല

106. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

(സി) മണ്ണു സംരക്ഷണ പദ്ധതികൾ- മുൻകൂർ കൈപ്പറ്റി കൺവീനർമാർ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

107. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട കൺവീനർമാരെല്ലാം പട്ടികജാതി വിഭാഗക്കാരാണെന്നും തുക തിരിച്ചടയ്ക്കുന്നതിന് യാതൊരു ഗതിയുമില്ലാത്ത പാവങ്ങളാണെന്നും പ്രസ്തുത കോളനികൾ സന്ദർശിച്ച് ആളുകളെ നേരിൽ കണ്ടിരുന്നുവെന്നും ഒരു കോളനിയിലെ കൺവീനർ 4 വർഷം മുമ്പ് ആത്മഹത്യ ചെയ്തുവെന്നും അയാളുടെ അസുഖബാധിതയായ ഭാര്യയ്ക്ക് തുക തിരിച്ചടയ്ക്കുന്നതിന് നിർവ്വാഹമില്ലെന്ന് അവിടത്തെ ജനപ്രതിനിധികൾ എഴുതി നൽകിയിരുന്നുവെന്നും ഒരാളൊഴികെ ബാക്കിയെല്ലാവരും രണ്ടര സെന്റിനുതാഴെ ഭൂമിയുള്ളവരും അസുഖക്കാരും പ്രായം ചെന്നയാൾക്കാരുമാണെന്നും ബോധിപ്പിച്ച പത്തനംതിട്ട സോയിൽ കൺസർവേഷൻ ജില്ലാ ഓഫീസർ, പ്രദേശത്ത് ചില പ്രവൃത്തികൾ ചെയ്തിട്ടുണ്ടെന്നും പണി പൂർത്തീകരിക്കാത്തതുകൊണ്ട് അളന്ന് തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ലെന്നും സമിതിയെ അറിയിച്ചു.

108. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ / ശിപാർശകൾ

**109. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതി മുമ്പാകെ നൽകിയ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ച മൂന്ന് പരാമർശങ്ങളും ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**കൂടുതൽ അന്വേഷണം ശിപാർശ ചെയ്യുന്നത്**

വഴിവിട്ട രീതിയിൽ പ്രവൃത്തി നിർവ്വഹിച്ചതും ധനസഹായം ദുരുപയോഗം ചെയ്തതും സ്റ്റാഫ് പാറ്റേൺ പരിഗണിക്കാതെയുള്ള അധ്യാപക നിയമനം എന്നിവ സംബന്ധിച്ചും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട നിരീക്ഷണങ്ങളിന്മേൽ അധിക ബാധ്യത വന്നിട്ടുണ്ടോ എന്നറിയുന്നതിന് വിവിധ ജില്ലകളിലെ താഴെപ്പറയുന്ന ഓഡിറ്റ് പരാമർശങ്ങളിൽ കൂടുതൽ അന്വേഷണം ശിപാർശ ചെയ്യുന്നു.

## വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് - തൃശ്ശൂർ ജില്ല

ഓഡിറ്റ് ഖണ്ഡിക

**കൊയ്ത്തുമെതി യന്ത്രം - അധികചെലവ്**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-05, ഖണ്ഡിക: 3-1

2002-03 വർഷത്തിൽ പ്രാവർത്തികമാക്കാൻ നിശ്ചയിച്ച് അംഗീകാരം വാങ്ങിയ ഈ പ്രോജക്ടിന്റെ പ്രധാന ഇനമായ കൊയ്ത്തുമെതി യന്ത്രം വാങ്ങാൻ കാംകോയ്ക്ക് തുക നൽകിയത് 27.03.2003-ൽ മാത്രമാണ്. മുൻകൂർ തുക 12,65,500/- രൂപ നൽകി 7 മാസം കഴിഞ്ഞ് കൊയ്ത്തുമെതി യന്ത്രം നൽകാൻ കഴിയില്ലെന്ന് അറിയിക്കുകയും വീണ്ടും മൂന്നര മാസം മാത്രം കഴിഞ്ഞ് വാങ്ങിയ തുക തിരിച്ച് നൽകുകയും ചെയ്തു. കാംകോയ്ക്ക് എതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

റെയ്ഡ്കോയ്ക്ക് 25.03.2004-ൽ യന്ത്രത്തിന്റെ വിലയായ 15,38,628/- രൂപ നൽകിയെങ്കിലും 01.10.2004-ൽ മാത്രമാണ് യന്ത്രം കൈമാറിയത്. റെയ്ഡ്കോയുടെ പേരിലും കാലതാമസം വരുത്തിയതിന്റെ പേരിൽ നടപടി എടുത്തിട്ടില്ല.

മെതി യന്ത്രത്തിന്റെ പ്രവർത്തനം പരിശോധിച്ചതിൽ സ്പെയർ പാർട്ട്സിന്റെ ചെലവ് ഭീമമായിരുന്നു എന്ന് കാണുന്നു. 01.10.2004 മുതൽ 30.09.2007 വരെയുള്ള കാലയളവിലെ ചെലവിൽ സ്പെയർപാർട്ട്സിന്റെ മാത്രം ചെലവ് 8,66,170/- രൂപയായിരുന്നു. സ്പെയർ പാർട്ട്സ് ചെലവിന്റെ നിജസ്ഥിതി വിശദമായ പരിശോധന ആവശ്യപ്പെടുന്നതാണ്. മാറ്റിയ പഴയ സാധനങ്ങൾ സ്റ്റോക്ക് എടുത്തതിന്റെ സാക്ഷ്യപത്രം ഇല്ലാതെയാണ് സ്പെയർ പാർട്ട്സിന്റെ ചെലവ് നടത്തിയത്.

മൂന്നര വർഷം മാത്രം പ്രവർത്തനം നടത്തി നിർത്തിവച്ച നിലയിൽ പഞ്ചായത്ത് കോമ്പൗണ്ടിൽ കിടക്കുന്ന ഈ മെഷീന്റെ അവസ്ഥ സംബന്ധിച്ച് വിശദമായ സാങ്കേതികപരിശോധന നടത്തേണ്ടതാണ്.

വിശദപരിശോധനയ്ക്കായി മൊത്തം ചെലവ് തുക 15,38,628/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.10 & 3.10.1)

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

110. വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് റെയ്ഡ്കോയിൽ നിന്നും വാങ്ങിയ കൊയ്ത്തുമെതി യന്ത്രം ആദ്യവർഷങ്ങളിൽ നന്നായി ഉപയോഗിച്ചിരുന്നുവെങ്കിലും നിലവിൽ ഉപയോഗിക്കാൻ കഴിയാതെ ബ്ലോക്ക് പഞ്ചായത്ത് യാർഡിൽ സൂക്ഷിച്ചിരിക്കുകയാണെന്നും പ്രസ്തുത യന്ത്രം ഇനി ഉപയോഗിക്കാൻ സാധിക്കാത്തതിനാൽ ലേലനടപടികൾ സ്വീകരിച്ച് സർക്കാരിലേയ്ക്ക് മുതൽക്കൂട്ടണമെന്നുമുള്ള അഗ്രികൾച്ചർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി അപ്രകാരം തീരുമാനിക്കുകയും വാല്യുവേഷൻ നടത്തുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടെന്നും വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു

111. ലേല നടപടികൾ പൂർത്തിയാക്കി ഓഡിറ്റിന് റിപ്പോർട്ട് നൽകാൻ സമിതി നിർദ്ദേശിച്ചു.

112. പല പഞ്ചായത്തുകളും വാങ്ങുന്ന കാർഷികോപകരണങ്ങൾ യഥാസമയം റിപ്പയർ ചെയ്ത് ഉപയോഗയോഗ്യമാക്കാനുള്ള നിർദ്ദേശം നൽകുന്നതിനെക്കുറിച്ച് ഗൗരവമായി പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചതിൽ നടപ്പുവർഷത്തെ സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങളിൽ ഇങ്ങനെയൊരു നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡീസെൻട്രലൈസ്ഡ് പ്ലാനിംഗ് ഡിവിഷൻ ചീഫ് അറിയിച്ചു

113. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കാർഷിക യന്ത്രങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനോ വിൽക്കുന്നതിനോ ആവശ്യമായ സാങ്കേതിക സേവനം ലഭ്യമാക്കുന്നതിനായി സംസ്ഥാന തലത്തിൽ സാങ്കേതിക സമിതി രൂപീകരിക്കാൻ കൃഷി വകുപ്പ് തയ്യാറാകേണ്ടതാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

114. യന്ത്രങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനം നിശ്ചിത കാലയളവിൽ അറ്റകുറ്റപ്പണികൾ ചെയ്തുകൊടുക്കണമെന്ന് വ്യവസ്ഥയുണ്ടാകണമെന്ന് വിലയിരുത്തിയ സമിതി സർക്കാർ സംവിധാനത്തിനുപകരം സഹകരണ അടിസ്ഥാനത്തിലോ മറ്റോ ഉള്ള ബദൽ മാർഗ്ഗങ്ങളെക്കുറിച്ച് കൃഷി, പഞ്ചായത്ത് വകുപ്പുകൾ പ്രത്യേകമായി പഠിച്ച് നിർദ്ദേശങ്ങൾ ലഭ്യമാക്കണമെന്നും കാർഷിക സർവ്വകലാശാലയുടെ സഹായത്തോടെ

ആരംഭിച്ച ഗ്രീൻ ആർമിയുടെ പ്രവർത്തനം പഠനവിധേയമാക്കി പ്രായോഗികമാണോയെന്ന് പരിശോധിക്കണമെന്നും അഭിപ്രായപ്പെട്ട ജില്ലാ പഞ്ചായത്തിന്റെ കീഴിൽ വരുന്ന അഗ്രികൾച്ചർ ഫാമിന്റെ നിയന്ത്രണത്തിൽ ഇതുപോലൊരു സംവിധാനമുണ്ടെന്നും അവർ ആവശ്യമായ യന്ത്രങ്ങൾ ശേഖരിച്ച് വാടകയ്ക്ക് കൊടുത്ത് കൃഷിക്കാരെ സഹായിക്കാറുണ്ടെന്നും നിരീക്ഷിച്ച സമിതി, ഇത്തരം സംവിധാനങ്ങളെക്കുറിച്ച് പഠിച്ച് നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു

**നിഗമനങ്ങൾ / ശിപാർശകൾ**

**115. വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് റെയ്ഡ്കോയിൽ നിന്നും വാങ്ങിയ കൊയ്ത്തുമെതി യന്ത്രം ആദ്യവർഷങ്ങളിൽ നന്നായി ഉപയോഗിച്ചിരുന്നുവെങ്കിലും നിലവിൽ ഉപയോഗക്ഷമമല്ലാത്തതിനാൽ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ലേല നടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങുന്ന കാർഷികോപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിൽ വളരെയധികം കാലതാമസമുണ്ടാകുന്നതായി സമിതി വിലയിരുത്തുകയും കാർഷികയന്ത്രങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ തന്നെ യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ നിശ്ചിതകാലയളവിലേക്ക് ചെയ്തുകൊടുക്കണമെന്ന വ്യവസ്ഥയുണ്ടാകണമെന്ന് അഭിപ്രായപ്പെടുകയും ചെയ്യുന്നു. തദ്ദേശ സ്ഥാപനങ്ങൾക്ക് ഇതിനാവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനായി സഹകരണ അടിസ്ഥാനത്തിലും മറ്റും ഉള്ള ബദൽ മാർഗ്ഗങ്ങളെക്കുറിച്ച് കൃഷി, തദ്ദേശസ്വയംഭരണ വകുപ്പുകൾ പഠിച്ച് നിർദ്ദേശങ്ങൾ ലഭ്യമാക്കണമെന്നും കാർഷിക സർവ്വകലാശാലയുടെ സഹായത്തോടെ ആരംഭിച്ച ഗ്രീൻ ആർമിയുടെ പ്രവർത്തനം പ്രായോഗികമാണോയെന്നും തൃശ്ശൂർ ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള കാർഷിക ഫാമിന്റെ നിയന്ത്രണത്തിലുള്ള യന്ത്രങ്ങൾ ശേഖരിച്ച് വാടകയ്ക്ക് കൊടുത്ത് കൃഷിക്കാരെ സഹായിക്കുന്ന സംവിധാനങ്ങളെക്കുറിച്ചും പഠിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

## കണ്ണൂർ നഗരസഭ

ഓഡിറ്റ് ഖണ്ഡിക

### മാലിന്യം നീക്കുന്നതിന് എസ്കവേറ്റർ ഉപയോഗിച്ചത് - വഴിവിട്ട നടപടികൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക: 3-6

നഗരസഭയിലെ മാലിന്യസംസ്കരണം നടക്കുന്ന ചേലോറ ട്രഞ്ചിങ് ഗ്രൗണ്ടിൽ കുഴികൾക്കരികിൽ മാലിന്യം എത്തിക്കാൻ എസ്കവേറ്റർ ഉപയോഗിക്കാനുള്ള നടപടികൾ എച്ച്-1 19672/06 നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുണ്ട്. മഴക്കാലത്തെ അടിയന്തര സാഹചര്യം പരിഗണിച്ച് ടെണ്ടർ ക്ഷണിക്കാതെ, ഹാന്റ് ക്വട്ടേഷൻ വാങ്ങിയാണ് കരാറുകാരനെ കണ്ടെത്തിയത്. ലഭിച്ച രണ്ട് ക്വട്ടേഷനുകൾ സമർപ്പിച്ചവർ ഒരേ സ്ഥാപനത്തിന്റെ പ്രതിനിധികളാണ് എന്ന് ക്വട്ടേഷനുകളിലെ ഒരേ ടെലഫോൺ നമ്പർ വ്യക്തമാക്കുന്നു. 08.08.2006-ന് ചെയർമാൻ മുൻകൂർ അനുമതി നൽകുകയും 09.08.2006-ന് വർക്ക് ഓർഡർ നൽകുകയും ചെയ്ത പ്രവൃത്തി 03.08.2006 മുതൽ ആരംഭിച്ചതായും പേമെന്റ് നടത്തിയതായും കാണുന്നു. എന്നാൽ, വിതരണ പതിവേട് പ്രകാരം ഫയൽ സെക്ഷൻ കൈപ്പറ്റുന്നത് 14.08.2006-നു മാത്രമാണ്. ഫയൽ കൈകാര്യം ചെയ്തവർ ഒപ്പിട്ട തീയതികളിൽ ഉടനീളം തിരുത്തലുകളുണ്ട്. മഴക്കാലത്തെ പ്രത്യേക സാഹചര്യം ചൂണ്ടിക്കാണിച്ച് ആഗസ്റ്റിൽ ആരംഭിച്ച പ്രവൃത്തി അടുത്ത മാർച്ചുവരെ ഇതേ കരാറുകാരനെ ഉപയോഗിച്ച് നടത്തി .612 മണിക്കൂർ ടിപ്പർ പ്രവർത്തിപ്പിച്ചതിന് 4,78,360/- രൂപ ഇദ്ദേഹത്തിന് നൽകി. നിശ്ചിത മണിക്കൂർ മെഷീൻ പ്രവർത്തിപ്പിച്ചതിനുള്ള കരാറുകാരന്റെ അവകാശവാദം അതേപടി അംഗീകരിച്ച് തുക അനുവദിക്കുകയായിരുന്നു. തുക നൽകുമ്പോൾ ആദായനികുതി ഈടാക്കിയിട്ടില്ല. ഈ കരാറുകാരൻ സർക്കാർ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയ ആളാണ് എന്ന് ഫയലിൽ രേഖകളുണ്ട്. ഈ പ്രവൃത്തി യഥാർത്ഥത്തിൽ ആവശ്യമായിരുന്നില്ലെന്ന് നഗരസഭയിലെ അസി. എഞ്ചിനീയറും പ്രവൃത്തിയുടെ നിർവ്വഹണത്തിൽ വ്യാപകമായ അഴിമതി നടന്നുവെന്ന് നഗരസഭാ സെക്രട്ടറിയും ഫയലിൽ നോട്ട് എഴുതിയിട്ടുണ്ട്. വഴിവിട്ടതും സംശയം ജനിപ്പിക്കുന്നതുമായ നടപടികൾ സംബന്ധിച്ച് വകുപ്പുതല അന്വേഷണം ആവശ്യമാണ്.

| ക്രമ നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും വിലാസവും | ചെലവു തുക |
|---|---|---|
| 1 | ശ്രീ. ടി. സന്തോഷ്, അഴകത്ത് ഹൗസ്, തെക്കേവിള പി.ഒ., കൊല്ലം ജില്ല | 40,000 |
| 2 | ശ്രീ. ബി. ഇന്ദ്രബാലൻപിള്ള, ഗൗരി, കോട്ടക്കകം, തൃക്കടവൂർ, പെരിനാട്.പി.ഒ., കൊല്ലം ജില്ല | 4,38,360 |
| ആകെ | | 4,78,360 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.10.3)

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

116. രണ്ട് വിഷയമാണ് പ്രസ്തുത പരാമർശത്തിലുൾപ്പെടുന്നതെന്നും ആദായ നികുതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിച്ചിട്ടുണ്ടെന്നും രണ്ടാമത്തെ കേസിൽ മഴക്കാലത്തെ പ്രത്യേക സാഹചര്യം പരിഗണിച്ചാണ് ടെണ്ടർ ക്ഷണിക്കാതെ മാലിന്യസംസ്കരണത്തിന് കരാർ നൽകിയതെന്നും മാലിന്യം കുഴിച്ചുമൂടുന്നതുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽനിന്നും പലപ്പോഴും എതിർപ്പ് നേരിടേണ്ടിവന്നിട്ടുണ്ടെന്നും ആയതിനാൽ ആ സമയത്ത് നഗരത്തിലെ മാലിന്യങ്ങൾ മുഴുവൻ കുഴിച്ചുമൂടാൻ കഴിയാത്തതുൾപ്പെടെയുള്ള പ്രശ്നങ്ങളുണ്ടായിട്ടുണ്ടെന്നും കണ്ണൂർ നഗരസഭാ സെക്രട്ടറി വിശദീകരിച്ചു.

117. പദ്ധതി നിർവ്വഹണത്തിൽ അഴിമതി നടന്നിട്ടുണ്ടെന്ന് അന്നത്തെ നഗരസഭാ സെക്രട്ടറി തന്നെ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഇതുസംബന്ധിച്ച് വകുപ്പുതല അന്വേഷണം ആവശ്യമാണെന്നാണ് ഓഡിറ്റ് പരാമർശമെന്നും സമിതി ചൂണ്ടിക്കാട്ടി. വകുപ്പുതല അന്വേഷണം നടത്തി അപാകതകളുള്ളതായി കണ്ടെത്തിയിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറും വ്യക്തമാക്കി.

118. ഇക്കാര്യത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണമെന്നും പരാമർശത്തിന്മേലുള്ള വകുപ്പുതല അന്വേഷണ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു

**നിഗമനങ്ങൾ / ശിപാർശകൾ**

**119. പദ്ധതി നിർവ്വഹണത്തിൽ അഴിമതി നടന്നിട്ടുള്ളതായി അന്നത്തെ നഗരസഭാ സെക്രട്ടറി ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിലും മേൽവിഷയം സംബന്ധിച്ച് നടത്തിയ വകുപ്പുതല അന്വേഷണത്തിൽ അപാകതകളുള്ളതായി കണ്ടെത്തിയെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിലും പ്രസ്തുത അഴിമതിക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും പരാമർശത്തിന്മേലുള്ള വകുപ്പുതല അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ധനദുർവിനിയോഗം / പാഴ്ചെലവുകൾ**

വിവിധ പദ്ധതി പ്രവൃത്തികളും പദ്ധതിയേതര പ്രവൃത്തികളും നടപ്പിലാക്കിയതിലൂടെ വൻതോതിലുള്ള സാമ്പത്തിക ദുർവിനിയോഗവും പാഴ്ച്ചെലവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു അതു സംബന്ധിച്ച വിശദവിവരമാണ് ഇതോടൊപ്പം ചേർത്തിരിക്കുന്നത്.

**മേത്തല ഗ്രാമപഞ്ചായത്ത് - തൃശ്ശൂർ ജില്ല**

<u>ഓഡിറ്റ് ഖണ്ഡിക</u>

**വെള്ളക്കരം - പഞ്ചായത്തിന് പിഴപ്പലിശ**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2001-02, ഖണ്ഡിക: 3-1

2001-02 സാമ്പത്തികവർഷാവസാനത്തിൽ ഗ്രാമപ്പഞ്ചായത്തിന് വെള്ളക്കരം ഇനത്തിൽ 27,28,947/- രൂപയും പിഴപ്പലിശ 93,965/- രൂപയും വാട്ടർ അതോറിറ്റിക്ക്

നൽകേണ്ടതായിരുന്നു. സാമ്പത്തിക വർഷാരംഭത്തിൽ പാസ്സാക്കിയ ബജറ്റ് പ്രകാരം 4,00,000/- രൂപ വെള്ളക്കരം അടവാക്കുന്നതിനുവേണ്ടി മാറ്റിവച്ചിരിക്കുന്നതായി കാണുന്നു. മണൽ വില്പനയിൽ നിന്നുമാത്രം 17,45,900/- രൂപ മേൽ സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിനു ലഭിച്ചിട്ടുണ്ട്. മാത്രമല്ല, 2001-2002 വർഷത്തെ സാമ്പത്തികപത്രിക പ്രകാരം 31,21,450/- രൂപ വർഷാന്ത്യ ബാലൻസിനത്തിൽ ഉള്ളതായി കാണുന്നു. ഇത്രയും വരുമാനം ലഭ്യമായിട്ടും വാട്ടർ അതോറിറ്റിക്ക് വെള്ളക്കരമിനത്തിൽ നൽകേണ്ടതായ തുക നൽകാതിരിക്കുന്നതും തൽഫലമായി ഭീമമായ പിഴപ്പലിശ അടവാക്കേണ്ടിവരുന്നതും ഒട്ടും ആശാസ്യമായ നടപടിയല്ല

ഉത്തരവാദിയായ ഉദ്യോഗസ്ഥർ:

1. ശ്രീ. എം. കെ. രവീന്ദ്രനാഥൻ, സെക്രട്ടറി
2. ശ്രീ. എം. ആർ. സത്യശീലൻ, സെക്രട്ടറി

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.11 & 3.11.1)

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

120. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

## നിഗമനങ്ങൾ / ശിപാർശകൾ

**121. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## തിരുവനന്തപുരം നഗരസഭ

ഓഡിറ്റ് ഖണ്ഡിക

**ഷാസു പദ്ധതിയിൽ വൻ സാമ്പത്തികനഷ്ടം**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-05, ഖണ്ഡിക: 2-20

ചേരി പുനരുദ്ധാരണത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ നെഹ്റു തൊഴിൽദാന പദ്ധതിയുടെ കീഴിൽ തിരുവനന്തപുരം കോർപ്പറേഷന്റെ യു.പി.എ.

വിഭാഗം നടപ്പാക്കിയതാണ് ഷാസു (SHASU - Scheme for Housing and Shelter Upgradation). അയൽക്കൂട്ടങ്ങൾവഴി അപേക്ഷ ക്ഷണിച്ച് ADS-വഴി തെരഞ്ഞെടുക്കപ്പെടുന്ന അർഹരായ ഓരോ ഗുണഭോക്താവിനും വായ്പയായി 9,950/- രൂപയും സബ്സിഡിയായി 1000/- രൂപയും (60:40 അനുപാതത്തിൽ കേന്ദ്ര / സംസ്ഥാന സർക്കാരുകൾ ലഭ്യമാക്കുന്നു) അനുവദിക്കുന്നു. കെ.യു.ഡി.എഫ്.സി.യിൽ നിന്ന് ലഭിക്കുന്ന വായ്പ 10 വർഷത്തെ കാലയളവിൽ 10.5% പലിശയോടെ 40 പാദവർഷ തവണകളായി കോർപ്പറേഷനിൽ തിരിച്ചടയ്ക്കേണ്ടതാണ്.

കെ.യു.ഡി.എഫ്.സി.യുമായി നഗരസഭ കരാറിൽ ഏർപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 724 ഗുണഭോക്താക്കൾക്കായി 9,950/- രൂപ നിരക്കിൽ 72,03,800/- രൂപ കെ.യു.ഡി.എഫ്.സി. തിരുവനന്തപുരം നഗരസഭയ്ക്ക് നൽകി.

വായ്പ അടച്ചുതീർത്ത 133 ഗുണഭോക്താക്കൾക്ക് 1000/- രൂപ നിരക്കിൽ സബ്സിഡി ലഭ്യമാക്കാതെ എൻ.എസ്.ഡി.പി. ഫണ്ടിൽനിന്ന് 3,000/- രൂപ നിരക്കിൽ ആകെ 3,99,000/- രൂപ നൽകിയ നഗരസഭയുടെ നടപടിക്ക് സർക്കാരിൽ നിന്നും സാധൂകരണം തേടിയിട്ടില്ല.

ലഭിച്ച വായ്പയ്ക്ക് മതിയായ ഗുണഭോക്താക്കളെ കണ്ടെത്താതിരുന്നതിനാലും ആവശ്യമില്ലാത്ത തുക തിരിച്ചടയ്ക്കാതിരുന്നതിനാലും വിതരണം ചെയ്യാത്ത വായ്പാതുകയ്ക്ക് പലിശയായി വൻതുക അടയ്ക്കുക വഴി നഗരസഭയ്ക്ക് നഷ്ടമുണ്ടായി. ഈ നഷ്ടം പിന്നീടുള്ള വർഷങ്ങളിലും തുടരുകയാണ്. പലിശയിനത്തിൽ 31.03.2005 വരെ അടച്ച 1,10,628/- രൂപ നിരാകരിക്കുന്നു. സബ്സിഡി തുക 3,99,000/- രൂപ തടസ്സപ്പെടുത്തുന്നു.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:

ശ്രീ. റ്റി. കെ. രവീന്ദ്രൻ, സെക്രട്ടറി, തിരുവനന്തപുരം നഗരസഭ

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.11.2)

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

122. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**123. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**കോട്ടയം നഗരസഭ**

<u>ഓഡിറ്റ് ഖണ്ഡിക</u>

**(എ) നഗരസഭ വക മാമ്മൻമാപ്പിള ഹാൾ അഡീഷണൽ പവർ അലോക്കേഷന് യഥാസമയം നടപടി സ്വീകരിക്കാത്തതുമൂലം നഷ്ടം**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക: 3-4 (ഡി)

മാമ്മൻമാപ്പിള ഹാളിനുവേണ്ടിയുള്ള ഹൈടെൻഷൻ വൈദ്യുത സപ്ലൈ കരാർ അനുസരിച്ചുള്ള പവർ അലോക്കേഷൻ 150 കെ.വി.എ. ആണ്. മാക്സിമം ഡിമാൻഡ് 150 കെ.വി.എ.യിൽ അധികരിച്ചാൽ അപേക്ഷ നൽകി പവർ അലോക്കേഷൻ വർദ്ധിപ്പിച്ചു വാങ്ങേണ്ടതും പുതുക്കിയ ഹൈടെൻഷൻ എഗ്രിമെന്റ് വയ്ക്കേണ്ടതുമാണ്. ഇതിന്റെ അഭാവത്തിൽ 150 കെ.വി.എ.യിൽ അധികരിക്കുന്ന ഓരോ കെ.വി.എ.യ്ക്കും നിലവിലുള്ള 350/- രൂപയ്ക്കു പുറമേ പ്രതിമാസം 175/- രൂപ അധികമായി വൈദ്യുതി ബോർഡിന് നൽകേണ്ടതുണ്ട്. 2/05 മുതൽ 3/08 വരെയുള്ള എല്ലാ മാസങ്ങളിലും വൈദ്യുതി ചാർജ് 150 കെ.വി.എ.യിൽ അധികരിച്ചിട്ടുള്ളതും തന്മൂലം 1,74,300/- രൂപ ഇലക്ട്രിസിറ്റി ബോർഡിന് അധികഫീസായി ടി കാലയളവിൽ നൽകേണ്ടിവരുകയും ചെയ്തു. അഡീഷണൽ പവർ അലോക്കേഷന് അപേക്ഷിക്കാത്ത പക്ഷം പവർകണക്ഷൻ വിച്ഛേദിക്കുമെന്ന് കോട്ടയം ഇലക്ട്രിക്കൽ സർക്കിൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 20.05.06-ലെ കത്ത് പ്രകാരം മുന്നറിയിപ്പ് ലഭിച്ചതിനുശേഷം 02.08.06-ൽ 50 കെ.വി.എ. അഡീഷണൽ പവർ അലോക്കേഷന് അപേക്ഷിച്ചുവെങ്കിലും തുടർനടപടികളൊന്നും നാളിതുവരെ സ്വീകരിച്ചിട്ടില്ല. ആയതിന് നടപടികൾ സ്വീകരിക്കുന്നതിന് ഉത്തരവാദികളായ മുനിസിപ്പൽ എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽനിന്നും നഗരസഭയ്ക്ക് നഷ്ടമായ 1,74,300/- രൂപ തുല്യമായി ഈടാക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥർ:

1. ശ്രീ. ജോസ് മൈക്കിൾ, മുനിസിപ്പൽ എഞ്ചിനീയർ - 87,150/- രൂപ
2. ശ്രീ. എം. മുരളീകൃഷ്ണൻ, അസി. എക്സി. എഞ്ചിനീയർ - 87,150/- രൂപ

**(ബി) മാമ്മൻ മാപ്പിളഹാൾ - പവർ ഫാക്ടർ ക്ഷയം**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക: 3-4 (ഇ)

13.04.2005-ലെ ബി.ഒ.(എഫ്.എം.) 1172/2005 നമ്പർ ഉത്തരവുപ്രകാരം കെ.എസ്.ഇ.ബി. 01.04.2005 പ്രാബല്യത്തിൽ റഗുലേറ്ററി കമ്മീഷന്റെ റ്റി.ഒ.ഡി. മീറ്ററിംഗ് പ്രാവർത്തികമാക്കുന്നതിനുള്ള ഉത്തരവ് നടപ്പാക്കുകയുണ്ടായി. ഇതനുസരിച്ച് പവർ ഫാക്ടർ 0.9-നും 01.00-നും ഇടയിൽ മെച്ചപ്പെടുത്തിയാൽ ഓരോ 0.01 യൂണിറ്റ് വർദ്ധനയ്ക്കും എനർജി ചാർജ്ജിന്റെ 0.15% ഇളവായി നൽകാനും 0.9-നും താഴെ വരുന്ന ഓരോ 0.01 യൂണിറ്റിനും ചാർജ്ജിന്റെ 1% പിഴ ഈടാക്കാനും ഉത്തരവായി. നഗരസഭാ ഹാളിൽ (മാമ്മൻമാപ്പിള ഹാൾ) കപ്പാസിറ്റർ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ പവർ ഫാക്ടർ 0.90-ൽപ്പോലും നിലനിർത്താൻ കഴിഞ്ഞില്ലെന്നു മാത്രമല്ല 0.59 വരെ താഴുകയും ചെയ്തു. തന്മൂലം 4/05 മുതൽ 3/08 വരെ ഈ ഇനത്തിൽ 1,33,925/- രൂപ നഗരസഭ പിഴ അടയ്ക്കേണ്ടിവന്നു. ഈ നഷ്ടത്തിന് ഉത്തരവാദികളായ മുനിസിപ്പൽ എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽനിന്നും നഗരസഭാ ഫണ്ടിന് നഷ്ടമായ തുക തുല്യമായി ഈടാക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥർ:

1. ശ്രീ. ജോസ് മൈക്കിൾ, മുനിസിപ്പൽ എഞ്ചിനീയർ - 66,963/- രൂപ
2. ശ്രീ. എം. മുരളീകൃഷ്ണൻ, അസി. എക്സി. എഞ്ചിനീയർ - 66,962/- രൂപ

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.11.3)

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

124. നഗരസഭയ്ക്കുണ്ടായ നഷ്ടത്തിന് ഉത്തരവാദികളിലൊരാളായ അന്നത്തെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മരണപ്പെട്ടുവെന്നും മുനിസിപ്പൽ എഞ്ചിനീയർ ആയിരുന്ന ജോസ് മൈക്കിളിന്റെ ഡി.സി.ആർ.ജി.യിൽ നിന്ന് തുക ഈടാക്കിയെങ്കിലും ടിയാൻ ട്രൈബ്യൂണലിൽ പോയി അനുകൂല വിധി

സമ്പാദിച്ചതിനാൽ തിരിച്ചുനൽകേണ്ടിവന്നുവെന്നും കോട്ടയം നഗരസഭാ സെക്രട്ടറി വിശദീകരിച്ചു.

125. പ്രസ്തുത കോടതി ഉത്തരവ് ഹാജരാക്കിയാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി. ട്രൈബ്യൂണൽ വിധിക്കെതിരെ അപ്പീൽ നൽകാതിരിക്കാൻ കാരണമെന്താണെന്ന് ആരാഞ്ഞ സമിതി, വിധി വന്നയുടൻ തന്നെ തുക തിരിച്ചുകൊടുക്കാൻ നഗരകാര്യ ഡയറക്ടർ ഉത്തരവിട്ട നടപടി അംഗീകരിക്കാനാവില്ലെന്നും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ കഴിയില്ലെന്നും വ്യക്തമാക്കി. ഇത്തരത്തിൽ ട്രൈബ്യൂണൽ വിധിക്കെതിരെ അപ്പീൽ നൽകാതെ ഉത്തരവാദിക്ക് അനുകൂലമായ ഉത്തരവിറക്കാനുണ്ടായ സാഹചര്യം പരിശോധിച്ച് റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു

**നിഗമനങ്ങൾ / ശിപാർശകൾ**

**126. നഗരസഭയ്ക്കുണ്ടായ നഷ്ടത്തിന് ഉത്തരവാദികളിലൊരാളായ അന്നത്തെ മുൻസിപ്പൽ എഞ്ചിനീയർ ശ്രീ. ജോസ് മൈക്കിളിന്റെ ഡി.സി.ആർ.ജി.യിൽ നിന്നും തുക ഈടാക്കിയതിനെതിരെ ടിയാൻ ട്രൈബ്യൂണലിൽ നിന്നും നേടിയ അനുകൂല വിധിക്കെതിരെ അപ്പീൽ നൽകാതെ, ഉത്തരവാദിക്ക് അനുകൂലമായ ഉത്തരവിറക്കാനുണ്ടായ സാഹചര്യം പരിശോധിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**ടി. പി. രാമകൃഷ്ണൻ,**
**അദ്ധ്യക്ഷൻ,**
**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.**

**തിരുവനന്തപുരം,**
**2023 ആഗസ്റ്റ് 10.**

## അനുബന്ധം - I
## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നം. | വകുപ്പ് | ഖണ്ഡിക | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1. | തദ്ദേശസ്വയംഭരണ വകുപ്പ് | 3 | ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക ഈടാക്കുന്നതിനായി സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് പാണഞ്ചേരി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് സമിതിക്കു റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 2. | തദ്ദേശസ്വയംഭരണ വകുപ്പ് | 5 | ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 3. | തദ്ദേശസ്വയംഭരണ വകുപ്പ് | 18 | തൊഴിൽ നികുതി കുടിശ്ശികയുടെ കൃത്യമായ വിവരങ്ങൾ നഗരസഭയിൽ ലഭ്യമല്ലെന്ന് സമിതി നിരീക്ഷിക്കുന്നു. തൊഴിൽ നികുതി ഇനത്തിൽ പിരിച്ചെടുത്ത തുക കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കണമെന്നും ഈ വിഷയത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 4. | തദ്ദേശസ്വയംഭരണ വകുപ്പ് | 20 | ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 5. | തദ്ദേശസ്വയംഭരണ വകുപ്പ് | 23 | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ സമ്പൂർണ്ണ ശുചിത്വ പരിപാടിക്ക് അനുവദിച്ച തുക മാറ്റി ചെലവഴിച്ചത് സംബന്ധിച്ച പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 6. | തദ്ദേശസ്വയംഭരണ വകുപ്പ് | 26 | പുത്തൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 7. | തദ്ദേശസ്വയംഭരണ വകുപ്പ് | 35 | പ്രസ്തുത വിഷയം സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള സ്റ്റേ ഒഴിവാക്കുന്നതിനും കേസ് നടപടികൾ ത്വരിതപ്പെടുത്തുന്നതിനും നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഫയൽ നഷ്ടപ്പെട്ടത് സംബന്ധിച്ച് അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 8. | തദ്ദേശസ്വയംഭരണ വകുപ്പ് | 41 | ഓഡിറ്റ് പരാമർശിച്ച പദ്ധതി നടപ്പാക്കിയത് മാർഗരേഖയ്ക്ക് വിരുദ്ധമായിട്ടാണെങ്കിലും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ സമൂഹത്തിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന ജനസമൂഹമായതിനാലും ഭൂമിക്ക് കൈവശാവകാശ സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നതിനാലും പദ്ധതി നടപ്പാക്കിയത് ഇരുപത് വർഷങ്ങൾക്ക് മുമ്പായിരുന്നതിനാലും ,പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സ്ക്രീനിംഗ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ശിപാർശ ഉൾപ്പെടുന്ന സ്ക്രീനിംഗ് കമ്മിറ്റി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിനും ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 9. | തദ്ദേശസ്വയംഭരണ വകുപ്പ് | 43 | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 10. | തദ്ദേശസ്വയംഭരണ വകുപ്പ് . | 50 | പുതുശ്ശേരി ഗ്രാമപഞ്ചായത്ത് കല്യാണമണ്ഡപത്തിനായി നിർമ്മിച്ച കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് ചീഫ് എഞ്ചിനീയറുടെ പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പ്രസ്തുത കെട്ടിടം നിൽക്കുന്നത് ഫെയർ വാല്യൂ ഉള്ള സ്ഥലത്തായതിനാൽ ടി കെട്ടിടം എം.സി.എഫ്. ആയി ഉപയോഗിക്കുന്നത് ശരിയല്ലെന്നും ടി സ്ഥലത്ത് മറ്റേതെങ്കിലും പദ്ധതി നടപ്പിലാക്കാനാകുമോ എന്ന് പരിശോധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 11. | തദ്ദേശസ്വയംഭരണ വകുപ്പ് | 51 | ജലസംഭരണിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഇനിയൊരു ജലസംഭരണിയുടെ ആവശ്യമുണ്ടോയെന്ന് പരിശോധിച്ച് മാത്രമേ തുക ചെലവഴിക്കാവൂ എന്നും പൊതുപണം ദുരുപയോഗം ചെയ്യുന്ന അവസ്ഥ ഉണ്ടാകരുതെന്നും സമിതി |

| | | | |
|---|---|---|---|
| | | | നിർദ്ദേശിക്കുന്നു. പാലക്കാട് ജില്ലയിലെ ജലലഭ്യതക്കുറവ് കണക്കിലെടുത്ത് ഭൂഗർഭജല സംവിധാനമുപയോഗിച്ച് വെള്ളമെത്തിക്കുന്നത് പരിഗണിക്കാവുന്നതാണെന്നും ജൽജീവൻ മിഷന്റെ ഭാഗമായി ജലത്തെ അധിക സംവിധാനമായി പ്രയോജനപ്പെടുത്താൻ കഴിയുമോയെന്ന് ജില്ലാതലത്തിൽ കൂടിയാലോചിച്ച് തീരുമാനമെടുക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 12. | തദ്ദേശസ്വയംഭരണ വകുപ്പ് | 54 | റാന്നി ബ്ലോക്ക് പഞ്ചായത്തിലെ ആറുവച്ചാൻകുഴി-ഇടകടത്തി-കുറുമ്പൻ മൂഴിക്കോട് റോഡ് നിർമ്മാണ പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ടെന്നും ഈ ഇനത്തിൽ തുക നഷ്ടപ്പെട്ടിട്ടില്ലെന്നുമുള്ള ബ്ലോക്ക് ഡെവലപ്‌മെന്റ് ഓഫീസറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 13. | തദ്ദേശസ്വയംഭരണ വകുപ്പ് | 57 | വ്യവസായ വിപണന കേന്ദ്രം കെട്ടിടം വൈദ്യുതീകരിക്കുകയും മുറികൾ വാടകയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ടെന്ന മതിലകം ബ്ലോക്ക് ഡെവലപ്‌മെന്റ് ഓഫീസറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിനും ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 14. | തദ്ദേശസ്വയംഭരണ വകുപ്പ് | 60 | ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക് വാങ്ങിയ ബോട്ടുകൾ കാലപ്പഴക്കം കൊണ്ട് പ്രവർത്തനരഹിതമായതിനാൽ ലേലം ചെയ്യുന്ന വിഷയത്തിൽ തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 15. | തദ്ദേശസ്വയംഭരണ വകുപ്പ് | 66 | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഒരു ലക്ഷം ഭവനപദ്ധതി വായ്പത്തുക ഈടാക്കാൻ നടപടി സ്വീകരിച്ചില്ലെന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 16. | തദ്ദേശസ്വയംഭരണ വകുപ്പ് | 67 | ഖരമാലിന്യ സംസ്കരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് കിൻഫ്രയ്ക്ക് നഗരസഭ മൊബിലൈസേഷൻ അഡ്വാൻസായി നൽകിയ തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| | | | കിൻഫ്ര ചെയ്ത പ്രവൃത്തികൾ അവർക്ക് അനുവദിച്ച തുകയ്ക്ക് തത്തുല്യമായിട്ടുള്ളത് ആണോയെന്ന് പരിശോധിക്കുന്നതിനായി മുനിസിപ്പൽ എഞ്ചിനീയറെയോ മറ്റേതെങ്കിലും ഏജൻസിയെയോ കൊണ്ട് മൂല്യനിർണ്ണയം നടത്തി ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 17. | തദ്ദേശസ്വയംഭരണ വകുപ്പ് | 90 | ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്ലാൻ പി.ഡി.വൗച്ചറുകൾ നൽകിയിട്ടില്ല, ബ്ലോക്ക് പഞ്ചായത്ത് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ഫയൽ ലഭ്യമാക്കിയിട്ടില്ല, തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ പരിശീലനത്തിന്റെ രേഖകൾ ഹാജരാക്കാത്തത്, പി.വി.സി. പൈപ്പ്, മോട്ടോർ അനുബന്ധ സാമഗ്രികൾ വാങ്ങൽ, ഫയലുകൾ ഹാജരാക്കിയില്ല - വിവിധ പ്രവൃത്തികൾക്കായി 8,48,032/- തുക തടസ്സപ്പെടുത്തി എന്നീ പരാമർശങ്ങൾ സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പ്രസ്തുത പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 18. | തദ്ദേശസ്വയംഭരണ വകുപ്പ് | 91 | ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ഖണ്ഡിക 3-4(എ) യിലെ പരാമർശം ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിനും , ഖണ്ഡിക 3-4(ബി)യുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, ഖണ്ഡിക 3-8, 3-3 എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 19. | തദ്ദേശസ്വയംഭരണ വകുപ്പ് | 92 | വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്തിലെ എസ്. ടി. കോളനിയിൽ നടപ്പാക്കിയ കുടിവെള്ള പദ്ധതി നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നുവെന്ന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കുടിവെള്ള പദ്ധതിക്കായി പണം ചെലവഴിച്ചത് ജനങ്ങൾക്ക് പ്രയോജനപ്രദമായിരുന്നു എന്നത് സംബന്ധിച്ച റിപ്പോർട്ട് പഞ്ചായത്ത് ഭരണ സമിതിയുടെ ശിപാർശയോടെ ഓഡിറ്റ് വകുപ്പിന് |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 20. | തദ്ദേശസ്വയംഭരണ വകുപ്പ് | 93 | ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 21. | തദ്ദേശസ്വയംഭരണ വകുപ്പ് | 94 | തളിക്കുളം ബ്ലോക്ക് പഞ്ചായത്തിലെ ഓഡിറ്റ് പരാമർശിച്ച പ്രവൃത്തികൾക്ക് മുൻകൂർ തുക നൽകിയെങ്കിലും പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം വിശദീകരിച്ച് ഭരണസമിതിയുടെ അംഗീകാരത്തോടെ ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 22. | തദ്ദേശസ്വയംഭരണ വകുപ്പ് | 95 | മതിലകം ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ അംഗൻവാടി കെട്ടിട നിർമ്മാണത്തിന്റെ ചെലവ് രേഖകൾ ലഭ്യമായിട്ടുണ്ടെന്നും നിലവിൽ അംഗൻവാടി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നുമുള്ള മതിലകം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ചെലവ് രേഖകൾ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേലുള്ള റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 23. | തദ്ദേശസ്വയംഭരണ വകുപ്പ് | 97 | കോട്ടുവള്ളി ഗ്രാമപഞ്ചായത്തിൽ പണം മുൻകൂർ കൈപ്പറ്റിയിട്ടും പൂർത്തിയാക്കാത്തതായി ഓഡിറ്റ് പരാമർശിച്ച മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് സമിതി മുമ്പാകെ ലഭ്യമാക്കിയ മറുപടി പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തോടെ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 24. | തദ്ദേശസ്വയംഭരണ വകുപ്പ് | 103 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ 21 പ്രവൃത്തികളും പൂർത്തീകരിച്ചുവെന്ന കടങ്ങോട് ഗ്രാമപഞ്ചായത്തിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 25. | തദ്ദേശസ്വയംഭരണ വകുപ്പ് | 104 | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മതിലകം ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 26. | തദ്ദേശസ്വയംഭരണ വകുപ്പ് | 109 | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതി മുമ്പാകെ നൽകിയ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ച മൂന്ന് പരാമർശങ്ങളും ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 27. | തദ്ദേശസ്വയംഭരണ വകുപ്പ് | 115 | വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് റെയ്ഡ്കോയിൽ നിന്നും വാങ്ങിയ കൊയ്ത്ത്മെതി യന്ത്രം ആദ്യവർഷങ്ങളിൽ നന്നായി ഉപയോഗിച്ചിരുന്നുവെങ്കിലും നിലവിൽ ഉപയോഗക്ഷമമല്ലാത്തതിനാൽ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ലേല നടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങുന്ന കാർഷികോപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിൽ വളരെയധികം കാലതാമസമുണ്ടാകുന്നതായി സമിതി വിലയിരുത്തുകയും കാർഷികയന്ത്രങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ തന്നെ യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ നിശ്ചിതകാലയളവിലേക്ക് ചെയ്തുകൊടുക്കണമെന്ന വ്യവസ്ഥയുണ്ടാകണമെന്ന് അഭിപ്രായപ്പെടുകയും ചെയ്യുന്നു. തദ്ദേശ സ്ഥാപനങ്ങൾക്ക് ഇതിനാവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനായി സഹകരണ അടിസ്ഥാനത്തിലും മറ്റും ഉള്ള ബദൽ മാർഗ്ഗങ്ങളെക്കുറിച്ച് കൃഷി, തദ്ദേശസ്വയംഭരണ വകുപ്പുകൾ പഠിച്ച് നിർദ്ദേശങ്ങൾ ലഭ്യമാക്കണമെന്നും കാർഷിക സർവ്വകലാശാലയുടെ സഹായത്തോടെ ആരംഭിച്ച ഗ്രീൻ ആർമിയുടെ പ്രവർത്തനം പ്രായോഗികമാണോയെന്നും തൃശ്ശൂർ ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള കാർഷിക ഫാമിന്റെ നിയന്ത്രണത്തിലുള്ള യന്ത്രങ്ങൾ ശേഖരിച്ച് വാടകയ്ക്ക് കൊടുത്ത് കൃഷിക്കാരെ സഹായിക്കുന്ന സംവിധാനങ്ങളെക്കുറിച്ചും പഠിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 28. | തദ്ദേശസ്വയംഭരണ വകുപ്പ് | 119 | പദ്ധതി നിർവ്വഹണത്തിൽ അഴിമതി നടന്നിട്ടുള്ളതായി അന്നത്തെ നഗരസഭാ സെക്രട്ടറി ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിലും മേൽവിഷയം സംബന്ധിച്ച് നടത്തിയ വകുപ്പുതല അന്വേഷണത്തിൽ |

| | | | |
|---|---|---|---|
| | | | അപാകതകളുള്ളതായി കണ്ടെത്തിയെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിലും പ്രസ്തുത അഴിമതിക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും പരാമർശത്തിന്മേലുള്ള വകുപ്പുതല അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 29. | തദ്ദേശസ്വയംഭരണ വകുപ്പ് | 121 | ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 30. | തദ്ദേശസ്വയംഭരണ വകുപ്പ് | 123 | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 31. | തദ്ദേശസ്വയംഭരണ വകുപ്പ് | 126 | നഗരസഭയ്ക്കുണ്ടായ നഷ്ടത്തിന് ഉത്തരവാദികളിലൊരാളായ അന്നത്തെ മുൻസിപ്പൽ എഞ്ചിനീയർ ശ്രീ. ജോസ് മൈക്കിളിന്റെ ഡി.സി.ആർ.ജി.യിൽ നിന്നും തുക ഈടാക്കിയതിനെതിരെ ട്രിബ്യൂണലിൽ നിന്നും നേടിയ അനുകൂല വിധിക്കെതിരെ അപ്പീൽ നൽകാതെ, ഉത്തരവാദിക്ക് അനുകൂലമായ ഉത്തരവിറക്കാനുണ്ടായ സാഹചര്യം പരിശോധിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| | | | ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് ബഹുമാനപ്പെട്ട നിയമസഭ സമിതിയോട് അഭ്യർത്ഥിക്കുന്നു. |
| 2 | 2008-2009<br>3.1.2<br>പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് | വരവിനങ്ങളിലെ നഷ്ടം | 1999-2000 മുതൽ 2002-03 വരെയുള്ള കാലയളവിൽ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിൽ, പൈങ്കുളം, തൊഴുപ്പാടം ഭാഗത്തെ കടവുകളിൽ നിന്ന് മണൽ വിൽപ്പന നടത്തിയിട്ടുള്ളത് കടവ് ലേല പ്രകാരമല്ലായിരുന്നുവെന്നും, ജില്ലാ കളക്ടറുടെ മണൽ വാരൽ സംബന്ധിച്ച ഉത്തരവുകൾ പ്രകാരമാണ് നടന്നിരുന്നതെന്നും തൃശ്ശൂർ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ മണൽ വിൽപ്പന വഴി 1999-2000, 2000-01, 2001-02, 2002-03 വർഷങ്ങളിൽ ലഭിച്ച തുക രേഖപ്പെടുത്തിയ രശീതികൾ യഥാസമയം പരിശോധനയ്ക്കായി ഹാജരാക്കിയിരുന്നതും ആയതിൽ ഓഡിറ്റ് പരാമർശം ഇല്ലാത്തതുമാണ്. നിയമസഭയുടെ നിർദ്ദേശപ്രകാരം രൂപികരിച്ച സ്ക്രീനിംഗ് കമ്മിറ്റിയുടെ കർശന ഇടപെടലിനെ തുടർന്ന് മണൽ വിൽപന സംബന്ധിച്ച താഴെ പറയുന്ന രേഖകൾ ലഭ്യമായിട്ടുണ്ട്.<br><br>(1) റോയൽറ്റി അടവാക്കിയത് സംബന്ധിച്ച മെമ്മോറാണ്ടം<br>(2) 06/05/2002 തീയതിയിൽ തഹസിൽദാർക്ക് |

അനുബന്ധം 65 II

| | | | |
|---|---|---|---|
| | | | സമർപ്പിച്ച റിപ്പോർട്ട്<br>(3) 29/06/2002 ന് സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് - ലേക്ക് സർവ്വീസ് സെസ് അടച്ചത് സംബന്ധിച്ച കത്ത്.<br>(4) സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് സ്ഥാപനത്തിന്റെ കത്ത്.<br>(5) മണൽ വാരൽ സംബന്ധിച്ച് CWRDM കോഴിക്കോട് എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത്.<br>(6) ജില്ലാ കളക്ടറുടെ 25/07/2001 ലെ കത്ത്<br>(7) സെസ് തുക അടവാക്കിയതിന്റെ റസീപ്റ്റ് വൗച്ചർ<br>(8)വിവിധ Sand workers union യോഗ മിനിട്സ്<br>(9) കടവ് കമ്മിറ്റി രൂപീകരിച്ചത് സംബന്ധിച്ച കത്ത്<br>(10) RMF Fund അടവാക്കിയ സ്റ്റേറ്റ്മെന്റ്<br>(11) RDO & Conv. River Management committe യുടെ മിനിട്സ് പകർപ്പ്<br>12)തൃശ്ശൂർ ജില്ലാ കളക്ടറുടെ മണൽ വാരൽ സംബന്ധിച്ച് നടപടിക്രമങ്ങൾ.<br><br>കൂടാതെ വിവിധ ഓഫീസുകളിലേക്ക് കത്തിടപാടുകൾ നടത്തിയതിന്റെ രേഖകളും ലഭ്യമാണ്. 05.04.2022 ലെ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ഫയലുകൾ ഹാജരാക്കിയിരുന്നെന്നും എന്നാൽ ഓഡിറ്റ് പരാമർശത്തിൽ രശീത് ബുക്കുകൾ |

| | | | |
|---|---|---|---|
| | | | ഹാജരാക്കാത്തത് സംബന്ധിച്ച് പരാമർശമില്ലാതിരുന്നതിനാൽ ആയത് ഹാജരാക്കിയിരുന്നില്ലായെന്നും ഓഡിറ്റ് ആവശ്യപ്പെടുന്ന പക്ഷം നിലവിൽ ലഭ്യമായ രശീത് ബുക്കുകൾ ഓഡിറ്റിന് പരിശോധനക്ക് ഹാജരാക്കുന്നതിന് സജ്ജമാക്കിയിട്ടുണ്ടെന്ന വിവരവും സ്ക്രീനിംഗ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 3 | 2008-09 3.4.1 തൃശ്ശൂർ പുത്തൂർ ഗ്രാമപഞ്ചായത്ത് | ഉത്തരവുകളും ചട്ടങ്ങളും ലംഘിച്ചുള്ള പ്രവൃത്തികൾ | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 05.04.2022 ലെ പരിശോധനയിലെ കണ്ടെത്തൽ പ്രകാരം മുൻപ് അടവാക്കിയതിൽ കുറവു വന്ന 2258/- രൂപ 19.04.2022 ലെ സ്ക്രീനിംഗ് കമ്മറ്റി നിർദ്ദേശ പ്രകാരം 22/04/2022 ന് സർക്കാരിലേക്ക് തിരിച്ചടവാക്കിയിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറുപടി പരിശോധിച്ച സ്ക്രീനിംഗ് കമ്മിറ്റി ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. |
| 4 | 2008-09 3.5,3.5.8 തൃശ്ശൂർ പുത്തൂർ ഗ്രാമപഞ്ചായത്ത് | പദ്ധതി നടത്തിപ്പിലെ അപാകതകൾ ഭവന നിർമ്മാണം - ധനസഹായം നൽകിയതിലെ അപാകത. | 22/06/1999 ലെ തദ്ദേശ ഭരണ (പി) വകുപ്പ് /പി3/99/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം 1977 ന് മുമ്പ് മുതൽ വനഭൂമി കൈവശം വെച്ച് വരുന്ന മതിയായ രേഖകളില്ലാത്ത ഭവനരഹിതർക്ക് ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായ ഭവന നിർമ്മാണ പദ്ധതികളിൽ ഗുണഭോക്താക്കളായി തെരെഞ്ഞെടുത്ത് ആനുകൂല്യം നൽകുന്നതിന് ജോയിന്റ് വെരിഫിക്കേഷൻ (വനം, റവന്യൂ വകുപ്പുകൾ) |

| | | | |
|---|---|---|---|
| | | | സംയുക്തമായി നടത്തിയിട്ടുള്ളതാണ്. ഇത് വളരെ വർഷങ്ങൾക്കു മുമ്പ് നടന്നതിനാൽ ഇപ്പോഴുള്ളവരുടെ പൂർവ്വികരുടെ പേരായിരിക്കും റിപ്പോർട്ടിൽ ഉണ്ടായിരിക്കുക എന്നുള്ള ഒരു ന്യൂനതയാണുള്ളത്. പ്രസ്തുത ഭൂമി തന്നെയാണ് ഇപ്പോഴും അനന്തരാവകാശികൾ കൈവശം വെച്ചു വരുന്നത്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പൂർണ്ണമായും പരിശോധന നടത്തി വനത്തിന്റെ അതിർത്തിയിൽ ജണ്ടകൾ സ്ഥാപിച്ചിട്ടുള്ളതാണ്. ടി വനാതിർത്തിക്ക് പുറത്ത് താമസിക്കുന്നവർക്ക് മാത്രമാണ് ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളത്. എൻ.ആർ.എഫ് ഇനത്തിൽപ്പെട്ടതാണ് ഈ പ്രദേശത്തെ വനഭൂമികൾ ആയതിന് പട്ടയമോ കൈവശരേഖയോ ഇല്ലാത്തതിനാൽ വില്ലേജ് ഓഫീസർമാർ അനധികൃതമായി കൈവശം വെച്ചു വരുന്ന വസ്തു എന്നായിരിക്കും സാക്ഷ്യപത്രത്തിൽ എഴുതുക. അമ്പതിലധികം വർഷങ്ങളായി കുടിയേറിപ്പാർത്ത് ഭൂമി കൈവശം വെച്ച് വരുന്നവരാണ് ഈ പ്രദേശത്തുള്ളത്. വനത്തിന്റെ അടുത്ത് തന്നെ പട്ടയം ലഭിച്ച ഭൂമികളും ഉണ്ട്. എന്നാൽ ഇപ്പോഴത്തെ വനത്തിൽ നിന്നും ദൂരെയുള്ള ഭൂമികൾ ഇപ്പോഴും ലഭിക്കാതെ ബാക്കിയുണ്ട് ബ്ലോക്ക് പഞ്ചായത്ത് മുഖേന നടത്തുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ -ഇന്ദിര ആവാസ് യോജനയിൽ - |

| | | | |
|---|---|---|---|
| | | | ഇത്തരം ഭൂമിയിൽ ആനുകൂല്യം നൽകുന്നതിന് തടസ്സമില്ലാത്തതും, അപ്രകാരം നൽകി വരുന്നതുമാണ്. ഭവനരഹിതരായ എല്ലാവർക്കും വീട് നൽകുക എന്ന ഉദ്ദേശത്തോടെയാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ഇവർക്ക് സ്ഥലം കൂടി കണ്ടെത്തി നൽകുന്നത് പ്രായോഗികമല്ലാത്തതും, വളരെ പണച്ചെലവ് വരുന്നതും, ആയതിന് ഗ്രാമപഞ്ചായത്തിന് ശേഷിയില്ലാത്തതുമാണ്. മേൽകാരണങ്ങളാലാണ് സമൂഹത്തിന്റെ താഴെത്തട്ടിലുള്ള ദുർബല വിഭാഗത്തിൽ ഉൾപ്പെടുന്ന ഇത്തരക്കാർക്ക് അവർ പൂർവ്വികമായി താമസിച്ച വന്നിരുന്ന ഭൂമിയിൽ താമസയോഗ്യമായ വീട് എന്ന ആനുകൂല്യം നൽകിയിട്ടുള്ളത്. ഇവർ ഇപ്പോഴും ടി സ്ഥലത്ത് തന്നെ താമസിച്ച് ഉപജീവനം നടത്തിവരുന്നവരാണ്. നിലവിൽ ജെ.വി.ആർ സംബന്ധിച്ച രേഖകളൊന്നും ലഭ്യമല്ലെന്ന് മാന്ദാമംഗലം വില്ലേജ് ഓഫീസർ നൽകിയ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ടി വിഷയം സ്ക്രീനിംഗ് കമ്മിറ്റി വ്യക്തമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രോജക്ട് നടപ്പിലാക്കിയത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായിരുന്നെങ്കിലും പദ്ധതിയുടെ ഗുണഭോക്താക്കൾ സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ജനസമൂഹം ആയിരുന്നതിനാലും ടി പദ്ധതി ഇരുപത് വർഷങ്ങൾക്കും മുൻപ് |

| | | | |
|---|---|---|---|
| | | | ഉള്ളതായിരുന്നതിനാലും നിലവിൽ ടി ഭൂമിക്ക് കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതിനാലും പരാമർശം ഒഴിവാക്കാവുന്നതാണെന്ന് വിഷയം പരിഗണിച്ച സ്ക്രീനിംഗ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. |
| 5 | 2010-11 5.6.5 വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് | 1. പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ അങ്കണവാടി കെട്ടിട നിർമ്മാണം | ഈ പ്രവർത്തിക്കുവേണ്ടി ഗുണഭോക്തൃ സമിതി കൺവീനർക്ക് 66000 രൂപ (അഡ്വാൻസ് 31000 + വാല്യുവേഷൻ പ്രകാരമുള്ള ബാലൻസ് 35000) നൽകിയിട്ടുള്ളതാണ്. 66592/- രൂപയുടെ വാല്യുവേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടുള്ളത് പ്രകാരമാണ് തുക നൽകിയിട്ടുള്ളത്. പഞ്ചായത്താഫീസ് കോമ്പൗണ്ടിൽ അന്നത്തെ 7-ാം വാർഡിലെ അംഗൻവാടിക്കുവേണ്ടി കെട്ടിടനിർമ്മാണം ആരംഭിച്ചതാണെങ്കിലും പിന്നീട് പ്രസ്തുത കെട്ടിടം പൂർത്തീകരിച്ച് നിലവിൽ ജനകീയ ഹോട്ടൽ ആയി ഉപയോഗിച്ചുവരുന്നു. മേൽപറഞ്ഞ അംഗൻവാടി മറ്റൊരു കെട്ടിടത്തിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുമുണ്ട് എന്ന വിവരവും റിപ്പോർട്ടുചെയ്യുന്നു. ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് പഞ്ചായത്തിന് നഷ്ടമൊന്നും സംഭവിച്ചിട്ടില്ലാത്തതാണ്. പെയ്മെന്റ് ബിൽ, മെഷർമെന്റ് ബുക്ക് എന്നിവ ലഭ്യമായിട്ടില്ല. സ്ക്രീനിംഗ് കമ്മിറ്റിയുടെ അടിയന്തര നടപടിയുടെ ഭാഗമായി |

| | | | |
|---|---|---|---|
| | | | നടപടിയുടെ പുരോഗതി അറിയുന്നതിന് 06/10/2021 ലും 20/04/2022 ലും റാണിപേട്ട് ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ സ്ക്രീനിംഗ് കമ്മിറ്റിയുടെ അടിയന്തര നിർദ്ദേശം നഗരകാര്യ ഡയറക്ടർക്ക് നൽകിയിട്ടുള്ളതും അന്തിമ മറുപടി ബഹുമാനപ്പെട്ട സമിതിയ്ക്ക് ഉടൻതന്നെ സമർപ്പിക്കുന്നതുമാണ്. |
| 3. | 2008-09<br>3.2<br>3.2.2<br>പാലാ നഗരസഭ | അനുവദിക്കപ്പെട്ട ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്നു. ജനസേവനകേന്ദ്രം/ഓഫീസ് കമ്പ്യൂട്ടർ വൽക്കരണം DPC അംഗീകാരമില്ലാതെ ഐകെഎം ൽ നിക്ഷേപിച്ചു. | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർവൽക്കരണത്തിനുള്ള ഗവൺമെന്റ് അംഗീകൃത ഏജൻസിയാണ് ഐ.കെ.എം. ഐ.കെ.എം. ന് വിവിധ കാലഘട്ടങ്ങളിലുള്ള ഗവൺമെന്റ് ഉത്തരവ് അനുസരിച്ചാണ് പാലാ നഗരസഭ കമ്പ്യൂട്ടർവൽക്കരണത്തിന് പണം നൽകിയിട്ടുള്ളത്. കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഒന്നാം ഘട്ട പദ്ധതിയ്ക്കായി ജനസേവന കേന്ദ്രം സജ്ജീകരിക്കുന്നതിന് 2004-05 വർഷത്തിൽ എൽ.എസ്.ജി.ഡി., 2/12/2004-ലെ ജി.ഒ.(ആർ.റ്റി) നം.4238/2004/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം 15,50,000/-രൂപ നൽകിയിട്ടുള്ളത്. 18/3/2006 തീയതിയിലുള്ള തദ്ദേശ സ്വയം ഭരണ(ഡി.പി) വകുപ്പിന്റെ 1996/ഡിപി3/06/ തസ്വഭവ നമ്പർ കത്ത് പ്രകാരം മുനിസിപ്പാലിറ്റികളിൽ കമ്പ്യൂട്ടർവൽക്കരണത്തിന്റെ രണ്ടാം ഘട്ട പരിപാടികൾ ഏറ്റെടുത്ത് നടത്തുന്നതിന് ആവശ്യമുള്ള തുക ഐ.കെ.എം. ന് മുൻകൂറായി നൽകുന്നതിന് അനുമതി നൽകിയിരുന്നു. |

| | | | |
|---|---|---|---|
| | | | 10/3/2006 തീയതിയിലെ സ.ഉ(ആർ.റ്റി.) 701/2006 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം മുനിസിപ്പാലിറ്റികളിലെ കമ്പ്യൂട്ടർവൽക്കരണത്തിന്റെ രണ്ടാം ഘട്ടത്തിലേക്ക് ആവശ്യമായ തുക 2005-06 പദ്ധതിവിഹിതത്തിൽ നിന്ന് കണ്ടെത്തുന്നതിനും ടി തുക മേഖലാ വിഭജനപരിധിയിൽ നിന്നും ഒഴിവാക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ടി സർക്കാർ ഉത്തരവ് 20/3/2006-ലെ നഗരസഭാ കൗൺസിൽ ചർച്ചയ്ക്ക് എടുക്കുകയും അതിൻപ്രകാരം പാലാ നഗരസഭയിൽ കമ്പ്യൂട്ടറൈസേഷൻ രണ്ടാംഘട്ട വികസനത്തിന് ഐ.കെ.എം. നിർദ്ദേശിക്കുന്ന തുക പ്ലാൻ ഫണ്ട് ചിലവഴിക്കാതെവരുന്ന തുകയിൽ നിന്നും നൽകുന്നതിന് 20/03/2006-ലെ 18(6) നമ്പരായി കൗൺസിൽ തീരുമാനിച്ചു. 29/3/2006-ലെ സ്റ്റിയറിംഗ് കമ്മിറ്റിയുടെ തീരുമാന പ്രകാരം 25 ലക്ഷം രൂപ ഐ.കെ.എം. ന് നൽകുന്നതിന് 27/4/2006-ൽ വൗച്ചർ നം.426983 പ്രകാരം ഐ.കെ.എം. ന് കൈമാറുകയുണ്ടായി.<br>ടി തുക ചെലവഴിച്ചതിന് സാധൂകരണം നൽകുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. കേരളത്തിലെ എല്ലാ നഗരസഭകളിലും ജനസേവന കേന്ദ്രങ്ങൾ ഒരേ പോലെ ക്രമീകരിക്കുന്നതിനായി ഉള്ള കൗണ്ടർ സജ്ജീകരണങ്ങൾ, ഫർണീച്ചറുകൾ എന്നിവ പാലാ നഗരസഭയിലും ചെയ്തിട്ടുണ്ട്. 5 റിവോൾവിംഗ് ചെയർ ഉൾപ്പെടെ 7 |

| | | | |
|---|---|---|---|
| | | | കമ്പ്യൂട്ടർ ചെയറുകൾ, 6 വിസിറ്റേഴ്സ് ചെയറുകൾ, 3 ഓഫീസ് കൗണ്ടർ മേശകൾ, 3 മോണിറ്റർ സ്റ്റാന്റുകൾ, 4 പ്രിന്റർ റ്റേബിളുകളും, വെയിറ്റിംഗ് ചെയറുകളും ഐ.കെ.എം. മുഖേന സ്ഥാപിച്ചിട്ടുള്ളതാണ്.<br><br>ഐ.കെ.എം. റിക്കറിംഗ് ചാർജ്ജ് ഇനത്തിൽ 2,61,763/-രൂപ വാങ്ങിയത് മെഷീനറി, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ മെയിന്റനൻസ്, പ്രൊക്യൂർമെൻറ് എന്നിവയ്ക്കായും തനതു വർഷത്തേക്ക് കൗണ്ടർ സപ്പോർട്ടിംഗ് ചാർജ്, തനതു വർഷത്തെ ടെക്നിക്കൽ അസിസ്റ്റന്റിന്റെ ശമ്പളം എന്നിവ അടങ്ങിയതാണ്.<br><br>1/4/2010 മുതൽ അക്രൂവൽ ബേസ്ഡ് ഡബിൾ എൻട്രി സിസ്റ്റം, സാംഖ്യ സ്ഥാപിക്കുകയും ആസ്തി ബാദ്ധ്യത, തൊഴിൽ നികുതി, വസ്തുനികുതി, ജനന മരണ രജിസ്ട്രേഷൻ, സാമൂഹ്യ സുരക്ഷാ പെൻഷൻ എന്നിങ്ങനെയുള്ള സേവനങ്ങളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുള്ളതാണ്. . കൂടാതെ ഫയൽ മൂവ്മെന്റുമായി ബന്ധപ്പെട്ട് സൂചിക സോഫ്റ്റ് വെയർ നഗരസഭയിൽ പ്രവർത്തിച്ചുവരുന്നു.<br><br>ഒരു സെർവർ കമ്പ്യൂട്ടർ 29 ക്ലയന്റ് കമ്പ്യൂട്ടർ ലാപ്പ്ടോപ്പ് എന്നിവയടക്കം 31 കമ്പ്യൂട്ടറുകൾ നഗരസഭയിൽ ഐ.കെ.എം. മുഖേന സ്ഥാപിച്ചിട്ടുണ്ട്. 2 ലേസർ പ്രിന്റർ, 4 ഡോട്ട് മാട്രിക്സ് പ്രിന്റർ |

| | | | | |
|---|---|---|---|---|
| | | | | എന്നിവയടക്കം 6 പ്രിന്ററുകളും വിൻഡോസ് 2000,, വിൻഡോസ് പ്രൊഫഷണൽ, വിൻഡോസ് എക്സ്.പി. ഓപ്പറേറ്റിംഗ് സിസ്റ്റം, എം.എസ്. ഓഫീസ് എന്നീ സോഫ്റ്റ് വെയറുകൾ കൂടാതെ സേവന-പെൻഷൻ, സേവന(സി.ആർ.) സേവന-കോമൺ മാര്യേജ്, സുലേഖ-പ്ലാൻ, സചിത്ര-അസ്സറ്റ്, സ്ഥാപന, സാംഖ്യ സഞ്ചയ, സഞ്ചിത, സംവേദിത, സുഗമ, സൂചിക എന്നീ സോഫ്റ്റ് വെയറുകളും നഗരസഭാ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. ആവശ്യമായ ഇലക്ട്രിക് വയറിംഗുകളും (20 പോയിന്റ്) നെറ്റ് വർക്കിംഗുകളും (20 പോയിൻറ്) ചെയ്തിട്ടുണ്ട്. ജനസേവന കേന്ദ്രത്തിൽ ആവശ്യമായ കാബിനുകളും, ആവശ്യമായ ഫർണിച്ചറുകളും സ്ഥാപിച്ചിട്ടുള്ളതാണ്. 2 KVA, 3 KVA, 5 KVA, 600 KVA എന്നീ കപ്പാസിറ്റിയുള്ള യു.പി.എസ്.കളും സ്ഥാപിച്ചിട്ടുണ്ട്. [illegible] യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുള്ളതാണ് എന്നുള്ള വിവരം നഗരകാര്യ ഡയറക്ടർ സ്ക്രീനിംഗ് കമ്മറ്റി മുൻപാകെ റിപ്പോർട്ട് ചെയ്ത വിവരം ബഹുമാനപ്പെട്ട സമിതിയെ അറിയിക്കുന്നു. |

| | | | |
|---|---|---|---|
| 4. | 2008-09<br>3.6.10<br>കണ്ണൂർ<br>നഗരസഭ | ഒരു ലക്ഷം ഭവനപദ്ധതി - വയ്പ തിരിച്ചടയ്ക്കാത്തത് കാരണം റവന്യൂ റിക്കവറി നടപടികൾ - തനതു ഫണ്ടിൽ നിന്ന് തുക ഒടുക്കിയത് അംഗീകരിക്കുന്നില്ല. | 13-05-2015 ലെ സ.ഉ.(സാ.ധ) നം.1409/15 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ സാധൂകരണം നൽകിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സ്ക്രീനിംഗ് കമ്മറ്റി ശിപാർശ ചെയ്യുന്നു. |
| 5. | 2008-09<br>3.10.3<br>കണ്ണൂർ<br>നഗരസഭ | മാലിന്യം നീക്കുന്നതിന് എക്സ്കവേറ്റർ ഉപയോഗിച്ചത് വഴിവിട്ട നടപടികൾ | ചേലോറ ട്രഞ്ചിംഗ് ഗ്രൗണ്ടിലെ ബന്ധപ്പെട്ട മാലിന്യ സംസ്കരണത്തിന് തുക ചെലവഴിച്ചതിന് ഇൻകംടാക്സ് ഇനത്തിൽ 10,715/- രൂപ ഈടാക്കികൊണ്ട് ഓഡിറ്റ് പരാമർശം നടത്തിയിട്ടുണ്ട്. നിലവിൽ കണ്ണൂർ മുനിസിപ്പൽ കോർപറേഷനിൽ communication reference number 25102019/ 00888/CD പ്രകാരം ഇൻകംടാക്സുമായി ബന്ധപ്പെട്ട് ഔട്ട്സ്റ്റാന്റിംഗ് അക്കൗണ്ട് 2007-08 മുതൽ 2019 ലെ ഡ്യൂ നോട്ടീസ് അനുസരിച്ച് നാളിതുവരെ 1369470 രൂപ മാത്രമായി കാണിച്ചിട്ടുള്ളത്. ആയതു പ്രകാരം 20.01.21 ൽ ഔട്ട്സ്റ്റാന്റിംഗ് തുക സംബന്ധിച്ചുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി രേഖാമൂലം മറുപടി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ കോർപറേഷൻ ഇൻകംടാക്സ് ടിഡിഎസ് റിട്ടേൺ നൽകുന്ന ഏജൻസിയെ ഏൽപ്പിക്കുകയും ആയതിൽ 2007-2008 മുതൽ 2016-17 വരെ ഔട്ട്സ്റ്റാന്റിംഗ് തുകയായ 3058/- രൂപ അടച്ച് ഇൻകംടാക്സുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട ഔട്ട്സ്റ്റാന്റിംഗ് ക്ലിയർ ചെയ്തിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത കണക്ക് ടിഡിഎസ് പ്രകാരമുള്ള ബില്ലുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് കൈമാറിയിട്ടുള്ളതുമാണെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഓഡിറ്റിന്റെ തുടർനടപടിയിൽ സ്ക്രീനിംഗ് കമ്മിറ്റി ഉറച്ച് നിൽക്കുന്നു എന്നുള്ള വിവരം ബഹുമാനപ്പെട്ട സമിതി മുൻപാകെ റിപ്പോർട്ട് ചെയ്യുന്നു. |
| 6. | 2008-09<br>3.4.3<br>പാലക്കാട് നഗരസഭ | കല്യാണ മണ്ഡപ നിർമ്മാണം – കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനം | പാലക്കാട് നഗരസഭാ പരിധിയിൽ പാലക്കാട് വില്ലേജ് 1, ബ്ലോക്ക് 24, റീസർവ്വേ 909/1-ൽ ഉൾപ്പെട്ട സ്ഥലത്ത് ശ്രീമതി.ജാസ്മിൻ & സബിത എന്നവർക്ക് EJBR/878/02-03/PW5 നമ്പർ പ്രകാരം താഴത്തെ നിലയിലും ഒന്നാം നിലയിലും കൊമേഴ്സ്യൽ ബിൽഡിംഗ് ഭാഗികമായി കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുകയും, രണ്ടാം നിലയിലെ മുറികൾ നിർമ്മിക്കുന്നതിന് പെർമിറ്റ് നൽകുകയും ചെയ്തിരുന്നു. പിന്നീട് ഒലവക്കോട് സബ് രജിസ്ട്രാർ ഓഫീസിലെ 3661/2008 നമ്പർ ആധാരപ്രകാരം 2008 സെപ്തംബർ 10-ാം തിയതി ടി കെട്ടിടം ശ്രീ.ഡി.സുദേവൻ എന്നവർക്ക് കൈമാറ്റം ചെയ്തിട്ടുള്ളതാണ്. എന്നാൽ നിലവിലുള്ള വാണിജ്യ കെട്ടിടത്തിൽ അനധികൃത കല്യാണ മണ്ഡപം നടത്തി വരുന്നതായി പരാതി ലഭിച്ചതിനെ തുടർന്ന് 04.01.2008 ന് ടി കല്യാണ മണ്ഡപത്തിന്റെ പ്രവർത്തനം നിർത്തി വയ്ക്കുന്നതിന് ഉത്തരവ് നൽകിയിരുന്നു. |

| | | | |
|---|---|---|---|
| | | | ആയതിനെതിരെ കെട്ടിട ഉടമ ബഹുമാനപ്പെട്ട ട്രൈബ്യൂണലിൽ അപ്പീൽ നൽകുകയും നിർമ്മാണം ക്രമപ്പെടുത്താൻ കഴിയുമോ എന്ന് പരിശോധിക്കുന്നതിന് ട്രൈബ്യൂണൽ ആവശ്യപ്പെടുകയും ആയത് പരിശോധന നടത്തിയതിൽ അനധികൃത നിർമ്മാണം ക്രമീകരിക്കാനാവില്ലെന്നും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ മേൽ നിർമ്മാണം പൊളിച്ചു നീക്കുന്നതിന് 23.02.2008 ന് ഉത്തരവ് നൽകിയിരുന്നു.<br>കൂടാതെ പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് പുതിയ കെട്ടിട ഉടമയായ ഡി.സുദേവന് എതിരെ കേരള മുനിസിപ്പാലിറ്റി ആക്ട് 406-ാം വകുപ്പ് പ്രകാരം കാരണം കാണിക്കൽ നോട്ടീസും 406(1), 406(2) വകുപ്പ് പ്രകാരം താൽകാലിക ഉത്തരവും 406(3) വകുപ്പ് പ്രകാരം 29.08.2013 ന് സ്ഥിരീകരണ ഉത്തരവും നൽകിയിട്ടുള്ളതാണ്.<br>പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്നത് വളരെ തിരക്കേറിയ റോഡിന്റെ വശത്തായതുകൊണ്ട് നാലുനിലകളിലുള്ള കെട്ടിടം ആവശ്യമായ മുൻകരുതൽ എടുത്ത് മാത്രമേ പൊളിക്കുവാൻ സാധിക്കുകയുള്ളു എന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അവിടുത്തെ കച്ചവടക്കാരെ |

| | | | |
|---|---|---|---|
| | | | ഒഴിപ്പിക്കുന്നതിനും പ്രസ്തുത കെട്ടിടത്തിന്റെ വൈദ്യുതിബന്ധം വിച്ഛേദിക്കുന്നതിനും നടപടി ആരംഭിച്ചിരുന്നു. ഇതിനിടെ കക്ഷി ബഹു.കേരള ഹൈക്കോടതിയിൽ WP(C)25026/2013(C) നമ്പർ ആയി റിട്ട് നൽകുകയും റിട്ടിന്റെ വിധി ന്യായത്തിൽ നഗരസഭാ സെക്രട്ടറിയുടെ നടപടി നിർത്തിവെയ്ക്കുന്നതിന് നിർദ്ദേശിച്ച് കൊണ്ടും കേരള മുനിസിപ്പാലിറ്റീസ് ആക്ട് 509 പ്രകാരം കക്ഷിക്ക് അപ്പീൽ നൽകുന്നതിനും അവസരം നൽകുന്നതിനും വിധിയായിട്ടുള്ളതാണ്. തുടർന്ന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണലിൽ കക്ഷി അപ്പീൽ സമർപ്പിക്കുകയും അപ്പീലിന്റെ 16.06.2015 ലെ വിധിന്യായത്തിൽ കക്ഷിയെ നേരിൽ കേൾക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്.. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണലിന്റെ 16.06.2015 ലെ വിധി നടപ്പിലാക്കുന്നതിന് വേണ്ടി ശ്രീ.ഡി.സുദേവൻ എന്നവരെ 05.03.2022 ന് നേരിൽ കേൾക്കുകയും ടിയാളുകളുടെ വാദം നിയമപരമായി അംഗീകരിക്കാൻ കഴിയില്ല എന്നതിനാൽ കേരള മുനിസിപ്പാലിറ്റി ആക്ട് 406(1)(2) പ്രകാരം നൽകിയ ഉത്തരവ് 406(3) പ്രകാരം സ്ഥിരപ്പെടുത്തിക്കൊണ്ട് കക്ഷിക്ക് ഉത്തരവ് നൽകിയിട്ടുള്ളതും ടി അനധികൃത നിർമ്മാണം പൊളിച്ചുനീക്കുന്നതിന് വേണ്ട നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ 07.04.2022 ന് എതിർകക്ഷി ശ്രീ.സുദേവൻ.ഡി WP(C)No.1373/22 പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നഗരസഭയ്ക്കെതിരെ കേസ് ഫയൽ ചെയ്ത് status quo നിലനിർത്തുന്നതിന് ഉത്തരവായതായി നഗരസഭാ സ്റ്റാന്റിംഗ് കൗൺസിൽ അറിയിച്ചിട്ടുള്ളതും, ആയതിനെതിരെ നഗരസഭ തുടർനടപടി സ്വീകരിച്ചുവരുന്നു എന്ന വിവരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് സ്റ്റാറ്റസ് കോ നിലനിർത്താനായി ബഹുമാനപ്പെട്ട കോടതി ഉത്തരവായിട്ടുള്ളതിനാൽ പ്രസ്തുത വിധിന്യായത്തിനനുസരിച്ച് നടപടി തുടരാൻ സ്ക്രീനിംഗ് കമ്മിറ്റി തീരുമാനിച്ച വിവരം സമിതി മുൻപാകെ റിപ്പോർട്ട് ചെയ്യുന്നു. |
| 7. | 2009-10<br>3.8.23<br>കണ്ണൂർ നഗരസഭ | ജെ.സി.ബി. വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയാക്കാൻ അകാരണമായ കാലതാമസം - ജെ.സി.ബി വാടകയിനത്തിൽ ലക്ഷങ്ങൾ ചെലവാക്കി | ജെസിബി വാങ്ങുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ കൗൺസിൽ മുമ്പാകെ 16-6-2006, 3-8-2006, 28-11-2006 തീയ്യതികളിലായി അജണ്ട സമർപ്പിച്ചിട്ടുള്ളതും ആയതൊന്നും കൗൺസിൽ എടുക്കാതെ മാറ്റിവെച്ചുവെന്നും തുടർന്ന് 19-12-2006 ലെ 14-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം എസ്കവേറ്റർ വാങ്ങുന്നതിന് അനുമതി നല്കിയിട്ടുള്ളതാണെന്നും ഈ പദ്ധതിക്ക് ഭരണാനുമതി നൽകുന്നത് ഏകദേശം ഒരു വർഷവും 3 മാസവും എടുത്തുവെന്നും 21-02-2007 ന് തയ്യാറാക്കിയ ബന്ധപ്പെട്ട സ്പെസിഫിക്കേഷൻ ലഭ്യമാക്കിയ ശേഷം 09.03.2007 നാണ് ആയത് ടെണ്ടർ ചെയ്തതെന്നും |

<table>
<tr><td></td><td></td><td></td><td>യന്ത്രത്തിന്റെ പല ഉപകരണങ്ങളും ഇല്ലായിരുന്നെന്ന് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയെങ്കിലും ഉപകരണം റിപ്പയറിംഗ് നടത്താനുള്ള ചെലവും നഷ്ടപ്പെട്ട ഉപകരണങ്ങളുടെ വിലയും വാടക കുടിശ്ശികയും കരാറുകാരനിൽ നിന്നും ഈടാക്കാൻ ജില്ലാ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ശ്രമം ഉണ്ടായിട്ടില്ല.</td><td></td></tr>
<tr><td>3</td><td>2008-09</td><td>3.2.4</td><td><u>കണ്ണൂർ ജില്ലാ പഞ്ചായത്ത്<br>സമ്പൂർണ്ണ ശുചിത്വ പരിപാടിക്ക് അനുവദിച്ച തുക മാറ്റി ചെലവഴിച്ചു</u><br>സമ്പൂർണ്ണ ശുചിത്വ പരിപാടിയുടെ ഭാഗമായി ജില്ലാ പഞ്ചായത്ത് വിഹിതമായി 2003–04 മുതൽ 2006-07 വരെ പദ്ധതി വിഹിതം 70 ലക്ഷം രൂപ ജില്ലാ കോ-ഓർഡിനേറ്റർക്ക് (DRDA) അനുവദിച്ചിരുന്നു. ചെലവഴിക്കാത്ത തുക 23.11.2004 ലെ ജി.ഒ(പി) നമ്പർ 549/04 ഫിൻ ഖണ്ഡിക 4.4 പ്രകാരം അതായത് വർഷാവസാനം തിരിച്ചടക്കേണ്ടതിന് പകരം ജീവനക്കാരുടെ ശമ്പളം, യാത്രാ ബത്ത്, മറ്റു ചെലവുകൾ കേന്ദ്ര വിഹിതം എന്നിവയ്ക്ക് വകമാറ്റി ചെലവഴിച്ചു ആയത് ഗുരുതരമായ</td><td>പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് <u>കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.</u><br>മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ലഭ്യമായ രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും ലഭിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>ലഭിച്ച തുക (ലക്ഷം)</th><th>അനുവദിച്ച തുക (ലക്ഷം)</th><th>ബാക്കി തുക (ലക്ഷം)</th><th>ഇനം</th></tr>
<tr><td>2003-04</td><td>15.00.</td><td>15.00.</td><td>0</td><td>കക്കൂസ് നിർമ്മാണം</td></tr>
<tr><td>2004-05</td><td>15.00.</td><td>10.416.</td><td>4.58</td><td>കക്കൂസ് നിർമ്മാണം</td></tr>
<tr><td>2005-06</td><td>15.00.</td><td>1.65</td><td>13.35</td><td>കക്കൂസ് നിർമ്മാണം</td></tr>
</table></td></tr>
</table>

- 164 -

കൃത്യമായവിലോപമാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ

ടി തുളസീധരൻ

അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ, സാനിട്ടറി മിഷൻ

(മനോജ്ഞനം, അഗസ്ത്യാക്കാട്, അഞ്ചൽ പി.ഒ കൊല്ലം - 691 306)

ഇപ്പോഴത്തെ വിലാസം : എ.ഡി.സി, പെർഫോമൻസ് ഓഡിറ്റ് ഓഫീസർ

| | | | | |
|---|---|---|---|---|
| 2006-07 | 25.00. | 18.82 | 6.18 | കക്കൂസ് നിർമ്മാണം |
| ആകെ | 70 | 45.89 | 24.14 | |

**ജില്ലാ പഞ്ചായത്തിൽ നിന്നും കക്കൂസ് നിർമ്മാണത്തിനായി ലഭിച്ച തുക മറ്റിനങ്ങളിൽ ചെലവഴിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

| വർഷം | മുൻ ബാക്കി | ചെലവ് തുക (ലക്ഷം) | ബാക്കി തുക (ലക്ഷം) | ഇനം |
|---|---|---|---|---|
| 2005-06 | 17.94 | 13.56 | 0 | തൻവർഷം ടി.എസ്.സി ഫണ്ട് ലഭ്യമല്ലാത്തതിനാൽ ജില്ലാ പഞ്ചായത്ത് ഫണ്ട് കക്കൂസ് നിർമ്മാണത്തിന് നൽകി |
| | | | | തൻവർഷം ടി.എസ്.സി |

| | | | | |
|---|---|---|---|---|
| | | 4.38 | 0 | ഫണ്ട് ലഭ്യമല്ലാത്തതിനാൽ ജില്ലാ പഞ്ചായത്ത് ഫണ്ട് അഡ്മിനിസ്ട്രേഷൻ ഇനത്തിൽ ചെലവഴിച്ചു. |
| 2006-07 | | 6.18 | 0 | ടി.എസ്.സി ഫണ്ട് ലഭ്യമല്ലാത്തതിനാൽ ജില്ലാ പഞ്ചായത്ത് ഫണ്ട് കക്കൂസ് നിർമ്മാണത്തിന് നൽകി |
| **ആകെ** | **17.94** | **24.114.** | **0** | |

2005-06 വർഷത്തിൽ ശുചിത്വ ഫണ്ട് ലഭ്യമല്ലാത്തതിനാലാണ് ജില്ലാ പഞ്ചായത്ത് ഫണ്ട് അഡ്മിനിസ്ട്രേഷൻ ഘടകത്തിൽ ചെലവഴിക്കേണ്ടി വന്നതെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ജില്ലാ പഞ്ചായത്തിന്റെ മറുപടി സ്റ്റീറിംഗ് കമ്മിറ്റി പരിശോധിച്ചു.

| | | | | |
|---|---|---|---|---|
| | | | | മേൽ പ്രവൃത്തി ക്രമരഹിതമാണെങ്കിലും തുക ദുർവിനിയോഗം ചെയ്തിട്ടില്ല എന്ന് കാണുന്നു. ഇതിനെ സംബന്ധിച്ചുള്ള ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പരിശോധന പൂർത്തിയാക്കാത്തതിനാൽ സ്റ്റീനിംഗ് കമ്മിറ്റിക്ക് അന്തിമ തീരുമാനത്തിലും നിഗമനത്തിലും എത്താൻ കഴിഞ്ഞിട്ടില്ല. |
| 4 | 2009-10 | 3.8.19(2) | **<u>കൈത്തറി കോമൺ ഫെസിലിറ്റി സെന്റർ, തിരുവല്ലാമല</u>**<br>കൈത്തറി സൊസൈറ്റികൾക്കും, നെയ്ത്തുകാർക്കും നൂൽ ചായം മുക്കുന്നതിൽ നിന്നുള്ള സൗകര്യം ഏർപ്പെടുത്തുക, നെയ്ത്തുകാർക്ക് ഡൈയിംഗിലും വീവിലും പരിശീലനം നൽകുക തുടങ്ങിയ ലക്ഷ്യങ്ങളോടു കൂടി തിരുവില്വാമല ഗ്രാമ പഞ്ചായത്ത് 80 സെന്റ് സ്ഥലത്ത് കെട്ടിടം പണിയുന്നതിന് തീരുമാനിക്കുകയും 10.50.000 രൂപ വകയിരുത്തിയ ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കോസ്റ്റ് ഫോർഡിനെ ഏൽപ്പിക്കുകയും ചെയ്തു. 5.20 ലക്ഷം രൂപ മേൽ പ്രവർത്തനങ്ങൾക്കായി കോസ്റ്റ് ഫോർഡിന് നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ച് നിശ്ചിത വർഷങ്ങൾ ഏറെ കഴിഞ്ഞിട്ടും പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഇതുവരെയും കെട്ടിടം ജില്ലാ പഞ്ചായത്തിന് | കൈത്തറി കോമൺ ഫെസിലിറ്റി സെന്റർ, തിരുവില്വാമല എന്ന പദ്ധതി പ്രകാരമുള്ള കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് 2008 ജൂൺ 12 ന് ഉദ്ഘാടനം ചെയ്തിട്ടുള്ളതും സ്ഥലവും കെട്ടിടവും തിരുവില്വാമല ഗ്രാമപഞ്ചായത്തിന് കൈമാറുകയും ചെയ്തിട്ടുണ്ടെന്ന് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ മേൽ മറുപടി സ്റ്റീനിംഗ് കമ്മിറ്റി പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു.<br>മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ആസ്തി രജിസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കാൻ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

- 180 -

-126-

| | | | | |
|---|---|---|---|---|
| | പന്തളം | 3.20.2 | **സ്കൂളുകൾ, ലൈബ്രറികൾ, ഐ.ടി..സി എന്നിവയ്ക്ക് കമ്പ്യൂട്ടർ വാങ്ങി നൽകൽ** | പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രദേശത്തെ പറന്തൽ വല്ലാറ്റൂർ സാംസ്കാരികനിലയത്തിന് കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് സഹിതം 10 കൈപ്പറ്റ് രസീതുകളും ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളതാണ്. 29.04.2014- ൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഭൗതികപരിശോധന നടത്തി ബോധ്യപ്പെട്ടിട്ടുള്ളതാണ്. ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ വിദ്യാഭ്യാസമേഖലയുടെ പുരോഗതി ലക്ഷ്യം വെച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കിയത് എന്നും സദുദ്ദേശ്യത്തോടെ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് എന്നത് പരിഗണിച്ചും ടി ഖണ്ഡിക ഒഴിവാക്കുന്നതിന് സമിതി മുമ്പാകെ ശിപാർശ ചെയ്യാൻ സ്ക്രീനിംഗ് കമ്മിറ്റി തീരുമാനിച്ചു. |
| **സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2008-2009** | | | | |
| തൃശ്ശൂർ | ചാവക്കാട് ചൊവ്വന്നൂർ വെള്ളാങ്കല്ലൂർ മുല്ലശ്ശേരി | 3.7.3 | വിവിധ ആവശ്യങ്ങൾക്കായി തുകകൾ ചെലവഴിച്ചതിന് രേഖകളില്ല | ടി ഖണ്ഡിക സ്ക്രീനിംഗ് കമ്മിറ്റി പരിഗണിക്കുകയും രേഖകൾക്ക് വേണ്ടി തിരച്ചിൽ നടത്തി, ആയത് ഓഡിറ്റിന് ലഭ്യമാക്കാനും സമിതി മുമ്പാകെനടപടി റിപ്പോർട്ട് ലഭ്യമാക്കാനും ഗ്രാമവികസന വകുപ്പിന് നിർദ്ദേശം നൽകി. റിപ്പോർട്ട് |

| | | | | |
|---|---|---|---|---|
| | തളിക്കുളം മതിലകം | | | ലഭിക്കുന്ന മുറയ്ക്ക് സ്ക്രീനിംഗ് കമ്മിറ്റിയുടെ അന്തിമ തീരുമാനം ബഹു.സമിതിയെ അറിയിക്കുന്നതാണ്. |
| തൃശ്ശൂർ | മതിലകം | 3.9.7 | **മൊബിലൈസേഷൻ അഡ്വാൻസ് നൽകി പണിപൂർത്തിയാക്കിയിട്ടില്ല** തൃശ്ശൂർ ജില്ലയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ താഴെപറയുന്ന പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും പണിപൂർത്തീകരിച്ചിട്ടില്ലാത്തതിനാലും പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനോ അല്ലാത്തപക്ഷം 12%പലിശ സഹിതം തുക ഈടാക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. | കയ്പ്പമംഗലം ഗ്രാമപഞ്ചായത്തിലെ 12-ാംവാർഡ് പഞ്ചായത്ത് റോഡിന്റെ പടിഞ്ഞാറു വശം പാർശ്വസംരക്ഷണ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 250 മീറ്റർ റോഡാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ഇവിടെ 230 മീറ്റർ റോഡിന്റെ പാർശ്വസംരക്ഷണ പ്രവൃത്തികൾ നടത്താൻ മാത്രമേ നാട്ടുകാർ സ്ഥലംവിട്ടു തന്നിരുന്നുള്ളൂ. ലഭ്യമായ സ്ഥലത്ത് പ്രവൃത്തി പൂർണ്ണമായി നടത്തി പൂർത്തീകരിക്കുകയായിരുന്നു. ഈ പ്രവൃത്തിയുടെ സാങ്കേതികാനുമതി തുക 98,754/- രൂപയിൽ 55491/- രൂപമാത്രം ചെലവഴിച്ചാണ് പ്രവൃത്തിപൂർത്തീകരിച്ചിട്ടുള്ളത്. നൽകിയ തുകയ്ക്കുള്ള പണി പൂർത്തിയാക്കിയിട്ടുണ്ട്. ആയതിനാൽ സർക്കാരിന് നഷ്ടം വന്നിട്ടില്ല എന്നത് പരിഗണിച്ച് ടി ഖണ്ഡിക ഒഴിവാക്കാൻ സമിതിയിൽ ശിപാർശ ചെയ്യാൻ സ്ക്രീനിംഗ് കമ്മിറ്റി തീരുമാനിച്ചു.<br>**മതിലകം ബ്ലോക്ക് പഞ്ചായത്ത് താലം - കഴുവിലങ്ങ് റോഡ് സൈഡ് കെട്ടൽ**<br><br>എസ്.ജി.ആർ.വൈ. പദ്ധതിയിൽ ഉൾപ്പെട്ട മതിലകം ഗ്രാമപഞ്ചായത്തിലെ താലം - കഴുവിലങ്ങ് റോഡ് സൈഡ് കെട്ടൽ, പെരിഞ്ഞനം ഗ്രാമപഞ്ചായത്തിലെ അറപ്പതോടിന്റെ സൈഡ്കെട്ടൽ എന്നീ പ്രവൃത്തികൾ |

| | | | | |
|---|---|---|---|---|
| | | | | തൃപ്തികരമായി പൂർത്തീകരിച്ചുകഴിഞ്ഞിട്ടുള്ളതായി സ്റ്റീനിംഗ് കമ്മിറ്റിക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ ടി ഖണ്ഡിക ഒഴിവാക്കാൻ സമിതിയിൽ ശിപാർശ ചെയ്യാൻ സ്റ്റീനിംഗ് കമ്മിറ്റി തീരുമാനിച്ചു.<br><br>**<u>കൽവർട്ട് നിർമ്മാണം - എസ്.ജി.ആർ.വൈ. പണി - മുൻകൂറുകൾ നൽകി - പണിപൂർത്തിയാക്കിയിട്ടില്ല.</u>**<br><br>എസ്.ജി.ആർ.വൈ. പദ്ധതിയിൽ ഉൾപ്പെട്ട മതിലകം ഗ്രാമപഞ്ചായത്തിലെ താലം - കഴവിലങ്ങ് റോഡ് സൈഡ് കെട്ടൽ, പെരിഞ്ഞനം ഗ്രാമപഞ്ചായത്തിലെ അറപ്പതോടിന്റെ സൈഡ്കെട്ടൽ എന്നീ പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ആയതിനാൽ ടി ഖണ്ഡിക ഒഴിവാക്കാൻ സമിതിയിൽ ശിപാർശ ചെയ്യാൻ സ്റ്റീനിംഗ് കമ്മിറ്റി തീരുമാനിച്ചു. |
| | വെള്ളാങ്കല്ലൂർ | 3.10.1 | **<u>കൊയ്ത്തുമെതിയന്ത്രം അധികചെലവ്.</u>** | റെയ്ഡ്കോ കേരളലിമിറ്റഡിൽനിന്ന് 2004-ൽ വാങ്ങിയ കൊയ്ത്തുമെതിയന്ത്രം 2009 വരെ മികച്ച പ്രവർത്തനമാണ് കാഴ്ചവെച്ചിരുന്നത്. നിലവിൽ ബ്ലോക്ക് പഞ്ചായത്ത് കോമ്പൌണ്ടിലെ യാർഡിൽ പ്രവർത്തനരഹിതമായി കിടക്കുന്ന ടി യന്ത്രം കാലപ്പഴക്കംചെന്നതിനാലും ആവശ്യമായ സ്പെയർപാർട്സ് വിപണിയിൽ ലഭ്യമല്ലാത്തതിനാലും കാലഹരണപ്പെട്ട ടി യന്ത്രം പ്രവർത്തനക്ഷമമാക്കി ഉപയോഗിക്കാൻ കഴിയില്ല. ഇപ്പോഴത്തെ കാലാവസ്ഥയിൽ ആദായകരമായ വിധത്തിൽ വളരെ ലാഭകരവും അനായാസകരവുമായി വൈദഗ്ദ്ധ്യത്തോടെ പ്രവർത്തിപ്പിക്കാൻ കഴിയുന്ന മികച്ച |

- 122 -

| | | | | | |
|---|---|---|---|---|---|
| | | | | | സാങ്കേതികവിദ്യയോടുകൂടിയ കൊയ്ത്തുമെതിയന്ത്രം യഥേഷ്ടം വിപണിയിൽ ലഭ്യമായതിനാലും കാലഹരണപ്പെട്ട പ്രവർത്തനചിലവ് താരതമ്യേന കൂടുതലുള്ള പഴയയന്ത്രം റിപ്പയർചെയ്ത് ഉപയോഗിക്കുന്നത് കൂടുതൽ നഷ്ടസാധ്യതയാണ് ഉണ്ടാകുന്നത് എന്നും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി കമ്മറ്റിയുടെ തീരുമാന പ്രകാരം ലേലം ചെയ്ത് ലഭിക്കുന്നതുക സർക്കാർ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതാണ് എന്ന് സ്ക്രീനിംഗ് കമ്മിറ്റി മുമ്പാകെ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, 8 ലക്ഷം രൂപ ചിലവാക്കി നന്നാക്കിയ യന്ത്രം എന്തുകൊണ്ട് ഉപയോഗിച്ചില്ല എന്ന വിഷയത്തിൽ റിപ്പോർട്ട് ലഭ്യമാക്കാനും ലേലം ചെയ്ത് നടപടി റിപ്പോർട്ട് ലഭ്യമാക്കി സമിതി മുമ്പാകെ സമർപ്പിക്കാൻ സ്ക്രീനിംഗ് കമ്മിറ്റി നിർദ്ദേശിക്കുകയുണ്ടായി. |

24



- 148 -

| | | | | |
|---|---|---|---|---|
| | | | 20 ലക്ഷം രൂപ (പൊതുവിഭാഗം വികസന ഫണ്ട് 14 ലക്ഷം, എസ്.സി.പി വിഭാഗം ലക്ഷം ) അനർട്ടിന് നൽകി. 2008-09 വർഷം 32 ലക്ഷം രൂപ( വികസന ഫണ്ട് - 15 ലക്ഷം തനത് ഫണ്ട് 17 ലക്ഷം) വകയിരുത്തിയിരുന്നുവെങ്കിലും വികസന ഫണ്ടിൽ നിന്നുമുള്ള 15 ലക്ഷം രൂപ മാത്രമാണ് അനർട്ടിന് നൽകിയത്. പദ്ധതിയ്ക്കായി ആകെ ജില്ലാ പഞ്ചായത്ത് വിഹിതമായ 52.21 ലക്ഷം രൂപയിൽ 35 ലക്ഷം മാത്രമാണ് കൈമാറിയത്. ജില്ലാ പഞ്ചായത്ത് അനർട്ടുമായി ഏർപ്പെട്ട കരാർപ്രകാരം പദ്ധതി പ്രവർത്തനങ്ങൾ 1-4-2008 ൽ ആരംഭിക്കുന്നതും 30.06.2009-ൽ അവസാനിക്കുന്നതുമാണ്. എഗ്രിമെന്റിലെ വ്യവസ്ഥ പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റേതല്ലാത്ത വീഴ്ചയാൽ പ്രോജക്ട് പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടായാൽ വീഴ്ചവരുത്തുന്ന ഓരോ മാസത്തിനും എസ്റ്റിമേറ്റ് തുകയുടെ 2% ക്രമത്തിൽ പിഴപലിശ ഈടാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അർഹതയുണ്ട്. എന്നാൽ കരാർ പ്രകാരമുള്ള കാലാവധി കഴിഞ്ഞിട്ടും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. പദ്ധതിയ്ക്കായി ഡെപ്പോസിറ്റ് ചെയ്ത 35 ലക്ഷം രൂപ നിഷ്ഫലമായി അവശേഷിക്കുന്നു.<br><br><u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : ശ്രീ.എസ്.സുരേഷ്, സെക്രട്ടറി, തെക്കേതിൽ, ക്ലാപ്പന നോർത്ത്. പി.ഒ.</u> | |
| 2 | 3.9.8<br>(2008-<br>2009) | പത്തനംതിട്ട | (എ) തേക്കുംമല വനിതാ കമ്മ്യൂണിറ്റി കം ട്രെയിനിംഗ് സെന്റർ നിർമ്മാണം<br><br>2002-03 ലെ വാർഷിക പദ്ധതി പ്രകാരം തേക്കുംമല വനിതാ കമ്മ്യൂണിറ്റി - കം- ട്രെയിനിംഗ് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിനായി 99,975 രൂപയുള്ള ഒരു എസ്റ്റിമേറ്റ് | ജില്ലാ പഞ്ചായത്ത് റിപ്പോർട്ട് ജില്ലാ ഓഡിറ്റ് കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ട് . ആയത് പരിശോധിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അഭിപ്രായം ലഭിക്കുന്ന മുറയ്ക്ക് സ്ക്രീനിംഗ് കമ്മിറ്റി വിഷയം പരിശോധിക്കുന്നതാണ് |

| | | | | |
|---|---|---|---|---|
| | | | തയ്യാറാക്കി പ്രവൃത്തി ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ചു. പ്രവൃത്തിയുടെ കൺവീനർക്ക് 16.01.2004 ൽ 22,900/- രൂപ മൊബിലൈസേഷൻ അഡ്വാൻസായി നൽകി. എന്നാൽ പ്രവൃത്തി നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. കൺവീനറിൽ നിന്നും 12 % പിഴപ്പലിശ സഹിതം തുക ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി 26.10.2006- ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും ആയതിന്മേൽ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.<br><br>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ<br>1. ശ്രീമതി.കെ.സുജാത.പി.ആർ<br>രാജി നിവാസ്, പയ്യനാമൺ ( കൺവീനർ)<br>2. ശ്രീ.എം.ജി.സദാനന്ദൻ<br>അസിസ്റ്റന്റ് എഞ്ചിനീയർ (അഡിഷണൽചാർജ്ജ് ) | |
| 2 | 3.2.3 (I) | ഇടുക്കി | **മരാമത്ത് പണികൾക്കായി പദ്ധതി വിഹിതം മുൻകൂർ പിൻവലിച്ചത് - മരാമത്ത് പണി പൂർത്തീകരിക്കാത്തത്**<br>2006-07- ലെ പദ്ധതി വിഹിതം യഥാകാലം വിനിയോഗിക്കുന്നതിൽ പഞ്ചായത്ത് വീഴ്ച വരുത്തുകയാൽ സർക്കാർ നിർദ്ദേശിച്ച വിനിയോഗ ശതമാനം കൈവരിക്കുവാൻ കഴിയാത്ത സാഹചര്യം സംജാതമായതായി കാണുന്നു. പഞ്ചായത്തിന് തുടർന്ന് പദ്ധതി വിഹിതം ലഭിക്കുന്നതിന് വിഘാതമായേക്കാവുന്ന ഈ അവസ്ഥയെ നിർവ്വഹണ അധികാരികൾ വളരെ ലളിതമായ ഒരു കുറുക്കുവഴി പ്രയോഗിച്ച് തരണം ചെയ്തിട്ടുള്ളതായി കാണുന്നു. മരാമത്തു പണികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ അന്തിമ ബിൽ തയ്യാറാക്കാൻ കഴിയാത്ത സന്ദർഭങ്ങളിൽ ചട്ടങ്ങൾ | മൊത്തം കണ്ടെത്താനുള്ള 83 ഫയലുകളിൽ 32 ഫയലുകൾ ജില്ലാ ഓഡിറ്റ് ഓഫീസിനു സമർപ്പിച്ചിട്ടുണ്ടെന്നു ജില്ലാ പഞ്ചായത്തു അറിയിക്കുകയുണ്ടായി.ഇക്കാര്യം പരിശോധിച്ച സ്ക്രീനിംഗ് കമ്മറ്റി തുടർന്ന് അവശേഷിക്കുന്ന ഫയലുകൾ അടിയന്തിരമായി കണ്ടെത്തുവാൻ നിർദ്ദേശം നൽകുവാനും ഇതിന്മേലുള്ള റിപ്പോർട്ട് താമസംവിനാ സമർപ്പിക്കുവാനും ആയതിന്മേൽ മേൽനോട്ടം നടത്തുവാനും തീരുമാനിച്ചിട്ടുണ്ട് . ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ള ഫയലുകളിന്മേൽ ഉള്ള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ |

— 146 —

-144-

| | | | | |
|---|---|---|---|---|
| | | | പ്രകാരം പൊതുമരാമത്തു വകുപ്പിൽ അനുവദനീയമായ ഹാന്റ് രസീതുകൾ ഉപയോഗിച്ച് പണികൾ ആരംഭിക്കുകപോലും ചെയ്യാത്ത പ്രോജക്ടുകൾക്ക് വ്യാപകമായി തുകകൾ പിൻവലിച്ച് കൺവീനർമാർക്കും എഞ്ചിനീയർമാർക്കും നൽകിയിട്ടുണ്ട്.<br>1997- ലെ കേരളാ പഞ്ചായത്തുരാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, പദ്ധതിവിഹിതം പിൻവലിക്കൽ സംബന്ധിച്ച് 12.04.2006 ലെ ജി.ഒ(പി) നമ്പർ 177/2006/ഫിൻ ഉത്തരവ് തുടങ്ങി ധനവിനിയോഗം സംബന്ധമായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽ ഒന്നും ഇപ്രകാരം മുൻകൂറായി തുക പിൻവലിക്കാൻ അനുമതി നൽകപ്പെട്ടിട്ടില്ല. പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുക എന്ന സദുദ്ദേശ്യത്തിൽ പണം പിൻവലിച്ചുവെങ്കിലും പദ്ധതി പൂർത്തീകരിക്കുന്നതിൽ യാതൊരു ശുഷ്കാന്തിയും പ്രകടമാക്കിയിട്ടില്ല. 2007 മാർച്ചുമാസത്തിൽ നിർമ്മാണ പദ്ധതികൾ 2008 മാർച്ചിലും പൂർത്തീകരിച്ചിട്ടില്ലായെന്നത് ലക്ഷ്യബോധമില്ലാത്ത ധനകാര്യ മാനേജ്മെന്റിന്റെ സ്വയം പ്രകടമാക്കുന്ന ഉദാഹരണമാണ്. | തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. ഓഡിറ്റ് നിരീക്ഷണം പരിശോധിച്ചതിലും അതിന്മേലുള്ള ജില്ലാ പഞ്ചായത്തിന്റെ പ്രതികരണം മനസിലാക്കിയതിലും ക്രമക്കേട് ഉണ്ടായിട്ടുള്ളതായിപ്രഥമദൃഷ്ട്യാ ബോധ്യമാകുന്നു. എന്നാൽ കാലപ്പഴക്കം മൂലവും,രേഖകളുടെ അഭാവം കൊണ്ടും കൃത്യമായ നടപടിയെടുക്കാൻ വിഘാതമാകുന്നു. |
| 3 | 3.38.3 (2007-2008) | കോട്ടയം | കമ്പ്യൂട്ടർ പരിശീലന പരിപാടി - ക്രമക്കേടുകൾ<br>കാഞ്ഞിരപ്പള്ളി ഡിവിഷനിൽപെട്ട 416 പഠിതാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം നടത്തുന്നതിനായി ലക്ഷ്യമിട്ട പ്രൊജക്റ്റ് പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റ്, മോണിറ്ററിങ് സമിതി റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രൊജക്റ്റ് ലക്ഷ്യം കൈവരിച്ചുവെന്ന് ബോധ്യപ്പെട്ടിട്ടില്ലാത്തതിനാൽ ചെലവാക്കിയ 10 ലക്ഷം രൂപ തടസപ്പെടുത്തിയിരിക്കുന്നു. | ഫയലുകൾ ജില്ലാ പഞ്ചായത്ത് സമർപ്പിച്ചിട്ടില്ല. വിഷയം പരിശോധിച്ച സ്ക്രീനിംഗ് കമ്മറ്റി ജില്ലാ പഞ്ചായത്തിന്റെ നടപടി ഗൗരവമായി കണ്ടിട്ടുണ്ട്. പ്രാഥമിക പരിശോധനയിൽ രേഖകൾ വീണ്ടെടുക്കാൻ സാധ്യമല്ലെന്നാണ് അനുമാനിക്കുന്നത്. |

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2019-21)- കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ (2008-09)-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്- കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിനെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികയിന്മേലുള്ള ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രികകളിൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ്**

| ഖണ്ഡിക | വിഷയം | സ്വീകരിച്ച നടപടി |
|---|---|---|
| 2.5 | അദ്ധ്യായം 2 പൊതു അവലോകനം - തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ<br>ബജറ്റ് തയ്യാറാക്കുന്നതിലെ കാലവിളംബവും അലംഭാവവും<br>1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ വകുപ്പ് 214(1) പ്രകാരം ഓരോ വർഷവും ജനുവരി 15-ാം തീയതിക്കുമുമ്പ് ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും അടുത്തവർഷത്തെ എസ്റ്റിമേറ്റ്, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് നൽകേണ്ടതും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിനുമുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിച്ച് ചർച്ച ചെയ്യേണ്ടതുമാണ്.<br>ഭൂരിഭാഗം തദ്ദേശഭരണ സ്ഥാപനങ്ങളിലും ജനുവരി 15-നകം ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കുകയോ മാർച്ച് ആദ്യ വാരം ബജറ്റ് പ്രത്യേക ഭരണസമിതി യോഗത്തിൽ അവതരിപ്പിക്കുകയോ ചെയ്യുന്നില്ല. മാർച്ച് മാസത്തോടുകൂടി മാത്രമേ അടുത്ത വർഷത്തെ ബജറ്റ് തയ്യാറാക്കൽ നടപടികൾ ആരംഭിക്കുന്നുള്ളൂ. വളരെ തിടുക്കത്തിൽ തയ്യാറാക്കുന്ന ഇത്തരം ബജറ്റുകളിൽ സ്ഥാപനത്തിന്റെ പ്രതീക്ഷിത വരവുചെലവ് കണക്കുകൾ യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്തതായി പോകുന്നു. മുൻവർഷത്തെ ബജറ്റിൽ ഉണ്ടായ വ്യതിയാനം, യഥാർത്ഥ വരുമാനങ്ങൾ, പുതുതായി എന്തെങ്കിലും ഉൾപ്പെടുത്താൻ കഴിയുമോ എന്നീ കാര്യങ്ങൾ ഭൂരിപക്ഷം സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിക്കാറില്ല. തനതു | |

വരുമാനം എന്തൊക്കെയാണെന്നും അതിന്റെ വരുമാനം വർദ്ധിപ്പിക്കാൻ എന്തുചെയ്യണമെന്നും ഉള്ള ക്രിയാത്മകമായ യാതൊരു നീക്കങ്ങളും കമ്മിറ്റികളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. യാഥാർത്ഥ്യബോധത്തോടെ രേഖകളുടെ പിൻബലത്തോടെ ബജറ്റ് തയ്യാറാക്കാത്തതിനാൽ പ്രതീക്ഷിക്കുന്ന വരവുചെലവും യഥാർത്ഥ വരവുചെലവും തമ്മിൽ വലിയ അന്തരം കാണപ്പെടുന്നു. ഏതാനും ഉദാഹരണങ്ങൾ പട്ടികയിൽ ചേർക്കുന്നു.

<u>അദ്ധ്യായം-2 പൊതു അവലോകനം-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ</u>

(തുക ലക്ഷത്തിൽ)

| ക്രമ നം. | ഗ്രാമപഞ്ചായത്ത് | വർഷം | ബജറ്റ് പ്രകാരമുള്ള | | യഥാർത്ഥ | |
|---|---|---|---|---|---|---|
| | | | വരവ് | ചെലവ് | വരവ് | ചെലവ് |
| I | കൊല്ലം ജില്ല | | | | | |
| 1 | പട്ടാഴി വടക്കേക്കര | 2003-04 | 332.47 | 318.29 | 100.86 | 103.87 |
| 2 | വെളിനല്ലൂർ | 2005-06 | 405.66 | 386.60 | 208.97 | 167.15 |
| 3 | നീണ്ടകര | 2006-07 | 211.03 | 199.60 | 116.92 | 114.57 |
| 4 | തൃക്കരുവാ | 2003-04 | 174.04 | 150.48 | 125.25 | 101.89 |
| 5 | വെളിയം | 2006-07 | 492.44 | 497.90 | 228.79 | 208.73 |
| II | ക്ഷേമനിധി ബോർഡുകൾ | | | | | |
| 1 | കർഷകതൊഴിലാളി | 2002-03 | 1656 | 1429 | 451 | 732 |

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ സർക്കാർ ധനസഹായത്തെ ആശ്രയിച്ചാണ് മുന്നോട്ട് പോകുന്നതെന്നും, സർക്കാർ നൽകുന്ന പ്രത്യേക ധനസഹായം ലഭ്യമാകുമെന്ന പ്രതീക്ഷയിന്മേലാണ് ബജറ്റ് തയ്യാറാക്കുന്നതെന്നും, എന്നാൽ 2002-03 സാമ്പത്തിക വർഷം സർക്കാർ ധനസഹായം ലഭിക്കാതിരുന്നതിനാൽ ബോർഡിൽ ആനുകൂല്യങ്ങൾ നൽകാൻ കഴിയാത്ത അവസ്ഥ ഉണ്ടായിരുന്നുവെന്നും, ആയതിനാലാണ് പ്രസ്തുത കാലയളവിൽ ബജറ്റ് പ്രകാരമുള്ള വരവ്-ചെലവിനേക്കാൾ

| | | | | | | |
|---|---|---|---|---|---|---|
| 2 | കയർതൊഴിലാളി | 2002-03 | 2040 | 1758 | 778 | 417 |
| 3 | ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി | 2002-03 | 16 | 8 | 4 | 4.5 |

യഥാർത്ഥ വരവ്-ചെലവിൽ വ്യത്യാസം വന്നതെന്നും കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് അറിയിച്ചിട്ടുള്ള വിവരം അറിയിക്കുന്നു.

ഡി. ലാൽ
അഡീഷണൽ സെക്രട്ടറി
തൊഴിലും പുനരധിവാസവും വകുപ്പ്
തിരുവനന്തപുരം

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## ലോക്കൽഫണ്ട് ഡയറക്ടറുടെസമാഹൃത റിപ്പോർട്ടിന്മേൽ

(2008 2009)മറ്റു പരാമർശങ്ങൾ പാണഞ്ചേരി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റിംങ്ങ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമനമ്പർ | സമാഹൃത ഓഡിറ്റ് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2008-2009 | 3.1.1 | **പാണഞ്ചേരി ഗ്രാമപഞ്ചായത്ത് – തൃശ്ശൂർ ജില്ല**<br>ഷോപ്പിംഗ് കോംപ്ലക്സ് വാടക പിരിച്ചെടുത്തിട്ടില്ല.<br>ഓഡിറ്റ് റിപ്പോർട്ട് വർഷം : 1999-2000, ഖണ്ഡിക നമ്പർ 2-4 ഓഡിറ്റ് റിപ്പോർട്ട് വർഷം 2000-2001, ഖണ്ഡിക നമ്പർ 2-3<br>1999-2000,2000-2001 സാമ്പത്തിക വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് എടുത്ത താഴെ പറയുന്ന വ്യക്തിയിൽ നിന്നും വാടക ലഭിച്ചതായോ, ആയത് ഈടാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചതായോ ഓഡിറ്റിന് കണ്ടെത്താൻ സാധിച്ചില്ല | 7/108 -ാം നമ്പർ മുറ് വാടയ്ക്കെടുത്ത ശ്രീ. സുശീൽ കുമാർ എന്നവരിൽ നിന്നും 1999 -2000 സാമ്പത്തിക വർഷത്തിലെ മാസവാടക തുകയായ 1056 രൂപ വീതം 11 മാസത്തേയ്ക്ക് ആകെ Rs. 1056x11=11616 രൂപയും, പിഴയിനത്തിൽ Rs.4752 രൂപയും ഉൾപ്പെടെ മൊത്തം 16368 രൂപ രശീത് നമ്പർ 1/71304 തിയതി 31.03.2004 പ്രകാരം പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെ 23.04.1999 തിയതിയിലെ 12-ാം നമ്പർ സാധാരണ യോഗ തീരുമാനപ്രകാരം പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ 7/108-ാം നമ്പർ മുറി പഞ്ചായത്ത് ആവശ്യത്തിന് 12/1997 മുതൽ 4/1999 വരെ ഉപയോഗിച്ചതിനാൽ 1999-2000 സാമ്പത്തിക വർഷത്തിൽ 4/1999-ാം മാസത്തിലെ വാടക ശ്രീ സുശീൽകുമാറിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. |

| | | | | |
|---|---|---|---|---|
| | | | 1999-2000<br>1. ശ്രീ. സുശീൽകുമാർ റൂം നമ്പർ 7/108<br>12672 രൂപ<br>2000-2001<br>2. ശ്രീ. സുശീൽ കുമാർ റൂം നമ്പർ 7/108<br>12672 രൂപ<br>ആകെ 25344 രൂപ<br><br>മേൽ തുക നിയമാനുസൃതമായ പിഴ പലിശ സഹിതം ഈടാക്കാൻ വേണ്ട നടപടികൾ അധികാരികളുടെ ഭാഗത്തു നിന്ന് ഉണ്ടായിട്ടില്ല. ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : ശ്രീ. പി. മുകുന്ദൻ നായർ, സെക്രട്ടറി (1999-2000, 2000-2001) | 7/108 -ാം നമ്പർ മുറി വാടകക്കാരൻ ശ്രീ. സുശീൽകുമാർ എന്നിവരിൽ നിന്നും 2000-2001 സാമ്പത്തിക വർഷത്തിലെ മാസവാടക തുകയായ 1056 രൂപ വീതം 12 മാസത്തേയ്ക്ക് ആകെ Rs 1056X12=12672 രൂപയും, പിഴയിനത്തിൽ Rs. 4150 രൂപയും, ഉൾപ്പെടെ മൊത്തം 16822 രൂപ രശീത് നമ്പർ 1/71304 തിയതി 31.03.2004 പ്രകാരം പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. |

പാലക്കാട് നഗരസഭ

No.A4-18043/2012

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ പാലക്കാട് നഗരസഭ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക.

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശം വിഷയം | ഓഡിറ്റ് പരാമർത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2008-2009 | 3.1.4 | **തൊഴിൽകരം - വൻകുടിശ്ശിക - മറ്റ് ക്രമക്കേടുകൾ** (ഓഡിറ്റ് റിപ്പോർട്ട് വർഷം - 2006-2007, ഖണ്ഡിക 2(13)<br>പാലക്കാട് നഗരസഭയിലേക്ക് വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവ അടവാക്കേണ്ട തൊഴിൽ നികുതി നിയമാനുസൃതം അടവാക്കാത്തതിനാൽ നഗരസഭക്ക് 56,87,840 രൂപ നഷ്ടമായിരിക്കുന്നു. 1994-ലെ കേരളാ മുനിസിപ്പാലിറ്റി നിയമം വകുപ്പ് 539 പ്രകാരം നഗരസഭക്ക് ലഭിക്കേണ്ട ഏതെങ്കിലും തുകകൾ ഡ്യൂ ആകുന്ന തീയ്യതി മുതൽ മൂന്നു വർഷത്തിനുള്ളിൽ ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാത്തപക്ഷം ആ തുകകൾ മുനിസിപ്പാലിറ്റിക്ക് നഷ്ടപ്പെടുന്നതാണ്. മുനിസിപ്പാലിറ്റിക്ക് നഷ്ടം സംഭവിച്ച തുകകൾ 12% പലിശ സഹിതം ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്. | 2006-07 വർഷത്തെ തൊഴിൽനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി 50 വാറണ്ട് നോട്ടീസുകൾ നൽകിയിട്ടുള്ളതിൽ 85,495/- രൂപ പിരിച്ചെടുക്കുകയും വിവിധ വാർഡുകളിലായി 275 ഡിമാന്റ് നോട്ടീസുകൾ നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 171935/- രൂപ പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. തൊഴിൽനികുതി കുടിശ്ശികയിനത്തിൽ മുമ്പ് ഈടാക്കിയ 6,83,710/-രൂപ ഉൾപ്പെടെ മൊത്തം 9,41,140/- രൂപ പിരിച്ചെടുത്തിട്ടുണ്ട്. ബാക്കി തുക പിരിച്ചെടുക്കുന്നതിനായി കുടിശ്ശിക വരുത്തിയിട്ടുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കി ഡിമാന്റ് നോട്ടീസ് നൽകി 12% പലിശ സഹിതമാണ് തുക പിരിച്ചിട്ടുള്ളത് എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. |
| 2. | 2008-2009 | 3.4.3 | **കല്യാണമണ്ഡപ നിർമ്മാണം - കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനം**<br>(ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-2007, ഖണ്ഡിക 2(2)) | ബഹുമാനപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണലിന്റെ 02.09.2005-ലെ 330/05-ാം നമ്പർ അപ്പീലിന്മേലുള്ള വിധിന്യായ പ്രകാരം അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കുന്നതിന് |

| | | | | |
|---|---|---|---|---|
| | | | യാതൊരു കെട്ടിടനിർമ്മാണ ചട്ടങ്ങളും പാലിക്കാതെ നിർമ്മിക്കപ്പെട്ട കല്ല്യാണമണ്ഡപത്തിൽ നിന്നും പുറന്തള്ളുന്ന മാലിന്യങ്ങൾ പൊതുജനങ്ങൾക്ക് ശല്യമാകുന്നുവെന്ന 51 പേരുടെ ഒപ്പോടുകൂടിയ പരാതി ശരിയാണെന്ന് ടൗൺ പ്ലാനിംഗ് ഇൻസ്പെക്ടർ 08.06.07–ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽകെട്ടിടം അനധികൃതമാണെന്നും അതിന്മേൽ നടപടികൾ സ്വീകരിക്കണമെന്നും 14.06.2007–ന് ടിയാൻ ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിലുള്ള വാണിജ്യ കെട്ടിടത്തിൽ അനധികൃത കല്ല്യാണമണ്ഡപം നടത്തി വരുന്നത് നിർത്തിവെക്കാൻ കക്ഷിക്ക് അടിയന്തിര നോട്ടീസ് നൽകാവുന്നതാണെന്ന് 12.07.2007–ന് റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സെക്രട്ടറി പുറപ്പെടുവിച്ച ഉത്തരവിനെതിരെ കെട്ടിടഉടമ ബഹു. ട്രൈബ്യൂണലിൽ അപ്പീൽ നൽകുകയും നിർമ്മാണം ക്രമപ്പെടുത്താൻ കഴിയുമോ എന്ന് പരിശോധിക്കാൻ ട്രൈബ്യൂണൽ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആയത് ടൗൺപ്ലാനിംഗ് ഓഫീസ്സർ പരിശോധിച്ച് അനധികൃത നിർമ്മാണം ക്രമീകരിക്കാനാവില്ലെന്നും നടപടികൾ തുടരാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ മേൽനിർമ്മാണം പൊളിച്ചുനീക്കാൻ 23.02.2008–ന് സെക്രട്ടറി ഉത്തരവിട്ടിരുന്നു. എന്നാൽ അനന്തര നടപടികൾ ഒന്നും നടന്നതായി കാണുന്നില്ല. ഇത് ഗുരുതരമായ | 04.01.2008–ൽ നഗരസഭാ സെക്രട്ടറി ഉത്തരവ് നൽകുകയും പ്രസ്തുത ഉത്തരവിനെതിരെ കക്ഷി എ.പി.നമ്പർ–188/2008 ആയി ബഹു:ട്രൈബ്യൂണൽ കോടതിയിൽ കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസിലെ വിധിന്യായ പ്രകാരം അനധികൃത നിർമ്മാണം പൊളിച്ചു നീക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് അനധികൃത നിർമ്മാണം നിൽക്കുന്ന സ്ഥലത്തിന്റെ അതിർത്തി വ്യക്തമല്ലാത്തതിനാൽ അതിർത്തി നിർണ്ണയിക്കുന്നതിന് ടൗൺ സർവ്വെയറോട് ആവശ്യപ്പെട്ടെങ്കിലും ആയത് ലഭിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളതാണ്. എന്നിരുന്നാലും അനധികൃത നിർമ്മാണം പൊളിച്ചു നീക്കണമെന്ന് ആവശ്യപ്പെട്ട് 15.05.2012–ന് കേരള മുനിസിപ്പാലിറ്റീസ് ആക്ട് 406(3) പ്രകാരമുള്ള സ്ഥിരീകരണ ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ അതിർത്തി നിർണ്ണയിക്കുന്നതിന് നഗരസഭ എഞ്ചിനീയറും, ടൗൺ സർവ്വെയറും സംയുക്തമായി കക്ഷിയുടെ സാന്നിദ്ധ്യത്തിൽ 06.06.2012–ന് സ്ഥലം അളക്കുന്നതിന് നോട്ടീസ് നൽകി എങ്കിലും കക്ഷി നോട്ടീസിൽ പറയുന്ന വിലാസത്തിൽ താമസമില്ല എന്ന കാരണത്താൽ നോട്ടീസ് മടക്കിയിട്ടുള്ളതുമാണ്. 11.11.2003–ലെ ഇ.ജെ.ബി.ആർ/878/02–03/പി.ഡബ്ല്യു.5 നമ്പർ പ്രകാരം കക്ഷി റിവൈസ്ഡ് കംപാർഷ്യൽ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചിരിക്കുന്നതിൽ താഴെത്തെ നിലയിലും ഒന്നാം നിലയിലും കമേഴ്സ്യൽ ബിൽഡിംഗിന് ഭാഗിക കംപ്ലീഷൻ നൽകുകയും രണ്ടാം നിലയിൽ മുറികൾ നിർമ്മിക്കുന്നതിന് പെർമിറ്റ് നൽകുകയും ചെയ്തിരിക്കുന്നു. മേൽ അനുമതി ശ്രീമതി.ജാസ്മിൻ & |

| | | | | |
|---|---|---|---|---|
| | | | കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. | സബിത എന്ന പേരിലാണ് നൽകിയിരിക്കുന്നത്. പ്രസ്തുത കെട്ടിടം ശ്രീ.ഡി.സുദേവൻ എന്നയാളുടെ പേരിൽ കൈമാറ്റം ചെയ്തിട്ടുള്ളതായി അറിയുവാൻ കഴിഞ്ഞിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കല്ല്യാണ മണ്ഡപത്തിന്റെ സ്ഥലത്തിന്റെ അസ്സൽ ആധാരവും അംഗീകൃത പ്ലാനും പെർമിറ്റും ടാക്സ് രശീതും ഹാജരാക്കുവാൻ പുതിയ ഉടമയായ ശ്രീ.സുദേവനെ അറിയിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ആയത് ഹാജരാക്കിയിട്ടില്ല.<br><br>പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസുകൾ റദ്ദ് ചെയ്യുന്നതിനും പുതിയ ഉടമസ്ഥന് എതിരെ കേരളാ മുനിസിപ്പൽ ആക്റ്റ് 406-ാം വകുപ്പ് പ്രകാരം കാരണം കാണിക്കൽ നോട്ടീസും 406(1), 406(2) വകുപ്പുകൾ പ്രകാരം താൽക്കാലിക ഉത്തരവ് 01.06.2013-ന് നൽകുകയും 406(3) വകുപ്പ് പ്രകാരം 29.08.2013-ന് സ്ഥിരീകരണ ഉത്തരവ് നൽകിയിട്ടുള്ളതുമാണ്.<br><br>പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്നത് വളരെ തിരക്കേറിയ റോഡിന്റെ വശത്തായതുകൊണ്ട് നാലു നിലകളുമായ കെട്ടിടം ആവശ്യമായ മുൻകരുതൽ എടുത്ത് മാത്രമെ പൊളിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അവിടെത്തെ കച്ചവടക്കാരെ ഒഴിപ്പിക്കുന്നതിനും പ്രസ്തുത കെട്ടിടത്തിന്റെ വൈദ്യുതിബന്ധം വിച്ഛേദിക്കുന്ന്തിനും നടപടി ആരംഭിച്ചിട്ടുള്ളതാണ്. ഇതനിടെ കക്ഷി ബഹു:കേരള ഹൈക്കോടതിയിൽ WP(C)-25026/2013(C) നമ്പർ ആയി റിട്ട് നൽകുകയും റിട്ടിന്മേൽ നഗരസഭ |

| | | | | |
|---|---|---|---|---|
| | | | | സെക്രട്ടറിയുടെ നടപടി രണ്ടാഴ്ചത്തേക്ക് നിർത്തി വെയ്ക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ടും കക്ഷിക്ക് കേരള മുനിസിപ്പാലിറ്റീസ് ആക്ട് 509 വകുപ്പ് പ്രകാരം അപ്പീൽ നൽകുന്നതിന് അവസരം നൽകികൊണ്ട് 11.10.2013-ന് വിധിയുണ്ടായിട്ടുള്ളതണ്. ആയതിനാൽ അനധികൃത നിർമ്മാണം പൊളിച്ചു മാറ്റാൻ കഴിഞ്ഞിട്ടില്ലാത്തതാണ്.<br>തുടർന്ന് കെട്ടിട ഉടമ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണലിൽ അപ്പീൽ നമ്പർ 982/2013 ആയി കേസ് ഫയൽ ചെയ്യുകയും അപ്പീൽ അപേക്ഷ തീർപ്പാക്കുന്നതുവരെ നഗരസഭ നടപടികൾ തുടരുന്നത് സ്റ്റേ ചെയ്തുകൊണ്ട് 24.10.2013-ന് ഉത്തരവായിട്ടുണ്ട് എന്ന വിവരവും ബോധിപ്പിച്ചുകൊള്ളുന്നു. |

36

## 2008-09-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് സമാഹൃത റിപ്പോർട്ടിന്മേൽ പാലാ നഗരസഭ സ്വീകരിച്ച നടപടികൾ

| ക്രമ നം. | സമാഹൃത റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | പാലാ നഗരസഭ 2008-09 | 3.22 | **ജനസേവനകേന്ദ്രം/ഓഫീസ് കമ്പ്യൂട്ടർവത്കരണം എന്നിവയ്ക്കായി ഭീമമായ തുക ഡി.പി.സി. അംഗീകാരമില്ലാതെ ഐ.കെ.എം.-ൽ നിക്ഷേപിച്ചു**<br><br>സമ്പൂർണ്ണ ഓഫീസ് കമ്പ്യൂട്ടർവൽക്കരണത്തിനായി 2005-06-ൽ എസ്.ഒ.23/2006 നമ്പരായി തയ്യാറാക്കിയ പ്രോജക്ടിന്റെ നിർവ്വഹത്തിന് 10,000/-രൂപാ പദ്ധതി വിഹിതവും, 18,88,396/-രൂപാ തനത്ഫണ്ട് വിഹിതവുമുൾപ്പെടെ 18,98,396/-രൂപയാണ് അടങ്കലായി വകയിരുത്തിയിരുന്നത്. ടി പ്രോജക്ടിന് 16-5-2005-ൽ 1/05-06 നമ്പരായി ഡി.പി.സി. അംഗീകാരം ലഭിച്ചിരുന്നു. പദ്ധതിനിർവഹണ വേളയിൽ കൂടുതൽ പ്രവർത്തിയിനങ്ങൾ ഉൾപ്പെടുത്തണമെന്ന ചെയർപേഴ്സന്റെ ആവശ്യം പരിഗണിച്ച് 16,00,000/-രൂപാ നിക്ഷേപിക്കുവാൻ ഐ.കെ.എം. ആവശ്യപ്പെടുകയും തദനുസരണം പദ്ധതിവിഹിത വിലയിരുത്തൽ കേവലം 10,000/-രൂപാ മാത്രമാണെന്ന വസ്തുത പരിഗണിക്കാതെ സ്റ്റിയറിംഗ് കമ്മറ്റിയുടെ 29/3/2006-ലെ നിർദ്ദേശവും ചെയർപേഴ്സന്റെ 30/3/2006-ലെ നിർദ്ദേശവും അനുസരിച്ച് 25,00,000/-രൂപാ പദ്ധതിവിഹിതത്തിൽ നിന്നും പിൻവലിച്ച് ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. ടി നടപടി പദ്ധതിവിഹിതത്തിന്റെ ഗുരുതരമായ വകമാറ്റലായി ഓഡിറ്റ് വിലയിരുത്തുന്നു. | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർവൽക്കരണത്തിനുള്ള ചുമതലയുള്ള ഇൻഫർമേഷൻ കേരളാ മിഷന് വിവിധ കാലഘട്ടങ്ങളിൽ ഗവൺമെന്റ് ഉത്തരവ് അനുസരിച്ചാണ് കമ്പ്യൂട്ടർവൽക്കരണത്തിന് തുക നൽകിയിട്ടുള്ളത്. കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഒന്നാംഘട്ട പദ്ധതിയ്ക്കായി ജനസേവന കേന്ദ്രം സജ്ജീകരിക്കുന്നതിന് 2004-05 വർഷത്തിൽ എൽഎസ്ജിഡി, 2-12-2004-ലെ ജി.ഒ.(ആർ.റ്റി) നം.4278/2004/എൽഎസ്ജിഡി ഉത്തരവ് പ്രകാരം 15,50,000/-രൂപ നൽകിയിട്ടുണ്ട്. 18/3/2006 തീയതിയിലുള്ള തദ്ദേശസ്വയം ഭരണ (ഡി.പി) വകുപ്പിന്റെ 11996/ഡിപി3/06/തസ്വഭവ നമ്പർ കത്ത് പ്രകാരം മുനിസിപ്പാലിറ്റികളിൽ കമ്പ്യൂട്ടർവത്ക്കരണത്തിന്റെ 2-ാം ഘട്ട പരിപാടികൾ ഏറ്റെടുത്തു നടത്തുന്നതിന് ആവശ്യമുള്ള തുക ഐ.കെ.എം.ന് മുൻകൂറായി നൽകുന്നതിന് അനുമതി നൽകിയിരുന്നു. കേരള സർക്കാരിന്റെ തദ്ദേശ സ്വയം ഭരണ(ഡിപി) വകുപ്പിന്റെ 10-3-2006 തീയതിയിലെ സ.ഉ.(ആർ.റ്റി)701/2006 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം മുനിസിപ്പാലിറ്റികളിലെ കമ്പ്യൂട്ടർവത്ക്കരണത്തിന്റെ രണ്ടാം ഘട്ടത്തിലേയ്ക്ക് ആവശ്യമായ തുക 2005-06 പദ്ധതിവിഹിതത്തിൽ നിന്ന് കണ്ടെത്തുന്നതിനും ടി തുക മേഖലാ വിഭജന പരിധിയിൽ നിന്നും ഒഴിവാക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ടി സർക്കാർ ഉത്തരവ് 20/3/2006-ലെ നഗരസഭാ കൗൺസിൽ ചർച്ചയ്ക്ക് എടുക്കുകയും അതിൻപ്രകാരം പാലാ നഗരസഭയിൽ കമ്പ്യൂട്ടറൈസേഷൻ രണ്ടാംഘട്ട വികസനത്തിന് ഐ.കെ.എം. നിർദ്ദേശിച്ച തുക പ്ലാൻ ഫണ്ടിൽ നിന്നും ചിലവഴിക്കാതെ വരുന്ന തുകയിൽ നിന്നും നൽകുന്നതിന് 20/3/2006-ലെ 16(6) ആയി തീരുമാനിച്ചു. 29-3-2006-ലെ സ്റ്റിയറിംഗ് കമ്മിറ്റിയുടെ തീരുമാന പ്രകാരം 25 ലക്ഷം രൂപ ഐ.കെ.എം.ന് നൽകുന്നതിന് നഗരസഭാ ചെയർപേഴ്സൺ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 27/4/2006-ൽ വൗച്ചർ നം.426983 പ്രകാരം ഐ.കെ.എം.ന് കൈമാറുകയുണ്ടായി. മേൽ സൂചിത സർക്കാർ ഉത്തരവിൽ മേഖലാ വിഭജനം കണക്കാക്കാതെ തുക ഐ.കെ.എം.ന് കൈമാറാനുള്ള അനുമതി ലഭിച്ചതിനാലാണ് 2005-06-ലെ സാമ്പത്തിക വർഷാവസാനത്തിൽ 25 ലക്ഷം രൂപ ഐ.കെ.എം.ന് അനുവദിച്ചു നൽകിയത്. ഈ സർക്കാർ ഉത്തരവിൽ ആയതിനു പിന്നീട് ഡി.പി.സി. അംഗീകാരം വേണമെന്ന് നിർദ്ദേശിച്ചിരുന്നില്ല. കൂടാതെ 23/03/2006-ൽ തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ 1377/എസ്(എൽഎസ്ജി)/2005 അർദ്ധ ഔദ്യോഗിക കത്തിൽ 18,95,848/-രൂപാ ഐ.കെ.എം-ന് പ്രോജക്ട് നടപ്പിലാക്കുവാൻ നൽകണമെന്നും ആവശ്യപ്പെട്ടിട്ടുള്ളതാണ്. |

C. VALSALA
Joint Secretary to Govt.
Local Self Govt. D...t.
Govt. Secretariat, Tvpm.

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-മുനിസിപ്പാലിറ്റികളിലെ കമ്പ്യൂട്ടർ വൽക്കരണം രണ്ടാംഘട്ടം -ആവശ്യമായ തുക 2005-06ലെ പദ്ധതി വിഹിതത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ( ഡിപി)വകുപ്പ്**

സ.ഉ(ആർ.റ്റി.)നം.701/2006/തസ്വഭവ തിരുവനന്തപുരം,തീയതി:10/03/2006

---

പരാമർശം:-22-2-2006ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗതീരുമാനം ഐറ്റം നമ്പർ.2.25

## ഉത്തരവ്

മുനിസിപ്പൽ കമ്പ്യൂട്ടർ വൽക്കരണം രണ്ടാം ഘട്ടത്തിന് അംഗീകാരവും മേഖലാവിഭജനത്തിൻെറ പരിധിയിൽ നിന്ന് ഒഴിവാക്കി തുക വകയിരുത്തുന്നതിനുള്ള അനുമതിയും സംബന്ധിച്ച വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനിച്ചതിൻെറ അടിസ്ഥാനത്തിൽ , മുനിസിപ്പാലിറ്റികളിലെ കമ്പ്യൂട്ടർവൽക്കരണത്തിൻെറ രണ്ടാം ഘട്ടത്തിന് ആവശ്യമായ തുക 2005-06ലെ പദ്ധതിവിഹിതത്തിൽ നിന്ന് കണ്ടെത്തുന്നതിനും പ്രസ്തുത മേഖലാവിഭജനപരിധിയിൽ നിന്ന് ഒഴിവാക്കുന്നതിനും മുനിസിപ്പാലിറ്റികൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
അന്നമ്മഡാനിയൽ
ജോയിൻറ് സെക്രട്ടറി

നഗരകാര്യഡയറക്ടർ,തിരുവനന്തപുരം
എല്ലാ കോർപ്പറേഷൻ/മുനിസിപ്പൽ സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ എല്ലാ മുനിസിപ്പൽ സെക്രട്ടറിമാരെയും അറിയിക്കേണ്ടതാണ്)
മെമ്പർസെക്രട്ടറി,സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്,തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ(ആഡിറ്റ്/(എ ആൻറ് ഇ),കേരള,തിരുവനനന്തപുരം
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ,ഇൻഫർമേഷൻ കേരളമിഷൻ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ
ഡയറക്ടർ,പബ്ളിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
റീജിയണൽ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ,കൊല്ലം,കൊച്ചി,കോഴിക്കോട്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:

ധനകാര്യവകുപ്പ്
തദ്ദേശസ്വയംഭരണവകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റൂറൽ/അർബൻ സെക്രട്ടറിയുടെ പി.എ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ പുത്തൂർ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക (തൃശ്ശൂർ ജില്ല)

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | 2008-09 | 3.4.1 | ഗുണഭോക്തൃ പദ്ധതികൾ-കുടുംബശ്രീയെ ഏൽപ്പിച്ച്, പണം നൽകി ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003 04, ഖണ്ഡിക നമ്പർ, 3-9 2466000 രൂപ പി.ഡി അക്കൗണ്ടിൽ നിന്നും 5 പൊതു പദ്ധതികൾക്കും 3 ഗിരിവർഗ്ഗ പദ്ധതികൾക്കുമായി മെമ്പർ, സെക്രട്ടറി, കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി എന്ന പേരിൽ നൽകി അംഗീകരിച്ച പദ്ധതതികൾ പ്രകാരം ഈ പദ്ധതികളുടെയെല്ലാം നിർവ്വഹണാധികാരി സെക്രട്ടറിയാണ്. എന്നാൽ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റിയെ നിർവ്വഹണ ഏജൻസിയാക്കിയാണ് ഇപ്രകാരം പദ്ധതിപണം കണക്കുമാറ്റി ചെലവഴിച്ചത്. ഇത് 09.07.2003 ലെ ജി.ഒ(പി.) 381/03/ഫിൻ-ലെ നിർദ്ദേശങ്ങൾക്ക് എതിരാണ്. പി.ഡി.അക്കൗണ്ടിൽ നിന്നും യഥാർത്ഥ ചെലവിനുള്ള തുക മാത്രം ചെക്കായി നൽകണമെന്നിരിക്കെ വ്യക്തിഗത പദ്ധതികൾക്കുള്ള തുക മുഴുവനായി മറ്റൊരു ഏജൻസിയെ എൽപ്പിച്ച 31.03.2004 ൽ പി.ഡി കണക്കുകൾ എല്ലാം അവസാനിപ്പിക്കണമെന്ന് നിർദ്ദേശത്തെ മറികടന്ന് പദ്ധതിഫണ്ട് കൈവശം സൂക്ഷിച്ച് ഉപയോഗിക്കാൻ വേണ്ടി മാത്രമാണ് 01.04.2004 ന് മുമ്പ് തുക ഒന്നും | ഈ ഓഡിറ്റ് പരാമർശം 06.06.2012 തിയ്യതിയിൽ ചേർന്ന പഞ്ചായത്ത് ഭരണസമിതി വായിച്ച് ചർച്ച ചെയ്യുകയും യോഗത്തിന്റെ VIII(1)-ാം നമ്പർ തീരുമാന പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കുന്ന തിനായി താഴെ പറയുന്ന വസ്തുതകൾ വിശദീകരിച്ച് ബഹു.നിയമസഭാ സമിതി മുമ്പാകെ അപേക്ഷിക്കു ന്നതിന് തീരുമാനിച്ചു.<br>"ബഹു.നിയമസഭ മുമ്പാകെ ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച 2008-09 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഖണ്ഡിക 3.4.1 നമ്പർ (2003-2004 വർഷത്തെ ഖണ്ഡിക 3-9) പരാമർശ പ്രകാരം 2466000 രൂപ പി.ഡി അക്കൗണ്ടിൽ നിന്നും 5 പൊതു പദ്ധതികൾക്കും 3 ഗിരിവർഗ്ഗ പദ്ധതികൾക്കുമായി മെമ്പർ, സെക്രട്ടറി, കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി എന്ന പേരിൽ |

| | | | |
|---|---|---|---|
| | | ചെലവഴിച്ചിട്ടില്ല. 14.06.2004 വരെ ഈ സൊസൈറ്റി കണക്കിൽ നിന്നും പിൻവലിച്ചത് കഴിച്ച് 1527963 രൂപ 03.09.2004 ൽ ബാക്കിയുണ്ടായിരുന്നു.<br>പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം സെക്രട്ടറിയുടെ വിയോജനകുറിപ്പോടെ ഈ പദ്ധതി കൈമാറ്റം നടത്തിയതും 09.07.2003 ലെ സർക്കാർ ഉത്തരവിന് വിരുദ്ധമാണ്.<br>അനധികൃതമായി സൊസൈറ്റിക്ക് പണം നൽകിയതും സൊസൈറ്റി അതിൽ നിന്നും ചെലവ് നടത്തിയതും ബന്ധപ്പെട്ട അധികൃതരുടെ ശ്രദ്ധയിൽകൊണ്ടുവരുന്നു. ബാക്കിയുള്ള തുക തിരികെ വാങ്ങുന്നതിനും അനധികൃതമായി സൊസൈറ്റി നടത്തിയ ചെലവിന് സാധൂകരണം വാങ്ങുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. | നൽകി. അംഗീകരിച്ച പദ്ധതികൾ പ്രകാരം ഈ പദ്ധതികളുടെയെല്ലാം നിർവ്വഹണാധികാരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്. എന്നാൽ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റിയെ നിർവ്വഹണ ഏജൻസിയാക്കിയാണ് ഇപ്രകാരം പദ്ധതിപണം കണക്കുമാറ്റി ചെലവഴിച്ചത് എന്നാണ് തടസ്സം. ആയത് വായിച്ച് ചർച്ച ചെയ്തു. നിയമസഭയുടെ ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെ ന്യൂനത പരിഹാരനടപടി പത്രിക തയ്യാറാക്കുന്നതിലേക്ക് താഴെ കൊടുക്കുന്ന മറുപടി നൽകുവാൻ തീരുമാനിച്ചു.<br>സ്ത്രീകളുടെ ഉന്നമനത്തിനായി 1998 മുതൽ ആരംഭിച്ചിട്ടുള്ള കുടുംബശ്രീ സംവിധാനത്തിലെ ഗ്രാമപഞ്ചായത്ത്തല ഭരണസമിതിയാണ് കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി(സി.ഡി.എസ്). ആയതിന്റെ രക്ഷാധികാരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടാണ്. മെമ്പർ സെക്രട്ടറിയായി പ്രവർത്തിക്കുന്നത് കുടുംബശ്രീ ചാർജ്ജ് ഓഫീസറായി ഗ്രാമപഞ്ചായത്ത് തീരുമാനിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ ആയിരിക്കും. പുത്തൂർ ഗ്രാമപഞ്ചായത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെയാണ് ആയതിന് നിയോഗിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | വീടുകളുടെ പുനഃരുദ്ധാരണം (പൊതുവിഭാഗം), വീട് അറ്റകുറ്റപണി (പട്ടികജാതി വിഭാഗം) തുടങ്ങിയ പദ്ധതികൾക്ക് പണികൾ ഗുണഭോക്താക്കൾ വ്യക്തിപരമായി നടത്തി തുക കൈപ്പറ്റുന്നതിന് പകരം കുടുംബശ്രീയുടെ വാർഡ്തല സമിതിയായ ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റി (എ.ഡി.എസ്) മുഖേന നടത്തി സഹായിക്കണമെന്ന് പത്താം പഞ്ചവത്സരപദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഉണ്ടായിരുന്നതാണ്. ഇത്തരത്തിൽ ദാരിദ്ര്യലഘൂകരണ ഉപപദ്ധതിയുടെ ഭാഗമായ പ്രൊജക്ടുകൾ നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാന പ്രകാരമാണ് പദ്ധതികൾ മെമ്പർ സെക്രട്ടറിയെ ഏൽപ്പിച്ചിട്ടുള്ളത്. മെമ്പർ സെക്രട്ടറി ട്രഷറിയിൽ നിന്നും തുക പിൻവലിക്കാൻ അധികാരപ്പെട്ട ഡ്രോയിംഗ് ഓഫീസർ അല്ലാത്തതിനാലാണ് സെക്രട്ടറിയെ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തിയത്. സെക്രട്ടറി തുക പിൻവലിച്ച് മെമ്പർ സെക്രട്ടറിക്ക് കൈമാറി കഴിഞ്ഞശേഷം നിർവ്വഹണ ചുമതല പഞ്ചായത്ത് തീരുമാനമെടുത്ത് മെമ്പർ സെക്രട്ടറിക്ക് ഏൽപ്പിച്ചിട്ടില്ല എന്ന സാങ്കേതിക തടസ്സമാണ് യഥാർത്ഥത്തിൽ |

| | | | |
|---|---|---|---|
| | | | ഉണ്ടായിട്ടുള്ളത്. മെമ്പർ സെക്രട്ടറി ആയ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് മറ്റുപ്രൊജക്ടുകളുടെ കുടി നിർവ്വഹണ ചുമതല ഉണ്ടായിരുന്നതിനാലും സഹായത്തിന് മറ്റു ജീവനക്കാരൊന്നും ഇല്ലാതിരുന്നതിനാലും മാർച്ച് 31 നകം പദ്ധതികൾ നടപ്പായിട്ടുണ്ടായിരുന്നെങ്കിലും ചെക്കുകൾ യഥാസമയം തയ്യാറാക്കി നൽകുവാൻ കാലതാമസം വരികയാണുണ്ടായിട്ടുള്ളത്. പണമായി ഒന്നും കൈവശം ഉണ്ടായിട്ടില്ല. ബാങ്ക് അക്കൗണ്ടിൽ നിന്നും ചെക്ക് നൽകുകയാണുണ്ടായിട്ടുള്ളത്. തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. ബാക്കി വന്ന തുകയെ സംബന്ധിച്ച് ബഹു.അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ച പ്രകാരം 410250 രൂപ 18.11.2011 തിയ്യതിയിൽ ചലാൻ നമ്പർ 492 ആയി തൃശ്ശൂർ സബ്ട്രഷറിയിൽ മെമ്പർ സെക്രട്ടറി ഒടുക്കിയിട്ടുണ്ട്. കുടുംബശ്രീ എന്നത് ഒരു സ്വകാര്യ സ്ഥാപനം അല്ലാത്തതും, സ്തീകളുടെ ഉന്നമനം, ദാരിദ്ര്യലഘൂകരണം എന്നീ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്നതുമാകയാലും ഈ മേഖലകളിലെ പദ്ധതി നിർവ്വഹണത്തിന് കുടുംബശ്രീയെ ഉപയോഗിക്കാമെന്ന് |

| | | | |
|---|---|---|---|
| | | | മാർഗ്ഗനിർദ്ദേശങ്ങൾ ഉള്ളതിനാലുമാണ് ഇപ്രകാരം നിർവ്വഹണം നടത്തിയത്. ആയതിനാൽ പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാസമിതി മുമ്പാകെ അപേക്ഷിക്കുന്നു'. |
| 2008–09 | 3.5.8 | ഭവനനിർമ്മാണം-ധനസഹായം നൽകിയതിലെ അപാകത ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002–03, ഖണ്ഡിക നമ്പർ:3–2 ഈ പദ്ധതി പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരിൽ സ്വന്തമായി ഭൂമിയുള്ളതും സ്വന്തമായി വീടില്ലാത്തതുമായ കുടുംബങ്ങൾക്ക് വീടൊന്നിന് 22000 രൂപ ധനസഹായം നൽകാൻ വിഭാവനം ചെയ്തിരുന്നു. എന്നാൽ കൈവശസർട്ടിഫിക്കറ്റോ, പട്ടയമോ ഇല്ലാതെ അനധികൃതമായി 01.01.1977 ന് മുമ്പ് ഭൂമി കൈവശം വെച്ചിരുന്നവരാണ് എന്ന് ബന്ധപ്പെട്ട വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള 21 ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിച്ചത്. പട്ടയമോ, കൈവശരേഖയോ ഇല്ലാതെ അനധികൃതമായി കൈവശം വച്ചുവരുന്ന ഭൂമിയിലാണ് വീട് നിർമ്മാണത്തിന് ധനസഹായം നൽകിയിരിക്കുന്നത്. | ഈ ഓഡിറ്റ് പരാമർശം 06.06.2012 തിയ്യതിയിൽ ചേർന്ന പഞ്ചായത്ത് ഭരണസമിതി വായിച്ച് ചർച്ച ചെയ്യുകയും യോഗത്തിന്റെ VIII(2)-ാം നമ്പർ തീരുമാന പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കുന്ന തിനായി താഴെ പറയുന്ന വസ്തുതകൾ വിശദീകരിച്ച് ബഹു.നിയമസഭാ സമിതി മുമ്പാകെ അപേക്ഷിക്കു ന്നതിന് തീരുമാനിച്ചു.<br>'22.06.1999 ലെ തദ്ദേശഭരണ(പി) വകുപ്പ് 24686/പി3/99/ത.ഭ.വ നമ്പർ സർക്കുലർ പ്രകാരം 1977ന് മുമ്പ് മുതൽ വനഭൂമി കൈവശം വെച്ച് വരുന്ന മതിയായ രേഖകളില്ലാത്ത ഭവനരഹിതർക്ക് ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായ ഭവനനിർമ്മാണ പദ്ധതികളിൽ ഗുണഭോക്താക്കളായി തെരഞ്ഞെടുത്ത് ആനുകൂല്യം നൽകുന്നതിന് ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ടിൽ (വനംവകുപ്പും, റവന്യുവകുപ്പും സംയുക്തമായി നടത്തിയത്.) ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത്പ്രകാരം ചെയ്യാവുന്നതാണെന്ന് നിർദ്ദേശിച്ചിരുന്നതാണ്. പുത്തൂർ |

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സംയുക്തപരിശോധന നടന്നിട്ടുള്ളതാണ്. വർഷങ്ങൾക്കു മുമ്പ് നടന്നിട്ടുള്ള തിനാൽ ഇപ്പോഴുള്ളവരുടെ പിതാവിന്റെയോ, അദ്ദേഹത്തിന്റെ പിതാവിന്റെയോ പേരായിരിക്കും റിപ്പോർട്ടിൽ ഉണ്ടായിരിക്കുക എന്നുള്ള ഒരു ന്യൂനതയാണ് ഉള്ളത്. പ്രസ്തുത ഭൂമി തന്നെയാണ് ഇപ്പോഴും അനന്തരാവകാശികൾ കൈവശം വെച്ചുവരുന്നത്. പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പൂർണ്ണമായും പരിശോധന നടത്തി വനത്തിന്റെ അതിർത്തിയിൽ ജണ്ടകൾ സ്ഥാപിച്ചിട്ടുള്ളതാണ്. വനാതിർത്തിയിലുള്ള സ്ഥലങ്ങളിൽ ആനുകൂല്യങ്ങൾ നൽകിയിട്ടില്ലാത്തതാണ്. എൻ.ആർ.എഫ് ഇനത്തിൽ പ്പെട്ടതാണ് ഈ പ്രദേശത്തെ വനഭൂമികൾ. ആയതിന് പട്ടയമോ, കൈവശരേഖയോ ഇല്ലാത്തതിനാൽ വില്ലേജ് ഓഫീസർമാർ "അനധികൃതമായി കൈവശം വെച്ചുവരുന്ന" എന്നായിരിക്കും സാക്ഷ്യപത്രത്തിൽ എഴുതുക. അമ്പതിലധികം വർഷങ്ങളായി കുടിയേറിപ്പാർത്ത് വനഭൂമി കൈവശം വെച്ച് വരുന്നവരാണ് ഈ പ്രദേശത്തുള്ളത്. വനത്തിന്റെ അടുത്ത് തന്നെ പട്ടയം ലഭിച്ച ഭൂമികളും ഉണ്ട്. എന്നാൽ ഇപ്പോഴത്തെ വനത്തിൽ നിന്നും ദൂരെയുള്ള ഭൂമികൾ ഇപ്പോഴും പട്ടയം ലഭിക്കാതെ |

| | | | |
|---|---|---|---|
| | | | ബാക്കിയുണ്ട്. വീടുകളും, കൃഷിസ്ഥലങ്ങളും നിറഞ്ഞ പ്രദേശമാണ് വീണ്ടും വനമാക്കി മാറ്റുവാൻ പറ്റാത്തത് ആയതിനാനാലാണ് എൻ.ആർ.എഫ് എ൯ വിശേഷിപ്പിക്കുന്നത് എന്നും അറിയുന്നു. ബ്ലോക്ക് പഞ്ചായത്ത് മുഖേന നടത്തുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിര ആവാസ് യോജനയിൽ ഇത്തരം ഭൂമിയിൽ ആനുകൂല്യം നൽകുന്നതിന് തടസ്സമില്ലാത്തതും അപ്രകാരം നൽകി വരുന്നതുമാണ്. ഭവനരഹിതരായ എല്ലാവർക്കും വീട് നൽകുക എന്ന ഉദ്ദേശത്തോടെയാണ് ഗ്രാമപഞ്ചായത്ത് ആനുകൂല്യം നൽകിയിട്ടുള്ളത്. ഭൂമി കൂടി നൽകണമെങ്കിൽ വലിയ പണചെലവ് വരുന്നതും ആയതിന് ഗ്രാമപഞ്ചായത്തിന് ശേഷിയില്ലാത്തതുമാണ്. മേൽ കാരണങ്ങളാലാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാസമിതി മുമ്പാകെ അപേക്ഷിക്കുന്നതിന് തീരുമാനിച്ചു'. |

| | | | |
|---|---|---|---|
| | | കൈപറ്റിയവർ പണി പൂർത്തീകരിച്ചിട്ടില്ല. രേഖകൾ ഹാജരാക്കിയില്ല. | ഉൾപ്പെട്ടിട്ടുള്ള ഖണ്ഡിക 3-6 (എ&ബി) 12.05.2010 ലെ എൽ.എഫ്.ടി. 21-811/10 നമ്പർ കത്ത് പ്രകാരം ഒഴിവാക്കിയിട്ടുള്ളതാണ് എന്ന് അിറയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. |
| 3.6.7 (2008-09) | മതിലകം | **വ്യവസായ വിപണന കേന്ദ്രം - വൈദ്യുതീകരണം നടത്തിയില്ല.**<br>പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് പരിധിയിൽ മേൽ കെട്ടിടത്തിന്റെ പണി 4-10-2004 ൽ പൂർത്തീകരിച്ചെങ്കിലും നാളിതു വരെ വൈദ്യുതീകരിച്ച് ഉപയോഗയോഗ്യമാക്കിയിട്ടില്ല. 2002-0 ൽ 12,80,337/- രൂപ എസ്റ്റിമേറ്റ് കണക്കാക്കി 4000 ചതുരശ്ര മീറ്റർ തറ വിസ്തീർണത്തിൽ നിർമിച്ച കെട്ടിടത്തിന് 11,99,748/- രൂപ നിർമാണ ചെലവ് നിശ്ചയിച്ച് നികുതികൾ കഴിച്ച് ബാക്കി തുക നൽകിയിട്ടുണ്ട്.<br>4-10-2004 ൽ പണി പൂർത്തീകരിച്ച കെട്ടിടം വൈദ്യുതീകരിക്കുന്നതിന് 1,80,000/- രൂപ എസ്റ്റിമേറ്റ് നിശ്ചയിച്ച് 2006-07 ൽ 90/06 നമ്പരായി പ്രോജക്ട് ഉൾപ്പെടുത്തുകയും നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച നിർമിതി കേന്ദ്രത്തിന് 6-9-2007 ൽ 36,000 രൂപ അഡ്വാൻസ് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പണി പൂർത്തീകരിച്ച് നാളിത് വരെയും കെട്ടിടം ഉപയോഗയോഗ്യമാക്കുന്നതിനുള്ള കാരണം വ്യക്തമല്ല. വ്യക്തമായ മറുപടി ഇക്കാര്യത്തിൽ നൽകേണ്ടതാണ്. | വ്യവസായ വിപണനകേന്ദ്രം സ്ഥിതിചെയ്യുന്നത് മൂന്നുപീടിക മത്സ്യമാർക്കറ്റിനോട് ചേർന്നായതിനാൽ ചുറ്റുപാടുകൾ വൃത്തിഹീനമാണെന്ന കാരണത്താൽ തുടക്കത്തിൽ മുറിയെടുത്ത് സംരംഭങ്ങൾ തുടങ്ങാൻ സ്വയം സഹായ സംഘങ്ങൾ മുന്നോട്ട് വന്നിരുന്നില്ല. കെട്ടിടം പണികഴിഞ്ഞ് അധികം വൈകാതെതന്നെ മുസരീസ് അപ്പാരൽസ് എന്ന സ്ഥാപനം വാടകയ്ക്ക് മുറി എടുക്കുകയും അവർക്ക് മുറി വൈദ്യുതീകരിച്ച് നൽകുകയും ചെയ്തു. ഇത്തരത്തിൽ സംരംഭകർ മുറിയെടുക്കുന്നതനുസരിച്ച് മുറികൾ വൈദ്യുതീകരിച്ച് നൽകിയിട്ടുണ്ട്. ഇപ്പോൾ ടി കെട്ടിടത്തിലെ മുറികൾ പൂർണ്ണമായും വൈദ്യുതീകരച്ചിട്ടുണ്ട്. തുടക്കത്തിൽ എല്ലാ മുറികളും വൈദ്യുതീകരിച്ചിരുന്നെങ്കിൽ സംരംഭകർ ഇല്ലാതെ തന്നെ നല്ലൊരു തുക കെ.എസ്.ഇ.ബി.ക്ക് ബ്ലോക്ക് പഞ്ചായത്ത് വൈദ്യുതി ചാർജ്ജിനത്തിൽ നൽകേണ്ടതായും വരുമായിരുന്നു. ഈ സാഹചര്യത്തിൽ പരാമർശം ഒഴിവാക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. |
| 3.7.3 (2008-09) | | ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ വിവിധ ആവശ്യങ്ങൾക്കായി ചെലവഴിച്ച തുകയുടെ രേഖകൾ ഓഡിറ്റന്റെ പരിശോധനയ്ക്കായി ഹാജരാക്കുകയുണ്ടായില്ല. രേഖകൾ | <u>പ്ലാൻ പി.ഡി.വൗച്ചറുകൾ നൽകിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു.(53120/-)</u><br><br>പുന്നയൂർക്കുളം പഞ്ചായത്ത് കുടിവെള്ള പദ്ധതി കൺവീനർ ശ്രീ. കെ. ശ്രീകുമാറിന് നൽകിയ 22500/- രൂപ ഒരുമനയൂർ ശ്മശാനം പദ്ധതി |

| | | | |
|---|---|---|---|
| | 1) ചാവക്കാട് | ഹാജരാക്കാത്തതിനാൽ ചെലവിന്റെ നിജസ്ഥിതി മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 88,88,593/- രൂപ ചെലവ് രേഖകൾ ഹാജരാക്കുന്നതിന് വേണ്ടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദവിവരം താഴെ കൊടുത്തിരിക്കുന്നു.<br><br>\| ഓഡിറ്റ് റിപ്പോർട്ട് \| ഖണ്ഡിക \| തുക \|<br>\| 1999-00 \| 2-4 \| 53120 \|<br>\| 1997-98 \| 2-6 \| 396583 \|<br>\| 2000-01 \| 2-4(ബി) \| 300000 \|<br>\| 2000-01 \| 2-7 \| 367256 \|<br>\| 2000-01 \| 2-9 \| 848032 \| | കൺവീനർ ശ്രീ.വി.വി. നാരായണന് നൽകിയ 30620/- രൂപ എന്നിവയുമായി ബന്ധപ്പെട്ട പ്ലാൻ പി.ഡി. വൗച്ചറുകൾ നൽകിയിട്ടില്ല എന്നതാണ് ഓഡിറ്റ് പരാമർശ വിഷയം. 1999-2000 വർഷം നടപ്പിലാക്കിയ ടി പദ്ധതിയുടെ ഓഡിറ്റ് പരിശോധന നടക്കുന്നത് സെപ്റ്റംബർ 2007 വർഷത്തിലാണ്. ഇതിനിടയിൽ പദ്ധതി നടപ്പിലാക്കിയ ഉദ്യോഗസ്ഥരും മറ്റ് അനുബന്ധ ഉദ്യോഗസ്ഥരും സ്ഥലംമാറ്റം മുഖേന മറ്റ് ഓഫീസുകളിൽ ആയിരിക്കുകയും പരിശോധന സമയത്ത് യഥാസമയം ഫയലുകളും, മറ്റ് രേഖകളും കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും വീഴ്ച വന്നിട്ടുണ്ടെന്ന് അനുമാനിക്കുന്നു. എങ്കിൽ തന്നെയും ബ്ലോക്ക് പഞ്ചായത്തിൽ നിലവിൽ നടത്തിയ പരിശോധനയിൽ മേൽ പദ്ധതികൾ നടപ്പിലാക്കിയതിന്റെ വർക്ക് രജിസ്റ്ററും ക്യാഷ് ബുക്കും കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ടി രേഖകൾ പ്രകാരം പദ്ധതി പ്രകാരം വകയിരുത്തിയ മുഴുവൻ തുകയും വിവിധ തിയതികളിൽ കൈമാറിയിട്ടുള്ളതായും അപ്രകാരം ഫൈനൽ പേമെന്റ് നടത്തി പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാകുന്നു. മേൽ രണ്ട് പദ്ധതികളും നടപ്പിലാക്കിയ പുന്നയൂർക്കുളം, ഒരുമനയൂർ പഞ്ചായത്തുകളിൽ ടി പദ്ധതി നിലവിലുണ്ടെന്ന് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർ അറിയിച്ചിട്ടുണ്ട്. മേൽ വിശദീകരണം സ്വീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.<br><br>**ബ്ലോക്ക് പഞ്ചായത്ത് കെട്ടിട നിർമ്മാണം - പ്രവൃത്തിയുടെ ഫയൽ ലഭ്യമാക്കിയിട്ടില്ല**<br><br>1995-96 കാലഘട്ടത്തിൽ ജനകീയാസൂത്രണ പദ്ധതി ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കിയതിനെത്തുടർന്നാണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് സർക്കാർ ഉത്തരവാകുന്നത്. ഇതിനെ തുടർന്ന് ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് 1997-98 ലും, 2000-01 വർഷത്തിലും പ്ലാൻ ഫണ്ട് മുഖേന ബ്ലോക്ക് പഞ്ചായത്ത് കെട്ടിട നിർമ്മാണം, ബ്ലോക്ക് പഞ്ചായത്ത് കെട്ടിട നിർമ്മാണ പൂർത്തീകരണം എന്നീ പ്രവൃത്തികൾ ഏറ്റെടുക്കുകയുണ്ടായി. ഇതിൽ 1997-98 ൽ ഏറ്റെടുത്ത |

| | | | |
|---|---|---|---|
| | | | ബ്ലോക്ക് പഞ്ചായത്ത് കെട്ടിട നിർമ്മാണം എന്ന പദ്ധതിയുടെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല എന്നതാണ് സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന ഓഡിറ്റ് ഖണ്ഡിക. 1997-98 ൽ 4,00,000/- രൂപയും 2000-01 ൽ 92000/- രൂപയും വകയിരുത്തി നടപ്പിലാക്കിയ ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം ഏകദേശം 4000 ചതുരശ്ര അടി വിസ്തീർണ്ണമുള്ളതും നിലവിൽ ബ്ലോക്ക് പഞ്ചായത്ത് പ്രവർത്തനങ്ങൾ പൂർണ്ണമായി നിറവേറ്റികൊണ്ടിരിക്കുന്നതുമാണ്. പൂർത്തീകരണം സംബന്ധിച്ച വിശദാംശങ്ങൾ 2000-01ൽ ഏറ്റെടുത്ത ബ്ലോക്ക് പഞ്ചായത്ത് കെട്ടിട നിർമ്മാണ പൂർത്തീകരണം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട വർക്ക് രജിസ്റ്റർ, ക്യാഷ് ബുക്ക് എന്നിവയിൽ നിന്നും ലഭ്യമാണ്. 1997-98 ൽ ഏറ്റെടുത്ത് നടപ്പിലാക്കിയ ടി പദ്ധതിയുടെ ഓഡിറ്റ് നടക്കുന്നത് 2007 സെപ്തംബറിലാണ്. ഏകദേശം 10 വർഷത്തോളം കഴിഞ്ഞതിന് ശേഷം മാത്രമാണ്. ഇക്കാലയളവിൽ ടി പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥരും മറ്റ് അനുബന്ധ ഉദ്യോഗസ്ഥരും സ്ഥലം മാറിപ്പോയിട്ടുള്ളതും ആയതിനാൽ തന്നെ ഓഡിറ്റ് സമയത്ത് യഥാസമയം ഫയൽ ഹാജരാക്കുന്നതിന് ബുദ്ധിമുട്ടുണ്ടായിട്ടുള്ളതാണ്. ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ടി കെട്ടിടവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്<br><br>__തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ പരിശീലനം രേഖകൾ ഹാജരാക്കാത്തത്__<br><br>ടി ഖണ്ഡികയിലെ (ബി) ടെക്നോസോഫ്റ്റ് കമ്പ്യൂട്ടർ ട്രെയിനിംഗ് ഡിവിഷൻ, ചാവക്കാട് എന്ന സ്ഥാപനത്തിന് നൽകിയ 1,50,000/- രൂപയുടെ രേഖകൾ മാത്രമെ ഹാജരാക്കുവാൻ അവശേഷിക്കുന്നുള്ളൂ. ടി കമ്പ്യൂട്ടർ പരിശീലനവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിൽ നിന്നും സ്വീകരിച്ച അപേക്ഷകൾ ഓഫീസിൽ നടത്തിയ തെരച്ചിലിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്. പദ്ധതി നടത്തിയ കാലയളവിലെ വർക്ക് രജിസ്റ്റർ, ക്യാഷ് ബുക്ക് എന്നിവ കണ്ടെത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ടി രജിസ്റ്റർ പ്രകാരം മുഴുവൻ തുകയും ടി സ്ഥാപനത്തിന് വിവിധ തിയതികളിൽ നൽകിയിട്ടുള്ളതാണ്. ടി പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥയായ വ്യവസായ വികസന ഓഫീസർ ശ്രീമതി. പി.ജി. കനകവല്ലിയോട് രേഖകൾ ഹാജരാക്കുന്നതിന് 16-3-2012, 27-6-2013, 17-8-2016, 27-8-2019 എന്നീ തിയതികളിൽ രജിസ്റ്റേഡ് ആയും അല്ലാതെയും കത്തുകൾ നൽകിയിരുന്നു. 2000-01 കാലഘട്ടങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കിയ തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ പരിശീലനം എന്ന പദ്ധതിയുടെ ഓഡിറ്റ് നടത്തിയിരിക്കുന്നത് സെപ്റ്റംബർ 2007 ലാണ്. അതായത് 7 വർഷം കഴിഞ്ഞതിന് ശേഷം. ഇതിനിടയിൽ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പലതവണ സ്ഥലം മാറ്റം നടന്നിട്ടുള്ളതാണ്. കൂടാതെ ബ്ലോക്ക് പഞ്ചായത്ത് പുതിയ കെട്ടിടത്തിലേക്ക് മാറ്റപ്പെടുകയും ചെയ്തിട്ടുണ്ട്. അതുമൂലം ഓഡിറ്റ് സമയത്ത് ഫയൽ കണ്ടെത്തി ഹാജരാക്കുവാൻ സാധിച്ചിട്ടില്ലെന്ന് അനുമാനിക്കുന്നു. മേൽ വിശദീകരണങ്ങളുടെയും, രേഖകളുടെയും വെളിച്ചത്തിൽ ടി പരാമർശം ഒഴിവാക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്.<br><br><u>പി.വി.സി. പൈപ്പ്, മോട്ടോർ അനുബന്ധ സാമഗ്രികൾ വാങ്ങിയത്:</u><br><br>2000-01 ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-7 ൽ പരാമർശിച്ച പി.വി.സി. പൈപ്പ് മോട്ടോർ അനുബന്ധ സാമഗ്രികൾ വാങ്ങിയത്36725 രൂ ജനകീയാസൂത്രണ പദ്ധതി പ്രകാരം ഏറ്റെടുത്ത് നടപ്പിലാക്കിയ ഒരുമനയൂർ ഗ്രാമപഞ്ചായത്തിലെ പാലംകടവ് മുത്തമ്മാവ് പൈപ്പ്ലൈൻ നീട്ടൽ 149559/-, ഒരുമനയൂർ കുടിവെള്ള പദ്ധതി 76985/-, പൂക്കോട് ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതി 141312/- എന്നീ കുടിവെള്ള പദ്ധതികൾക്കായി റെയ്ഡ്കോയിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന്റെ 5-11-1999 ലെ 112/99(7) നമ്പർ തീരുമാനപ്രകാരം വാങ്ങിയ പൈപ്പുകൾ, 2 മോട്ടോർ, മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവക്കായി ചെലവഴിച്ച തുകയാണ് 367256/. ഒരുമനയൂർ, പൂക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ നടപ്പിലാക്കുന്ന ടി പദ്ധതികൾക്ക് വേണ്ടിയുള്ള |

49



| | | | |
|---|---|---|---|
| | | | സാധനസാമഗ്രികൾ യഥാസമയം അതാത് പഞ്ചായത്ത് സെക്രട്ടറിമാർക്ക് കൈമാറുകയുണ്ടായി. ആയത് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതാണ്. മേൽ പരാമർശിച്ച 3 കുടിവെള്ള പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്ത് മുഖേന ക്യാഷ് ബുക്ക്, വർക്ക് [illegible] പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന തുകകൾ ചെലവഴിച്ചതായി കാണുന്നു.<br>1) പാലംകടവ് മുത്തമ്മാവ് പൈപ്പ്ലൈൻ നീട്ടൽ ഒരുമനയൂർ ഗ്രാമപഞ്ചായത്ത് - 269109/-<br>2) ഒരുമനയൂർ കുടിവെള്ള പദ്ധതി ഒരുമനയൂർ ഗ്രാമപഞ്ചായത്ത് - 114094<br>3) പൂക്കോട് കുടിവെള്ള പദ്ധതി പൂക്കോട് ഗ്രാമപഞ്ചായത്ത് - 141312/-<br><br>[illegible] സെക്രട്ടറിമാർ മുഖേന നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളായതിനാൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം സാധന സാമഗ്രികളുമായി അതാത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് കൈമാറുകയാണുണ്ടായതെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ടി പദ്ധതികൾ ഗ്രാമപഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ട്. മുൻ ഖണ്ഡികകളിൽ പരാമർശിച്ച പ്രകാരം 2000-01 ലെ പദ്ധതിയുടെ ഓഡിറ്റ് നടന്നിട്ടുള്ളത് 2007 സെപ്തംബർ മാസത്തിലാണ്. ആയതിനാൽ തന്നെ രേഖകൾ ഹാജരാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടായിരുന്നതായി മനസ്സിലാക്കുന്നു. മേൽ വിശദീകരണം സ്വീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്.<br><br><u>ഫയലുകൾ ഹാജരാക്കിയിട്ടില്ല - വിവിധ പ്രവൃത്തികളിലായി 8,48,032/-തുക തടസ്സപ്പെടുത്തുന്നു.</u><br><br>മേൽ ഖണ്ഡികയിൽ പരാമർശിച്ച ഫയലുകൾ 14-1-2010 ന് നടത്തിയ ഓഡിറ്റ് അദാലത്തിൽ ഹാജരാക്കിയിട്ടുള്ളതായി 12-5-2010 ലെ എൽ.എഫ്.ടി. 21/ 736/10, 19-5-11 ലെ എൽ.എഫ്.ടി. 21/1232/10 എന്നീ |

| | | | |
|---|---|---|---|
| | | | കത്തുകൾ പ്രകാരം തൃശ്ശൂർ ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ അംഗീകരിച്ചിട്ടുള്ളതാണ്. ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന ഇരിങ്ങപ്പുറം കോളനിയിൽ കിണർ താഴ്ത്തി കുടിവെള്ള പ്രവൃത്തി, എടക്കഴിയൂർ പുന്നയൂർ മൂവിങ് ബ്രിഡ്ജ്, കമ്പ്യൂട്ടർ ട്രെയിനിംഗ് കോഴ്സ് എന്നിവയുടെ ഫയലുകൾ ലഭ്യമായിട്ടുണ്ട്. കൂടാതെ ഖണ്ഡികയിൽ പരാമർശിച്ച എല്ലാ പ്രവൃത്തികളുടെയും വർക്ക് രജിസ്റ്റർ, ക്യാഷ് ബുക്ക് എന്നിവയും ലഭ്യമായിട്ടുണ്ട്. ക്യാഷ് ബുക്ക്, വർക്ക് രജിസ്റ്റർ എന്നിവ പ്രകാരം മേൽ പ്രവൃത്തികളെല്ലാം തന്നെ പൂർത്തീകരിച്ചിട്ടുള്ളതും, മുഴുവൻ തുകയും കൈമാറിയിട്ടുള്ളതുമാണ്. മേൽ വിശദീകരണം സ്വീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. |
| 3.7.3 (2008-09) | **2. ചൊവ്വന്നൂർ** | 1) പ്ലാൻ പി.ഡി. ചെലവുകളുടെ രേഖകൾ ഹാജരാക്കിയിട്ടില്ല. | പഞ്ചായത്ത് ഗൈഡും ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് വാങ്ങിയ രജിസ്റ്ററുകളും ഫോറങ്ങളും സ്റ്റോക്കിലെടുത്തിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററിന്റെ ശരിപകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. തടസ്സപ്പെടുത്തിയ തുകയായ 735/- രൂപയുടെ ബില്ലും വൗച്ചറും ഇതോടൊപ്പം സമർപ്പിക്കുന്നു. ഹോട്ട് ബോക്സുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഓഫീസിൽ ലഭ്യമല്ല എന്ന് സി.ഡി.പി.ഒ. രേഖാമൂലം അറിയിച്ചിട്ടുണ്ട്. |
| | | 2) രേഖകൾ ഹാജരാക്കിയിട്ടില്ല. | വിവിധ പ്രോജക്ടുകളുടെ കൈപ്പറ്റ് രസീതുകൾ ലഭ്യമായിട്ടുണ്ട്. ആയത് ഓഡിറ്റിന് ഹാജരാക്കുന്നതാണ്.<br>1) കണ്ടോലിപ്പാടം തോട്ടിൽ ചീപ്പ് നിർമ്മാണം കരാറുകാരന് നൽകിയ 85,094 രൂപയുടെ കൈപ്പറ്റ് രസീത് ലഭ്യമായിട്ടുണ്ട്.<br>2) പട്ടിക്കര എസ്.സി. കോളനി കുടിവെള്ള പദ്ധതി കൺവീനർക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ 15000/- രൂപയുടെ കൻറിജൻറ് ബിൽ ലഭ്യമായിട്ടുണ്ട്.<br>3) പണിക്കപറമ്പ് കോളനി കുടിവെള്ള പദ്ധതി - കരാറുകാരന് നൽകിയ 25739 രൂപയുടെ കൈപ്പറ്റ് രസീത് ലഭ്യമായിട്ടുണ്ട്.<br>4) കാരിയാമ്പ്ര കിണർ അഭിവൃദ്ധി പണി- കരാറുകാരന് നൽകിയ 13961/- രൂപയുടെ കൈപ്പറ്റ് രസീത് ലഭ്യമായിട്ടുണ്ട്. |

25 51



| | | | |
|---|---|---|---|
| | | | 5) മണലിചിറ-ചിറപ്പറമ്പ് നോട് സൈഡ് പ്രൊട്ടെക്ഷൻ പാർട്ട് ബിൽ - കരാറുകാരന് നൽകിയ 50000 രൂപയുടെ കൈപ്പറ്റ് രസീത് ലഭ്യമായിട്ടുണ്ട്.<br>6) മരത്തംകോട്- പുതുശ്ശേരി റോഡ് പുനരുദ്ധാരണം -ഫൈനൽ ബിൽ - പ്രൊജക്ട് ഫയൽ ലഭ്യമായിട്ടുണ്ട്<br>7) ചൊവ്വന്നൂർ ബ്ലോക്ക് ഓഫീസ് കെട്ടിടത്തിന്റെയും കിണറിന്റെയും അറ്റകുറ്റപണി - ഫൈനൽ ബിൽ - കരാറുകാരന് നൽകിയ 99472 രൂപയുടെ കൈപ്പറ്റ് രസീത് ലഭ്യമായിട്ടുണ്ട്<br>8) കടവല്ലൂർ ഗ്രാമപഞ്ചായത്ത് കിണർ അഭിവൃദ്ധിപ്പണി ഫൈനൽ ബിൽ - കരാറുകാരന് നൽകിയ 9861 രൂപയുടെ കൈപ്പറ്റ് രസീത് ലഭ്യമായിട്ടുണ്ട്<br>9) ചെമ്മന്തിട്ട ശുദ്ധജല വിതരണ പദ്ധതി- ഫൈനൽ ബിൽ- കരാറുകാരന് നൽകിയ 68976 രൂപയുടെ കൈപ്പറ്റ് രസീത് ലഭ്യമായിട്ടുണ്ട്<br>10) കൊള്ളഞ്ചേരിതോട് അഭിവൃദ്ധി പണി - പാർട്ട് ബിൽ - കരാറുകാരന് നൽകിയ 150101 രൂപയുടെ കൈപ്പറ്റ് രസീത് ലഭ്യമായിട്ടുണ്ട്<br>11) പഴഞ്ഞി ഗവൺമെൻറ് സ്കൂൾ - ചുറ്റമതിൽ കെട്ടൽ- ഫൈനൽ ബിൽ - കരാറുകാരന് നൽകിയ 88547 രൂപയുടെ കൈപ്പറ്റ് രസീത് ലഭ്യമായിട്ടുണ്ട്<br>12) വി.ഇ.ഒ. ഓഫീസ് അറ്റകുറ്റപണി - ഫൈനൽ ബിൽ - കരാറുകാരന് നൽകിയ 45455 രൂപയുടെ കൈപ്പറ്റ് രസീത് ലഭ്യമായിട്ടുണ്ട്<br>13) ജറുസലേം പൊന്നം റോഡ് അഭിവൃദ്ധി പണി - ഫൈനൽ ബിൽ - കരാറുകാരന് നൽകിയ 94027 രൂപയുടെ കൈപ്പറ്റ് രസീത് ലഭ്യമായിട്ടുണ്ട്<br>14) പൂക്കാട്- അമ്പലനട റോഡ് ടാറിംഗ് - ഒന്നാം ഘട്ടം - പാർട്ട് ബിൽ- കരാറുകാരന് നൽകിയ 150421 രൂപയുടെ കൈപ്പറ്റ് രസീത് ലഭ്യമായിട്ടുണ്ട്<br>15) പൂക്കാട്- അമ്പലനട റോഡ് ടാറിംഗ് - രണ്ടാം ഘട്ടം - പാർട്ട് ബിൽ - കരാറുകാരന് നൽകിയ 56236 രൂപയുടെ കൈപ്പറ്റ് രസീത് ലഭ്യമായിട്ടുണ്ട്<br>16) അയിനൂർ ലക്ഷംവീട് കുടിവെള്ള പദ്ധതി- ഫൈനൽ ബിൽ - കരാറുകാരന് നൽകിയ 7833 രൂപയുടെ കൈപ്പറ്റ് രസീത് ലഭ്യമായിട്ടുണ്ട്<br>17) പാപ്പിരുത്തിത്താഴം തെക്കേപടവ് സ്ലയിസ് വാൽവ് നിർമ്മാണം - |

| | | | |
|---|---|---|---|
| | | | കരാറുകാരന് നൽകിയ 74750 രൂപയുടെ കൈപ്പറ്റ് രസീത് ലഭ്യമായിട്ടുണ്ട് |
| | | 3) ടാർ വാങ്ങൽ- ഫയൽ ഹാജരാക്കിയിട്ടില്ല. | രേഖകൾ കണ്ടെത്തുന്നതിനുള്ള ശ്രമം നടന്ന് കൊണ്ടിരിക്കുന്നു. |
| | | 4) രേഖകൾ ഹാജരാക്കിയിട്ടില്ല. | പഴന്നാന കിഴക്കേതോട് പ്രൊട്ടെക്ഷൻ വർക്ക് - കരാറുകാരന് നൽകിയ 73,456/- രൂപയുടെ കൈപ്പറ്റ് രസീത് ലഭ്യമായിട്ടുണ്ട്.<br>20,71,641/- രൂപയുടെ രസീത് കണ്ടെത്താനായിട്ടില്ല. |
| 3.7.3 (2008-09) | 3.വെള്ളാങ്കല്ലൂർ | കൊമ്പത്തുകടവ് കുടിവെള്ള പദ്ധതി | 2002-03 ഓഡിറ്റ് റിപ്പോർട്ടിലെ 3-4 പരാമർശത്തിൽ പ്രതിപാദിച്ചിട്ടുള്ള കൊമ്പത്ത് കടവ് കുടിവെള്ള പദ്ധതിയുടെ രേഖകൾ വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ റെക്കോർഡ് റൂമിലും മുഴുവൻ അലമാരകളിലും പലവട്ടം പരിശോധിച്ചെങ്കിലും ഇതുവരെ കണ്ടെത്താൻ സാധിച്ചിട്ടില്ല. ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട് ഫയലുകൾ പുതിയ കെട്ടിടത്തിലേക്ക് മാറ്റിയ സാഹചര്യത്തിലാണ് ഫയലുകൾ നഷ്ടപ്പെട്ടത് എന്ന് കരുതുന്നു. പരാമർശത്തിൽ സൂചിപ്പിച്ച പണമിടപാട് നടത്തിയ മുരിയാട്, എ 1 പോളിമേഴ്സ് എന്ന സ്ഥാപനത്തിലും ഈ ഓഫീസിൽ നിന്നും വിശദമായ പരിശോധന നടത്തിയെങ്കിലും പ്രസ്തുത ഇൻവോയ്സിന്റെ പകർപ്പ് കണ്ടെത്താൻ സാധിച്ചിട്ടില്ല.<br><br>തദ്ദേശഭരണസ്ഥാപനങ്ങളുടെ 2001 മുതലുള്ള പദ്ധതി ചെലവ് സംബന്ധിച്ച അവലോകനറിപ്പോർട്ട്, സർക്കാരിന്റെ ഔദ്യോഗിക സ്ഥാപനമായ ഇൻഫോർമേഷൻ കേരള മിഷൻ പ്രസിദ്ധീകരിച്ചതിൽ 2002-03 പദ്ധതി വർഷം വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് കൊമ്പത്തുകടവ് കുടിവെള്ള പദ്ധതി എന്ന പ്രോജക്ടിൽ 2,41,134/- രൂപ ചിലവഴിച്ചതായുള്ള രേഖ ലഭ്യമായിട്ടുണ്ട്. ആയത് ഇതോടൊപ്പം സമർപ്പിക്കുന്നു. ഈ പദ്ധതി സംബന്ധിച്ച് പ്രാദേശിക പരിശോധന നടത്തുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയോട് അപേക്ഷിച്ചിട്ടുണ്ട്.<br>പദ്ധതി തുക ദുർവിനിയോഗം ചെയ്തിട്ടില്ല എന്ന് മനസ്സിലാക്കിക്കൊണ്ട് ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കി തരുവാൻ വിനയപൂർവ്വം അപേക്ഷിക്കുന്നു. |

53



| | | | |
|---|---|---|---|
| 3.7.3 (2008-09) | 4. മുല്ലശ്ശേരി | മോണിട്ടറിംഗ് ചെലവിന് തുക പിൻവലിച്ചത് - ചെലവ് വിവരം ലഭ്യമല്ല. | ടി ഫയൽ പരിശോധിച്ചതിൽ നിന്നും പദ്ധതി നിർവഹണത്തിനായി ചെലവഴിച്ച രേഖകൾ കണ്ടെത്തുവാനും സാധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി തരണമെന്ന് വിനീതമായി അപേക്ഷിക്കുന്നു. |
| 3.7.3 (2008-09) | 5. തളിക്കുളം | 1) എ.കെ.ജി ഭവൻ കോളനി കളംകെട്ട് പ്രവൃത്തിക്കുവേണ്ടി മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റി പണി പൂർത്തിയാക്കാത്തതാണ് ഓഡിറ്റ് പരാമർശം<br><br>2) ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ കമ്പ്യൂട്ടർ ക്യാബിൻ നിർമ്മാണം പ്രവൃത്തിക്കുവേണ്ടി മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റി പണി പൂർത്തിയാക്കാത്തതാണ് പരാമർശം | മൊബിലൈസേഷൻ അഡ്വാൻസ് വാങ്ങി പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന ടി പ്രവൃത്തിയുടെ കൺവീനർ മനോജ്.പി.വി. പട്ടാട്ട് വീട്, നാട്ടിക പി.ഒ എന്നവരോട് പ്രവൃത്തി പൂർത്തീകരിക്കണമെന്നവാശ്യപ്പെട്ട് പല തവണ അറിയിപ്പ് നൽകിയിട്ടുണ്ടായിരുന്നു. പ്രവൃത്തി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ തുക പലിശ സഹിതം വസൂലാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾക്കായി ആർ.ആർ. റിക്വസിഷൻ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നുവെങ്കിലും റവന്യൂ ഡിപ്പാർട്ട്മെന്റിൽ പ്രസ്തുത നടപടി തടസ്സപ്പെട്ട സാഹചര്യത്തിൽ 15/02/2016 ൽ വീണ്ടും ആർ.ആർ നടപടികൾക്ക് ജില്ലാ കള്ടർക്ക് ശുപാർശ ചെയ്തു. റവന്യൂ റിക്കവറിയിലൂടെ മാത്രമേ തുക വസൂൽ ചെയ്യാൻ കഴിയുകയുള്ളൂ. ആർ.ആർ. നടപടികളില്ലാത്ത സാഹചര്യത്തിൽ നടപടി ആവശ്യപ്പെട്ട് 09/08/2016 ലെ ബി 574/05 നമ്പർ കത്തിലൂടെ ചാവക്കാട് തഹസിൽദാർ (ആർ ആർ) നോട്ട് അഭ്യർത്ഥിച്ചിട്ടുണ്ട്.. ചാവക്കാട് താലൂക്കോഫീസ് ഞ്ഞ വിഭാഗത്തിൽ അന്വേഷിച്ചപ്പോൾ ടിയാന് സ്വന്തമായി ഭൂമിയോ സാമ്പത്തിക ശേഷിയോ ഇല്ലാത്തതു കൊണ്ട് വില്ലേജോഫീസിൽ നിന്നും ഡിമാൻറ് നോട്ടീസ് മടക്കിയിട്ടുണ്ടെന്ന് അറിയുവാൻ കഴിഞ്ഞു. ഈ സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.<br><br>മൊബിലൈസേഷൻ അഡ്വാൻസ് വാങ്ങി പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന ടി പ്രവൃത്തിയുടെ കൺവീനർ വിനോദ്.സി ആർ, ചേന്ദങ്ങത്ത് വീട്, തളിക്കുളം പി.ഒ എന്നവരോട് പ്രവൃത്തി പൂർത്തീകരിക്കണമെന്നവാശ്യപ്പെട്ട് പല തവണ അറിയിപ്പ് നൽകിയിട്ടുണ്ടായിരുന്നു. പ്രവൃത്തി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ തുക പലിശ സഹിതം വസൂലാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾക്കായി ആർ.ആർ. റിക്വസിഷൻ ജില്ലാ കളക്ടർക്ക് |

| | | | |
|---|---|---|---|
| | | 3) അടിപ്പുഴം പട്ടിക ജാതി കോളനി മണ്ണൊലിപ്പ് തടയൽ | സമർപ്പിച്ചിരുന്നുവെങ്കിലും റവന്യൂ ഡിപ്പാർട്ട്മെന്റിൽ പ്രസ്തുത നടപടി തടസ്സപ്പെട്ട സാഹചര്യത്തിൽ 15/02/2016 ൽ വീണ്ടും ആർ.ആർ നടപടികൾക്ക് ജില്ലാ കള്ടർക്ക് ശുപാർശ ചെയ്തു. റവന്യൂ റിക്കവറിയിലൂടെ മാത്രമേ തുക വസൂൽ ചെയ്യാൻ കഴിയുകയുള്ളൂ. ആർ.ആർ. നടപടികളില്ലാത്ത സാഹചര്യത്തിൽ നടപടി ആവശ്യപ്പെട്ട് 09/08/2016 ലെ ബി 574/05 നമ്പർ കത്തിലൂടെ ചാവക്കാട് തഹസിൽദാർ (ആർ ആർ) നോട്ട് അഭ്യർത്ഥിച്ചിട്ടുണ്ട്. ചാവക്കാട് താലൂക്കോഫീസ് ഞങ്ങ വിഭാഗത്തിൽ അന്വേഷിച്ചപ്പോൾ ടിയാന് സ്വന്തമായി ഭൂമിയോ സാമ്പത്തിക ശേഷിയോ ഇല്ലാത്തതുകൊണ്ട് വില്ലേജോഫീസിൽ നിന്നും ഡിമാൻറ് നോട്ടീസ് മടക്കിയിട്ടുണ്ടെണ്ടന്ന് അറിയുവാൻ കഴിഞ്ഞു. ഈ സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.<br><br>ടി പ്രവൃത്തിയുടെ കൺവീനർ രാഗേഷ് കെ.ബി, ബാഹുലേയൻ, കമ്പളത്തുർ ഹൗസ്, പി.ഒ കരയാമുട്ടം,വലപ്പാട്, തൃശ്ശൂർ ജില്ല എന്നവരാണ് മൊബിലൈസേഷൻ അഡ്വാൻസായി 33040/രൂപ 28/01/2002 ന് കൈപ്പറ്റിയിട്ടുണ്ടായിരുന്നത്. പ്രവൃത്തി സമയ ബന്ധിതമായി പൂർത്തിയാക്കാനും കാലതാമസം വന്നതിനാൽ സപ്ലിമെൻററി എഗ്രിമെൻറ് ഒപ്പിടുവാനും രേഖാമൂലം നിർദ്ദേശിച്ചതനുസരിച്ച് ടിയാൻ 50 ദിവസത്തെ സാവകാശം ആവശ്യപ്പെട്ട് കത്ത് നൽകിയിരുന്നു. എന്നാൽ ടിയാൻ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിക്കുകയോ അല്ലാത്ത പക്ഷം തുക പലിശ സഹിതം തിരിച്ചടക്കുകയോ ചെയ്യണമെന്ന് പലതവണ ആവശ്യപ്പെട്ടെങ്കിലും പ്രവൃത്തി പൂർത്തീകരിക്കുകയോ തുക തിരിച്ചടക്കുകയോ ഉണ്ടായില്ല. ഈ സാഹചര്യത്തിൽ റവന്യൂ റിക്കവറിക്ക് ശുപാർശ ചെയ്തതനുസരിച്ച് ചാവക്കാട് തഹസിൽദാർ ടിയാനിൽ നിന്നും 5000 രൂപ വസൂൽ ചെയ്ത് നൽകുകയും ടി തുക 3,604-00-911-99 ഡിഡക്റ്റ് റിക്കവറി ഓവർ പേമെൻറ് ശീർഷകത്തിൽ സർക്കാരിലേക്ക് 16/09/2016 ന് ചലാൻ നം.4 പ്രകാരം തൃപ്രയാർ സബ്ബ് ട്രഷറിയിൽ അടച്ചിട്ടുണ്ട്. തുടർ നടപടി ഇല്ലാത്ത സാഹചര്യത്തിൽ ശേഷിക്കുന്ന തുക തിരിച്ചു പിടിക്കുന്നതിന് നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ചാവക്കാട് തഹസീൽദാർക്ക് 05/08/2016 ന് ബി 5/4/05(1) വീണ്ടും കത്ത് നൽകിയിട്ടുണ്ട്. ചാവക്കാട് താലൂക്കോഫീസിൽ അന്വേഷിച്ചപ്പോൾ ടിയാന് ബാക്കി തുക അടക്കുവാൻ നിവൃത്തിയില്ലെന്ന് അറിയുവാൻ കഴിഞ്ഞു. ഈ സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. |
| 3.7.3 (2008-09) | 6. മതിലകം | അംഗൻവാടി കെട്ടിട നിർമ്മാണം ബിൽ ചെലവ് 1,00,834/- രൂപ | ബന്ധപ്പെട്ട പ്രവൃത്തി സംബന്ധിച്ച് ആ വർഷങ്ങളിലെ അംഗൻവാടി കെട്ടിടങ്ങൾ സംബന്ധിച്ച രേഖകൾ നൽകുന്നതിന് നിലവിലെ സി.ഡി.പി.ഒ. ക്ക് കത്ത് നൽകിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ തന്നെ എഞ്ചിനീയറിംഗ് സംവിധാനം നിലനിന്ന കാലഘട്ടമായതിനാൽ ബ്ലോക്കാഫീസിലും ഫയൽ പരിശോധിച്ചെങ്കിലും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.<br><br>***<u>ഗ്രാമവികസനകമ്മീഷണർ</u>***<br>നിലവിൽ ബ്ലോക്ക് പഞ്ചായത്തുകൾ ചെലവഴിക്കുന്ന തുകകളുടെ രേഖകൾ നഷ്ടപ്പെടാതെയും കേടുകൂടാതെയും സൂക്ഷിക്കുന്നതിന് ജാഗ്രത പുലർത്തുന്നുണ്ട്. എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും കാര്യക്ഷമമായ റിക്കോർഡ് റൂം സജ്ജീകരിച്ചിട്ടുണ്ട്. ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ ഭാഗമായി എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും ടി ഓഫീസുകളിലെ ഫയലുകളും രജിസ്റ്ററുകളും മറ്റും ക്രമീകരിച്ച് വേണ്ടവണ്ണം സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തുകൾ എല്ലാ രേഖകളും ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മാന്വൽ ഫയൽ സംവിധാനത്തിനു പകരം ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറുന്നതിലൂടെ രേഖകൾ കൃത്യമായി സൂക്ഷിക്കുവാൻ ബ്ലോക്ക് പഞ്ചായത്തുകൾക്ക് സാധിക്കുന്നു. |
| 3.9.7 (2008-09) | മതിലകം | 1) വാർഡ് 12 ലെ (കൈപ്പമംഗലം പഞ്ചായത്ത്) റോഡിന്റെ പാർശ്വഭിത്തി കെട്ടൽ<br>2) മതിലകം പഞ്ചായത്ത് താലം -കഴുവിലങ്ങ് റോഡ് സൈഡ് കെട്ടൽ | 1) കൈപ്പമംഗലം ഗ്രാമ പഞ്ചായത്തിലെ 12-ാം വാർഡ് പഞ്ചായത്ത് റോഡിന്റെ പടിഞ്ഞാറ് ഭാഗം പാർശ്വ സംരക്ഷണ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 450 മീറ്റർ ഉണ്ടായിരുന്നെങ്കിലും നാട്ടുകാർ ഭൂമി വിട്ടുതരാതിരുന്നതിനാൽ പ്രവൃത്തി 230 മീറ്ററിൽ മാത്രമെ നടത്തുവാൻ |

| | | | |
|---|---|---|---|
| | | 3) പെരിഞ്ഞനം പഞ്ചായത്ത് അറവാ തോടിന്റെ സൈഡ് കെട്ടൽ<br>4) കൽവർട്ട് നിർമ്മാണം എസ്.ജി. ആർ. വൈ. പണി-മുൻകൂർ നൽകി പണി പൂർത്തിയാക്കിയിട്ടില്ല | ന്ധോധിച്ചിരുന്നുള്ളൂ. ഈ സാഹചര്യത്തിൽ പ്രവൃത്തി നടത്തിയ 230 മീറ്ററിന്റെ മാത്രം തുകയായ 55,491/- രൂപ മാത്രമെ കൺവീനർക്ക് നൽകിയിട്ടുള്ളൂ. പ്രസ്തുത പ്രവൃത്തിയിൽ സർക്കാരിന് നഷ്ടമൊന്നും വരാത്ത സാഹചര്യത്തിലും നടപ്പിലാക്കിയ പ്രവൃത്തി നല്ല നിലയിൽ തദ്ദേശവാസികൾക്ക് ഉപകാരപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും പരാമർശത്തിൽ നിന്നും ഒഴിവാക്കിയാലും<br><br>2) എസ്. ജി. ആർ.വൈ. പദ്ധതിയിൽ ഉൾപ്പെട്ട മതിലകം ഗ്രാമപഞ്ചായത്തിലെ താലം - കഴുവിലങ്ങ് റോഡ് സൈഡ് കെട്ടൽ എന്ന പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ച് കഴിഞ്ഞിട്ടുള്ളതാണ്.<br><br>3) എസ്. ജി. ആർ.വൈ. പദ്ധതിയിൽ ഉൾപ്പെട്ട പെരിഞ്ഞനം ഗ്രാമപഞ്ചായത്തിലെ അറപ്പതോടിന്റെ സൈഡ് കെട്ടൽ എന്ന പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ച് കഴിഞ്ഞിട്ടുള്ളതാണ്.<br><br>4) മതിലകം ബ്ലോക്ക് പഞ്ചായത്തിൽ SGRY പദ്ധതി പ്രകാരം ഏറ്റെടുത്ത ബാലവാടി- വാട്ടർ ടാങ്ക് റോഡിലെ കൽവർട്ട് നിർമ്മാണത്തിനായി ചെക്ക് നമ്പർ 7785748 തീയ്യതി 08.12.2003 പ്രകാരം 16,700/- രൂപ അഡ്വാൻസായും പദ്ധതിയിൽ പറയുന്ന പ്രകാരം അരി വിഹിതമായി 32,612/- രൂപയുമാണ് നൽകിയത്. മേൽ പറഞ്ഞ പ്രവൃത്തി തൃപ്തികരമായി പൂർത്തിയാക്കിയ ശേഷം പ്രവൃത്തിയുടെ മൊത്തം തുകയായ 85,722/- രൂപയിൽ നിന്നും ഒന്നാം അഡ്വാൻസ് 16,700/- രൂപ, അരി വിഹിതം 32,612/- രൂപ, സെയിൽ ടാക്സ് 5138/- രൂപ, വെൽഫെയർ ഫണ്ട് 798/- രൂപ, കാലി ചാക്ക് 426/- രൂപ ആകെ 55,674/- കുറവ് വരുത്തി 30,048/- രൂപ ചെക്ക് നമ്പർ 418471 തീയ്യതി 31.03.2005 പ്രകാരം കൺവീനർക്ക് കൈമാറിയിട്ടുള്ളതാണ്. ഈ പ്രവൃത്തി മോണിറ്ററിംഗ് കമ്മിറ്റി പരിശോധിച്ച് റിപ്പോർട്ട് നൽകിയതിനു ശേഷം മാത്രമാണ് തുക നൽകിയിട്ടുള്ളത്. ഫയൽ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ മേൽ പരാമർശം ഒഴിവാക്കിത്തരണമെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

| | | | |
|---|---|---|---|
| | | | അപേക്ഷിച്ചിട്ടുണ്ട്. |
| 3.10.1<br>(2008-09) | വെള്ളാങ്കല്ലൂർ | **കൊയ്ത്ത് മെതിയന്ത്രം അധിക ചെലവ് -**<br>2002-03 വർഷത്തിൽ പ്രാവർത്തികമാക്കാൻ നിശ്ചയിച്ച് അംഗീകാരം വാങ്ങിയ ഈ പ്രോജക്ടിന്റെ പ്രധാന ഇനമായ കൊയ്ത്ത്മെതിയന്ത്രം വാങ്ങാൻ കാംകോയ്ക്ക് തുക നൽകിയത് 27-3-2003 ൽ മാത്രമാണ്. മുൻകൂർ തുക 12,65,500 രൂപ നൽകി 7 മാസം കഴിഞ്ഞ് കൊയ്ത്ത്മെതിന്ത്രം നൽകാൻ കഴിയില്ലെന്ന് അറിയിക്കുകയും ചെയ്തു. കാംകോയ്ക്ക് എതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.<br>റെയ്ഡ്കോയ്ക്ക് 25-3-2004 ൽ യന്ത്രത്തിന്റെ വിലയായ 15,38,628,രൂപ നൽകിയെങ്കിലും 1-10-2004 ൽ മാത്രമാണ് യന്ത്രം കൈമാറിയത്. റെയ്ഡ്കോയുടെ പേരിലും കാലതാമസം വരുത്തിയതിന്റെ പേരിൽ നടപടി എടുത്തിട്ടില്ല.<br>മെതിയന്ത്രത്തിന്റെ പ്രവർത്തനം പരിശോധിച്ചതിൽ സ്പെയർ പാർട്സിന്റെ ചെലവ് ഭീമമായിരുന്നു എന്ന് കാണുന്നു. 1-10-2004 മുതൽ 30-9-2007 വരെയുള്ള കാലയളവിലെ ചെലവിൽ സ്പെയർ പാർട്സിന്റെ മാത്രം ചെലവ് 8,66,170 രൂപയായിരുന്നു. സ്പെയർ പാർട്സ് ചെലവിന്റെ നിജസ്ഥിതി വിശദമായ പരിശോധന ആവശ്യപ്പെടുന്നതാണ്. മാറ്റിയ പഴയ സാധനങ്ങൾ സ്റ്റോക്ക് എടുത്തതിന്റെ സാക്ഷ്യപത്രം ഇല്ലാതെയാണ് സ്പെയർ പാർട്സിന്റെ ചെലവ് നടത്തിയത്. മൂന്നര വർഷം മാത്രം പ്രവർത്തനം നടത്തി നിർത്തിവച്ച നിലയിൽ പഞ്ചായത്ത് കോമ്പൗണ്ടിൽ കിടക്കുന്ന ഈ മെഷീന്റെ അവസ്ഥ സംബന്ധിച്ച് വിശദമായ സാങ്കേതിക പരിശോധന | 2002-2003 വർഷത്തിൽ പ്രവർത്തികമാക്കാൻ നിശ്ചയിച്ച് അംഗീകാരം വാങ്ങിയ പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്ന കൊയ്ത്തുമെതി യന്ത്രം കേരളത്തിൽ ലഭിച്ചുകൊണ്ടിരുന്ന യന്ത്രമായിരുന്നില്ല. ജപ്പാനിലെ കുബോട്ട കമ്പനിയുടെ യന്ത്രം കേരള സർക്കാർ സ്ഥാപനമായ കേരള ആഗ്രോ മെഷിനറി കോർപ്പറേഷൻ കാംകോയെ കൊണ്ട് ഇറക്കുമതി ചെയ്യിച്ചു വാങ്ങാനായിരുന്നു തീരുമാനം. അതിനായി കാംകോയുമായി പലപ്രാവശ്യം ചർച്ച ചെയ്തു അവർ ഇറക്കുമതി ചെയ്യാൻ തയ്യാറായി. ഒരു ഇൻവോയ്സ് ലഭിക്കുവാൻ മാസങ്ങൾ എടുത്തു. ഏകദേശം 12,62,500/- രൂപ വരുമെന്ന് അറിയിച്ചതിന്റെ വെളിച്ചത്തിൽ കൃഷി വകുപ്പിൽ നിന്നും ലഭിച്ച വിലയുടെ 50% സബ്സിഡി തുകയായ 6,31,250/- രൂപയും ബ്ലോക്ക് ഗ്രാമപഞ്ചായത്തുകളുടെ വിഹിതമായ 6,31,250/- രൂപയും ഡിമാൻറ് ഡ്രാഫ്റ്റാക്കി കാംകോയിലേയ്ക്ക് നൽകി.<br>കാംകോയിൽ പലപ്രാവശ്യം നേരിട്ട് പോവുകയും കത്ത് മുഖേന ഓർമ്മക്കുറിപ്പുകൾ അയച്ചുകൊടുക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ 01-11-2003- ലെ എസ്.10.10/4210 കത്ത് പ്രകാരം കുബോട്ട കമ്പനി കാംകോയ്ക്ക് നൽകാമെന്നറിയിച്ചിരുന്ന കൊയ്ത്തുമെതിയന്ത്രം അവർക്ക് നൽകാൻ സാധിക്കില്ലെന്ന് കമ്പനി അറിയിച്ചിട്ടുണ്ടെന്ന് കാംകോ മറുപടി നൽകി. വീണ്ടും ബ്ലോക്ക് പഞ്ചായത്തിലെ അംഗങ്ങളും അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ - ഉം കാംകോയെ സമീപിച്ച് മെഷീൻ നൽകാൻ വേണ്ടി കുബോട്ട കമ്പനിയിൽ സമ്മർദ്ദം ചെലുത്തുവാൻ ആവശ്യപ്പെടുകയുണ്ടായി. കുബോട്ട കൊയ്ത്ത് മെതിയന്ത്രമാണ് പ്രവർത്തനത്തിൽ മികച്ചതെന്ന് അനുഭവത്തിൽ നിന്നും മനസിലാക്കിയത് കാരണവും വേറെ ആരുംതന്നെ ഇത് ഇറക്കുമതി ചെയ്തു തരുവാൻ തയ്യാറാകാത്തത് കാരണവുമാണ് വീണ്ടും കാംകോയെ സമീപിച്ചത്. അവർ വീണ്ടും കമ്പനിയുമായി ബന്ധപ്പെട്ടെങ്കിലും ജപ്പാൻ കമ്പനി തരുവാൻ തയ്യാറായില്ല.<br>നെൽ കൃഷി മേഖലയിലെ തൊഴിലാളി ലഭ്യതകുറവ് മൂലം നെൽകൃഷി മേഖലയിൽ നിന്നും ആളുകളുടെ ഒഴിഞ്ഞുപോക്ക്, തരിശായി കൃഷിഭൂമി |

| | | | |
|---|---|---|---|
| | | നടത്തേണ്ടതാണ്. | ഇടുന്നത് എന്നിവ ഒഴിവാക്കാൻ വേണ്ടിയിട്ടാണ് കാർഷിക മേഖലയിൽ യന്ത്രവൽക്കരണം എന്ന രീതിയിൽ കൊയ്ത്ത് മെതിയന്ത്രം വാങ്ങാൻ പദ്ധതി വെച്ചത്. എന്നാൽ ഈ 2 വർഷങ്ങളിലും സാധാരണ രീതിയിൽ തന്നെ കൃഷി ചെയ്യുന്ന. അത്രയുംതന്നെ സ്ഥലം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പഞ്ചായത്തുകളിൽ കൃഷി ചെയ്തിട്ടുണ്ട്. ആയതിനാൽ കാർഷിക മേഖലയിൽ ഉൽപാദന നഷ്ടം ഉണ്ടായിട്ടില്ലായെന്ന് അസി. കൃഷി ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആയിതനാൽ ടി തടസ്സവാദം മാറ്റിതരണമെന്ന് അഭ്യർത്ഥിക്കുന്നു.<br><br>റെയ്ഡ്കോ എന്ന സർക്കാർ സ്ഥാപനം കൊറിയൻ കമ്പനിയുടെ "കുക്കജേ ശക്തി" എന്ന കൊയ്ത്ത് മെതിയന്ത്രം തരാൻ തയ്യറാവുകയും അധികം സമയം താമസം ഇല്ലാതെ യന്ത്രം കൈമാറുകയും ചെയ്തു. ഇറക്കുമതി ചെയ്തു ലഭിക്കുന്ന യന്ത്രങ്ങൾ ലഭിക്കാൻ സ്വാഭാവികമായും താമസം നേരിടുമെന്ന ഭരണസമിതിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ സ്ഥാപനമായ റെയ്ഡ്കോയുടെ പേരിൽ നടപടി എടുക്കാതിരുന്നത്. ആയതിനാൽ ടി തടസ്സവാദം മാറ്റിതരണമെന്ന് അഭ്യർത്ഥിക്കുന്നു.<br><br>വിദേശ നിർമ്മിതമായ മെഷിനറികൾ ആയതുകാരണം സ്പെയർ പാർട്ട്സുകൾ ലഭിക്കാൻ ബുദ്ധിമുട്ടായിരുന്നു. ആയതിനാൽ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം കൊയ്ത്തുമെതി യന്ത്രം പ്രവർത്തിപ്പിച്ച് ലഭിക്കുന്ന തുകയിൽ നിന്ന് സ്പെയർ പാർട്സ് കിറ്റ് വാങ്ങിയിരുന്നു. പാടത്ത് വെച്ച് കേടാകുമ്പോൾ സ്പെയർപാർട്സ് ഇറക്കുമതി ചെയ്തു വരുത്തി റിപ്പയർ ചെയ്യാൻ കാലതാമസം ഉണ്ടാകുന്നത് കാരണമാണ് കിറ്റ് വാങ്ങിയിരുന്നത്. എല്ലാ സ്പെയർ പാർട്ട്സുകളും സ്റ്റോക്കിൽ എൻറട്രി വരുത്തിയിട്ടുണ്ടെന്നും അസി. കൃഷി ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആയിതനാൽ ടി തടസ്സവാദം മാറ്റിതരണമെന്ന് അഭ്യർത്ഥിക്കുന്നു.<br><br>കൊയ്ത്തുമെതി യന്ത്രത്തിന്റെ പ്രവർത്തനം നിർത്തിവെച്ച നിലയിൽ പഞ്ചായത്ത് കോമ്പൗണ്ടിൽ കിടക്കുന്ന ഈ മെഷീന്റെ അവസ്ഥ സംബന്ധിച്ച വിശദമായ സാങ്കേതിക പരിശോധന നടത്തുന്നതിനു വേണ്ടി കൃഷി അസി.എക്സി. എഞ്ചിനീയറുടെ സഹായം ലഭിക്കാൻ തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസറോട് അഭ്യർത്ഥിച്ചിട്ടുള്ളതാണെന്ന് അസി. കൃഷി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ (2008-09) വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ 3.6.8, 3.6.7, 3.5.9 ഖണ്ഡികയിൻമേൽ തിരൂർ, മതിലകം, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2008-09 | 3.6.8<br>തിരൂർ ബ്ലോക്ക് പഞ്ചായത്ത് | **ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക് ബോട്ടുകൾ വാങ്ങിയത്**<br><br>ഓഡിറ്റ് റിപ്പോർട്ട് വർഷം :2005-06(ചെലവ്) ഖണ്ഡിക 2(6)<br><br>പ്രൊ.നമ്പർ തുക<br><br>087/03-04 10,86,437/- രൂപ<br>124/04-05 5,84,714/-രൂപ<br><br>16,71,151/-രൂപ<br><br>മേൽ പ്രോജക്ട് പ്രകാരമുള്ള ചെലവ് സംബന്ധമായ വിശദാംശം നേരിട്ട് പിരശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കാണപ്പെട്ടു.<br><br>ഏഴ് ബോട്ടുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ടെങ്കിലും എല്ലാം സമീപ പ്രദേശങ്ങളിൽ ഉപയോഗരഹിതമായി കിടക്കുകയാണ്. ബോട്ടുകൾ | ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയായി വാങ്ങിയ ബോട്ടുകൾ ഭരണ സമിതിയുടെ 21.05.08-ലെ 2-ാം നമ്പർ തീരുമാന പ്രകാരം മലപ്പുറം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുമായി കരാർ ഒപ്പുവെച്ച് ടി സ്ഥാപനത്തിന് നടത്തിപ്പിനായി നൽകിയിരുന്നു. ഡി.ടി.പി.സിയുമായുള്ള കരാർ ഉടമ്പടി അവസാനിച്ച സാഹചര്യത്തിൽ പ്രവർത്തനക്ഷമമായ 2 സ്പീഡ് ബോട്ടുകൾ, 2 പെഡൽ ബോട്ടുകൾ, 3 എഞ്ചിനുകൾ എന്നിവ ഡി.ടി.പി.സിയിൽ നിന്നും തിരികെ ഏറ്റെടുക്കുകയും ആയത് 29.05.13 മുതൽ 2 വർഷത്തേയ്ക്ക് പരസ്യമായി ലേലം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ.പി.ടി.വീരാൻകുട്ടി, പാലാട്ടു തറയിൽ, ബിയ്യം, പൊന്നാനി എന്നിവർക്ക് 77,000/-രൂപ ലേലതുക നിശ്ചയിച്ച് ബോട്ട് സർവീസ് നടത്തുന്നതിനായി അനുവദിച്ചിട്ടുണ്ട്. ടിയാൾ മൊത്തം തുകയും ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കി മേൽ പറഞ്ഞ സാധനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. പ്രവർത്തനസജ്ജമല്ലാത്തവ പ്രവർത്തനസജ്ജമാക്കുന്നതിനായി ഡി.ടി.പി.സിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | പ്രവർത്തിപ്പിക്കാനുള്ള മോട്ടോറുകൾ പോലും ഘടിപ്പിച്ചിട്ടില്ല.<br>കൂടാതെ പ്രോജക്ട് നമ്പർ 125/04-05 പ്രകാരം അഴിമുഖത്ത് വാഹന പാർക്കിംഗ് സൗകര്യത്തിനായി 3,98,282/-രൂപ ചെലവിൽ പാർക്കിംഗ് സൗകര്യം നിർമ്മിച്ചതായി എം.ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ടി സ്ഥലം നേരിൽ പിരശോധിച്ചതിൽ പാർക്കിംഗ് സൗകര്യം തയ്യാറാക്കി ഉദ്ഘാടനം നിർവ്വഹിച്ചതായി ഒരു ശിലാഫലകം കണ്ടെങ്കിലും അത്തരത്തിലുള്ള പാർക്കിംഗ് സ്ഥലം കണ്ടെത്താൻ കഴിഞ്ഞില്ല. | |
| 2 | 2008-09 | 3.6.7<br>മതിലകം ബ്ലോക്ക് പഞ്ചായത്ത് | <u>വ്യവസായ വിപണന കേന്ദ്രം - വൈദ്യുതീകരണം നടത്തിയിട്ടില്ല</u><br><br>ഓഡിറ്റ് റിപ്പോർട്ട് വർഷം : 2004-05,<br>ഖണ്ഡിക നം.3-11<br><br>പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് പരിധിയിൽ മേൽ കെട്ടിടത്തിന്റെ പണി 4.10.2004-ൽ പൂർത്തീകരിച്ചെങ്കിലും നാളിതുവരെ വൈദ്യുതീകരിച്ച് ഉപയോഗ യോഗ്യമാക്കിയിട്ടില്ല.<br>2002-03-ൽ 12,80,337/-രൂപ എസ്റ്റിമേറ്റ് കണക്കാക്കി 4000 ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിൽ നിർമ്മിച്ച കെട്ടിടത്തിന് 11,99,748/-രൂപ നിർമ്മാണചെലവ് നിശ്ചയിച്ച് നികതികൾ കഴിച്ച് ബാക്കി തുക നൽകിയിട്ടുണ്ട്. 04.10.2004-ൽ പണി പൂർത്തീകരിച്ച് | മതിലകം ബ്ലോക്ക് പഞ്ചായത്ത് 2004-05 എസ്.ജി.എസ്.വൈ ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടത്തിന്റെ നിർമ്മാണവും വൈദ്യുതീകരണവും പൂർത്തീകരിച്ചിട്ടുള്ളതാണ്. ബ്ലോക്ക് പരിധിയിൽ ഉൾപ്പെടുന്ന സ്വയം സഹായ സംഘങ്ങൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതിന് ലക്ഷ്യമിട്ട് നിർമ്മിച്ച ഈ കെട്ടിടം മുന്നുപീടിക മത്സ്യമാർക്കറ്റിനുള്ളിലായതിനാൽ ബ്ലോക്ക് പഞ്ചായത്ത് പലവട്ടം പരസ്യം നൽകിയിട്ടും ആദ്യ കാലങ്ങളിൽ എസ്.എച്ച്.ജി ഗ്രൂപ്പുകൾ ഏറ്റെടുത്ത് നടത്തുവാൻ മുന്നോട്ട് വന്നിരുന്നില്ല. ഈ സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി പ്രസ്തുത വിഷയം ചർച്ച ചെയ്യുകയും കെട്ടിടം ഉപയോഗശൂന്യമാകാതിരിക്കുന്നതിന് വേണ്ടി മുറികൾക്ക് അപേക്ഷിച്ചിട്ടുള്ള കുടുംബശ്രീ യൂണിറ്റുകൾക്ക് നിശ്ചിത വാടക ചുമത്തി മുറികൾ നൽകുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിരുന്നു. നിലവിൽ ഈ കെട്ടിടത്തിലെ എല്ലാ മുറികളിലും വൈദ്യുതി ലഭ്യമാക്കുകയും എസ്.എച്ച്.ജി/കുടുംബശ്രീ യൂണിറ്റുകൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് |

കെട്ടിടം വൈദ്യുതീകരിക്കുന്നതിന് 1,80,000 രൂപ എസ്റ്റിമേറ്റ്

| | | | | |
|---|---|---|---|---|
| | | | നിശ്ചയിച്ച് 2006-07-ൽ 90/06 നമ്പരായി പ്രോജക്ട് ഉൾപ്പെടുത്തുകയും നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച നിർമ്മിതി കേന്ദ്രത്തിന് 6.09.2007-ൽ 36,000/- രൂപ അഡ്വാൻസ് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പണി പൂർത്തീകരിച്ച് നാളിതുവരെയായിട്ടും കെട്ടിടം ഉപയോഗയോഗ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരുന്നതിനുള്ള കാരണം വ്യക്തമല്ല. വ്യക്തമായ മറുപടി ഇക്കാര്യത്തിൽ നൽകേണ്ടതാണ്.<br><br>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:<br>ശ്രീ.കെ.ആർ.ദേവദാസ്, ബി.ഡി.ഒ & സെക്രട്ടറി | വേണ്ടി വാടകയ്ക്ക് നൽകിയിട്ടുള്ളതുമാണ്. ഈ കെട്ടിടത്തിലെ ഹാൾ എസ്.ജി.എസ്.വൈ പരിശീലനത്തിന് വേണ്ടി ഉപയോഗിച്ചവരുന്നു. ഈ പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ള രീതിയിൽ തന്നെയാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കുന്നു. |
| 3 | 2008-09 | 3.5.9<br>കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് | വനിതാ സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ - അനർഹർക്ക് ആനുകൂല്യം നൽകിയത്<br>ഓഡിറ്റ് റിപ്പോർട്ട് വർഷം - 2006-07<br>ഖണ്ഡിക നം.3-5<br>പ്രോജക്ട് നമ്പർ എസ്-014/07 അടങ്കൽ -3,00,000/-<br><br>ബ്ലോക്ക് പഞ്ചായത്തിൽപ്പെടുന്ന 5 പഞ്ചായത്തുകളിലെ കുറഞ്ഞത് 6 മാസം തുടർച്ചയായി പ്രവർത്തിക്കുന്നതും 1-ാം ഗ്രേഡിംഗ് കഴിഞ്ഞതുമായ 30 വനിതാ സ്വാശ്രയ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ടിനത്തിൽ 10,000/-രൂപ വീതം നൽകുന്നതായിരുന്നു പദ്ധതി. സ്വാശ്രയ ഗ്രൂപ്പുകളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, കരാർപത്രം, 6 മാസത്തിലേറെയായി പ്രവർത്തനം നടത്തിവരുന്നു എന്ന സാക്ഷ്യപത്രം എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രം. തുക നൽകേണ്ട ഈ പദ്ധതിയിൽ ആനുകൂല്യം ലഭിച്ച എല്ലാ ഗ്രൂപ്പുകളും ബാങ്ക് അക്കൗണ്ട് ആരംഭിച്ചിരിക്കുന്നത് 12/06-ൽ (പദ്ധതിപണം ചെലവഴിക്കുന്നതിന് 3 മാസം മുമ്പ്) മാത്രമാണ്. ഗ്രേഡിംഗിൽ മിനിമം മാർക്ക് | ഓഡിറ്റ് പരാമർശത്തിൽ പറയുന്ന പ്രോജക്ട് S.O 14/07 എന്ന പ്രോജക്ട് നടപ്പിലാക്കിയപ്പോൾ ആനുകൂല്യം ലഭിച്ച എല്ലാ ഗ്രൂപ്പുകളും ബാങ്ക് അക്കൗണ്ട് ആരംഭിച്ചിരിക്കുന്നത് പദ്ധതി പണം ചെലവഴിക്കുന്നതിന് 3 മാസം മുൻപ് മാത്രമാണെന്നും ഗ്രേഡിംഗിൽ മിനിമം മാർക്ക് ലഭിക്കാത്തവർക്ക് ആനുകൂല്യം നൽകിയെന്നാണ് ഓഡിറ്റ് പരാമർശം. എന്നാൽ ഫയലുകളുടെ പരിശോധനയിൽ നിന്നും വ്യക്തമാകുന്നത്, ഈ ഗ്രൂപ്പുകളെല്ലാം 6 മാസത്തിനു മുൻപുതന്നെ ബാങ്ക് അക്കൗണ്ട് ആരംഭിച്ചു എന്നാണ്. ഫയലിൽ പാസ് ബുക്കിന്റെ ഒന്നാമത്തെ പേജും ഫയൽ ആരംഭിച്ച സമയത്തെ ഇടപാടുകൾ വ്യക്തമാക്കുന്ന പേജുമാണ് സൂക്ഷിച്ചിട്ടുള്ളത്. ഇതുമൂലം ആരംഭിച്ച സമയത്തെ ഇടപാടുകൾ വ്യക്തമാക്കുന്ന പേജുമാണ് സൂക്ഷിച്ചിട്ടുള്ളത്. ഇതുമൂലം ആരംഭിച്ച തീയതി തെറ്റായി കണക്കാക്കിയതുമൂലമാകാം ഓഡിറ്റ് പരാമർശം ഉണ്ടാകുവാൻ ഇടയാക്കിയത്. ഗ്രൂപ്പ് ആരംഭിച്ച തീയതിയും അക്കൗണ്ട് നമ്പരും അപേക്ഷയിൽ കാണിച്ചിട്ടുള്ളതും ബന്ധപ്പെട്ട വി.ഇ.ഒ മാർ ശുപാർശ ചെയ്തിട്ടുള്ളതുമാണ്. മിനിട്സ് പരിശോധിച്ചാലും, ത്രിഫ്റ്റ് തുക പരിശോധിച്ചാലും ഇക്കാര്യം വ്യക്തമാകുന്നതുമാണ്. രണ്ടാമതായി , ഗ്രേഡിംഗിൽ പാസാകാത്ത ഗ്രൂപ്പുകൾക്ക് ഫണ്ട് |

| | | | | |
|---|---|---|---|---|
| | | | ലഭിച്ചിട്ടില്ലാത്ത 6 ഗ്രൂപ്പുകൾക്കും പദ്ധതി ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതി ആനുകൂല്യം ലഭിച്ച ഗ്രൂപ്പുകളുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക പദ്ധതി വിഭാവനം ചെയ്തിരുന്നതുപോലെ തിരികെ ഒടുക്കിയിട്ടില്ല. ആനുകൂല്യം കൈപ്പറ്റിയ ഗ്രൂപ്പുകൾ ഹാജരാക്കിയ എഗ്രിമെന്റ് പ്രകാരമുള്ള തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചുവോ എന്നതും വ്യക്തമല്ല. വ്യക്തമായ മോണിട്ടറിംഗും നിർവ്വഹിക്കപ്പെട്ടിട്ടില്ല. പഞ്ചായത്തു കമ്മിറ്റി ഇക്കാര്യം പരിശോധിച്ച് അനർഹർക്ക് നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. | അനുവദിച്ച എന്ന പരാമർശം സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. 2 തരത്തിലുള്ള ഫാറങ്ങളാണ് ഗ്രേഡിംഗിനുപയോഗിക്കുന്നത്. ഒരെണ്ണത്തിൽ 120 മാർക്കും രണ്ടാമത്തേതിൽ 136 മാർക്കും ലഭിക്കണം. ഗ്രൂപ്പുകളിൽ ഒരെണ്ണത്തിന് മാർക്ക് കൂട്ടിയിട്ടപ്പോൾ തെററു സംഭവിച്ചതുമൂലമാണ് മാർക്ക് തെറ്റായി രേഖപ്പെടുത്തിയിരുന്നത്. മറ്റൊരു ഗ്രൂപ്പിന്റെ ഗ്രേഡിംഗ് ഷീറ്റു പൂർണമല്ലാതിരുന്നതിനാലാണ് ഫയലിൽ സൂക്ഷിക്കാതിരുന്നത്. ഇതൊന്നും ഗ്രൂപ്പുകളുടെ അയോഗ്യത മൂലമല്ല സംഭവിച്ചിട്ടുള്ളത്. സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നൽകിയ തുക ഉപയോഗിച്ച് സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. ബാങ്കിൽ തുക അടയ്ക്കുന്നതിന്റെ രേഖ ഗ്രൂപ്പുകാരുടെ കൈവശം സൂക്ഷിച്ചിട്ടുള്ളതും മാസം തോറുമുള്ള മീറ്റിംഗിൽ ഇവ പരിശോധിക്കാറുള്ളതുമാണ്. ഗ്രൂപ്പുകളുടെ പ്രവർത്തനം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തുന്നുണ്ട്. ഇതു സംബന്ധിച്ച റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുന്നതിന് നടപടിയെടുക്കുന്നതാണെന്നും അറിയിക്കുന്നു. |

| കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2008 -2009 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്മേൽ തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികളുടെ ഓഡിറ്റ് ന്യൂനത പരിഹാര പത്രിക | | | | |
|---|---|---|---|---|
| ക്രമ നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിൽ സ്വീകരിച്ച നടപടി |
| 5 | 2008-09 | 3.8.7 | **മോബിലൈസേഷൻ അഡ്വാൻസ് നൽകി** വർഷങ്ങൾ കഴിഞ്ഞിട്ടും പണി പൂർത്തീകരിച്ചിട്ടില്ല. | **കടങ്ങോട് ഗ്രാമപഞ്ചായത്ത്**<br>പരാമർശ പ്രവൃത്തികൾ എല്ലാം തന്നെ പൂർത്തീകരിച്ചിട്ടുള്ളതായും പഞ്ചായത്തിന് ഈയിനത്തിൽ നഷ്ടമൊന്നും സംഭവിച്ചിട്ടില്ലെന്നും റിപ്പോർട്ട് ചെയ്യുന്നു. |

**2008-09 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ <u>കണ്ണൂർ നഗരസഭ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക</u>**

| ക്രമ നമ്പർ | റിപ്പോർട്ടിലെ ഖണ്ഡിക | പരാമർശം | പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി. |
|---|---|---|---|
| 1 | 3.10.3 | മാലിന്യം നീക്കുന്നതിന് എസ്കവേറ്റർ ഉപയോഗിച്ചത്-വഴിവിട്ട നടപടികൾ.<br>ഓഡിറ്റ് റിപ്പോർട്ട് 2006-07,ഖണ്ഡിക 3-6<br><br>നഗരസഭയിലെ മാലിന്യസംസ്കരണം നടക്കുന്ന ചേലോറ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ കുഴികൾക്കരികിൽ മാലിന്യം എത്തിക്കാൻ എസ്കവേറ്റർ ഉപയോഗിക്കാനുള്ള നടപടികൾ എച്ച്1-19672/06 നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുണ്ട്. മഴക്കാലത്തെ അടിയന്തിരസാഹചര്യം പരിഗണിച്ച് ടെണ്ടർ ക്ഷണിക്കാതെ ഹാന്റ് ക്വട്ടേഷൻ വാങ്ങിയാണ് കരാറുകാരനെ കണ്ടെത്തിയത്. ലഭിച്ച രണ്ട് ക്വട്ടേഷനുകൾ സമർപ്പിച്ചവർ ഒരേ സ്ഥാപനത്തിന്റെ പ്രതിനിധികളാണ് എന്ന് ക്വട്ടേഷനുകളിലെ ഒരേ ടെലഫോൺ നമ്പർ വ്യക്തമാക്കുന്നു. 8-8-2006 ന് ചെയർമാൻ മുൻകൂർ അനുമതി നൽകുകയും 9-8-2006 ന് വർക്ക് ഓർഡർ നൽകുകയും ചെയ്ത പ്രവൃത്തി 3-8-2006 മുതൽ ആരംഭിച്ചതായും പേമെന്റ് നടത്തിയതായും | <u>*കണ്ണൂർ നഗരസഭാ സെക്രട്ടറി ലഭ്യമാക്കിയ നടപടി റിപ്പോർട്ട് :*</u><br>ട്രഞ്ചിംഗ് ഗ്രൗണ്ടിലെ റോഡിന്റെ ശോചനീയാവസ്ഥ കാരണം നഗരസഭ മാലിന്യ ലോറികൾ ഇടയ്ക്കിടെ തകരാറ് സംഭവിക്കാറുണ്ട്. വാഹനങ്ങളുടെ അറ്റകുറ്റപണി നടത്തുന്നതിന് ഹെൽത്ത് വിഭാഗത്തിൽ നിന്ന് യഥാസമയം റിപ്പോർട്ട് ചെയ്താലും പ്രവൃത്തി നടത്തുന്നതിന് കാലതാമസം നേരിടുന്നുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. ടെണ്ടർ നടപടി സ്വീകരിക്കുകയാണെങ്കിൽ കാലതാമസം വരുമെന്നുള്ള വസ്തുത കണക്കിലെടുത്തും ജോലിയുടെ അടിയന്തിര സ്വഭാവം പരിഗണിച്ചുമാണ് ഹാന്റ് ക്വട്ടേഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത് എന്ന് മനസ്സിലാക്കുന്നു.<br>മാലിന്യം നീക്കുന്നതിന് തൽപ്പരരായ ലോറി ഉടമകളെ കിട്ടാനുള്ള വിഷമവും ക്വട്ടേഷൻ സ്വീകരിക്കുമ്പോഴുണ്ടാകുന്ന കാലതാമസവും പ്രവൃത്തിയുടെ അടിയന്തിര സ്വഭാവവും പരിഗണിച്ചാണ് ഏറ്റവും എളുപ്പത്തിൽ ലഭ്യമായ ലോറികളുടെ രണ്ട് ക്വട്ടേഷൻ വാങ്ങിക്കുവാനുള്ള സാഹചര്യം ഉണ്ടായത് എന്ന് മനസ്സിലാക്കുന്നു.<br>പ്രവൃത്തിയുടെ അടിയന്തിര സ്വഭാവം പരിഗണിച്ചാണ് ലഭിച്ച |

കാണുന്നു. എന്നാൽ വിതരണപതിവോട് പ്രകാരം ഫയൽ സെക്ഷൻ കൈപ്പറ്റുന്നത് 14-8-2006 നുമാത്രമാണ്. ഫയൽ കൈകാര്യം ചെയ്തവർ ഒപ്പിട്ട തീയതികളിൽ ഉടനീളം തിരുത്തലുകളുണ്ട്. മഴക്കാലത്തെ പ്രത്യേക സാഹചര്യം ചൂണ്ടിക്കാണിച്ച് ആഗസ്റ്റിൽ ആരംഭിച്ച പ്രവൃത്തി അടുത്ത മാർച്ചുവരെ ഇതേ കരാറുകാരനെ ഉപയോഗിച്ച് നടത്തി 612 മണിക്കൂർ ടിപ്പർ പ്രവർത്തിപ്പിച്ചതിന് 4,78,360/-രൂപ ഇദ്ദേഹത്തിന് നൽകി നിശ്ചിത മണിക്കൂർ മെഷീൻ പ്രവർത്തിപ്പിച്ചതിനുള്ള കരാറുകാരന്റെ അവകാശവാദം അതേപടി അംഗീകരിച്ച് തുക അനുവദിക്കുകയായിരുന്നു. തുക നൽകുമ്പോൾ ആദായനികുതി ഈടാക്കിയിട്ടില്ല. ഈ കരാറുകാരൻ സർക്കാർ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയ ആളാണ് എന്ന് ഫയലിൽ രേഖകളുണ്ട്. ഈ പ്രവൃത്തി യഥാർത്ഥത്തിൽ ആവശ്യമായിരുന്നില്ലെന്ന് നഗരസഭയിലെ അസി. എഞ്ചിനീയറും പ്രവൃത്തിയുടെ നിർവ്വഹണത്തിൽ വ്യാപകമായ അഴമതി നടന്നുവെന്ന് നഗരസഭാ സെക്രട്ടറിയും ഫയലിൽ നോട്ട് എഴുതിയിട്ടുണ്ട്. വഴിവിട്ടതും സംശയം ജനിപ്പിക്കു ന്നതുമായ നടപടികൾ സംബന്ധിച്ച് വകുപ്പുതല അന്വേഷണം ആവശ്യമാണ്.

<u>ക്രമ.നം.</u> ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ചെലവു

<u>പേരും വിലാസവും</u> <u>തുക</u>

1.ശ്രീ.ടി.സന്തോഷ്, അഴകത്ത് ഹൗസ്,

കട്ടേഷനുകൾ കൂടുതൽ പരിശോധന നടത്താതെ തുടർ നടപടികൾ സ്വീകരിക്കുവാൻ ഇടയായത് എന്നും മനസ്സിലാക്കുന്നു.

പ്രവൃത്തിയുടെ കാഠിന്യവും സാഹചര്യവും പരിഗണിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളതെന്ന് മനസ്സിലാക്കുന്നു. കട്ടേഷൻ വിളിക്കാനുണ്ടായ സാഹചര്യങ്ങളിലും മറ്റ് കാര്യങ്ങളിലും നടപടി ക്രമങ്ങളിലും ചില അപാകതകൾ വന്നിട്ടുള്ളത് ബോധപൂർവ്വമായിരിക്കുകയില്ല. ജോലി തുടങ്ങിയതിന്ശേഷം ചേലോറയിലെ ജനങ്ങളുടെ സമരം ഉണ്ടായതിനെ തുടർന്ന് പ്രവൃത്തി നിർത്തിവെക്കാൻ കഴിയാത്തതുമൂലമായിരിക്കാം ഇപ്രകാരം സംഭവിച്ചത്. ദേശവാസികളുടെ പരാതി പരിഹരിക്കുന്നതിന്റെ ഭാഗമായി ഇപ്രകാരം ചെയ്തില്ലായെങ്കിൽ മാലിന്യം സംസ്കരിക്കുന്നതിനുള്ള സാഹചര്യവും ഇല്ലാതാകു മെന്നതിനാലാണ് നിയമപരമായ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയാതെ വന്നത്. ബോധപൂർവ്വം അഴിമതി നടത്തുന്നതിനോ നഗരസഭയ്ക്ക് നഷ്ടമുണ്ടാകുന്ന വിധത്തിലോ യാതൊരു പ്രവർത്തനവും ഉദ്യോഗസ്ഥരുടെ ഭാഗത്ത്നിന്ന് ഉണ്ടായിട്ടില്ല എന്ന വസ്തുത പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് താല്പര്യപ്പെടുന്നു.

<u>കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടറുടെ വകുപ്പുതല അന്വേഷണ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.</u>

കണ്ണൂർ നഗരസഭയിലെ ചേലോറ ട്രഞ്ചിംഗ് ഗ്രൗണ്ടിലെ

| | | | |
|---|---|---|---|
| | | തെക്കേവിള.പി.ഒ, കൊല്ലം ജില്ല - 40, 000/-<br>2. ശ്രീ.ബി.ഇന്ദ്രബാലൻപിള്ള,ഗൗരി, കോട്ടയ്ക്കകം,തൃക്കടവൂർ,പെരിനാട്,- 4,38,360/-<br>(പി.ഒ),കൊല്ലം ജില്ല.<br>ആകെ = 4,78,360/ | കുഴികൾക്കരികിൽ ചെളി നിറഞ്ഞ്, മാലിന്യ വണ്ടികൾക്ക് അവിടെ എത്താൻ കഴിയാതായ ദുരവസ്ഥക്ക് അടിയന്തിര പരിഹാരമെന്നോണം നഗരസഭ എക്സകവേറ്റർ ഉപയോഗിച്ചതിന്റെ നടപടികളാണ് ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ച എച്ച്1 - 19672/06 നമ്പർ ഫയൽ ഉൾക്കൊള്ളുന്നത്. എക്സകവേറ്റർ ലഭ്യമാക്കുന്നതിലേക്കായി അടിയന്തിരമായി ലഭ്യമാക്കിയ ഹാന്റ് ക്വാട്ടേഷനുകൾ കാസർഗോഡ് സ്വാദേശികളായ ശ്രീ. എം. ടി. അഹമ്മദ് അലി, ശ്രീ. എം. ടി. മുഹമ്മദ് കുഞ്ഞി എന്നിവർ സമർപ്പിച്ചതും യഥാക്രമം 840/- രൂപയും, 790/- രൂപയും മണിക്കൂറിന് എന്ന നിരക്ക് ക്വോട്ട് ചെയ്തതുമാണ്. ക്വാട്ടേഷനുകൾ വ്യത്യസ്ത കൈപ്പടയിലുള്ളതും വ്യത്യസ്ത മൊബൈൽ നമ്പറുകൾ ഉൾപ്പെടെ പല ഫോൺ നമ്പറുകളും കാണിച്ചതുമാണ്. എന്നാൽ കണ്ണൂരിലെ അവരുടെ ഓഫീസ് ടെലിഫോൺ നമ്പർ കാണിച്ചത് വ്യത്യസ്തമല്ല എന്നതാണ് ക്വട്ടേഷനുകൾ ഒരു കമ്പനിയിൽ നിന്നുതന്നെ സ്വീകരിച്ചു എന്ന നിഗമനം ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെടുത്താനിടയായതെന്നു കാണുന്നു. അടിയന്തിര സാഹചര്യത്തിൽ ക്വട്ടേഷൻ നിരക്കല്ലാതെ ഫോൺ നമ്പറുകൾ സൂക്ഷ്മ പരിശോധനക്കു വിധേയമാക്കാനായിരുന്നില്ല എന്ന മറുപടി നഗരസഭ ഇക്കാര്യത്തിൽ നൽകിയിട്ടുള്ളതാണ്. മണിക്കൂറിന് 790/- രൂപ എന്ന നിരക്ക് കാണിച്ച കരാറുകാരൻ പിന്നീട് ആയത് 780/- രൂപ നിരക്കിൽ നിർവഹിക്കാൻ തയ്യാറാവുകയും ചെയ്തു. ടിയാന്റെ ക്വട്ടേഷൻ അംഗീകരിച്ചതും 31.3.2007 വരെ അതേ എക്സകവേറ്റർ ഉപയോ |

| | | | |
|---|---|---|---|
| | | | ഗിച്ച് പ്രവൃത്തി ചെയ്യിക്കുന്നതിന് അനുമതി നൽകിയതും നഗരസഭാ ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതിയുടെ 16.9.2006 ലെ 15-ാം നമ്പർ തീരുമാനപ്രകാരമായിരുന്നു. എങ്കിലും പ്രസ്തുത വസ്തുത ഓഡിറ്റ് പരാമർശത്തിൽ ഉൾക്കൊള്ളിച്ചതായി കാണുന്നില്ല. മേൽ തീരുമാനം പിന്നീട് കൗൺസിലും അംഗീകരിക്കുകയുണ്ടായി. ആവശ്യമായ ദിവസങ്ങളിൽ മാത്രം ജെ.സി.ബി. ഉപയോഗിച്ച് പ്രവൃത്തി ചെയ്യിക്കുന്നതിനായിരുന്നു. ബഹു. ചെയർമാൻ (പരേതനായ ശ്രീ. ഉപേന്ദ്രൻ) മുൻകൂർ അനുമതി നൽകിയിരുന്നത്.അപ്രകാരം തന്നെയാണ് ജെ.സി.ബി. ഉപയോഗിച്ചിരുന്നതെന്നും മാസം ശരാശരി 11 ദിവസമാണ് ജെ.സി.ബി. ഉപയോഗം ഉണ്ടായിരുന്നതെന്നും കാണുന്നു. ഓരോ മാസവും പ്രവൃത്തി നടത്തിയ മണിക്കൂറുകൾക്കനുസൃതമായി തുക അനുവദിച്ചു കിട്ടുന്നതിന് കരാറുകാരൻ സമർപ്പിച്ചിരുന്ന അപേക്ഷകൾ കൂടാതെ ട്രഞ്ചിംഗ് ഗ്രൗണ്ടിന്റെ ഉത്തരവാദിത്തമുള്ള ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെയും ബഹു. ചെയർമാന്റെ ഓതറൈസേഷന്റെയും അടിസ്ഥാനത്തിലായിരുന്നു പ്രതിഫലം അനുവദിച്ചുവന്നതെന്നതിനാൽ കരാറുകാരന്റെ അവകാശവാദം അതേപടി അംഗീകരിച്ച് നഗരസഭ തുക നൽകി എന്ന ഓഡിറ്റ് പരാമർശം അടിസ്ഥാനരഹിതമാണ്. അപ്രകാരം തുക അനുവദിച്ച നടപടിക്കും കൗൺസിലിന്റെ അംഗീകാരം ഉണ്ടായിട്ടുണ്ട്.<br>തുക നൽകുമ്പോൾ ആദായ നികുതി ഈടാക്കിയിട്ടില്ല എന്ന പരാമർശവും ഓഡിറ്റ് റിപ്പോർട്ടിലുണ്ട്. ആയത് പിന്നീടും |

| | | | |
|---|---|---|---|
| | | | ഒടുക്കാൻ നടപടി സ്വീകരിച്ചു കാണുന്നില്ല.<br><br>പ്രസ്തുത കരാറുകാരൻ സർക്കാർ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയ ആളാണ് എന്ന് ഫയലിൽ രേഖകളുണ്ടെന്നും ഈ പ്രവൃത്തി യഥാർത്ഥത്തിൽ ആവശ്യമായിരുന്നില്ലെന്ന് നഗരസഭയിലെ അസിസ്റ്റന്റ് എൻജിനീയറും പ്രവൃത്തിയുടെ നിർവഹണത്തിൽ വ്യാപകമായ അഴിമതി നടന്നുവെന്ന് നഗരസഭാ സെക്രട്ടറിയും ഫയലിൽ നോട്ട് എഴുതിയിട്ടുണ്ട് എന്നുമുള്ള ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനം വ്യക്തമല്ല. അത്തരത്തിൽ എന്തെങ്കിലും സൂചന ഈ ഫയലിൽ നിന്നും കണ്ടെത്താനായിട്ടില്ല.<br><br>ട്രഞ്ചിങ് ഗ്രൗണ്ടിലെ മാലിന്യ നിക്ഷേപ നടപടികൾ സംബന്ധിച്ച് ആരോപിക്കപ്പെട്ട ക്രമക്കേടുകൾ അന്വേഷിക്കാൻ കൗൺസിൽ തീരുമാനപ്രകാരം ചെയർമാനും ഭരണപക്ഷത്തു നിന്നും പ്രതിപക്ഷത്തുനിന്നും നാല് അംഗങ്ങൾ വീതവും ഹെൽത്ത് ഇൻസ്പെക്ടറും ഉൾക്കൊള്ളുന്ന അന്വേഷണ കമ്മിറ്റി രൂപീകരിച്ച് ട്രഞ്ചിങ്ങ് ഗ്രൗണ്ട് പരിശോധിച്ചതിന്റെയും അവിടെ ജോലികൾ കൃത്യമായി നിർവഹിക്കുന്നതായും ദുർഗന്ധമോ മറ്റ് ആരോഗ്യ.ത്തിന് ഹാനികരമായ യാതൊന്നും തന്നെ കാണാനിടയായില്ലെന്നും വ്യക്തമാക്കുന്ന കുറിപ്പുകളും ഫയലിൽ കാണുകയുണ്ടായി.<br><br>അടിയന്തിര സാഹചര്യത്തിൽ ആരംഭിച്ച പ്രവൃത്തി 2007 മാർച്ച് 31 വരെ തുടർന്നുകൊണ്ടു പോയത് ബന്ധപ്പെട്ട സ്ഥിരം സമിതി തീരുമാനത്തിന്റെയും കൗൺസിൽ ആയതിന് നൽകിയ |

| | | | |
|---|---|---|---|
| | | | അംഗീകാരത്തിന്റെയും അടിസ്ഥാനത്തിലാണെന്നും പ്രസ്തുത തീരുമാനത്തിന് അനുസൃതമായി നഗരസഭ ഉദ്യോഗസ്ഥർ ഡ്യൂട്ടി നിർവഹിക്കുകയുമായിരുന്നു എന്നുമാണ് ഫയൽ പരിശോധനയിൽ വ്യക്തമാക്കുന്നത് ആയതിന് ആധാരമായ സ്ഥിരം സമിധി യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾ ആരെല്ലാമായിരുന്നുവെന്ന് ബന്ധപ്പെട്ട കാലഘട്ടത്തിലെ മിനുട്സ് ലഭ്യമല്ലാത്തിനാൽ മനസ്സിലാക്കാനായിട്ടില്ല. പ്രസ്തുത മിനുട്സ് വിജിലൻസ് വിഭാഗത്തിന്റെ കൈവശത്തിലാണുള്ളതെന്ന് നഗരസഭാ അധികൃതൽ അറിയിച്ചു.<br><br>ബന്ധപ്പെട്ട പ്രവൃത്തിയുടെ വിഷയത്തിൽ ടെണ്ടർ നടപടി എടുക്കാൻ കൗൺസിലിന്റെ തീരുമാനപ്രകാമുള്ള നടപടി എവിടെ വരെയായി എന്ന് ആരാഞ്ഞുകൊണ്ടുള്ള നഗരസഭാദ്ധ്യക്ഷന്റെ 16.3.2007 ലെ കുറിപ്പിന് മറുപടിയായി സമർപ്പിച്ച കുറിപ്പിൽ എച്ച്1-19532/05 ഫയൽ പ്രകാരം ടെണ്ടർ ക്ഷണിച്ചുവെന്നും എസ്റ്റിമേറ്റ് എടുക്കേണ്ട പ്രവൃത്തി അല്ലാത്തതിനാൽ ടെണ്ടർ റദ്ദാക്കിയെന്നും മണിക്കൂറിന് നിരക്ക് നിശ്ചയിച്ച് വാടകക്ക് ചെയ്യേണ്ടതാണെന്നും മുനിസിപ്പൽ എഞ്ചിനീയർ നിർദ്ദേശിച്ച് പ്രകാരം തിരികെ ലഭിച്ചുവെന്നും രേഖപ്പെടുത്തിക്കാണുന്നു. ഇക്കാരണത്താലാണ് പ്രസ്തുത സാമ്പത്തിക വർഷാവസാനം വരെ അന്ന് പ്രവൃത്തി ചെയ്തു കൊണ്ടിക്കുന്ന കക്ഷിയെതന്നെ പ്രവൃത്തി ഏൽപ്പിക്കാൻ നഗരസഭ തീരുമാനിച്ചതെന്നു കരുതുന്നു<br><br>ബന്ധപ്പെട്ട ഫയൽ നടപടികൾ ആരാംഭിച്ചതും തുടർ നട |

| | | | |
|---|---|---|---|
| | | — <br> — | പടി സ്വീകരിച്ചതുമായ തിയതികളിൽ വൈരുദ്ധ്യമുള്ളതായി ഓഡിറ്റ് ചൂണ്ടിക്കാട്ടിയതിന്റെ അടിസ്ഥാനം വ്യക്തമായിട്ടില്ല. ബന്ധപ്പെട്ട കാലത്തെ വിതരണ പതിവേടും വിജിലൻസിന്റെ കൈവശമാണുള്ളതത്രെ 2.8.2.2006 ന് പ്രശ്നം സംബന്ധിച്ച് ഉണ്ടായ സമർപ്പണത്തിന്റെ ആടിസ്ഥാനത്തിൽ അടിയന്തിര നടപടി സ്വീകരിച്ചു തുടങ്ങുകയും പിന്നീട് വിതരണ പതിവേടും മുഖേന നമ്പർ ചേർത്ത് ഫയലാക്കുകയായിരുന്നോ അതോ സെക്ഷൻ മാർക്ക് തെറ്റായി കൈപ്പറ്റ് തീയതി രേഖപ്പെടുത്തുകയായിരുന്നോ എന്ന് വ്യക്തമാകണമെങ്കിൽ വിതരണ പതിവേടു കൂടി ലഭ്യമാകേണ്ടതുണ്ട് <br><br> ഓഡിറ്റ് പരാമർശത്തിലെ വിഷയവുമായി ബന്ധപ്പെട്ട സ്ഥിരം സമിതി/കൗൺസിൽ തീരുമാനങ്ങളുടെ പ്രസക്തി ശ്രദ്ധേയമാണ് എന്നതിനാലും, നഗരസഭാ ജീവനക്കാർ പ്രസ്തുത തീരുമാനത്തിനനുസൃതമായി പ്രവർത്തിക്കുകയാണുണ്ടായത് എന്നതിനാലും കരാറുകാരന് തുക അനുവദിക്കുന്ന സംഗതിയിൽ അസ്വാഭാവികമായി യാതൊന്നും തന്നെ കാണുകയുണ്ടായില്ല എന്നതു കൊണ്ടും നഗരസഭാ സെക്രട്ടറിമാരായിരുന്ന രണ്ടുപേരുടെ വിവരങ്ങളും തുകയും കാണിച്ചു കൊണ്ടുള്ളതും വഴിവിട്ട നടപടികൾ കാണാത്തതിനാലും ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ പൂർണ്ണമല്ലെന്നും ഓഡിറ്റ് അഭിപ്രായപ്പെട്ടതുപോലെ വകുപ്പുതല അന്വേഷണം ആവശ്യമാണെന്നും തോന്നുന്നില്ല എന്നും റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. <br><br> ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ച നഗരസഭാ സെക്രട്ടറി |

| | | | |
|---|---|---|---|
| | | | മാർ_സർവീസിൽ നിന്നും റിട്ടയർ ചെയ്തതായാണ് അറിയുന്നത്. കൂടാതെ ബന്ധപ്പെട്ട ഫയലിൽ സുപ്രധാന കുറിപ്പുകൾ രേഖപ്പെടുത്തിയ അന്നത്തെ നഗരസഭാധ്യക്ഷനായിരുന്ന ശ്രീ ഉപേന്ദ്രൻ ദിവംഗതനായിട്ടുള്ളതാണെന്ന വിവരവും രേഖപ്പെടുത്തുന്നു. |

## കോട്ടയം നഗരസഭ

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2008-2009 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്മേൽ കോട്ടയം നഗരസഭ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| സമാഹൃത റിപ്പോർട്ട് വർഷം ഓഡിറ്റ് ഖണ്ഡിക നം. | ഓഡിറ്റ് ഖണ്ഡിക | ആഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ചനടപടി. |
|---|---|---|---|
| 2008-09 | 3.11.3 (A) | **നഗരസഭവക മാമ്മൻമാപ്പിള ഹാൾ അഡീഷണൽ പവർ അലോക്കേഷൻ യഥാസമയം നടപടി** സ്വീകരിക്കാത്തതു മൂലം നഷ്ടം മാമ്മൻ മാപ്പിള ഹാളിനു വേണ്ടിയുള്ള ഹൈടെൻഷൻ വൈദ്യുത സപ്ലേ കരാർ അനുസരിച്ചുള്ള പവർ അലോക്കേഷൻ 150കെവിഎ ആണ്. മാക്സിമം ഡിമാന്റ് 150കെവിഎയിൽ അധികരിച്ചാൽ അപേക്ഷ നൽകി പവർ അലോക്കേഷൻ വർദ്ധിപ്പിച്ച് വാങ്ങേണ്ടതും പുതുക്കിയ ഹൈടെൻഷൻ എഗ്രിമെന്റ് വയ്ക്കേണ്ടതുമാണ്. ഇതിന്റെ അഭാവത്തിൽ 150കെവിഎ യിൽ അധികരിക്കുന്ന ഓരോ കെവിഎയ്ക്കും നിലവിലുള്ള 350രൂപയ്ക്കു പുറമേ പ്രതിമാസം 175 രൂപ അധികമായി വൈദ്യുതി ബോർഡിന് നൽകേണ്ടതുണ്ട്. 2/05 മുതൽ 3/08 വരെയുള്ള എല്ലാ മാസങ്ങളിലും വൈദ്യുതി ചാർജ്ജ് 150കെവിഎ യിൽ അധികരിച്ചിട്ടുള്ളതും തന്മൂലം 175300 രൂപ ഇലക്ട്രിസിറ്റി ബോർഡിന് അധിക ഫീസായി ടി കാലയളവിൽ നൽകേണ്ടി വരികയും ചെയ്തു. അഡീഷണൽ പവർ അലോക്കേഷന് അപേക്ഷിക്കാത്ത പക്ഷം പവർ കണക്ഷൻ വിച്ഛേദിക്കുമെന്ന് കോട്ടയം ഇലക്ട്രിക്കൽ സർക്കിൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 20.05.06 ലെ കത്ത് പ്രകാരം മുന്നറിയിപ്പ് ലഭിച്ചതിനു ശേഷം 02.08.06 ൽ 50കെവിഎ അഡീഷണൽ പവർ അലോക്കേഷൻ അപേക്ഷിച്ചുവെങ്കിലും തുടർ നടപടികളൊന്നും നാളിതുവരെ സ്വീകരിച്ചിട്ടില്ല. ആയതിന് നടപടികൾ സ്വീകരിക്കുന്നതിന് ഉത്തരവാദികളായ മുനി എഞ്ചിനീയർ, അസി.എക്സി എഞ്ചിനീയർ എന്നിവരിൽ നിന്നും നഗരസഭയ്ക്ക് നഷ്ടമായ 174300 രൂപ തുല്യമായി ഈടാക്കുന്നതാണ്.<br>ഉത്തരവാദികളായ ഉദ്യോഗസ്ഥർ<br>1.ശ്രീ.ജോസ് മൈക്കിൾ, മുനി.എഞ്ചിനീയർ - 87150/- രൂപ<br>2. ശ്രീ.എം.മുരളീകൃഷ്ണൻ, അസി.എക്സി.എഞ്ചിനീയർ- 87150/- | 20.05.06 ലെ അഡീഷണൽ പവ്വർ അലോക്കേഷന് അപേക്ഷിക്കേണ്ടതാണ് എന്നതു സംബന്ധിച്ച് കോട്ടയം ഇലക്ട്രിക്കൽ സർക്കിൾ എക്സി.എഞ്ചിനീയറുടെ 20.05.06 ൽ കത്ത് ലഭിച്ചിട്ടുള്ളതാണ്, 20.08.06 ൽ ഇതിനായി കെ.എസ്.ഇ.ബിയിൽ അപേക്ഷ സമർപ്പിച്ചിരുന്നു.<br>പവ്വർ ഫാക്ടർ ക്രമീകരിക്കുന്നതിനായി കൺസൾട്ടന്റും A Class Electrical Contractors മായ M/S Swami Electricals മുഖാന്തിരം പ്രസ്തുത അടങ്കൽ സാങ്കേതിക പരിഗണനയ്ക്കായി PWD Electrical Wing, Kottayam ത്തിന് അപേക്ഷ നൽകി.<br>15.12.2009 Remainder ഉം നൽകി എന്നാൽ PWD Electrical Wing ൽ നിന്നും അടങ്കൽ തയ്യാറാക്കി നൽകി.<br>ഇതിനു മറുപടിയായി 10.11.11 ലെ A3-693/09 കത്ത് പ്രകാരം പവ്വർ അലോക്കേഷൻ സംബന്ധമായ പ്രവർത്തിയല്ല എന്നും ഇതിനായി കെ.എസ്.ഇ.ബിയുമായി ബന്ധപ്പെടേണ്ടതാണ് എന്നുമുള്ള മറുപടിയാണ് PWD Electrical Wing അസി.എക്സി.എഞ്ചിനീയർ കോട്ടയത്തിൽ നിന്നും നഗരസഭയ്ക്ക് ലഭിച്ചത്.<br>04.01.09 ൽ അടങ്കൽ തയ്യാറാക്കാൻ നൽകിയ കത്തിന് നീണ്ട രണ്ടു വർഷം എടുത്തു PWD Electrical Wing ൽ നിന്നും നിരുത്തരവാദപരമായ ഇപ്രകാരം ഒരു മറുപടി ലഭിക്കുവാൻ<br>സ്വകാര്യ കൺസൾട്ടന്റ് മുഖാന്തിരം തയ്യാറാക്കുന്ന അടങ്കൽ പരിശോധിക്കാൻ കഴിയില്ലെന്നും അവർ തന്നെ അടങ്കൽ തയ്യാറാക്കുന്നതാണെന്നും അറിയിച്ചതു പ്രകാരമുള്ള അപേക്ഷയ്ക്ക് ഇത് അവരുടെ ഉത്തരവാദിത്വം അല്ല എന്ന് പറഞ്ഞൊഴിയാൻ 2 വർഷം വേണ്ടി വന്നു എന്നതാണ് ഈ വിഷയത്തിൽ വന്ന താമസത്തിനും പ്രധാന കാരണം. |

| | | | |
|---|---|---|---|
| 2008-09 | 3.11.3 (B) | **മാമ്മൻ മാപ്പിള ഹാൾ - പവ്വർ ഫാക്ടർ ക്ഷയം**<br>13.04.05 ലെ ബി.ഒ(എഫ്.എം)1172/2005 നമ്പർ ഉത്തരവ് പ്രകാരം കെ.എസ്.ഇ.ബി 01.04.2005 പ്രാബല്യത്തിൽ റഗുലേറ്ററി കമ്മീഷന്റെ റ്റി.ഒ.ഡി മീറ്ററിംഗ് പ്രാവർത്തികമാക്കുന്നതിനുള്ള ഉത്തരവ് നടപ്പാക്കുകയുണ്ടായി. ഇതനുസരിച്ച് പവർ ഫാക്ടർ 09.നും 01.00 നും ഇടയിൽ മെച്ചപ്പെടുത്തിയാൽ ഓരോ 0.01 യൂണിറ്റ് വർദ്ധനവിനും എനർജി ചാർജ്ജിന്റെ 0.15% ഇളവായി നൽകാനും 0.9നു താഴെ വരുന്ന ഓരോ 0.01 യൂണിറ്റിനും ചാർജ്ജിന്റെ 1ശതമാനം പിഴ ഈടാക്കാനും ഉത്തരവായി. നഗരസഭാ ഹാളിൽ (മാമ്മൻ മാപ്പിള ഹാൾ) കപ്പാസിറ്റർ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ പവർ ഫാക്ടർ 0.90 ൽ പോലും നിലനിർത്താൻ കഴിഞ്ഞിട്ടില്ലെന്ന് മാത്രമല്ല 0.59 വരെ താഴുകയും ചെയ്തു. തന്മൂലം 04/05 മുതൽ 3/08 വരെ ഈ ഇനത്തിൽ 133925 രൂപ നഗരസഭ പിഴ അടയ്ക്കേണ്ടി വന്നു. ഈ നഷ്ടത്തിന് ഉത്തരവാദികളായ മുനിസിപ്പൽ എഞ്ചിനീയർ, അസി.എക്സി.എഞ്ചിനീയർ എന്നിവരിൽ നിന്നും നഗരസഭാ ഫണ്ടിന് നഷ്ടമായ തുക തുല്യമായി ഈടാക്കേണ്ടതാണ്.<br>**ഉത്തരവാദികളായ ഉദ്യോഗസ്ഥർ**<br>1.ശ്രീ.ജോസ് മൈക്കിൾ, മുനി.എഞ്ചിനീയർ - 66963/- രൂപ<br>2. ശ്രീ.എം.മുരളീകൃഷ്ണൻ, അസി.എക്സി.എഞ്ചിനീയർ- 66962/- | നഗരസഭയിൽ ഇലക്ട്രിക്കൽ എഞ്ചിനീയർമാർ ഇല്ലാത്തതുമൂലം ഇതു സംബന്ധിച്ച സാങ്കേതിക വശങ്ങൾ വ്യക്തമല്ലാത്തതു മൂലം 10.01.12 ൽ കെ.എസ്.ഇ.ബി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ സാങ്കേതിക സഹായം നഗരസഭ തേടുകയുണ്ടായി.<br>18.01.12 ൽ അദ്ദേഹത്തിൽ നിന്നും ലഭിച്ച സാങ്കേതിക ഉപദേശപ്രകാരം ഇലക്ട്രിക്കൽ സെക്ഷൻ, കോട്ടയം സെൻട്രലും ആയി ബന്ധപ്പെടുകയും പവർ അലോക്കേഷൻ അടിസ്ഥാനമാക്കിയുള്ള ഫീസ് 86969 രൂപ Special Officer (Revenue) KSEB Vyduthi Bhavan, Thiruvananthapuram ൽ ഒടുക്കുകയും പവ്വർ ഫാക്ടർ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ കപ്പാസിറ്റർ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് നൽകണം എന്ന് 23.01.12 ൽ PWD ഇലക്ട്രിക്കൽ സെക്ഷൻ അസി.എക്സി.എഞ്ചിനീയർക്കും പവ്വർ അലോക്കേഷൻ 150 ൽ നിന്നും 175 ലേക്ക് വർദ്ധിപ്പിച്ച് നൽകണമെന്ന് കെ.എസ്.ഇ.ബി സെൻട്രൽ സെക്ഷൻ അസി.എക്സി.എഞ്ചിനീയർക്കും കത്തുകൾ നൽകി. 06.06.12 ലെ EDT?A?DB3-2597/12 കത്തു പ്രകാരം കപ്പാസിറ്റർ സ്ഥാപിക്കുന്നതിനും മറ്റും ആയി 525000 രൂപയുടെ അടങ്കൽ തയ്യാറാക്കിയിട്ടുണ്ടെന്നും 12.5% Centage charge ഉൾപ്പെടെ 5,90,625 രൂപ ഡിഡി ആയി നൽകണം എന്നും എക്സി.എഞ്ചിനീയർ, PWD Electrical Division, TVM അറിയിച്ചു.<br>സ്വകാര്യ കൺസൾട്ടിന്റെ അടങ്കൽ പരിശോധിക്കാൻ കഴിയില്ലെന്നും സ്വയം അടങ്കൽ തയ്യാറാക്കി നൽകാം എന്നും അറിയിക്കുകയും ആയതു പ്രകാരം 04.11.09 ൽ നൽകിയ അപേക്ഷയ്ക്ക് 2 വർഷത്തിനു ശേഷം 10.11.11 ൽ അത് തങ്ങളുടെ ചുമതല അല്ല എന്ന് പറഞ്ഞറിയിക്കുകയും ചെയ്തു PWD ഇലക്ട്രിക്കൽ വിംഗ് തന്നെ സുദീർഘമായ 2 |

| | | | | |
|---|---|---|---|---|
| | | | | വർഷം 7 മാസത്തിനു ശേഷം എസ്റ്റിമേറ്റ് തയ്യാറാക്കി നൽകി എന്നതിൽ നിന്നും തന്നെ ഈ വിഷയത്തിൽ നഗരസഭയ്ക്കുണ്ടായ കഷ്ടനഷ്ടങ്ങൾക്ക് പ്രസ്തുത ഡിപ്പാർട്ട്മെന്റിന്റെ നിരുത്തരവാദപരമായ പെരുമാറ്റമാണ് പ്രധാന കാരണം എന്ന് സുവ്യക്തമാണ്.<br>നിരന്തരമായ ഇടപെടലുകൾ നടത്തിയിട്ടും ഈ വിഷയത്തിൽ വേണ്ട സാങ്കേതിക പരിജ്ഞാനം ഇല്ലാത്ത നഗരസഭയിലെ സിവിൽ എഞ്ചിനീയർമാർ ഇതുമൂലം ഉണ്ടായ നഷ്ടങ്ങൾക്ക് ഉത്തരവാദിയാകും എന്ന ഓഡിറ്റ് പരാമർശം തികച്ചു ഖേദകരമാണ്.<br>12.07.12 ൽ പ്രസ്തുത തുക ഡിഡി ആയി PWD Electrical Wing നഗരസഭ ഒടുക്കി.<br>04.07.12 ൽ കെ.എസ്.ഇ.ബി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ സർക്കിൾ, കോട്ടയത്തിൽ നിന്നും പവ്വർ അലോക്കേഷൻ 150 ൽ നിന്നും 175 കെവിഎ ആയി വർദ്ധിക്കുന്നതിനുള്ള എഗ്രിമെന്റ് വയ്ക്കാനുള്ള അറിയിപ്പ് ലഭിച്ചു.<br>17.09.2012 സപ്ലിമെന്ററി HT എഗ്രിമെന്റ് അസി.എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കോട്ടയം ന് Approved as filed drawings സഹിതം നൽകി.<br>22.09.14 ൽ ടെണ്ടർ എക്സസിനായി 25,175 രൂപ കൂടി ഒടുക്കുന്നതിന് EE, PWD Electrical Division, TVM ൽ നിന്നും അറിയിപ്പ് ലഭിച്ച പ്രകാരം 10.10.12 ൽ തുക അടച്ചിട്ടുള്ളതാണ്.<br>Electrical Inspector ടെ നിർദ്ദേശ പ്രകാരം കോൺട്രാക്ട് ഡിമാന്റ് 185KVA ആക്കണം എന്നാവശ്യപ്പെട്ട് 14.11.12 ൽ Dy.CE ക്ക് നൽകി.<br>22.01.13 മുതൽ പവർ അലോക്കേഷൻ വർദ്ധിപ്പിച്ച് കെ.എസ്.ഇ.ബിയുമായിഎഗ്രിമെന്റ് പ്രാബല്യത്തിൽ ആയി നിലവിൽ ടി വിഷയം പരിഹരിച്ചിട്ടുള്ളതാണ്.<br>ഈ ഓഡിറ്റ് തടസ്സം സംബന്ധിച്ച് 26.07.11 ൽ ലഭിച്ച സർചാർജ്ജ് നോട്ടീസിന് ഡെറ്റ് ബാറായി സ്വീകരിച്ചിരുന്ന നടപടികൾ സൂചിപ്പിച്ച് ഡയറക്ടർ ഓഫ് ലോക്കൽ ഫണ്ട് |

| | | | |
|---|---|---|---|
| | | | ഓഡിറ്റിന് അപ്പീൽ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 18.11.11 ലെ ഡയറക്ടറുടെ നിർദ്ദേശ പ്രകാരം 15.12.11 ൽ ഡെപ്യൂട്ടി ഡയറക്ടർ, അസി.എക്സി.എഞ്ചിനീയർ, മുനി.എഞ്ചിനീയർ ജോസ് മൈക്കിൾ എന്നിവരെ നേരിൽ കേൾക്കുകയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരത്തിന് അയയ്ക്കുകയും ചെയ്തു കഴിഞ്ഞിട്ടുള്ളതുമാണ് എന്നറിയുന്നു. എന്നാൽ നാളിതുവരെയായി ഇത് സംബന്ധിച്ച് മറ്റ് നിർദ്ദേശങ്ങൾ ആഡിറ്റിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ മേൽ ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.<br>എം.എം ഹാൾ വാടകയ്ക്ക് നൽകിയ ഇനത്തിൽ 2007-08 കാലയളവിൽ 49950 രൂപ വൈദ്യുതി ചാർജ്ജിനത്തിൽ വാടകക്കാരിൽ നിന്നും ഈടാക്കിയിട്ടുള്ളതാണ്.<br>അഡീഷണൽ പവ്വർ അലോക്കേഷൻ സംബന്ധിച്ച പരാമർശം പരിഹരിക്കുകയും നഗരസഭയ്ക്കുണ്ടായ സാമ്പത്തിക നഷ്ടം ഈടാക്കുകയും ചെയ്തിട്ടുള്ളതിനാൽ ഈ പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. അപാകതകൾ പരിഹരിച്ചിട്ടുള്ളതിനാൽ പിന്നീട് ലഭിച്ചിട്ടുള്ള ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടുകളിൽ ടി വിഷയം പരാമർശിച്ചിട്ടുള്ളതല്ല എന്ന വിവരം അറിയിക്കുന്നു. |

A.K. MOHANA KUMAR
Joint Secretary to Govt.
Local Self Government Department
Govt. Secretariat, Thiruvananthapuram

## സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2.5-ൽ വ്യവസായ (ഇ) വകുപ്പിന് കീഴിലുള്ള കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട പരാമർശത്തിന്മേലുള്ള ന്യൂനത പരിഹാര നടപടി പത്രിക

<table>
<tr><th>ക്രമ നമ്പർ</th><th>ഖണ്ഡിക</th><th>പരാമർശം</th><th>ന്യൂനത പരിഹാര നടപടി</th></tr>
<tr><td>1</td><td>2.5</td><td>യാഥാർത്ഥ്യബോധത്തോടെ രേഖകളുടെ പിൻബലത്തോടെ ബജറ്റ് തയ്യാറാക്കാത്തതിനാൽ പ്രതീക്ഷിക്കുന്ന വരവുചെലവും യഥാർത്ഥ വരവുചെലവും തമ്മിൽ അന്തരം കാണപ്പെടുന്നു.<br><br>II ക്ഷേമനിധി ബോർഡുകൾ:<br><br>കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്<br><br>(തുക ലക്ഷത്തിൽ)<br>
<table>
<tr><th>വർഷം</th><th>ബജറ്റ് പ്രകാരമുള്ള</th><th></th><th>യഥാർത്ഥ</th><th></th></tr>
<tr><td></td><td>വരവ്</td><td>ചെലവ്</td><td>വരവ്</td><td>ചെലവ്</td></tr>
<tr><td>2002-03</td><td>2040</td><td>1758</td><td>778</td><td>417</td></tr>
</table>
</td><td>1987-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി നിയമവും 1998-ലെ ഭേദഗതി നിയമവും പ്രകാരം കയർ തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് വിഹിതം ഒടുക്കാൻ ബാദ്ധ്യതയുള്ള ഒരു കൂട്ടം കയറ്റുമതിക്കാരും, വ്യാപാരികളും തങ്ങളെ ക്ഷേമനിധി വിഹിതം ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ബഹു.ഹൈക്കോടതിയെ സമീപിക്കുകയും ബഹു.ഹൈക്കോടതിയിൽ നിന്നും താൽക്കാലിക സ്റ്റേ വാങ്ങി വിഹിതം അടയ്ക്കുന്നതിൽ നിന്നും ഒഴിവാകുകയും ചെയ്തതിനാൽ ബോർഡിന് 2002-03 സാമ്പത്തിക വർഷം ഈ ഇനത്തിൽ പ്രതീക്ഷിച്ചിരുന്ന വരുമാനത്തിൽ വലിയ കുറവുണ്ടായി.<br><br>കൂടാതെ തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി സർക്കാരിൽ സമർപ്പിച്ചിരുന്ന വിവിധ പദ്ധതികളിൽ ഗ്രാന്റ് ഇനത്തിൽ എസ്റ്റിമേറ്റ് ചെയ്ത തുക വരുമാനമായി കണക്കാക്കിയിരുന്നു. തൊഴിലാളികൾ, ഉടമകൾ, കയറ്റുമതിക്കാർ, ഉൽപ്പാദകർ, വ്യാപാരികൾ എന്നിവരിൽ നിന്നും നിയമപ്രകാരമുള്ള വിഹിതം പൂർണ്ണമായും പിരിച്ചെടുക്കാൻ കഴിയും എന്ന പ്രതീക്ഷയിലും, ക്ഷേമപ്രവർത്തനങ്ങൾക്കായി സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്ന പദ്ധതികളിലെ എസ്റ്റിമേറ്റ് തുക</td></tr>
</table>

| | | | |
|---|---|---|---|
| | | | ലഭിക്കുമെന്ന ധാരണയിലുമാണ് 2002-03 ലെ ബജറ്റിലെ പ്രതീക്ഷിത വരവ് ക്ഷേമനിധി ബോർഡ് കണക്കാക്കിയത്.<br><br>എന്നാൽ · കയറ്റുമതിക്കാർ, വ്യാപാരികൾ എന്നിവരുമായുള്ള കേസിൽ ക്ഷേമനിധി ബോർഡിന് എതിരായി വിധിയുണ്ടായതിനാൽ ക്ഷേമനിധി വിഹിത ഇനത്തിൽ പ്രതീക്ഷിച്ച വരവ് ബോർഡിന് നഷ്ടമാകുകയും, സർക്കാരിൽ സമർപ്പിച്ചിരുന്ന വിവിധ പദ്ധതികളിൻമേൽ 2002-03ൽ ലഭിക്കുമെന്ന് കണക്കാക്കിയിരുന്ന സഹായധനം ലഭിക്കാതിരുന്നതുമാണ് കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2002-03 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത വരവ്-ചെലവ് കണക്കും യഥാർത്ഥ വരവ്-ചെലവ് കണക്കുകളും തമ്മിൽ വലിയ അന്തരം ഉണ്ടാകാൻ ഇടയായിട്ടുള്ളത്. |

**കേരള നിയമസഭ — ലോക്കൽ ഫണ്ട്സ് അക്കൗണ്ട്സ് കമ്മിറ്റി (2019-21) - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2008-09-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിനെ സംബന്ധിച്ചുള്ള പരാമർശത്തിന്മേൽ സ്വീകരിച്ച ന്യൂനതാ പരിഹാര നടപടി പത്രിക**

തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്

| ഖണ്ഡിക നമ്പർ | പരാമർശം | സ്വീകരിച്ച നടപടി |
|---|---|---|
| 2.5 | 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214(1) പ്രകാരം ഓരോ വർഷവും ജനുവരി 15-ാം തീയതിക്ക് മുമ്പ് ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും അടുത്ത വർഷത്തെ എസ്റ്റിമേറ്റ്, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിനു മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിച്ച് ചർച്ച ചെയ്യേണ്ടതുമാണ്.<br>ഭൂരിഭാഗം സ്ഥാപനങ്ങളിലും ജനുവരി 15 നകം ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കുകയോ മാർച്ച് ആദ്യവാരം ബജറ്റ് പ്രത്യേക ഭരണ സമിതി യോഗത്തിൽ അവതരിപ്പിക്കുകയോ ചെയ്യുന്നില്ല. മാർച്ച് മാസത്തോടുകൂടി മാത്രമേ അടുത്ത വർഷത്തെ ബജറ്റ് തയ്യാറാക്കൽ നടപടികൾ ആരംഭിക്കുന്നുള്ളൂ വളരെ തിടുക്കത്തിൽ തയ്യാറാക്കുന്ന ഇത്തരം ബജറ്റുകളിൽ സ്ഥാപനത്തിന്റെ പ്രതീക്ഷിത വരവുചെലവ് കണക്കുകൾ യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്തതായി പോകുന്നു. മുൻ വർഷത്തെ ബജറ്റിൽ ഉണ്ടായ വ്യതിയാനം, യഥാർത്ഥ വരുമാനങ്ങൾ, പുതുതായി എന്തെങ്കിലും ഉൾപ്പെടുത്താൻ കഴിയുമോ എന്നീ കാര്യങ്ങൾ ഭൂരിപക്ഷം സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിക്കാറില്ല. തനതു വരുമാനം എന്തൊക്കെയാണെന്നും അതിന്റെ വരുമാനം വർദ്ധിപ്പിക്കാൻ എന്തു ചെയ്യണമെന്നും ഉള്ള ക്രിയാത്മകമായ യാതൊരു നീക്കങ്ങളും കമ്മിറ്റികളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. യഥാർത്ഥ ബോധത്തോടെ രേഖകളുടെ പിൻബലത്തോടെ ബജറ്റ് തയ്യാറാക്കാത്തതിനാൽ പ്രതീക്ഷിക്കുന്ന വരവു ചെലവും യഥാർത്ഥ വരവു ചെലവും തമ്മിൽ വലിയ അന്തരം കാണപ്പെടുന്നു. | 2002-2003 സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിന് വേണ്ടി ചേർന്ന കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ബോർഡിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി 2002 -2003 സാമ്പത്തിക വർഷം 5,000 തൊഴിലാളികളെ പദ്ധതിയിൽ അംഗമാക്കുവാനുള്ള നടപടി സ്വീകരിക്കുവാനും തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ 1,00,000/- രൂപയിൽ നിന്ന് 1,50,000/- രൂപയായി വർദ്ധിപ്പിക്കുവാനും തീരുമാനിച്ചിരുന്നു. ഇതു വഴി 2002-2003 സാമ്പത്തിക വർഷം തനതു വരുമാനം വർദ്ധിക്കും എന്ന കണക്ക കൂട്ടലിലും ആനുകൂല്യ തുക വർദ്ധിപ്പിക്കുന്നതിനാൽ തന്മൂലം ചെലവ് വർദ്ധിക്കും എന്ന കണക്ക കൂട്ടലിലുമാണ് പ്രതീക്ഷിത വരവ് 16 ലക്ഷം രൂപയെന്നും പ്രതീക്ഷിത ചെലവ് 8 ലക്ഷം രൂപയെന്നും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വരും വർഷങ്ങളിൽ ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുന്നതിലും സമയബന്ധിതമായി സമർപ്പിക്കുന്നതിലും ശ്രദ്ധ ചെലുത്തുന്നതാണ്. |

17

തുക ലക്ഷത്തിൽ

| നം. | ക്ഷേമനിധി ബോർഡ് | വർഷം | ബഡ്ജറ്റ് പ്രകാരമുള്ള | | യഥാർത്ഥ | |
|---|---|---|---|---|---|---|
| | | | വരവ് | ചെലവ് | വരവ് | ചെലവ് |
| 3. | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2002-03 | 16 | 8 | 4 | 4.5 |

A. [illegible] RAJ
Addl. Secretary to Govt.
Labour & [illegible] Department
Govt. Secretariat Tvm
Ph: 2518377,2327013

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-2006 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളുൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക**

| ക്രമനമ്പർ | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടിയുടെ വിവരം |
|---|---|---|---|
| 1. | 1.1 | **അധികാരവികേന്ദ്രീകരണവും ഗ്രാമസഭയും -**<br><br>മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭ ചേരണമെന്ന് കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(4) അനുശാസിക്കുന്നു. തുടർച്ചയായി രണ്ട് തവണ വീഴ്ച വരുത്തിയാൽ ബന്ധപ്പെട്ട അംഗം അയോഗ്യനാകുമെന്ന് വകുപ്പ് 35(പി) യും വ്യക്തമാക്കുന്നു. വാർഡ് സഭകൾ സംബന്ധിച്ച് കേരള നഗരപാലികാ നിയമം വകുപ്പ് 42 ലും സമാന വ്യവസ്ഥകളുണ്ട്. ഓഡിറ്റ് വേളകളിൽ ഗ്രാമ/വാർഡ് സഭകളുടെ മിനിട്സ് ഹാജരാക്കാൻ ആവശ്യപ്പെട്ടാലും അവ യഥാവിധി ഹാജരാക്കാറില്ലെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. വ്യക്തിഗത ആനുകൂല്യങ്ങൾ ക്കുള്ള ഗുണഭോക്തക്കളെ നിർണ്ണയിക്കേണ്ടത് ഗ്രാമസഭയാണ്. ഇതിനായി നാമമാത്ര പങ്കാളിത്തമുള്ള ഗ്രാമസഭകളും വാർഡ് സഭകളും ചേർന്നിട്ടുള്ളതായാണ് ഓഡിറ്റിന് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഗ്രാമസഭകളും വാർഡ് സഭകളും നിയമം നിഷ്കർഷിക്കുന്ന വിധത്തിൽ ചേരാതിരിക്കുന്നതും കൃത്യമായ മിനിട്ട്സ് എഴുതി സൂക്ഷിക്കാതിരിക്കുന്നതും വലിയ പോരായ്മ തന്നെയാണ്. ആസൂത്രണ പ്രക്രിയയുടെ ചർച്ചകളും, ആസൂത്രണവും താഴേതട്ടിലുള്ള ഈ സഭകളിൽ നിന്നാണ് തുടങ്ങേണ്ടത്. ഓഡിറ്റ് റിപ്പോർട്ടുകളുടെ ചർച്ചയും ഈ സഭകളുടെ ഉത്തരവാദിത്വമാണ്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ മിനിട്ട്സ് പരിശോധിച്ചാൽ ഇവയൊന്നും മുറപ്രകാരം നടന്നിട്ടില്ലെന്നാണ് അനുമാനിക്കാനാവുന്നത്. ഗ്രാമസഭകളിൽ | പ്രാദേശിക പദ്ധതികളിൽ പൊതുപങ്കാളിത്തം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ, ചില പരിഷ്കാരങ്ങൾക്ക് 13-ാം പദ്ധതിയിൽ തുടക്കമിട്ടു. ഇതിന്റെ ഭാഗമായി വിദഗ്ദരുടെ പങ്കാളിത്തവും സന്നദ്ധ പ്രവർത്തകരുടെ സേവനങ്ങളും ഉപയോഗപ്പെടുത്തുന്നതിനുള്ള ചില തീരുമാനങ്ങൾ എടുക്കുകയുണ്ടായി. പദ്ധതി രൂപീകരണം നിർവ്വഹണം, നിരീക്ഷണം എന്നിവയിൽ സഹായം ലഭിക്കുന്നതിനായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ആസൂത്രണ സമിതികൾ രൂപീകരിക്കുകയുണ്ടായി. ഈ സമിതിയിൽ സന്നദ്ധ പ്രവർത്തകരുടെയും വിദഗ്ധരുടെയും പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്. പ്രാദേശിക സർക്കാരുകളെ സഹായിക്കാൻ ഒരു സന്നദ്ധ വിദഗ്ധന്റെ സേവനം ഉപയോഗിക്കാനും നിർദ്ദേശിക്കുകയുണ്ടായി. റിസോഴ്സ് പേഴ്സൺമാരെ തിരഞ്ഞെടുക്കുന്നതിൽ പ്രാദേശിക സർക്കാരുകൾക്ക് പൂർണ്ണ സ്വാതന്ത്ര്യം നൽകുകയും ആസൂത്രണത്തിൽ പങ്കാളിത്തമുറപ്പാക്കാൻ പ്രവാസി മലയാളികൾ ഉൾപ്പെടെയുള്ള പൊതുജനങ്ങളിൽ നിന്നും ആശയങ്ങൾ സ്വീകരിക്കുന്നതിനായി ഒരു ഗ്രാമസഭ പോർട്ടൽ വികസിപ്പിക്കുകയും ചെയ്തു.<br><br>പ്രാദേശിക ആസൂത്രണത്തിന് ഗ്രാമസഭകൾ യോഗം ചേരുന്നതിന് മുമ്പ് പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വ്യാപകമായ പ്രചരണ പരിപാടികൾ |

| | | | |
|---|---|---|---|
| | | വനിതകളുടെ പങ്കാളിത്തം ഉദ്ദേശിച്ചതിലും താഴെയായിരുന്നു എന്നതാണ് എടുത്തു പറയേണ്ട മറ്റൊരു വസ്തുത. അധികാരവികേന്ദ്രീകരണ പ്രക്രിയയിൽ ഏറ്റവും സുപ്രധാനവും ആസൂത്രണപ്രക്രിയയിൽ വിപ്ലവകരമായ മാറ്റം സുസാദ്ധ്യമാക്കുന്ന സംവിധാനമാണ് ഗ്രാമ/വാർഡ് സഭകൾ. ഇവയുടെ ശരിയായ പരിപാലനം തദ്ദേശസ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ ക്കുള്ള സുതാര്യതയുടെ നിരാക്ഷേപരഹിതമായ സാക്ഷ്യപ്പെടുത്തൽ കൂടിയാണ്. | ഗ്രാമപഞ്ചായത്തിലുടനീളം സംഘടിപ്പിക്കുന്നതിനും സന്നദ്ധ പ്രവർത്തകരുടെ സേവനം ഗ്രാമസഭയുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഗ്രാമസഭായോഗങ്ങൾ ഫലപ്രദമായി സംഘടിപ്പിക്കുന്നതിനും ഉപയോഗപ്പെടുത്താവുന്നതാണ് തുടങ്ങി നിരവധി നിർദ്ദേശങ്ങൾ ഗ്രാമസഭകളുടെ ഫലപ്രദമായ നടത്തിപ്പിനായി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം നല്കിയിട്ടുണ്ട്.<br>നിലവിൽ ഗ്രാമസഭകൾ നിയമം നിഷ്കർഷിക്കുന്ന വിധത്തിൽ കൃത്യമായി ചേരുകയും, മിനിറ്റ്സ് എഴുതി സൂക്ഷിക്കുകയും ചെയ്തുവരുന്നുണ്ട്. |
| 2. | 1.2 | **കണക്കുവെയ്ക്കൽ, ഉദ്യോഗസ്ഥപുനർവിന്യാസം ഇവ സാക്ഷാൽകരിക്കപ്പെടണം** | ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിച്ച് വരവ് ചെലവുകൾ യഥാസമയം അക്കൗണ്ട് ചെയ്തുവരുന്നുണ്ട്.<br>എഞ്ചിനീയറിംഗ് വിംഗ് എല്ലാ പഞ്ചായത്തുകളിലും, നഗരസഭകളിലും നിലവിലുള്ളതാണ്. ഉദ്യോഗസ്ഥരുടെ കുറവ് പ്രവർത്തനത്തെ കാര്യമായി ബാധിക്കുന്നുണ്ട്. ഉദ്യോഗസ്ഥ പുനർവിന്യാസം സാധ്യമാക്കി പദ്ധതി നിർവ്വഹണത്തിലും, മറ്റുള്ള പ്രവർത്തനങ്ങളിലും കാര്യമായ മാറ്റം വരുത്താൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 3. | 1.3 | **ആസൂത്രണത്തിന് കൂടുതൽ സമയം, നിർവഹണത്തിന് കുറവ്, മോണിട്ടറിംഗ് ഇല്ല**<br><br>പദ്ധതി ആസൂത്രണ നിർവഹണ മോണിട്ടറിംഗിലെ പൊരുത്തക്കേടുകളും അധികാരവികേന്ദ്രീകരണത്തെ പിന്നോട്ടടിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇന്ന് പദ്ധതി ആസൂത്രണത്തിനാണ് കൂടുതൽ സമയം. ഏറ്റവും പ്രധാനപ്പെട്ട നിർവഹണഘട്ടത്തിന് ഏറ്റവും കുറച്ച് സമയവും. ആസൂത്രണവും നിർവഹണവും ക്രമപ്രകാരമായിരുന്നോയെന്ന് വിലയിരുത്തി പദ്ധതികൾ ലക്ഷ്യം നേടിയോയെന്ന് ഉറപ്പാക്കേണ്ട മോണിട്ടറിംഗ് | പ്രാദേശിക സർക്കാരുകൾക്ക് പദ്ധതികൾ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ പതിമൂന്നാം പദ്ധതിയുടെ ആദ്യ വർഷം തന്നെ വലിയ മാറ്റങ്ങൾ വരുത്തുകയുണ്ടായി. മുൻകാലങ്ങളിൽ പദ്ധതി രൂപീകരണത്തിലെ സങ്കീർണ്ണമായ നടപടിക്രമങ്ങൾ കാരണം പദ്ധതി രൂപീകരണത്തിനും അംഗീകാരത്തിനും പദ്ധതി നിർവ്വഹണത്തേക്കാൾ കൂടുതൽ സമയമെടുക്കുമായിരുന്നു. അതിനാൽ സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തീയാക്കുവാൻ |

| | | | |
|---|---|---|---|
| | | തീരെയില്ല.<br>സാമ്പത്തികവർഷം തുടങ്ങുന്ന ഏപ്രിൽ മുതൽ ഡിസംബർ വരെ ഒമ്പത് മാസം ആസൂത്രണം നീളുന്നു. ജനവരി മുതൽ മാർച്ച് വരെ - സാമ്പത്തിക വർഷം അവസാനിക്കുന്ന - മൂന്ന് മാസം മാത്രമാണ് നിർവഹണം. ആസൂത്രണത്തിന്റെ എല്ലാ ഘട്ടങ്ങളിലും കാലതാമസം. നിർമ്മാണപ്രവൃത്തികൾക്ക് സാങ്കേതികാനുമതി സമയബന്ധിതമായി ലഭിക്കുന്നില്ല. കാർഷിക പദ്ധതികൾ കാലാവസ്ഥ മാറ്റങ്ങൾ കണക്കിലെടുത്ത് ആവിഷ്കരിച്ച് അംഗീകാരം നേടുന്നില്ല.<br>പദ്ധതികളുടെ എണ്ണപെരുപ്പം കുറയ്ക്കുന്നതിനായി പദ്ധതികൾക്ക് നിയന്ത്രണം പരിഗണിക്കാവുന്നതാണ്.<br>വർക്കിംഗ് ഗ്രൂപ്പുകൾക്ക് മോണിറ്ററിംഗ് സമിതികളുടെ ചുമതല നൽകിയെങ്കിലും ഒരിടത്തും ഫലപ്രദമായില്ല. കരാറുകാർ നിർവഹിച്ച മരാമത്ത് വേലകൾ ഗുണഭോക്തൃസമിതി രൂപീകരിച്ച് മോണിറ്ററിംഗ് നടത്തണമെന്ന നിർദ്ദേശവും പാലിക്കപ്പെട്ടില്ല.<br>മോണിറ്ററിംഗ് ഫലപ്രദമായി നിർവഹിക്കാൻ പതിനൊന്നാം പദ്ധതിയിൽ വ്യവസ്ഥവേണം. ഇതിന് ബാഹ്യ ഏജൻസികളുടെ സഹായം പരിഗണിക്കാവുന്നതാണ്. | തദ്ദേശഭരണ സ്ഥാപനങ്ങൾ നിർബന്ധിതരാവുകയും ഇത് മാർച്ച് മാസത്തിലേക്ക് പേയ്മെന്റുകൾ കുമിഞ്ഞുകൂടാനും കാരണമായിരുന്നു. ഇതിന് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെയാണ് നടപടിക്രമങ്ങൾ ലഘൂകരിച്ച കൊണ്ടുള്ള മാർഗ്ഗരേഖ മുന്നോട്ട് വെച്ചത്. ഇതുവഴി ആസൂത്രണത്തിന്റെ നടപടിക്രമങ്ങൾ ലളിതമാക്കുവാനും ആസൂത്രണ ഘട്ടങ്ങൾ യുക്തിസഹമാക്കുവാനും പദ്ധതി സമർപ്പണം നേരത്തേയാക്കുന്നതിനും കാരണമായി. ഇപ്പോൾ എല്ലാ വർഷവും മാർച്ച് മാസത്തിൽ തന്നെ അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതികൾ തയ്യാറാക്കി അംഗീകാരം വാങ്ങുന്ന പ്രക്രിയ സമയബന്ധിതമായി നടക്കുന്നുണ്ട്.<br>സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ മാത്രം ചെലവ് വരുത്തുന്നത് തടയാൻ വേണ്ടി ഡിസംബർ മാസത്തിൽ 70% ചെലവ് കൈവരിക്കണം എന്നും സാമ്പത്തിക വർഷത്തിന്റെ അവസാന മൂന്ന് മാസങ്ങളിൽ ബാക്കി 30% മാത്രമേ ചെലവ് നടത്താവൂ എന്നും അതിൽ തന്നെ മാർച്ച് മാസത്തിൽ 10% മാത്രമേ ചെലവ് കൈവരിക്കാവൂ എന്നും ഈ രീതിയിൽ വേണം പ്രോജക്റ്റ് നിർവഹണം ആസൂത്രണം ചെയ്യേണ്ടത് എന്നും നിർദേശിച്ചിട്ടുണ്ട്. |
| 4. | 1.4 | **ജില്ലാ ആസൂത്രണ സമിതികൾ ഗൗരവസമീപനം കൈക്കൊണ്ടില്ല**<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ പരിശോധിച്ച് അംഗീകരിക്കുന്നതിൽ ജില്ലാ ആസൂത്രണ സമിതികൾ ഗൗരവസമീപനം കൈക്കൊണ്ടില്ല. ഇതും അധികാര വികേന്ദ്രീകരണത്തിന്റെ ദിശതെറ്റിച്ചു. സർക്കാർ | ജില്ലാ ആസൂത്രണ സമിതികൾക്ക് ആവശ്യമായ സാങ്കേതിക വിദഗ്ധ പിന്തുണ നൽകുന്നതിനും പ്രാദേശിക സർക്കാരുകൾ തയ്യാറാക്കിയ പദ്ധതികളുടെ വിജ്ഞാന ഉള്ളടക്കം മെച്ചപ്പെടുത്തുന്നതിനുമായി, വികസനം, ഗവേഷണം, സാങ്കേതിക സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള പ്രൊഫഷണലുകളെ ഉൾപ്പെടുത്തി ജില്ലാ റിസോഴ്സ് സെന്ററുകൾ (ഡി.ആർ.സി) രൂപീകരിക്കുകയുണ്ടായി. |

3

| | | | |
|---|---|---|---|
| | | മാർഗനിർദ്ദേശങ്ങൾ ലംഘിച്ച പദ്ധതികൾക്ക് പോലും സമിതി അംഗീകാരം നൽകി സമിതി അംഗീകരിക്കാത്ത പദ്ധതികളും വ്യാപകമായി നടപ്പാക്കി. പ്രയോഗക്ഷമതയും സാധ്യതകളും വിലയിരുത്താതെയും സമിതി പദ്ധതികൾക്ക് അംഗീകാരം നൽകിയതായും കാണുന്നു.<br>ഉപസമിതികൾ കാര്യക്ഷമമാക്കി ജില്ലാ ആസൂത്രണസമിതികൾ ജാഗ്രത്താക്കണം. സമിതിക്ക് ഉപദേശനിർദ്ദേശങ്ങൾ നൽകുന്നതിന് ഗവേഷണ വിശകലന വിലയിരുത്തൽ സംവിധാനവും സൃഷ്ടിക്കപ്പെടണം. വിദഗ്ദർ ഉൾപ്പെടുന്ന സ്ഥിരം സമിതിയായി ഇത് പ്രവർത്തിക്കണം. സൂക്ഷ്മമായ പരിശോധനയും പ്രയോഗസാധ്യതകൾ വിലയിരുത്തിയും പദ്ധതികൾ അംഗീകരിക്കപ്പെടണം. പദ്ധതികളിലെ ക്രമക്കേടുകൾക്ക് എതിരെ ആദ്യ പ്രതിഷേധ സംവിധാനം കൂടിയാകണം സമിതി. | ഡി.ആർ.സി യുടെ പ്രധാന പ്രവർത്തനങ്ങൾ ഇവയാണ്.<br>**എ)** ഡി.പി.സിക്കും പ്രാദേശിക സർക്കാരുകൾക്കും ആവശ്യമായ മേഖലകളിലും വിഷയങ്ങളിലും പഠനങ്ങൾ നടത്തുക.<br>**ബി)** തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതികളുടെ വിജ്ഞാന ഉള്ളടക്കം മെച്ചപ്പെടുത്തുന്നതിന് സാങ്കേതിക ഉപദേശം നൽകുക.<br>**സി)** പ്രാദേശിക സർക്കാരുകൾ ആവശ്യപ്പെടുന്ന പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുക.<br>**ഡി)** പ്രാദേശിക സർക്കാരുകൾ തയ്യാറാക്കിയ പദ്ധതികളുടെ സൂക്ഷ്മപരിശോധന നടത്തുകയും പോരായ്മകൾ ചൂണ്ടിക്കാണിക്കുകയും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ നിർദ്ദേശിക്കുകയും ചെയ്യുക.<br>**ഇ)** മാതൃകാ പദ്ധതികൾ പഠന വിധേയമാക്കുകയും അത് സംസ്ഥാന ശ്രദ്ധയിൽ കൊണ്ട് വരുക.<br>**എഫ്)** ജില്ലാ പദ്ധതിയുടെ വാർഷിക പരിഷ്കരണം. പ്രാദേശിക സർക്കാരുകളുടെ പദ്ധതി ഗുണനിലവാരം ഉയർത്താൻ സഹായിക്കുന്ന പ്രത്യേക ശ്രദ്ധ ആവശ്യമുള്ള മേഖലകൾക്ക് ഊന്നൽ നൽകുവാൻ ജില്ലാ റിസോഴ്സ് സെന്ററുകൾക്ക് സാധിക്കും |
| 5. | 1.5 | **വിഭവ സ്രോതസ്സുകൾ യാഥാർത്ഥ്യ ബോധമില്ലാതെ**<br>ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും തനത് ഫണ്ട് തകർച്ചയിലാണ് എന്നിട്ടും തനത് ഫണ്ട് പെരുപ്പിച്ചുകാട്ടി പദ്ധതികൾക്ക് അടങ്കൽ നിർണയിച്ചു. പദ്ധതി നിർവഹണഘട്ടത്തിൽ പണമില്ലാതെ പ്രയാസപ്പെട്ടു.<br>എല്ലാ പദ്ധതികൾക്കും അവശ്യഘടകമായി ഗുണഭോക്തൃ വിഹിതം/സന്നദ്ധസേവനം ഉൾപ്പെട്ടിരുന്നു. ആസൂത്രണത്തിൽ | തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഭവസ്രോതസ്സുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തി പദ്ധതികൾ രൂപീകരിക്കാനുള്ള മാർഗ്ഗനിർദേശങ്ങൾ പദ്ധതി മാർഗ്ഗരേഖയുടെ ഭാഗമായി നൽകുന്നുണ്ട്. തനത് ഫണ്ട് വിനിയോഗം ക്രമപ്പെടുത്തുന്നതിനു കഴിഞ്ഞ വർഷം ചെലവഴിച്ച **തനത് ഫണ്ടിന്റെ 115% ൽ കൂടുതൽ നടപ്പ് വർഷം പ്രോജക്ടുകൾ** ഏറ്റെടുക്കുന്നുണ്ട് എങ്കിൽ ബന്ധപ്പെട്ട പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസറുടെ സാക്ഷ്യപത്രം സമർപ്പിക്കണമെന്ന് |

| | | | |
|---|---|---|---|
| | | ജനപങ്കാളിത്തം ഉറപ്പാക്കാനായിരുന്നു ഇത്. ഇവ കടലാസിൽ ഒതുങ്ങി. പദ്ധതി വിഹിതം കൂടുതൽ വകയിരുത്തിയോ ഇവ ഒഴിവാക്കിയോ പദ്ധതി നിർവഹിക്കേണ്ടി വന്നു.<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി അടങ്കലിൽ വിഭവ സ്രോതസ്സുകൾ ശാസ്ത്രീയമായി നിർണയിക്കണം. യഥാർത്ഥ്യബോധത്തോടെ സ്ഥാപനങ്ങളുടെ ബജറ്റ് തയ്യാറാക്കപ്പെടണം. അതോടൊപ്പം വിഭവസ്രോതസ്സുകളുടെ അനുപാതം സംസ്ഥാന തലത്തിൽ നിർണയിക്കപ്പെടണം. പദ്ധതികൾക്ക് ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പകൾ പ്രവഹിക്കാൻ സാധ്യത തുറക്കണം. | വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് ഡി പി സി പരിശോധിക്കുന്നുണ്ട്.<br>കൂടാതെ ബാങ്ക് വായ്പകൾ ഉറപ്പാക്കുന്നതിന് പദ്ധതി രൂപീകരണ സമയത്തു തന്നെ ബാങ്ക് പ്രതിനിധികൾ, മറ്റ് സ്റ്റോക്ക് ഹോൾഡർമാർ എന്നിവരുമായുള്ള ചർച്ചകൾ നടത്തുന്നതിനും മാർഗരേഖ നിർദേശിച്ചിട്ടുണ്ട്<br><br>പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ പെർഫോമൻസ് ഓഡിറ്റ് മുഖേന തനത് ഫണ്ടിന്റെ ലഭ്യത പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. വിവിധ പദ്ധതികൾ സംബന്ധിച്ച് എല്ലാ നഗരസഭ സെക്രട്ടറിമാരുടെയും പ്രതിമാസ അവലോകനം നടക്കുന്നുണ്ടെന്ന് നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| 6. | 1.6 | **മരാമത്ത് പദ്ധതി നിർവഹണത്തിന് പുതിയ സംവിധാനം**<br><br>1. ഗ്രാമ/വാർഡ് സഭകൾ ശാക്തീകരി ക്കപ്പെടണം. ഉദ്യോഗസ്ഥ ജനപങ്കാളിത്തം ഉറപ്പാക്കണം.<br><br>2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജന പ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഉത്തരവാദിത്വം നിർവചിക്കപ്പെടണം.<br><br>3. ഉദ്യോഗസ്ഥപുനർവിന്യാസം പൂർണ്ണമാക്കണം; ജോലി വിഭജനം ശാസ്ത്രീയമാക്കണം.<br><br>4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതികളുടെ എണ്ണം കുറയ്ക്കണം. നിർവഹണ കലണ്ടറിൽ പദ്ധതിനിർവഹണത്തിന് കൂടുതൽ സമയം നൽകണം. സർക്കാരിതര ഏജൻസികളെ മോണിട്ടറിംഗിന് ഉപയോഗപ്പെടുത്തണം. | ഗുണഭോക്തൃ സമിതികൾ നടത്തുന്ന നിർമാണ പ്രവർത്തനങ്ങളെക്കുറിച്ച് വ്യാപക പരാതി ഉയർന്നിരുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനും ഈ സംവിധാനത്തിന്റെ സുതാര്യത ഉറപ്പാക്കുന്നതിനുമായി, 13-ാം പദ്ധതിയുടെ തുടക്കത്തിൽ, ഗുണഭോക്തൃ സമിതികളുടെ സ്ഥാനത്ത് പൊതുമരാമത്ത് നടത്തിപ്പിൽ മത്സരാധിഷ്ഠിത ടെൻഡറിംഗ് ഏർപ്പെടുത്തി. ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കാവുന്ന പദ്ധതികളുടെ സാമ്പത്തിക പരിധി 5 ലക്ഷം രൂപയിൽ നിന്ന് 50,000/- രൂപയായി കുറച്ചു. എന്നിരുന്നാലും, രക്ഷാകർതൃ അധ്യാപക സംഘടനകൾ പോലുള്ള അംഗീകൃത ഏജൻസികൾക്ക് ഇത് ബാധകമല്ല. അത്തരം കമ്മിറ്റികളെ 25 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ ഏൽപ്പിക്കാൻ അനുമതി നൽകുകയുണ്ടായി.<br>മത്സരാധിഷ്ഠിത ടെൻഡറിങ്ങിന്റെ ഫലമായി, 13-ാം പദ്ധതിയുടെ നാല് വർഷങ്ങളിൽ 730.82 കോടി രൂപയുടെ ടെൻഡർ സേവിങ്സ് ലഭ്യമായി. ഇത് അധിക പദ്ധതികൾ ഏറ്റെടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിച്ചു. |

| | | | |
|---|---|---|---|
| | | 5. ജില്ലാ ആസൂത്രണ സമിതികൾക്ക് വിദഗ്ധർ ഉൾപ്പെട്ട ഗവേഷണ വിശകലന വിലയിരുത്തൽ സംവിധാനം<br><br>6.പദ്ധതികളുടെ വിഭവസ്രോതസ്സുകൾ ശാസ്ത്രീയമായി നിർണ്ണയിക്കണം. ഗുണഭോക്തൃവിഹിതം/സന്നദ്ധസേവനം യാഥാർത്ഥ്യബോധത്തോടെ ഉൾപ്പെടുത്തണം. വായ്പകൾക്ക് പുതിയ സാധ്യതകൾ തുറക്കണം.<br><br>7. മരാമത്ത് പദ്ധതിനിർവഹണത്തിന് പുതിയ സംവിധാനം. | ഇത്തരം പ്രവൃത്തികളുടെ മോണിറ്ററിങ് ഉറപ്പാക്കാൻ സോഷ്യൽ ഓഡിറ്റിംഗ് സംവിധാനങ്ങൾ ഉണ്ടാകണമെന്ന് മാർഗ്ഗരേഖയിൽ നിർദേശിച്ചിട്ടുണ്ട്. |
| 7. | 2. | **പദ്ധതി അവലോകനം** | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പദ്ധതികൾ ഭൂരിഭാഗവും ടെണ്ടർ നടപടികളിലൂടെയാണ് സ്വീകരിച്ചുവരുന്നത്. ആയത് എഞ്ചിനീയറിംഗ് വിംഗിന്റെയും വർക്കിങ്ങ് ഗ്രൂപ്പിന്റെയും നേതൃത്തിൽ മോണിറ്റർ ചെയ്തുവരുന്നു. |
| 8. | 2.1 | **മരാമത്ത് പദ്ധതികൾ** | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പദ്ധതികൾ ഭൂരിഭാഗവും ടെണ്ടർ നടപടികളിലൂടെയാണ് സ്വീകരിച്ചുവരുന്നത്. ആയത് എഞ്ചിനീയറിംഗ് വിംഗിന്റെയും വർക്കിങ്ങ് ഗ്രൂപ്പിന്റെയും നേതൃത്വത്തിൽ മോണിറ്റർ ചെയ്തുവരുന്നു.<br>നിലവിൽ പ്രദേശത്തെ സമഗ്രവികസനത്തിന് ഉതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു എന്ന് നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| 9. | 2.1.1 | **മരാമത്ത് പദ്ധതികളിലെ അപാകതകൾ : കാഴ്ചപ്പാടിൽ സങ്കുചിതത്വം** | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പദ്ധതികൾ ഭൂരിഭാഗവും ടെണ്ടർ നടപടികളിലൂടെയാണ് സ്വീകരിച്ചുവരുന്നത്. ആയത് എഞ്ചിനീയറിംഗ് വിംഗിന്റെയും വർക്കിങ്ങ് ഗ്രൂപ്പിന്റെയും നേതൃത്തിൽ മോണിറ്റർ ചെയ്തുവരുന്നു. |

| | | | |
|---|---|---|---|
| 10. | 2.1.2 | **സമയക്രമം പാലിക്കുന്നില്ല** | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പദ്ധതികൾ ഭൂരിഭാഗവും ടെണ്ടർ നടപടികളിലൂടെയാണ് സ്വീകരിച്ചുവരുന്നത്. ആയത് എഞ്ചിനീയറിംഗ് വിംഗിന്റെയും വർക്കിങ്ങ് ഗ്രൂപ്പിന്റെയും നേതൃത്തിൽ മോണിറ്റർ ചെയ്തുവരുന്നു. |
| 11. | 2.1.3 | **സാങ്കേതിക നിർദ്ദേശങ്ങളും നിയമങ്ങളും പാലിക്കുന്നില്ല**<br><br>മരാമത്ത് വേലകളിൽ സാങ്കേതിക നിർദ്ദേശങ്ങളും നിയമങ്ങളും ലംഘിക്കുന്നു. | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പദ്ധതികൾ ഭൂരിഭാഗവും ടെണ്ടർ നടപടികളിലൂടെയാണ് സ്വീകരിച്ചുവരുന്നത്. ആയത് എഞ്ചിനീയറിംഗ് വിംഗിന്റെയും വർക്കിങ്ങ് ഗ്രൂപ്പിന്റെയും നേതൃത്തിൽ മോണിറ്റർ ചെയ്തുവരുന്നു. |
| 12. | 2.2 | **വ്യക്തിഗത ആനുകൂല്യപദ്ധതികൾ**<br><br>പദ്ധതി നിർവഹണത്തിലെ പ്രധാന ഓഡിറ്റ് വിശകലനങ്ങൾ<br><br>• ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിൽ സുതാര്യതയില്ല.<br><br>• ഗ്രാമ/വാർഡ് സഭകൾ മറികടന്ന് പഞ്ചായത്ത് ഭരണസമിതിയും പ്രസിഡന്റും ഏകപക്ഷീയമായി ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു.<br><br>• ഗുണഭോക്താക്കളുടെ അർഹത രേഖകളുടെ അടിസ്ഥാനത്തിൽ നിർവഹണ ഉദ്യോഗസ്ഥർ ഉറപ്പാക്കിയില്ല.<br><br>• സർക്കാർ മാനദണ്ഡങ്ങൾ ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിൽ പ്രതിഫലിച്ചില്ല.<br><br>• ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയില്ല. | ഗ്രാമസഭായോഗങ്ങളിൽ വികസന പ്രശ്നങ്ങള് തരം തിരിച്ച് കൃത്യമായി മുൻഗണന നിശ്ചയിക്കണമെന്നും പശ്ചാത്തല സൗകര്യങ്ങളുടെ കാര്യത്തില് ആദ്യം വാർഡ് തലത്തിൽ മുൻഗണന നിശ്ചയിച്ചതിനുശേഷം എല്ലാ വാർഡുകളിലെയും നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ഗ്രാമപഞ്ചായത്ത്തല മുൻഗണനാ പട്ടിക തയ്യാറാക്കേണ്ടതാണെന്നും വ്യക്തിഗത ആനുകൂല്യങ്ങളുടെ കാര്യത്തിൽ അപേക്ഷ സ്വീകരിച്ച ശേഷം അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരായ അപേക്ഷകരുടെ കരട് ലിസ്റ്റ് അതാത് വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കണം എന്നീ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.<br>അർഹരായവരിൽ നിന്ന് മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി അർഹരായ മുഴുവൻ അപേക്ഷകരേയും ഉൾപ്പെടുത്തി കരട് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കണം, അർഹരായ അപേക്ഷകരുടെ കരട് മുൻഗണനാലിസ്റ്റ് ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി പ്രസിദ്ധീകരിക്കണം, ആക്ഷേപങ്ങൾ പരിഗണിച്ച് പരിഷ്കരിക്കുന്ന കരട് മുൻഗണനാലിസ്റ്റ്, അപേക്ഷകൾ |

| | | | |
|---|---|---|---|
| | | • ഒരേ ആനുകൂല്യം രണ്ടും മൂന്നും തവണ ലഭിച്ചവർ ഏറെ : യഥാർത്ഥത്തിൽ അർഹതയുള്ളവർ തഴയപ്പെട്ടു.<br><br>• ഭവനപദ്ധതി ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിലെ പാളിച്ചയും മോണിട്ടറിംഗ് കാര്യക്ഷമ മല്ലാത്തതിനാലും, ദുരുപയോഗം ചെയ്യപ്പെട്ടു. ധനസഹായം പലഗഡു കൈപ്പറ്റിയിട്ടും വീട്പണി പൂർത്തിയാക്കാത്തവർ അനവധി<br>• വീട്/കക്കൂസ് – മുൻകൂർ കൈപ്പറ്റി പൂർത്തിയാക്കാത്തവർക്കെതിരെ നടപടിയില്ല.<br><br>• വ്യക്തിഗത പദ്ധതിയിൽ പശു, ആട്, തയ്യൽ മെഷീൻ, ചെറുകിടവ്യവസായ യൂണിറ്റുകൾ എന്നിവ വിതരണം ചെയ്യുമെങ്കിലും തുടർ മോണിട്ടറിംഗ് ഇല്ല. | സഹിതം, ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയും ചർച്ചകളുടെ അടിസ്ഥാനത്തിൽ അന്തിമ മുൻഗണനാ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ച് മിനിട്സിൽ തീരുമാനം രേഖപ്പെടുത്തുകയും വേണം, ഗ്രാമസഭ അംഗീകരിച്ച മുൻഗണനാ ലിസ്റ്റിന്റെ മുൻഗണനാ ക്രമം മാറ്റാതെ ഭരണസമിതി അംഗീകാരം നൽകേണ്ടതാണ് എന്നിങ്ങനെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളും നല്കിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ തെരെഞ്ഞെടുപ്പ് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നടത്തിവരുന്നു എന്ന് പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 13. | 2.3 | **കായികവികസനം അവഗണിക്കപ്പെട്ടു**<br><br>വികേന്ദ്രീകൃതാസൂത്രണത്തിൽ ഏറ്റവും അവഗണിക്കപ്പെട്ടത് കായികമേഖലയാണ് കായിക വികസനത്തിന് പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടില്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കായികവികസനത്തിന് മാർഗരേഖ നൽകാൻ ആസൂത്രണബോർഡോ സ്പോർട്സ് കൗൺസിലോ ശ്രദ്ധിക്കേണ്ടതാണ്.<br>സംസ്ഥാനത്ത് പ്രഥമപരിഗണന ലഭിക്കേണ്ടതായിരുന്നു കായികമേഖല. പദ്ധതികൾ ശാസ്ത്രീയമായി തയ്യാറാക്കി കാര്യക്ഷമമായി നിർവഹിക്കപ്പെട്ടെങ്കിൽ കായികവിപ്ലവത്തിന് വഴി ഒരുക്കിയേനെ. പതിനൊന്നാം പദ്ധതിയിലെങ്കിലും ഈ മേഖലയ്ക്ക് പ്രാധാന്യം നൽകണം. | കായികാധ്യാപകരുടെ സേവനം ലഭ്യമാക്കൽ, കുട്ടികളിൽ കായികക്ഷമത വളർത്തൽ, അത്ലറ്റിക്സ് പരിശീലനങ്ങൾ, രജിസ്റ്റേർഡ് ക്ളബ്ബുകൾക്കുള്ള സ്പോർട്സ് കിറ്റ് ലഭ്യമാക്കൽ, തദ്ദേശഭരണ സ്ഥാപനതലത്തിൽ ഗെയിംസ് ഫെസ്റ്റിവൽ തുടങ്ങി നിരവധി കായിക വികസന പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗരേഖകളിൽ അനുമതി നൽകിയിട്ടുണ്ട്. |
| 14. | 2.4 | **കുടുംബശ്രീ** | സംസ്ഥാനത്തെ കുടുംബശ്രീ സംവിധാനം നല്ല രീതിയിൽ |

| | | | |
|---|---|---|---|
| | | ദാരിദ്ര്യനിർമാർജനത്തിനും സ്ത്രീശാക്തീകരണ ത്തിനും വഴിതുറന്ന കുടുംബശ്രീ തുടക്കത്തിൽ വലിയ മുന്നേറ്റ മുണ്ടാക്കിയെങ്കിലും പിന്നീട് പുറകോട്ടടിച്ചു. | പ്രവർത്തിച്ചുവരുന്നു. കുടുംബശ്രീയുടെ കീഴിൽ സ്ത്രീശാക്തീകരണത്തിനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് ഫലപ്രദമായി നടപ്പാക്കി വരുന്നു എന്ന് പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 15. | 2.5 | **നിക്ഷേപപദ്ധതികൾ**<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതത്തിൽ നിന്നും പ്രതിവർഷം കോടികൾ സർക്കാർ/സർക്കാർ ഏജൻസികളിൽ പദ്ധതികൾക്ക് നിക്ഷേപിക്കാറുണ്ടെങ്കിലും പൂർത്തീകരണ വിവരം ലഭ്യമല്ല.<br>ഭവനനിർമ്മാണ ബോർഡിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ കോടികൾ നിക്ഷേപിച്ചെങ്കിലും പൂർത്തീകരണവിവരം ലഭ്യമല്ല.<br>നിക്ഷേപപദ്ധതികളുടെ നിർവഹണത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും അക്രഡിറ്റഡ് ഏജൻസികളും കുറ്റകരമായ അനാസ്ഥകാട്ടുന്നുണ്ട്. പണം അടയ്ക്കുകയല്ലാതെ സ്ഥാപനങ്ങൾക്ക് പദ്ധതി നിർവഹണത്തിൽ നിയന്ത്രണമില്ല. പദ്ധതികളുടെ യഥാർത്ഥ മൂല്യം കണക്കാക്കി ഏജൻസികൾ സ്ഥാപനങ്ങളെ അറിയിക്കുന്നില്ല. മൂല്യം എം.ബുക്കിൽ രേഖപ്പെടുത്തി സ്ഥാപനങ്ങൾക്ക് കൈമാറാറില്ല. വെറും കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് വൈദ്യുതിബോർഡ്, വാട്ടർ അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങൾക്ക് പദ്ധതിവിഹിതം നൽകിയത്. നിക്ഷേപ പദ്ധതികൾ ഏതെല്ലാം പൂർത്തിയാക്കി ഏതെല്ലാം അവശേഷിക്കുന്നു എന്നതിന് വ്യക്തമായ കണക്കില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി നിയമപ്രകാരം കരാർ ചമയ്ക്കാൻ ഏജൻസികൾ വിമുഖമാണ്.<br>സ്ഥാപനങ്ങൾ വ്യത്യസ്ഥ രീതിയിലാണ് ഏജൻസികൾക്ക് പണം നൽകുന്നത്. ചില സ്ഥാപനങ്ങൾ പദ്ധതിക്കുക മുഴുവൻ | നിക്ഷേപപദ്ധതികൾ പൂർത്തീകരിക്കുന്നതിനാ വശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പി.എ.യു തലത്തിലും ജില്ലാതലത്തിലും മോണിറ്റർ ചെയ്തുവരുന്നു. ഉത്പാദനമേഖല പദ്ധതികളിൽ വർദ്ധനവുണ്ട്.<br><br>KSEB, KWA, GWD തുടങ്ങിയ സർക്കാർ വകുപ്പുകളിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ജില്ലാ ആസൂത്രണ സമിതികളുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്ത യോഗങ്ങൾ വിളിച്ചു ചേർത്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാന കോ ഓർഡിനേഷൻ സമിതിയും ഇക്കാര്യം മോണിറ്റർ ചെയ്തു വരുന്നുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഫലമായി പഴയ ഡെപ്പോസിറ്റ് വർക്കുകളും പുതിയ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തിയാക്കാൻ പരമാവധി ശ്രമിക്കുന്നുണ്ട്. ഒരു പഞ്ചായത്തിൽ/നഗരഭരണ സ്ഥാപനത്തിൽ ഒരു കളിസ്ഥലം ഉറപ്പാക്കണമെന്ന മാർഗ്ഗരേഖയിൽ പരമാവധി നടപ്പിലാക്കാൻ സർക്കാർ ശ്രദ്ധിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | ഏജൻസികളിൽ നിക്ഷേപിക്കുന്നു. മറ്റ് ചിലത് ഭാഗികമായി മുൻകൂർ നൽകുന്നു. വ്യക്തമായ കരാറില്ലാതെയാണ് നിക്ഷേപം. കരാർ ചമച്ചാലും സ്ഥാപനത്തിന്റെ താല്പര്യം സംരക്ഷിക്കപ്പെടുന്നില്ല. അതിനാൽ അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കുന്ന പദ്ധതികൾക്ക് മാർഗ്ഗരേഖ പുറപ്പെടുവിക്കണം. | |
| 16. | 2.6 | **കേന്ദ്രാവിഷ്കൃത പദ്ധതികൾ**<br><br>ഓഡിറ്റ് വിശകലനങ്ങളിൽ പ്രധാനപ്പെട്ടവ<br><br>• കേന്ദ്രാവിഷ്കൃത പദ്ധതികൾ താല്കാലികം എന്നതിലുപരി സ്ഥായിയായ മാറ്റത്തിനുത കുന്നില്ല.<br><br>• എസ്.ജി.ആർ.വൈ പദ്ധതികളിൽ അധ്വാനവേതനഘടകങ്ങൾ വേർതിരിച്ച് കാണുന്നില്ല.<br><br>• എസ്.ജി.ആർ.വൈ പദ്ധതികളിൽ മനുഷ്യദിനങ്ങൾ കണക്കാക്കുന്നത് പൊതുമരാ മത്ത് ഡേറ്റാബുക്കും നിർദ്ദേശങ്ങളും കണക്കി ലെടുക്കാതെ<br><br>• വേതനഘടകം അനാവശ്യമായി ഉയർത്തി ഉയർന്ന സബ്സിഡിയിൽ ലഭിക്കുന്ന ഭക്ഷ്യധാന്യം ദുരുപയോഗം ചെയ്യുന്നു.<br><br>• പദ്ധതികളുടെ മാർഗനിർദ്ദേശങ്ങൾ ലംഘിച്ച് പദ്ധതിനിർവഹണം.<br><br>• കേന്ദ്രാവിഷ്കൃത പദ്ധതി നടത്തിപ്പിൽ കേരള സാഹചര്യം കണക്കിലെടുക്കുന്നില്ല. ജോലിക്ക് കൂലി ഭക്ഷണം'- | നിക്ഷേപപദ്ധതികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പി.എ.യു തലത്തിലും ജില്ലാതലത്തിലും മോണിറ്റർ ചെയ്തുവരുന്നു. |

| | | | |
|---|---|---|---|
| | | കേരളത്തിലെ തൊഴിലാളികളെ ആകർ ഷിക്കുന്നില്ല.<br><br>• വായ്പയും ഗ്രാന്റും ഉൾപ്പെടുന്ന പദ്ധതികൾക്ക് ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് എടുക്കുന്ന വായ്പ തിരിച്ചടയ്ക്കാൻ തനത്ഫണ്ട്, പദ്ധതിവിഹിതം എന്നിവ വകമാറ്റുന്നു. പിന്നീട് ഗുണഭോക്താക്കളിൽ നിന്ന് വായ്പ ഈടാക്കി വകമാറ്റിയ തുക ക്രമീകരിക്കുന്നില്ല. | |
| 17. | 2.7 | **ഉല്പാദനമേഖലാ പദ്ധതികൾ**<br><br>അധികാരവികേന്ദ്രീകരണത്തിന്റെ മുഖ്യലക്ഷ്യങ്ങളിലൊന്ന് ഉല്പാദനമേഖലയുടെ വളർച്ചയായിരുന്നു. പദ്ധതികളുടെ പേരിൽ കോടികൾ ഈ മേഖലയിലേക്ക് ഒഴുക്കിയെങ്കിലും ഭൂരിഭാഗവും പാഴായി.<br><br>കാർഷികമേഖലയിൽ പദ്ധതിവിഹിതത്തിൽ ഗണ്യമായ ഭാഗം സ്ഥാപനങ്ങൾ വകയിരുത്തിയിരുന്നു. എന്നാൽ പണം ചെലവഴിക്കുന്നതോടെ കാർഷിക പദ്ധതികൾ അവസാനിക്കുന്നു. മോണിട്ടറിംഗ് നടത്തി പദ്ധതി ലക്ഷ്യങ്ങൾ നേടിയോയെന്ന് പരിശോധിക്കാൻ സംവിധാനമില്ല. നേട്ടങ്ങൾ വിലയിരുത്തുന്നതിന് ആവശ്യമായ വിവരങ്ങൾ സൂക്ഷിക്കുന്നില്ല. പണം ചെലവഴിക്കുന്നതിലൂടെ കൈവരുന്ന ഭൗതികനേട്ടത്തിന് അപ്പുറം ഉല്പാദനവർധനവിൽ ഊന്നിയുള്ള പദ്ധതി വിലയിരുത്തലിന് തുടക്കം കുറിക്കണം.<br>വയൽ നികത്തൽ വ്യാപകമായത് നെൽ കൃഷിക്ക് പരിഗണന ലഭിച്ചില്ലെന്നതിന് തെളിവാണ്. കഴിഞ്ഞ 10 വർഷത്തിനിടയിൽ മാറ്റിമറിച്ച നെൽവയലുകളുടെ അളവ് ഞെട്ടിക്കുന്നതാണ്. ഇപ്പോഴും വയലുകൾ തരിശിടുന്നത് വ്യാപകമായി തുടരുന്നു.<br>നെൽകൃഷിയിൽ നടപ്പാക്കിയ പദ്ധതികളാകട്ടെ ഫലപ്രദവുമായില്ല. കർഷകർക്ക് ബോണസ്, പാടശേഖരങ്ങൾക്ക് സംരക്ഷണ ബണ്ട്, | ജനകീയാസൂത്രണ പദ്ധതിയുടെ തുടക്കം മുതൽ തന്നെ പൊതുമേഖലാ വിഭാഗത്തിലെ സാധാരണ വിഹിതത്തിൽ നിന്നും ഒരു നിശ്ചിത ശതമാനം തുക ഉൽപാദന മേഖലയ്ക്കായി നീക്കിവയ്ക്കണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നു. പതിമൂന്നാം പദ്ധതിയുടെ തുടക്കത്തിൽ ഇത് വീണ്ടും പരിഷ്കരിക്കുകയും ഗ്രാമ, ബ്ലോക്ക് ജില്ല പഞ്ചായത്തുകൾ ഉൽപാദന മേഖലയിൽ കുറഞ്ഞത് 30 ശതമാനം തുകയും നഗര തദ്ദേശ ഭരണങ്ങളുടെയും കാര്യത്തിൽ ഇത് 10 ശതമാനമായും നിശ്ചയിക്കുകയുണ്ടായി. അടിസ്ഥാന സൗകര്യ വികസനത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന പ്രാദേശിക സർക്കാറുകൾ ഉൽപാദന മേഖലയിൽ കൂടുതൽ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ഇത് വഴിവെക്കുകയുണ്ടായി. പതിമൂന്നാം പദ്ധതിയുടെ സമീപനരേഖയിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ ഉൽപാദനം, വർദ്ധിപ്പിക്കുന്നതിന് കൊടുത്ത ഊന്നലിനെയാണ് ഇത് സൂചിപ്പിക്കുന്നത്.<br>ഉല്പാദന മേഖലയിൽ സുഭിക്ഷ കേരളം പദ്ധതി ആരംഭിച്ചു. നെല്ല്, പഴങ്ങൾ, പച്ചക്കറികൾ, കിഴങ്ങുകൾ, ധാന്യങ്ങൾ എന്നിവയുടെ വൻതോതിലുള്ള ഉൽപ്പാദനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഉൽപ്പാദനം പുനരുജ്ജീവിപ്പിക്കുന്നതിനൊപ്പം ഭക്ഷ്യ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി പശു, ആട്, മുയൽ, പന്നി, മത്സ്യം എന്നിവ വളർത്തുന്നതിന് സഹായം നൽകി ഉപജീവനം |

| | | | |
|---|---|---|---|
| | | ഏലാ സംരക്ഷണം, ജലസേചനം എന്നിവക്ക് വൻ ചെലവ് കാണുന്നു. എന്നാൽ നെല്ലുല്പാദനം വർദ്ധിക്കുന്നതിന് പകരം വർഷംതോറും കുറഞ്ഞുവരുന്നതായാണ് സ്ഥിതിവിവരങ്ങൾ.<br>രാസവളങ്ങളുടേയും കീടനാശിനികളുടേയും വൻ ഉപഭോഗം പ്രോത്സാഹിപ്പിച്ച് പുതിയ വിത്തുകളും കൃഷി രീതികളും പ്രയോഗിക്കുന്നതിലാണ് കാർഷിക പദ്ധതികൾ. ഇതുവഴിയുണ്ടാകുന്ന പരിസ്ഥിതി ആഘാതങ്ങൾ കണക്കിലെടുക്കുന്നില്ല. പരിസ്ഥിതി സംരക്ഷണം പ്രാദേശിക സർക്കാരുകളുടെ മൗലിക കടമയാണെന്നത് മറന്നുപോകുന്നു.<br>നിലവിലുള്ള കൃഷി ഭൂമികളിൽ സഹായം നൽകുന്നതിൽ പദ്ധതികൾ ഒതുങ്ങുന്നു. കൂടുതൽ സ്ഥലങ്ങൾ കാർഷികവത്ക്കരിക്കാൻ പദ്ധതികളില്ല. ഭക്ഷ്യകമ്മി നേരിടുന്ന സംസ്ഥാനത്തിന് ഇത്തരം പദ്ധതികൾ കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു. കാർഷിക കേന്ദ്രങ്ങളായ പഞ്ചായത്തുകളിൽ കൃഷിക്ക് പരിഗണന ലഭിച്ചില്ലെന്നതാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. | പ്രോത്സാഹിപ്പിക്കാനും പദ്ധതി ലക്ഷ്യമിടുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, കുടുംബശ്രീ, ഹരിതകേരളം മിഷൻ തുടങ്ങിയ ഏജൻസികളുടെ, പൊതുമേഖലാ സ്ഥാപനങ്ങളും എൻജിഒകളും ഉൾപ്പെടെ, സംയുക്ത പ്രവർത്തനം പദ്ധതി വിഭാവനം ചെയ്യുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS), അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (AUEGS) തുടങ്ങിയ വിവിധ തൊഴിൽ പദ്ധതികളുടെ സംയോജനവും ഇതിൽ ഉറപ്പാക്കിയിട്ടുണ്ട്. പ്രാദേശിക തലത്തിൽ പദ്ധതികൾ രൂപീകരിക്കുന്നതിനും പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനുമുള്ള പ്രധാന പങ്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഈ പദ്ധതിയുടെ ഫലമായി ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളും ഇക്കാര്യങ്ങൾ ഉറപ്പാക്കാൻ സഹായിക്കുന്നുണ്ട്. ഹരിത കേരളം മിഷനുമായി സംയോജിച്ച പ്രവർത്തനങ്ങൾ രൂപീകരിക്കണമെന്നും മാർഗരേഖ വ്യക്തമാക്കുന്നു. |
| 18. | 2.8 | **വ്യവസായം,വിവരസാങ്കേതികവിദ്യ**<br>വ്യവസായ വികസനത്തിനും വിവരസാങ്കേതികവിദ്യയുടെ വ്യാപനത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിപുലമായി പദ്ധതികൾ നിർവഹിച്ചിരുന്നു. എന്നാൽ ഇവയിൽ ലക്ഷ്യം കണ്ടത് വിരലിലെണ്ണാവുന്നത് മാത്രം.<br>വ്യവസായ വികസനത്തിന് ഭൂരിഭാഗം സ്ഥാപനങ്ങളും വ്യവസായ എസ്റ്റേറ്റുകളാണ് സ്ഥാപിച്ചത്. ഇവയിൽ പൂർത്തിയായവ ചിലത് മാത്രം. അധികവും മുൻകൂറിലും പാതിവഴിയിലും ഒതുങ്ങി. പൂർത്തിയായവ തുടർപദ്ധതികളിലൂടെ സംരംഭകരെ ആകർഷിക്കാനോ, യൂണിറ്റുകൾ തുടങ്ങുവാനോ ശ്രമിച്ചില്ല.<br>വ്യവസായ വികസനത്തിന് ദീർഘവീക്ഷണത്തോടെയുള്ള മുതൽമുടക്ക് ഉണ്ടായില്ല. വ്യവസായത്തിന്റെ പേരിൽ ഒരേതരം | സ്വയംതൊഴിൽ സംരംഭങ്ങളും ഗ്രൂപ്പ് അധിഷ്ഠിത സംരംഭങ്ങളും ഏറ്റെടുക്കുന്നതിനുള്ള നിർദേശങ്ങൾ ആസൂത്രണം-സബ്സിഡി മാർഗ്ഗരേഖകളിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. മാർക്കറ്റിംഗ് ഉൾപ്പടെയുള്ള സഹായ സംവിധാനങ്ങൾ ഏർപ്പെടുത്തി നൽകുന്നതിനുള്ള നിർദേശങ്ങളും നല്കിയിട്ടുള്ളതാണ്.<br>നിലവിൽ കമ്പ്യൂട്ടർവൽക്കരണം നല്ല രീതിയിൽ പുരോഗതി കൈവരിച്ചിട്ടുള്ളതാണെന്ന് പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | യൂണിറ്റുകൾ (റെഡിമെയ്ഡ്, ഭക്ഷ്യസംസ്കരണം) സ്ഥാപിക്കപ്പെട്ടു. വിപണിയിലെ മത്സരം അതിജീവിക്കാനാകാതെ എല്ലാം പൂട്ടികെട്ടി. ഐ.ടി.വികസനത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കമ്പ്യൂട്ടർ വത്ക്കരണമെങ്കിലും പരിഗണിക്കാമായിരുന്നു. ചില സ്ഥാപനങ്ങൾ ഇതിന് തുടക്കം കുറിച്ചെങ്കിലും ഫലം ആശാവഹമായില്ല. മാത്രമല്ല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർത്ക്കരണത്തിന് സർക്കാർ തയ്യാറാക്കിയ പദ്ധതി 6 വർഷം കഴിഞ്ഞിട്ടും എങ്ങുമെത്തിയില്ല. | |
| 19. | 2.9 | **തൊഴിൽ പരിശീലന പദ്ധതികൾ ലക്ഷ്യം കണ്ടില്ല**<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തൊഴിൽ പരിശീലനത്തിന് നിരവധി പദ്ധതികൾ നിർവഹിച്ചിരുന്നു. ഇവയിൽ അധികവും ലക്ഷ്യം കണ്ടില്ല. | ഏതെങ്കിലും ഒരു തൊഴിൽ പദ്ധതിയുടെ ഭാഗമായാണ് പരിശീലനങ്ങൾ ഏറ്റെടുക്കേണ്ടത് എന്നും പരിശീലനം മാത്രമായി പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതില്ല എന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാർഗ്ഗരേഖയിൽ നിർദേശിച്ചിട്ടുണ്ട്. നൈപുണ്യ പരിശീലനത്തിന് ഉയർന്ന മുൻഗണന നൽകുന്നതിനും മാർഗ്ഗരേഖ വ്യക്തമാക്കുന്നു. KASE, ASAP, KDISC തുടങ്ങിയ ഏജൻസികളുടെ സഹായം ഇക്കാര്യത്തിൽ ഉറപ്പാക്കാൻ മാർഗരേഖ നിർദേശിച്ചിട്ടുണ്ട്. |
| 20. | 3 | **വരുമാനം പിരിക്കുന്നില്ല, കുടിശ്ശിക പെരുകുന്നു, തനത് ഫണ്ട് തകർച്ചയിൽ** | |
| 21. | 3.1 | **വരുമാനം വർദ്ധിപ്പിക്കുന്നില്ല.**<br><br>അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പദ്ധതിഫണ്ട് ഒഴുകിയെത്തിയതോടെ തനത് വരവ് വർദ്ധിപ്പിക്കുന്നതിൽ ശ്രദ്ധയില്ല. കെട്ടിട/വസ്തു നികുതി പഞ്ചവത്സര പുനർനിർണ്ണയം മുടങ്ങിയത് തന്നെ വരുമാനത്തിൽ വൻചോർച്ചയുണ്ടാക്കി. ഇതിനിടയിലും ലഭ്യമായ സാധ്യതകൾ | ഭൂരിഭാഗം പഞ്ചായത്തുകളിലും നഗരസഭകളിലും തനതുവരുമാനം പിരിച്ചെടുക്കുന്നതിലും, കുടിശ്ശിക കുറച്ചുകൊണ്ടുവരുന്നതിനും കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. വസ്തു നികുതി നിർണയിക്കുന്നതിന് പൂർണമായും കംപ്യൂട്ടർവത്ക്കരണം ഏർപ്പെടുത്തിയിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | ഉപയോഗിച്ച് വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിച്ചില്ല. പഞ്ചായത്ത് രാജ് നിയമം (94), വകുപ്പ് 209 ഗ്രാമപഞ്ചായത്തുകൾക്ക് പരസ്യനികുതി പിരിക്കാൻ അധികാരം നൽകുന്നു. എന്നാൽ പരസ്യത്തിനുള്ള നികുതി പിരിക്കാനുള്ള ശ്രമം ഉണ്ടാകുന്നില്ല. ചിക്കൻ സ്റ്റാളുകൾക്ക് അറവുശാലാനിയമം സർക്കാർ ബാധകമാക്കിയെങ്കിലും കാര്യമായ വരുമാന വർധന ഉണ്ടായില്ല. ആരോഗ്യമേഖലയിൽ സ്വകാര്യ മെഡിക്കൽ സ്ഥാപനങ്ങൾ പെരുകിയിട്ടും നിസ്സാരമാണ് രജിസ്ട്രേഷൻ ഫീസ് വരവ്. ഗ്രാമനഗരങ്ങളിൽ വ്യാപാര ശാലകൾ വർധിച്ചെങ്കിലും ലൈസൻസ് ഫി കാര്യമായി ഉയർന്നില്ല. | |
| 22. | 3.2 | **തനത് വരവ് നിർണയത്തിലും പിരിവിലും അനാസ്ഥ** തനത് വരവുകൾ നിർണയിക്കുന്നതിലും സമയബന്ധിതമായി പിരിച്ചെടുക്കുന്നതിലും തികഞ്ഞ അനാസ്ഥയുണ്ട്. | ഭൂരിഭാഗം പഞ്ചായത്തുകളിലും നഗരസഭകളിലും തനതുവരുമാനം പിരിച്ചെടുക്കുന്നതിലും, കുടിശ്ശിക കുറച്ചുകൊണ്ടുവരുന്നതിനും കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. വസ്തു നികുതി നിർണയിക്കുന്നതിന് പൂർണമായും കംപ്യൂട്ടർവത്ക്കരണം ഏർപ്പെടുത്തിയിട്ടുള്ളതാണ്. |
| 23. | 3.3 | **തനത് ഫണ്ട് ചെലവുകൾ ക്രമാതീതം** ചെലവുകൾ ക്രമാതീതമായി വർധിച്ചിട്ടും ഇതിന് ആനുപാതികമായി വരുമാനം വർദ്ധിപ്പിക്കുന്നില്ല. സർക്കാർ നിർദ്ദേശപ്രകാരം ഫീസ് ചുമത്തിയില്ല. | ഭൂരിഭാഗം പഞ്ചായത്തുകളിലും നഗരസഭകളിലും തനതുവരുമാനം പിരിച്ചെടുക്കുന്നതിലും, കുടിശ്ശിക കുറച്ചുകൊണ്ടുവരുന്നതിനും കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. വസ്തു നികുതി നിർണയിക്കുന്നതിന് പൂർണമായും കംപ്യൂട്ടർവത്ക്കരണം ഏർപ്പെടുത്തിയിട്ടുള്ളതാണ്. |
| 24. | 4 | **ബജറ്റ് പാസാക്കുന്നില്ല, നിയമവിരുദ്ധചെലവ് തുടരുന്നു** | നിലവിൽ സമയബന്ധിതമായി ബജറ്റ് പാസ്സാക്കുന്നതിലും, ബജറ്റിന് അനുസൃതമായി ചെലവ് നടത്തുന്നതിലും ശ്രദ്ധിച്ചുവരുന്നുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 25. | 5 | **ഓഡിറ്റ് നേരിടുന്ന പ്രശ്നങ്ങൾ** | |

| | | | |
|---|---|---|---|
| 26. | 5.1 | **തുടർനടപടിയില്ല, തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ അനവധി** | ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും നിലനിൽക്കുന്ന ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിന് പ്രത്യേക കർമ പദ്ധതി ആവിഷ്കരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൽത്തനങ്ങൾ നല്ലരീതിയിൽ പുരോഗമിക്കുകയും ചെയ്തുവരുന്നുണ്ട്. നിലവിൽ വാർഷിക കണക്കുകൾ നിശ്ചിത സമയപരിധിക്കകള്ളിൽ സമർപ്പിക്കുന്നുണ്ട്. രജിസ്റ്ററുകളും രേഖകളും കാലികമാക്കി സൂക്ഷിച്ചുവരുന്നുണ്ട്. വിവിധ നികുതികളും, ക്ഷേമനിധി വിഹിതങ്ങളും അടവാക്കി വരുന്നുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 27. | 5.2 | **ചാർജ്/സർചാർജ് നടപടികൾ** | ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുള്ള വിഷയവും ബഹു. നിയമസഭ സമിതിയുടെ നിർദ്ദേശാനുസരണം നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. ഇതിൻപ്രകാരം ഓരോ തദ്ദേശസ്വയം ഭരണ സ്ഥാപനവും നൽകിയിട്ടുള്ള റവന്യൂറിക്കവറി നടപടികൾ സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിക്കേണ്ടതും ആയതിൽ സ്റ്റേ നടപടികൾ ഉണ്ടെങ്കിൽ അത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് സമ്പൂർണ്ണമായ വിശദാംശം തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ കത്ത് നമ്പർ തസ്വഭവ-എബി2/480/2015-തസ്വഭവ തീയതി - 07/06/2022 പ്രകാരം പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർ എന്നിവർക്ക് നൽകിയിട്ടുണ്ട്. ഇതിനെതുടർന്നുള്ള പൊതു അവസ്ഥ വിലയിരുത്തി സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. |
| 28. | 5.2.(1) | **നിയമവിരുദ്ധചെലവും കാലപരിധിയും** | |
| 29. | 5.2.(2) | **നഷ്ടോത്തരവാദി നിർണയം ശ്രമകരം** | |
| 30. | 5.2.(3) | **തുടർനടപടികൾ ഫലപ്രദമായില്ല**<br>ചാർജ്/സർചാർജ് നടപടികളിലൂടെ അംഗീകരിക്കപ്പെടുന്ന വ്യക്തമായ നഷ്ടം നിലവിലുള്ള നിയമപ്രകാരം ഈടാക്കേണ്ടത് ബന്ധപ്പെട്ട സ്ഥാപനമാണ്. കോടതി വ്യവഹാരങ്ങൾ നിലവിലില്ലാത്തപ്പോഴും തുക ഈടാക്കുന്നതിലും സ്ഥാപനങ്ങൾ വ്യഗ്രത കാട്ടുന്നില്ല. തുക ഈടാക്കുന്നതിൽ റവന്യൂ റിക്കവറി നിയമവും ഫലപ്രദമായി പ്രയോഗിക്കുന്നില്ല. | |
| 31. | 5.3 | **വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നില്ല** | ഗ്രാമപഞ്ചായത്തുകളിൽ നിലനിൽക്കുന്ന ഓഡിറ്റ് |

| | | | |
|---|---|---|---|
| | | ഓഡിറ്റ് പരിധിയിലെ സ്ഥാപനങ്ങൾ സാമ്പത്തിക വർഷം തീർന്നു നാല് മാസത്തിനുള്ളിൽ വാർഷിക കണക്ക് ഓഡിറ്റിന് ഹാജരാക്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം (94), വകുപ്പ് 9 നിർദ്ദേശിക്കുന്നു. പഞ്ചായത്ത്, മുൻസിപ്പൽ നിയമങ്ങളിലും സമാനനിർദ്ദേശമുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സമയബന്ധിതമായി കണക്ക് സമർപ്പിക്കുന്നില്ല. | പരാമർശങ്ങൾ തീർപ്പാക്കുന്നതിന് പ്രത്യേക കർമ്മ പദ്ധതി ആവിഷ്കരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നല്ലരീതിയി. പുരോഗമിക്കുകയും ചെയ്തുവരുന്നുണ്ട്. വാർഷിക കണക്കുകൾ നിശ്ചിത സമയപരിധിക്കകുള്ളിൽ സമർപ്പിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും രജിസ്റ്ററുകൾ, രേഖകൾ എന്നിവ കാലികമാക്കി സൂക്ഷിച്ചുവരുന്നുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 32 . | 5.4 | **രജിസ്റ്ററുകൾ, രേഖകൾ കൃത്യമല്ല; അലംഭാവം തുടരുന്നു, ഓഡിറ്റ് പരിമിതപ്പെടുന്നു** | നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഷിക കണക്കുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിക്കുന്നുണ്ട്. രജിസ്റ്ററുകളും രേഖകളും കാലികമാക്കി സൂക്ഷിച്ചുവരുന്നുണ്ട്. |
| 33 . | 5.5 | **നികുതികളും വിഹിതവും: കുടിശിക 8.96 കോടി** | നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ നികുതികളും , ക്ഷേമനിധി വിഹിതങ്ങളും അടവാക്കി വരുന്നുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-2009 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളുൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക**

| ക്രമനമ്പർ | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടിയുടെ വിവരം |
|---|---|---|---|
| 1 | 1 | **ഓഡിറ്റ് അവലോകനം-**<br>**ഓഡിറ്റ് നേരിടുന്ന പ്രശ്നങ്ങൾ** | |
| 2 | 1.1 | **വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിലെ കാലതാമസം**<br><br>മിക്ക തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും കണക്കുകൾ യഥാസമയം തയ്യാറാക്കി അംഗീകരിച്ച് സമർപ്പിക്കാത്തതിനാൽ സമയബന്ധിതമായി ഓഡിറ്റ് പൂർത്തിയാക്കുന്നതിന് കഴിയാതെ വരുന്നു. സമയപരിധി കഴിഞ്ഞ് സമർപ്പിക്കപ്പെടുന്ന വാർഷിക ധനകാര്യ പത്രികകൾ അപാകതകൾ നിറഞ്ഞതും സ്ഥാപനത്തിലുള്ള രേഖകളുമായി പൊരുത്തപ്പെടുത്താത്തവയുമാണ്. അടിസ്ഥാന രജിസ്റ്ററുകളായ ക്യാഷ്ബുക്ക്, വരവ്ചെലവ് രജിസ്റ്ററുകൾ എന്നിവ പൂർത്തീകരിക്കാതെയാണ് വാർഷിക കണക്കുകൾ തയ്യാറാക്കുന്നത്<br>കുടിശിക/തൻവർഷ ഡിമാന്റ് രജിസ്റ്ററുകൾ പൂർത്തിയാക്കാതെയാണ് മിക്കസ്ഥാപനങ്ങളിലും വാർഷികകണക്കുകളോടൊപ്പമുള്ള ഡി.സി.ബി. പത്രിക തയ്യാറാക്കിയിട്ടുള്ളത്. അടിസ്ഥാന രജിസ്റ്ററുകളിൽ ഇല്ലാത്ത | ഗ്രാമപഞ്ചായത്തുകളിലും അക്കൗണ്ടന്റ് തസ്തിക നിലവിൽ വരുകയും അക്കൗണ്ടിംഗ് പൂർണ്ണമായും സോഫ്റ്റ് വെയർ സംവിധാനത്തിലേക്ക് മാറുകയും ചെയ്തതിനു ശേഷം നിലവിൽ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും യഥാസമയം വാർഷിക കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കുകയും ഓഡിറ്റ് വേളയിൽ ലഭ്യമായ എല്ലാ രേഖകളും ഓഡിറ്റ് നിർദ്ദേശാനുസരണം പരിശോധനയ്ക്കായി ഹാജരാക്കുകയും ചെയ്യുന്നുണ്ട് എന്നുള്ള വിവരം പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയതിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | ക്രമപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന വാർഷിക കണക്കുകൾ കാരണം കണക്കുകളുടെ ഫലപ്രദമായ പരിശോധന അസാദ്ധ്യമായിതീരുകയും ചെയ്യുന്നുണ്ട്.<br>ചെലവിന് ഉത്തരവാദികളായ അധികാരികളും ഉദ്യോഗസ്ഥരും സ്ഥലം മാറിപോകുകയോ വിരമിക്കുകയോ ചെയ്തശേഷം ഓഡിറ്റ് നടക്കുമ്പോൾ നിലവിലുള്ള ഉദ്യോഗസ്ഥർ തങ്ങളുടെ കാലയളവല്ലെന്ന കാരണത്താൽ ഓഡിറ്റുമായി സഹകരിക്കാത്തത് ഓഡിറ്റിന് വളരെയേറെ പ്രയാസം ഉണ്ടാക്കുന്നുണ്ട്. ഇത് നേരിടുന്നതിന് പഞ്ചായത്ത് ഡയറക്ടർ പ്രത്യേക സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ആയതിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ഫലപ്രദമായ നടപടികളൊന്നും പഞ്ചായത്തുകളിൽ സ്വീകരിക്കുന്നതായി കാണുന്നില്ല. അതിനാൽ ഇത്തരം അപാകതകൾക്ക് അടിയന്തരമായി പരിഹാരം ഉണ്ടാകേണ്ടതുണ്ട്. | |
| 3 | 1.2 | **ഓഡിറ്റ് റിപ്പോർട്ടുകളുടെ തുടർനടപടി**<br>ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾ വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ല. ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചാലുടൻ തന്നെ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ പെടുത്തുന്നതിനും യഥാസമയം മറുപടി നൽകുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും കർശന നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. | വാർഷിക ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മാസാന്തരയോഗം വിളിക്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ടെന്നും ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചാലുടൻ തന്നെ യഥാസമയം മറുപടി നല്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും ആവശ്യമായ നിർദ്ദേശം നൽകുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 4 | 1.3 | **ചാർജ്/സർചാർജ് നടപടികൾ**<br>ഓഡിറ്റ് നടത്തിയ സ്ഥാപനത്തിനുണ്ടായ വരവ്/ചെലവ് | ഗ്രാമപഞ്ചായത്തുകൾക്കുണ്ടാകുന്ന റവന്യൂ നഷ്ടം ഈടാക്കുന്നതിന് സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിക്കുന്ന |

| | | | |
|---|---|---|---|
| | | നഷ്ടം, ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കുന്നതിന് 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 16-ാം വകുപ്പ് ഡയറക്ടർക്ക് അധികാരം നൽകുന്നു.<br>ചാർജ്/സർചാർജ് നടപടികളിലൂടെ അംഗീകരിക്കപ്പെടുന്ന വ്യക്തമായ നഷ്ടം ഈടാക്കേണ്ടത് ബന്ധപ്പെട്ട സ്ഥാപനമാണ്. ചാർജ്/സർചാർജ് സർട്ടിഫിക്കറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള തുക ഒരു മാസത്തിനുള്ളിൽ നഷ്ടോത്തരവാദി അടയ്ക്കുകയോ ആ കാലയളവിനുള്ളിൽ ചാർജ്/സർചാർജ് നടപടിയ്ക്കെതിരെ ജില്ലാ കോടതിയെ സമീപിക്കുകയോ ചെയ്യാത്തപക്ഷം പ്രസ്തുത തുക കേരള റവന്യൂ റിക്കവറി നിയമപ്രകാരം ഈടാക്കാവുന്നതാണ്. 16-4-2005-ലെ സ.ഉ. (എം. എസ്.) 97/2005/ആർ.ഡി പ്രകാരം റവന്യൂ റിക്കവറി ആക്ടിലെ വകുപ്പുകൾ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് വ്യക്തികൾ തിരിച്ചടയ്ക്കേണ്ട തുകകൾക്കും ബാധകമാക്കിയെങ്കിലും നഷ്ടമായ തുക ഈടാക്കുന്നതിൽ സ്ഥാപനങ്ങൾ വ്യഗ്രതകാട്ടുന്നില്ല. | ചാർജ്/സർചാർജ് നോട്ടീസ് സംബന്ധിച്ച് ചാർജ്/സർചാർജ് വിവരങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരെ യഥാസമയം അറിയിക്കുകയും തുക ഈടാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. റവന്യൂ റിക്കവറി നടപടികൾക്കെതിരെ ബന്ധപ്പെട്ട കക്ഷി കോടതികളെ സമീപിക്കുന്നതു മൂലം നഷ്ടതുകകൾ ഈടാക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യമുണ്ട്. കൂടാതെ നഷ്ടോത്തരവാദിയ്ക്ക് സ്ഥാവര ജംഗമ വസ്തുക്കൾ ഇല്ലാത്തത് കാരണവും പലപ്പോഴും നഷ്ടതുക ഈടാക്കാൻ കഴിയാതെ അപേക്ഷകൾ മടക്കി നൽകുന്നുണ്ട്. അപേക്ഷകളിന്മേലുള്ള നടപടികളുടെ പുരോഗതി വിവരം കൃത്യമായ ഇടവേളകളിൽ ഗ്രാമപഞ്ചായത്തുകൾ അന്വേഷിക്കുന്നുണ്ട് എന്നുള്ള വിവരം പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുള്ള വിഷയവും ബഹു. നിയമസഭ സമിതിയുടെ നിർദ്ദേശാനുസരണം നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. ഇതിൻപ്രകാരം ഓരോ തദ്ദേശസ്വയം ഭരണ സ്ഥാപനവും നൽകിയിട്ടുള്ള റവന്യൂറിക്കവറി നടപടികൾ സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിക്കേണ്ടതും ആയതിൽ |

| | | | |
|---|---|---|---|
| | | | സ്റ്റേ നടപടികൾ ഉണ്ടെങ്കിൽ അത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് സമ്പൂർണ്ണമായ വിശദാംശം തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ കത്ത് നമ്പർ തസ്വഭവ-എബി2/480/2015-തസ്വഭവ തീയതി - 07/06/2022 പ്രകാരം പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർ എന്നിവർക്ക് നൽകിയിട്ടുണ്ട്. ഇതിനെത്തുടർന്നുള്ള പൊതു അവസ്ഥ വിലയിരുത്തി സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. |
| 5 | 2 | **പൊതു അവലോകനം - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ** | |
| 6 | 2.1 | **വികേന്ദ്രീകൃതാസൂത്രണം** | |
| 7 | 2.2 | **ഗ്രാമസഭ/വാർഡ് സഭ**<br><br>അധികാരവികേന്ദ്രീകരണത്തിലൂടെ അധികാരം ജനങ്ങളിലെത്തിച്ച് നാടിന്റെ വികസന പ്രവർത്തനങ്ങളിൽ അവരെ പങ്കാളികളാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ഗ്രാമ/വാർഡ് സഭ എന്ന സംവിധാനം മിക്ക പഞ്ചായത്തുകളിലും നഗരസഭകളിലും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. മൂന്നു മാസത്തിലൊരിക്കൽ ഗ്രാമ/വാർഡ്സഭ യോഗം ചേരണമെന്നും 10% ക്വാറം ഉണ്ടായിരിക്കണമെന്നുമുള്ള നിബന്ധനകൾ പാലിക്കുന്നതിൽ | ഗ്രാമസഭകളിൽ മുൻ കാലങ്ങളിൽ ജനപങ്കാളിത്തം കുറവായിരുന്നുവെങ്കിലും ജനകീയാസൂത്രണ പ്രക്രിയയെ സംബന്ധിച്ച് നിലവിൽ ജനങ്ങൾ കൂടുതൽ ബോധവാൻമാരായതിനാൽ ഗ്രാമസഭകളിലെ ജനപങ്കാളിത്തം വർദ്ധിച്ച് വരുന്ന സാഹചര്യമാണ് നിലവിലുള്ളത്. നിലവിൽ ഗ്രാമസഭകൾ നിയമം നിഷ്കർഷിക്കുന്ന വിധത്തിൽ കൃത്യമായി ചേരുകയും, മിനിറ്റ്സ് |

| | | | |
|---|---|---|---|
| | | മിക്ക ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ശ്രദ്ധിക്കുന്നില്ല. പദ്ധതികൾ രൂപപ്പെടേണ്ട ഗ്രാമസഭകളുടെ പ്രവർത്തനം തന്നെ പരിതാപകരമാണ്. മിനിട്ട്സ് ബുക്കുകൾ വേണ്ടവിധം എഴുതി സൂക്ഷിക്കുകയോ അവ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്യുന്നില്ല. പേരിനുവേണ്ടി മാത്രം വിളിച്ചുചേർക്കപ്പെടുന്ന ഗ്രാമസഭകളിൽ ജനപങ്കാളിത്തം ഉറപ്പാക്കാൻ ബന്ധപ്പെട്ടവർ താൽപ്പര്യം കാണിക്കുന്നില്ല.<br>വ്യക്തിഗത ആനുകൂല്യങ്ങൾ കൊടുക്കുന്നതിനുള്ള ഗുണഭോക്തളെപ്പോലും ഗ്രാമസഭ മുഖാന്തിരം ശരിയായ രീതിയിൽ തെരഞ്ഞെടുക്കാറില്ല. പല പദ്ധതികളിലും ആനുകൂല്യങ്ങൾ നൽകിയതിനുശേഷം ഗുണഭോക്താക്കളെ അംഗീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ അരൂർ ഗ്രാമപഞ്ചായത്തിന്റെ 2005-06, 2006 07 പല പദ്ധതികളുടെയും ആനുകൂല്യവും ഗ്രാമസഭ ലിസ്റ്റ് മറികടന്ന് പത്രപരസ്യത്തിലൂടെയും പ്രസിഡന്റ്/ ഗ്രാമ പഞ്ചായത്തംഗങ്ങൾ എന്നിവരുടെ ശുപാർശവഴിയും ഗുണഭോക്താക്കളെ കണ്ടെത്തി ആനുകൂല്യം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതികളുടെ ആസൂത്രണവും ചർച്ചകളും പ്രവർത്തന അവലോകനവും പദ്ധതി പുരോഗതി മോണിട്ടറിംഗും സോഷ്യൽ ഓഡിറ്റും, ഓഡിറ്റ് റിപ്പോർട്ടുകളുടെ ചർച്ചകളും ഈ സഭകളുടെ ഉത്തരവാദിത്വമായിരിക്കേ വ്യക്തിഗത ആനുകൂല്യങ്ങൾ കൊടുക്കുന്നതിനുള്ള ആളെ കണ്ടെത്തുന്ന വേദിമാത്രമായി ഗ്രാമ/വാർഡ് സഭകൾ ചുരുങ്ങിയത് ഗൗരവമായി കാണേണ്ടതാണ്.<br>വൻതോതിലുള്ള ജനപങ്കാളിത്തം ഉറപ്പുവരുത്തി ഫലപ്രദമായ ചർച്ചകളിലൂടെ നാടിന്റെ വികസനത്തിനാവശ്യമായ പദ്ധതികൾ രൂപീകരിക്കുകയും നടപ്പാക്കുകയും ചെയ്തുകൊണ്ട് വികസനത്തിന്റെ ചാലക | എഴുതി സൂക്ഷിക്കുകയും ചെയ്തുവരുന്നുണ്ട്. അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ മതിയായ ജാഗ്രത പുലർത്തുന്നുണ്ടെന്നും പദ്ധതി മോണിറ്ററിംഗ് ,സോഷ്യൽ ഓഡിറ്റ് എന്നിവ കൃത്യമായി ഗ്രാമസഭകൾ മുഖേന നടത്തി വരുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | ശക്തിയായി ഗ്രാമ/വാർഡ് സഭകൾ മാറേണ്ടതുണ്ട്. | |
| 8 | 2.3 | **സ്റ്റാന്റിംഗ് കമ്മിറ്റികൾ** | ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി, വികസന സ്റ്റാൻറിംഗ് കമ്മിറ്റി, ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി എന്നിവ യഥാസമയം കൂടുകയും അതാത് മേഖലകളുമായി ബന്ധപ്പെട്ട വിഷയങ്ങളും സർക്കാർ ഉത്തരവുകളും ചർച്ച ചെയ്യുന്നുണ്ടെന്നും വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ആവശ്യാനുസരണം വിളിച്ചു ചേർക്കുന്നുണ്ടെന്നും പ്രോജക്ടുകൾ വർക്കിംഗ് ഗ്രൂപ്പുകളുമായി ചർച്ച ചെയ്ത് പൂർണ്ണവും കുറ്റമറ്റതുമായി നിയമസാധുത ഉറപ്പുവരുത്തുന്നുണ്ടെന്നും വ്യത്യസ്ത മേഖലകളുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്കരിച്ച് ഭരണസമിതിക്ക് കൈമാറുകയും സ്റ്റാൻറിംഗ് കമ്മിറ്റിയുടെ വിഷയാടിസ്ഥാനത്തിൽ അജണ്ടകൾ തയ്യാറാക്കി യോഗത്തിൽ ചർച്ച ചെയ്യുകയും ശിപാർശകൾ ഭരണ സമിതിക്ക് സമർപ്പിക്കുകയും ചെയ്യുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിങ് എന്നിവയിൽ അതാത് സ്റ്റാന്റിങ് കമ്മിറ്റികളുടെ പങ്ക് ഉറപ്പാക്കാനും സ്റ്റാന്റിങ് കമ്മിറ്റികളുടെ |

| | | | |
|---|---|---|---|
| | | | ക്രിയാത്മകമായി ഇടപെടൽ ഉറപ്പാക്കാനും ആവശ്യമായ ഇടപെടലുകൾ ജില്ലാ പ്ലാനിങ് ഓഫീസർമാരുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നുണ്ട്. |
| 9 | 2.3.1 | **ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**<br>വരവുചെലവു നീക്കിയിരിപ്പ് അനുബന്ധ രജിസ്റ്ററുകൾ പൂർണ്ണമാണോ, യഥാർത്ഥ വരുമാനങ്ങൾ, പുതുതായി എന്തെങ്കിലും ഉൾപ്പെടുത്താൻ കഴിയുമോ എന്നീ കാര്യങ്ങൾ ഒന്നും സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കാറില്ല. സ്റ്റാന്റിംഗ് കമ്മിറ്റിക്കും പൊതു കമ്മിറ്റിക്കും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുള്ള വരവുകളെക്കുറിച്ചും എവിടെയെല്ലാം നിക്ഷേപിക്കുന്നു എന്ന കാര്യത്തേക്കുറിച്ചും അന്വേഷണമില്ല. അതിനാൽ ഗൗരവതരമായ വിശകലനങ്ങളും ദീർഘ വീക്ഷണത്തോടുകൂടിയുള്ള പ്രവർത്തനങ്ങളും ഈ കമ്മിറ്റികൾ ഏറ്റെടുത്തു നടത്തേണ്ടതുണ്ട്. | ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി, വികസന സ്റ്റാൻറിംഗ് കമ്മിറ്റി, ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി എന്നിവ യഥാസമയം കൂടുകയും അതാത് മേഖലകളുമായി ബന്ധപ്പെട്ട വിഷയങ്ങളും സർക്കാർ ഉത്തരവുകളും ചർച്ച ചെയ്യുന്നുണ്ടെന്നും വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ആവശ്യാനുസരണം വിളിച്ച് ചേർക്കുന്നുണ്ടെന്നും പ്രോജക്ടുകൾ വർക്കിംഗ് ഗ്രൂപ്പുകളുമായി ചർച്ച ചെയ്ത് പൂർണ്ണവും കുറ്റമറ്റതുമായി നിയമസാധുത ഉറപ്പുവരുത്തുന്നുണ്ടെന്നും വ്യത്യസ്ത മേഖലകളുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്കരിച്ച് ഭരണസമിതിക്ക് കൈമാറുകയും സ്റ്റാൻറിംഗ് കമ്മിറ്റിയുടെ വിഷയാടിസ്ഥാനത്തിൽ അജണ്ടകൾ തയ്യാറാക്കി യോഗത്തിൽ ചർച്ച ചെയ്യുകയും ശിപാർശകൾ ഭരണ സമിതിക്ക് സമർപ്പിക്കുകയും ചെയ്യുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 10 | 2.3.2 | **വികസന സ്റ്റാന്റിംഗ് കമ്മിറ്റി** | വാർഷികപദ്ധതി രൂപീകരണം, നിർവ്വഹണം, മോണിട്ടറിംഗ് എന്നിവ സംബന്ധിച്ച് വികസന സ്റ്റാന്റിംഗ് കമ്മിറ്റികൾ |

| | | | |
|---|---|---|---|
| | | വാർഷിക പദ്ധതികളുടെ രൂപീകരണമാണ് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രധാന ചുമതല എങ്കിലും തീരുമാനിക്കപ്പെട്ട പദ്ധതികൾ യഥാസമയം നിർവ്വഹിച്ചു പൂർത്തീകരിക്കപ്പെടുന്നുണ്ടോ, തുടർപ്രവർത്തനങ്ങൾ ആവശ്യമായ പദ്ധതികൾ ഏതൊക്കെയാണ് അവ യഥാവിധി നടത്തപ്പെടുന്നുണ്ടോ? ഉദ്ദേശലക്ഷ്യം കൈവരിക്കുന്നുണ്ടോ? പദ്ധതിയിൽ ഉൾപ്പെട്ട എല്ലാവരും ഉത്തരവാദിത്വത്തോടുകൂടി പ്രവർത്തി എടുക്കുന്നുണ്ടോ? എന്നീ കാര്യങ്ങളിലൊന്നും വികസന സ്റ്റാന്റിംഗ് കമ്മിറ്റികൾ വിലയിരുത്തൽ നടത്താറില്ല. വിപുലമായ അധികാര അവകാരങ്ങളുള്ള ഈ കമ്മിറ്റി അതിന്റെ ഉത്തരവാദിത്വങ്ങൾ പൂർണ്ണമായും ഏറ്റെടുക്കേണ്ടതാണ്. | നിലവിൽ കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നുണ്ടെന്നും കമ്മിറ്റി വിഷയാടിസ്ഥാനത്തിൽ അജണ്ടകൾ തയ്യാറാക്കി യോഗത്തിൽ ചർച്ച ചെയ്യുകയും ശിപാർശകൾ ഭരണ സമിതിക്ക് സമർപ്പിക്കുകയും ചെയ്യുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 11 | 2.3.3 | **ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**<br>ജനങ്ങളുടെ വിശേഷിച്ചും സ്ത്രീകളുടേയും കുട്ടികളുടേയും വൃദ്ധരുടേയും സാമൂഹ്യ സുരക്ഷയെ സൂക്ഷ്മതയോടെ വീക്ഷിക്കേണ്ട ഒരു കമ്മിറ്റിയാണ് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി. ഇവരുടെ ക്ഷേമത്തിന് ഈ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ധാരാളം പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. ദിനംപ്രതി പുതിയ പുതിയ പ്രതിസന്ധികളും വെല്ലുവിളികളുമാണ് സമൂഹത്തിൽ ഉയർന്നു വരുന്നത്. ഇത്തരം പ്രശ്നങ്ങളിൽ പ്രാദേശിക സർക്കാർ/അധികാരസ്ഥാനം എന്ന നിലയ്ക്ക് പഞ്ചായത്തിനും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കും ഫലപ്രദമായി ഇടപെടുവാൻ കഴിയണം. പക്ഷെ ഇത്തരം കാര്യങ്ങളിൽ പഞ്ചായത്തിന്റെ ഉത്തരവാദിത്വം നിർവ്വഹിക്കുന്ന ഈ കമ്മിറ്റി ക്രിയാത്മകവും മാതൃകാപരവുമായ യാതൊരു ചുവടുവെയ്പുകളും എടുക്കുന്നില്ല. | നിലവിൽ ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റികൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുവെന്നും വിവിധ ക്ഷേമ പദ്ധതികൾ ചർച്ച ചെയ്യുകയും അർഹരായവർക്ക് ക്ഷേമ പെൻഷനുകൾ അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നുവെന്നും സ്റ്റാൻറിംഗ് കമ്മിറ്റിയുടെ വിഷയാടിസ്ഥാനത്തിൽ അജണ്ടകൾ തയ്യാറാക്കി യോഗത്തിൽ ചർച്ച ചെയ്യുകയും ശിപാർശകൾ ഭരണ സമിതിക്ക് സമർപ്പിക്കുകയും ചെയ്യുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| 12 | 2.4 | **അടിസ്ഥാന രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകത**<br>ധനകാര്യ വകുപ്പിന്റെ 12.06.2003-ലെ സ.ഉ (പി)19/2003 പ്രകാരമുള്ള അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ നിഷ്കർഷിച്ച രജിസ്റ്ററുകൾ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിൽ ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വേണ്ടത്ര ശ്രദ്ധപതിപ്പിക്കുന്നില്ല. | ധനകാര്യ വകുപ്പിന്റെ 12/06/2003 ലെ സ.ഉ.(പി)319/2003 പ്രകാരമുള്ള അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ നിഷ്കർച്ചിട്ടുള്ള രജിസ്റ്ററുകൾ ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചുവരുന്നുണ്ട്. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ പദ്ധതി മാർഗ്ഗരേഖ പ്രകാരം നിഷ്കർഷിക്കുന്ന രേഖകൾ എല്ലാ കാലികമാക്കി സൂക്ഷിക്കുന്നുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ അഡ്വാൻസ് രജിസ്റ്റർ, ബിൽ രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ തുടങ്ങിയ എല്ലാ രജിസ്റ്ററുകളും, കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചുവരുന്നു. ഡിമാന്റ് രജിസ്റ്റർ മേലുദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അനിവാര്യമായി എല്ലാ രജിസ്റ്ററുകളും, കൃത്യമായും, വ്യക്തമായും എഴുതി സൂക്ഷിക്കുന്നുണ്ടെന്നും കണക്കുകൾ യഥാസമയം ബന്ധപ്പെട്ടവർക്ക് നല്കുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 13 | 2.5 | **ബജറ്റ് തയ്യാറാക്കുന്നതിലെ കാലവിളംബവും അലംഭാവവും**<br>1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214(1) പ്രകാരം ഓരോ വർഷവും ജനുവരി 15 -ാം തിയതിയ്ക്ക് മുമ്പ് ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും അടുത്ത വർഷത്തെ എസ്റ്റിമേറ്റ്, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് നൽകേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ | സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബജറ്റ് നിർദ്ദേശങ്ങൾ എല്ലാ |

| | | | |
|---|---|---|---|
| | | നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിച്ച് ചർച്ച ചെയ്യേണ്ടതുമാണ്. | വർഷവും ജനുവരി 15 മുൻപായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് കൃത്യമായി തയ്യാറാക്കി ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കുന്നു. ആയത് മാർച്ച് ആദ്യവാരം പ്രത്യേക ഭരണസമിതി യോഗത്തിൽ അവതരിപ്പിച്ചു വരുന്നു. ഓഡിറ്റ് പരാമർശത്തിലെ അപാകതകൾ പരിഹരിച്ചു കൊണ്ട് കൃത്യമായി തയ്യാറാക്കിയ ബഡ്ജറ്റ് നിലവിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങുന്നുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 14 | 2.6 | **തനത് ഫണ്ടിന്റെ സംഭരണം**<br>പ്രധാന വരുമാന സ്രോതസ്സുകൾ യഥാവിധി ചൂഷണം ചെയ്ത് തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ മതിയായ പ്രാധാന്യം നൽകിയിട്ടില്ല. തനതുഫണ്ടുകളുടെ സ്രോതസ്സുകളായ കെട്ടിടനികുതി, തൊഴിൽനികുതി, മറ്റു നികുതിയിനങ്ങൾ, വാടക ഇവയൊന്നും യഥാസമയം ഡിമാന്റു ചെയ്യുകയോ പിരിച്ചെടുക്കാൻ ശുഷ്കാന്തി കാണിക്കുകയോ ചെയ്യുന്നില്ല. ഇക്കാരണത്താൽ വിവിധ വരവിനങ്ങളിൽ വൻതുക കുടിശ്ശികയായി അവശേഷിക്കുന്നു.<br>പഞ്ചായത്ത്/മുനിസിപ്പാലിറ്റി പ്രദേശത്ത് പ്രവർത്തിക്കുന്ന കച്ചവട വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് | ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും വസ്തു നികുതി പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. പൂർണ്ണമായും വസ്തു നികുതിയെ സംബന്ധിച്ച വിവരങ്ങൾ കംപ്യൂട്ടർ വത്ക്കരിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ ഭൂരിഭാഗം പഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. എല്ലാ വർഷവും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി എല്ലാ വ്യാപാര സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകി ഫീസ് ഈടാക്കുകയും കുടിശ്ശിക കൂടാതെ തൊഴിൽ നികുതി പിരിച്ചെടുക്കുകയും ചെയ്യുന്നുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | കൊടുക്കുന്ന കാര്യത്തിലും കുറ്റകരമായ അനാസ്ഥയാണ് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റ് വാർഷികമായി പരിഷ്കരിച്ച് നിയമം അനുശാസിക്കുന്ന നിരക്കിൽ കൃത്യമായി ഫീസ് ഈടാക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പ്രത്യേക പരിഗണന നൽകേണ്ടതാണ്.<br>തനതുവരുമാന സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേക ഊന്നൽ നൽകേണ്ടതുണ്ട്. | |
| 15 | 2.7 | **പദ്ധതി നിർവ്വഹണം**<br><br>ബജറ്റിൽ വകയിരുത്തുന്ന പദ്ധതി പണത്തിന്റെ സിംഹഭാഗവും ധനകാര്യ വർഷത്തിന്റെ അവസാനമായി മാർച്ച് മാസത്തിലാണ് ചെലവഴിച്ചുതീർക്കുന്നത്. സാമ്പത്തിക വർഷാവസാനം ധൃതിപിടിച്ച് പണം ചെലവാക്കുന്നത്. പദ്ധതിയുടെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നു. പദ്ധതി നിർവ്വഹണത്തിന് മൊബിലൈസേഷൻ അഡ്വാൻസ് സെക്യേർഡ് അഡ്വാൻസ് ഇനങ്ങളിൽ വൻതുകകൾ ഗുണഭോക്തൃ സമിതികൾക്ക് നൽകിയെങ്കിലും പദ്ധതി പൂർത്തീകരിക്കുകയോ അല്ലാത്തപക്ഷം പലിശസഹിതം തുക ഈടാക്കുകയോ ചെയ്യുകാണുന്നില്ല. | പ്രാദേശിക സർക്കാരുകൾക്ക് പ്രാദേശിക പദ്ധതികൾ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ പതിമൂന്നാം പദ്ധതിയുടെ ആദ്യ വർഷം തന്നെ വലിയ മാറ്റങ്ങൾ വരുത്തുകയുണ്ടായി. മുൻകാലങ്ങളിൽ പദ്ധതി രൂപീകരണത്തിലെ സങ്കീർണ്ണമായ നടപടിക്രമങ്ങൾ കാരണം പദ്ധതി രൂപീകരണത്തിനും അംഗീകാരത്തിനും പദ്ധതി നിർവ്വഹണത്തേക്കാൾ കൂടുതൽ സമയമെടുക്കുമായിരുന്നു. അതിനാൽ സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തിയാക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ നിർബന്ധിതരാവുകയും ഇത് മാർച്ച് മാസത്തിലേക്ക് പേയ്മെന്റുകൾ കുമിഞ്ഞുകൂടാനും |

| | | | |
|---|---|---|---|
| | | | കാരണമായിരുന്നു. ഇതിന് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെയാണ് നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ടുള്ള മാർഗ്ഗരേഖ മുന്നോട്ട് വെച്ചത്. ഇതുവഴി ആസൂത്രണത്തിന്റെ നടപടിക്രമങ്ങൾ ലളിതമാക്കുവാനും ആസൂത്രണ ഘട്ടങ്ങൾ യുക്തിസഹമാക്കുവാനും പദ്ധതി സമർപ്പണം നേരത്തേയാക്കുന്നതിനും കാരണമായി. ഇപ്പോൾ എല്ലാ വർഷവും മാർച്ച് മാസത്തിൽ തന്നെ അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതികൾ തയ്യാറാക്കി അംഗീകാരം വാങ്ങുന്ന പ്രക്രിയ സമയബന്ധിതമായി നടക്കുന്നുണ്ട്. കൂടാതെ ഡിസംബർ മാസത്തിൽ 70% ചെലവ് കൈവരിക്കണം എന്നും സാമ്പത്തിക വർഷത്തിന്റെ അവസാന മൂന്ന് മാസങ്ങളിൽ ബാക്കി 30% മാത്രമേ ചെലവ് നടത്താവൂ എന്നും അതിൽ തന്നെ മാർച്ച് മാസത്തിൽ 10% മാത്രമേ ചെലവ് കൈവരിക്കാവൂ എന്നും ഈ രീതിയിൽ വേണം പ്രോജക്ട് നിർവഹണം ആസൂത്രണം ചെയ്യേണ്ടത് എന്നും നിർദേശിച്ചിരുന്നു. സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ മാത്രം ചെലവ് വരുത്തുന്നത് തടയാൻ വേണ്ടിയാണ ഈ നിർദേശം ഉള്ളത്. |
| 16 | 2.8 | **പെൻഷൻ/വേതന വിതരണത്തിലെ അപാകതകൾ** | പെൻഷൻ, തൊഴിൽരഹിത വേതനം സംബന്ധിച്ച് ലഭിക്കുന്ന |

| | | | |
|---|---|---|---|
| | | പെൻഷൻ/വേതന വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുദ്ദേശിച്ച് കൊണ്ടു നടപ്പിലാക്കിയ നടപടി മിക്ക ഗ്രാമപഞ്ചായത്തുകളിലും ഉദ്ദേശിച്ച രീതിയിൽ ഫലവത്താകുന്നതായി കാണുന്നില്ല. വളരെ കാലങ്ങളായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിച്ചിട്ടുള്ള തൊഴിൽരഹിത വേതനം/പെൻഷൻ അപേക്ഷകൾ തീർപ്പാക്കാതെ അവശേഷിക്കുന്നതായി കാണുന്നു. വാർദ്ധക്യകാല പെൻഷൻ സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ അപേക്ഷകളിൽ പോലെയുള്ള തീർപ്പാക്കുന്നതിനുള്ള കാലതാമസം കാരണം അർഹരായ പലർക്കും പെൻഷൻ ലഭിക്കാത്ത സാഹചര്യം ഉണ്ടാകുന്നു. വിവിധ പെൻഷനുകളുടെയും തൊഴിൽരഹിത വേതനത്തിന്റെയും വിതരണം സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കാത്തതുവഴി പെൻഷൻ ചെലവുകൾ കൃത്യമായി കണക്കാക്കാൻ കഴിയാത്ത അവസ്ഥയും പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കാണാവുന്നതാണ്. | മുഴുവൻ അപേക്ഷകളും കൃത്യമായി രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കുന്നുണ്ടെന്നും അന്വേഷണം കഴിഞ്ഞ് വരുന്ന അപേക്ഷകൾ കാലതാമസം കൂടാതെ തീർപ്പാക്കുന്നുണ്ടെന്നും അർഹമായ മുഴുവൻ വ്യക്തികൾക്കും ആനുകൂല്യം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഗ്രാമ പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 17 | 2.9 | **ഭവന പദ്ധതിയിലെ അപാകതകൾ** | നിലവിലെ ഭവന പദ്ധതിയായ ലൈഫ് മിഷനിലൂടെ പൂർത്തിയാകാത്ത ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ലൈഫ് മിഷനിൽ ഏറ്റെടുക്കുന്ന എല്ലാ കെട്ടിടങ്ങളും സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ട്. ഏജൻസികളെ ഒഴിവാക്കി ഗുണഭോക്താക്കൾ നേരിട്ട് നിർമ്മിക്കുന്നതിനാൽ ഭവനങ്ങളുടെ ഗുണനിലവാരവും ഉയർന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| 18 | 2.10 | **വികസന പ്രവർത്തനങ്ങൾ**<br><br>മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വികസന ഫണ്ടിന്റെയും കേന്ദ്രാവിഷ്കൃത ഫണ്ടിന്റെയും, മെയിന്റനൻസ് ഗ്രാന്റിന്റെയും ലഭ്യതയനുസരിച്ചുള്ള ആസൂത്രണ പ്രവർത്തനങ്ങളിൽ, ഉല്പാദനമേഖലയിലെ പോരായ്മകൾ നികത്തുന്നതിനോ ഗ്രാമ/നഗരസഭ പ്രദേശത്തെ വികസനത്ത ദീർഘവീക്ഷണത്തോടെ മുന്നിൽ കണ്ട് സമഗ്രപദ്ധതി രൂപീകരിക്കുന്നതിനോ ഉള്ള പരിശ്രമങ്ങൾ കുറവാണ്.<br>വികസനപ്രവർത്തനങ്ങൾ എന്നപേരിൽ ഗ്രാമീണ റോഡുകളുടെ റിപ്പയറിംഗിനും കോൺക്രീറ്റിംഗിനും മണ്ണ് ഫില്ലിംഗിനും വേണ്ടി ഓരോ വർഷവും വൻതുകകൾ ചെലവഴിക്കുന്നുണ്ടെങ്കിലും ഇപ്പോഴും റോഡുകളുടെ അവസ്ഥയിൽ കാര്യമായ മാറ്റമൊന്നുമുണ്ടായിട്ടില്ല. പല വികസന പദ്ധതികളും ശരിയായ മോണിറ്ററിംഗ് സംവിധാനത്തിന്റെയോ തുടർ പ്രവർത്തനങ്ങളുടെയോ അഭാവത്തിൽ ലക്ഷ്യപ്രാപ്തി കൈവരിക്കാതെ പോകുന്ന പ്രവണത തുടരുന്നു. നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ പല പദ്ധതികളും പൂർത്തീകരിക്കാതെ വരുന്നതും വികസന പ്രക്രിയയെ സാരമായി ബാധിച്ചുവരുന്നു. | ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഓരോ വർഷവും ലഭിയ്ക്കുന്ന പ്ലാൻ, മെയിൻറനൻസ് ഫണ്ട്, കേന്ദ്രഫണ്ട് എന്നിവ ഉപയോഗിച്ച് അതത് വർഷങ്ങളിൽ നിലനിൽക്കുന്ന സർക്കാർ ഉത്തരവുകളുടെയും സർക്കുലറുകളുടെയും മാനദണ്ഡങ്ങൾ പ്രകാരമാണ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നത്. ഗ്രാമസഭ, വാർഡ് സഭ, വർക്കിംഗ് ഗ്രൂപ്പ് , വികസന സെമിനാർ എന്നിവയിലൂടെ ഉയർന്നുവരുന്ന പദ്ധതികളാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. നിലവിലുള്ള വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുന്നത് മൂലം മോണിറ്ററിംഗ് സംവിധാനം കൂടുതൽ ശക്തിപ്പെട്ടിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 19 | 2.10.1 | **കാർഷിക മേഖല**<br><br>കാർഷിക മേഖലയുടെ വളർച്ചയ്ക്ക് ഉതകുന്ന ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് കാർഷിക മേഖലയെ പുഷ്ടിപ്പെടുത്തേണ്ടത് തദ്ദേശഭരണകൂടത്തിന്റെ അനിവാര്യ ചുമതലയും ബാധ്യതയുമാണ്. എന്നാൽ കാർഷിക മേഖലയ്ക്ക് അർഹമായ പ്രാധാന്യം നൽകി പദ്ധതികൾ ആസൂത്രണം | വാർഷിക പദ്ധതി രൂപീകരണ മാർഗ്ഗ രേഖ പ്രകാരം പൊതുവിഭാഗം വികസന ഫണ്ടിന്റെ 30 ശതമാനത്തിൽ കുറയാത്ത തുക ഉൽപ്പാദന മേഖലയ്ക്ക് നിർബന്ധമായും വകയിരുത്തേണ്ടതാണ്. ആകയാൽ കാർഷിക മേഖലക്ക് അർഹമായ പ്രാധാന്യം നൽകിയാണ് പദ്ധതികൾ |

| | | | |
|---|---|---|---|
| | | ചെയ്യുന്നതിലും വികസനോന്മുഖമായ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിലും ഏറ്റെടുത്തവ യഥാവിധി നിർവ്വഹിക്കപ്പെടുന്നു എന്നുറപ്പാക്കുന്നതിലും തദ്ദേശഭരണ സ്ഥാപനങ്ങൾ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. | ആസൂത്രണം ചെയ്യുന്നത്. വികസനോന്മുഖമായ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിലും ഏറ്റെടുത്ത പ്രവൃത്തികൾ യഥാവിധി നിർവ്വഹിക്കപ്പെടുന്നു എന്നുറപ്പാക്കുന്നതിലും ഗ്രാമ പഞ്ചായത്തുകൾ വളരെയധികം ശ്രദ്ധപതിപ്പിക്കുന്നുണ്ട്. കാർഷിക യന്ത്രവൽക്കരണത്തിന്റെ ഭാഗമായി വാങ്ങിയിട്ടുള്ള യന്ത്രങ്ങൾ ചുരുക്കം ചില ഗ്രാമപഞ്ചായത്തുകളിൽ അന്യാധീനപ്പെട്ട് പോയിട്ടുണ്ടെങ്കിലും വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിലെ പ്രത്യേക നിരീക്ഷണത്തിന്റെയും നിർദ്ദേശത്തിന്റെയും പരാമർശങ്ങളുടെയും അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾ വളരെയധികം ശ്രദ്ധ ചെലുത്തിയാണ് ഇത്തരം ഉപകരണങ്ങൾ വാങ്ങുന്ന പദ്ധതികൾ നിലവിൽ ഏറ്റെടുക്കുന്നത്. വാങ്ങി നൽകിയ ഉപകരണങ്ങളുടെ പ്രവർത്തനം വിലയിരുത്തുകയും മോണിറ്ററിംഗിന് വിധേയമാക്കിയും വരുന്നുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 20 | 2.10.2 | **ജലസംരക്ഷണ പ്രവർത്തനങ്ങൾ**<br>ഉല്പാദന മേഖലയിൽ വകയിരുത്തുന്ന | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കിണർ റീ ചാർജ്ജിംഗ്, മഴക്കുഴികൾ , |

| | | | |
|---|---|---|---|
| | | പദ്ധതിവിഹിതത്തിന്റെ മൂന്നിൽ ഒരു ഭാഗമെങ്കിലും മഴവെള്ളസംഭരണം ഉൾപ്പെടെയുള്ള ജലസംരക്ഷണ പ്രവർത്തിക്ക് വകയിരുത്തേണ്ടതാണ് എന്ന നിർദ്ദേശം മിക്ക സ്ഥാപനങ്ങളിലും പാലിച്ചുകാണുന്നില്ല. കുടിവെള്ള പദ്ധതികൾ ലക്ഷ്യം കാണുന്നതിൽ വളരെയേറെ കാലവിളംബം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലക്ഷങ്ങൾ ചെലവഴിച്ച് കമ്മീഷൻ ചെയ്ത കുടിവെള പദ്ധതികൾ പോലും ആവശ്യത്തിന് വെള്ളം ലഭിക്കാത്തതിനാൽ പൂർണ്ണമായും ഉപകാരപ്രദമാവുന്നില്ല. | കുളങ്ങളുടെ സംരക്ഷണം തുടങ്ങിയ ജല സംരക്ഷണ പ്രവർത്തികൾ നടപ്പിലാക്കുന്നുണ്ട്. ഭൂഗർഭ ജല നിരപ്പ് താഴ്ന്നതുമൂലം ചില കുടിവെള്ള പദ്ധതികളിൽ ആവശ്യത്തിനുണ്ടായിരുന്ന ജല ലഭ്യതയിൽ കുറവ് വന്നിട്ടുള്ളതാണെന്നും ഭൂജല വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ പരിശോധനകൾ നടത്തിയതിന് ശേഷം മാത്രം ജല ലഭ്യത ഉറപ്പാക്കി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ശ്രദ്ധചെലുത്തിവരുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ കുടിവെള്ള പദ്ധതികൾ നേരിട്ട് ഏറ്റെടുക്കുന്നതും ഡെപ്പോസിറ്റ് ആയി വാട്ടർ അതോറിറ്റിക്ക് നൽകുന്നതും ഉൾപ്പടെ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ ഡി പി സി കളുടെ നേതൃത്വത്തിൽ സ്വീകരിക്കുന്നുണ്ട്. ജലസ്രോതസ്സ് അല്ലെങ്കിൽ ജലലഭ്യത ഉറപ്പാക്കി മാത്രമേ കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കാവൂ എന്നും നിർദേശങ്ങൾ നല്കിയിട്ടുള്ളതാണ്. |
| 21 | 2.10.3 | **സ്വയം തൊഴിൽ സംരംഭങ്ങൾ**<br><br>കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മുഖേന തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി നൽകുന്ന ധനസഹായം യഥാവിധി വിനിയോഗിച്ചു എന്നുറപ്പ് | സ്വയംതൊഴിൽ സംരംഭങ്ങളും ഗ്രൂപ്പ് അധിഷ്ഠിത സംരംഭങ്ങളും ഏറ്റെടുക്കുന്നതിനുള്ള നിർദേശങ്ങൾ ആസൂത്രണ സബ്സിഡി മാർഗ്ഗരേഖകളിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ |

| | | | |
|---|---|---|---|
| | | വരുത്തുന്നതിലേക്ക് വേണ്ടി ധനസഹായം ലഭിച്ച ഗ്രൂപ്പുകളുടെ തുടർപ്രവർത്തനങ്ങൾ പലപ്പോഴും വിലയിരുത്തപ്പെടുന്നില്ല. യഥാർത്ഥ ഗുണഭോക്താക്കളെ ഗ്രാമസഭയിൽക്കൂടി യഥാസമയം തെരഞ്ഞെടുക്കാത്തതുമൂലവും പരിശിലന സൗകര്യങ്ങളുള്ളതും സർക്കാർ അംഗീകൃതവുമായ സ്ഥാപനങ്ങളെ പരിശീലനത്തിനായി കണ്ടെത്താത്തതുമൂലവും സർക്കാർ പണം, സ്വകാര്യ സ്ഥാപനങ്ങൾ വൻതോതിൽ കൈപ്പറ്റുന്നു എന്നതൊഴിച്ചാൽ ഈ പദ്ധതികൾമൂലം ഗുണഭോക്താക്കളെ സ്വയം പര്യാപ്തരാക്കാൻ സാധിച്ചിട്ടില്ല. | സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. മാർക്കറ്റിംഗ് ഉൾപ്പടെയുള്ള സഹായ സംവിധാനങ്ങൾ ഏർപ്പെടുത്തി നൽകുന്നതിനുള്ള നിർദേശങ്ങളും നല്കിയിട്ടുള്ളതാണ്. നൈപുണ്യ പരിശീലനത്തിന് ഉയർന്ന മുൻഗണന നൽകുന്നതിനും മാർഗ്ഗരേഖ വ്യക്തമാക്കുന്നു. KASE, ASAP, KDISC തുടങ്ങിയ ഏജൻസികളുടെ സഹായം ഇക്കാര്യത്തിൽ ഉറപ്പാക്കാൻ മാർഗരേഖ നിർദേശിച്ചിട്ടുണ്ട്.<br><br>ഒരു തൊഴിൽ പദ്ധതിയുടെ ഭാഗമായി പരിശീലനങ്ങൾ ഏറ്റെടുക്കാനും പരിശീലനം മാത്രമായി പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതില്ല എന്നും തദ്ദേശഭരണ സ്ഥാപനങ്ങളുടെ മാർഗ്ഗരേഖയിൽ നിർദേശിച്ചിട്ടുണ്ട്. പരമാവധി തൊഴിൽ ഉറപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിനാണ് നിർദേശങ്ങൾ നൽകിയിട്ടുള്ളത്. നൈപുണ്യ പരിശീലനത്തിന് ഉയർന്ന മുൻഗണന നൽകുന്നതിനും മാർഗ്ഗരേഖ വ്യക്തമാക്കുന്നു<br><br>കുടുംബശ്രീ സംരഭങ്ങൾ നൽകുന്ന ധനസഹായങ്ങൾ യഥാവിധി വിനിയോഗിച്ചോ എന്ന് പരിശോധിക്കുന്നുണ്ടെന്നും ഗ്രൂപ്പുകളുടെ തുടർ പ്രവർത്തനങ്ങൾ കുടുംബശ്രീയുടെയും |

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടേയും നേതൃത്വത്തിൽ മോണിട്ടർ ചെയ്യുന്നുണ്ടെന്നും ഗുണഭോക്താക്കളെ ഗ്രാമസഭ/വാർഡ് സഭ മുഖേന മാത്രം തെരഞ്ഞെടുക്കുന്നുവെന്നും സർക്കാർ മേഖലയിൽ പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ ഇല്ലെങ്കിൽ മാത്രമാണ് സ്വകാര്യ സ്ഥാപനങ്ങളെ പരിശീലന സൗകര്യങ്ങൾ ഒരുക്കുന്നതിന് നിയോഗിച്ചുവരുന്നതെന്നും പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 22 | 2.11 | **ഡെപ്പോസിറ്റ് വർക്കുകൾ**<br><br>ഡെപ്പോസിറ്റ് വർക്കുകൾ യഥാസമയം പൂർത്തീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ ബന്ധപ്പെട്ട മറ്റുവകുപ്പുകളോ ശ്രദ്ധിച്ചുവരുന്നില്ല വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്ക് ഇലക്ട്രിസിറ്റി ബോർഡ്, വാട്ടർ അതോറിറ്റി എന്നിവിടങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വിനിയോഗം സംബന്ധിച്ച രേഖകൾ മിക്കസ്ഥാപനങ്ങളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പരമാവധി ചെലവ് വർഷാന്ത്യകണക്കിൽ കാണിക്കുന്നതിനായി കൃത്യമായി എസ്റ്റിമേറ്റ് പോലും തയ്യാറാക്കാതെ കെ.എസ്.ഇ.ബി. വാട്ടർ അതോറിറ്റി മുതലായ വകുപ്പുകളിൽ തുക ഡെപ്പോസിറ്റ് ചെയ്തുവരുന്നു. വർഷങ്ങൾ കഴിഞ്ഞാലും ഈ പദ്ധതികൾ പൂർത്തീകരിക്കപ്പെടാറുമില്ല. | KSEB, KWA, GWD തുടങ്ങിയ സർക്കാർ വകുപ്പുകളിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ജില്ലാ ആസൂത്രണ സമിതികളുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്ത യോഗങ്ങൾ വിളിച്ച് ചേർത്ത് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. സംസ്ഥാന കോ ഓർഡിനേഷൻ സമിതിയും ഇക്കാര്യം മോണിറ്റർ ചെയ്ത് വരുന്നുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഫലമായി പഴയ ഡെപ്പോസിറ്റ് വർക്കുകളും പുതിയ പ്രവൃത്തികളും സമയബന്ധിതമായി |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കാൻ പരമാവധി ശ്രമിക്കുന്നുണ്ട്.<br>കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് തുടങ്ങിയ ഏജൻസികൾ മുഖേനയുള്ള ഡെപ്പോസിറ്റ് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും പ്രത്യേക ശ്രദ്ധ ചെലുത്തുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 23 | 2.12 | **മരാമത്ത് പ്രവൃത്തികൾ**<br>മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ വ്യാപകമായ അപാകതകളും വീഴ്ചകളും ശ്രദ്ധയിൽപ്പെടുകയുണ്ടായി. എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചശേഷം എസ്റ്റിമേറ്റിൽ സാരമായ വ്യതിയാനം വരുത്തുന്നതും ടെണ്ടർ സ്വീകരിച്ചശേഷം പലയിനങ്ങളും ഒഴിവാക്കുകയോ കൂട്ടിച്ചേർക്കുകയോ ചെയ്ത് പലതവണ എസ്റ്റിമേറ്റ് പുതുക്കുന്നതും ഓഡിറ്റിന്റെ ശ്രദ്ധയിൽ പ്പെടുകയുണ്ടായി.<br>1997-ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലെ ചട്ടം 11(1)-ന് വിരുദ്ധമായി ഒറ്റ ടെണ്ടർ മാത്രം ലഭിച്ച പ്രവൃത്തിക്ക് റീ-ടെണ്ടർ നടത്താതെ ഏക ടെണ്ടർ സമർപ്പിച്ച കരാറുകാരന് പണി ഏൽപ്പിച്ചുകൊടുക്കുന്ന പ്രവണത വിവിധ നഗരസഭകളിൽ കണ്ടുവരുന്നു.<br>സെലക്ഷൻ നോട്ടീസ് ലഭിച്ച് 20 ദിവസത്തിനകം | ഗുണഭോക്തൃ സമിതികൾ നടത്തുന്ന നിർമാണ പ്രവർത്തനങ്ങളെക്കുറിച്ച് വ്യാപക പരാതി ഉയർന്നിരുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനും ഈ സംവിധാനത്തിന്റെ സുതാര്യത ഉറപ്പാക്കുന്നതിനുമായി, 13-ാം പദ്ധതിയുടെ തുടക്കത്തിൽ, ഗുണഭോക്തൃ സമിതികളുടെ സ്ഥാനത്ത് പൊതുമരാമത്ത് നടത്തിപ്പിൽ മത്സരാധിഷ്ഠിത ടെൻഡറിംഗ് ഏർപ്പെടുത്തി. ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കാവുന്ന പദ്ധതികളുടെ സാമ്പത്തിക പരിധി 5 ലക്ഷം രൂപയിൽ നിന്ന് 50,000 രൂപയായി കുറച്ചു. എന്നിരുന്നാലും, രക്ഷാകർതൃ അധ്യാപക സംഘടനകൾ പോലുള്ള അംഗീകൃത ഏജൻസികൾക്ക് ഇത് ബാധകമല്ല. അത്തരം കമ്മിറ്റികളെ |

| | | | |
|---|---|---|---|
| | | പിഴകൂടാതെ വീണ്ടും 10 ദിവസംവരെ വൈകി കരാർ തുകയുടെ ഒരു ശതമാനം നിരക്കിൽ പിഴ ഈടാക്കിയും കരാർ ഒപ്പുവയ്ക്കാമെന്ന സർക്കാർ ഉത്തരവ് [ജി.ഒ.(പി) 68/99/പി.ഡബ്ല്യു.ഡി. തീയതി 14-7-1999] അവഗണിച്ചുകൊണ്ട് കരാർ ഒപ്പുവയ്ക്കാൻ അധിക സമയം അനുവദിക്കുകയും പിഴ ഈടാക്കാതിരിക്കുകയും ചെയ്ത നിരവധി ഉദാഹരണങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള ഊർജ്ജിതനടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. | 25.00 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ ഏൽപ്പിക്കാൻ അനുമതി നൽകുകയുണ്ടായി.<br>മത്സരാധിഷ്ഠിത ടെൻഡറിങ്ങിന്റെ ഫലമായി, 13-ാം പദ്ധതിയുടെ നാല് വർഷങ്ങളിൽ 730.82 കോടി രൂപയുടെ ടെൻഡർ സേവിങ്സ് ലഭ്യമായി. ഇത് അധിക പദ്ധതികൾ ഏറ്റെടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിച്ചു. ഇത്തരം പ്രവൃത്തികളുടെ മോണിറ്ററിങ് ഉറപ്പാക്കാൻ സോഷ്യൽ ഓഡിറ്റിംഗ് സംവിധാനങ്ങൾ ഉണ്ടാകണമെന്ന് മാർഗ്ഗരേഖയിൽ നിർദേശിച്ചിട്ടുണ്ട്.<br>മരാമത്തു പ്രവർത്തികളുടെ നിർവ്വഹണ നടപടികൾ സർക്കാർ നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് കൃത്യമായി നിർവഹിച്ചു വരുന്നുണ്ട്. സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് പദ്ധതിക്ക് തുക വകയിരുത്തുന്നത്. നിർവ്വഹണത്തിന്റെ ഭാഗമായി യഥാസമയം ടെണ്ടർ നടപടികൾ ചട്ടങ്ങൾ പാലിച്ചുകൊണ്ട് നടത്തുന്നു. കൃത്യസമയത്ത് സെലക്ഷൻ നോട്ടീസ് നല്കുകയും, അതാതു സാമ്പത്തിക വര്ഷങ്ങളിൽതന്നെ പദ്ധതി നിർവ്വഹണം പൂർത്തിയാക്കുന്നതിനും ,സ്പിൽഓവർ പദ്ധതികൾ ഒഴിവാക്കുന്നതിനും പരമാവധി പരിശ്രമിച്ചുവരുന്നുണ്ട്. കരാർ |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കുന്ന കരാറുകാർ പി.ഡബ്ല്യു.ഡി കോഡ് , മാന്വൽ പ്രകാരം പ്രവർത്തികൾ യഥാസമയം പൂർത്തീകരിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നുണ്ട് എന്ന വിവരം പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 24 | 2.17 | **നികുതി കുടിശ്ശിക 88.74 കോടി** | സർക്കാറിനും ഇതരസ്ഥാപനങ്ങൾക്കുമായി ശേഖരിച്ച തുക യഥാസമയം അടവാക്കി വരുന്നുണ്ടെന്ന വിവരം പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 25 | 3.1.2 | **പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് –**<br>മണൽ വിൽപ്പന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.<br>ഓഡിറ്റ് റിപ്പോർട്ട് –<br>1999–00 –ഖണ്ഡിക 2.2<br>2000–01– ഖണ്ഡിക 2.3<br>2001–02– ഖണ്ഡിക 2.1<br>2002–03– ഖണ്ഡിക 2.2<br>മേൽ പറഞ്ഞ കാലയളവിൽ 2,03,00,320 രൂപയുടെ മണൽ വിൽപന നടത്തിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. | സ്ക്രീനിംഗ് കമ്മിറ്റിയിൽ ഉൾപ്പെട്ട പ്രസ്തുത വിഷയം സർക്കാരിന്റെ 29/04/2022 തീയതിയിലെ തസ്വഭവ-എബി3/125/2021-തസ്വഭവ നമ്പർ കത്ത് പ്രകാരം ബഹു. നിയമസഭ സമിതി മുമ്പാകെ അറിയിച്ചിട്ടുള്ളതുമാണ്. |
| 26 | 3.5.8 | **പുത്തൂർ ഗ്രാമപഞ്ചായത്ത്** | സ്ക്രീനിംഗ് കമ്മിറ്റിയിൽ ഉൾപ്പെട്ട പ്രസ്തുത വിഷയം |

| | | | |
|---|---|---|---|
| | | ഓഡിറ്റ് റിപ്പോർട്ട് 2002-03 ഖണ്ഡിക 3.2<br>ഭവന നിർമ്മാണം ധനസഹായം നൽകിയതിലെ അപാകത -പട്ടയമോ, കൈവശരേഖയോ ഇല്ലാതെ അനധികൃതമായി കൈവശം വച്ചുവരുന്ന ഭൂമിയിൽ വീട് നിർമ്മാണത്തിന് ധനസഹായം നൽകി. | സർക്കാരിന്റെ 29/04/2022 തീയതിയിലെ തസ്വഭവ-എബി3/125/2021-തസ്വഭവ നമ്പർ കത്ത് പ്രകാരം ബഹു. നിയമസഭ സമിതി മുമ്പാകെ അറിയിച്ചിട്ടുള്ളതുമാണ്. |
| 27 | 3.5.12 | **തിരുവനന്തപുരം നഗരസഭ** - സർക്കാർ വക സ്ഥലത്ത് അനധികൃതമായി ചുറ്റമതിൽ നിർമ്മാണം<br><br>സർക്കാർ വക സ്ഥലത്ത് അനധികൃതമായി ചുറ്റമതിൽ നിർമ്മാണം ഓഡിറ്റ് റിപ്പോർട്ട് വർഷം 2005-06, ഖണ്ഡിക 3.10<br><br>ജഗതിയിലുള്ള കുളം നികത്തിയ സ്ഥലം സംരക്ഷിക്കുന്നതിനായി ചുറ്റമതിൽ നിർമ്മാണം നടത്തുന്നതിന് നഗരസഭ അനുവാദം നൽകി. എന്നാൽ, പണി തുടർന്നുവരവെ, റവന്യൂ അധികാരികൾ സ്ഥലം സന്ദർശിച്ച് സർക്കാർവക ഭൂമിയിലാണ് നഗരസഭ പണി ചെയ്യിക്കുന്നതെന്ന് ബോദ്ധ്യപ്പെടുത്തിയതിനാൽ പണി നിർത്തിവയ്ക്കുകയും ചെയ്തു. ഇപ്രകാരം അനധികൃതമായി, നഗരസഭയുടേതല്ലാത്ത സ്ഥലത്ത് പണി നടത്തിയതുമൂലം 1,55,842 രൂപ നഷ്ടം സംഭവിച്ചു. ഉത്തരവാദിയായ ഉദ്യോഗസ്ഥൻ-<br>ശ്രീ.ഡാനിയേൽ, പ്രോജക്ട് എഞ്ചിനീയർ, തിരുവനന്തപുരം നഗരസഭ | വികസനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെയും കൗൺസിലിൻറെയും തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ് ജഗതിയിലെ കുളം നിർമ്മിക്കുന്ന പ്രവൃത്തിക്ക് പ്രോജക്ട് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ നഗരസഭയാണ് ടി സ്ഥലം ഉപയോഗിച്ചുവരുന്നത്. ഈ സാഹചര്യത്തിൽ നഗരസഭയ്ക്ക് നഷ്ടം ഉണ്ടായിട്ടില്ലാത്തതും, നിലവിൽ പ്രസ്തുത സ്ഥലത്ത് മതിൽ നിർമ്മിച്ചിട്ടുള്ളതും ആയത് പ്രകാരം അനധികൃത കൈയ്യേറ്റങ്ങൾ ഒഴിവാക്കിട്ടുള്ളതുമാണ്. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ വേണ്ട നടപടിസ്വീകരിക്കണമെന്ന് നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| 28 | 3.6.1 | **പുതുക്കോട് ഗ്രാമപഞ്ചായത്ത്** - പാലക്കാട് ജില്ല | **1. കല്യാണ മണ്ഡപം - ചെലവഴിച്ച തുക - 11,19,940/-** |

| | | | |
|---|---|---|---|
| | | പദ്ധതികൾ ഭൗതികലക്ഷ്യം കൈവരിച്ചിട്ടില്ല.<br>ഓഡിറ്റ് റിപ്പോർട്ട് വർഷം 2005-06, ഖണ്ഡിക നമ്പർ 3.3<br>പുതുക്കോട് ഗ്രാമപഞ്ചായത്തിൽ 2 പദ്ധതികൾക്കായി 25.63 ലക്ഷം രൂപ ചെലവഴിച്ചുവെങ്കിലും പദ്ധതി നാളിതുവരെ പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായില്ല. | പുതുക്കോട് ഗ്രാമപഞ്ചായത്ത് ചന്തപ്പുരയിൽ 1995 മുതൽ 2004-05 കാലയളവിൽ പണി കഴിപ്പിച്ചിട്ടുള്ള കല്യാണമണ്ഡപം നിർമ്മാണത്തിലെ അപാകതകൾക്ക് കാരണമായതിൽ 1194440/- രൂപ ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയതിനെ തുടർന്ന് വിശദീകരണം ആവശ്യപ്പെട്ട് 19.09.2013 ന് ആ കാലത്തെ സെക്രട്ടറിമാരായ ശ്രീ.ടി.ജെ ഇമ്മാനുവൽ, ശ്രീ. പി. ഐ ഫ്രാൻസിസ്, ശ്രീ. കെ. ഡി ഹരേഷ്, ശ്രീ. എൻ. സുദേവൻ, ശ്രീ. സി .രവീന്ദ്രൻ എന്നിവർക്കും കൺവീനറായ ശ്രീ. ചന്ദ്രനും രജിസ്റ്റേഡ് കത്തുകൾ അയച്ചിരുന്നു. തുടർന്ന് നോട്ടീസ് റദ്ദാക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ.എം.കെ ചന്ദ്രൻ വക്കീൽ നോട്ടീസ് അയച്ചിട്ടുണ്ട്. അതേ സമയം ഉത്ഘാടന ശേഷം ടി കല്യാണമണ്ഡപം 26.08.2006 വരെ വാടകക്ക് നൽകിയിട്ടുള്ളതാണെന്നും പഞ്ചായത്തിൻറെ തന്നെ പല പരിപാടികളും ടി കെട്ടിടത്തിൽ നടന്നിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പദ്ധതിയിലെ നിർമ്മാണത്തിലെ അപാകതയ്ക്ക് ഉത്തരവാദിയായ ആ കാലയളവിലെ എഞ്ചിനീയർ ശ്രീ. ഉദയഭാനുവിന് രജിസ്റ്റേർഡ് തപാൽ നൽകിയെങ്കിലും ടിയാൻ മരണമടഞ്ഞതായി അറിയിച്ച് കത്ത് |

| | | | |
|---|---|---|---|
| | | | മടങ്ങി വന്നുവെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുർണ്ട്.<br><br>2006 ഓഗസ്റ്റ് മാസം മുതൽ പ്രസ്തുത കല്യാണമണ്ഡപം ഉപയോഗിക്കുകയോ പ്രവർത്തിച്ച വരുകയോ ചെയ്യുന്നില്ലെന്നും നിർമ്മാണ സമയം മുതൽ അപാകതകളുള്ളതുകൊണ്ടും തുടർച്ചയായി 15 വർഷത്തിലധികമായി പ്രവർത്തന രഹിതമായി കിടക്കുന്നതിനാലും പൊതുജനങ്ങൾ പ്രസ്തുത കല്യാണമണ്ഡപം തുടർന്ന് ഉപയോഗിക്കാനുള്ള സാധ്യത വളരെ കുറവുമാണ്. എൽ എസ് ജി ഡി അസിസ്റ്റൻറ് എൻജിനീയർ സ്ഥലവും കെട്ടിടവും പരിശോധിച്ച് ബലക്ഷയം ഉള്ളതിനാൽ തുടർന്ന് ഉപയോഗിക്കാൻ കഴിയില്ലെന്ന് 2021 ഒക്ടോബർ മാസത്തിൽ അറിയിച്ചിട്ടുള്ള വിവരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>**2. <u>ജലസംഭരണി ചെലവഴിച്ച തുക-14,43,955/- രൂപ</u>**<br><br>09.07.2005 ന് ഉദ്ഘാടനം നടത്തിയിട്ടുള്ളതായി പറയുന്ന വാട്ടർടാങ്കിന്റെ നിലവിലെ അവസ്ഥ എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ചതും |

| | | | |
|---|---|---|---|
| | | | മഴക്കാലത്ത് ടാങ്ക് നിറഞ്ഞ് കവിഞ്ഞ് വെള്ളമൊഴുകുന്നതല്ലാതെ മറ്റ് അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. ഉദ്ഘാടനത്തിന് ശേഷം പ്രസ്തുത വാട്ടർ ടാങ്ക് ഉപയോഗപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ വാട്ടർ അതോറിറ്റിയ്ക്കായി നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള പ്രസ്തുത വാട്ടർ ടാങ്ക് ഏതെങ്കിലും തരത്തിൽ വാട്ടർ അതോറിറ്റിയ്ക്കായി തന്നെ ഉപയോഗപ്പെടുത്തുന്നതിന് പലതവണ ആവശ്യപ്പെട്ടിട്ടും ലഭിക്കാത്ത പ്രസ്തുത വാട്ടർ ടാങ്കിന്റെ ബലക്ഷയം പരിശോധിച്ചിട്ടുള്ള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസറുടെ പരിശോധന റിപ്പോർട്ടും ആവശ്യപ്പെട്ടുകൊണ്ട് വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുള്ളതിനും 01.02.2020 തീയതിയിൽ കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ലഭ്യമായ റിപ്പോർട്ട് പ്രകാരം വാട്ടർ അതോറിറ്റിക്ക് ഏറ്റെടുത്ത് നടത്താൻ പര്യാപ്തമല്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ 27.07.2022 തീയതിയിൽ ചേർന്ന പഞ്ചായത്ത് സ്റ്റീയറിംഗ് കമ്മിറ്റി പ്രസ്തുത വിഷയം ചർച്ച ചെയ്യുകയും വാട്ടർ ടാങ്കിന്റെ അര കിലോമീറ്റർ |

| | | | |
|---|---|---|---|
| | | | ചുറ്റളവിൽ താമസിക്കുന്ന ലക്ഷം വീട് കോളനിയിലുൾപ്പെടെ കടിവെള്ളക്ഷാമ പരിഹാരത്തിനായി നിലവിലുള്ള വാട്ടർ ടാങ്ക് ഉപയോഗപ്പെടുത്തി ഗുണഭോക്തൃ കമ്മിറ്റി മുഖേന ജല വിതരണം നടത്തുന്നതിനും പഞ്ചായത്ത് സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനിച്ചിട്ടുള്ള വിവരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 29 | 3.6.10 | **കണ്ണൂർ നഗരസഭ**<br><br>a) ഒരു ലക്ഷം ഭവന പദ്ധതി വായ്പത്തുക ഈടാക്കാൻ നടപടി സ്വീകരിച്ചില്ല.(ഓഡിറ്റ് റിപ്പോർട്ട് 2006-2007, ഖണ്ഡിക 3-35)<br><br>b) ഖരമാലിന്യ സംസ്കരണം<br><br>ഓഡിറ്റ് റിപ്പോർട്ട് 2006-07, ഖണ്ഡിക: 3-5<br><br>കണ്ണൂർ നഗരസഭയിൽ ഖരമാലിന്യങ്ങളുടെ ശാസ്ത്രീയമായ സംസ്കരണം നടത്തുന്നതിനുള്ള നടപടികൾ ഇതുവരെ നടപ്പിലായി ക്കഴിഞ്ഞിട്ടില്ല. ബി.ഒ.ടി. അടിസ്ഥാനത്തിൽ പ്ലാന്റ് സ്ഥാപിക്കാൻ ഐ.സി.ഐ.സി.ഐ- കിൻഫ്ര എന്ന സ്ഥാപനവുമായി കരാർ ഒപ്പിട്ടുകയുണ്ടായി. ഈ സ്ഥാപനത്തിന് മൊബിലൈസേഷൻ അഡ്വാൻസ് ആയും ഇടക്കാല പേമെന്റ് ആയും രണ്ടു തവണയായി 7,29,560 രൂപ അനുവദിക്കുകയും ചെയ്തു. എന്നാൽ എഗ്രിമെന്റിലെ വ്യവസ്ഥ പ്രകാരം 4 മാസത്തിനകം പ്രവൃത്തി കോൺട്രാക്ട് | 13-05-2015 ലെ സ.ഉ.(സാ.ധ) നം.1409/15 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സാധൂകരണം നൽകിയിട്ടുള്ളതായും ഇക്കാര്യം 29/04/2022 തീയതിയിലെ തസ്വഭവ-എബി3/125/2021-തസ്വഭവ നമ്പർ സർക്കാർ കത്ത് പ്രകാരം സ്ക്രീനിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടായി ബഹു. നിയമസഭ സമിതി മുമ്പാകെ അറിയിച്ചിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| | | നൽകാനുള്ള നടപടികൾ കിൻഫ്ര സ്വീകരിച്ചതായി കാണുന്നില്ല. കിൻഫ്രയെ ഒഴിവാക്കിക്കൊണ്ട് യു.ഐ.ഡി.എസ്. എസ്.എം.ടി. യുടെ ധനസഹായത്തോടെ നാലരകോടിയോളം രൂപ അടങ്കലുള്ള മറ്റൊരു മാലിന്യ സംസ്കരണ പദ്ധതിയാണ് ഇപ്പോൾ നഗരസഭയുടെ പരിഗണനയിലുള്ളത് കിൻഫ്രയ്ക്ക് മുൻകൂറായി നൽകിയ തുക നഗരസഭയ്ക്ക് നഷ്ടമായിരിക്കുകയാണ്. അഡ്വാൻസ് തുക തിരികെ ഈടാക്കിയിട്ടില്ല. | |
| 30 | 3.9.1 | **കോട്ടുവള്ളി ഗ്രാമപഞ്ചായത്ത്** - എറണാകുളം ജില്ല പണം മുൻകൂർ കൈപ്പറ്റിയിട്ടും പൂർത്തിയാക്കാത്ത മരാമത്ത് പണികൾ<br>ഓഡിറ്റ് റിപ്പോർട്ട് വർഷം 2003-04, ഖണ്ഡിക 3-21<br><br>അഡ്വാൻസ്/പാർട്ട് ബിൽ തുക കൈപ്പറ്റി പണി പൂർത്തിയാക്കാത്ത ഗുണഭോക്തൃ സമിതി കൺവീനർമാർക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്. (ത.ഭ വകുപ്പിന്റെ സർക്കുലർ നമ്പർ 15687/ഡി.പി.1/01/16.5.2002) | **1) തത്തപ്പിള്ളി കുളം പുനരുദ്ധാരണം (14/98-99)-50,000 രൂപ**<br>അഡ്വാൻസ് 50,000/- നൽകിയെങ്കിലും പ്രവൃത്തി നടത്താതിരുന്നതിനാൽ കൺവീനറായ ശ്രീ അജിത്ത് കുമാർ പിപി, പുളിക്കൽ, തത്തപ്പിള്ളി എന്നയാൾക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുവാൻ ഓൺ ലൈൻ ആയി കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും എന്നാൽ ടിയാളെ കണ്ടെത്തുവാൻ സാധിച്ചില്ല എന്ന് റവന്യൂ റിക്കവറി അധികൃതർ ഫോൺ മുഖാന്തിരം അറിയിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 2016-19 തെളിവെടുപ്പ് യോഗത്തിൽ മറുപടി സമർപ്പിക്കുന്നതിലേക്കായി വാർഡ് മെമ്പറുടെ സഹായത്തോടെ നടത്തിയ ശ്രമപ്രകാരം |

| | | | |
|---|---|---|---|
| | | | കൺവീനർ 50,000/- രൂപ പഞ്ചായത്തിൽ 04.05.2019 ന് 119020100973 നമ്പർ രസീത് പ്രകാരം അടവാക്കിയിട്ടുള്ളതാണ്. എന്നാൽ ടി തുകയ്ക്ക് മേൽ പലിശയിനത്തിൽ വന്നിരിക്കുന്ന തുക അടവാക്കുവാൻ ടിയാനോ മറ്റ് കമ്മിറ്റി അംഗങ്ങൾക്കോ (ഗുണഭോക്തൃകമ്മിറ്റി) യാതൊരു നിവർത്തിയുമില്ലാത്ത സാഹചര്യമായതിനാൽ പലിശ ഇളവ് ചെയ്ത് നൽകുന്നതിന് ജില്ലാ കളക്ടർക്ക് അപേക്ഷ നല്കിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമായിട്ടില്ലെന്നും പലിശയിളവ് നൽകി പരാമർശം ഒഴിവാക്കിതരണമെന്ന് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ശുപാർശ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.<br><br>**2.വല്യത്ത് കോളനി തോട് സംരക്ഷണം - 50,000 രൂപ**<br><br>മൊബിലൈസേഷൻ അഡ്വാൻസ് 32000/- രൂപ നൽകിയെങ്കിലും പ്രവൃത്തി നടക്കാതിരുന്നതിനാൽ കൺവീനറായ ദേവസിക്കുട്ടി അന്തിക്കാട് ഹൗസ്, തത്തപ്പിള്ളിക്കെതിരെ റവന്യൂ റിക്കവറിക്കായി 07.04.2015 ലെ Reg.No.RR/2015/4450/07 നമ്പർ ഓൺലൈൻ അപേക്ഷ |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുകയും റവന്യൂ റിക്കവറി നടത്തിയിട്ടുള്ളതുമാണ്.<br><br>**3. കാരിക്കാപ്പിള്ളി റോഡ് SGRY - 50,000 രൂപ**<br><br>2004-05 സാമ്പത്തിക വർഷം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>**4. മഹിളപ്പടി സംഘപ്പറമ്പ് റോഡ് - 90,185 രൂപ**<br><br>2003-04 സാമ്പത്തിക വർഷം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| 31 | 3.11.1 | **മേത്തല ഗ്രാമപഞ്ചായത്ത്- (നിലവിൽ കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിൽ)**<br>വെള്ളക്കരം യഥാസമയം അടയ്ക്കാത്തതുമൂലം പിഴപ്പലിശയിനത്തിൽ പഞ്ചായത്തിന് നഷ്ടം | പഞ്ചായത്തിന് സർക്കാർ നൽകിയിരുന്ന വിവിധതരം ഗ്രാന്റുകളിൽ നിന്നും വാട്ടർ അതോറിറ്റിയ്ക്ക് കുടിശികയിനത്തിൽ സർക്കാർ നേരിട്ട് പിടിച്ച് നൽകിയിരുന്ന തുക കുറവു ചെയ്യാതെയാണ് ഡിമാന്റ് നോട്ടീസ് നൽകിയിരുന്നത്. ഇത് സംബന്ധിച്ച് ശരിയായ കണക്കുകൾ നൽകുവാൻ വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭിച്ചിരുന്നില്ലെന്നും ഇങ്ങനെ ശരിയായ കണക്കുകൾ പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് നൽകിയിരുന്നതിനാലാണ് 2001 - 2002 സാമ്പത്തിക വർഷത്തിൽ ധനകാര്യ പത്രിക പ്രകാരം മിച്ചമുണ്ടായിരുന്നിട്ടും കുടിശിക തുക അടയ്ക്കാതിരുന്നതെന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് നൽകിയിട്ടുണ്ട്. എന്നാൽ പിന്നീട് അതാത് മാസങ്ങളിൽ അടയ്ക്കേണ്ട തുക പഞ്ചായത്ത് കൃത്യമായി അടയ്ക്കുകയും കുടിശിക തുക സർക്കാർ വാട്ടർ അതോറിറ്റിയിക്ക് വിവിധ |

| | | | |
|---|---|---|---|
| | | | ഗ്രാന്റുകളിൽ നിന്നും നേരിട്ട് പിടിച്ച് നൽകുകയും ചെയ്യുന്നുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുള്ള വിവരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 32 | 3.11.2 | **തിരുവനന്തപുരം നഗരസഭ**<br><br>ഷാസു പദ്ധതിയിൽ വൻ സാമ്പത്തിക നഷ്ടം<br>ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-05, ഖണ്ഡിക 2.20<br><br>ചേരി പുനരുദ്ധാരണത്തിന്റെ ഭാഗമായി കേന്ദ്രസർക്കാരിന്റെ നെഹ്റു തൊഴിൽദാന പദ്ധതിയുടെ കീഴിൽ തിരുവനന്തപുരം കോർപ്പറേഷന്റെ യു.പി.എ. വിഭാഗം നടപ്പാക്കിയതാണ് ഷാസു (SHASU Scheme for Housing and Shelter Upgradation) അയൽക്കൂട്ടങ്ങൾ വഴി അപേക്ഷ ക്ഷണിച്ച് ADS വഴി തെരഞ്ഞെടുക്കപ്പെടുന്ന അർഹരായ ഓരോ ഗുണഭോക്താവിനും വായ്പയായി 9,950 രൂപയും സബ്സിഡിയായി 1000 രൂപയും (60:40 അനുപാതത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ലഭ്യമാക്കുന്നു) അനുവദിക്കുന്നു. കെ.യു.ഡി.എഫ്.സി-യിൽനിന്ന് ലഭിക്കുന്ന വായ്പ 10 വർഷത്തെ കാലയളവിൽ 10.5% പലിശയോടെ 40 | തിരുവനന്തപുരം നഗരസഭ ഷാസു (SHASU-Scheme for Housing and Shelter Upgradation) പദ്ധതി പ്രകാരംഎ.ഡി.എസ്സ്വഴി തെരഞ്ഞെടുക്കപ്പെട്ട അർഹരായ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന് വായ്പയായി 9950/- രൂപ അനുവദിച്ചിരുന്നു. എൻ.എസ്..ഡി.പി യുടെ മാർഗ്ഗ നിർദ്ദേശ പ്രകാരം ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസ് സപ്പോർട്ട് കൂടിയുള്ളഹൗസിംഗ് സ്കീമുകൾക്ക്3000/- രൂപ വരെ സബ്സിഡി അനുവദിക്കാൻ വ്യവസ്ഥയുണ്ട്. ആയതിൻറെ അടിസ്ഥാനത്തിലാണ് 3000/രൂപ നിരക്കിൽ സബ്സിഡി അനുവദിച്ചിരുന്നത്. ഹഡ്കോയുടെ 14719-ാം നമ്പർ സ്കീം പരിശോധിക്കാതെയാണ് വായ്പ തുക അടച്ച തീർത്ത 133 ഗുണഭോക്താക്കൾക്ക് സി.ഡി.എസ്സ് ഗവേണിംഗ് ബോർഡ് തീരുമാനത്തിൻറെ അടിസ്ഥാനത്തിൽ സബ്സിഡി അനുവദിച്ചത്. ഓഡിറ്റ് വിഭാഗത്തിൽ നിന്നും ടി വിഷയത്തിൻമേൽ റിപ്പോർട്ട് ലഭിച്ചതിനു ശേഷം 3000/- രൂപ നിരക്കിൽ സബ്സിഡി അനുവദിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | പാദവർഷ തവണകളായി കോർപ്പറേഷനിൽ തിരിച്ചടയ്ക്കേണ്ടതാണ്.<br><br>കെ.യു.ഡി.എഫ്.സി-യുമായി നഗരസഭ കരാറിൽ ഏർപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 724 ഗുണഭോക്താക്കൾക്കായി 9,950 രൂപ നിരക്കിൽ 72,03,800 രൂപ കെ.യു.ഡി.എഫ്.സി. തിരുവനന്തപുരം നഗരസഭയ്ക്ക് നൽകി. വായ്പ അടച്ചുതീർത്ത 133 ഗുണഭോക്താക്കൾക്ക് 1000 രൂപ നിരക്കിൽ സബ്സിഡി ലഭ്യമാക്കാതെ എൻ.എസ്.ഡി.പി. ഫണ്ടിൽ നിന്ന് 3,000 രൂപ നിരക്കിൽ ആകെ 3,99,000 രൂപ നൽകിയ നഗരസഭയുടെ നടപടിക്ക് സർക്കാരിൽനിന്നും സാധൂകരണം തേടിയിട്ടില്ല.<br><br>ലഭിച്ച വായ്പയ്ക്ക് മതിയായ ഗുണഭോക്താക്കളെ കണ്ടെത്താതിരുന്നതിനാലും ആവശ്യമില്ലാത്ത തുക തിരിച്ചടയ്ക്കാതിരുന്നതിനാലും വായ്പാതുകയ്ക്ക് പലിശയായി വൻതുക വായ്പാതുകയ്ക്ക് അടയ്ക്കുകവഴി നഗരസഭയ്ക്ക് നഷ്ടമുണ്ടായി. ഈ നഷ്ടം പിന്നീടുള്ള വർഷങ്ങളിലും തുടരുകയാണ്. പലിശയിനത്തിൽ 31-3-2005 വരെ അടച്ച | 2009 ഏപ്രിലിൽ കുടിശ്ശിക സഹിതം ലോൺ തുക മുഴുവൻ കെ.യു.ആർ.ഡി.എഫ്.സി യിൽ ഒടുക്കുവരുത്തിയിട്ടുണ്ട്. ഓഡിറ്റിൽ ഉത്തരവാദിയായി പരാമർശിക്കപ്പെടുന്ന മുൻ നഗരസഭ സെക്രട്ടറി ശ്രീ.റ്റികെ.രവീന്ദ്രൻ മരണപ്പെട്ടിട്ടുള്ളതിനാൽ ടി ബാദ്ധ്യത തുക ഈടാക്കാൻ കഴിയുന്നില്ലെന്ന് നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | 1,10,628 രൂപ നിരാകരിക്കുന്നു. സബ്സിഡി തുക 3,99,000 രൂപ തടസ്സപ്പെടുത്തുന്നു.<br>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:<br><br>ശ്രീ. റ്റി. കെ. രവീന്ദ്രൻ,<br>സെക്രട്ടറി,<br>തിരുവനന്തപുരം നഗരസഭ | |

[illegible] UJUKUTTAN
[illegible] Secretary to Govt.
[illegible] Dept.
Govt. Secretariat, Tvpm.
PEN. 101250

# സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2008-2009-ന്യൂനതപരിഹാരപത്രിക

| ക്രമ നം. | ഖണ്ഡിക നമ്പർ | പരാമർശം | സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 3.2.4 | **കണ്ണൂർ ജില്ലാ പഞ്ചായത്ത്**<br>**സമ്പൂർണ്ണ ശുചിത്വ പരിപാടിക്ക് അനുവദിച്ച തുക മാറ്റി ചെലവഴിച്ചു.**<br>സമ്പൂർണ്ണ ശുചിത്വ പരിപാടിയുടെ ഭാഗമായി ജില്ലാ പഞ്ചായത്ത് വിഹിതമായി 2003-04 മുതൽ 2006-07 വരെ പദ്ധതി വിഹിതം 70 ലക്ഷം രൂപ ജില്ലാ കോ-ഓർഡിനേറ്റർക്ക് (DRDA) അനുവദിച്ചിരുന്നു. ചെലവഴിക്കാത്ത തുക 23.11.2004 ലെ ജി.ഒ(പി) നമ്പർ 549/04/ഫിന ഖണ്ഡിക 4.4 പ്രകാരം അതാത് വർഷാവസാനം തിരിച്ചടക്കേണ്ടതിന് പകരം ജീവനക്കാരുടെ ശമ്പളം, യാത്രാ ബത്ത, മറ്റു ചെലവുകൾ, കേന്ദ്ര വിഹിതം എന്നിവയ്ക്ക് വകമാറ്റി ചെലവഴിച്ചു. ആയത് ഗുരുതരമായ കൃത്യവിലോപമാണ്. | 2003-04 വർഷം മുതൽ 2006-07 വർഷം വരെ ശുചിത്വവുമായി ബന്ധപ്പെട്ട് 70 ലക്ഷം രൂപ അനുവദിച്ചിരുന്നു. അനുവദിച്ച തുകയിൽ 45.886 ലക്ഷം രൂപ പ്രസ്തുത പദ്ധതിക്കായി തന്നെ ചെലവഴിച്ചിരുന്നു. ആയതിൽ ബാക്കി വന്ന തുകയിൽ ജില്ലാ ശുചിത്വ മിഷന് ടി.എസ്.സി ഫണ്ട് ലഭ്യമല്ലാത്തതിനാൽ ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയായ കക്കൂസ് നിർമ്മാണത്തിനും അഡ്മിനിസ്ട്രേഷൻ ഇനത്തിലുമാണ് ചെലവഴിച്ചിട്ടുള്ളത്. ടി തുക മുഴുവൻ ഉപയോഗിച്ച് സമ്പൂർണ്ണ ശുചിത്വം പദ്ധതി ജില്ലയിൽ വിജയകരമായി നിർവ്വഹിക്കുകയും ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം യഥാസമയം സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. സദുദ്ദേശത്തോടുകൂടി നടപ്പിലാക്കിയ ഈ പദ്ധതി കൊണ്ട് ജില്ലാ പഞ്ചായത്തിനോ കേന്ദ്ര സംസ്ഥാന സർക്കാരിനോ യാതൊരുവിധ സാമ്പത്തിക നഷ്ടമോ, ബാധ്യതയോ വരുത്തിയിട്ടില്ലെന്നും |

| | | | |
|---|---|---|---|
| | | | നിലവിൽ നല്ല രീതിയിൽ തന്നെ ചെലവഴിച്ചിട്ടുള്ളതിനാൽ മേൽപ്പറഞ്ഞ ഓഡിറ്റ് തടസ്സം ഒഴിവാക്കി തരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ജില്ലാ പഞ്ചായത്ത്. അപേക്ഷിച്ചിട്ടുണ്ട്. ജില്ലാ ശുചിത്വ മിഷൻ മുൻ കോ-ഓർ ഡിനേറ്ററായിരുന്ന ശ്രീ.തുളസീധരൻ സമർപ്പിച്ച വിശദീകരണം അനുബന്ധം 1-ആയി ചേർത്തിരിക്കുന്നു. |
| | 3.6.6. | **<u>റാന്നി ബ്ലോക്ക് പഞ്ചായത്ത് - പത്തനംതിട്ട ജില്ല</u>**<br>**<u>ആറ്റുവച്ചാൻകുഴി -ഇടകടത്തി- കറുമ്പൻ മുഴിക്കോട് റോഡ് നിർമ്മാണം ( നബാർഡ്)</u>**<br>നബാർഡിന്റെ സഹായത്തോടെ റോഡ് നിർമ്മാണം പൂർത്തീകരിക്കുവാൻ 70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 25% ടെണ്ടർ കുറവിന് 12.11.2002- ൽ ബിജുമോൾ റഷീദ് എന്ന കരാറുകാരിയുമായി ഉടമ്പടി വയ്ക്കുകയും ചെയ്തിരുന്നു. പെർഫോമൻസ് ഗ്യാരന്റി വയ്ക്കാതെയാണ് കരാർ ഉറപ്പിച്ചു നൽകിയത്. സമയബന്ധിതമായി പ്രവൃത്തി ചെയ്യാതെ ഇപ്പോൾ ഉപേക്ഷിച്ച നിലയിലാണ്. രണ്ടു പാർട്ട് ബില്ലുകളിലായി നാളിതുവരെ കരാറുകാരിക്ക് 8,76,144/- രൂപ നൽകി. കാലതാമസത്തിന് നിയമാനുസൃതമുള്ള ഫൈൻ ഈടാക്കുവാൻ തീരുമാനിച്ചുവെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. നീട്ടിക്കൊടുത്ത കാലാവധിക്കുള്ളിലും പ്രവൃത്തി പൂർത്തീകരിക്കാതെ കരാറുകാരി 10.03.2007- ൽ പഞ്ചായത്തിനെതിരെ നിയമനടപടി സ്വീകരിക്കുമെന്ന് സൂചിപ്പിച്ചുകൊണ്ട് കത്ത് നൽകിയതിനെത്തുടർന്ന് കരാർ റദ്ദ് ചെയ്തു. പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗം ജനങ്ങൾ പാർക്കുന്ന അവികസിത മേഖലയുടെ വികസനം ലക്ഷ്യമിട്ട് തയ്യാറാക്കിയ ടി പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കരാറുകാരിയുടെ ഭാഗത്തുനിന്നും പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഗുരുതരമായ അനാസ്ഥ ഉണ്ടായിട്ടുണ്ട്. | ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിക്കപ്പെട്ട നബാർഡ് RIDF VII പദ്ധതി പ്രകാരം ഏറ്റെടുത്ത വെച്ചൂച്ചിറ ഗ്രാമ പഞ്ചായത്തിലെ അറുവച്ചാൻകുഴി -ഇടകടത്തി റോഡ് ഉദ്ദേശിച്ച രീതിയിൽ പൂർത്തീകരിച്ചിട്ടില്ല. 12.11.2002 ൽ കോൺട്രാക്ടറായ ആയ ശ്രീമതി. ബിജുമോൾ റെഷീദ് എഗ്രിമെന്റ് വെച്ച് ആരംഭിച്ച ഈ പ്രവർത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിച്ചിട്ടില്ലാത്തതാകുന്നു. സമയം നീട്ടി നൽകിയിട്ടും പ്രവർത്തി പൂർത്തീകരിക്കാത്തതിനാൽ കരാറുകാരിക്ക് റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുന്നതിന് 31.07.2007 ൽ നോട്ടീസ് നൽകി. ഇതിനെതിരെ 27.10.2009 ൽ കരാറുകാരി താൻ `27,35,985 രൂപയുടെ പ്രവർത്തി പൂർത്തീകരിച്ചു എന്നും ആയതിനാൽ കരാർ റദ്ദാക്കുന്നതിനു മുമ്പായി ചെയ്ത |

| | | | |
|---|---|---|---|
| | | | കൊണ്ടു പോകുവാൻ കഴിയില്ലാ എന്നും റിപ്പോർട്ട് ചെയ്യുകൊള്ളുന്നു. |
| 3 | 3.6.7 | **<u>മതിലകം ബ്ലോക്ക് പഞ്ചായത്ത് - തൃശ്ശൂർ ജില്ല</u>**<br>**<u>വ്യവസായ വിപണന കേന്ദ്രം -വൈദ്യുതീകരണം നടത്തിയിട്ടില്ല</u>**<br>പെരിഞ്ഞനം ഗ്രാമ പഞ്ചായത്ത് പരിധിയിൽ മേൽ കെട്ടിടത്തിന്റെ പണി 4.10.2004-ൽ പൂർത്തീകരിച്ചെങ്കിലും നാളിതുവരെ വൈദ്യുതീകരിച്ച് ഉപയോഗ യോഗ്യമാക്കിയിട്ടില്ല.<br><br>2002-03- ൽ 12,80,337 രൂപ എസ്റ്റിമേറ്റ് കണക്കാക്കി 4000 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിൽ നിർമ്മിച്ച കെട്ടിടത്തിന് 11,97,748 രൂപ നിർമ്മാണ ചെലവ് നിശ്ചയിച്ച് നികുതികൾ കഴിച്ച് ബാക്കി തുക നൽകിയിട്ടുണ്ട്.<br>04.10.2004 - പണി പൂർത്തീകരിച്ച കെട്ടിടം വൈദ്യുതീകരിക്കുന്നതിന് 1,80,000 രൂപ എസ്റ്റിമേറ്റ് നിശ്ചയിച്ച് 2006-07 ൽ 90/06 നമ്പരായി പ്രോജക്ട് ഉൾപ്പെടുത്തുകയും നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച് നിർമ്മിതി കേന്ദ്രത്തിന് 6.09.2007- ൽ 36,000/- രൂപ അഡ്വാൻസ് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പണി പൂർത്തീകരിച്ച് നാളിതുവരെയായിട്ടും കെട്ടിടം ഉപയോഗയോഗ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരുന്നതിനുള്ള കാരണം വ്യക്തമല്ല. വ്യക്തമായ മറുപടി ഇക്കാര്യത്തിൽ നൽകേണ്ടതാണ്. | ന്യൂനത പരിഹാര പത്രിക 06.11.2019 ലെ എസി2/77/2019/തസ്വഭവ കത്ത് പ്രകാരം നൽകിട്ടുണ്ട്. |
| 4 | 3.6.8 | **<u>തിരൂർ ബ്ലോക്ക് പഞ്ചായത്ത് - മലപ്പുറം ജില്ല</u>**<br>**<u>ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക് ബോട്ടുകൾ വാങ്ങിയത്</u>**<br><u>ഓഡിറ്റ് റിപ്പോർട്ട് വർഷം : 2005-06( ചെലവ്), ഖണ്ഡിക 2(6)</u><br><br>**<u>പ്രൊ.നമ്പർ</u> <u>തുക</u>**<br>**087/03-04 10,86,437 രൂപ**<br>**124/04-05 5,84,714 രൂപ**<br>**16,71,151 രൂപ**<br><br>മേൽ പ്രോജക്ട് പ്രകാരമുള്ള ചെലവ് സംബന്ധമായ വിശദാംശം നേരിട്ട് പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കാണപ്പെട്ടു.<br>ഏഴ് ബോട്ടുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ടെങ്കിലും എല്ലാം സമീപ | ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയായി വാങ്ങിയ ബോട്ടുകൾ ഭരണ സമിതിയുടെ 21.05.08 ലെ 2-ാം നമ്പർ തീരുമാന പ്രകാരം മലപ്പുറം ജില്ലാ ടൂറിസം പ്രൊമോഷൻ കൌൺസിലുമായി കരാർ ഒപ്പുവെച്ച് ടി സ്ഥാപനത്തിന് നടത്തിപ്പിനായി നൽകിയിരുന്നു. കരാർ കാലാവധി അവസാനിച്ച സാഹചര്യത്തിൽ ബോട്ടുകൾ ഭാഗികമായി തിരൂർ ബ്ലോക്ക് |

| | | | |
|---|---|---|---|
| | | | പ്രവർത്തിയുടെ മൂല്യം ആയി 12,00,000/- രൂപയും സെക്യൂരിറ്റി ഡെപ്പോസിറ്റായ 1,00,000/- പാർട്ട് ബില്ലിലെ Retention തുക 3,00,000/- രൂപയും ഉൾപ്പെടെ ആകെ 16,00,000/- രൂപയ്ക്ക് ബഹു. പത്തനംതിട്ട സബ് കോടതി മുമ്പാകെ കേസ് (OS No.49/2010) ഫയൽ ചെയ്യുകയും ബഹു.കോടതി കേസ് വിശദമായി പഠിച്ചതിനുശേഷം 2018 ഒക്ടോബർ 5 ന് പ്രസ്തുത കേസ് ക്ലയിം ഒന്നും അനുവദിക്കാതെ വിധി പ്രസ്താവിക്കുകയും ചെയ്തു.<br>ഈ സാഹചര്യത്തിൽ ഭാഗികമായി പൂർത്തീകരിച്ച പ്രവർത്തിക്കുമാത്രമാണ് Part Bill Retention തുക പിടിച്ചതിനു ശേഷം നൽകിയിട്ടുള്ളതിനാലും തുടർന്ന് നടന്ന പണികളുടെ തുക ബഹു. കോടതി അനുവദിക്കാത്ത സ്ഥിതിക്കും സർക്കാരിന്റെ തുക ഒന്നും നഷ്ടമായിട്ടില്ല എന്നറിയിക്കുന്നു. 22.01.2019 ൽ ഗ്രാമ വികസന കമ്മീഷണറേറ്റിൽ നടന്ന ഓഡിറ്റ് അദാലത്തിൽ സമർപ്പിച്ച മറുപടിയിൽ RDF Tranche VII പദ്ധതി നിർത്തിയ സാഹചര്യത്തിൽ ഈ പ്രവർത്തി തുടർന്നും പുനരാരംഭിക്കുന്നതിന് സാധിക്കാത്തതിനാൽ ഏതെങ്കിലും മറ്റു സാധ്യതകൾ ഉണ്ടോ എന്ന് അന്വേഷിച്ചതിൽ നബാർഡ് അറിയിപ്പ പ്രകാരം Tranche XVII വരെയുള്ള പ്രവർത്തികൾ 31.01.2019 ന് മുമ്പ് പൂർത്തീകരിച്ച് ബിൽ സമർപ്പിക്കാൻ കഴിയാത്തതിനാൽ ടി പ്രവർത്തി തുടർന്ന് |

| | | | |
|---|---|---|---|
| | | പ്രദേശങ്ങളിൽ ഉപയോഗരഹിതമായി കിടക്കുകയാണ്. ബോട്ടുകൾ പ്രവർത്തിപ്പിക്കാനുള്ള മോട്ടോറുകൾ പോലും ഘടിപ്പിച്ചിട്ടില്ല.<br>കൂടാതെ പ്രോജക്ട് നമ്പർ 125/04-05 പ്രകാരം അഴിമുഖത്ത് വാഹന പാർക്കിംഗ് സൗകര്യത്തിനായി 398282 രൂപ ചെലവിൽ പാർക്കിംഗ് സൗകര്യം നിർമ്മിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ടി സ്ഥലം നേരിൽ പരിശോധിച്ചതിൽ പാർക്കിംഗ് സൗകര്യം തയ്യാറാക്കി ഉദ്ഘാടനം നിർവ്വഹിച്ചതായി ഒരു ശിലാഫലകം കണ്ടെങ്കിലും അത്തരത്തിലുള്ള പാർക്കിംഗ് സ്ഥലം കണ്ടെത്താൻ കഴിഞ്ഞില്ല. | പഞ്ചായത്ത് തിരികെ ഏറ്റെടുത്തു. തുടർന്ന് ഏറ്റെടുത്ത ബോട്ടുകളും അനുബന്ധ സാമഗ്രികളും പരസ്യമായി ലേലം ചെയ്യുകയും ആയത് 25.09.13 ന് പാലാട്ടു തറയിൽ അവറാൻ മകൻ ബീരാൻ കുട്ടി എന്നവർ ലേലത്തിൽ എടുക്കുകയും പൊന്നാനി ബിയ്യം കായലിൽ ബോട്ട് സർവീസ് നടത്തുകയും ചെയ്തു വരുന്നു. ഡി.ടി.പി.സിയിൽ നിന്നും തിരിച്ചെടുക്കാത്ത ബോട്ടുകളും അനുബന്ധ സാധനങ്ങളും സംബന്ധിച്ച് 07.11.2012 ന് ജില്ലാ കലക്ടറുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗ തീരുമാനത്തിനു ശേഷം 2013 ന് ഡി.ടി.പി.സി. പടിഞ്ഞാറേക്കര ടൂറിസം ബീച്ച് മാനേജർ ശ്രീ. സലാം താന്നിക്കാട് മുഖേന പ്രവർത്തനക്ഷമമല്ലാത്തവ തിരൂർ ബ്ലോക്ക് പഞ്ചായത്തിൽ തിരികെ ഏല്പിച്ചിട്ടുണ്ട്. ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള ബോട്ടുകളുടേയും അനുബന്ധ സാമഗ്രികളുടേയും വില നിർണ്ണയ സ്റ്റേറ്റ്മെൻറ് ബേപ്പൂർ ഫിഷറീസ് അസിസ്റ്റൻറ് ഡയറക്ടർ |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കിയിരുന്നു. ഇതനുസരിച്ച് 30.03.2015 ന് ബോട്ടുകൾ ലേലം ചെയ്യുന്നത് സംബന്ധിച്ച് പരസ്യം നൽകിയെങ്കിലും ആരും പങ്കെടുക്കാത്തതിനെ തുടർന്ന് 13.07.2015 ന് വീണ്ടും ലേല പരസ്യം നൽകുകയുണ്ടായി. ശ്രീ ബീരാൻ കുട്ടി ഏറ്റെടുത്തിരുന്ന ബോട്ടുകളും അനുബന്ധ ഉപകരണങ്ങളും ഈ ഓഫീസിലെ 22.07.2015 ലെ ഡി 2078/07 നമ്പർ നടപടിക്രമം പ്രകാരം തിരിച്ചെടുത്തു. കരാറുകാരന്റെ സെക്യൂരിറ്റി തുകയിൽ നിന്നും കുടിശ്ശിക കിഴിച്ച് ബാക്കി തുക 25239/- രൂപ ടിയാന് തിരികെ നൽകി. 02.02.2016 ന് ബേപ്പൂർ ഫിഷറീസ് അസിസ്റ്റൻ്റ് ഡയറക്ടർ ബോട്ടുകളുടെ മൂല്യ നിർണ്ണയ സ്റ്റേറ്റ്മെൻറ് ലഭ്യമാക്കി. തുടർന്നും ലേലം നടത്തിയെങ്കിലും ആരും പങ്കെടുക്കുകയുണ്ടായില്ല. ആയതിനാൽ ടി ബോട്ടുകളുടെയും അനുബന്ധ ഉപകരണങ്ങളുടേയും പുനർ മൂല്യ നിർണ്ണയം നടത്തുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് 10.07.2019 ന് കത്ത് നൽകിയിരുന്നെങ്കിലും പുനർ മൂല്യ |

<table>
<tr><td></td><td></td><td></td><td>നിർണ്ണയ സ്റ്റേറ്റ്മെൻറ് ലഭ്യമായിരുന്നില്ല. ബോട്ടുകൾ നശിച്ചു കൊണ്ടിരിക്കുന്നതിനാൽ ഉപയോഗ ശൂന്യമായവ വീണ്ടും ലേലം ചെയ്യുന്നതിനായി പ്രസ്തുത ബോട്ടുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും പുനർ മൂല്യ നിർണ്ണയം നടത്തി സ്റ്റേറ്റ്മെൻറ് ലഭ്യമാക്കുന്നതിനായി ബേപ്പൂർ ഫിഷറീസ് അസിസ്റ്റൻറ് ഡയറക്ടർക്ക് 25.01..2022 ന് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ബോട്ടുകൾ വീണ്ടും ലേലം ചെയ്യുന്നതാണ്.</td></tr>
<tr><td>5</td><td>3.7.3</td><td><u>തൃശ്ശൂർ ജില്ല</u><br><u>വിവിധ ആവശ്യങ്ങൾക്കായി തുകകൾ ചെലവഴിച്ചതിന് രേഖകളില്ല</u><br><br>ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ വിവിധ ആവശ്യങ്ങൾക്കായി ചെലവഴിച്ച തുകയുടെ രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്കായി ഹാജരാക്കുകയുണ്ടായില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവിന്റെ നിജസ്ഥിതി മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 88,88,593/- രൂപ ചെലവുരേഖകൾ ഹാജരാക്കുന്നതിനുവേണ്ടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.<br>
<table>
<tr><th>ക്രമ നമ്പർ</th><th>ബ്ലോക്ക് പഞ്ചായത്തിന്റെ പേര്</th><th>ഓഡിറ്റ് റിപ്പോർട്ട് വർഷം</th><th>ഖണ്ഡിക</th><th>തുക</th><th>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</th></tr>
<tr><td>1</td><td>ചാവക്കാട്</td><td>1999-00</td><td>.2-4.</td><td>53120</td><td>ശ്രീ.പി.ഇബ്രാഹിം കുട്ടി,</td></tr>
</table></td><td>ന്യൂനത പരിഹാര പത്രിക 06.11.2019 ലെ എസി2/77/2019/തസ്വഭവ കത്ത് പ്രകാരം നൽകിട്ടുണ്ട്.<br>അതോടൊപ്പം താഴെപ്പറയുന്ന വിവരങ്ങൾ കൂടി ശ്രദ്ധയിൽപ്പെടുന്നു.<br><br><u>ചൊവ്വന്നൂർ-1999-00(ഖണ്ഡിക 2.4)</u><br>ഹോട്ട് ബോക്സ് വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് ചൊവ്വന്നൂർ ബ്ലോക്ക്</td></tr>
</table>

| | | | | | | |
|---|---|---|---|---|---|---|
| | | | | | എക്സ്റ്റൻഷൻ ഓഫിസർ, ഐ.ആർ.ഡി |
| | | 1997-98 | .2-6. | 396583 | ശ്രീ.എം.അബ്ദുൾ സലാം സെക്രട്ടറി |
| | | 2000-01 | .2-4(ബി) | 300000 | ശ്രീ.കെ.വി.ജോസഫ്, സെക്രട്ടറി |
| | | 2000-01 | .2-7. | 367256 | ശ്രീ.പി.ഇബ്രാഹിം കുട്ടി, എക്സ്റ്റൻഷൻ ഓഫിസർ, ഐ.ആർ.ഡി |
| | | 2000-01 | .2-9. | 848032 | |
| 2 | ചൊവ്വന്നൂർ | 2003-04 | .3-4(എ) | 7535 | ശ്രീ.കെ.കെ.ഷാജു, സെക്രട്ടറി |
| | | 2003-04 | .3-4(ബി) | 1178485 | |
| | | 2003-04 | .3-8. | 527608 | |
| | | 2002-03 | .3-3. | 2145097 | ശ്രീ.പി.ബി.ബാബു സിയാവുദ്ദീൻ, സെക്രട്ടറി |
| 3 | വെള്ളാങ്കല്ലൂർ | 2003-04 | .3-4. | 241134 | |
| 4 | മുല്ലശ്ശേരി | 2003-04 | .2-3. | 16000 | ശ്രീ.പി.കെ.വിജയൻ, സെക്രട്ടറി |
| 5 | തളിക്കുളം | 2001-02 | .3-2. | 14160 | ലഭ്യമല്ല |
| | | 2001-02 | .3-2. | 8260 | 〃 |
| | | 2001-02 | .3-3. | 33040 | 〃 |
| 6 | മതിലകം | 2003-04 | .3-8. | 100834 | 〃 |
| | ആകെ | | - | 6237144 | |

പഞ്ചായത്ത് 19.03.2004 ലെ 394836 നമ്പരായ ചെക്ക് (5500/-രൂപയുടെ) ശിശുവികസന ഓഫീസർക്ക് കൈമാറിയിട്ടുള്ളതാണ്. ആയത് പ്രകാരം ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിലെ അംഗനവാടികളിലേക്ക് ഹോട്ട് ബോക്സ് വാങ്ങി വിതരണം നടത്തിയിട്ടുള്ളതാണെന്ന് അന്നത്തെ ജനപ്രതിനിധികളുമായി പ്രാദേശിക പരിശോധന നടത്തിയപ്പോൾ അറിയാൻ കഴിഞ്ഞിട്ടുണ്ട് എന്ന് ഗ്രാമവികസന കമ്മീഷണർ ഇപ്പോൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

<u>ചൊവ്വന്നൂർ-2003-04(ഖണ്ഡിക 3-8)</u>

527608/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് കൈപ്പറ്റിയതിനുള്ള സിഡ്കോയുടെ 3/3/2004 ലെ രശീതി നം. 331176 പ്രകാരം ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. 234 ബാരലുകൾ കൈപ്പറ്റി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുള്ളതുമാണ്. വാങ്ങിയ ടാർ ആ സാമ്പത്തികവർഷത്തെ പ്രോജക്ട് വർക്കുകൾക്കായി വിനിയോഗിച്ചിട്ടുള്ളതാണ്. എന്നാൽ ഏതൊക്കെ വർക്കുകൾക്കാണ്

| | | | |
|---|---|---|---|
| | | | വിനിയോഗിച്ചിട്ടുളളത് എന്ന വിവരം അടങ്ങുന്ന ഫയൽ കണ്ടെത്താൻ സാധിച്ചിട്ടില്ല.<br><br><u>ചൊവ്വന്നൂർ-2002-03(ഖണ്ഡിക 3-3)</u><br><u>പഴന്നാന കിഴക്കേതോട് പ്രോട്ടക്ഷൻ വർക്ക്</u>-- കരാറുകാരന് നല്കിയ 73456/- രൂപയുടെ കൈപ്പറ്റ് രശീതിയും ബില്ലും ലഭ്യമായിട്ടുണ്ട്. വർക്ക് നടന്നിട്ടുളള സ്ഥലം പരിശോധിച്ച് ആ പ്രദേശവാസികളുടെ അഭിപ്രായം അനുസരിച്ച് വർക്ക് നടന്നിട്ടുണ്ട് എന്ന് അറിയാൻ കഴിഞ്ഞു എന്ന് ഗ്രാമവികസന കമ്മീഷണർ അറിയിച്ചിട്ടുണ്ട്. ആകയാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു<br><br><u>മുല്ലശ്ശേരി ബ്ലോക്ക്(2001-02) ഖണ്ഡിക 2-3</u><br>മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2001-02 വർഷത്തെ ഓഡിറ്റ് തടസ്സപ്പെടുത്തിയ 16000/- രൂപയുടെ ചെലവ് സംഖ്യയിൽ 15778/- രൂപയുടെ ബില്ലുകൾ ലഭ്യമായിരുന്നതും ആയത് അറിയിച്ചിട്ടുള്ളതുമാണ്. ബാക്കി 222/- രൂപയുടെ ബില്ലുകൾ കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതിനാൽ ടി കാലയളവിൽ സെക്രട്ടറിയായിരുന്ന |

<table>
<tr><td></td><td></td><td></td><td>ശ്രീ.പി.കെ.വിജയൻ 10.08.2020 ന മരണപ്പെട്ടതിനാൽ ബാക്കി തുകയായ 222/- രൂപ ടിയാന്റെ ഭാര്യ തിരിച്ചടവാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി തരണമെന്ന് താല്പര്യപ്പെടുന്നു.</td></tr>
<tr><td>6</td><td>3.9.7</td><td><u>തൃശ്ശൂർ ജില്ല</u><br><u>മൊബിലൈസേഷൻ അഡ്വാൻസ് നൽകി - പണി പൂർത്തിയാക്കിയിട്ടില്ല</u><br><br>തൃശ്ശൂർ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ താഴെപറയുന്ന പ്രവർത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും പണി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനോ അല്ലാത്തപക്ഷം 12% പലിശ സഹിതം തുക ഈടാക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.<br><br>
<table>
<tr><th>ക്രമ നം</th><th>പഞ്ചായത്ത്</th><th>പ്രവൃത്തിയുടെ പേര്</th><th>ഓഡിറ്റ് വർഷം</th><th>ഖണ്ഡിക</th><th>തുക</th><th>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</th></tr>
<tr><td>(1)</td><td>(2)</td><td>(3)</td><td>(4)</td><td>-5</td><td>(6)</td><td>.(7).</td></tr>
<tr><td>2</td><td>മതിലകം</td><td>വാർഡ് 12 ലെ</td><td>.02-04.</td><td>.3-9.</td><td>55491</td><td>ശ്രീ.</td></tr>
</table>
</td><td>ന്യൂനത പരിഹാര പത്രിക 06.11.2019 ലെ എസി2/77/2019/തസ്വഭവ കത്ത് പ്രകാരം നൽകിട്ടുണ്ട്.</td></tr>
</table>

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | ബ്ലോക്ക് പഞ്ചായത്ത് | (കൈപ്പമംഗലം പഞ്ചായത്ത് ) റോഡിന്റെ പാർശ്വഭിത്തി കെട്ടൽ | | | | കെ .ആർ.ദേവദാസ് | |
| | | | മതിലകം പഞ്ചായത്ത് താലം കഴവിലങ്ങ് റോഡ് സൈഡ് കെട്ടൽ | .02-03. | .03.-10 | 27500 | | |
| | | | പെരിഞ്ഞനം പഞ്ചായത്ത് അഥവാ തോടിന്റെ സൈഡ് കെട്ടൽ | 02/03/22 | .3-10. | 41000 | | |
| | | | കൾവർട്ട് നിർമ്മാണം | .03-04. | .3-12. | 36385 | | |
| | | | ആകെ | | | **677076** | | |

| | | | |
|---|---|---|---|
| 7 | .3.9.8 | <u>**പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**</u><br><br>**(എ) തേക്കുംമല വനിതാ കമ്മ്യൂണിറ്റി-കം-ട്രെയിനിംഗ് സെന്റർ നിർമ്മാണം**<br><br>2002-03- ലെ വാർഷിക പദ്ധതി പ്രകാരം തേക്കുംമല വനിതാ കമ്മ്യൂണിറ്റി -കം-ട്രെയിനിംഗ് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിനായി 99.75 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ഗുണഭോക്തൃസമിതിയെ ഏൽപ്പിച്ചു. പ്രവൃത്തിയുടെ കൺവീനർക്ക് 16.01.2004- ൽ 22,900/- രൂപ മൊബിലൈസേഷൻ അഡ്വാൻസായി | <u>**(എ) തേക്കുംമല വനിതാ കമ്മ്യൂണിറ്റി-കം-ട്രെയിനിംഗ് സെന്റർ നിർമ്മാണം**</u><br>പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ 2002-03 വാർഷിക പദ്ധതി പ്രകാരം തേക്കുംമല കമ്മ്യൂണിറ്റി-കം-ട്രെയിനിംഗ് സെന്ററിന് കെട്ടിടം നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ഗുണഭോക്തൃ സമിതി കൺവീനറായിരുന്ന ശ്രീമതി. സുജാത പി.ആർ, രാജി നിവാസ്, പയ്യനാമൺ, കോന്നി എന്നയാൾ |

| | | | |
|---|---|---|---|
| | | നൽകി. എന്നാൽ പ്രവൃത്തി നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. കൺവീനറിൽ നിന്നും 12% പിഴപ്പലിശ സഹിതം തുക ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി 26.10.2006 ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും ആയതിന്മേൽ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.<br><br>**(ബി) അഡ്വാൻസ് കൈപ്പറ്റിയ കൺവീനർ പ്രവൃത്തി പൂർത്തിയാക്കിയില്ല**<br>പത്തനംതിട്ട ജില്ലയിലെ തുമ്പമൺ, പന്തളം കൃഷിഭവനുകളുടെ കീഴി വരുന്ന മാവര തോടിന്റെ വീതിയും ആഴവും കൂട്ടുന്ന പദ്ധതിയുടെ ഭാഗമായി 26.03.2004-ൽ 25,000/- രൂപ പ്രവൃത്തിയുടെ കൺവീനർക്ക് മോബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ നൽകി. പ്രവൃത്തി നാളിതുവരെ പൂർത്തിയാക്കുകയോ, അഡ്വാൻസ് തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.<br><br>(സി) **മണ്ണ് സംരക്ഷണ പദ്ധതികൾ- മുൻകൂർ കൈപ്പറ്റിയ കൺവീനർമാർ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല**<br>ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന 19 മണ്ണ് സംരക്ഷണ പ്രവൃത്തികളുടെ കൺവീനർമാർ മുൻകൂർ കൈപ്പറ്റിയ തുക ഓഡിറ്റ് തീയ്യതി വരെയും ക്രമപ്പെടുത്താതെ അവശേഷിക്കുന്നു. ( 2003-04 മുതലുള്ളത്) പ്രവൃത്തികൾ പൂർത്തീകരിക്കാതെ 17,54,326/- രൂപ ഇപ്രകാരം ക്രമപ്പെടുത്താൻ അവശേഷിക്കുന്നു. തുക പിഴ പലിശ സഹിതം ഈടാക്കേണ്ടതാണ്. | മൊബിലൈസേഷൻ അഡ്വാൻസായി കൈപ്പറ്റിയ 22,900/- രൂപ 12% പിഴ പലിശ സഹിതം പത്തനംതിട്ട ജില്ലാ പഞ്ചായത്തിൽ ഉടൻ ഒടുക്കുവരുത്തേണ്ടതാണെന്നും അല്ലാത്തപക്ഷം തുക ഈടാക്കുന്നതിൽ ടിയാൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള നോട്ടീസ് 19.05.2022 ന് ഈ ഓഫീസിൽ നിന്നും രജിസ്റ്റേർഡ് തപാലിൽ അയച്ചിരുന്നു. എന്നാൽ ശ്രീമതി. സുജാത.പി.ആർ മറ്റൊരു സ്ഥലത്തേക്ക് താമസം മാറ്റിയതിനാൽ ടി നോട്ടീസ് കക്ഷി കൈപ്പറ്റാതെ മടങ്ങിവരികയും, തുടർന്ന് ജില്ലാ പഞ്ചായത്ത് ജനപ്രതിനിധികൾ, ജീവനക്കാർ എന്നിവർ മുഖേന നടത്തിയ പ്രാദേശിക അന്വേഷണത്തിൽ ടിയാളുടെ വിലാസം കണ്ടെത്തുകയും ടിയാളുമായി നേരിട്ട് ബന്ധപ്പെട്ട് താഴെപ്പറയുന്ന വിവരങ്ങൾ അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞിട്ടുള്ളതുമാണ്.<br><br>മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ നൽകിയ 22900/- രൂപ ഉപയോഗിച്ച് പ്രവൃത്തിയുടെ കൺവീനർ ടി |

140



| | | | |
|---|---|---|---|
| | | | കെട്ടിടത്തിന്റെ അടിത്തറ നിർമ്മിക്കുകയും തുടർപ്രവൃത്തികൾക്കായി ഇഷ്ടിക വാങ്ങിവെയ്ക്കുകയും ചെയ്യുകയുണ്ടായി. എന്നാൽ പിന്നീടുള്ള വർഷങ്ങളിൽ പ്രവൃത്തികൾക്കാവശ്യമായ ഫണ്ട് യഥാസമയം ലഭ്യമാകാതിരുന്നതിനാൽ കൺവീനർക്ക് ടി കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തികരിക്കാനായില്ല. 2013-14 സാമ്പത്തിക വർഷത്തിൽ കോന്നി ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ച 5 ലക്ഷം രൂപ ഉപയോഗിച്ച് കെട്ടിടം പണി പൂർത്തിയാക്കിയിട്ടുള്ളതും, നിലവിൽ ടി കെട്ടിടത്തിൽ അങ്കണവാടി (നമ്പർ 69) പ്രവർത്തിച്ചുവരികയും ചെയ്യുന്നു. മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ ലഭിച്ച തുക ടി പ്രവൃത്തിയുടെ കൺവീനർ ആയിരുന്ന ശ്രീമതി. സുജാത.പി.ആർ എന്നയാൾ ദുരുപയോഗം ചെയ്തിട്ടില്ല എന്നും, ടി തുക പൂർണ്ണമായും വിനിയോഗിച്ച കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം തുക കൈപ്പറ്റിയ കാലയളവിൽത്തന്നെ പൂർത്തീകരിച്ചിരുന്നുവെന്നും ടിയാൾ രേഖാമൂലം അറിയിച്ചിട്ടുണ്ട്. കെട്ടിട നിടമ്മാണം പൂർത്തിയാക്കുകയും, ടി കെട്ടിടത്തിൽ ഇപ്പോൾ 69-ാം നമ്പർ |

| | | | |
|---|---|---|---|
| | | | അങ്കണവാടി പ്രവർത്തിച്ചുവരുകയും ചെയ്യുന്ന സാഹചര്യത്തിൽ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2008-09 ഖണ്ഡിക 3.9.8 (എ) യിൽ പരാമർശിച്ചിട്ടുള്ള ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്നവ് അപേക്ഷിച്ചുകൊള്ളുന്നു.<br>**(ബി) അഡ്വാൻസ് കൈപ്പറ്റിയ കൺവീനർ പ്രവൃത്തി പൂർത്തിയാക്കിയില്ല**<br>2003-04 വർഷത്തിൽ ജില്ലാ പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതി പ്രകാരം മാവര തോടിന്റെ വീതിയും ആഴവും കൂട്ടുന്ന പദ്ധതിയുടെ ഭാഗമായി 26/03/2004 ൽ 25,000/- രൂപ ( ഇരുപത്തിയയ്യായിരം രൂപ മാത്രം) അഡ്വാൻസ് ആയി ടി പ്രവൃത്തിയുടെ കൺവീനറായിരുന്ന ശ്രീ.കെ.കെ.ഭാസ്കരൻ, രത്നനിലയം, ഉമ്പമൺ എന്നയാൾക്ക് നൽകിയിരുനനു. അന്നത്തെ പ്രവർത്തനങ്ങളുടെ പരിണതഫലമായി ടി പദ്ധതി പൂർത്തീകരിക്കുകയും, വർഷങ്ങളായി തരിശുകിടന്ന പാടങ്ങൾ പുന:ക്രമീകരിക്കപ്പെട്ടുകയും, തത് ഫലമായി 85 ഹെക്ടർ പാടം മൂന്നു പഞ്ചായത്തുകളുടെ സഹായത്തോടെ നിലവിൽ കൃഷി നടപ്പിലാക്കിവരുന്നതുമാണ്. പദ്ധതിയുടെ ഭാഗമായി 2004 വർഷത്തിൽ |

142



| | | | |
|---|---|---|---|
| | | | അഡ്വാൻസ് ഇനത്തിൽ ലഭിച്ച തുക ശരിയായ രീതിയിൽ വിനിയോഗിക്കുകയും പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതായി പത്തനംതിട്ട പ്രിൻസിപ്പൽ കൃഷി ഓഫീസിൽ മറുപടി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച സാഹചര്യത്തിൽ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2008-09 ഖണ്ഡിക 3.9.8 ( ബി) യിൽ പരാമർശിച്ചിട്ടുള്ള ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.<br>(സി) **മണ്ണ് സംരക്ഷണ പദ്ധതികൾ- മുൻകൂർ കൈപ്പറ്റിയ കൺവീനർമാർ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല**<br>തെളിവെടുപ്പ് സംബന്ധിച്ച് സർക്കാർ 27.07.2022 ന് വിളിച്ചുചേർത്ത യോഗത്തിൽ ബന്ധപ്പെട്ട ജില്ലാ മണ്ണ് സംരക്ഷണ ഓഫീസിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ താഴെപ്പറയുന്ന വിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട കൺവീനർമാരെല്ലാം സാമ്പത്തികശേഷിയില്ലാത്ത പട്ടികജാതി വിഭാഗക്കാരാണെന്നും നേരിട്ടുള്ള അന്വേഷണത്തിൽ തുക തിരിച്ചടക്കുന്നതിന് യാതൊരുഗതിയുമില്ലാത്ത പാവങ്ങളാണ് |

| | | | |
|---|---|---|---|
| | | | എന്ന് കണ്ടെത്തിയിട്ടുണ്ട് എന്നും അരിയിക്കുകയുണ്ടായി. ടി വിവരം പരിഗണിച്ച് പ്രസ്തുത പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. |
| 8 | 3.10.1 | **വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് - തൃശ്ശൂർ ജില്ല**<br>**കൊയ്ത്തുമെതിയന്ത്രം - അധിക ചെലവ്**<br><br>_2002-03 വർഷത്തിൽ പ്രാവർത്തികമാക്കാൻ നിശ്ചയിച്ച് അംഗീകാരം വാങ്ങിയ ഈ പ്രോജക്ടിന്റെ പ്രധാന ഇനമായ കൊയ്ത്തുമെതിയന്ത്രം വാങ്ങാൻ കാംകോയ്ക്ക തുക നൽകിയത് 27.03.2003- ൽ മാത്രമാണ്. മുൻകൂർ തുക 12,65,500/- രൂപ നൽകി 7 മാസം കഴിഞ്ഞ് കൊയ്ത്തുമെതിയന്ത്രം നൽകാൻ കഴിയില്ലെന്ന് അറിയിക്കുകയും വീണ്ടും മൂന്നരമാസം മാത്രം കഴിഞ്ഞ് വാങ്ങിയ തുക തിരിച്ചു നൽകുകയും ചെയ്തു. കാംകോയ്ക്ക് എതിരെ നടപടിയും സ്വീകരിച്ചിട്ടില്ല.<br>റെയ്ഡ്കോയ്ക്ക് 25.03.2004- ൽ യന്ത്രത്തിന്റെ വിലയായ 15,36,628 രൂപ നൽകിയെങ്കിലും 01.10.2004- ൽ മാത്രമാണ് യന്ത്രം കൈമാറിയത്. റെയ്ഡ്കോയുടെ പേരിലും കാലതാമസം വരുത്തിയതിന്റെ പേരിൽ നടപടി എടുത്തിട്ടില്ല.<br>മെതിയന്ത്രത്തിന്റെ പ്രവർത്തനം പരിശോധിച്ചതിൽ സ്പെയർ പാർട്ട്സിന്റെ ചെലവ് ഭീമമായിരുന്നു എന്ന് കാണുന്നു. 01.10.2004 മുതൽ 30.09.2007 വരെയുള്ള കാലയളവിലെ ചെലവിൽ സ്പെയർപാർട്ട്സിന്റെ മാത്രം ചെലവ് 8,66,170/- രൂപയായിരുന്നു. സ്പെയർ പാർട്ട്സ് ചെലവിന്റെ നിജസ്ഥിതി വിശദമായ പരിശോധന ആവശ്യപ്പെടാവുന്നതാണ്. മാറ്റിയ പഴയ സാധനങ്ങൾ സ്റ്റോക്ക് എടുത്തതിന്റെ സാക്ഷ്യപത്രം ഇല്ലാതെയാണ് സ്പെയർ പാർട്ട്സിന്റെ ചെലവ് നടത്തിയത്. | പ്രസ്തുത ഖണ്ഡിക സ്ക്രീനിംഗ് കമ്മിറ്റി പരിശോധിച്ച് **കൊയ്ത്തുമെതിയന്ത്രം** ലേലം ചെയ്ത് റിപ്പോർട്ട് ലഭ്യമാക്കാൻ ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിട്ടുള്ളതും പ്രസ്തുത വിവരം സമിതിയെ അറിയിച്ചിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| | | മൂന്നര വർഷം മാത്രം പ്രവർത്തനം നടത്തി നിർത്തിവച്ചനിലയിൽ പഞ്ചായത്ത് കോമ്പൗണ്ടിൽ കിടക്കുന്ന ഈ മെഷിന്റെ അവസ്ഥ സംബന്ധിച്ച് വിശദമായ സാങ്കേതിക പരിശോധന നടത്തേണ്ടതാണ്.<br>വിശദ പരിശോധനയ്ക്കായി മൊത്തം ചെലവ് തുക 15,38,628/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | |

M.S. BIJUKUTTAN
Additional Secretary to Govt.
Local Self Government Dept.
Govt. Secretariat, Tvpm.
PEN. 101250

## ബഹുമാനപ്പെട്ട കേരള സംസ്ഥാന നിയമസഭാ സമിതി മുമ്പാകെ സമർപ്പിക്കുന്നതിന് വേണ്ടി

പ്രേഷിതൻ

തുളസീധരൻ.റ്റി
മനോജ്ഞം
അഗസ്ത്യക്കോട്, അഞ്ചൽ.പി.ഒ
കൊല്ലം
ഫോൺ : 8129543633

സ്വീകർത്താവ്

സെക്രട്ടറി
ജില്ലാ പഞ്ചായത്ത്
കണ്ണൂർ

സർ,

വിഷയം : സമ്പൂർണ്ണ ശുചിത്വയജ്ഞം - കണ്ണൂർ ജില്ല- ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട്- മറുപടി നൽകുന്നത് സംബന്ധിച്ച്

സൂചന
1) കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 28.01.2022 ലെ എ5-341/22-൧ം നമ്പർ കത്ത്
2) ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ 31.01.2022 ലെ ഡി.257/2022/പി.എ.യു നമ്പർ കത്ത്
3) സമ്പൂർണ്ണ ശുചിത്വ യജ്ഞം ജില്ലാ കോ-ഓർഡിനേറ്ററുടെ 01.05.2014 ലെ 340/എൻ.ബി.എ നമ്പർ കത്ത്.

മേൽ സൂചന കത്തുകളിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതിയായ സമ്പൂർണ്ണ ശുചിത്വ യജ്ഞം കണ്ണൂർ ജില്ലയിൽ നടപ്പാക്കുന്നതിനായി ജില്ലാ പഞ്ചായത്ത് വിഹിതമായി 2003-04 മുതൽ 2005-06 വരെ 15 ലക്ഷം രൂപ വീതം 45 ലക്ഷം രൂപയും 2006-07 ൽ 25 ലക്ഷം രൂപയും ഉൾപ്പെടെ 70 ലക്ഷം രൂപ സമ്പൂർണ്ണ ശുചിത്വ യജ്ഞം ജില്ലാ കോ-ഓർഡിനേറ്റർക്ക് കൈമാറി കിട്ടിയിട്ടുണ്ട്. ഈ തുകയും കേന്ദ്ര സർക്കാർ വിഹിതവും ഉപയോഗിച്ച് സമ്പൂർണ്ണ ശുചിത്വം പദ്ധതി ജില്ലയിൽ വിജയകരമായി നിർവ്വഹിക്കുകയും ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം (യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്) യഥാസമയം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ 2005-06 സാമ്പത്തിക വർഷം കൈമാറിക്കിട്ടിയ 15 ലക്ഷം രൂപ വകമാറ്റി ചെലവഴിച്ചെന്ന കാരണത്താൽ ലോക്കൽ ഫണ്ട് ആഡിറ്റ് തടസ്സപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ മറുപടി മേൽ സൂചന 3) പ്രകാരം സമർപ്പിച്ചതായി ഇപ്പോഴത്തെ ജില്ലാ കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

സമ്പൂർണ്ണ ശുചിത്വ യജ്ഞം പദ്ധതി (റ്റി.എസ്.സി) സംസ്ഥാനത്ത് നടപ്പാക്കിയ വർഷം മുതൽ കണ്ണൂർ ജില്ല സംസ്ഥാനത്ത് മുന്നിലായിരുന്നു – ഭൗതിക ലക്ഷ്യത്തിലും, സാമ്പത്തിക ലക്ഷ്യത്തിലും എന്ന് പുരോഗതി റിപ്പോർട്ടിൽ നിന്നും മനസിലാക്കുവാൻ കഴിയും. പദ്ധതി നിർവ്വഹണം ഊർജ്ജിതമായി മുന്നോട്ട് പോകുമ്പോൾ കേന്ദ്രവിഹിതം യഥാസമയം കിട്ടാത്തതിനാൽ പദ്ധതി നിർവ്വഹണം പൂർണ്ണമായും നിന്നുപോകും എന്ന ഘട്ടത്തിൽ ജില്ലാ കോ–ഓർഡിനേറ്ററുടെ അക്കൗണ്ടിൽ ലഭ്യമായിട്ടുള്ള തുക വിനിയോഗിക്കാൻ ഞാൻ നിർബന്ധിതനാവുകയുണ്ടായത്. ഈ ഫണ്ട് വകമാറ്റി ചെലവഴിക്കുന്നതാണെന്ന പൂർണ്ണ ബോധ്യവും ഉണ്ടായിരുന്നു. എന്റെ മുന്നിൽ മറ്റ് പോംവഴികൾ ഒന്നും ഉണ്ടായിരുന്നില്ല. സദുദ്ദേശ്യത്തോട് കൂടിയാണ് ഈ പ്രവൃത്തി ചെയ്തത്. ഇതുകൊണ്ട് ജില്ലാ പഞ്ചായത്തിനോ കേന്ദ്ര –സംസ്ഥാന സർക്കാരുകൾക്കോ ഒരു തരത്തിലുമുള്ള സാമ്പത്തികനഷ്ടവം ഉണ്ടായിട്ടില്ല. കേന്ദ്ര വിഹിതം കിട്ടുന്ന മുറയ്ക്ക് ഈ തുക തിരികെ നിക്ഷേപിക്കാവുന്നതാണ്.

എന്നാൽ കേന്ദ്രവിഹിതം ലഭിച്ചത് ഗ്രാമപഞ്ചായത്തുകളുടെ നിലവിൽ നിലനിന്നിരുന്ന ബാധ്യത തീർക്കാൻ പോലും പര്യാപ്തമായിരുന്നില്ല. അതിനാലാണ് ടി ഫണ്ട് യഥാസമയം തിരിച്ചടക്കാൻ കഴിയാതിരുന്നത്. 2006–07 ൽ ആവശ്യമായ കേന്ദ്രവിഹിതം ലഭിക്കുന്നതിന് മുമ്പായി എനിക്ക് പത്തനംതിട്ട ജില്ലയിലേക്ക് സ്ഥലം മാറി പോകേണ്ടിവന്നു. പിന്നീട് നിയമിതനായ ജില്ലാ കോ–ഓർഡനേറ്ററുടെ ശ്രദ്ധയിൽ ഈ കാര്യം പെട്ടിട്ടുണ്ടാകില്ല. എന്നാൽ റ്റി.എസ്.സി ഫണ്ടിൽ ഈ പണം ലഭ്യവുമാണ്. പദ്ധതി നിർവ്വഹണം തടസ്സപ്പെടാതിരിക്കാൻ നിർണ്ണായക ഘട്ടത്തിൽ സ്വീകരിച്ച ഈ നടപടി തികച്ചും അനിവാര്യവുമായിരുന്നു.

റ്റി.എസ്.സി അക്കൗണ്ടിൽ ആവശ്യാനുസരം ഫണ്ട് ലഭ്യമാകുകയും പദ്ധതി നിർവ്വഹണം തടസ്സപ്പെടുകയും ചെയ്താൽ അത് ദരിദ്ര ജനവിഭാഗങ്ങളോടുള്ള അവഗണനയും ക്രൂരതയും ഔദ്യോഗിക തലത്തിൽ മാപ്പ് അർഹിക്കാത്ത തെറ്റുമാണ്. പലരിൽ നിന്നും കടം വാങ്ങിയും കൈമുതലായുള്ള ഇത്തിരി പണ്ടം പണയം വച്ചും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ ദരിദ്ര വിഭാഗങ്ങളോട് കേന്ദ്രവിഹിതം കിട്ടിയില്ലെന്ന ന്യായം പറയാനാകില്ല. അവർക്കിടയിൽ പ്രവർത്തിക്കുന്ന ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ സമ്മർദ്ദത്തിലാകുന്നതുമാണ്. എന്റെ ഈ നടപടി മാപ്പാക്കി തന്ന് അനന്തര നടപടികളിൽ നിന്നും ഒഴിവാക്കിതരണമെന്ന് അപേക്ഷിക്കുന്നു.

സർവ്വീസിൽ നിന്നും 10 വർഷം മുമ്പ് വിരമിച്ച ഞാൻ വാർദ്ധക്യസഹജമായ പലവിധ അസുഖങ്ങളാൽ ക്ലേശം അനുഭവിക്കുന്ന വ്യക്തമാണ്. ഓർമ്മശക്തിക്കും ഗണ്യമായ കുറവ് വന്നിട്ടുണ്ട്. 16 വർഷം മുൻപ് നടന്ന കാര്യങ്ങൾ പൂർണ്ണമായും ഓർത്തെടുക്കാൻ കഴിയാത്തതിനാൽ ഈ മറുപടയിൽ ആവശ്യമായ വിവരങ്ങൾ എല്ലാം ചേർത്തിട്ടുണ്ട് എന്ന് പറയാനുമാകില്ല. എങ്കിലും ഈ മറുപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

(signature)

തുളസീധരൻ.റ്റി

29.07.2022

പകർപ്പ്

1) ജില്ലാ കോ–ഓർഡിനേറ്റർ, ശുചിത്വമിഷൻ, കണ്ണൂർ

/5775415/2023

കേരള സർക്കാർ

വ്യവസായ (ജി) വകുപ്പ്

കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) മുമ്പാകെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമർപ്പിച്ച 2008-2009-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 3 – "ഓഡിറ്റ് നിരീക്ഷണങ്ങൾ" മേലുള്ള ന്യൂനതാ പരിഹാര നടപടി പത്രിക

| ഖണ്ഡിക | ഓഡിറ്റ് പരാമർശം | നടപടി |
|---|---|---|
| 3.6.(ബി) | "ഖരമാലിന്യ സംസ്ക്കരണം:<br><br>ഓഡിറ്റ് റിപ്പോർട്ട്: 2006-07, ഖണ്ഡിക: 3-5<br><br>കണ്ണൂർ നഗരസഭയിൽ ഖരമാലിന്യങ്ങളുടെ ശാസ്ത്രീയമായ സംസ്ക്കരണം നടത്തുന്നതിനുള്ള നടപടികൾ ഇതുവരെ നടപ്പിലായിക്കഴിഞ്ഞിട്ടില്ല. ബി.ഒ.ടി. അടിസ്ഥാനത്തിൽ പ്ലാന്റ് സ്ഥാപിക്കാൻ ഐ.സി.ഐ.സി.ഐ-കിൻഫ്ര എന്ന സ്ഥാപനവുമായി കരാർ ഒപ്പിടുകയുണ്ടായി. ഈ സ്ഥാപനത്തിന് മൊബിലൈസേഷൻ അഡ്വാൻസ് ആയും ഇടക്കാല പേമെന്റ് ആയും രണ്ടു തവണയായി ₹7,29,560/- അനുവദിക്കുകയും ചെയ്തു. എന്നാൽ എഗ്രിമെന്റിലെ വ്യവസ്ഥ പ്രകാരം 4 മാസത്തിനകം പ്രവൃത്തി കോൺട്രാക്ട് നൽകാനുള്ള നടപടികൾ കിൻഫ്ര സ്വീകരിച്ചതായി കാണുന്നില്ല. കിൻഫ്രയെ ഒഴിവാക്കിക്കൊണ്ട് യു.ഐ.ഡി.എസ്.എസ്.എം.ടി. യുടെ ധനസഹായത്തോടെ നാലരകോടിയോളം രൂപ അടങ്കലുള്ള മറ്റൊരു മാലിന്യ | ഓഡിറ്റ് പരാമർശം പ്രകാരം കണ്ണൂർ നഗരസഭയുമായി ബി.ടി.ഒ അടിസ്ഥാനത്തിൽ കരാർ ഒപ്പിട്ടത് "ഐ.സി.ഐ.സി.ഐ. കിൻഫ്ര" എന്ന സ്ഥാപനമാണ്. പ്രസ്തുത സ്ഥാപനം wind-up ചെയ്തുകഴിഞ്ഞു. കൂടാതെ മിനിസ്ട്രി ഓഫ് കോർപ്പറേറ്റ് അഫയേഴ്സിന്റെ രേഖകളിൽ കമ്പനിയുടെ സ്ഥിതി "Strike off" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു)<br><br>കിൻഫ്രയ്ക്ക് കണ്ണൂർ നഗരസഭ മുൻകൂറായി പണം നൽകുകയോ, കിൻഫ്രയുമായി കരാറിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല. ഇക്കാരണങ്ങൾകൊണ്ട് കിൻഫ്രയ്ക്ക് കണ്ണൂർ നഗരസഭയുമായി ബി.ടി.ഒ. അടിസ്ഥാനത്തിൽ കരാർ ഒപ്പിട്ടതുമായി യാതൊരു ബന്ധവുമില്ല. |

സംസ്ക്കരണ പദ്ധതിയാണ് ഇപ്പോൾ നഗരസഭയുടെ പരിഗണനയിലുള്ളത്. കിൻഫ്രക്ക് മുൻകൂറായി നൽകിയ തുക നഗരസഭക്ക് നഷ്ടമായിരിക്കുകയാണ്. അഡ്വാൻസ് തുക തിരികെ ഈടാക്കിയിട്ടില്ല.

| ക്രമ നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും വിലാസവും | ചെലവു തുക |
|---|---|---|
| 1 | ശ്രീ. ടി. സന്തോഷ്, അഴകത്ത് ഹൗസ്, തെക്കേവിള പി.ഒ, കൊല്ലം ജില്ല. | ₹5,05,080/- |
| 2 | ശ്രീ. ബി. ഇന്ദ്രബാലൻ പിള്ള, ഗൗരി, കോട്ടക്കകം, തൃക്കടവൂർ, പെരിനാട് പി.ഒ., കൊല്ലം ജില്ല | ₹2,24,480/- |
| | ആകെ | ₹7,29,560/- |

Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

നമ്പർ.41234/ഡി.ഡി.1/2011/തസ്വഭവ

തദ്ദേശസ്വയംഭരണ(ഡി.ഡി.) വകുപ്പ്,
തിരുവനന്തപുരം, തീയതി: 28.05.2012.

## സർക്കുലർ

വിഷയം:- തസ്വഭവ:- ഇന്ദിരാ ആവാസ് യോജന പ്രകാരം ധനസഹായം ലഭിയ്ക്കുന്നതിനായി വയ്ക്കുന്ന ഉടമ്പടിയിൽ തറ വിസ്തീർണ്ണം നിഷ്കർഷിക്കുന്നതിന് നിർദ്ദേശം നൽകുന്നു.

സൂചന:- ഗ്രാമവികസന കമ്മീഷണറുടെ 21139/ ജെ.ആർ.വൈ.1/ 2011/സി.ആർ.ഡി. നമ്പരിലുള്ള 13.02.2012-ലെ കത്ത്.

ഇന്ദിരാ ആവാസ് യോജന പ്രകാരമുള്ള ധനസഹായത്തോടെ നിർമ്മിക്കുന്ന വീടുകൾക്ക് 25 ചതുരശ്ര മീറ്ററിനും, 40 ചതുരശ്ര മീറ്ററിനും ഇടയിലായിരിക്കണം തറ വിസ്തീർണ്ണം എന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും പലരും കൂടുതൽ ചതുരശ്ര മീറ്ററിലുള്ള വീടുകൾ നിർമ്മിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ഭാവിയിൽ ടി പദ്ധതി പ്രകാരം ധനസഹായത്തോടെ നിർമ്മിക്കുന്ന വീടുകൾക്ക് കരാർ വയ്ക്കുമ്പോൾ നിഷ്കർഷിച്ചിട്ടുള്ള തറ വിസ്തീർണ്ണം കൂടി കരാറിൽ ഉൾപ്പെടുത്തണമെന്ന് എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകുന്നു.

ജി. ശിവപ്രസാദ്
അഡീഷണൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും ( ഗ്രാമവികസന കമ്മീഷണർ മുഖേന)
4. എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

6. ധനസഹായം:- പുതിയ വീട് നിർമ്മാണത്തിന് അനുവദനീയമായ നിരക്കിൽ ഇ.എം.എസ് ഭവന പദ്ധതിയുടെ ഭാഗമായോ, ഐ.എ.വൈ പദ്ധതിയുടെ ഭാഗമായോ ധനസഹായം നൽകാവുന്നതാണ്. ഐ.എ.വൈ പദ്ധതിയിൽപ്പെടുത്തുകയാണെങ്കിൽ ഐ.എ.വൈ വിഹിതത്തിന് ഉപരിയായി നൽകേണ്ട അധിക വിഹിതം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ നിലവിലുള്ള അനുപാതത്തിൽ കണ്ടെത്തണം.

7. മറ്റ് നിർദ്ദേശങ്ങൾ:-

7.1 കുടുംബാംഗങ്ങൾ നിലവിലുള്ള വീടിന് മുമ്പിൽ നിൽക്കുന്ന ഡിജിറ്റൽ ഫോട്ടോ പ്രോജക്ട് രേഖയോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

7.2 പുനർ നിർമ്മിക്കുന്ന വീട് വാസയോഗ്യമായിരിക്കണം.

7.3 പരാമർശം 3-ലെ ഉത്തരവ് മുഖേന പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ പുതിയ വീട് നിർമ്മാണത്തിന് നിശ്ചയിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ പുനർ നിർമ്മാണത്തിനും ബാധകമായിരിക്കും.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എസ്.എം.വിജയാനന്ദ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
8 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
9 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
10 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
11 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
12 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
13 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
14 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
15 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
16 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
17 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
18 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
19 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
20 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
21 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
22 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
23 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
24 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
25 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
26 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
27 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
28 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
29 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.എ/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്

6. ധനസഹായം:- പുതിയ വീട് നിർമ്മാണത്തിന് അനുവദനീയമായ നിരക്കിൽ ഇ.എം.എസ് ഭവന പദ്ധതിയുടെ ഭാഗമായോ, ഐ.എ.വൈ പദ്ധതിയുടെ ഭാഗമായോ ധനസഹായം നൽകാവുന്നതാണ്. ഐ.എ.വൈ പദ്ധതിയിൽപ്പെടുത്തുകയാണെങ്കിൽ ഐ.എ.വൈ വിഹിതത്തിന് ഉപരിയായി നൽകേണ്ട അധിക വിഹിതം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ നിലവിലുള്ള അനുപാതത്തിൽ കണ്ടെത്തണം.

7. മറ്റ് നിർദ്ദേശങ്ങൾ:-

7.1 കുടുംബാംഗങ്ങൾ നിലവിലുള്ള വീടിന് മുമ്പിൽ നിൽക്കുന്ന ഡിജിറ്റൽ ഫോട്ടോ പ്രോജക്ട് രേഖയോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

7.2 പുനർ നിർമ്മിക്കുന്ന വീട് വാസയോഗ്യമായിരിക്കണം.

7.3 പരാമർശം 3-ലെ ഉത്തരവ് മുഖേന പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ പുതിയ വീട് നിർമ്മാണത്തിന് നിശ്ചയിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുനർ നിർമ്മാണത്തിനും ബാധകമായിരിക്കും.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എസ്.എം.വിജയാനന്ദ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺ സെക്രട്ടറിമാർക്കും
7 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
8 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
9 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
10 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
11 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
12 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
13 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
14 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
15 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും
16 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും (ജില്ലാ കളക്ടർമാർ)
17 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
18 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
19 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
20 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
21 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
22 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
23 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
24 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
25 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
26 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
27 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
28 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
29 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.എ/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്

കേരള സർക്കാർ
സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഭവന പ്രോജക്ടുകളുടെ ഭാഗമായി പത്ത് വർഷം മുമ്പ് നിർമ്മിച്ചതും ഇപ്പോൾ വാസയോഗ്യമല്ലാത്തതുമായ വീടുകളുടെ പുനർ നിർമ്മാണത്തിന് ധനസഹായം-പരിഷ്കരിച്ച മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഡി.ബി.)വകുപ്പ്

സ.ഉ.(സാധാ)നമ്പർ. 465/2011/തസ്വഭവ. തിരുവനന്തപുരം, തീയതി: 14.02.2011

പരാമർശം:
1. സർക്കുലർ നം.23983/ഡി.എ.1/2005/തസ്വഭവ; തീയതി 30.07.2007
2. സർക്കുലർ നം.57744/ഡി.എ.1/2007/തസ്വഭവ; തീയതി 17.12.2007
3. സ.ഉ(എം.എസ്)നം.207/2009/തസ്വഭവ; തീയതി 07.11.2009
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 25.01.2011-ലെ 2.1 (2)-ാം നമ്പർ തീരുമാനം.

## ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങൾ/സർക്കാർ വകുപ്പുകൾ/വിവിധ ഏജൻസികൾ മുൻകാലങ്ങളിൽ നടപ്പാക്കിയ ഭവന പ്രോജക്ടുകൾ പ്രകാരം പത്ത് വർഷം മുമ്പ് നിർമ്മിച്ച വീടുകൾ ഇപ്പോൾ വാസയോഗ്യമല്ലെങ്കിൽ പുനർനിർമ്മാണത്തിന് ധനസഹായം നൽകുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ പരാമർശം 1, 2 എന്നിവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരം വീടുകളുടെ പുനർനിർമ്മാണത്തിന് നിലവിൽ വികേന്ദ്രീകൃതാസൂത്രണ പദ്ധതിയുടെ ഭാഗമായി മാത്രമേ ധനസഹായം നൽകാൻ കഴിയുകയുള്ളൂ. ഐ.എ.വൈ പദ്ധതിയിൽപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനും അനുമതി നൽകാവുന്നതാണെന്ന് ഗ്രാമവികസന കമ്മീഷണർ സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ഭവന പ്രോജക്ടുകളുടെ ഭാഗമായി പത്ത് വർഷം മുമ്പ് നിർമ്മിച്ചതും ഇപ്പോൾ വാസയോഗ്യമല്ലാത്തതുമായ വീടുകളുടെ പുനർനിർമ്മാണത്തിന് ധനസഹായം നൽകുവാൻ പരാമർശം 1, 2 എന്നിവ പ്രകാരം നിശ്ചയിച്ചിരുന്ന മാർഗനിർദ്ദേശങ്ങൾ ചുവടെ വിവരിക്കുന്നത് പ്രകാരം പരിഷ്കരിച്ച് സർക്കാർ ഉത്തരവാകുന്നു.

3. അർഹതാ മാനദണ്ഡങ്ങൾ

3.1 ബി.പി.എൽ കുടുംബമായിരിക്കണം.

3.2 ഭവന പ്രോജക്ടുകളുടെ ഭാഗമായി വാസയോഗ്യമായ നിലയിൽ മുമ്പ് വീട് പൂർത്തീകരിച്ച ഗുണഭോക്താവായിരിക്കണം.

3.3 നാലാമത്തെ ഗഡു (അവസാന ഗഡു) കൈപ്പറ്റിയിട്ട് കുറഞ്ഞത് 10 വർഷമെങ്കിലുമായിരിക്കണം. ഭാഗികമായി മാത്രം ഗഡുക്കൾ കൈപ്പറ്റുകയും എന്നാൽ വീട് നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തവരെ സംബന്ധിച്ചിടത്തോളം അവസാന ഗഡു കൈപ്പറ്റി 10 വർഷം കഴിഞ്ഞിരിക്കണം. ഈ കാലയളവുകൾ തദ്ദേശഭരണ സ്ഥാപനത്തിലെ രേഖകളുടെയോ ധനസഹായം നൽകിയ വകുപ്പിൽ/സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെയോ അടിസ്ഥാനത്തിൽ നിർണ്ണയിക്കണം.

4. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനിയർ, ഓവർസീയർ എന്നിവരിൽ ഏതെങ്കിലും ഒരുദ്യോഗസ്ഥൻ വീട് പരിശോധിച്ച് വാസയോഗ്യമല്ലെന്ന് സാക്ഷ്യപത്രം നൽകണം.

5. ഗുണഭോക്തൃ ലിസ്റ്റ്:- ഇതിനായി പ്രത്യേക ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാൻ പാടില്ല. തദ്ദേശഭരണ സ്ഥാപനം നടപ്പാക്കുന്ന പുതിയ ഭവന നിർമ്മാണ പ്രോജക്ടിന്റെ ഭാഗമായി, ആ പ്രോജക്ടിന്റെ അർഹതാ-മുൻഗണനാ മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമേ ഖണ്ഡിക 3 പ്രകാരം അർഹരായവർക്ക് പുനർ നിർമ്മാണ ധനസഹായം നൽകാൻ പാടുള്ളൂ.

197

| | | | | |
|---|---|---|---|---|
| | | | രൂപ നൽകിയിട്ടുണ്ടെങ്കിലും ഗുണഭോക്തൃ സമിതി അംഗീകരിച്ച് വരവ് ചെലവ് കണക്ക്, അളവ് പുസ്തകം, സ്റ്റേജ് സർട്ടിഫിക്കറ്റ് മുതലായവ സമർപ്പിച്ചിട്ടില്ല. | പൂർത്തീകരിക്കുകയും ഗുണഭോക്താക്കൾ ഇപ്പോൾ ടി വീടുകളിൽ താമസിച്ച് വരുന്നുണ്ട്. ഭവന നിർമ്മാണ പ്രവർത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെങ്കിലും പിന്നീട് പൂർത്തീകരിച്ചിട്ടുള്ള , സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു.<br>3. കോണ്ടമ്പ്ര എസ്.ടി. കോളനിയിൽ 5 വീടുകൾ നിർമ്മിക്കുന്നതിനാണ് പ്രൊജക്ട്. 5 വീടുകളും എല്ലാ അർത്ഥത്തിലും പൂർത്തീകരിച്ചിട്ടുണ്ട്. ഗുണഭോക്തൃ സമിതി അംഗീകരിച്ച വരവ് ചെലവ് കണക്കുകൾ കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ സൂക്ഷിച്ചിരുന്നെങ്കിലും 06.08.12-ന് ഇരിട്ടി മേഖലയിലുണ്ടായ വെള്ളപ്പൊക്കത്തിൽ ഫയൽ സഹിതം നഷ്ടപ്പെട്ട് പോയിട്ടുണ്ട്.<br>ഐ.എ.വൈ വീടുകളുടെ ഭവന നിർമ്മാണ പ്രവർത്തിയുടെ മെഷർമെന്റ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. വീടുകളുടെ പണി എല്ലാ അർത്ഥത്തിലും പൂർത്തീകരിച്ചിട്ടുണ്ട്. |

C. VALSALA
Joint Secretary to Govt.
Local Self Govt. Dept.
Govt. Secretariat, Tvpm.

| | | | | |
|---|---|---|---|---|
| | | | | അനുവദിക്കുവാൻ തീരുമാനിച്ചത്. <br>ഇക്കാര്യത്തിൽ ഭരണ സമിതി ഗുണഭോക്താക്കളുടെ ഉത്തമ താല്പര്യം മാത്രമാണ് കണക്കിലെടുത്തത്. ഗ്രാമസഭ അംഗീകരിച്ച് ഗ്രാമപഞ്ചായത്ത് സമർപ്പിക്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റിന്റെ കാര്യത്തിൽ ഭരണ സമിതിക്ക് യാതൊരു വിധ നിക്ഷിപ്ത താല്പര്യവുമുണ്ടായിരുന്നില്ല. 10 വർഷം മുമ്പ് ഭവന നിർമ്മാണത്തിന് ധന സഹായം ലഭിച്ചവർക്ക് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്മേൽ വീണ്ടും ധനസഹായം അനുവദിക്കാവുന്നതാണെന്ന് പിന്നീട് ഉത്തരവായതും ഇവിടെ പ്രസക്തമാണ്. (അനുബന്ധം - I) |
| 2 | 2006-07 | 3,98.2 | ഓഡിറ്റ് റിപ്പോർട്ട് - 2002-03 ഖണ്ഡിക 3.4 <br><br>പട്ടികവർഗ കോളനികളിൽ ഭവന നിർമ്മാണം <br><br>1. ഭവന നിർമ്മാണ പ്രവർത്തികൾ മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. കൃത്യമായ മോണിറ്ററിംഗ്, മുതലായവ നടന്നില്ല. <br>2. കൺവീനറായ ശ്രീ.എൻ.പവിത്രന് 8 വീടുകളുടെ നിർമ്മാണത്തിന് 2,85,000/- രൂപയും ശ്രീ.എ.കെ.കുമാരന് 2 വീടുകളുടെ നിർമ്മാണത്തിന് 74,000/- രൂപയും നൽകി, വീട് പണികൾ പൂർത്തീകരിച്ചിട്ടില്ല. <br>3. കൺവീനറായ ശ്രീ.ടി.തോമസിന് പ്രൊജക്ടിൽ വകയിരുത്തിയ 2,10,000/- | 1. ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതി പ്രകാരം 25 ച. മീറ്റർ മുതൽ 40 ച.മീ വരെ തറ വിസ്തീർണ്ണമുള്ള വീടുകൾ ഗുണഭോക്താക്കളുടെ അഭിരുചിക്കനുസരിച്ച് നിർമ്മിക്കാം, കൂടാതെ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളായ തറ, ഭിത്തി, മേൽക്കൂര പൂർത്തീകരണം എന്നീ ഘട്ടങ്ങളിൽ സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ധന സഹായം അനുവദിക്കുന്നതിന് ഉത്തരവുള്ളത്. ആയതിനാൽ ഐ.എ.വൈ വീടുകളുടെ നിർമ്മാണ പ്രവർത്തികൾ മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്താറില്ല. ഈ സാഹചര്യത്തിലാണ് സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുക കൺവീനർക്ക് അനുവദിച്ചത്. (അനുബന്ധം-II) <br><br>2. ഓഡിറ്റ് കാലയളവിൽ ഭവന നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ലെങ്കിലും, ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞിട്ടുള്ള 8+2=10 വീടുകളും |

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ (2006-07) സമാഹൃത റിപ്പോർട്ടിൻമേൽ ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2006-07 | 3.98.1 | ഓഡിറ്റ് റിപ്പോർട്ട് - 2002-2003<br>ഖണ്ഡിക 3.2<br><br>ഭവന നിർമ്മാണത്തിന് ഒരു തവണ ധന സഹായം അനുഭവിച്ചവർക്ക് വീണ്ടും ധനസഹായം അനുവദിക്കരുതെന്ന നിലവിലുള്ള വ്യവസ്ഥ ലംഘിച്ച് കൊണ്ട് 04.02.03-ാം തീയതിയിലെ 45/02-03 (6) നമ്പർ തീരുമാന പ്രകാരം പട്ടികജാതിക്കാർക്ക് വീട് നിർമ്മാണം ഐ.എ.വൈ എന്ന പ്രൊജക്ടിൽ (നമ്പർ 48/03) ഗുണഭോക്താക്കൾക്ക് ക്രമ വിരുദ്ധമായി സബ്സിഡി അനുവദിച്ചത്. | 3.2 - ക്രമ വിരുദ്ധമായി സബ്സിഡി അനുവദിച്ചത് സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾക്ക് വേണ്ടി അന്നത്തെ പ്രസിഡന്റായ ശ്രീ.ബേബി ജോൺ പൈനാപള്ളി നോട്ടീസ് അയയ്ക്കുകയും ടിയാൻ ഭരണസമിതിക്ക് വേണ്ടി താഴെ പറയും പ്രകാരം മറുപടി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞിട്ടുള്ള 7 ഗുണഭോക്താക്കളും ദരിദ്രരും പട്ടിക ജാതിയിൽപ്പെട്ടവരുമാണ്. ഗ്രാമ പഞ്ചായത്ത് തന്നിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ട 7 പേരുടേയും വീടുകൾ ഭരണ സമിതി നേരിട്ട് പരിശോധിക്കുകയും 7 പേരുടെ വീടുകൾ വളരെ ശോചനീയാവസ്ഥയിലാണെന്നു ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും വീട് തൻവർഷം ഉള്ളന്ന പുതുക്കി പണിയാൻ സാധിച്ചില്ലെങ്കിൽ കാലവർഷത്തെ അതിജീവിക്കാൻ സാധിക്കാത്ത അവസ്ഥയിലായിരുന്നു വീടിന്റെ സ്ഥിതി. ഈ പ്രത്യേക സ്ഥിതിവിശേഷം കണക്കിലെടുത്ത് നിയമത്തിന്റെ മുൾമുന വെച്ച് ടിയാൻമാർക്ക് ധനസഹായം നിഷേധിക്കുകയും കാലവർഷത്തെ അതിജീവിക്കാൻ സാധിക്കാതെ ഒരു വീടെങ്കിലും തകരുകയും ചെയ്താലുള്ള അവസ്ഥയും കണക്കിലെടുത്താണ് ഭരണ സമിതി ധന സഹായം |

| | | | | | |
|---|---|---|---|---|---|
| | | | അളവ് പുസ്തകത്തിലെ 85-ാം പേജിൽ ഉറപ്പില്ലാത്ത മണ്ണ് ആയതിനാൽ 537 ച.മീ. അധിക പേവിംഗ് നടത്തിയതായും പേജ് 87-ൽ 2188 ച.മീ. യാർഡ് ഏരിയ 30 സെ.മീ. ഘനത്തിൽ പേവ് ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ടെക്നിക്കൽ റിപ്പോർട്ടിൽ 1812.63 ച.മീ.ആയിരുന്ന യാർഡ് എങ്ങിനെ 2188 ച.മീ. ആയി (പ്രവൃത്തി സമയത്ത്) എന്ന് വിശദീകരിച്ചിട്ടില്ല. അധികാര സ്ഥാനങ്ങളിൽ നിന്നുള്ള അനുമതിയും അംഗീകാരവും ഇല്ലാതെ തെറ്റായ പരാമർശങ്ങളുള്ള വർക്ക്സ്ലിപ്പിന്റെ പിൻബലത്തിൽ അധിക പ്രവൃത്തി ചെയ്തത് തൃപ്തികരമായി വിശദീകരി ക്കേണ്ടതുണ്ട്. ചെലവ് തുകയായ 4,70,891/- രൂപ വിശദീകരണത്തിന്റെ അഭാവത്തിൽ തടസ്സത്തിൽ വച്ചിട്ടുണ്ട്. | | |

C. VALSALA
Joint Secretary to Govt.
Local Self Govt. D...
Govt. Secretariat, Tvpm

| | | | | |
|---|---|---|---|---|
| | | | മൊത്തം യാർഡിന്റെ ഒരു ഭാഗം മാത്രം പേവ് ചെയ്യാനും മെറ്റൽ ചെയ്യാനുമാണ് ഉദ്ദേശിച്ചിരുന്നത്. ഈ ഭാഗം ഗ്രാമപഞ്ചായത്ത് ടാർ ചെയ്യും എന്ന അനുമാനത്തിലാണ് ഇങ്ങനെ ചെയ്തത്. ഗ്രാമ പഞ്ചായത്തിന് അങ്ങനെ ചെയ്യാൻ ഉദ്ദേശ്യം ഇല്ല എന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിലും മുഴുവൻ സ്ഥലവും പേവ് ചെയ്യണമെന്ന് റിക്വസ്റ്റ് ചെയ്തതിനാലും മാറ്റം വരുത്തുകയായിരുന്നു.<br><br>മേൽ വർക്ക് സ്ലിപ്പിൽ വിവരിച്ച കാര്യങ്ങൾ മുഴുവനായും അടിസ്ഥാനരഹിതമാണ്.<br><br>1. ഗ്രാമപഞ്ചായത്ത് ഈ പദ്ധതി പ്രവർത്തനങ്ങളിൽ സഹകരിക്കുമെന്ന് പ്രോജക്ടിൽ പരാമർശിച്ചിട്ടേയില്ല.<br>2. ബസ് സ്റ്റാന്റിന്റെ മൊത്ത വിസ്തീർണ്ണമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്കെച്ച് തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയ 1812 ച.മീറ്ററും പേവിംഗും മെറ്റലിംഗും നടത്തുവാനാണ് ലക്ഷ്യമിട്ടിരുന്നത്.<br>3. മുഴുവൻ സ്ഥലവും പേവ് ചെയ്യണമെന്ന് ഗ്രാമ പഞ്ചായത്ത് റിക്വസ്റ്റ് ചെയ്തതിന്റെ രേഖകളൊന്നും ഫയലിൽ ഇല്ല.<br>4. എസ്റ്റിമേറ്റിൽ നിന്ന് വലിയ വ്യതിയാനം ഉണ്ടായിട്ടും പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കാതെ പ്രവൃത്തി തുടർന്നു. | |

| | | | | |
|---|---|---|---|---|
| 3 | | 3.97.3 | **പ്രോജക്ട് ലക്ഷ്യത്തിൽ നിന്നുള്ള വ്യതിചലനം- വർക്ക് സ്ലിപ്പിലെ അടിസ്ഥാനമില്ലാത്ത പരാമർശങ്ങൾ :**<br><br>**ഓഡിറ്റ് റിപ്പോർട്ട് 2002-03 ഖണ്ഡിക : 3-25**<br><br>അഴീക്കോട് ബസ്സ്റ്റാന്റ്, അപ്രോച്ച് റോഡ് അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 544 ക്യു.മീ. കരിങ്കല്ല് പാകലും, 182 ക്യു.മീ.ഗ്രേഡഡ് മെറ്റൽ 73 ക്യു.മീ. ചുവന്ന മണ്ണ് എന്നിവ സംഭരിക്കലും 1813 ച.മീ. മെറ്റലിംഗും ആണ് ചെയ്യുവാൻ നിർദ്ദേശിച്ചിരുന്നത്. ഈ എസ്റ്റിമേറ്റിനൊപ്പം വച്ചിരുന്ന ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ സാങ്കേതിക റിപ്പോർട്ടിൽ ബസ്സ്റ്റാന്റ് പ്ലോട്ടിന്റെ മൊത്തം വിസ്തീർണ്ണം 1812.63 ച.മീ.ആണെന്നും ഇത്രയും സ്ഥലം 30 സെ.മീ. കനത്തിൽ കരിങ്കല്ല് പാകി ഉറപ്പിക്കണമെന്നും പരാമർശിച്ചിരുന്നു.<br><br>പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ നൽകിയപ്പോൾ മെറ്റൽ സംഭരണം മെറ്റലിംഗ് എന്നിവ ഒഴിവാക്കിയതായും കരിങ്കല്ല് പായ്ക്കിംഗ് 40 ശതമാനത്തോളം അധികം ചെയ്യുകയും ചെയ്തിട്ടുള്ളതായി കാണുകയുണ്ടായി.<br><br>അധിക പ്രവൃത്തി വിശദീകരിച്ച വർക്ക് സ്ലിപ്പിൽ താഴെപറയും പ്രകാരമാണ് പ്രസ്താവിച്ചിട്ടുള്ളത്. | അഴീക്കോട് ബസ്സ്റ്റാന്റ് അപ്രോച്ച് റ<br>അഭിവൃദ്ധിപ്പെടുത്തൽ എന്ന പ്രവൃത്ത<br>1812 ച.മീറ്റർ പേവിംഗും മെറ്റലി<br>നടത്തുവാനാണ് ലക്ഷ്യമിട്ടിരുന്നതെങ്ക<br>ഉറപ്പില്ലാത്ത മണ്ണ് ഉള്ള സ്ഥലമായതിന<br>യാർഡ് പൂർണ്ണമായും ബസ് സ്റ്റ<br>ആവശ്യത്തിനു ഉപയോഗപ്രദമാക്കുന്നത<br>വേണ്ടിയാണ് കൂടുതൽ വിസ്തീർ<br>പേവിംഗ് ചെയ്യേണ്ടത് ആവശ്യമായി<br>തെന്നും എക്സിക്യൂട്ടീവ് എഞ്ചിന<br>05.05.2014-ലെ എ4-836/13 നമ്പർ ക<br>പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>ഗതിയിൽ പണി ചെയ്യേണ്ടിവന്നതിനാല<br>അനുമതി വാങ്ങുവാൻ വിട്ടുപോയത<br>അറിയിച്ചിരുന്നു. പൊതു ജനങ്ങ<br>വളരെ ഉപകാരപ്രദമായ പദ്ധതി ആ<br>നാലാണ് പ്രവൃത്തി ദ്രുതഗതിയിൽ ചെയ്യേ<br>വന്നതെന്നും അറിയിച്ചിട്ടുണ്ട്. |

പഞ്ചായത്തിന് വരവ് നഷ്ടവും ഉണ്ടായിട്ടുണ്ട്. ഇത്തരം വീഴ്ചകൾ ഗൗരവമായി എടുത്ത് ഭാവിയിൽ ഉണ്ടാവാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതും നിയമ പ്രകാരമുള്ള പിഴപ്പലിശ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതുമാണ്.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാർ തുക രൂപ | പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തിയാക്കിയ തീയതി | ഈടാക്കേണ്ടിയിരുന്ന പിഴപ്പലിശ രൂപ |
|---|---|---|---|---|---|
| 1 | നാറാത്ത് പഞ്ചായത്ത്,ആലിൻ കീഴിൽ-ഓണപ്പറമ്പ്-എടക്കൈത്തോട് റോഡ് ടാറിംഗ് | 464162 | 25.03.02 | 21.05.02 | 4642 |
| 2 | മാവിലായി വലിയകണ്ടി അണക്കെട്ടിന്റെ അറ്റകുറ്റപ്പണി | 426000 | 12.06.02 | 15.12.02 | 8560 |
| 3 | ഉദയഗിരി-അരിവിളഞ്ഞപൊയിൽ ജോസ്ഗിരി റോഡ് | 568776 | 04.05.02 | 30.06.02 | 5688 |
| 4 | പയ്യട്ടം-ഇരിണാവ്-മടക്കര റോഡ് റീ-ടാറിംഗ് | 393715 | 23.05.01 | 06.06.02 | 16405 |
| 5 | കല്യാശ്ശേരി - കെ. വി. മന്ദിരം അഞ്ചാം പീടിക റോഡ് റിപ്പയർ, ഓട നിർമ്മാണം | 460716 | 23.05.01 | 31.10.02 | 26567 |
| | ആകെ | | | | 61862 |

| | | | |
|---|---|---|---|
| | | അതായത് 3870 കിലോ ധാന്യം അനുവദിക്കേണ്ടിടത്ത് 6100 കിലോ ധാന്യം അനുവദിക്കുക വഴി 2230 കിലോ ധാന്യം കുറഞ്ഞ നിരക്കിൽ കൺവീനർക്ക് അനർഹമായി അനുവദിച്ചു. ഇക്കാര്യം കൂടുതൽ അന്വേഷണം നടത്തേണ്ടതിലേക്കും ഉത്തരവാദിയായ ഉദ്യോഗസ്ഥർ ക്കെതിരെ നടപടി സ്വീകരിക്കേണ്ടതിലേക്കുമായി ശ്രദ്ധയിൽപ്പെടുത്തുന്നു. | |
| | 3.97.2 | <u>പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം - ടെൻഡർ നിബന്ധന പാലിക്കുന്നില്ല.</u><br><br><u>ഓഡിറ്റ് റിപ്പോർട്ട് : 2002-03 ഖണ്ഡിക : 3-16</u><br><br>പൊതുമരാമത്ത് പ്രവൃത്തികളുടെ ഭൗതിക ലക്ഷ്യം നേടുന്നതിനും പ്രോജക്ടിലും എസ്റ്റിമേറ്റിലും വിവരിച്ച പ്രകാരമുള്ള അടങ്കലിൽ ഒതുക്കി പദ്ധതി നിർവഹിക്കുന്നതിനും പ്രവൃത്തികളുടെ സമയബന്ധിത മായ പൂർത്തീകരണം ഉറപ്പാക്കേണ്ടതുണ്ട്. എന്നാൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരി ച്ചിട്ടില്ല. മേൽ കാരണത്താൽ പ്രവൃത്തി കൾക്ക് മുടക്കിയ പദ്ധതി പണത്തിന്റെ ഭൗതികനേട്ടം യഥാസമയം ഗുണഭോക്താ ക്കൾക്ക് ലഭിക്കാതെ വരുന്നുണ്ട്. മാത്രവുമല്ല ജി.ഒ.(പി)84/97/പി.ഡബ്ല്യു.ആന്റ്.ടി/19.08.97 നമ്പർ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരമുള്ള പിഴപ്പലിശ കരാറു കാരിൽ നിന്ന് ഈടാക്കാത്തതിനാൽ ഇതുമൂലം ജില്ലാ | മരാമത്ത് പ്രവൃത്തികൾ സമയബന്ധിത പൂർത്തീകരണം നടത്താൻ പരമാവധി പ ക്കാറുണ്ട്. എന്നാൽ ചിലപ്പോൾ അതി മായ കാലവർഷക്കെടുതിമൂലം ഇ തടസ്സം നേരിടാറുണ്ട്. തദ്ദേശ സ്വയം വകുപ്പ് സാങ്കേതിക വിഭാഗം ശക്തിപ്പെടു കഴിഞ്ഞിട്ടുള്ളതിനാൽ പൊതു മരാ പ്രവൃത്തികളുടെ നിർവ്വഹണം അടങ്ക ഒതുങ്ങിയും നിശ്ചിത സമയ പ ക്കുള്ളിലും പൂർത്തീകരിച്ചു വരുന്ന പ്രതിപാദിച്ച റോഡ് പ്രവർത്തികള കോൺട്രാക്ടർമാരിൽ നിന്നും പിഴപ്പ ഈടാക്കി വിവരം അടിയന്തിരമ സമർപ്പിക്കുന്നതാണ്. |

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ (2006-07) വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്
കണ്ണൂർ ജില്ലാ പഞ്ചായത്തിനെ സംബന്ധിക്കുന്ന 3.97.1 മുതൽ 3.97.3 വരെയുള്ള ഖണ്ഡികകളിന്മേൽ
സ്വീകരിച്ച നടപടി വിശദീകരണ പത്രിക

| ക്രമ നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നം. | ഓഡിറ്റ് പരാമർശം | സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2006-07 | 3.97.1 | **കേന്ദ്രാവിഷ്കൃത പദ്ധതി - പ്രവൃത്തിക്ക് ആവശ്യമായതിൽ കൂടുതൽ ധാന്യം അനുവദിച്ചു:**<br><br>**ഓഡിറ്റ് റിപ്പോർട്ട് 2002-03, ഖണ്ഡിക : 3-8(2)**<br><br>കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് കേന്ദ്ര ധാന്യ വിഹിതമായി ഒരു മനുഷ്യാധ്വാനദിനത്തിന് 10 കിലോ വീതം ധാന്യം കുറഞ്ഞ നിരക്കിൽ അനുവദിക്കുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ അവസാന ബിൽ അനുവദിക്കപ്പെട്ട കൈതേരി ഇടം-ആയിത്തറ- മറംപറം റോഡ് പ്രവൃത്തിക്ക് ആവശ്യമായ 387 മനുഷ്യദിനങ്ങൾക്ക് ഒരു മനുഷ്യദിനത്തിന് 10 കിലോ വീതം ആകെ അനുവദിക്കേണ്ട ധാന്യം 3870 കിലോ ആണ്. എന്നാൽ അവസാന ബില്ലിൽ ധാന്യത്തിന്റെ വിലയായി 6100/- കിലോ. ധാന്യത്തിന്റെ വില കിലോവിന് 7 രൂപ പ്രകാരം 42,700/- രൂപ ഈടാക്കിയതായി കാണുന്നുണ്ട്. | എസ്.ജി.ആർ.വൈ പദ്ധതി പ്രകാരം മരാമത്ത് പ്രവൃത്തികൾക്കുള്ള ധാന്യ വിഹിതം കണക്കാക്കിയിരിക്കുന്നത് ആകെ പ്രവൃത്തി മൂല്യത്തിന്റെ 60% തുകയെ ഒരാളുടെ കൂലിയായ 91/- രൂപ കൊണ്ട് ഹരിച്ചു കിട്ടുന്ന മനുഷ്യാധ്വാനത്തിന് ഒരാൾക്ക് 10 കി.ഗ്രാം നിരക്കിൽ വച്ചായിരുന്നെന്നും അങ്ങനെ കണക്കാക്കുമ്പോൾ യഥാർത്ഥത്തിൽ 79.8 ക്വിന്റൽ ഭക്ഷ്യധാന്യം കൺവീനർക്ക് അനുവദിക്കാമെങ്കിലും ഭക്ഷ്യധാന്യത്തിലെ ലഭ്യതയ്ക്കനുസരിച്ച് 61 ക്വിന്റൽ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്നും 2/5/14-ലെ എ/918 (10)/02 നമ്പർ കത്ത് പ്രകാരം പ്രോജക്ട് ഡയറക്ടർ, പി.എ.യു. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | | ഭരണസമിതി ഐക്യകണ്ഠേന തീരുമാനം എടുത്തിരുന്നു. 22.02.2018 ന് വൈത്തിരി സെക്ഷൻ കെ.എസ്.ഇ.ബി അസിസ്റ്റന്റ് എഞ്ചിനീയർ തെരുവ് വിളക്ക്, പമ്പ് ഹൗസുകൾ എന്നിവയുടെ കുടിശ്ശികയിനത്തിൽ 71818 /-രൂപ വൈത്തിരി ഗ്രാമപഞ്ചായത്തിന്റേതായി കെ.എസ്.ഇബി വൈത്തിരി സെക്ഷനിൽ കുടിശ്ശികയൊന്നും കാണാത്തതിനാൽ പ്രസ്തുത തുക അടച്ചിട്ടുള്ളതായി പരിഗണിക്കാവുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ കെ.എസ്.ഇ.ബി അറിയിച്ചതായും ഇക്കാര്യങ്ങൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് വയനാട് ജില്ലാ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി തരണമെന്ന് ബഹു നിയമസഭാ സമിതി മുമ്പാകെ ബോധിപ്പിക്കുന്നു. |

M.S. BIJUKUTTAN
Additional Secretary to Govt &
State Performance Audit Officer
Local Self Government Dept.
Govt.Secretariat,Thiruvananthapuram
PEN:101250

സംസ്ഥാന ഓഡിറ്റ് വകുപ്പിൻെറ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

| | | | |
|---|---|---|---|
| | | പഞ്ചായത്തിൻെറ ധനസ്ഥിതി എന്നിവയൊന്നും ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടില്ല. പണം അടയ്ക്കണമെന്ന് കാണിച്ച് കെ.എസ് .ഇ.ബിയിൽ നിന്നും നല്കിയ കത്ത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. (മേൽ സാഹചര്യത്തിൽ രശീത് ഹാജരാക്കാതെ ചെലവ് ചെയ്ത 71818/- രൂപ ഓഡിറ്റിൽ നിരാകരിച്ചിട്ടുണ്ട്. ബാക്കി തുക 79474/- രൂപ തടസ്സം ചെയ്തിട്ടുണ്ട്.) | പ്രകാരം കെ.എസ്.ഇ.ബി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ചിരുന്നു. ആയതിന് ശേഷം കെ.എസ്.ഇ.ബി നടത്തിയ കുടിശ്ശിക നിവാരണ അദാലത്തിൽ പഞ്ചായത്ത് അപേക്ഷ നൽകിയത് പ്രകാരം കുടിശ്ശിക തുക പിഴ പലിശ ഒഴിവാക്കി 151292/- രൂപയായി കുറച്ച് നൽകിയിരുന്നു. ഇപ്രകാരം പിഴ പലിശ ഒഴിവാക്കിയിട്ടുള്ള തുക ഒടുക്കുന്നതിനാണ് ഓഡിറ്റ് തടസ്സ തുക പിൻവലിച്ചിരുന്നത് . 26.08.2014 ലെ 4(15)/14 നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം അന്ന് കുടിശ്ശികയായി ഉണ്ടായിരുന്ന തുക ഒടുക്കിയതായി കമ്മറ്റിക്ക് ബോധ്യമുള്ളതിനാലും തുടർന്ന് വരുന്ന വർഷങ്ങളിൽ പ്രസ്തുത തുക കുടിശ്ശികയോ നീക്കിയിരിപ്പോ ആകാത്തതിനാലും കുടിശ്ശിക തുക ഒടുക്കുന്നതിന് വീണ്ടും പഞ്ചായത്തിനോട് കെ.എസ്.ഇ.ബി ആവശ്യപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിലും പിൻവലിച്ച തുക മുഴുവനായി ഒടുക്കിയിട്ടുള്ളതായും ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ചെലവ് ചെയ്ത തുകയിന്മേൽ ഓഡിറ്റ് പരമർശം ഒഴിവാക്കി തരുന്നതിന് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റിയോട് അഭ്യർത്ഥിക്കുന്നതിന് പഞ്ചായത്ത് |

| | | | |
|---|---|---|---|
| | | രൂപയും കെട്ടിട നികുതി 130200/- രൂപയും ഓഡിറ്റ് കാലയളവിൽ കാലഹരണപ്പെട്ടതിനാൽ പഞ്ചായത്തിന് നഷ്ടമായി ഓഡിറ്റിൽ കണക്കാക്കുന്നു. | ഉദ്യോഗസ്ഥർക്ക് തുക തിരിച്ചടക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതാണ്. മേൽ കാലഘട്ടത്തിൽ നികുതി പിരിച്ചെടുക്കുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുള്ള ഉദ്യോഗസ്ഥരിൽ ഒരാൾ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതും മറ്റൊരാൾ മരണപ്പെട്ടുപോയിട്ടുള്ളതും ആകുന്നു. ഓഡിറ്റ് പരാമർശത്തിന് വിധേയമായിട്ടുള്ള മേൽ തുകകൾ അതാതു ജീവനക്കാരന്റെ ബാധ്യതയായി കണ്ട് പെൻഷനിൽ നിന്നും ടി തുകകൾ കുറവു ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതായി നഗരകാര്യ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 19 | 3.96.1 | **വൈത്തിരി ഗ്രാമപഞ്ചായത്ത്**<br><br>**കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ അടച്ച തുക കുടിശ്ശിക അടയ്ക്കാനുണ്ടായ സാഹചര്യം ബോധ്യപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ട്: 2001-2002 ഖണ്ഡിക 3(3)-** വൈത്തിരി ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ പമ്പ് ഹൗസുകൾ എന്നിവയുടെ കറന്റ് വില കുടിശ്ശിക എന്നു കാണിച്ച് 6/01, 7/01, 8/01 മാസങ്ങളിൽ 151292/- രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ 79474/- രൂപയുടെ രശീത് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. കുടിശ്ശിക അടയ്ക്കാനുണ്ടായ സാഹചര്യം കുടിശ്ശിക വന്ന കാലയളവിലെ | 19. 08.02.2001 ലെ 695 നമ്പർ പഞ്ചായത്ത് തീരുമാന പ്രകാരം 195883/ – രൂപ സ്ട്രീറ്റ് ലൈറ്റ് ചാർജ്ജ് ഇനത്തിൽ കുടിശ്ശിക ഉള്ളതായും ഇത്രയും ഭീമമായ തുക അടവാക്കുന്നതിന് പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി അനുവദിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുക അഞ്ച് തുല്യ ഗഡുക്കളായി അടക്കുന്നതിന് പഞ്ചായത്ത് തയ്യാറാണെന്നും മേലിൽ വരുന്ന തുക അതാത് മാസം പഞ്ചായത്ത് യഥാസമയം അടവാക്കുന്നതാണ് എന്ന് ഭരണസമിതി തീരുമാന |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക**

| | | | |
|---|---|---|---|
| | | ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റും സെക്രട്ടറിയും മെമ്പർമാർമാരും പരസ്പരം കൂടിയാലോചയില്ലൂടെ തീർക്കേണ്ട ഒരു വിഷയം നിസ്സാരമായി കാണുകയും പഞ്ചായത്ത് ഫണ്ടിന് 60876/- രൂപ നഷ്ടം വരുകയും പഞ്ചായത്ത് ഫണ്ടിന് 60876/- രൂപ നഷ്ടം വരുകയും ചെയ്തിട്ടുണ്ട്. | അറിവായതായി പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കാലഹരണപ്പെട്ട വിഷയമായതിനാലും ടിയാന്റെ പേരിൽ സ്ഥാവര ജംഗമ സ്വത്തുക്കൾ ഇല്ലാത്തതിനാലും പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് വയനാട് ജില്ലാ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 18 | 3.95.1 | **മാനന്തവാടി നഗരസഭ**<br><br>**കെട്ടിട നികുതി, തൊഴിൽ നികുതി എന്നിവ കാലഹരണപ്പെട്ടതുമൂലം നഷ്ടം** -ഓഡിറ്റ് റിപ്പോർട്ട്: 2001-2002 ഖണ്ഡിക 2(2) - കെട്ടിനികുതി തൊഴിൽ നികുതി രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഭീമമായ തുകകൾ പിരിച്ചെടുക്കാതെ നിലനിൽക്കുന്നു. തൊഴിൽ നികുതയിനത്തിൽ 871020/- രൂപ 1997-98 മുതൽ 2001-02 കാലയളവിലേയ്ക്ക് പിരിച്ചെടുക്കാനുണ്ട്. 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 543 -ാം വകുപ്പ് പ്രകാരം 3 വർഷത്തിനു ശേഷം പഞ്ചാ.ത്തിനു ലഭിക്കേണ്ടുന്ന നികുതി തുകകൾ വസൂലാക്കുന്നതിന് നിയമ നടപടികൾ സ്വീകരിക്കാൻ സാധിക്കില്ല. ഇക്കാരണത്താൽ 1998-99 വർഷത്തെ നികുതി കുടിശ്ശിക 264850/- | 18. മാനന്തവാടി നഗരസഭ 2015 നവംബർ ഒന്നിന് ഗ്രാമപഞ്ചായത്തിൽ നിന്നും നഗരസഭയായി മാറിയെങ്കിലും പഞ്ചായത്ത് ജീവനക്കാർ തന്നെയാണ് ജോലിയിൽ തുടർന്നു വന്നിരുന്നത്. വിവിധ ഗ്രാമപഞ്ചായത്തുകളിലേക്ക് സ്ഥലം മാറിപോയിട്ടുള്ള ജീവനക്കാർ നഗരസഭക്ക് കൈമാറിയ ഫയലുകൾ പരിശോധിച്ചതിൽ പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് മുൻപ് നൽകിയിട്ടുള്ള മറുപടിയിൽ 7,325/-രൂപ കെട്ടിട നികുതി ഇനത്തിൽ പിരിച്ചെടുക്കുവാനുള്ളതായി കാണിക്കുന്നു. ആയതിന് ഉത്തരവാദികളായ |

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-2007 വർഷത്തെ സമാഹൃത റിപ്പോർട്ടിൻമേൽ തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊ

**ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക.**

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | പരാമർശ വിഷയം | ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ |
|---|---|---|---|
| 1 | 3.94.1 | **നിരവിൽപുഴ-മുണ്ടങ്ങോത്ത് റോഡ് ടാറിംഗ് പ്രവൃത്തിക്ക് കൂടുതൽ തുക നൽകി :**<br><u>ഓഡിറ്റ് റിപ്പോർട്ട്: 2000-01 ഖണ്ഡിക 3-1 :</u><br>മേൽ പ്രവൃത്തിയുടെ 2 -ാമത് ഇനമായി സൈഡ് ഡ്രെയ്നിന് വേണ്ടി എല്ലാത്തരത്തിലുമുള്ള മണ്ണ് കിളച്ചു മാറ്റുന്ന പ്രവൃത്തി നടത്തിയതിന് 10 എം 3-ന് 505/- രൂപ പ്രകാരം നൽകേണ്ടതിനുപകരം 1 എം$^3$-ന് 505/- രൂപ പ്രകാരം നൽകി. ടി പ്രവർത്തിയുടെ അളവ്, എം ബുക്ക് പേജ് 73 പ്രകാരം 102.60 എം$^3$ ആണ്. 10 എം$^3$ -ന് 505/- രൂപ പ്രകാരം ആകെ 5181.30/- രൂപയാണ് നൽകാവുന്നത്. എന്നാൽ നൽകിയത് 51813/- രൂപയാണ്. അതായത് 46631.70 രൂപ കൂടുതൽ. പവൃത്തിയുടെ ഫൈനൽ ബിൽ നൽകിയപ്പോൾ ബന്ധപ്പെട്ട എഞ്ചിനീയർ രേഖപ്പെടുത്തിയ അളവുകളും, അതിന്റെ മൂല്യ നിർണ്ണയവും പരിശോധിക്കാതെ തുക നൽകിയതുമൂലമാണ് പിശക് മനസ്സിലാകാതെ പോയത്. ഫൈനൽബിൽ പ്രകാരം കരാറുകാരന് നൽകാൻ ശേഷിക്കുന്ന 1673/- രൂപ തട്ടിക്കിഴിച്ചാൽ അധികം നൽകിയ തുക 44959/- രൂപയായി കണക്കാക്കാം. ടി തുക ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. | ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ.സി പി ദേവസ്യ, വീട്, കാവുംമന്ദം പി ഒ, വയനാട് എന്നവർക്ക് 1/04/2011 ന 44959/- രൂപ മുതലും 22/06/2001 മുതൽ 31/03/2011 വരെയുള്ള 1 78920/- രൂപയും ഉൾപ്പെടെ ആകെ 123879/- രൂപ റവന്യൂ റിക്ക ഈടാക്കുന്നതിന് നടപടിയെടുത്തു. ലോക്കൽ ഫണ്ട് ഓഡിറ്റ് തിരുവനന്തപുരം 16/07/2011 ലെ LF/PT3/12879/11 നമ്പർ കത്ത പ്രസ്തുത നഷ്ടത്തിന് ശ്രീ. സി പി. ദേവസ്യ മാത്രമല്ല ഉത്തരവാ ചെക്ക് മെഷർ ചെയ്ത എഞ്ചിനീയർമാരും തുല്ല്യ ഉത്തരവാദിക അറിയിച്ചിട്ടുള്ളതിനാൽ ശ്രീ.സി പി ദേവസ്യക്ക് എതിരെ മാത്രമുള റിക്കവറി നടപടി നിർത്തിവെക്കുന്നതിന് ജില്ലാ കളക്ടർ 20/07/2011 ന് ഈ ഓഫീസിൽ നിന്നും കത്ത് നൽകിയിരുന്നു.<br>ഇതിനിടയിൽ ശ്രീ.സി പി ദേവസ്യ തനിക്കെതിരെയുള്ള റിക്കവറി നടപടികൾക്കെതിരെ ബഹു: ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്തിരിക്കുന്നതിനാൽ ഇക്കാര്യത്തിന് മറ്റ് തുടർന സ്വീകരിക്കുവാൻ സാധിച്ചിട്ടില്ലെന്ന വിവരം ബോധിപ്പിക്കുന്നു. |

KRUPANANDAN K.R.
[illegible] Secretary to Govt.
[illegible] Govt. Dept.
[illegible] Secretariat
Thiruvananthapuram

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക**

| | | | |
|---|---|---|---|
| | | ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റും സെക്രട്ടറിയും മെമ്പർമാർമാരും പരസ്പരം കൂടയാലോചയിലൂടെ തീർക്കേണ്ട ഒരു വിഷയം നിസ്സാരമായി കാണുകയും പഞ്ചായത്ത് ഫണ്ടിന് 60876/- രൂപ നഷ്ടം വരുകയും പഞ്ചായത്ത് ഫണ്ടിന് 60876/- രൂപ നഷ്ടം വരുകയും ചെയ്തിട്ടുണ്ട്. | അറിവായതായി പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കാലഹരണപ്പെട്ട വിഷയമായതിനാലും ടിയാന്റെ പേരിൽ സ്ഥാവര ജംഗമ സ്വത്തുക്കൾ ഇല്ലാത്തതിനാലും പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് വയനാട് ജില്ലാ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 18. | 3.95.1 | **മാനന്തവാടി നഗരസഭ**<br><br>**കെട്ടിട നികുതി, തൊഴിൽ നികുതി എന്നിവ കാലഹരണപ്പെട്ടതുമൂലം നഷ്ടം** -ഓഡിറ്റ് റിപ്പോർട്ട്: 2001-2002 ഖണ്ഡിക 2(2) - കെട്ടിനികുതി തൊഴിൽ നികുതി രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഭീമമായ തുകകൾ പിരിച്ചെടുക്കാതെ നിലനിൽക്കുന്നു. തൊഴിൽ നികുതിയിനത്തിൽ 871020/- രൂപ 1997-98 മുതൽ 2001-02 കാലയളവിലേയ്ക്ക് പിരിച്ചെടുക്കാനുണ്ട്. 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 543 -ാം വകുപ്പ പ്രകാരം 3 വർഷത്തിനു ശേഷം പഞ്ചാ.ത്തിനു ലഭിക്കേണ്ടുന്ന നികുതി തുകകൾ വസൂലാക്കുന്നതിന് നിയമ നടപടികൾ സ്വീകരിക്കാൻ സാധിക്കില്ല. ഇക്കാരണത്താൽ 1998-99 വർഷത്തെ നികുതി കുടിശ്ശിക 264850/- | 18. മാനന്തവാടി നഗരസഭ 2015 നവംബർ ഒന്നിന് ഗ്രാമപഞ്ചായത്തിൽ നിന്നും നഗരസഭയായി മാറിയെങ്കിലും പഞ്ചായത്ത് ജീവനക്കാർ തന്നെയാണ് ജോലിയിൽ തുടർന്നു വന്നിരുന്നത്. വിവിധ ഗ്രാമപഞ്ചായത്തുകളിലേക്ക് സ്ഥലം മാറിപോയിട്ടുള്ള ജീവനക്കാർ നഗരസഭക്ക് കൈമാറിയ ഫയലുകൾ പരിശോധിച്ചതിൽ പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് മുൻപ് നൽകിയിട്ടുള്ള മറുപടിയിൽ 7,325/-രൂപ കെട്ടിട നികുതി ഇനത്തിൽ പിരിച്ചെടുക്കുവാനുള്ളതായി കാണിക്കുന്നു. ആയതിന് ഉത്തരവാദികളായ |

**സംസ്ഥാന ഓഡിറ്റ് വകുപ്പിൻെറ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക**

| | | | |
|---|---|---|---|
| | | | നടപടികളും ഒഴിവാക്കണമെന്ന് ബഹു. നിയമ സഭാസമിതിയോട് അപേക്ഷിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ 05.01.2018 ലെ 3(1) നമ്പർ തീരുമാനപ്രകാരം ഐക്യകണ്ഠേന തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് വയനാട് ജില്ലാ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 17 | 3.93.1 | **നെൻമേനി ഗ്രാമപഞ്ചായത്ത്**<br><br>**പാട്ടത്തകുന്ന് കുടിവെള്ള പദ്ധതി - നഷ്ടം 60876/- രൂപ** -ഓഡിറ്റ് റിപ്പോർട്ട്: 2001-2002 ഖണ്ഡിക 3(6) - സുൽത്താൻ ബത്തേരി, തേനുങ്കൽ ട്രേഡേഴ്സ് പഞ്ചായത്തിന് പമ്പ് സെറ്റ് വിതരണം നടത്തിയതിനെ സംബന്ധിച്ച് പഞ്ചായത്ത് മെമ്പർമാർ തമ്മിൽ തർക്കമുമണ്ടാകുകയും തുടർന്ന് സുൽത്താൻ ബത്തേരി മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ഒടുവിൽ ഭീമമായ തുക പലിശയായും കോടതി ചെലവായും പഞ്ചായത്ത് തേനുങ്കൽ ട്രേഡേഴ്സിന് നല്കേണ്ടതായും വന്നു. തേനുങ്കൽ ട്രേഡേഴ്സിനു യഥാർത്ഥത്തിൽ കൊടുക്കേണ്ടിയിരുന്ന ക്വട്ടേഷൻ തുക 36624/- രൂപയ്ക്ക് പകരം 97500/- രൂപ തനത് ഫണ്ടിൽ നിന്നും | 17. ഓഡിറ്റ് തടസ്സപ്പെടുത്തിയ തുകയിൽ പലിശയുൾപ്പടെ 33645/-രൂപ ശ്രീമതി സരള ടീച്ചറും, 35511 /-രൂപ ശ്രീമതി കെ.കെ.വിജയമ്മ ടീച്ചറും പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. സർവ്വീസിൽ നിന്നും വിരമിച്ച സെക്രട്ടറി ശ്രീ. പി.കേശവന്റെ ഡി.സി.ആർ.ജി യിൽനിന്നും 23600/-രൂപ ഈടാക്കുന്നതിന്ന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ടിയാന് സുൽത്താൻബത്തേരി, വൈത്തിരി താലൂക്കുകളിൽ സ്ഥാവര ജംഗമ സ്വത്തുക്കൾ ഇല്ലാത്തതിനാൽ 11.10.2021 ന് ജപ്തി നോട്ടീസ് മടക്കിയതായി |

സംസ്ഥാന ഓഡിറ്റ് വകുപ്പിൻെറ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

| | | | |
|---|---|---|---|
| | | | പരിഗണനയ്ക്കായി സമർപ്പിക്കുന്നു. |
| 16 | 3.92.2 | **അമ്പലവയൽ ഗ്രാമപഞ്ചായത്ത്**<br><br>**പഞ്ചായത്ത് ബസ് സ്റ്റാൻറ് ഷോപ്പിംഗ് കോംപ്ലക്സ് – മുറികൾ വാടകക്കാരനിൽ നിന്ന് വാടക ഈടാക്കിയില്ല** – ഓഡിറ്റ് റിപ്പോർട്ട്: 2001-2002 ഖണ്ഡിക (2-4) –അമ്പലവയൽ പഞ്ചായത്ത് ബസ്റ്റാൻറ് ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ 20000-01 വർഷത്തിൽ ലേലം ചെയ്ത 01.11.2000 മുതൽ 31.10.01 വരെ വിവിധ വ്യക്തികൾക്ക് വാടകയ്ക്ക് നല്കിയെങ്കിലും വാടക കൂടുതലാണെന്ന കാരണത്താൽ പലവ്യക്തികളും 2001-02 വർഷത്തിൽ മുറി ഒഴിഞ്ഞതായി കാണുന്നു. മുൻകൂർ നോട്ടീസ് നല്കാതെ വാടക്കാകരൻ സ്വമേധയാ മുറികളൊഴിഞ്ഞു പോയതിനാൽ പഞ്ചായത്തന് മുറികൾ പുനഃലേലം ചെയ്യാൻ കഴിയാതെ വരുകയും നഷ്ടം വന്ന തുക ഈടാക്കാതെ ഡെപ്പോസിറ്റ് തുക മടക്കി നല്കിയതിനാലും പഞ്ചായത്തിന് 29000/- രൂപ നഷ്ടമുണ്ടായതായി കാണുന്നു. | 16. 2006 – 07 സമാഹൃത റിപ്പോർട്ടിൽ ഖണ്ഡിക 3.92.2 ബസ് സ്റ്റാൻറ് കം ഷോപ്പിംഗ് കോംപ്ലക്സ് മുറികൾക്ക് വാടക ഈടാക്കാതെ ഡെപ്പോസിറ്റ് തുക തിരിച്ച് നൽകിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്ന് കാണിച്ച് 20.12.2017 തിയ്യതിയിൽ നോട്ടീസ് നൽകുകയുണ്ടായി. 16 വർഷം മുമ്പുള്ള സാഹചര്യം പരിഗണിച്ചാണ് ഡെപ്പോസിറ്റ് തുക വാടകകാർക്ക് തിരിച്ച നൽകിയത്. പ്രസ്തുത കാലയളവിൽ നടന്ന നടപടിക്രമങ്ങളുടെ പലരേഖകളും ഗ്രാമപഞ്ചായത്ത് ഓഫീസിൽ ലഭ്യമല്ലാത്ത സാഹചര്യമാണെന്നും പ്രസ്തുത കാലയളവിലെ ഉദ്യോഗസ്ഥർ പലരും സർവ്വീസിൽ നിന്നും വിരമിക്കുകയും അക്കാലത്തെ ജനപ്രതിനിധികളിൽ പലരും വാർദ്ധക്യത്തിൻറെ അവശതകൾ അനുഭവിക്കുകയും തികഞ്ഞ ദാരിദ്രാവസ്ഥയിൽ കഴിയുകയും ചെയ്യുന്നതായും പ്രസ്തുത കാലയളവിൽ സംഭവിച്ച പിശകുകൾ മാപ്പാക്കി പരാമർശങ്ങളും ജപ്തി |

| | | | |
|---|---|---|---|
| | | | ഉണ്ടാവുകയും ചെയ്യുതായും വർഷത്തിൽ 32 ലക്ഷം രൂപയോളം വാടക ഇനത്തിൽ മാത്രം പഞ്ചായത്തിന് നിലവിൽ വരുമാനവും ലഭിക്കുന്നുണ്ട്. 16 വർഷം മുമ്പ് അന്നത്തെ സാഹചര്യം പരിഗണിച്ച് പഞ്ചായത്ത് കൈക്കൊണ്ട തീരുമാനമാണ്. പ്രസ്തുത കാലയളവിൽ നടന്ന നടപടിക്രമങ്ങളുടെ പലരേഖകളും ഗ്രാമപഞ്ചായത്ത് ഓഫീസിൽ ലഭ്യമല്ലാത്ത സാഹചര്യമാണെന്നും പ്രസ്തുത കാലയളവിലെ ഉദ്യോഗസ്ഥർ പലരും സർവ്വീസിൽ നിന്നും വിരമിക്കുകയും അക്കാലത്തെ ജനപ്രതിനിധികളിൽ പലരും വാർദ്ധക്യത്തിൻറെ അവശതകൾ അനുഭവിക്കുകയും തികഞ്ഞ ദാരിദ്രാവസ്ഥയിൽ കഴിയുകയും ചെയ്യുന്നതായും പ്രസ്തുത കാലയളവിൽ സംഭവിച്ച പിശകുകൾ മാപ്പാക്കി പരാമർശങ്ങളും ജപ്തി നടപടികളും ഒഴിവാക്കണമെന്ന് ബഹു. നിയമ സഭാസമിതിയോട് അപേക്ഷിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ 05.01.2018 ലെ 3(1) നമ്പർ തീരുമാനപ്രകാരം ഐക്യകണ്ഠേന തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ അപേക്ഷ ബഹു. നിയമ സഭാസമിതി മുമ്പാകെ |

| | | | |
|---|---|---|---|
| | | അംഗങ്ങളിൽ നിന്നും ഈടാക്കേണ്ടതാണ്. | ജനപ്രതിനിധികളുടേയും അഭിപ്രായങ്ങൾ പരിഗണിച്ച് താക്കോൽ ഏറ്റുവാങ്ങിയ ദിവസം മുതൽ വാടക ഈടാക്കിയാൽ മതിയെന്ന് പഞ്ചായത്ത് ഭരണസമിതി തീരുമാനം ഉണ്ടായതെന്നും അന്നത്തെ സാഹചര്യത്തിൽ ഏറെ പ്രസക്തവും ഉചിതവുമായ തീരുമാനമാണ് ഭരണസമിതി കൈക്കൊണ്ടതെന്നും 4/2000 മുതൽ 10/2000 വരെ വാടക ഈടാക്കാത്തതുമൂലം 512620 /-രൂപയുടെ നഷ്ടം ഗ്രാമപഞ്ചായത്തിനുണ്ടായി എന്ന ഓഡിറ്റ് നിഗമനം മേൽ വസ്തുതകൾ യഥാസമയം ഓഡിറ്റ് അധികാരികളെ ബോദ്ധ്യപ്പെടുത്താത്തതുമൂലം ഉണ്ടായതാണെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ഇത് ഗ്രാമപഞ്ചായത്തിനുണ്ടായ സാമ്പത്തിക നഷ്ടമായി പരിഗണിക്കേണ്ടതില്ലെന്നും ബസ് സ്റ്റാൻറ് പൂർണ്ണതോതിൽ പ്രവർത്തിച്ചു തുടങ്ങിയ ശേഷം എല്ലാ കടമുറികളിൽ നിന്നും കാലാനുസൃതമായ വാടക ഈടാക്കിവരുകയും വർഷങ്ങളായി അമ്പലവയൽ ഗ്രാമപഞ്ചായത്തിന് മികച്ച സാമ്പത്തിക നേട്ടവും |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക**

| | | | |
|---|---|---|---|
| 15 | 3.92.1 | **അമ്പലവയൽ ഗ്രാമപഞ്ചായത്ത്**<br><br>**ബസ്സ്റ്റാൻറ് കം ഷോപ്പിംഗ് കോംപ്ലക്സ് – മുറികൾ വാടകയ്ക്ക് നല്കിയതിലെ ക്രമക്കേടുകൾ** -ഓഡിറ്റ് റിപ്പോർട്ട്: 2000-2001 ഖണ്ഡിക 2(14)3 -ബസ്സ്റ്റാൻറ് കം ഷോപ്പിംഗ് കോംപ്ലക്സിലെ പുതിയ ബ്ലോക്കുകളായ 1,2.3 മുറികൾ 31.02.02 വരെയുള്ള മൂന്ന് വർഷത്തേയ്ക്ക് 09.02.2000-ൽ ലേലമുറയ്പ്പിക്കുകയും 9 മാസത്തെ വാടക ഡെപ്പോസിറ്റായി വാങ്ങുകയും ചെയ്തെങ്കിലും വാടക 01.11.2000 മുതലാണ് ഈടാക്കി കാണുന്നത്. 13.10.2000 ലെ 80-ാം നമ്പർ പഞ്ചായത്ത് തീരുമാനപ്രകാരം ബസ്സ്റ്റാൻറ് തുറക്കാത്തതിനാൽ 2,3 ബ്ലോക്കിൽ പെട്ടവരോട് താക്കോൽ ഏറ്റുവാങ്ങിയ ദിനം മുതൽ വാടക ഈടാക്കിയാൽ മതിയെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇക്കാര്യം ലേലപരസ്യത്തിൽ പറഞ്ഞിട്ടില്ല. മാത്രമല്ല വാടകക്കാരുമായി കരാറുടമ്പടി തയ്യാറാക്കിയതായും കാണുന്നില്ല. 09.02.2000 ൽ നടന്ന ലേലത്തിൽ നിബന്ധനപ്രകാരം ലേലം കൊണ്ട വാടകക്കാരുടെ പക്കൽ നിന്നും 4/2000 മുതൽ 10/2000 വരെയുള്ള വാടക ഈടാക്കാത്തതുകാരണം പഞ്ചായത്തിന് നഷ്ടം സംഭവിച്ച 512620/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും പഞ്ചായത്തിന് നഷ്ടം സംഭവിച്ച 512620/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും പഞ്ചായത്ത് തീരുമാനപ്രകാരം അംഗീകരിച്ച ഭരണ സമിതി | 15. 2006 – 07 സമാഹൃത റിപ്പോർട്ടിൽ ഖണ്ഡിക 3.92.1, പ്രകാരം ഓഡിറ്റ് തടസ്സപ്പെടുത്തിയ 512620/-രൂപ അടവാക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം റവന്യൂ റിക്കവറി സ്വീകരിക്കുന്നതാണെന്ന് കാണിച്ച് നോട്ടീസ് അയയ്ക്കുകയുണ്ടായി. ആയതിനെ തുടർന്ന് മുൻ ജനപ്രതിനിധികളിലെ ഭൂരിഭാഗം പേരും വിശദീകരണം എഴുതി നല്കുകയും ചെയ്തു. ഭരണസമിതി ആയത് പരിശോധിച്ചതിൽ 2000 വർഷത്തിൽ ബസ് സ്റ്റാൻറിലെ ഷോപ്പിംഗ് കോംപ്ലക്സ് പുതിയ ബ്ലോക്കുകൾ ലേലം ചെയ്ത് നൽകിയിരുന്നുവെങ്കിലും ബസ് സ്റ്റാൻറ് തുറന്ന് പ്രവർത്തിക്കുന്നതിൽ ഏറെ കാലതാമസം നേരിടുകയും ടി ഷോപ്പിംഗ് കോംപ്ലക്സ് വാണിജ്യപരമായി ഒട്ടും മെച്ചപ്പെട്ട അവസ്ഥയിലല്ലാതെ വരികയും കറൻറ് കണക്ഷൻ ഇല്ലാതിരിക്കുകയും ചെയ്തു അവസ്ഥ വിലയിരുത്തുകയുണ്ടായി. 19.09.2012 ൽ ഓഡിറ്റ് വകുപ്പിനും ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് വയനാടിനും ടി വിഷയങ്ങൾ പരിശോധിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നതായി. പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. വ്യാപാരികളുടേയും |

**സംസ്ഥാന ഓഡിറ്റ് വകുപ്പിൻെറ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക**

| | | | |
|---|---|---|---|
| | | | സാമ്പത്തിക വർഷത്തിൽ വെള്ളാർമല ഗവൺമെന്റ് ഹൈസ്കൂളിലെ പ്രൈമറി വിഭാഗത്തിലേക്ക് മൈക്ക് സെറ്റിനും ഫർണിച്ചറിനുമായി തുക അനുവദിക്കുകയുണ്ടായി. അന്നത്തെ സ്കൂളിന്റെ ദയനീയ സ്ഥിതി പരിഗണിച്ചുകൊണ്ട് പി.റ്റി.എയുടെ ആവശ്യപ്രകാരമാണ് പഞ്ചായത്ത് മേൽതുക അനുവദിച്ചത്. 1955 ൽ പ്രവർത്തനം ആരംഭിച്ച സ്കൂളിന്റെ വളരെ കാലത്തെ ആവശ്യപ്രകാരമാണ് ഫർണിച്ചറിനും, മൈക്ക് സെറ്റിനുമായി തുക ചെലവഴിക്കേണ്ടി വന്നത്. ഹൈസ്കൂളിന്റെ ഭാഗമായി പ്രവർത്തിക്കുന്ന എൽ.പി/യു.പി വിഭാഗത്തിൽപ്പെട്ട ഗ്രാമപ്രദേശത്തെ സാധാരക്കാരായ വിദ്യാർത്ഥികളുടെ ആവശ്യം നിറവേറ്റുന്നതിന് വിനിയോഗിച്ച തുക ദുർവിനിയോഗമല്ലാത്തതിനാൽ പരാമർശം ഒഴിവാക്കുന്നതിന് 30.10.2021 ലെ 8/2021 നമ്പർ ഭരണസമിതി തീരുമാന പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് വയനാട് ജില്ലാ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക**

| | | | |
|---|---|---|---|
| 14 | 3.91.4 | **മേപ്പാടി / മൂപ്പൈനാട് ഗ്രാമപഞ്ചായത്ത്**<br><br>**വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദനീയമല്ലാത്ത രീതിയിൽ ധനസഹായം നല്കി** -ഓഡിറ്റ് റിപ്പോർട്ട്: 2002-2003 ഖണ്ഡിക 3(10)-സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(പി)189/95 എൽ.എ.ഡി.തീയതി,18.09.95, ജി.ഒ(പി)188/200 എൽ.എസ്.ജി.ഡി.തീയതി, 04.01.2000 എന്നീവ പ്രകാരം ഗ്രാമ പഞ്ചായത്തുകളുടെ അധീനതയിലുള്ള എൽ.പി,യു.പി സ്കൂളുകളുടെ ചെലവുകൾ മാത്രമാണ് ഗ്രാമപഞ്ചായത്തുകൾക്ക് നിർവ്വഹിക്കാവുന്നതെന്നിരിക്കേ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ എന്നീവയ്ക്ക് ചെലവ് ചെയ്ത 218475/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. | 14. ഭൂരിഭാഗവും എസ്റ്റേറ്റ് തൊഴിലാളികളുടെ മക്കളും മറ്റു പിന്നോക്ക വിഭാഗം വിദ്യാർത്ഥികളും പഠിക്കുന്ന വിദ്യാലയമായതിനാലും, സ്കൂളിന്റെ ഭൗതിക സാഹചര്യം ഏറെ പിന്നോക്ക അവസ്ഥയിലുള്ളതും യു.പി. വിഭാഗം വിദ്യാർഥികൾ നിലത്തിരുന്ന് പഠിച്ചിരുന്ന സാഹചര്യം കണക്കിലെടുത്തും പി.റ്റി.എ ആവശ്യപ്പെട്ട പ്രകാരമാണ് ഫർണ്ണീച്ചർ അനുവദിച്ചിട്ടുള്ളത്. ഹൈസ്കൂളുകളോട് ചേർന്ന എൽ.പി/യു.പി സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്, നടപടി സ്വീകരിക്കുന്നതിന് നിയമതടസ്സം ഇല്ലാത്തതിനാലാണ് ഫർണിച്ചർ സപ്ലൈ ചെയ്ത് മേപ്പാടി ഗവൺമെന്റ് ഹൈസ്കൂളിലെ കുട്ടികളുടെ ഭൗതിക സാഹചര്യം വളരെ പിന്നോക്കാവസ്ഥയിൽ ആയിരുന്നതിനാൽ പി.റ്റി.എയുടെ നിരന്തര സമ്മർദ്ദം മൂലം മേപ്പാടി ഗ്രാമപഞ്ചായത്ത് 2002 – 03 വർഷത്തിൽ കുറച്ച് ഫർണിച്ചർ നൽകിയത് . ആയത് യു.പി വിഭാഗത്തിന് മെച്ചപ്പെട്ട രീതിയിൽ പഠിക്കാൻ സംവിധാനമുണ്ടായി എന്നത് ഏറെ ആശ്വാസകരമാണെന്നും അതിന്റെ പരിണിതഫലം പിന്നീട് വിദ്യാർത്ഥികളുടെ പഠന നിലവാരത്തിൽ പ്രതിഫലിച്ചിട്ടുണ്ട്. 2002 – 03 |

| | | | |
|---|---|---|---|
| | | വാടക 2000-01 വർഷം കൈവശം വച്ച വ്യക്തിയിൽ നിന്ന് ഈടാക്കുന്നതിന് പഞ്ചായത്ത് അധികൃതർ തയ്യാറായിട്ടില്ല- അതുപോലെ 2002-03 വർഷത്തിൽ ടി റൂം ആർക്കും ലേലത്തിൽ നല്കാത്തതിനാൽ തൻവർഷത്തെ വാടക പഞ്ചായത്തിന് നഷ്ടപ്പെട്ടു. ഈ തരത്തിൽ ടി റൂം ആർക്കും ലേലത്തിൽ നല്കാത്തതിനാൽ തനവർഷത്തെ വാടക പഞ്ചായത്തിന് നഷ്ടപ്പെട്ടു. ഈ തരത്തിൽ 9/1121-ാം നമ്പർ റൂമിന് 4/2000 മുതൽ വാടകയിനത്തിലും ലഭിക്കേണ്ടുന്ന 149940/- രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്. | സാമ്പത്തിക നഷ്ടത്തിന് പ്രസ്തുത കാലയളവിൽ ഓഫീസ് മേലാധികാരിയായിരുന്ന സെക്രട്ടറിയായ ശ്രീ.ടി.എം.ഇസ്രായിൽ എന്നവരുടെ പേരിൽ ബാധ്യതപ്പെടുത്തി ടിയാനിൽ നിന്നും തുക ഈടാക്കുന്നതിന് 18/01/2018 തിയ്യതിയിൽ പ്രസ്തുത കാലയളവിലെ സെക്രട്ടറിയായിരുന്ന ടി.എം.ഇസ്രായേൽ എന്നവർക്ക് നോട്ടീസ് തപാലിൽഅയച്ചിരുന്നുവെങ്കിലും കൈപ്പറ്റാതെ മടക്കുകയാണ് ഉണ്ടായത്. തടസ്സപ്പെടുത്തിയിട്ടുള്ള തുകയായ 241895/-രൂപ ഈടാക്കുന്നതിന് ശ്രീ .ടി.എം .ഇസ്രായേൽ എന്നവർക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും, ആയതിനെതിരെ ടിയാൻ ബഹു. കേരള ഹൈക്കോടതിയിൽ ഡബ്ല്യൂ.പി (സി) 29137/ 2019 നമ്പർ പ്രകാരം കേസ് ഫയൽ ചെയ്തിട്ടുള്ളതും , റവന്യൂ റിക്കവറി നടപടിക്ക് സ്റ്റേ ഉണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. സ്റ്റേ നടപടികൾ ഒഴിവാക്കുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടറോടും റവന്യൂ വകുപ്പിനോടും നിർദ്ദേശിച്ചിട്ടുണ്ട്. |

**സംസ്ഥാന ഓഡിറ്റ് വകുപ്പിൻെറ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക**

| | | | |
|---|---|---|---|
| | | | പരാമർശത്തിലുള്ള തുക ഒഴിവാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കിത്തരണമെന്ന് 12/12/2017 ലെ 6(എ) നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി സംസ്ഥാന ഓഡിറ്റ് വകുപ്പിനോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| 13 | 3.91.3 | **മേപ്പാടി ഗ്രാമപഞ്ചായത്ത്**<br><br>**കെട്ടിടത്തിൻെറ വാടക ഈടാക്കിയില്ല** -ഓഡിറ്റ് റിപ്പോർട്ട് 2002-2003 ഖണ്ഡിക 2(2)- പഞ്ചായത്തിൻെറ അധീനതയിലുള്ള കെട്ടിടത്തിൻെറ 9/1121-ാം നമ്പർ റൂമിലേയ്ക്ക് 2000-02 വർഷത്തിൽ 7050/- രൂപ മാസവാടക നിശ്ചയിച്ച് പി.ടി മുഹമ്മദ് എന്നയാൽക്ക് 25.04.2000 മുതൽ അനുവദിച്ച് നല്കിയെങ്കിലും മൂന്ന് മാസത്തെ വാടക ഡിപ്പോസിറ്റായി വാങ്ങിയ 21150/- രൂപ ഒഴിച്ച് നൻവർഷം ടിയാൻെറ കയ്യിൽ നിന്ന് വാടക ഈടാക്കിയതായി കാണുന്നില്ല. തുടർന്ന് 2001-02 വർഷത്തിൽ ടി റൂം പി. സക്കീർ ഹുസൈൽ എന്നയാൾക്ക് 01,10,01 മുതൽ 31 സ 03.02 വരെ 2600/- രൂപ മാസവാടക നിശ്ചയിച്ച് വാടകയ്ക്ക് നല്കിയതായി കാണുന്നുവെങ്കിലും 01.04.01 മുതൽ 30.09.01 വരെയുള്ള കാലയളവിൽ റൂം ആർക്കും ലേലത്തിൽ നല്കിയതായി കാണാത്തതിനാൽ ആ മാസങ്ങളിലെ | 13. 9/1121 നമ്പർ മുറിയുടെ 200102 വർഷത്തെ വാടക കുടിശ്ശിക ഈടാക്കുന്നതിന് ടി കാലയളവിലെ മുറിയുടെ കൈവശക്കാരനായ ശ്രീ.പി.ടി.മുഹമ്മദിനെതിരെ 18.07.2001 തിയതിയിലെ 178ാം നമ്പർ പഞ്ചായത്ത് തീരുമാന പ്രകാരം കൽപറ്റ സി.ജെ.എം കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനുള്ള വക്കാലത്ത് ഒപ്പ് വെച്ചിട്ടുണ്ടെങ്കിലും ആയത് യഥാസമയം കോടതിയിൽ ഫയൽ ചെയ്യുന്നതിനും, തുടർനടപടി സ്വീകരിക്കുന്നതിനും പ്രസ്തുത സമയത്തെ സെക്രട്ടറി വീഴ്ച്ച വരുത്തിയിട്ടുള്ളതായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്. യഥാസമയം പ്രസ്തുത തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് മൂലമുണ്ടായ |

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

| | | | |
|---|---|---|---|
| | | **ജെ.ആർ.വൈ പ്രവർത്തി പൂർത്തികരിച്ചിട്ടില്ല**<br><br>ഓഡിറ്റ് റിപ്പോർട്ട്: 2001-2002 ഖണ്ഡിക 3(5)<br><br>200000/-രൂപ എസ്റ്റിമേറ്റ് തുകയുള്ള ഇടിഞ്ഞകോല്ലി വേങ്ങച്ചോല റോഡ് രൂപീകരണം പ്രവർത്തിയ്ക്ക് കൺവീനർമാർ വി, വേലായുധന് 30.03.02 ൽ 50000 രൂപ അഡ്വാൻസും 02.11.02 ൽ 70000/-രൂപ വിലയുള്ള 10000 കിലോ ഭക്ഷ്യധാന്യവും നല്കിയിട്ടുണ്ടെങ്കിലും പ്രവർത്തി പൂർത്തികരിച്ചത് സംബന്ധിത്ത രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. 10.02.05 ലെ എ1-300/04 -ാം നമ്പർ നോട്ടീസ്+ 90% പ്രവർത്തി പൂർത്തികരിച്ചതായും ബാക്കി പ്രവർത്തിയ്ക്ക് വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ പൂർത്തികരിക്കാൻ കഴിയാത്തതെന്നും കൺവീനർ മറുപടി നല്കിയിട്ടുണ്ടെങ്കിലും പ്രവർത്തി പൂർത്തീകരിക്കുന്നതിന് നാളിതുവരെ ഗ്രാമ പഞ്ചായത്ത് യാതൊരു നടപടികളും കൈക്കൊള്ളാത്തിനിൽ കൺവീനർക്ക് നല്കിയ 120000/- രൂപ തടസ്സപ്പെട്ടുത്തുകയും കൺവീനറുടെ മറുപടിയുടെ നിജസ്ഥിതി അന്വേഷിച്ച് പ്രവർത്തി പൂർത്തികരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും ഭരണ വകുപ്പിനെ ചുമതലപ്പെടുത്തുന്നു. | റിക്കവറി നടപടി സ്വീകരിക്കുന്നതിനായി 13/07/2011 തിയ്യതിയിൽ ജില്ലാ കളക്ടർ മുമ്പാകെ 2011/1259/12 നമ്പരായി റിക്വസിഷൻ സമർപ്പിക്കുകയും, ആയതിന് ബഹു ജില്ലാകളക്ടർ 42011/ 18728/ 12 നമ്പർ കത്ത് പ്രകാരം നൽകിയ മറുപടിയിൽ കടിശ്ശിക കക്ഷിയായ ശ്രീ.വേലായുധൻ, വേങ്ങച്ചോല, തൃക്കൈപ്പറ്റ എന്നയാൾക്ക് തഹസിൽദാർ മുഖേന ഡിമാൻറ് നോട്ടീസ് നൽകിയിരുന്നതായും, ടിയാൻ ഭാര്യയുടെ പേരിൽ അനുവദിച്ച 4 സെൻറ് കോളനി സ്ഥലത്താണ് 2 പെൺമക്കൾ ഉൾപ്പെടുന്ന ടിയാൻറെ കുടുംബം താമസിക്കുന്നതെന്നും കൂലിപ്പണിചെയ്താണ് ഉപജീവനം നടത്തുന്നതെന്നും ടിയാന്റെ പേരിൽ വയനാട് ജില്ലയിൽ സ്ഥാവര ജംഗമ സ്വത്തുക്കൾ ഇല്ലെന്നും; മേൽ സാഹചര്യത്തിൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് നിർവ്വാഹമില്ല എന്നും അറിയിച്ചിട്ടുള്ളതായി. പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു. കൺവീനറായ ശ്രീ.വേലായുധൻ മരണപ്പെട്ടു പോയിട്ടുള്ളതിനാൽ ടിയാനെതിരെ തുടർ നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കാത്ത സാഹചര്യമാണ് ഉള്ളത്. ആയതിനാൽ ഓഡിറ്റ് |

ഉപ-172



| | | | |
|---|---|---|---|
| | | കൈപ്പറ്റ് രസീത്, ടാർ വാങ്ങിയത് ഏതൊക്കെ പ്രവർത്തികൾക്കെന്നോ ആവശ്യമുള്ള ടാറിൻെറ അളവ് എത്രയെന്നോ വ്യക്തമാക്കുന്ന പഞ്ചായത്ത് അസിസ്റ്റൻറ് എഞ്ചിനീയറിൻ്റെ റിപ്പോർട്ട്, ടാറിൻെറ സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ചെലവ് ചെയ്ത 241835/- രൂപ തടസ്സപ്പെടുത്തിയിച്ചുണ്ട്. | ടിയാനെ ഫോൺ മുഖാന്തിരം ബന്ധപ്പെടുകയും നിലവിലെ മേൽവിലാസം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 20.03.2019 തീയതിയിൽ ടിയാന് ഈ ഓഫീസിൽ നിന്ന് നോട്ടീസ് നൽകിയതിൽ 10.04.2019 ന് ടിയാൻ മറുപടി സമർപ്പിച്ചിട്ടുള്ളതുമാണ്. എന്നാൽ ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ പരാമർശ പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള തുകയായ 241895/- രൂപ ഈടാക്കുന്നതിന് ശ്രീ ടി.എം ഇസ്രായേൽ എന്നവർക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുകയും ആയതിനെതിരെ ടിയാൻ ബഹു കേരള ഹൈക്കോടതിയിൽ ഡബ്ള്യു പി (സി) 29137/2019 നമ്പർ പ്രകാരം കേസ് നൽകിയിട്ടുള്ളതും റിക്കവറി നടപടിക്ക് സ്റ്റേ ഉണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. സ്റ്റേ നടപടികൾ ഒഴിവാക്കുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടറോട്ടും റവന്യൂ വകുപ്പിനോടും നിർദ്ദേശിച്ചിട്ടുണ്ട്. |
| 12 | 3.91.2 | **മേപ്പാടി ഗ്രാമപഞ്ചായത്ത്** | 12. ടി റോഡ് പ്രവർത്തിയുമായി ബന്ധപ്പെട്ട് കൺവീനറായിരുന്ന ശ്രീ.വേലായുധ നെതിരെ റവന്യൂ |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക**

| | | | |
|---|---|---|---|
| | | 2000-ാമാണ്ട് ആയപ്പോഴേയ്ക്കും 1230082/-രൂപ പലിശയും 264434-/ രൂപ പിഴപ്പലിശയുൾപ്പെടെ 4509761/- രൂപ അടയ്ക്കാൻ ബാക്കി നിൽക്കുന്ന അവസ്ഥ വരുകയും തുടർന്ന് ജപ്തി നടപടികൾ വേണ്ടി വരുകയും ചെയ്തു. വളരെ ഭീമമായ സംഖ്യ കടമെടുത്ത് അതിലും വലിയ ബാദ്ധ്യതയായി മാറുകയും പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്കുള്ള പണം കൂടി ഈ ബാദ്ധ്യത തീർക്കാൻ ചെലവഴിക്കേണ്ടിവരുകയാണ്. | വില്ലേജോഫീസിൽ നേരിട്ട് അടയ്ക്കുകയും ആയത് ആർ. ആർ. തഹസീൽദാർക്ക് അയച്ചുകൊടുക്കുകയുമാണ് ചെയ്തു വന്നിരുന്നത്. 30.12.2016 വരെ KURDFC യിൽ നിലവിലുള്ള ബാധ്യത 1122813/ രൂപ ആണെന്ന് 03.01.2017 ലെ KURDFC/A2//271/2012 കത്ത് പ്രകാരം അറിയിക്കുകയും അതു പ്രകാരംപ്രസ്തുത കുടിശിഖ അടച്ച് ഷോപ്പിംഗ് കോംപ്ലക്സ് പഞ്ചായത്തിന്റെ ആസ്തി ആയി തിരികെ ലഭ്യമാക്കുകയും ചെയ്തിട്ടുള്ളതാണ്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകാവുന്നതാണെന്ന് ബഹു. നിയമസഭാ സമിതി മുമ്പാകെ ബോധിപ്പിക്കുന്നു. |
| 11 | 3.91.1 | **മേപ്പാടി ഗ്രാമപഞ്ചായത്ത്**<br><br>**ടാർ വാങ്ങൽ രേഖകൾ ഹാജരാക്കിയില്ല** -ഓഡിറ്റ് റിപ്പോർട്ട്: 2001-2002 ഖണ്ഡിക 3(4) -ടാർ വാങ്ങുന്നതിനു വേണ്ടി വൗച്ചർ നമ്പർ126/23.05.01 പ്രകാരം 241895/- രൂപ പിൻവലിച്ച് ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷന്റെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി നല്കിയതായി കാണുന്നുവെങ്കിലും കമ്പനിയുടെ ഇൻവോയ്സ്, | 11. ടി നിർമ്മാണ പ്രവർത്തികൾക്ക് ടാർ വാങ്ങിയതുമായി ബന്ധപ്പെട്ട പരാമർശത്തിന്മേൽ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 18.01.2018 തീയ്യതിയിൽ പ്രസ്തുത കാലയളവിലെ സെക്രട്ടറിയായിരുന്ന ടി.എം.ഇസ്രായേൽ എന്നവർക്ക് നോട്ടീസ് തപാലിൽ അയച്ചിരുന്നുവെങ്കിലും കൈപ്പറ്റാതെ മടങ്ങിവരുകയാണ് ഉണ്ടായത്. കൂടാതെ |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-2007 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിൻ മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2006-07 | 3.90.1 | ജെ ജി എസ്സ് വൈ- പ്രവർത്തി പൂർത്തീകരിച്ചില്ല. ഓഡിറ്റ് റിപ്പോർട്ട്:2002-03 ഖണ്ഡിക:3-11: 350000/രൂപ എസ്റ്റിമേറ്റ് തുക വകയിരുത്തി 2001-02 വർഷത്തിൽ ആരംഭിച്ച കടച്ചിക്കുന്ന് കോട്ടനാട് മൂല റോഡ് പ്രവൃത്തിക്ക് വൗച്ചർ നമ്പർ 43/01-02 തീയതി 30.03.02 പ്രകാരം 40000/-രൂപ കൺവീനർ എ.ചന്ദ്രന് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ അഡ്വാൻസായി നൽകിയ തുക പലിശ സഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്. | 2001-02 ൽ ആരംഭിച്ച കടച്ചിക്കുന്ന് കോട്ടനാട് മൂല റോഡ് പ്രവർത്തിക്ക് കൺവീനർ ശ്രീ എ ചന്ദ്രന് 30.03.02 ന് 40000/- അഡ്വാൻസും, ആകെ 133861/- രൂപയുടെ അരിയും നൽകിയിരുന്നു. 19.04.2003 ലെ വൗച്ചർ നമ്പർ 1/2003 പാർട്ട് ബിൽ പ്രകാരം 55165/ രൂപയും, 31.03.2006 ലെ വൗച്ചർ 35 ഫൈനൽ ബിൽ പ്രകാരം 34579/- രൂപയും നൽകിയിട്ടുണ്ട്. പ്രവർത്തി 2005-06 വർഷം പൂർത്തീകരിച്ചിട്ടുണ്ട്. |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-2007 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട തിരുനെല്ലി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക.

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2006-2007 | 3.89.1 | തൊഴിൽ നികുതി കാലഹരണപ്പെട്ടു<br><br>ഓഡിറ്റ് റിപ്പോർട്ട്: 2000-2001: ഖണ്ഡിക : 2-6<br><br>പഞ്ചായത്തിന് ലഭിക്കേണ്ടുന്ന തൊഴിൽ നികുതി കുടിശ്ശിക 3 വർഷത്തിലധികമായി പിരിച്ചെടുക്കാത്തതിനാൽ കേരള പഞ്ചായത്ത് രാജ് നിയമം 243 (1) വകുപ്പ് പ്രകാരം കാലഹരണപ്പെട്ടതായി കണക്കാക്കുന്നു. ഈയിനത്തിൽ 2000-2001 വർഷം കാലഹരണപ്പെട്ട 80152/-രൂപ കേരള പഞ്ചായത്ത് രാജ് നിയമം 243 (2) വകുപ്പ് പ്രകാരം 12% പലിശയടക്കം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്. | 2000-2001 വർഷം തൊഴിൽ നികുതിയിനത്തിൽ കാലഹരണപ്പെട്ട 80152/-രൂപ, ഈ കാലയളവിൽ തിരുനെല്ലി പഞ്ചായത്തിൽ നികുതി പിരിവ് ഉദ്യോഗസ്ഥരായി ജോലി ചെയ്തിരുന്നവരും നിലവിൽ സർവ്വീസിൽ ഉള്ളവരുമായ ശ്രീ.എം.ജെ.വിൽസൺ, എൽ ഡി സി പൂതാടി ഗ്രാമ പഞ്ചായത്ത്, ശ്രീ.കെ.എം. അബ്ദുൾ അസീസ്, എൽ ഡി ക്ലാർക്ക്, തിരുനെല്ലി ഗ്രാമ പഞ്ചായത്ത്, കുമാരി.എം. ലൂസി മേരി എക്കൗണ്ടന്റ് തവിഞ്ഞാൽ പഞ്ചായത്ത്, എന്നിവരോട് 26718 രൂപ വീതവും ആയതിന്റെ പലിശയും പഞ്ചായത്തിൽ അടയ്ക്കുന്നതിന് ആവശ്യപ്പെട്ട് ഈ ഓഫീസിൽ നിന്ന് 06.8.2011ന് എ1-11856/10 നമ്പറായി കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ആയത് റിക്കവറി ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

S. JAMUNA
Additional Secretary
Local Self Government Dept.
Govt. Secretariat, Trivandrum
Phone 2327232, 2518346

~~-168~~



| | | |
|---|---|---|
| | | ബാക്കിയുള്ള 45,369/- രൂപയിൽ 7355/- രൂപ ട്രഷറിയിൽ ഒടുക്കിയിട്ടുള്ളതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള തുകയുടെ രശീതികളുടെ ചെലാൻ കണ്ടെത്തുവാനുള്ള തീവ്രശ്രമം നടത്തികൊണ്ടിരിക്കുന്നു എന്ന് കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |

M.S. BIJUKUTTAN
Additional Secretary to Govt.
Local Self Government Dept.
Govt. Secretariat, Tvpm.
PEN. 101250

| | | |
|---|---|---|
| | | പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു. |
| 3.55.3 | മതിലകം-മതിലകം മാർക്കറ്റ് നിർമ്മാണം അപാകതകൾ | മതിലകം മാർക്കറ്റ് നിർമ്മാണത്തിനായി മതിലകം ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടുള്ള 4,70,000/- രൂപ പൂർണ്ണമായും ടി. ആവശ്യത്തിന് വിനിയോഗിച്ചതിൻറെ ധനവിനിയോഗ സാക്ഷ്യപത്രം<br>ഇതോടൊപ്പം സമർപ്പിക്കുന്നു. (അനുബന്ധം -7) |
| 3.88<br><br><br>3.88.1 | വയനാട് ജില്ല<br>**കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്**<br><br>**പിരിച്ചെടുത്ത തുകകൾ അക്കൗണ്ടിൽ അടവ് വരുത്തിയില്ല – പണാപഹരണം**<br><br>കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിൽ 18.10.2000 മുതൽ 10.03.2005 വരെ വിവിധ ഇനങ്ങളിലായി രശീതി ബുക്ക് പ്രകാരം പിരിച്ചെടുത്ത തുകകൾ യഥാസമയം അക്കൗണ്ടിൽ അടവാക്കാതെ വീഴ്ച വരുത്തിയതായി കാണുന്നു. പിരിച്ചെടുത്ത പണം ബാങ്കിലും ട്രഷറിയിലും അടക്കുന്നതായി കാണുന്നു. ട്രഷറി പാസ് ബുക്ക് എഴുതി പൂർത്തീകരിച്ചിട്ടില്ല. ഈ കാലയളവിൽ രശീതി ബുക്ക് പ്രകാരം പിരിച്ചെടുത്തതിൽ 104934/- രൂപ അക്കൗണ്ടിൽ അടവാക്കിയിട്ടില്ല. 104934/- രൂപയുടെ പണാപഹരണം നടത്തിയതായി കാണുന്നു. | **രശീത് ബുക്ക് പ്രകാരം പിരിച്ചെടുത്ത തുകകൾ അക്കൗണ്ടിൽ അടക്കാത്തത്-സംബന്ധിച്ച്.**<br>1. ബുക്ക് നമ്പർ 35168-ലെ രശീത് നം. 20 മുതൽ 29 വരെയുള്ള രശീതി പ്രകാരം അടവാക്കാൻ ബാക്കിയുള്ളതായി പരാമർശിച്ചിട്ടുള്ള 16570 രൂപ കരാറുകാരിൽ നിന്നും നിരതദ്രവ്യം ഇനത്തിൽ ഈടാക്കിയ തുകയായതിനാൽ തിരികെ നൽകിയിട്ടുണ്ട്.<br>2. രശീത് ബുക്ക് നം. 610/23, തീയതി.26.05.2004- 42995 രൂപ<br>ബ്ലോക്ക് പഞ്ചായത്തിൻറെ നിർവ്വഹണദ്യോഗസ്ഥനായ പട്ടികജാതി വികസന ഓഫീസർക്ക് 2003-04 -ൽ കൈമാറിയ തുകയിൽ ചെലവഴിക്കാതെ ബാക്കിയായ 42995 രൂപ ടിയാൻ 26.06.2004-ൽ ബ്ലോക്ക് ഓഫീസിൽ അടക്കുകയും, ടി തുക അന്നേ ദിവസം തന്നെ വയനാട് ജില്ലാ ട്രഷറിയിൽ ചെലാൻ നമ്പർ 108 പ്രകാരം തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്. |

പാറളം ഗ്രാമ പഞ്ചായത്ത്

22.01.2014 തിയതി നടന്ന സാധാരണ/~~അടിയന്തിര~~ മീറ്റിംഗിലെ

29(1)-ാം നമ്പർ തീരുമാനം

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള 2003-04 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ 3-7-ാം നമ്പർ പരാമർശവും ആതിൻമേൽ നാളിത് വരെ നടത്തിയിട്ടുള്ള കത്തിടപാടുകളും ,തീരുമാനങ്ങളും പഞ്ചായത്ത് കമ്മറ്റി വിശദമായി പരിശോധിച്ചു.ഓഡിറ്റ് പരാമർശത്തിൽ പറയുന്ന പ്രകാരം പെർഫോമൻസ് ആഡിറ്റ് ടിം,ഗ്രാമ വികസന വകുപ്പ് എന്നിവിടങ്ങളിൽ നിന്നും അന്വേഷണം കഴിഞ്ഞ് ലഭിച്ച അന്വേഷണ റിപ്പോർട്ടിൽ ടിയാരി നാളിത് വരെ ഒരു തരത്തിലുള്ള അന്വേഷണവുമായും സഹകരിച്ചിട്ടില്ല എന്ന് മനസ്സിലാകുന്നു.എന്നിരുന്നാലും പരാമർശത്തിൽ പറയുന്ന രാജലക്ഷ്മി കുഞ്ഞമ്മയുടെ 22/09/2012 ലെ മറുപടിയും മേൽ പറഞ്ഞ അന്വേഷണ റിപ്പോർട്ടുകളും പരിശോധിച്ചതിൽ എം.രാജലക്ഷമികുഞ്ഞമ്മ എന്നവർ ടിയാരിയുടെ പ്രവർത്തന കാലയളവിൽ പഞ്ചായത്തിനോ,സർക്കാരിനോ സാമ്പത്തിക നഷ്ടം വരുത്തിയിട്ടുള്ളതായി കാണാൻ സാധിച്ചില്ല എങ്കിലും ഇതുമായിബന്ധപ്പെട്ട ഒരു അന്വേഷണവുമായി സഹകരിക്കാത്തതും, പരാമർശത്തിൽ പറയുന്ന 381/2003/ഫിൻ തിയതി 9/7/03 ഉത്തരവ് അനുസരിക്കുന്നതിലും ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ട്.ട്രഷറിയിൽ നിന്നും കുടിവെള്ള കിണർ എന്ന പദ്ധതിയുടെ നിർവഹണത്തിന് വേണ്ടി 110 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിന് വേണ്ടിയാണ് 550000 രൂപ പിൻവലിച്ച് സഹകരണ ബാങ്കിലെ അക്കൌണ്ടിൽ നിക്ഷേപിച്ചത്.ഈ തുകയെല്ലാം ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് നല്കുകയും ധനസഹായം വിതരണം നടത്തിയ കാലയളവിലെ ബാങ്ക് പലിശയായ 2496 രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിച്ചതായും കാണുന്നു.ഈ സാഹചര്യത്തിൽ പരാമർശത്തിൽ പറയുന്ന രാജലക്ഷ്മി കുഞ്ഞമ്മ എന്നവർ കുടിവെള്ള കിണർ പദ്ധതിയുടെ നിർവഹണത്തിൽ വരുത്തിയ വീഴ്ച ടിയാരി സർവ്വീസിൽ നിന്നും വിരമിച്ചതിനാലും,ഗ്രാമ വികസന വകുപ്പിന്റെ അന്വേഷണ റിപ്പോർട്ടിൽ പറയുന്ന പ്രകാരം പഞ്ചായത്തിന് സാമ്പത്തിക നഷ്ടം വരുത്താത്തതിനാലും മാപ്പാക്കി മേൽ പറഞ്ഞ പരാമർശം ഒഴിവാക്കി തരണമെന്ന് ബഹുമാനപ്പെട്ട ലോക്കൽഫണ്ട് നിയമസഭസമിതിയോടും സർക്കാരിനോടും അപേക്ഷിക്കുന്നതിന് തീരുമാനിച്ചു.

(ശരിപകർപ്പ്)

(ഒപ്പ്)

പ്രസിഡണ്ട്

Secretary
Paralam Grama Panchayat

| | | | | |
|---|---|---|---|---|
| | | | എന്നാൽ 03–04 വർഷത്തിൽ എൽ.വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ കുടിവെള്ളം,കിണർ എന്ന പദ്ധതിക്കു വേണ്ടി 550000/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് അമ്മാടം സർവ്വീസ് സഹകരണ ബാങ്കിൽ 31.03.04 ലെ 045191-ാം നമ്പർ ചെക്ക് പ്രകാരം നിക്ഷേപിച്ചു. നിർവഹണ ഉദ്യോഗസ്ഥൻ ആവശ്യം അനുസരിച്ച് മാത്രം പണം ട്രഷറിയിൽ നിന്നും പിൻവലിക്കുക മാത്രമെ ചെയ്യാവൂ . കഴിയുന്നതും നിർവഹണ ഉദ്യോഗസ്ഥൻ പണം കൈയിൽ സൂക്ഷിക്കുവാൻ പാടില്ല.പണം ബാക്കി ഉണ്ടെങ്കിൽ അത് പി.ഡി. അക്കൗണ്ടിൽ തിരിച്ചടക്കുന്നതിന് സെക്രട്ടറിക്ക് കൈമാറേണ്ടതാണ്.എന്നാൽ 550000/-രൂപ പിൻവലിച്ച് സഹകരണ ബാങ്കിൽ നിക്ഷേപിച്ച് ഈ അക്കൗണ്ടിൽ നിന്ന് 15.04.04 മുതൽ 15.02.05 വരെ നീണ്ട കാലയളവിൽ തുക വിതരണം ചെയ്തത് മുകളിൽ സൂചിപ്പിച്ച ഉത്തരവിന് വിരുദ്ധമാണ്. | വരുത്തി എന്നല്ലാതെ സാമ്പത്തിക നഷ്ടം ഒന്നും തന്നെ റിപ്പോർട്ട് ചെയ്യാത്തതിനാലും ശ്രീമതി.എം.രാജലക്ഷ്മികുഞ്ഞമ്മ എന്നവർ സർവ്വീസിൽ നിന്നും വിരമിച്ച് അസുഖ ബാധിതയായി കഴിയുകയാണെന്ന ടിയാരിയുടെ വിശദീകരണവും കണക്കിലെടുത്ത് മേൽപറഞ്ഞ പരാമർശം ഒഴിവാക്കി തരുന്നതിന് ബഹുമാനപ്പെട്ട ലോക്കൽ ഫണ്ട് നിയമസഭസമിതിയോടും സർക്കാരിനോടും അപേക്ഷിക്കുന്നതിന് 22.01.2014 ലെപഞ്ചായത്ത് കമ്മറ്റിയുടെ 29(1)-ാം നമ്പർ പ്രകാരം തീരുമാനിച്ചിട്ടുള്ള വിവരം തിരുമാനത്തിന്റെ പകർപ്പ് സഹിതം തുടർ നടപടികൾക്കായി സമർപ്പിച്ച് കൊള്ളുന്നു. |

C. VALSALA
Joint Secretary to Govt.
Local Self Govt. Dept.
Govt. Secretariat, Tvpm.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006/07 സമാഹൃത റിപ്പോർട്ടിൻമേൽ പാറളം ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 5 | 2006 – 2007 | 3.60.1 | അനധികൃതമായി പദ്ധതി പണം പിൻവലിച്ച് സഹകരണ ബാങ്കിൽ നിക്ഷേപിച്ചു:<br>ഓഡിറ്റ് റിപ്പോർട്ട് 2003/04, ഖണ്ഡിക 3-7<br>സർക്കാർഉത്തരവ് (പി)നമ്പർ 381/ 2003 തിയതി , 09.07.03 പ്രകാരം ട്രഷറിയിൽ ഗ്രാമ പഞ്ചായത്തുകൾക്ക് നിലവിലുള്ള വി.പി.എഫ്. അക്കൗണ്ട് ഒഴികെ ഇംപ്ലിമെന്റിംഗ് ഓഫീസർമാർ ഉൾപ്പെടെയുള്ളവരുടെ പേരിൽ ട്രഷറിയിൽ നിലവിലുള്ള എല്ലാ പി.ഡി. അക്കൗണ്ടുകളും അവസാനിപ്പിക്കുവാനും ഒരു സാമ്പത്തിക വർഷത്തിലേക്കായി ആരംഭിക്കുന്ന പുതിയ പി.ഡി.അക്കൗണ്ടുകൾ ഓരോ വർഷവും മാർച്ച് 31ന് അവസാനിപ്പിക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. | ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്ന പ്രകാരം പെർഫോർമൻസ് ഓഡിറ്റ് ഹെഡ് ക്വാർട്ടേഴ്സ് , ഗ്രാമ വികസന വകുപ്പ് എന്നിവിടങ്ങളിൽ നിന്നും പരാമർശ വിഷയം സംബന്ധിച്ച അന്വേഷണം കഴിഞ്ഞ് നല്കിയ റിപ്പോർട്ടും , ശ്രി.എം.രാജലക്ഷ്മി കുഞ്ഞമ്മ എന്നവർ രണ്ടാമതും സമർപ്പിച്ച വിശദീകരണവും മറ്റ് രേഖകളും 22.01.2014 ലെ പഞ്ചായത്ത് കമ്മറ്റി പരിശോധിച്ചു.ആയതിൽ ഗ്രാമ വികസന വകുപ്പ് നല്കിയ അന്വേഷണ റിപ്പോർട്ടിൽ പരാമർശത്തിൽ പറയുന്ന പ്രകാരം 381/2003/ഫിൻ തിയതി 09/07/2013-ാം നമ്പർ സർക്കാർ ഉത്തരവ് അനുസരിക്കുന്നതിൽ ടിയാരിക്ക് വീഴ്ച സംഭവിച്ചതായും , ടിയാരി പരാമർശ വിഷയവുമായി നടന്നിട്ടുള്ള ഒരു തരത്തിലുള്ള അന്വേഷണത്തിലും സഹകരിച്ചിട്ടില്ല എന്നും പഞ്ചായത്ത് കമ്മറ്റിക്ക് ബോധ്യം വന്നു. എന്നിരുന്നാലും ഗ്രാമ വികസന വകുപ്പിന്റെ അന്വേഷണത്തിൽ പദ്ധതി നിർവഹണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിൽ വീഴ്ച |

| | | | | |
|---|---|---|---|---|
| 24 | 2006-07 | 3.53.5 | ഉയർന്ന നിരക്കിൽ വീട്ടുവാടക ബത്ത നൽകി. നഷ്ടം 27048/- | **പാറളം ഗ്രാമപഞ്ചായത്ത്**<br>ജീവനക്കാർക്ക് വീട്ടുവാടക ബത്ത ഇനത്തിൽ അധികമായി നൽകിയ 27048/- രൂപയിൽ 3000/- രൂപ കഴിച്ച് ബാക്കി 24,048/- രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കിയിട്ടുള്ളതാണ്. ടി 3000/- രൂപ നളിനാക്ഷി എന്നിവരുടെ പേരിലുള്ളതും ടിയാരി മരണപ്പെട്ടു പോയതിനാൽ തിരികെ പിടിക്കാൻ പറ്റാത്ത അവസ്ഥയിലാണ്. ടി വിഷയത്തിൽ ഓഡിറ്റ് പരിശോധന നടത്തിയിട്ടുള്ളതുമാണ്. |
| 25 | 2006-07 | 3.53.5 | ഉയർന്ന നിരക്കിൽ വീട്ടുവാടക ബത്ത നല്കി നഷ്ടം 49,845 /- രൂപ | **ചേർപ്പ് ഗ്രാമപഞ്ചായത്ത്**<br>വീട്ടുവാടകയിനത്തിൽ അധികം നല്കിയ തുക ഈടാക്കിയിട്ടുള്ളതും ലോക്കൽ ഫണ്ട് ഓഡിറ്റ് പരിശോധന നടത്തിയിട്ടുള്ളതുമാണ്. |
| 26 | 2006-07 | 3.53.5 | ഉയർന്ന നിരക്കിൽ വീട്ടുവാടക ബത്ത നൽകി 2003-04 ഖണ്ഡിക. 3(1) | **കോലഴി ഗ്രാമപഞ്ചായത്ത്**<br>2003-04 സാമ്പത്തിക വർഷത്തിൽ വീട്ടുവാടക ബത്ത ഇനത്തിൽ ജീവനക്കാർക്ക് അധികം നൽകിയ 4725/- രൂപ ജീവനക്കാരിൽ നിന്നും ഈടാക്കിയിട്ടുണ്ട്. |
| 30 | 2006-07 | 3.59.1 | **നികുതി എഴുതി തള്ളി ഓഡിറ്റ് ഖണ്ഡിക 2.2**<br>ഓഡിറ്റ് വർഷം വിവിധ നികുതിയിനങ്ങളിലായി മൊത്തം 22808/രൂപ എഴുതി തള്ളിയിട്ടുണ്ട്. ആയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. | **മണലൂർ ഗ്രാമപഞ്ചായത്ത്**<br>കെട്ടിട നികുതി 16208/-രൂപ, സേവന നികുതി 4593/- രൂപ, തൊഴിൽ നികുതി 1200/-രൂപ, ലൈബ്രറി സെസ്സ് 807/-രൂപ കൂടി ഒട്ടാകെ 22808/-രൂപ എഴുതി തള്ളിയ നടപടി ഒഴിവാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി 09.12.2009 തീയതിയിലെ 615/09 നമ്പർ തീരുമാന പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റിനോട് അപേക്ഷിച്ചിട്ടുള്ളതായും മേൽപ്പറഞ്ഞ സംഖ്യയിൽ പല നികുതിദായകരും മരണപ്പെട്ടിട്ടുള്ളതും പല കെട്ടിടങ്ങളും പൊളിച്ചു കളഞ്ഞിട്ടുള്ളതാണെന്നും. പഞ്ചായത്ത് വളരെയധികം ശ്രമം നടത്തിയെങ്കിലും പിരിച്ചെടുക്കാൻ കഴിയില്ലായെന്ന് കമ്മറ്റിക്ക് ബോധ്യപ്പെട്ടിട്ടുള്ളതുമാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിരിക്കുന്നു. |

162

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-07 സമാഹൃത റിപ്പോർട്ടിൻ മേൽ കാടുകുറ്റി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

| ക്രമ നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | സമാഹൃത ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിൻ മേൽ സ്വീകർച്ച നടപടി |
|---|---|---|---|---|
| 1 | 2006-07 | 3.58.1 | 2002-03 ഖണ്ഡിക നമ്പർ 2(4) മണൽ പെർമിറ്റിനു വേണ്ടി നൽകിയ 179-ാം നമ്പർ പുസ്തക പ്രകാരം (രസീത് നമ്പർ 17844 മുതൽ 17874 വരെ) 31-12-2005 ൽ പിരിച്ചെടുത്ത 13550/- രൂപ പഞ്ചായത്തിൽ അടവാക്കിയിട്ടില്ല. 20-08-2006 ഓഡിറ്റ് എന്ക്വയറി നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. | ഓഡിറ്റ് പരാമർശത്തിലെ സംഭവം നടന്നത് 30-12-2005 ലായിരുന്നു. 30-12-2005 ലെ കളക്ഷൻ തുക 31-12-2005 ൽ ബാങ്കിൽ അടക്കേണ്ടാതായിരുന്നു. എന്നാൽ 30-12-2005 ൽ മണൽ മാഫിയ സംഘം പഞ്ചായത്ത് ഓഫീസ് ആക്രമിക്കുകയും പ്രസിഡന്റിനെയും ജീവനക്കാരെയും മർദിക്കുകയും ചെയ്യുകയുണ്ടായി. അന്നേ ദിവസം മണൽ വില്പന വഴി ലഭിച്ച തുക 13550/- രൂപ ആക്രമണത്തിനിരയായ ക്ലാർക്കിന്റെ കൈയ്യിൽ നിന്നും അപഹരിക്കുകയും ചെയ്തിരുന്നു. ഇതു സംബന്ധിച്ച് കൊരട്ടി പോലിസ് സ്റ്റേഷനിൽ പരാതി നൽകിയിരുന്നു. പരാതിയുടെ അടിസ്ഥാനത്തിൽ ക്രൈം നമ്പർ 589/05 കൊരട്ടി പോലിസ് സ്റ്റേഷൻ ആയി പോലിസ് രജിസ്റ്റർ ചെയ്ത ഈ കേസ് SC No.943/2007 നമ്പർ പ്രകാരം ഇരിങ്ങാലക്കുട പ്രിൻസിപ്പൽ സെഷൻ കോടതിയിൽ നടക്കുന്നുണ്ടായിരുന്നു. പ്രസ്തുത കേസിൽ അപഹരിക്കപ്പെട്ട തുക സംബന്ധിച്ച പരാമർശമുണ്ടായിരുന്നെങ്കിലും ഈ കേസിന്റെ വിധി പ്രസ്തവിച്ചതിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ടെങ്കിലും അപഹരിക്കപ്പെട്ട തുക പഞ്ചായത്തിന് തിരികെ ലഭിക്കുന്നതിനു വേണ്ട അനുകൂലമായ പരാമർശം വിധിയിൽ ഉണ്ടായില്ല. എന്നാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും കളക്ഷൻ തുകയായ 13550/- രൂപ 11.01.2012 തിയതിയിൽ 61/24144 രശീത് പ്രകാരം പഞ്ചായത്തിൽ അടച്ചിട്ടുണ്ട് എന്നുള്ള വിവരം ബോധിപ്പിച്ചു കൊള്ളുന്നു. എന്നാൽ 20-03-2006 ൽ ലഭിച്ച ഓഡിറ്റ് എന്ക്വയറിക്ക് മറുപടി നൽകിയത് സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ഫയലിൽ കാണുന്നില്ല. എങ്കിലും 2002-2003 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിനു 17-03-2007 ൽ എ. 16/2007 ആയി നൽകിയ ആദ്യ മറുപടിയിൽ 31-12-2005 ൽ ഉണ്ടായ കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നു കൂടി അറിയിച്ചു കൊള്ളുന്നു. |

KRUPANANDAN K.R.
Joint Secretary to Govt.
Local Self Govt. Dept.
Govt. Secretariat
Thiruvananthapuram

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-07 സമാഹൃത റിപ്പോർട്ടിന്മേൽ നാട്ടിക ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 2 | 2006-07 | 3.57.1 | ഓഡിറ്റ് റിപ്പോർട്ട് 2002-03 ഖണ്ഡിക 3 (1)<br>മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്- പദ്ധതി പൂർത്തിയാക്കിയിട്ടില്ല<br>ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പട്ടിക ജാതി വനിതാ പദ്ധതി നാളിതുവരെയും പൂർത്തിയാക്കിയിട്ടില്ല. വരവ് ചെലവ് കണക്കുകളും, ബാങ്ക് പാസ്സ് ബുക്കും ബന്ധപ്പെട്ട കൺവീനർ പഞ്ചായത്തിൽ ഹാജരാക്കിയിട്ടില്ല. 2002 ജനുവരിയിൽ പദ്ധതി പൂർത്തിയാക്കി തൊഴിൽ സംരംഭകർക്ക് കൈമാറാൻ പദ്ധതി വിഭാവനം ചെയ്തിരുന്നുവെങ്കിലും നാളിതുവരെ പദ്ധതിപൂർത്തിയാക്കിയിട്ടില്ല. 3 നിലകളിൽ നിർമ്മിക്കാൻ ഉദ്ദേശിച്ച കോംപ്ലക്സിന്റെ തുടർ പ്രവർത്തനങ്ങൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. പദ്ധതി പ്രദേശം തൊഴിൽ സംഘങ്ങളുടെ പ്രവർത്തനത്തിന് ഗുണമാണോ എന്ന് പരിശോധന നടത്തിയിട്ടില്ല. | പട്ടിക ജാതി വിഭാഗത്തിലുള്ളവർക്കായിട്ടുള്ള പ്രവൃത്തി 2006-07 വർഷത്തിൽ പൂർത്തീകരിക്കുകയും മുൻകൂർ തുക കഴിച്ച് ഫൈനൽ ബില്ല് പ്രകാരമുള്ള തുകയായ 24249 രൂപ 21.08.2006 ന് കൺവീനർക്ക് അനുവദിക്കുകയുമുണ്ടായി. (മുൻകൂർ ഉൾപ്പെടെ ആകെ ചെലവായ തുക 210359 രൂപ)<br><br>ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞിട്ടുള്ള 2 പ്രവൃത്തികളും പൂർത്തീകരിക്കുകയും ടി മുറികൾ പട്ടിക ജാതി വിഭാഗത്തിൽ പെട്ട ഗുണഭോക്താക്കൾക്ക് തൊഴിൽ സംരഭത്തിനായി പ്രതിമാസ വാടകക്ക് നൽകുക വഴി പദ്ധതി ലക്ഷ്യം കൈവരിക്കുകയും പഞ്ചായത്തിന് ഒരു നിശ്ചിത വരുമാനം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | എഞ്ചിനീയർ ഇലക്ട്രിക് സെക്ഷൻ (ഇറിഗേഷൻ) ചാലക്കുടി അവർകൾക്ക് 27/08/2013 ൽ സി3–2381/2013 നമ്പർ കത്തും 31/12/2013 ൽ സി3–2381/2013 നമ്പർ കത്ത് വീണ്ടും നൽകിയതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക് വിംഗ്(ഇറിഗേഷൻ) സെക്ഷനിൽ നിന്നും 24/04/2014 ൽ പി–05/2013–14 നമ്പർ കത്ത് ലഭിച്ചു. ടി കത്തിൽ ചാലക്കുടി ഇലക്ട്രിക് വിംഗിൽ(ഇറിഗേഷൻ) മോട്ടോർ പ്രവർത്തനക്ഷമതയുള്ളതാണോ എന്ന് പരിശോധി ക്കുന്നതിനുള്ള ആവശ്യമായ സംവിധാനങ്ങൾ ഇല്ല എന്നും ആയത് പരിശോധിക്കുന്നതിൽ ഗവ: എഞ്ചിനീയറിംഗ് കോളേജിൽ ആവശ്യപ്പെടാമെന്നും അറിയിച്ചു.ആയതിന്റെ അടിസ്ഥാനത്തിൽ 26/04/2014 ൽ എ2–1130/14 നമ്പർ കത്തിൽ മോട്ടോർ പ്രവർത്തന ക്ഷമതയുള്ളതാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗവ:എഞ്ചിനീയറിംഗ് കോളേജ്, തൃശൂർ പ്രിൻസിപ്പാളിന് കത്ത് നൽകിയിട്ടുണ്ട്. |

| ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-07 സമാഹൃത റിപ്പോർട്ടിൻമേൽ അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക | | | | |
|---|---|---|---|---|
| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് വർഷം | ഓഡിറ്റ് ഖണ്ഡിക | പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
| 1 | 2006-07 | 3.56.2 | മലക്കപ്പാറ കുടിവെള്ള പദ്ധതി പൈപ്പ് വാങ്ങിയ ശേഷം പദ്ധതി ഉപേക്ഷിച്ചു<br><br>ഓഡിറ്റ് റിപ്പോർട്ട് 2002-03, ഖണ്ഡിക 3(11)<br>മലക്കപ്പാറ കുടിവെള്ള പദ്ധതി 100 എച്ച്.പി മോട്ടോറും പി.വി.സി പൈപ്പും വാങ്ങുന്നതിനായി 320320/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ പദ്ധതി പൂർത്തീകരിക്കുന്നതിനായി യാതൊരു നടപടിയും എടുത്തിട്ടില്ല. പദ്ധതി ഉപേക്ഷിച്ചതായും അറിയുന്നു. മോട്ടോർ ഷെഡ് പണിയുന്നതിനായി മോബിലൈസേഷൻ അഡ്വാൻസ് നൽകിയ 66000/- രൂപ നാളിതുവരെ തിരിച്ചടച്ചിട്ടില്ല. ഇപ്രകാരം പദ്ധതി പാതി വഴിയിൽ ഉപേക്ഷിച്ചിട്ടുള്ളതിനാൽ 386320/- രൂപ ദുർവ്യയം ചെയ്തതായി കണക്കാക്കുന്നു. പദ്ധതിക്കുവേണ്ടി വാങ്ങി സൂക്ഷിച്ചിട്ടുള്ള സാമഗ്രികൾ ഉപയോഗപ്പെടുത്തുകയോ, അല്ലാത്ത പക്ഷം സാമഗ്രികൾ ഡിസ്പോസ് ചെയ്ത ശേഷിച്ച നഷ്ടം ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണ്. | മലക്കപ്പാറ കുടിവെള്ള പദ്ധതി ഉപേക്ഷിച്ചതിനെ തുടർന്ന് ടി പദ്ധതിക്കുവേണ്ടി വാങ്ങിയ പി.വി.സി പൈപ്പ് മറ്റു പദ്ധതികൾക്കായി വിനിയോഗിച്ചു. അഡ്വാൻസ് നൽകിയ 66,000/- രൂപ കൺവീനർ ശ്രീ. പോൾസൺ ചെയ്ത മലക്കപ്പാറ കാഫർട്ട് സ്റ്റേഷൻ നിർമ്മാണ പ്രവൃത്തിയുടെ ബില്ലിൽ നിന്നും (വൗച്ചർ നം. 3 തീയ്യതി 06/05/2002) 27,040/- രൂപയും മലക്കപ്പാറ കമ്മ്യൂണിറ്റി ഹാൾ മെയ്ന്റനൻസ് പ്രവൃത്തിയുടെ ബില്ലിൽ നിന്നും (വൗച്ചർ നം. 4 തീയ്യതി 06/05/2002) 38,960/- രൂപയും ആയി തിരിച്ചുപിടിച്ചു. ടി പദ്ധതിക്കുവേണ്ടി വാങ്ങിയ 100 എച്ച്.പി. മോട്ടോർ 2010-11 വർഷത്തിൽ വെറ്റിലപ്പാറ നഴ്സറിപടിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കുവേണ്ടി ഉപയോഗിക്കുന്നതിന് ആവശ്യമായ ഡിസൈൻ അപ്രൂവൽ ലഭിക്കുന്നതിനുവേണ്ടി തിരുവനന്തപുരം മെക്കാനിക്കൽ ചീഫ് എഞ്ചിനീയറോട് 29/06/2013 ൽ ബി.932/10 നമ്പർ കത്ത് പ്രകാരം അപേക്ഷിച്ചിരുന്നു.ആയതിൻ പ്രകാരം ഒരു ലിഫ്റ്റ് ഇറിഗേഷൻ പമ്പ് ഡിസൈൻ ചെയ്തു തരണമെങ്കിൽ കൈവശമുള്ള മോട്ടോറിന്റെ വിശദാംശങ്ങൾ മോട്ടോർ സ്കിറൽ കേജ് വിഭാഗത്തിലാണോ സ്ളിപറിംഗ് വിഭാഗത്തിലാണോ എന്നും സ്പീഡ് എത്രയാണെന്നും പ്രവർത്തനക്ഷമമാണോയെന്നും അതിന്റെ മോഡൽ തുടങ്ങിയ വിവരങ്ങൾ അറിയിക്കാൻ 05/02/2013 ൽ സി.എം.യു/പി/1758/2010 നമ്പർ കത്ത് ചീഫ് എഞ്ചിനീയർ നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അസി. |

| | | | | |
|---|---|---|---|---|
| | | | വരുന്ന പക്ഷികളേയും, കൂടുകളേയും മാത്രമേ നൽകിയിട്ടുള്ളൂ. കാടവളർത്തൽ സൊസൈറ്റിക്ക് നൽകിയ മുൻകൂർ തുകയായ 150000/- രൂപയിൽ 40000/- രൂപ കഴിച്ചുള്ള 110000/- രൂപയിൽ 39000/- രൂപ മാത്രമേ തിരിച്ചടച്ചിട്ടുള്ളൂ. ശേഷിച്ച 71000/- രൂപ നാളിതു വരെ തിരിച്ചടച്ചിട്ടില്ല. | എന്നീ തിയ്യതികളിൽ നാല് തവണകളായി പക്ഷികളേയും കൂടും തീറ്റയും നാല് സംഘങ്ങൾക്ക് വിതരണം ചെയ്യുകയുമുണ്ടായി. എന്നാൽ, ജനറൽ വിഭാഗത്തിലെ വനിതാസംഘങ്ങൾ ഗുണഭോക്തൃവിഹിതം അടയ്ക്കാതിരിക്കുകയും, മലക്കപ്പാറയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ പദ്ധതിയിൽനിന്നും പിന്മാറുകയും ചെയ്തതിനെതുടർന്ന് പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള 71,000 രൂപയിൽ 24,000 രൂപ ഗുണഭോക്തൃവിഹിതമായി ലഭിച്ചത് പഞ്ചായത്ത് ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ പട്ടികവർഗ്ഗവിഭാഗങ്ങൾക്കും വനിതകൾക്കും പ്രയോജനപ്പെടുമെന്ന ഉത്തമ വിശ്വാസത്തോടെ ആവിഷ്കരിച്ച ഈ പദ്ധതിയിൽ അവിചാരിതമായി വന്നുഭവിച്ച തടസ്സങ്ങൾമൂലം പഞ്ചായത്തിനുണ്ടായ കേവലം 47,000 രൂപയുടെ നഷ്ടം സഹിക്കുവാൻ പഞ്ചായത്ത് തയ്യാറാണെന്നും, ആയതിനാൽ, പഞ്ചായത്തിന്റെ 27-03-2013 ലെ 4-ാം നമ്പർ തീരുമാന പ്രകാരം ഓഡിറ്റ് തടസ്സം നീക്കിക്കിട്ടുന്നതിന് ബഹു: നിയമസഭാ സമിതി മുമ്പാകെ അപേക്ഷിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. |

KRUPANANDAN K.R.
Joint Secretary to Govt.
Local Self Govt. Dept.
Govt. Secretariat
Thiruvananthapuram

157

# ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-07 സാമാഹൃത റിപ്പോർട്ടിൻമേൽ അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് വർഷം | ഓഡിറ്റ് ഖണ്ഡിക | പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2006-07 | 3.56.1 | കാട വളർത്തൽ പദ്ധതി – ഫണ്ട് നഷ്ടപ്പെടുത്തിയത് ഓഡിറ്റ് റിപ്പോർട്ട് 2002–2003 ഖണ്ഡിക 3(5)<br><br>ഈ പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിന് 450000/- രൂപയും പട്ടികജാതി വിഭാഗത്തിന് 225000/- രൂപയും വകയിരുത്തിയിരുന്നു. 30 ഗ്രൂപ്പുകൾക്ക് പദ്ധതി വിഹിതം നൽകുന്നതിനാണ് അംഗീകാരം നൽകിയിരുന്നത്. തൃശ്ശൂർ കാട വളർത്തൽ സൊസൈറ്റി സെക്രട്ടറി ശ്രീ. വിജയന് ഈ പദ്ധതിയ്ക്കായി 150000/-രൂപ മുൻകൂറായി നൽകിയിട്ടുണ്ട്.<br>എന്നാൽ 4 സംഘങ്ങൾക്കായിട്ടുള്ള ഗ്രൂപ്പുകൾക്ക് 10,000/- രൂപ വില | അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2001-2002 വർഷത്തെ 43 -ാം നമ്പർ കാട വളർത്തൽ (വനിത, ജനറൽ), 103-ാം നമ്പർ കാട വളർത്തൽ (വനിത, പട്ടികവർഗ്ഗം) എന്നീ പ്രോജക്ടുകൾ പ്രകാരം പദ്ധതി നടത്തിപ്പിനായി തൃശൂർ കാട വളർത്തൽ സൊസൈറ്റിയുമായി കരാറിൽ ഏർപ്പെടുകയും 1,50,000 രൂപ മുൻകൂർ നൽകുകയുമുണ്ടായി. ഗുണഭോക്താക്കൾക്ക് പരിശീലനം അനിവാര്യമായതിനാലും, പരിശീലനത്തിന് പ്രോജക്ടിൽ പ്രത്യേക തുക വകയിരുത്തിയിട്ടില്ലാത്തതിനാലും, കാടമുട്ട സൊസൈറ്റി തന്നെ വാങ്ങുകയും, പകരം മുട്ടയിടൽ കഴിഞ്ഞ കാട പക്ഷികളെ തിരിച്ചെടുത്ത് മുട്ടയിടാൻ പ്രായമായ കാടകളെ കൊടുത്ത് പദ്ധതി തുടരേണ്ടതിനാലും, പദ്ധതിക്കായി കാടക്കുഞ്ഞുങ്ങളെ വിരിയിച്ച് സംരക്ഷിക്കേണ്ടതിനാലും, കൂടു നിർമ്മിക്കേണ്ടതിനാലും, പദ്ധതിതുക മുൻകൂർ നൽകണമെന്ന് കാടവളർത്തൽ സൊസൈറ്റി അധികൃതർ അപേക്ഷിച്ചത് പ്രകാരമാണ് പഞ്ചായത്ത് 1,50,000 രൂപ മുൻകൂർ നൽകിയത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വനിതാസംഘങ്ങൾക്ക് കാടവളർത്തൽ സൊസൈറ്റി പരിശീലനം നൽകുകയും 26-05-2003, 28-08-2003, 10-10-2003, 22-03-2004 |

156



| | | |
|---|---|---|
| | | പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു. |
| 3.55.3 | **മതിലകം-മതിലകം മാർക്കറ്റ് നിർമ്മാണം അപാകതകൾ** | മതിലകം മാർക്കറ്റ് നിർമ്മാണത്തിനായി മതിലകം ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടുള്ള 4,70,000/- രൂപ പൂർണ്ണമായും ടി. ആവശ്യത്തിന് വിനിയോഗിച്ചതിൻറെ ധനവിനിയോഗ സാക്ഷ്യപത്രം<br>ഇതോടൊപ്പം സമർപ്പിക്കുന്നു. (അനുബന്ധം -7) |
| 3.88<br><br><br>3.88.1 | **വയനാട് ജില്ല**<br>**കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്**<br><br>**പിരിച്ചെടുത്ത തുകകൾ അക്കൗണ്ടിൽ അടവ് വരുത്തിയില്ല - പണാപഹരണം.**<br><br>കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിൽ 18.10.2000 മുതൽ 10.03.2005 വരെ വിവിധ ഇനങ്ങളിലായി രശീതി ബുക്ക് പ്രകാരം പിരിച്ചെടുത്ത തുകകൾ യഥാസമയം അക്കൗണ്ടിൽ അടവാക്കാതെ വീഴ്ച വരുത്തിയതായി കാണുന്നു. പിരിച്ചെടുത്ത പണം ബാങ്കിലും ട്രഷറിയിലും അടക്കുന്നതായി കാണുന്നു. ട്രഷറി പാസ് ബുക്ക് എഴുതി പൂർത്തീകരിച്ചിട്ടില്ല. ഈ കാലയളവിൽ രശീതി ബുക്ക് പ്രകാരം പിരിച്ചെടുത്തതിൽ 104934/- രൂപ അക്കൗണ്ടിൽ അടവാക്കിയിട്ടില്ല. 104934/- രൂപയുടെ പണാപഹരണം നടത്തിയതായി കാണുന്നു. | **രശീത് ബുക്ക് പ്രകാരം പിരിച്ചെടുത്ത തുകകൾ അക്കൗണ്ടിൽ അടക്കാത്തത് -സംബന്ധിച്ച്.**<br>1. ബുക്ക് നമ്പർ 35168-ലെ രശീത് നം. 20 മുതൽ 29 വരെയുള്ള രശീതി പ്രകാരം അടവാക്കാൻ ബാക്കിയുള്ളതായി പരാമർശിച്ചിട്ടുള്ള 16570 രൂപ കരാറുകാരിൽ നിന്നും നിരതദ്രവ്യം ഇനത്തിൽ ഈടാക്കിയ തുകയായതിനാൽ തിരികെ നൽകിയിട്ടുണ്ട്.<br>2. രശീത് ബുക്ക് നം. 610/23, തീയതി.26.05.2004- 42995 രൂപ<br>ബ്ലോക്ക് പഞ്ചായത്തിൻറെ നിർവ്വഹണദ്യോഗസ്ഥനായ പട്ടികജാതി വികസന ഓഫീസർക്ക് 2003-04 -ൽ കൈമാറിയ തുകയിൽ ചെലവഴിക്കാതെ ബാക്കിയായ 42995 രൂപ ടിയാൻ 26.06.2004-ൽ ബ്ലോക്ക് ഓഫീസിൽ അടക്കുകയും, ടി. തുക അന്നേ ദിവസം തന്നെ വയനാട് ജില്ലാ ട്രഷറിയിൽ ചെലാൻ നമ്പർ 108 പ്രകാരം തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| | | മേൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിതരണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു. |
| 3.55.2 | **3.55.2 റോഡ് റോളർ വാങ്ങിയത് ഉപയോഗിക്കാതെ കിടക്കുന്നു.** | യന്ത്രതകരാർ മൂലം ഉപയോഗിക്കാൻ പറ്റാതിരുന്ന റോഡ് റോളർ ഉപയോഗയോഗ്യമാക്കുന്നതിനായി ചാലക്കുടി മെക്കാനിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ സമീപിക്കുകയും, ചാലക്കുടി മെക്കാനിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശുപാർശയോടെ ഇത് കോഴിക്കോട് മെക്കാനിക്കൽ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറുകയും, അതനുസരിച്ച് കോഴിക്കോട് നിന്നും റോഡ് റോളർ ഉപയോഗ യോഗ്യമാക്കുന്നത് അൺ ഇക്കോണമിക്കൽ ആണെന്ന ശുപാർശയിേൽ അൺ ഇക്കോണമിക്കൽ സർട്ടിഫിക്കറ്റ് അനുവദിക്കുകയും ചെയ്തു. പിന്നീട് ഗ്രാമ വികസന കമ്മീഷണർ 70,000/- രൂപയിൽ കുറയാതെയുള്ള തുകക്ക് ലേലം ചെയ്ത് റോഡ് റോളർ ഒഴിവാക്കുന്നതിന് അനുമതി നൽകുകയുണ്ടായി. ലേലനടപടികൾ പൂർത്തിയാക്കി 1,81,500/- രൂപക്ക് റോഡ് റോളർ ലേലത്തിൽ വിൽക്കുകയും ചെയ്തു. ചലാൻ നമ്പർ KL010069768201920M പ്രകാരം തുക ട്രഷറിയിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്.. ഉപയോഗയോഗ്യമാക്കുവാൻ സാധിക്കാത്ത പ്രസ്തുത റോഡ് റോളർ നല്ലൊരു തുകക്ക് ലേലത്തിൽ വിറ്റ് തുക സർക്കാരിലേക്ക് ഒടുക്കുവാൻ സാധിച്ച സ്ഥിതിക്ക് പ്രസ്തുത |

| | | |
|---|---|---|
| | | പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണെന്ന് ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 3.55.1 | **മതിലകം ബ്ലോക്ക് പഞ്ചായത്ത്**<br>**അറവുശാല-പാഴ്ചെലവ്**<br>1998-1999 മുതൽ 2000-2001 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഘട്ടം ഘട്ടമായി അറവുശാല നിർമ്മിക്കുന്നതിന് പദ്ധതി ലക്ഷ്യമിട്ടു. ആദ്യ വർഷമായ 1998-1999 5 ലക്ഷം രൂപ ചെലവഴിച്ച് സ്ഥലം വാങ്ങുന്നതിനും തുടർന്നുള്ള വർഷങ്ങളിൽ അറവുശാല നിർമ്മിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. ഇപ്രകാരം 5,57,000/- രൂപ ചെലവ് ചെയ്ത് സ്ഥലം വാങ്ങി എങ്കിലും യാതൊരു തുടർ പ്രവർത്തനങ്ങളും നാളിതുവരെ നടത്തിയിട്ടില്ല.<br>വാങ്ങിയ സ്ഥലത്തിൻറെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ്, ഗവൺമെൻറ് പ്ലീഡറുടെ ലീഗൽ ഒപ്പീനിയൻ, സ്ഥല ഉടമയുടെ ഓഫർ മുതലായ ആവശ്യം വേണ്ടതായ രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ വാങ്ങലിൻറെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. സ്ഥലം വാങ്ങാനായെന്നല്ലാതെ പദ്ധതിയുടെ ഗുണഫലം ജനങ്ങൾക്ക് അനുഭവവേദ്യമാക്കാൻ കഴിയാത്തതിനാൽ ചെലവു പാഴായതായി കണക്കാക്കുന്നു. | ജനവാസ കേന്ദ്രത്തിൽ അറവുശാല സ്ഥാപിക്കുന്നതിനെതിരെ പ്രദേശവാസികളുടെ ശക്തമായ സമരപരിപാടികൾ ആരംഭിച്ചതിനാൽ ടി. സ്ഥലത്ത് അറവുശാല സ്ഥാപിക്കുവാൻ കഴിഞ്ഞിരുന്നില്ല. അറവുശാലക്ക് വേണ്ടി വാങ്ങിയ സ്ഥലത്ത് ബഡ്സ് റീഹാബിലിറ്റേഷൻ & ഫെസിലിറ്റേഷൻ സെൻറർ സ്ഥാപിക്കുന്നതിനായി കെട്ടിടം പണിത് പൂർത്തീകരിച്ചിട്ടുണ്ട്. മതിലകം ബ്ലോക്ക് 2021-22 വാർഷിക പദ്ധതിയിൽ ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ 10,50,000/- രൂപ ടി. സെൻററിൻറെ ഭൗതികസാഹചര്യം വർദ്ധിപ്പിക്കുന്നതിനായി വകയിരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പകൽ വീട് അടിസ്ഥാന സൗകര്യ വികസനത്തിനായി കുടുംബശ്രീ ജില്ലാമിഷൻ വഴി 25 ലക്ഷം രൂപ അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ടി. സ്ഥലം ഇപ്പോഴും മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്ഥിയായി ചുറ്റുമതിൽകെട്ടി സംരക്ഷിച്ചിട്ടുള്ളതാണ്. കൂടാതെ ഭൂമിയുടെ വിലയിൽ അത്ഭുതപൂർവ്വമായ മൂല്യ വർദ്ധനവ് ഉണ്ടായിട്ടുമുണ്ട്. ആയതിനാൽ ഇത് പാഴ്ച്ചെലവായി കണക്കാക്കാതെ ഉപയോഗയോഗ്യമായ പദ്ധതിയായി പരിഗണിച്ച് |

| | | |
|---|---|---|
| | | എന്നതാണ് പ്രൊജക്ടിൽ ചെയ്തത്. എന്നാൽ ദേശീയ പാതയുടെ വികസനത്തിന്റെ ഭാഗമായി മേൽ പദ്ധതി പ്രദേശത്തിന് മുകളിലൂടെ പുതിയ റോഡ് നിർമ്മിക്കുന്നതിനായി മണ്ണിട്ട് മൂടുകയും, പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പാക്കാൻ കഴിയാതെ വരികയും ചെയ്തു. ദേശീയ പാതവികസന അതോറിറ്റിയിൽ നിന്നും ഇത് സംബന്ധിച്ച നഷ്ടപരിഹാരം ലഭിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിൽ നിന്നും അപേക്ഷ നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ടി പ്രദേശം നേരിൽ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണെന്ന് ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>**<u>ഇരട്ടിച്ചിറ ലിഫ്റ്റ് ഇറിഗേഷൻ</u>**<br><br>നിയമപരമായ മുഴുവൻ നടപടികളും പൂർത്തീകരിച്ച ശേഷം ജലസേചന സൗകര്യം ഉറപ്പാക്കുന്നതിനായി ആവിഷ്കരിച്ച പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്ത സാഹചര്യത്തിലാണ് ഓഡിറ്റ് നിരീക്ഷണം ഉണ്ടായിട്ടുള്ളത്.തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് ആവശ്യത്തെ തുടർന്ന് സർക്കാർതല അന്വേഷണം നടക്കുകയും അതിൽ നിർദ്ദേശിക്കപ്പെട്ട ഭേദഗതിയോടെ പദ്ധതി തുടർന്ന് പ്രവർത്തനം നടത്തുകയുമുണ്ടായി. ഈ പദ്ധതി നിലവിൽ നല്ല രീതിയിൽ നടന്നുകൊണ്ടിരിക്കുന്നുണ്ട് എന്ന വിവരവും ഇതിനാൽ അറിയിക്കുന്നു. ടി പ്രദേശം നേരിൽ |

| | | |
|---|---|---|
| | **3. പൊങ്ങം കുടിവെള്ള പദ്ധതി**<br><br>കൊരട്ടി പഞ്ചായത്തിലെ പൊങ്ങം ദേശത്ത് നിലവിലുള്ള പൈപ്പുകൾ മാറ്റി സ്ഥാപിക്കലാണ് ലക്ഷ്യം. കൂടാതെ 150 മീറ്റർ കോൺക്രീറ്റ് ചാൽ നിർമ്മിക്കുവാനും പദ്ധതി ലക്ഷ്യമിടുന്നു. 24.03.1999 മുതൽ 26.03.2004 വരെ മൊത്തം 975000/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>എന്നാൽ കേട്ടുപാട് സംഭവിച്ച പൈപ്പുമാറ്റി സ്ഥാപിക്കാൻ കുഴിച്ചപ്പോൾ പറമ്പിന്റെ ഉടമസ്ഥന്റെ സ്ഥലത്ത് കേടുപാടുകൾ സംഭവിച്ചതായി കാണിച്ച് ഉടമ ചാലക്കുടി മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്തതു പ്രകാരം പണി നിർത്തി വച്ചു. പണി പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചതായി യാതൊരു തെളിവും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.<br><br>**4. ഇരട്ടിച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ട് പി.വി.സി പൈപ്പ് വാങ്ങിയത് - പദ്ധതി ആരംഭിച്ചിട്ടില്ല.** | പൂർത്തീകരിക്കാത്തതിനെ തുടർന്ന് കൺവീനർക്ക് ഓഫീസിൽ നിന്നും തുടർച്ചയായി കത്തുകൾ അയച്ചെങ്കിലും, ടിയാൻ ഇതിനോട് പ്രതികരിച്ചില്ല. ഈ സാഹചര്യത്തിൽ മേൽ പദ്ധതിക്കായി തുടങ്ങിയ അക്കൗണ്ട് മരവിപ്പിക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി ബാങ്കിനോട് നിർദ്ദേശിക്കുകയും, പ്രസ്തുത അക്കൗണ്ടിൽ ബാക്കിയുണ്ടായ 113381 രൂപ പിൻവലിച്ച് സർക്കാരിലേക്ക് അടവാക്കുകയും ചെയ്തിട്ടുള്ളതാണ്. തുടർന്ന് നടത്തിയ അന്വേഷണത്തിൽ കൺവീനർ ശ്രീ.ബാബു മരണപ്പെട്ട് എട്ടു വർഷങ്ങൾ കഴിഞ്ഞു എന്നാണ് അറിയുവാൻ സാധിച്ചത്. പദ്ധതിപ്രദേശം നേരിൽ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്. കൺവീനർക്ക് നൽകിയ തുകയുള്ള മോട്ടോർ, പൈപ്പുകൾ എന്നിവ വാങ്ങിയതായും ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്ന് ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>**പൊങ്ങം ലിഫ്റ്റ് ഇറിഗേഷൻ**<br><br>കൊരട്ടി ഗ്രാമപഞ്ചായത്തിലെ 3, 4 വാർഡുകളിലെ കൃഷി ആവശ്യത്തിന് ജലലഭ്യത ഉറപ്പാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയിൽ ഇറിഗേഷൻ വകുപ്പും സഹകരിച്ചിരുന്നു. ഇറിഗേഷൻ വകുപ്പ് നിർമ്മിച്ച പമ്പ് ഹൗസിന് ആവശ്യമായ അറ്റകുറ്റപണികൾ നടത്തുക, ജല വിതരണത്തിനായുള്ള പൈപ്പുകൾ വാങ്ങുക |

| | | |
|---|---|---|
| | **1. ചുവ്വക്കാട്ട് കുന്ന് എൽ.ഐ.എ - മേലൂർ പഞ്ചായത്ത്**<br>29.05.1998 മുതൽ 30.03.2004 വരെഘട്ടങ്ങളിലായി 2257058/- രൂപ ചെലവഴിച്ചുവെങ്കിലും പദ്ധതി പൂർത്തീകരിക്കാൻ ഇപ്പോഴും സാധിച്ചിട്ടില്ല. ഈ പ്രോജക്ടി ലേക്ക് വാങ്ങിയ പി.വി.സി പൈപ്പുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ എത്ര അളവ് വിതരണം നടത്തിയിട്ടുണ്ടെന്ന് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഈ പദ്ധതിയെ കുറിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതാണ്.<br>**2.പൂത്തകുളം കുടിവെള്ള പദ്ധതി**<br>ഈ പദ്ധതിക്ക് വേണ്ടി 444000/- രൂപ ചെലവഴിച്ചതിൽ 409000/- രൂപയ്ക്ക് പൈപ്പുകൾ വാങ്ങി കൺവീനർക്ക് നൽകിയിട്ടുള്ളതാകുന്നു. കൈതപ്പിള്ളി ഫാർമേഴ്സ് വെൽഫെയർ സൊസൈറ്റി 29.06.2000 ൽ അയച്ച കത്തു പ്രകാരം ഈ പദ്ധതിക്ക് അനുവദിച്ചു തന്ന കമൽ ബ്രാൻറ് പി.വി.സി പൈപ്പ് ഗുണനിലവാരം കുറഞ്ഞതാണെന്നും കപ്ലിംഗ് ഫിറ്റു ചെയ്യുമ്പോൾ പൊട്ടിപ്പോകുകയാണെന്നും ഈ സാഹചര്യത്തിൽ പണി തുടരുവാൻ സാധിക്കില്ലെന്നും അറിയിച്ചിട്ടുണ്ട്. ഗുണ നിലവാരം കുറഞ്ഞ പൈപ്പ് വാങ്ങിയതിനാലാണ് പദ്ധതി പരാജയപ്പെട്ടതെങ്കിൽ വിശദമായ അന്വേഷണം നടത്തി ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് നഷ്ടം ഈടാക്കേണ്ടതാണ്. | നാലുമാസത്തോളം കാര്യക്ഷമമായി പ്രവർത്തിച്ചു. 2007 ജൂലൈ മാസം ഉണ്ടായ കാലവർഷക്കെടുതിയുടെ ഭാഗമായി ചാലക്കുടി പുഴയിൽ ക്രമാതീതമായി ജലനിരപ്പ് ഉയരുകയും, പദ്ധതിപ്രദേശം പൂർണ്ണമായും മുങ്ങിപ്പോകുകയും ചെയ്തു. പ്രകൃതിക്ഷോഭം മൂലം ഈ പ്രവർത്തിയിൽ ഉണ്ടായ അപാകത മാപ്പാക്കിതരണമെന്ന് അപേക്ഷിക്കുന്നു. ടി പ്രദേശം നേരിൽ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണെന്ന് ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>**2.പൂത്തക്കുളം ലിഫ്റ്റ് ഇറിഗേഷൻ-**<br>കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ 120 പട്ടികവർഗ്ഗ കുടുംബങ്ങളുടെ ആവശ്യത്തിലേക്കായി ആവിഷ്ക്കരിച്ച പദ്ധതിയ്ക്കായി രൂപീകരിച്ച ഗുണഭോക്തൃ സമിതി കൺവീനർ ശ്രീ.എ.കെ.ബാബു s/o കൊച്ചുകുഞ്ഞ്, അമ്പഴക്കാടൻ വീട്, മാരാംകോട്, കുറ്റിച്ചിറ എന്നയാൾക്ക് 264000 രൂപ നൽകിയിട്ടുണ്ട്. ടിയാൻ കുറ്റിക്കാട് ഫാർമേഴ്സ് സഹകരണ ബാങ്കിൽ തുടങ്ങിയ 1980 നമ്പർ അക്കൗണ്ടിൽ പലിശ ഉൾപ്പെടെ 323381 രൂപ വരവ് വന്നിട്ടുണ്ട്. ആയതിൽ നിന്നും ടിയാൻ വിവിധ ദിവസങ്ങളിലായി 210000 രൂപ പിൻവലിച്ചിട്ടുണ്ട്. ഉദ്ദേശിച്ച രീതിയിൽ പദ്ധതി |

| | | |
|---|---|---|
| | | പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. 6. വാല്യങ്ങാമുറി റോഡ് ലൈൻ നീട്ടൽ - 29940/- കേരള വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ, ഇരിങ്ങാലക്കുട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 26-05-2017 ലെ ഡി.4.1928/13 പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട് 7. മേലൂർ നാലാം വാർഡ് റോഡ് ലൈൻ നീട്ടൽ 44920/- - ലഭ്യമായിട്ടില്ല. 8. മേലൂർ കെ.എസ്.ഇ.ബി. ഓഫീസിൽ അടച്ചത്. 210960/- ലഭ്യമായിട്ടില്ല. 9. മേലൂർ കെ.എസ്.ഇ.ബി. ഓഫീസിൽ അടച്ചത്. 36783/- ലഭ്യമായിട്ടില്ല. 10. ചായ്പൻകുഴി പീലാർമുഴി പ്രോജക്ടിൻറെ പൈപ്പ് ലൈൻ നീട്ടൽ. 63000/- കേരള വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ, ഇരിങ്ങാലക്കുട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 26-05-2017 ലെ ഡി.4.1928/13 പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. |
| 3.54.1 | **3.54.1 ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്- കുടിവെള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലെ അപാകതകൾ** ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിൽ ഓരോ വർഷവും ഭീമമായ തുക വിവിധ പ്രോജക്ടുകളുടെ നടത്തിപ്പിനായി ചെലവഴിച്ചു വരികയാണ്. വിവിധ പ്രോജക്ടുകൾ പരിശോധിച്ചതിൽ 97-98 വർഷം മുതൽ തുടങ്ങിയ പല പ്രോജക്ടുകളും നാളിതുവരെയും പൂർത്തിയാക്കിയതായി കാണുന്നില്ല. | **1. കുവക്കാട്ട് കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി-** ചാലക്കുടി പുഴയിൽ നിന്ന് വെള്ളം പമ്പ്ചെയ്ത് 200 എം.എം. വ്യാസമുള്ള പൈപ്പിലൂടെ കുവക്കാട്ട്കുന്നിലുള്ള ടാങ്കിൽ എത്തിച്ച് മേലൂർ പഞ്ചായത്തിലും പരിസര പ്രദേശങ്ങളിലും ചാലുകളിലൂടെ ജലസേചനം നടത്തുകയാണ് പദ്ധതിയിലൂടെ നടപ്പിലാക്കിയത്. 15-01-2007 ൽ പണി പൂർത്തീകരിച്ച പദ്ധതിയുടെ പ്രവർത്തനോദ്ഘാടനം നടത്തി |

| | | | | |
|---|---|---|---|---|
| 24 | 2006-07 | 3.53.5 | ഉയർന്ന നിരക്കിൽ വീട്ടുവാടക ബത്ത നൽകി. നഷ്ടം 27048/- | **പാറളം ഗ്രാമപഞ്ചായത്ത്**<br>ജീവനക്കാർക്ക് വീട്ടുവാടക ബത്ത ഇനത്തിൽ അധികമായി നൽകിയ 27048/- രൂപയിൽ 3000/- രൂപ കഴിച്ച് ബാക്കി 24,048/- രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കിയിട്ടുള്ളതാണ്. ടി 3000/- രൂപ നളിനാക്ഷി എന്നിവരുടെ പേരിലുള്ളതും ടിയാരി മരണപ്പെട്ടു പോയതിനാൽ തിരികെ പിടിക്കാൻ പറ്റാത്ത അവസ്ഥയിലാണ്. ടി വിഷയത്തിൽ ഓഡിറ്റ് പരിശോധന നടത്തിയിട്ടുള്ളതുമാണ്. |
| 25 | 2006-07 | 3.53.5 | ഉയർന്ന നിരക്കിൽ വീട്ടുവാടക ബത്ത നല്കി നഷ്ടം 49,845 /- രൂപ | **ചേർപ്പ് ഗ്രാമപഞ്ചായത്ത്**<br>വീട്ടുവാടകയിനത്തിൽ അധികം നല്കിയ തുക ഈടാക്കിയിട്ടുള്ളതും ലോക്കൽ ഫണ്ട് ഓഡിറ്റ് പരിശോധന നടത്തിയിട്ടുള്ളതുമാണ്. |
| 26 | 2006-07 | 3.53.5 | ഉയർന്ന നിരക്കിൽ വീട്ടുവാടക ബത്ത നൽകി 2003-04 ഖണ്ഡിക. 3(1) | **കോലഴി ഗ്രാമപഞ്ചായത്ത്**<br>2003-04 സാമ്പത്തിക വർഷത്തിൽ വീട്ടുവാടക ബത്ത ഇനത്തിൽ ജീവനക്കാർക്ക് അധികം നൽകിയ 4725/- രൂപ ജീവനക്കാരിൽ നിന്നും ഈടാക്കിയിട്ടുണ്ട്. |
| 30 | 2006-07 | 3.59.1 | **നികുതി എഴുതി തള്ളി ഓഡിറ്റ് ഖണ്ഡിക 2.2**<br>ഓഡിറ്റ് വർഷം വിവിധ നികുതിയിനങ്ങളിലായി മൊത്തം 22808/-രൂപ എഴുതി തള്ളിയിട്ടുണ്ട്. ആയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. | **മണലൂർ ഗ്രാമപഞ്ചായത്ത്**<br>കെട്ടിട നികുതി 16208/-രൂപ, സേവന നികുതി 4593/- രൂപ, തൊഴിൽ നികുതി 1200/-രൂപ, ലൈബ്രറി സെസ്സ് 807/-രൂപ കൂടി ഒട്ടാകെ 22808/-രൂപ എഴുതി തള്ളിയ നടപടി ഒഴിവാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി 09.12.2009 തീയതിയിലെ 615/09 നമ്പർ തീരുമാന പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റിനോട് അപേക്ഷിച്ചിട്ടുള്ളതായും മേൽപ്പറഞ്ഞ സംഖ്യയിൽ പല നികുതിദായകരും മരണപ്പെട്ടിട്ടുള്ളതും പല കെട്ടിടങ്ങളും പൊളിച്ചു കളഞ്ഞിട്ടുള്ളതാണെന്നും, പഞ്ചായത്ത് വളരെയധികം ശ്രമം നടത്തിയെങ്കിലും പിരിച്ചെടുക്കാൻ കഴിയില്ലായെന്ന് കമ്മറ്റിക്ക് ബോധ്യപ്പെട്ടിട്ടുള്ളതുമാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിരിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | ജോലികൾ – പണി പൂർത്തിയാക്കിയിട്ടില്ല | മാസത്തിലുണ്ടായ മഹാപ്രളയത്തിൽ മുഴവൻ ഫയലുകളും ആഫീസ് സാമഗ്രികകളും പൂർണ്ണമായും നശിച്ച പോയിട്ടുള്ളതിനാൽ 2006–07 ലെ ഖണ്ഡിക 3.53.4 സംബന്ധിച്ചയാതൊരു രേഖകളും കാണാൻ കഴിയാത്തതിനാൽ ഇതു സംബന്ധിച്ച് മറുപടി നല്കാൻ സാധിക്കാത്ത അവസ്ഥയിലാണെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 20 | 2006–07 | 3.53.4 | നിക്ഷേപ ജോലികൾ – പണി പൂർത്തിയാക്കിയിട്ടില്ല | **അടാട്ട് ഗ്രാമപഞ്ചായത്ത്** 2003–04 വർഷത്തിൽ 2904/– രൂപ ചെലവഴിച്ച് പോസ്റ്റ് സ്ഥാപിച്ചിട്ടുണ്ട്. ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. |
| 21 | 2006–07 | 3.53.4 | നിക്ഷേപ ജോലികൾ – പണി പൂർത്തിയാക്കിയിട്ടില്ല | **മതിലകം ഗ്രാമപഞ്ചായത്ത്** മതിലകം കെ.എസ്.ഇ.ബി അസി.എഞ്ചിനിയറിൽ നിന്നും ടി പ്രവൃത്തികളുടെ ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെന്നും ആയത് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 22 | 2006–07 | 3.53.4 | നിക്ഷേപ ജോലികൾ – പണി പൂർത്തിയാക്കിയിട്ടില്ല. വൈദ്യുതി ലൈൻ നീട്ടുന്നതിന് കെ.എസ്.ഇ.ബിയിൽ അടവാക്കിയ സംഖ്യ – വിനിയോഗ സാക്ഷ്യപത്രം ഇല്ല | **തെക്കുംകര ഗ്രാമപഞ്ചായത്ത്** 2004–05 വർഷത്തിൽ കെ.എസ്.ഇ.ബി.യിൽ അടവാക്കിയ 112440/– രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബിയിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെന്നും ആയത് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 23 | 2006–07 | 3.53.5 | 2002 – 2003 – ഉയർന്ന നിരക്കിലുള്ള വീട്ടുവാടക ബത്ത പഞ്ചായത്തിലെ ജീവനക്കാർ അധികം കൈപ്പറ്റിയത് | **വല്ലച്ചിറ ഗ്രാമപഞ്ചായത്ത്** 2002–2003 ൽ തടസ്സപ്പെടുത്തിയ 35904/– രൂപ പൂർണമായും തിരികെ അടവാക്കിയിട്ടുണ്ട് എന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| | | | 2003 – 04 – ഉയർന്ന നിരക്കിലുള്ള വീട്ടുവാടക ബത്ത പഞ്ചായത്തിലെ ജീവനക്കാർ അധികം കൈപ്പറ്റിയത് തിരിച്ചുപിടിക്കുന്നത് സംബന്ധിച്ച് | 2003–04 ൽ തടസ്സപ്പെടുത്തിയ 17790/– രൂപ പൂർണമായും തിരികെ അടവാക്കിയിട്ടുണ്ട് എന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| | | പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്.<br>6. വാല്യങ്ങാമുറി റോഡ് ലൈൻ നീട്ടൽ - 29940/- കേരള വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ, ഇരിങ്ങാലക്കുട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 26-05-2017 ലെ ഡി.4.1928/13 പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്<br>7. മേലൂർ നാലാം വാർഡ് റോഡ് ലൈൻ നീട്ടൽ 44920/- - ലഭ്യമായിട്ടില്ല.<br>8. മേലൂർ കെ.എസ്.ഇ.ബി. ഓഫീസിൽ അടച്ചത്. 210960/- ലഭ്യമായിട്ടില്ല.<br>9. മേലൂർ കെ.എസ്.ഇ.ബി. ഓഫീസിൽ അടച്ചത്. 36783/- ലഭ്യമായിട്ടില്ല.<br>10. ചായ്പൻകഴി പീലാർമുഴി പ്രോജക്ടിൻറെ പൈപ്പ് ലൈൻ നീട്ടൽ. - 63000/- കേരള വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ, ഇരിങ്ങാലക്കുട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 26-05-2017 ലെ ഡി.4.1928/13 പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. |
| 3.54.1 | <u>**3.54.1 ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്- കുടിവെള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലെ അപാകതകൾ**</u><br>ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിൽ ഓരോ വർഷവും ഭീമമായ തുക വിവിധ പ്രോജക്ടുകളുടെ നടത്തിപ്പിനായി ചെലവഴിച്ചു വരികയാണ്. വിവിധ പ്രോജക്ടുകൾ പരിശോധിച്ചതിൽ 97-98 വർഷം മുതൽ തുടങ്ങിയ പല പ്രോജക്ടുകളും നാളിതുവരെയും പൂർത്തിയാക്കിയതായി കാണുന്നില്ല. | <u>**1. കൂവക്കാട്ട് കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി-**</u><br>ചാലക്കുടി പുഴയിൽ നിന്ന് വെള്ളം പമ്പ്ചെയ്ത് 200 എം.എം. വ്യാസമുള്ള പൈപ്പിലൂടെ കൂവക്കാട്ട്കുന്നിലുള്ള ടാങ്കിൽ എത്തിച്ച് മേലൂർ പഞ്ചായത്തിലും പരിസര പ്രദേശങ്ങളിലും ചാലുകളിലൂടെ ജലസേചനം നടത്തുകയാണ് പദ്ധതിയിലൂടെ നടപ്പിലാക്കിയത്. 15-01-2007 ൽ പണി പൂർത്തീകരിച്ച പദ്ധതിയുടെ പ്രവർത്തനോദ്ഘാടനം നടത്തി |

| | | |
|---|---|---|
| | | 1. മുരിങ്ങൂർ ലെപ്രസി റോഡ് ലൈൻ നീട്ടൽ (കെ.എസ്.ഇ.ബി) -44960/- മേലൂർ ഇലക്ട്രിക്കൽ സെക്ഷൻ സബ് എഞ്ചിനീയർ ഇൻ ചാർജ്ജിന്റെ 22-01-2008 ലെ ഡി.ബി.എൻ.എസ്.1/ബ്ലോക്ക് പഞ്ചായത്ത്/07-08/എം.സി.ആർ/306 നമ്പർ കത്ത് പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്.<br>2. കൊല്ലാറ ലിങ്ക് റോഡ് പൈപ്പ് ലൈൻ നീട്ടൽ (കേരള വാട്ടർ അതോറിറ്റി) -14560/- കേരള വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ, ഇരിങ്ങാലക്കുട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 26-05-2017 ലെ ഡി.4.1928/13 പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്<br>3. തുമ്പാക്കോട് ഒരപ്പന റോഡ് ലൈൻ നീട്ടൽ - 24780/- കേരള വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ, ഇരിങ്ങാലക്കുട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 26-05-2017 ലെ ഡി.4.1928/13 പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്.<br>4. കാഞ്ഞിരപ്പിള്ളി അർച്ചന റോഡ് ലൈൻ നീട്ടൽ - 15960/- കേരള വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ, ഇരിങ്ങാലക്കുട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 26-05-2017 ലെ ഡി.4.1928/13 പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്.<br>5. ചിക്ലായി വൈശേരി റോഡ് ലൈൻ നീട്ടൽ - 45000/- കേരള വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ, ഇരിങ്ങാലക്കുട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 26-05-2017 ലെ ഡി.4.1928/13 |

| | | |
|---|---|---|
| | | ലെ ഡി.ബി./145/4/പി.വൈ.എം/ പ്രകാരം ടി പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്.<br><br>4. മണിലായി ലക്ഷംവീട് റോഡ് ലൈൻ വലിക്കൽ - 19950/- കെ.എസ്.ഇ.ബി. പരിയാരം ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റൻറ് എഞ്ചിനീയറുടെ 19-04-2014 ലെ ഡി.ബി.19/4/14 ലെ ഡി.ബി./14-15/4/പി.വൈ.എം/ പ്രകാരം ടി പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്.<br><br>5. ചെമ്പൻകുന്ന് ലൈൻ വലിക്കൽ -32480/- കെ.എസ്.ഇ.ബി. പരിയാരം ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റൻറ് എഞ്ചിനീയറുടെ 19-04-2014 ലെ ഡി.ബി.19/4/14 ലെ ഡി.ബി./14-15/4/പി.വൈ.എം/ പ്രകാരം ടി പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്.<br><br>കുവ്വക്കാട്ട് കുന്ന് ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൽ ലൈൻവലിക്കൽ 459115/-മേലൂർ ഇലക്ട്രിക്കൽ സെക്ഷൻ സബ് എഞ്ചിനീയർ ഇൻ ചാർജ്ജിന്റെ 22-01-2008 ലെ ഡി.ബി.എൻ.എസ്.1/ബ്ലോക്ക് പഞ്ചായത്ത്/07-08/എം.സി.ആർ/306 നമ്പർ കത്ത് പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്.<br>**<u>വാട്ടർ അതോറിറ്റി വിവിധ പദ്ധതികൾ</u>** |

| | | |
|---|---|---|
| | | യൂണിറ്റിനും കെട്ടിടം പണിത് നൽകിയത് എസ്.ജി.എസ്.വൈ മാനദണ്ഡം അനുസരിച്ചാണ്. ആയതിൽ അക്ഷയ ഡി.ഡബ്ല്യൂ.സി.ആർ.എ. യൂണിറ്റിന്റെ കെട്ടിടം പണിതിട്ടുള്ള 0.02 (അര സെൻറ്) സ്ഥലം ലാൻറ് റിലിങ്കിഷ്മെൻറ് ഫാറം. എ. റൂൾ.3 പ്രകാരം ഭൂമി വിട്ടുകിട്ടിയിട്ടുണ്ട്<br>**<u>ഇലക്ട്രിസിറ്റി ബോർഡ് വിവിധ പദ്ധതികൾ</u>**<br>1.. കുവ്വക്കാട്ട്കുന്ന് ലൈൻ വലിക്കൽ- 44660 രൂപ - മേലൂർ ഇലക്ട്രിക്കൽ സെക്ഷൻ സബ് എഞ്ചിനീയർ ഇൻ ചാർജ്ജിന്റെ 22-01-2008 ലെ ഡി.ബി.എൻ.എസ്.1/ബ്ലോക്ക് പഞ്ചായത്ത്/07-08/എം.സി.ആർ/306 നമ്പർ കത്ത് പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്.<br><br>2. കൈതപ്പിള്ളി ലൈൻ വലിക്കൽ 10330/- 54650/- കെ.എസ്.ഇ.ബി. പരിയാരം ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റൻറ് എഞ്ചിനീയറുടെ 19-04-2014 ലെ ഡി.ബി.19/4/14 ലെ ഡി.ബി./14-15/4/പി.വൈ.എം/ പ്രകാരം ടി പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്.<br><br>3. പരിയാരം നമ്പർ. 2 കനാൽ സൈഡ് ലൈൻ വലിക്കൽ, 19881/- കെ.എസ്.ഇ.ബി. പരിയാരം ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റൻറ് എഞ്ചിനീയറുടെ 19-04-2014 ലെ ഡി.ബി.19/4/14 |

| | | |
|---|---|---|
| | | വായനശാലയുടെ താഴെയുള്ള പാടത്ത് പമ്പ്ഹൗസ് നിർമ്മിച്ച് കുളത്തിൽ നിന്ന് വെള്ളം പമ്പ്ചെയ്ത് കട്ടപ്പുറത്തെ ഉയർന്ന പ്രദേശങ്ങളിലേക്ക് ജലം വിതരണം ചെയ്യുന്നതിനായി ടാങ്ക് നിർമ്മിക്കുകയും ചെയ്താണ് ഈ പദ്ധതി നടപ്പിലാക്കിയത്. ടി പ്രദേശം നേരിൽ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്.<br>16. വേളൂക്കര എൽ.ഐ. പരിയാരം ഗ്രാമപഞ്ചായത്തിലെ വേളൂക്കര പ്രദേശത്ത് ജലസേചനം നടത്തുന്നതിനായി പുഴയുടെ തീരത്ത് പമ്പ് ഹൗസ് നിർമ്മിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് ഇത്. ടി പ്രദേശം നേരിൽ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്.<br>17. കനകപ്പിള്ളി- മോതിരക്കണ്ണി തോട് സംരക്ഷണം. പരിയാരം ഗ്രാമപഞ്ചായത്തിലെ കനകപ്പിള്ളി പ്രദേശത്ത് പദ്ധതിയാണ് ഇത്. ടി പ്രദേശം നേരിൽ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്.<br>ഈ സാഹചര്യത്തിൽ ടി ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.<br><br>**<u>സഹകരണ സംഘത്തിൻറെ കെട്ടിട നിർമ്മാണം-</u>**<br>പ്രതീക്ഷ സ്വയം സഹായസംഘത്തിനും തിരുമുടിക്കുന്ന് കൊരട്ടി എന്ന സ്വയം സഹായ സംഘത്തിനും, അക്ഷയ ഡി.ഡബ്ല്യു.സി.ആർ.എ. |

| | | |
|---|---|---|
| | | പുഞ്ചത്തോട് സംരക്ഷിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. ടി പ്രദേശം നേരിൽ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്. 2018 ലെ പ്രളയത്തിൽ ഈ തോടിന്റെ സംരക്ഷണ ഭിത്തികളെല്ലാം തകർന്ന് പോയിട്ടുള്ളതാണ്.<br>12. ഉൂവക്കാട്ടുകുന്ന് എൽ.ഐ.: ഈ പദ്ധതി പൂർത്തീകരിച്ച് അന്നത്തെ സംസ്ഥാന ജലവിഭവ വകുപ്പ് മന്ത്രി ഉദ്ഘാടനം നിർവ്വഹിച്ച് കമ്മീഷൻ ചെയ്തിട്ടുള്ളതാണ്. തുടർന്ന് ഉണ്ടായ കാലവർഷക്കെടുതിയിൽ പദ്ധതി പ്രദേശം വെള്ളത്തിൽ മുങ്ങിപോവുകയായിരുന്നു. ടി പ്രദേശം നേരിൽ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്.<br>13. മേച്ചിറ ചൊവ്വത്തോട് സംരക്ഷണം: കോടശ്ശേരി ഗ്രാമപഞ്ചായത്തിൽ പുഴയുടെ തീരത്ത് നടപ്പിലാക്കിയ പദ്ധതിയാണ് ഇത്. ടി പ്രദേശം നേരിൽ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്.<br>14. വൈന്തല കനാൽ സംരക്ഷണം : കാടുകുറ്റി ഗ്രാമപഞ്ചായത്തിലെ വൈന്തല പ്രദേശത്തിലെ നമ്പർ 2 കനാൽ സംരക്ഷിക്കുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ടി പ്രദേശം നേരിൽ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്. 2018 ലെ പ്രളയത്തിൽ ഈ തോടിൻറെ സംരക്ഷണ ഭിത്തികളെല്ലാം തകർന്ന് പോയിട്ടുള്ളതാണ്.<br>15. കട്ടപ്പുറം ടാങ്ക് റോഡ് എൽ.ഐ. കൊരട്ടി ഗ്രാമപഞ്ചായത്തിൽ കട്ടപ്പുറം പ്രദേശത്ത് |

| | | |
|---|---|---|
| | | പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ടി പ്രദേശംനേരിൽ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്.<br>8. ആറ്റപ്പാടം മുരുങ്ങൂർ എൽ.ഐ.: കൊരട്ടി ഗ്രാമപഞ്ചായത്തിലെ ആറ്റപ്പാടം പ്രദേശത്തിലെ വീട്ടുകളിലേക്ക് ജലവിതരണം നടത്തുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഇതിനായി കട്ടപ്പുറം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ നിന്നും പൈപ്പുകൾ വഴി മേൽപ്രദേശത്തേക്ക് ജലം എത്തിക്കുകയാണ് ചെയതത്. ഇതിനായി ആറ്റപ്പാടത്ത് ടാങ്ക് പ്രത്യേകമായി നിർമ്മിച്ചിട്ടില്ല. മേൽ സംഗതികൾ നേരിൽ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്.<br>9. താണിയം തോട് സംരക്ഷണം: മേലൂർ ഗ്രാമപഞ്ചായത്തിലെ മണ്ഡികുന്ന് പ്രദേശത്തെ വായനശാലക്ക് സമീപമുള്ള താണയം തോട് സംരക്ഷിക്കുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ടി പ്രദേശം നേരിൽ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്.<br>10. മായപാടം എൽ.ഐ. കോടശ്ശേരി ഗ്രാമപഞ്ചായത്തിൽ പുഴയുടെ തീരത്ത് നടപ്പിലാക്കിയ പദ്ധതിയാണ് മായപ്പാടം ലിഫ്റ്റ് ഇറിഗേഷൻ. ടി പ്രദേശം നേരിൽ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്.<br>11. കാലടി പൂഞ്ചത്തോട് സംരക്ഷണം : മേലൂർ ഗ്രാമപഞ്ചായത്തിൽ കാടടി ശിവക്ഷേത്രത്തിനു സമീപം മെയിൻ റോഡിൽ നിലവിലുള്ള |

| | | |
|---|---|---|
| | | ഗ്രാമപഞ്ചായത്തിലെ കാതിക്കുടം പ്രദേശത്ത് അംഗൻവാടി കട്ടപ്പറം റോഡിൽ ഏകദേശം ഒരു കിലോമീറ്ററോളം നീളമുള്ള കണ്ണഞ്ചിറ തോട് സംരക്ഷിക്കുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ടി പ്രദേശം നേരിൽ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്.<br>4. താങ്ങുചിറ സംരക്ഷണം : മേലൂർ ഗ്രാമപഞ്ചായത്തിലെ പാലപ്പിള്ളി ക്ഷേത്രത്തിനു സമീപം ഏകദേശം ഒരു ഏക്കർ വിസ്തൃതിയുള്ള താങ്ങുചിറ സംരക്ഷിക്കുന്നതിനാണ് ടി പദ്ധതി നടപ്പിലാക്കിയത്. ടി പ്രദേശം നേരിൽ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്.<br>5. വടക്കേച്ചാൽ കൊട്ടക്കടവ് എൽ.ഐ. : കാട്ടുകറ്റി ഗ്രാമപഞ്ചയത്തിൽ ചാലക്കുടി പുഴയുടെ തീരത്ത് പമ്പ് ഹൗസ് നിർമ്മിച്ച് മോട്ടോർ വഴി ജലവിതരണം നടത്തുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ടി പ്രദേശം നേരിൽ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്.<br>6. വടക്കേച്ചാൽ എൽ.ഐ. : കാട്ടുകറ്റി ഗ്രാമപഞ്ചായത്തിൽ ത്രിവേണി സെൻററിൽ നിന്നും വലതുഭാഗത്ത് പുഴയുടെ തീരത്താണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ടി പ്രദേശം നേരിൽ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്.<br>7. ചെറാലക്കുന്ന് എൽ.ഐ. കാട്ടുകറ്റി ഗ്രാമപഞ്ചായത്തിൽ തീരദേശ റോഡിൻറെ സമീപത്ത് പുഴയുടെ തീരത്താണ് പമ്പ് ഹൗസ് നിർമ്മിച്ച് ജലവിതരണം നടത്തുന്നതിന് ഈ |

| | | |
|---|---|---|
| | | **പടിഞ്ഞാറെ കല്ലായി ജലസേചന പദ്ധതി**<br>ഈ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ തുക 5.4.2006 ന് അനുവദിച്ചിട്ടുള്ളതാണ് |
എളംങ്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് 2001-2002 ലോക്കൽ ഫണ്ട് ഓഡിറ്റ് ഖണ്ഡിക 3.17 ൽ ഹൗസിംഗ്ബോർഡുമായി സഹകരിച്ച് ഭവന നിർമ്മാണ പദ്ധതിക്കായി 4616500/- രൂപ ഗ്രാമപഞ്ചായത്ത് ഹൗസിംഗ് ബോർഡിൽ അടച്ചുഎന്നും 112 ഗുണഭോക്താക്കൾക്ക് മാത്രമേ ആനുകൂല്യം ലഭിച്ചിട്ടുള്ളു എന്നും 2732500/- രൂപ തിരികെ ഈടാക്കണമെന്നുമുള്ള പരാമർശം വായിച്ചു ചർച്ച ചെയ്തു . എന്നാൽ പഞ്ചായത്തിലെ രേഖകൾ പ്രകാരം 4424000/- രൂപ മാത്രമേ ഹൗസിംഗ് ബോർഡിൽ അടച്ചിട്ടുള്ളു എന്നും 192500/-രൂപ അധികമായി കാണിച്ചിട്ടുള്ളത് റിപ്പോർട്ടിലെ കാൽക്കുലേഷനിൽ വന്ന പിശകാണെന്നും മനസ്സിലാകുന്നു. ഹൗസിംഗ് ബോർഡിന് ലഭ്യമായിട്ടുള്ള തുകയും 4424000/- മാത്രമാണെന്നും അറിയിച്ചിട്ടുള്ളതാണ്. ഹൗസിംഗ് ബോർഡിന്റെ 19/08/2013 വരെയുള്ള കണക്കുകൾ പ്രകാരം 3081500/- രൂപ വിനിയോഗിച്ചതായും ബാക്കി തുക 1342500/- ഉണ്ടെന്നും ഹൗസിംഗ് ബോർഡിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പ്രകാരം വ്യക്തമാകുന്നുണ്ട്. ബാലൻസുള്ള ടി തുക സർക്കാരിന്റെ 8/11/2011 ലെ 34/2011/ഭവനം നംമ്പർ ഉത്തരവ് പ്രകാരം മൈത്രി ഭവന പദ്ധതി ഇനത്തിൽ ഹൗസിംഗ് ബോർഡ് നൽകിയ 137.14 കോടി രൂപ ഗവൺമെന്റ് എഴുതി തള്ളുകയും കൂടാതെ 8.5% പലിശ സബ്സിഡി ഇനത്തിൽ 164.85 കോടി രൂപയും ഉൾപ്പെടെ 302.79 കോടി രൂപ സർക്കാരിൽ നിന്നും മടക്കി നൽകുന്നതിന് 27/02/2013 ലെ ബോർഡ് യോഗം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതായും തുക ലഭിക്കുന്നമുറയ്ക്ക് പഞ്ചായത്തിന് മടക്കി നൽകുമെന്നുമുള്ള Deputy .Secretay ( Loans) ന്റെ 18/10/2013 ലെ LG. 5866/13 നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുള്ളതുമാണ്. ആയതിനാൽ മേൽ പരാമർശം ഒഴിവാക്കി തരണമെന്ന് യോഗം ബന്ധപ്പെട്ട അധികാരികളോട് അഭ്യർത്ഥിച്ചു തീരുമാനിച്ചു

ഒപ്പ്
പ്രസിഡന്റ്

//ശരിപകർപ്പ്//

| | | | | |
|---|---|---|---|---|
| | | | | നൽകിയിട്ടുള്ളതിൽ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും കെ.എസ്.എച്ച്.ബിക്ക് 302.79 കോടി രൂപ കിട്ടാനുള്ളത് ലഭിക്കാൻ 27.2.13ലെ ബോർഡ് യോഗപ്രകാരം തീരുമാനിച്ചിട്ടുണ്ടെന്നും ആയത് സർക്കാരിനെ അറിയിച്ചിട്ടുണ്ടെന്നും സർക്കാരിൽ നിന്നും തുക ലഭിക്കുന്ന മുറയ്ക്ക് അവശേഷിക്കുന്ന തുക തിരികെ നൽകുന്നതാണെന്നുമുള്ള വിവരം 8.10.2013ലെ എൽ6/58666/2013 നമ്പർ കത്ത് പ്രകാരം അവർ അറിയിച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിച്ചു കൊള്ളുന്നു. ആയതിനാൽ മേൽ പരാമർശം ഒഴിവാക്കി തരണമെന്ന് 30/04/2014-ാം തീയതി നടന്ന മീറ്റിംഗിലെ 16(2) ാം നമ്പർ തീരുമാനം സഹിതം അപേക്ഷിച്ചുകൊള്ളുന്നു. |

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006–2007 പരാമർശങ്ങളിൻമേൽ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാരനടപടിപത്രിക.

**(REMEDIAL MEASURES TAKEN STATEMENT)**

**28.04.2014**

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശവിഷയം | ഓഡിറ്റ് പരാമർശങ്ങളിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 2 | 2006–07 | 3.48.1 | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ തുക നിക്ഷേപിച്ചു വീട് നിർമ്മിച്ചതിന്റെ വിവരം ലഭ്യമല്ല.<br><br>ആഡിറ്റ് റിപ്പോർട്ട് 2002/2003 ഖണ്ഡിക 3(17)<br><br>വീട് നിർമ്മിക്കുന്നതിനു വേണ്ടി ഗുണഭോക്താക്കളുടെ പേരിൽ കേരള സംസ്ഥാന ഭവന നിർമ്മാണബോർഡിൽ വൻ തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഈ പണമുപയോഗിച്ച് വീടുനിർമ്മിച്ച് നൽകിയതിന്റെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് ഹൗസിംഗ് ബോർഡുമായി സഹകരിച്ച് 207 വീടുകൾക്കായി 46,16,500/– രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഹൗസിംഗ് ബോർഡ് പദ്ധതി നിർത്തലാക്കിയതിനാൽ 112 ഗുണഭോക്താക്കൾക്ക് മാത്രമേ ആനുകൂല്യം ലഭിച്ചിട്ടുള്ളൂ. അനുവദിക്കാത്ത വീടുകളുടെ പേരിൽ ഹൗസിംഗ് ബോർഡിൽ ബാക്കി നിൽക്കുന്ന 27,32,500/– രൂപ തിരികെ പഞ്ചായത്തിന് ലഭ്യമായിട്ടില്ല. | 6/2006 ൽ നടന്ന 2002–03 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(17) ൽ പ്രകാരം 27,32,500/–രൂപയാണ് കെ.എസ്.എച്ച്.ബി യിൽ വിനിയോഗിക്കാതെ അവശേഷിക്കുന്നത്. എന്നാൽ പഞ്ചായത്തിലെ രേഖകൾ പ്രകാരം 4424000/– രൂപ മാത്രമേ ഹൗസിംഗ് ബോർഡിൽ അടച്ചിട്ടുള്ളൂ എന്നും, 192500/–രൂപ അധികമായി കാണിച്ചിട്ടുള്ളത് റിപ്പോർട്ടിലെ കാൽക്കുലേഷനിൽ വന്ന പിശകാണെന്നും മനസ്സിലാകുന്നു. ഹൗസിംഗ് ബോർഡിന് ലഭ്യമായിട്ടുള്ള തുകയും 4424000/– രൂപ മാത്രമാണെന്നും അറിയിച്ചിട്ടുള്ളതാണ്. ഹൗസിംഗ് ബോർഡിന്റെ 19/08/2013 വരെയുള്ള കണക്കുകൾ പ്രകാരം 3081500/– രൂപ വിനിയോഗിച്ചതായും ബാക്കി തുക 1342500/– ഉണ്ടെന്നും 19.8.2013ൽ കെ.എസ്.എച്ച്.ബി നൽകിയ utilisation certificate പ്രകാരം കാണുന്നു. ആയത് തിരികെ ലഭിക്കുന്നതിനായി 7/10/13ൽ എ3/14841/13നമ്പർ പ്രകാരം കത്ത് |

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൽ രാമമംഗലം ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

## (Remedial Measures Taken )

| ക്രമ നമ്പർ | സമാ. റി. വർഷം & ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശം | പരാമർശത്തിൽ സ്വീകരിച്ച നടപടി |
|---|---|---|---|
| | (2006-2007) 3.47.1 (ആഡിറ്റ് റിപ്പോർട്ട് 2002 - 2003 ഖണ്ഡിക 3.3) | **സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ടാർ വാങ്ങി**<br>ഗ്രാമ പഞ്ചായത്തിലെ റോഡ് പണികൾക്കാവശ്യമായ ടാർ ജില്ലയിൽ തന്നെ ഉല്പ്പാദിപ്പിച്ച് വിതരണം നടത്തുന്ന പൊതുമേഖല സ്ഥാപനങ്ങൾ ഉണ്ടായിട്ടും അവയെ തഴഞ്ഞ് പാലക്കാട് ബാംഗ്ലൂർ എന്നിവിടങ്ങളിൽ നിന്നുള്ള സ്വകര്യ സ്ഥാപനങ്ങളിൽ നിന്നും ടാർ വങ്ങിയതായി കാണുന്നു. രൂപലത ഏജൻസീസ് ബാംഗ്ലൂരിൽ നിന്നും 75 വീപ്പ ടാറും നാൻസി എന്റർപ്രൈസസ് പാലക്കാട് നിന്നും 21655 കിലോ ടാറും വാങ്ങിയിട്ടുണ്ട്. സ്വകാര്യ സ്ഥാപങ്ങളിൽ നിന്നും ഗുണനിലവാരം ഉറപ്പ് വരുത്താത്ത ടാർ വാങ്ങുവാൻ ഉണ്ടായ സാഹചര്യം വിശദീകരിക്കേതാണ്.<br>(ആഡിറ്റ് റിപ്പോർട്ട് 2002 -2003 ഖണ്ഡിക 3.3) | ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 12.03.2013ലെ എൽ.എഫ്3833/പി.റ്റി2/2013 നമ്പർ കത്തു പ്രകാരം രാമമംഗലം ഗ്രാമ പഞ്ചായത്തിന്റെ 2002-2003 ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.3 പരാമർശം ഒഴിവാക്കാവുന്നതാണ് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട് |

അസ്സൽ

നമ്പർ

ഫോറം നമ്പർ XXXIII

(36 - ാം ചട്ടം നോക്കുക)

രസീത് നമ്പർ

Valakom ഗ്രാമ പഞ്ചായത്ത്

ആളുടെ പേര് [illegible] P.V. [illegible]

മേൽവിലാസം [illegible]

| നോട്ടീസ് ബിൽ നമ്പർ | വിവരങ്ങൾ | കാലാവധി | തുക: കുടിശ്ശിക രൂ. | തുക: കുടിശ്ശിക പ. | തുക: തന്നാണ്ട് രൂ. | തുക: തന്നാണ്ട് പ. | ആകെ രൂ. | ആകെ പ. |
|---|---|---|---|---|---|---|---|---|
| | [illegible] — 95-96<br>OS 118/96 of Sub-Court Muvattupuzha [illegible]<br>[illegible] 12% [illegible] 31-3-96 [illegible] 17-4-2001 [illegible] | | | | 121504-65<br>73590-92<br>12025-00 | | | |
| | ആകെ | | | | 207120.57 | | 207120 | 57 |

മേൽപ്പറഞ്ഞ തുക കൈപ്പറ്റിയിരിക്കുന്നു. (അക്ഷരത്തിൽ) [illegible]

തീയതി 17-4-2001

സെക്രട്ടറി / ക്ലാർക്ക്

GLM - 85H/98

സെക്രട്ടറി
വാളകം ഗ്രാമപഞ്ചായത്ത്

-6-

Filed

O.S. No. 118/98
Decree
15-9-98

Item No. II

| | | |
|---|---|---|
| District | - | Ernakulam. |
| Taluk | - | Muvattupuzha |
| Village | - | Memury |
| Kara | - | Kayamadu. |
| S.R.O | - | Muvattupuzha. |
| Sy. No | - | 1127/11C |
| Extent | - | 56 cents. |
| Description | - | An extent of 56 cents of property comprised in Sy. No. 1127/11C of Memury village |
| East | - | property of Paily Mardhi |
| South | - | Road. |
| West | - | Road. |
| North | - | Road. |
| Valuation | - | Rs. 85000-00. |
| Remarks | - | Nil. |

---

[illegible]:- 16.10.98

[illegible]:- 16.10.98

[illegible]:- 21.10.98

True Copy

FR 692 216

Properties Liable To charged.

| | | |
|---|---|---|
| District | — | Ernakulam. |
| Taluk | — | Muvattupuzha |
| Village | — | Memury. |
| Kara | — | Kayandu. |
| S.R.O | — | Muvattupuzha |
| Sy No. | — | 1120/9 B/2/14 |
| Extent | — | 43 cents. |
| Description of property | — | An extent of 43 cents of property - Comprised in Sy No. 1120/9B/2/14 of Memury Village |
| East | — | River. |
| South | — | Property of Mattapilly- thottathil. |
| West | — | Property of Neduthotta- thil and payattattu |
| North | — | Vellamthadathil property |
| Valuation | — | Rs. 50,000/- |

കോടതി ചെലവു ഉത്തരവിൻ്റെ [illegible]
[illegible]
[illegible] വാദി [illegible]
[illegible]

[illegible]
[illegible]
[illegible]
[illegible]

പി. കെ. ജോസഫ്
അഡ്വക്കേറ്റ്.

കോടതി ചെലവ്

| | | |
|---|---|---|
| കോർട്ട് ഫീസ് | Rs. | 7413-00 |
| അഡ്വക്കേറ്റ് ഫീസ് | Rs. | 3368-00 |
| ക[illegible]ൻ ഫീസ് | Rs. | 1122-00 |
| [illegible] | Rs. | 45-00 |
| [illegible] ഫീസ് | Rs. | 50-00 |
| ആകെ | Rs. | 12025-00 |

(allowed)

[illegible] [illegible]

[illegible]

[illegible] } Rs. 1,21,504-65

[illegible]

[illegible] 7413/- [illegible]

വിവരണം :

[illegible] 15-9-95-ൽ [illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]:-

[illegible]

[illegible] 1,21,504/- [illegible] 65 പൈസ [illegible] 12% [illegible] വാദി [illegible]

(4) [illegible]

(5) [illegible]

[illegible] :- ഹർജിക്കാരി.

[illegible]

[illegible] 121,504/- [illegible] 65 [illegible]

12% [illegible]

[illegible]

[illegible] 1995 [illegible]

[illegible]

കേരള സംസ്ഥാനത്ത്

കുന്നത്തുനാട് സബ് കോടതിയിൽ

ഹാജർ:- ശ്രീ. പി. ജി. ജോർജ് BA LLB

സബ്ജഡ്ജ്

1996 സെപ്റ്റംബർ മാസം 16-ാം തീയതി ഫയലാക്കിയ

1972 കന്നി മാസം 24-ാം തീയതി തിങ്കളാഴ്ച

1996 ഒക്ടോബർ മാസം 30-ാം തീയതി ഉത്തരവ്

O.S. 118/96

വാദി:- [illegible]

(1) ശ്രീ [illegible] [illegible] [illegible]

[illegible]

വക്കീൽ:- ശ്രീ. തോമസ് ജോൺ

ഉത്തരവ്:-

(1) [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible].

(2) [illegible] [illegible] [illegible]

(3) (1) [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible]

ഉത്തരവായി.

PIN-682 316

| | | | |
|---|---|---|---|
| | | | ബോധ്യപ്പെട്ടതിനാലും ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു.<br>**<u>3.9 ജനറൽ പി.ഡിയിൽ നിന്നും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയത്</u>**<br>ജനറൽ പി.ഡി അക്കൗണ്ടിൽ നിന്ന് 5 ചെക്കുകളിലായി ചെലവഴിച്ച 1,79,240/- രൂപയുടെ വൗച്ചറുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല എന്ന വിഷയം പരിശോധിച്ചതിൽ മെഡിക്കൽ ഓഫീസർ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ എന്നിവർക്ക് ദൈനംദിന ചെലവുകൾ നേരിടാനായി ആണ് തുക അനുവദിച്ചത് എന്ന് കാണുന്നു. ടി കാലയളവിലെ ജനറൽ പിഡി അലോട്ട്മെന്റ് രജിസ്റ്റർ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത രജിസ്റ്ററിൽ ടി തുക ദൈനംദിന ചെലവുകൾക്കായി നൽകിയതായും ചെലവിനം സംബന്ധിച്ച രേഖപ്പെടുത്തലും ഉണ്ട്. ടി കാലയളവിലെ ക്യാഷ് ബുക്കിൽ ചെലവ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. ആയതിനാൽ പ്രസ്തുത രജിസ്റ്റർ പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |
| 2 | 3.18.2 | <u>ഡെപ്പോസിറ്റ് വർക്കുകൾ  പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല</u><br><br>വിവിധ കടിവെള്ള/ സാമൂഹ്യ ജലസേചന പദ്ധതികളുടെ വൈദ്യുതീകരണം, പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തി എന്നിവയ്ക്കായി ഗ്രാമ പഞ്ചായത്ത് താഴെ വിശദീകരിച്ച പ്രകാരം ലക്ഷക്കണക്കിന് രൂപ കേരള | <u>3.12 കോയിപ്രം ബ്ലോക്ക് വിവിധ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ് എന്നീ സ്ഥാപനങ്ങളിൽ അടവാക്കിയത്-</u><br>ഡെപ്പോസിറ്റ് വർക്കുകൾ എല്ലാം തന്നെ ഭൗതിക പരിശോധനയിൽ പൂർത്തീകരിച്ചിട്ടുള്ളതാണെന്ന് |

സംസ്ഥാന വൈദ്യുതി ബോർഡ്, കേരള വാട്ടർ അതോറിറ്റി എന്നിവയിൽ നിക്ഷേപിച്ചതായി കാണുന്നു. എന്നാൽ പ്രവൃത്തി ഓഡിറ്റ് തീയതി വരെ പൂർത്തിയാക്കിയിട്ടില്ല. ഇക്കാര്യത്തിൽ പഞ്ചായത്തുകൾ യാതൊരു തുടർനടപടികളും സ്വീകരിച്ചിട്ടില്ല. ആയതിനാൽ ചെലവഴിച്ച തുക പാഴ് ചെലവായി മാറുകയും പഞ്ചായത്ത് അടച്ച തുക അതതു സ്ഥാപനങ്ങളുടെ ഫണ്ടിൽ കിടക്കുകയാണ്. മാത്രമല്ല കുടിവെള്ള പ്രശ്നം പരിഹരിക്കുക, ജലസേചന സൗകര്യമേർപ്പെടുത്തുക എന്നീ പഞ്ചായത്തുകളുടെ ലക്ഷ്യം കൈവരിക്കാന സാധിക്കാതെ വരികയും ചെയ്തിരിക്കുന്നു. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനം ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ | ചെലവിന്റെ വിവരം | ചെലവ് തുക ( രൂപ) |
|---|---|---|---|---|
| 1. | കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് 2002-03 | 3.12 | വിവിധ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ് എന്നീ സ്ഥാപനങ്ങളിൽ അടവാക്കിയത് | 636510 |
| 2. | പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് 03-04 | 3.10 | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ-വാട്ടർ അതോറിറ്റിയി | 76402 |

ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നുള്ള. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കിയിട്ടുണ്ടെന്നും ഗ്രാമവികസന കമ്മീഷണർ അറിയിച്ചതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.

<u>3.10 പുളിക്കീഴ് ബ്ലോക്ക്- പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വാട്ടർ അതോറിറ്റിയിൽ അടവാക്കിയത്(2003-04)</u>

16.03.2013 ലെ എൽ.എഫ് പി.റ്റി.എ പി.2.777(3)/2012 നമ്പർ കത്ത് പ്രകാരം ടി ഖണ്ഡിക 06.08.2012 ൽ നടത്തിയ ആഡിറ്റ് അദാലത്തിൽ ഒഴിവാക്കിട്ടുള്ളതായും എന്നാൽ ടി ഖണ്ഡിക 2006-07 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ അവസാന നടപടികൾ സംബന്ധിച്ച സർക്കാർ അറിയിപ്പുകൾ ലഭിക്കേണ്ടതായിട്ടുണ്ട് എന്ന് പത്തനംതിട്ട ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുള്ളതാണ്, ആകയാൽ പ്രസ്തുത ഖണ്ഡിക അവസാനിപ്പിച്ച് ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

| | | | |
|---|---|---|---|
| | | | ൽ<br>അടവാക്കിയത് |

3 3.18.3

<u>വ്യക്തിഗത ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല</u>

ഭൂരഹിത ഭവന രഹിത പുനരധിവാസ പദ്ധതി, ഇന്ദിരാ ആവാസ് യോജന ഭവന നിർമ്മാണം തുടങ്ങിയ വിവിധ വ്യക്തിഗത പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനം ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ | പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | തുക ( രൂപ) |
|---|---|---|---|---|---|
| 1. | പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് 2002-03 | 3.2 | ഭൂരഹിത ഭവന രഹിത പുനരധിവാസ പദ്ധതി | 9 | 336250 |
| 2. | കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് 2002-03 | 3.5<br>3.6 | ഇന്ദിരാ ആവാസ് യോജന ഭവന നിർമ്മാണം | 5 | 60000 |

**<u>3.2 പുളിക്കീഴ് ബ്ലോക്ക്</u>** ഭൂരഹിത ഭവനരഹിത പുനരുദ്ധാരണ പദ്ധതിയിൽ ധനസഹായം നൽകിയിട്ടുള്ള 9 ഗുണഭോക്താക്കളും ഭൂമിവാങ്ങി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ് എന്ന് ഗ്രാമ വികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ടി ഖണ്ഡിക പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ചുകൊള്ളുന്നു.

**<u>3.5 ഇന്ദിരാ ആവാസ് യോജന ഭവന നിർമ്മാണം</u>**

**1.(3-5)** സരസ്വതിയമ്മ, തെക്കേടത്ത് തറമേൽ (തറപ്പുഴമൂലയിൽ), കുന്നത്തുങ്കര പി ഒ, ഓതറ എന്നയാൾക്ക് 2001-02 സാമ്പത്തിക വർഷത്തിൽ ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുള്ളതും 5000/- രൂപ കൈപ്പറ്റിയിരുന്നതുമാണ്. എന്നാൽ ടിയാൻ താമസിച്ചുകൊണ്ടിരുന്ന വീട് പ്രളയത്തിൽ തകർന്നതിനാൽ ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നൽകി പണി പൂർത്തീകരിച്ചിട്ടുള്ളതാണ്. ടിയാന് അനുവദിച്ചിരുന്ന 5000/- രൂപ 25.06.2014 തീയതിയിൽ തിരിച്ചടച്ചിട്ടുള്ളതുമാണ്.

**2.(3-6)**(1) ശ്രീമതി. പുഷ്പകുമാരി റ്റി കെ, കഴപറമ്പിൽ, കോയിപ്രം എന്ന ഗുണഭോക്താവിന് ഐ.എ.വൈ ഭവനപദ്ധതിയിൽ ധനസഹായം

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ സമാഹൃ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക**

| ക്രമ നമ്പർ | പരാമർശ ഖണ്ഡിക | ഓഡിറ്റ് പരാമർശം | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|
| 1 | 3.18.2 | **ഡെപ്പോസിറ്റ് വർക്കുകൾ – പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല.** വിവിധ കുടിവെള്ള/ സാമൂഹിക ജലസേചന പദ്ധതികളുടെ വൈദ്യുതീകരണം, പൈപ്പ് ലൈൻ നീട്ടൽ പ്രവർത്തി എന്നിവയ്ക്കായി ഗ്രാമപഞ്ചായത്ത് താഴെ വിശദീകരിക്കുന്ന പ്രകാരം ലക്ഷക്കണക്കിന് രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരളാ വാട്ടർ അതോറിറ്റി എന്നിവയിൽ നിക്ഷേപിച്ചതായി കാണുന്നു. എന്നാൽ പ്രവർത്തി | പൊതു ഓഡിറ്റ് ടി പരാമർശത്തിൻമേലുള്ള 5 പഞ്ചായത്തുകളെ സംബന്ധിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു:- |

| | | | |
|---|---|---|---|
| | | ഓഡിറ്റ് തീയതി വരെ പൂർത്തിയാക്കിയിട്ടില്ല. ഇക്കാര്യത്തിൽ പഞ്ചായത്തുകൾ യാതൊരു തുടർനടപടികളും സ്വീകരിച്ചിട്ടില്ല. ആയതിനാൽ ചെലവഴിച്ച തുക പാഴ്ച്ചെലവായി മാറുകയും പഞ്ചായത്ത് അടച്ച തുക അതതു സ്ഥാപനങ്ങളുടെ ഫണ്ടിൽ കിടക്കുകയുമാണ്. മാത്രമല്ല കുടിവെള്ള പ്രശ്നം പരിഹരിക്കുക, ജലസേചന സൗകര്യമേർപ്പെടുത്തുക എന്നീ പഞ്ചായത്തുകളുടെ ലക്ഷ്യം കൈവരിക്കാൻ സാധിക്കാതെ വരുകയും ചെയ്തിരിക്കുന്നു :- | |
| | 3.18.2(3) | **റാന്നി ഗ്രാമപഞ്ചായത്ത്** തെരുവുവിളക്ക് ഡെപ്പോസിറ്റ് തുക പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കാത്തത്.(1,38,100/-) | റാന്നി പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ തെരുവു വിളക്ക് സ്ഥാപിക്കുന്നതിനായി 1,38,100/-(ചെക്ക് നമ്പർ 148004, 29.03.2003 പ്രകാരം 92,200/- രൂപയും) ചെക്ക് നമ്പർ 148005, 29.03.2003 പ്രകാരം 45,900/- രൂപയും റാന്നി കെ.എസ്.ഇ.ബി സെക്ഷനിൽ അടവാക്കിയതായും 2018 ഓഗസ്റ്റ് മാസത്തിൽ ഉണ്ടായ മഹാപ്രളയത്തിൽ പഞ്ചായത്താഫീസ് കെട്ടിടം മുങ്ങിപ്പോയിട്ടുള്ളതിനാൽ ഓഫീസിൽ സൂക്ഷിച്ചിരുന്ന മുഴുവൻ രേഖകളും |

| | | | |
|---|---|---|---|
| | | | വീണ്ടെടുക്കാൻ ആകാത്ത വിധം നഷ്ടപ്പെട്ടുപോയിട്ടുള്ളതാണെന്നുമുള്ള വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, പത്തനംതിട്ട ജില്ലാ ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുള്ളതാണെന്ന് പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. തൻവർഷം തന്നെ ടി പ്രവർത്തികൾ പൂർത്തികരിച്ചിട്ടുള്ളതും തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്തിൻെറ അനിവാര്യ ചുമതല ആണെന്നും പൊതുജനങ്ങൾക്ക് വളരെയധികം പ്രയോജനം ലഭിക്കുന്ന പ്രവർത്തിയായതിനാലും നിലവിൽ പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ പരിപാലനം ഭംഗിയായി നടത്തി വരുന്നതായും പഞ്ചായത്ത് ഭരണ സമിതിയ്ക്ക് ഉത്തമബോധ്യമുള്ളതിനാൽ 30.09.2021 തീയതിയിലെ പഞ്ചായത്ത് ഭരണ സമിതിയുടെ 13(2) -ാം നമ്പർ തീരുമാന പ്രകാരം ടി ഓഡിറ്റ് പരാമർശം ഒഴിവാക്കി നല്കണമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| | 3.18.2(4) | **കവിയൂർ ഗ്രാമപഞ്ചായത്ത്**<br><br>ലൈൻഎക്സ്റ്റൻഷൻ, വൈദ്യുതീകരണ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി കെ എസ് ഇ ബിയിൽ ഡിപ്പോസിറ്റ് ചെയ്ത തുകയായ 1,81,580/ രൂപ തടസ്സപ്പെടുത്തുന്നു. | കെ എസ് ഇ ബിയിലേക്ക് ഡെപ്പോസിറ്റ് ചെയ്ത തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹുമാനപ്പെട്ട നിയമസഭാസമിതി മുൻപാകെ ബോധിപ്പിക്കുന്നു. |
| | 3.18.2 | **കവിയൂർ ഗ്രാമപഞ്ചായത്ത്** | ആഡിറ്റ് പരാമർശത്തിൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ തുകയിൽ വാട്ടർ |

| | | | |
|---|---|---|---|
| | | വിവിധ കുടിവെള്ള പദ്ധതികൾ വാട്ടർ അതോറിറ്റിയിൽ അടവാക്കിയ തുക - 1,18,480/-രൂപ | അതോറിറ്റിയിൽ ഡിപ്പോസിറ്റ് ചെയ്ത തുകയായാണ് സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളത്. ആയതിൽ 50,000/- രൂപ (ചെക്ക് നം. 204729 തീയതി 20/03/2003) പ്രകാരം ഒടുക്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുള്ളതായും 50,000/- രൂപ (ചെക്ക് നം.204727 തീയതി 20/03/2003) പ്രകാരമുള്ള തുക സംബന്ധിച്ച രേഖകൾ വാട്ടർ അതോറിറ്റിയിൽ ലഭ്യമല്ല എന്ന് വാട്ടർ അതോറിറ്റി അറിയിച്ചിട്ടുള്ളതായും 19 വർഷത്തോളം പഴക്കമുള്ള ടി പ്രോജക്ടിന്റെ വൗച്ചറുകൾ, രജിസ്റ്ററുകൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ നിലവിൽ കണ്ടെത്താൻ സാധിക്കാത്തതിനാൽ നടത്തിയ നേരിട്ടുള്ള പരിശോധനയിൽ കെ.ഡബ്ലിയു.എ യിൽ അടവാക്കിയ 50,000/-രൂപ കമ്പനാട് കുടിവെള്ള പദ്ധതിയ്ക്കായി വിനിയോഗിച്ച് പൂർത്തീകരിച്ചിട്ടുള്ളതായും നിലവിൽ ഗുണഭോക്താക്കൾക്ക് പ്രയോജനപ്രദമാണെന്ന് പഞ്ചായത്ത് ഭരണസമിതിയ്ക്ക് ബോധ്യപ്പെട്ടിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി 08.10.2021 ൽ 5(16) നമ്പർ പ്രകാരം തീരുമാനമെടുത്ത് ഓഡിറ്റ് വകുപ്പിനോട് അപേക്ഷിച്ചിട്ടുള്ളതായും ടി വസ്തുതകളുടെ അടിസ്ഥാനത്തിലും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലും പ്രസ്തുത പരാമർശം ഒഴിവാക്കി നല്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. വളരെ കാലഹരണപ്പെട്ട ഒരു വിഷയമായതിനാലും പദ്ധതി നടപ്പിലായി പ്രയോജനപ്രദമാണെന്ന് ബോദ്ധ്യപ്പെട്ടതായുമുള്ള പഞ്ചായത്ത് സമിതിയുടെ വിലയിരുത്തൽ കൂടി പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കി നല്കണമെന്നും ബഹുമാനപ്പെട്ട നിയമസഭാ സമിതിയോട് ബോധിപ്പിക്കുന്നു. |
| | 3.18.2(5) | **എഴുമറ്റൂർ ഗ്രാമപഞ്ചായത്ത്**<br>എഴുമറ്റൂർ ഗ്രാമപഞ്ചായത്തിലെ | ഓഡിറ്റ് പരാമർശത്തിനിടയാക്കിയ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം വെണ്ണിക്കുളം ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ളതായും ആയതിൻെറ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം |

| | | | |
|---|---|---|---|
| | | 31.03.2004 ലെ 42/3-04 നമ്പർ വൗച്ചർ പ്രകാരം വെണ്ണിക്കുളം ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് 27,250/-രൂപ ഡെപ്പോസിറ്റ് ചെയ്തതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. | ഒഴിവാക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ 20/11/2021 -ൽ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി നല്കണമെന്ന് ബഹുമാനപ്പെട്ട നിയമസഭാ സമിതി മുമ്പാകെ ബോധിപ്പിച്ചുകൊള്ളുന്നു. |
| | 3.18.2(6) | **തുമ്പമൺ ഗ്രാമപഞ്ചായത്ത്**<br><br>തുമ്പമൺ ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് വൈദ്യുതി ബോർഡിൽ അടവാക്കിയ 67,960/-രൂപയുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 30.07.2009 ലെ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ യോഗത്തിൽ കെ.എസ്.ഇ.ബി യിൽ നിന്നുള്ള പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ളതായും ഈ ഖണ്ഡിക ഒഴിവാക്കിയതായി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 05.02.2007 തീയതിയിലെ എൽ.എഫ്.പി.റ്റി.എ(പി4)385/06 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി നല്കണമെന്ന് ബഹുമാനപ്പെട്ട നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു. |
| | 3.18.2(7) | **ചെറുകോൽ ഗ്രാമപഞ്ചായത്ത്**<br><br>ഡെപ്പോസിറ്റ് വർക്കുകൾ പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല | ചെറുകോൽ ഗ്രാമപഞ്ചായത്തിൽ 2002-03 വർഷം നടപ്പിലാക്കിയ 6 വിവിധ ലൈൻ എക്സ്റ്റൻഷൻ പ്രവർത്തികൾക്കായി കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത ആകെ 2,03,800/-രൂപ വൈദ്യുതി ബോർഡിന്റെ റാന്നി സൗത്ത്, പത്തനംതിട്ട, കോഴഞ്ചേരി ഇലക്ട്രിക്കൽ സെക്ഷനിൽ അടവാക്കിയിട്ടുള്ളതാണെന്നും, ടി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ടെന്നും, ഇതു സംബന്ധിച്ച് വൈദ്യുതി ബോർഡിന്റെ വിവിധ |

9

| | | | |
|---|---|---|---|
| | | 2,03,800 രൂപ/- | ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും ലഭിച്ചിട്ടുള്ള വിനിയോഗ സാക്ഷ്യപത്രത്തിന്റെ പകർപ്പ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി നല്കണമെന്ന് നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു. |

M.S. BIJUKUTTAN
Additional Secretary to Govt.
Local Self Government Dept.
Govt. Secretariat, Tvpm.
PEN. 101250

| | | | |
|---|---|---|---|
| | | ൽ അടവാക്കിയത് | |
| 3 | 3.18.3 | **വ്യക്തിഗത ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല**<br><br>ഭൂരഹിത ഭവന രഹിത പുനരധിവാസ പദ്ധതി, ഇന്ദിരാ ആവാസ് യോജന ഭവന നിർമ്മാണം തുടങ്ങിയ വിവിധ വ്യക്തിഗത പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു. | **3.2 പുളിക്കീഴ് ബ്ലോക്ക്** ഭൂരഹിത ഭവനരഹിത പുനരുദ്ധാരണ പദ്ധതിയിൽ ധനസഹായം നൽകിയിട്ടുള്ള 9 ഗുണഭോക്താക്കളും ഭൂമിവാങ്ങി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ് എന്ന് ഗ്രാമ വികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ടി ഖണ്ഡിക പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ചുകൊള്ളുന്നു.<br><br>**3.5 ഇന്ദിരാ ആവാസ് യോജന ഭവന നിർമ്മാണം**<br><br>1.(3-5) സരസ്വതിയമ്മ, തെക്കേടത്ത് തറമേൽ (തറപ്പുഴമൂലയിൽ), കുന്നത്തുങ്കര പി ഒ, ഓതറ എന്നയാൾക്ക് 2001-02 സാമ്പത്തിക വർഷത്തിൽ ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുള്ളതും 5000/- രൂപ കൈപ്പറ്റിയിരുന്നതുമാണ്. എന്നാൽ ടിയാൻ താമസിച്ചുകൊണ്ടിരുന്ന വീട് പ്രളയത്തിൽ തകർന്നതിനാൽ ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നൽകി പണി പൂർത്തീകരിച്ചിട്ടുള്ളതാണ്. ടിയാന് അനുവദിച്ചിരുന്ന 5000/- രൂപ 25.06.2014 തീയതിയിൽ തിരിച്ചടച്ചിട്ടുള്ളതുമാണ്.<br><br>2.(3-6)(1) ശ്രീമതി. പുഷ്പകുമാരി റ്റി കെ, കഴുപറമ്പിൽ, കോയിപ്രം എന്ന ഗുണഭോക്താവിന് ഐ.എ.വൈ ഭവനപദ്ധതിയിൽ ധനസഹായം |

| ക്രമ നം | സ്ഥാപനം ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ | പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | തുക (രൂപ) |
|---|---|---|---|---|---|
| 1. | പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് 2002-03 | 3.2 | ഭൂരഹിത ഭവന രഹിത പുനരധിവാസ പദ്ധതി | 9 | 336250 |
| 2. | കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് 2002-03 | 3.5<br>3.6 | ഇന്ദിരാ ആവാസ് യോജന ഭവന നിർമ്മാണം | 5 | 60000 |

| | | |
|---|---|---|
| | | നൽകിയിട്ടുള്ളതും പണികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. **3.6(2)** ശ്രീമതി. അഴകൽ കണ്ടൻ, കാളി, പന്തപ്ലാവു നിൽക്കുന്നതിൽ, കോയിപ്രം എന്ന ഗുണഭോക്താവ് മരണപ്പെട്ടുപോയിട്ടുള്ളതും ടിയാന്റെ കുടുംബത്തിന് വീടിന്റെ തുടർപണികൾ പൂർത്തീകരിക്കാൻ സാധിക്കാതെ വന്നതിനാൽ നിലവിൽ പ്രാദേശിക സംഘടനകൾ മുഖേനയും സ്പോൺസർഷിപ്പിലൂടെയും പണികൾ പുരോഗമിച്ചുവരുന്നതായും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്. **3.6(3)** വി ആർ സുരേന്ദ്രൻ, പുല്ലേലിൽ (പുല്ലോലിക്കൽ) പുറമറ്റം, മുണ്ടമല പി ഒ എന്നയാൾ പുറമറ്റം ഗ്രാമപഞ്ചായത്തിലെ 10 -ാം വാർഡിലാണ് താമസിച്ചുവരുന്നത്. 2002-03 സാമ്പത്തികവർഷം ഐ എ വൈ ഭവനപദ്ധതി പ്രകാരം 17500/- രൂപ ലഭിക്കുകയും നിലവിൽ ടിയാൻ വീട് പണി പൂർത്തീകരിച്ചിട്ടുള്ളതായും ഗ്രാമ വികസന കമ്മീഷണർ അറിയിച്ചിട്ടുണ്ട്. **3.6(4)** ശ്രീമതി. സി. വി. അമ്മിണി, ചിറയിൽ പലവളവിൽ, പുറമറ്റം എന്ന ഗുണഭോക്താവിന്റെ വീട് പണി പൂർത്തീകരിച്ചിട്ടുള്ളതാണ്. |
| 3.19.1 | **പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്** പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിലെ നിരണം ഗ്രാമപഞ്ചായത്തിലുള്ള വെള്ളാരംകേരി, പയ്യം കോനാരി എന്നീ പാടശേഖരങ്ങളിൽ 200 ഏക്കർ | ടി പാടശേഖരത്തിൽ തുടർച്ചയായി നാളിതുവരെ 4 മോട്ടോർ പ്രവർത്തിപ്പിച്ച് കൃഷി നടത്തിവരുന്നതായി നിലവിലെ കൃഷി |

12

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

| | | | |
|---|---|---|---|
| | | | വിവരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| 3 | 3.18.3 | **വ്യക്തിഗത ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല.**<br><br>ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി, ഇന്ദിരാ ആവാസ് യോജന ഭവന നിർമ്മാണം തുടങ്ങിയ വിവിധ വ്യക്തിഗത പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. | |
| | | **1. മെഴുവേലി ഗ്രാമ പഞ്ചായത്ത് ( 2.17 ) -2002-03**<br><br>എസ്.ജി.ആർ.വൈ വ്യക്തിഗത ആനുകൂല്യം നൽകിയത് പൂർത്തീകരിക്കാത്തത് സംബന്ധിച്ച് കക്കൂസ് നിർമ്മാണത്തിന് വ്യക്തിഗത ധനസഹായം നൽകപ്പെട്ട താഴപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതിന്റെ വിവരങ്ങൾ താഴെക്കൊടുക്കുന്നു.<br><br>1. ഓമന, മുള്ളം തടത്തിൽ (1000 രൂപ) ചെക്ക് നമ്പർ 651359, 20.02.2003<br><br>2. ഓമന, മുള്ളം തടത്തിൽ (ബാലചന്ദ്രന്റെ ഭാര്യ) ചെക്ക് നമ്പർ 659133, 29.03.2003 | 1. വി.ഇ.ഒ നേരിട്ട് ഗുണഭോക്താക്കളുടെ ഭവനം പരിശോധിക്കുകയും നിലവിൽ ഗുണഭോക്താക്കൾ കക്കൂസ് പൂർത്തീകരിക്കുകയും ആയത് ഉപയോഗിച്ച് വരുന്നതായും ബോധ്യപ്പെട്ടിട്ടുണ്ട്. വി.ഇ.ഒ യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 06.10.2021 ൽ ഭരണസമിതി യോഗം ചേർന്ന് 15(4) ാം നമ്പർ തീരുമാന പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സംസ്ഥാന ഓഡിറ്റ് വകുപ്പിനോട് അഭ്യർത്ഥിക്കുവാൻ പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |

<u>സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക</u>

| | | | |
|---|---|---|---|
| | | 3. ഭാരതി, കാവിന്റെ കിഴക്കേതിൽ, കാരിത്തോട്ട (1000 രൂപ) ചെക്ക് നമ്പർ -659132, 29.03.2003<br><br>4. കട്ടപ്പൻ, കാവിന്റെ പടിഞ്ഞാറ്റേ മുകടിയ് ൽ, മെഴുവേലി (1000 രൂപ) ചെക്ക് നമ്പർ - 659137, 31.03.2003<br><br>ടി ഗുണഭോക്താക്കൾ കക്കൂസ് നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ നൽകിയ തുക ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. | |
| | | **2. കവിയൂർ ഗ്രാമപഞ്ചായത്ത് ( 3.7) -2002-03**<br><br>2001/2002 വർഷത്തെ ഭവന നിർമ്മാണം ജനറൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഭാഗികമായി തുക അനുവദിച്ച മൂന്ന് ഗുണഭോക്താക്കൾ ഓഡിറ്റ് തീയതി വരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല ആയതിനാൽ 37,800/ രൂപ തടസ്സപ്പെട്ടുഇന്ന ഗുണഭോക്താക്കളുടെ പേര് വിവരം -<br><br>ഗുണഭോക്തളായ ശാന്തമ്മ എ കെ , വലിയപറമ്പിൽ, മുണ്ടിയപ്പള്ളി - 7,000/- രൂപ. വി. ജി സന്തോഷ്കുമാർ, വാകത്താനത്ത് പെയ്കയിൽ, മുണ്ടിയപ്പള്ളി - 15,400/- രൂപ. ലക്ഷ്മി പദ്മനാഭൻ, കടംപാട്ട് | 2. ഗുണഭോക്താക്കളായ ശാന്തമ്മ എ. കെ, വലിയപറമ്പിൽ, മുണ്ടിയപ്പള്ളി, വി.ജി സന്തോഷ്കുമാർ, വാകത്താനത്ത് പെയ്കയിൽ, മുണ്ടിയപ്പള്ളി എന്നിവർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതായി പ്രദേശിക അന്വേഷണത്തിലും സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിലും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. മറ്റൊരു ഗുണഭോക്താവായ ലക്ഷ്മി പദ്മനാഭൻ, കടംപാട്ട് നടുക്കേപുരയിൽ, കവിയൂർ എന്നയാളും ടിയാളുടെ ഏക അവകാശിയായ മകനും മരണപ്പെട്ടിട്ടുള്ളതാണെന്നും ടിയാളുടെ കൊച്ചുമകനായ മധു എന്നയാൾ ടി വീട്ടിൽ |

<u>സംസ്ഥാന ഓഡിറ്റ് വകുപ്പിൻെറ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക</u>

| | | | |
|---|---|---|---|
| | | നട്ടക്കേപുരയിൽ, കവിയൂർ 15,400/- രൂപ | താമസിച്ച് വരുകയാണെന്നും നേരിട്ടുള്ള പരിശോധനയിൽ ബോധ്യപ്പെട്ടതായും മേൽപറഞ്ഞ പരാമർശം ഒഴിവാക്കി നൽകുന്നതിന് 08.10.2021 ൽ കൂടിയ പഞ്ചായത്ത് ഭരണസമിതി 5(14) പ്രകാരം തീരുമാനമെടുത്ത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| | | **3. ചിറ്റൂർ ഗ്രാമ പഞ്ചായത്ത് ( 2.2 ) -2001-02**<br><br>**ഭവന നിർമ്മാണം (ജനറൽ) നാളിതുവരെ പൂർത്തിയാക്കാത്തത് സംബന്ധിച്ച്)** -പ്രോജക്ട് നമ്പർ 18(2000-01) 2000-01 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നമ്പർ18 ആയി ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരും ഭവന രഹിതരുമായ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് ആരംഭിച്ച പദ്ധതിയാണിത്. 2001-02, 2002-03, 2003-04 എന്നീ സാമ്പത്തിക വർഷങ്ങൾ പിന്നിട്ടിട്ടും ആദ്യ ഗഡു തുക കൈപ്പറ്റിയതിന് ശേഷം നാളിതുവരെയും തുടർ നിർമ്മാണ പ്രവൃത്തിക്ക് ധനസഹായം ആവശ്യ പ്പെടാത്തതും പണി പൂർത്തീകരിക്കുന്നതിന് മറ്റ് നടപടികൾ കൈക്കൊള്ളാത്തതുമായ ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ പരിശോധനയിൽ | 3. നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഓ യുടെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലും, ഓഫീസിലെ രേഖകൾ പരിശോധിച്ചതിലും ടി തുക തിരികെ അടവാക്കിയതായി കാണുന്നില്ല. ടിയാളുകളുടെ വീടുകളിൽ നേരിട്ടു പോയി പരിശോധന നടത്തിയതിൽ ശ്രീമതി സാറാമ്മ ചാക്കോ , അടിച്ചിത്തറ പുത്തൻവീട് എന്നയാൾ മരണപ്പെട്ടു പോയിട്ടുള്ളതായും ടിയാളുടെ മകൻ വീട് പണി പൂർത്തിയാക്കി ഇവിടെ താമസിക്കുന്നുണ്ടെന്നും ബോധ്യപ്പെട്ടതായും ചിറ്റൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തതായി പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ശ്രീ സദാശിവൻ, ഇരുട്ടുതോട്ടിൽ എന്നയാൾ |

സംസ്ഥാന ഓഡിറ്റ് വകുപ്പിൻെറ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

| | | | |
|---|---|---|---|
| | | ലഭ്യമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :-<br>1) സാറാമ്മ ചാക്കോ , അടിച്ചിത്തറ പുത്തൻ വീട് , മീൻകുഴി , വയ്യാറ്റുപുഴ- കൈപ്പറ്റിയ തുക- 2500/-<br>2) സദാശിവൻ , ഇരുട്ടു തോട്ടിൽ തെക്കേക്കര, ചിറ്റാർ -കൈപ്പറ്റിയ തുക- 2500/- | മരണപ്പെട്ടു പോയിട്ടുള്ളതും ടിയാളുടെ മകൻ വീട് പണി പൂർത്തിയാക്കി ഇവിടെ താമസിക്കുന്നുണ്ടെന്നും ബോധ്യപ്പെട്ടു. ശ്രീമതി സാറാമ്മ ചാക്കോ, ശ്രീ സദാശിവൻ എന്നിവർ മരണപ്പെട്ടുപോയതിനാലും ഇവരുടെ അനന്തരാവകാശികൾ വീട്ടുപണി പൂർത്തീകരിച്ചതിനാലും സാമ്പത്തിക നഷ്ടം ഉണ്ടാകാത്ത സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| | | **4. റാന്നി അങ്ങാടി ഗ്രാമ പഞ്ചായത്ത് ( 3.12) - 2002-03**<br>വിവിധ വ്യക്തിഗത ധനസഹായം - വിവിധ കാരണങ്ങളാൽ 15,875/-രൂപ തടസ്സപ്പെടുത്തുന്നു. | 4. റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2002 - 03 സാമ്പത്തിക വർഷത്തെ പ്ലാൻ പി.ഡി.യിൽ നിന്നും വീട് അറ്റകുറ്റപ്പണിയ്ക്കായി കെ.എൻ.തങ്കമ്മ , വടക്കാവുങ്കൽ വീട് , പുല്ലൂപ്രം.പി.ഒ എന്നയാൾ ഒന്നാം ഗഡുവായി 2000/-രൂപ കൈപ്പറ്റുകയും ടി തുക വീട് അറ്റകുറ്റപ്പണിയ്ക്കായി പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് എന്ന് അന്വേഷണത്തിൽ പഞ്ചായത്തിന് ബോധ്യമായിട്ടുണ്ട്. കക്കൂസ് നിർമ്മാണത്തിനായി ഒന്നാം ഗഡുവായി 1000/-രൂപ കൈപ്പറ്റുകയും ടി തുക കക്കൂസ് നിർമ്മാണത്തിനായി ടിയാൻ വിനിയോഗിച്ചിട്ടുള്ളതായും |

16



| | | |
|---|---|---|
| | | നൽകിയിട്ടുള്ളതും പണികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.<br>**3.6(2).** ശ്രീമതി. അഴകൽ കണ്ടൻ, കാളി, പന്തപ്ലാവ് നിൽക്കുന്നതിൽ, കോയിപ്രം എന്ന ഗുണഭോക്താവ് മരണപ്പെട്ടുപോയിട്ടുള്ളതും ടിയാന്റെ കുടുംബത്തിന് വീടിന്റെ തുടർപണികൾ പൂർത്തീകരിക്കാൻ സാധിക്കാതെ വന്നതിനാൽ നിലവിൽ പ്രാദേശിക സംഘടനകൾ മുഖേനയും സ്പോൺസർഷിപ്പിലൂടെയും പണികൾ പുരോഗമിച്ചുവരുന്നതായും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്.<br>**3.6(3)** വി ആർ സുരേന്ദ്രൻ, പുല്ലേലിൽ (പുല്ലോലിക്കൽ) പുറമറ്റം, മുണ്ടമല പി ഒ എന്നയാൾ പുറമറ്റം ഗ്രാമപഞ്ചായത്തിലെ 10 -ാം വാർഡിലാണ് താമസിച്ചുവരുന്നത്. 2002-03 സാമ്പത്തികവർഷം ഐ എ വൈ ഭവനപദ്ധതി പ്രകാരം 17500/- രൂപ ലഭിക്കുകയും നിലവിൽ ടിയാൻ വീട് പണി പൂർത്തീകരിച്ചിട്ടുള്ളതായും ഗ്രാമ വികസന കമ്മീഷണർ അറിയിച്ചിട്ടുണ്ട്.<br>**3.6(4)** ശ്രീമതി. സി. വി. അമ്മിണി, ചിറയിൽ പലവളവിൽ, പുറമറ്റം എന്ന ഗുണഭോക്താവിന്റെ വീട് പണി പൂർത്തീകരിച്ചിട്ടുള്ളതാണ്. |
| 3.19.1 | **പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്**<br>പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിലെ നിരണം ഗ്രാമപഞ്ചായത്തിലുള്ള വെള്ളാരംകേരി, പയ്യം കോന്നാരി എന്നീ പാടശേഖരങ്ങളിൽ 200 ഏക്കർ | ടി പാടശേഖരത്തിൽ തുടർച്ചയായി നാളിതുവരെ 4 മോട്ടോർ പ്രവർത്തിപ്പിച്ച് കൃഷി നടത്തിവരുന്നതായി നിലവിലെ കൃഷി |

| | | |
|---|---|---|
| | സ്ഥലത്ത് നെൽകൃഷി ചെയ്ത് 360 ടൺ നെല്ലുല്പാദനം ലക്ഷ്യമിട്ട ഈ പദ്ധതിക്ക് ഡി.പി.സിയുടെ അംഗീകാരം ലഭിക്കുമെന്ന പ്രതീക്ഷയിൽ 95853/- രൂപ കൺവീനർ ശ്രീ.ഡി.എ.ഐസക്കിന് നൽകുകയുണ്ടായി.. എന്നാൽ ടി പദ്ധതിക്ക് ഡി.പി.സി.അംഗീകാരം നൽകിയിട്ടില്ല. ആദ്യഘട്ട പ്രവൃത്തിയായ നിലമൊരുക്കുന്നതിന് മുൻകൂർ നൽകിയ തുക വിനിയോഗിക്കുകയും പിന്നീട് വ്യക്തമായ കാരണങ്ങളില്ലാതെ പദ്ധതി ഉപേക്ഷിക്കുകയും ചെയ്തു. അംഗീകാരം ഇല്ലാത്ത പദ്ധതിക്കുവേണ്ടി ചെലവിട്ട 95853/- രൂപ പാഴായി. ഈ തുക വീഴ്ചക്കാരനായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. വർഷം 1997-1998. | അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. ടി തുക പൂർണ്ണമായി വിനിയോഗിച്ചിട്ടുള്ളതും ടി പ്രവൃത്തിയ്ക്ക് **ഡി.പി.സി അംഗീകാരം ലഭ്യമായിട്ടുള്ളതും** ആണ്. |
| 3.31<br><br>3.31.1 | <u>**കോട്ടയം ജില്ല**</u><br><br><u>**കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്**</u><br><br><u>**മരാമത്ത് പണികൾക്ക് മുൻകൂർ കൈപ്പറ്റി പദ്ധതികൾ ഉപേക്ഷിച്ചു.**</u><br><br>1996-97, 97-98 വർഷങ്ങളിലെ ഇ.എ.എസ് - ൽ ഉൾപ്പെടുത്തി കടുത്തുരുത്തി, തലയോലപ്പറമ്പ്, വെള്ളൂർ ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന പദ്ധതികൾക്കായി ആകെ 135000/- രൂപ മുൻകൂറിനത്തിൽ ബന്ധപ്പെട്ട കൺവീനർമാർക്ക് നൽകിയെങ്കിലും കൺവീനർമാർ പദ്ധതികൾ നിർവ്വഹിക്കാതെ ഉപേക്ഷിച്ചിട്ടുള്ളതായി കാണുന്നു. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി കൺവീനർമാർക്ക് എതിരെ ആർ.ആർ നടപടി സ്വീകരിക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയെങ്കിലും കൺവീനർമാർക്ക് നോട്ടീസ് അയയ്ക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. കമ്മറ്റി തീരുമാനമുണ്ടായിട്ടും കൺവീനർമാർക്ക് എതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാത്ത ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ നടപടി ഗുരുതരമായ കൃത്യവിലോപമായി | ഈ വിഷയം സംബന്ധിച്ച് അടിയന്തിരമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ബ്ലോക്കിന് നിർദ്ദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പ്രാദേശിക അന്വേഷണത്തിൽ താഴെപ്പറയുന്നവ കണ്ടെത്തുകയുണ്ടായി.<br>05.05.2003 ലെ 1-ാം നമ്പർ തീരുമാന പ്രകാരം ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും മുൻകൂർ തിരികെ ഈടാക്കാൻ ആർ.ആർ. നടപടി സ്വീകരിക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും അന്നത്തെ സെക്രട്ടറി 30.05.2003 ൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കും എന്നറിയിച്ചു കൊണ്ട് ടി കൺവീനർക്ക് നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. എന്നാൽ തുടർന്ന് നടപടികൾ ഒന്നും സ്വീകരിച്ചതായി കണ്ടെത്താൻ കഴിഞ്ഞില്ല. ടി സെക്രട്ടറി 31.07.2009 ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണ്. തുടർന്നുള്ള സെക്രട്ടറിമാരും |

| | | | |
|---|---|---|---|
| | | ഓഡിറ്റ് റിലയിരുത്തുന്നു. | ഈ വിഷയത്തിൽ നടപടി സ്വീകരിച്ചതായി കണ്ടെത്താൻ കഴിഞ്ഞില്ല . തുടർന്ന് ടി കൺവീനർമാരെ സംബന്ധിച്ച് അന്വേഷണം നടത്തുകയും, അതിൽ 2 കൺവീനർമാരെ (സണ്ണി തോമസ്,കെ.എൻ.അശോകൻ) ശരിയായ മേൽവിലാസം ലഭ്യമല്ലാത്ത കാരണത്താലും വളരെ വർഷങ്ങൾക്ക് മുമ്പേ താമസ സ്ഥലം മാറിയതിനാലും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നും മൂന്നാമത്തെ കൺവീനറായ സി.എ. തമ്പി 09.01.2007 -ൽ മരണപ്പെട്ടിട്ടുള്ളതാണ് എന്നും ഗ്രാമ വികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓഡിറ്റ് ശിപാർശകളിൽ യഥാസമയം നടപടി സ്വീകരിക്കാതിരുന്നത് കൊണ്ടാണ് ടി ശിപാർശയിൽ നടപടികൾ തുടരാൻ കഴിയാതിരിക്കാൻ കാരണമായത്. ആകയാൽ ഇത്തരം സ്ഥിതി വിശേഷം ഒഴിവാക്കുന്നതിനായും ഓഡിറ്റ് ശിപാർശകളിൽ തുടർനടപടികൾ ഉറപ്പ് വരുത്തുന്നതിനായും സർക്കാർ 01.10.2021 ലെ എ.സി2/46/2021/തസ്വഭവ സർക്കുലർ പ്രകാരം (പകർപ്പ് ഉള്ളടക്കം-അനുബന്ധം 1) നടപടി സ്വീകരിക്കുവാൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും/മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന വസ്തുത ബഹു.സമിതി മുമ്പാകെ ബോധിപ്പിക്കുന്നു. |
| 4 | 3.35.1 | 3.35.1<br>**ഇടുക്കി ജില്ല** | **അഴുതബ്ലോക്ക് പഞ്ചായത്ത്**<br>3-4 ഡെപ്പോസിറ്റ് പ്രവർത്തികൾ പൂർത്തീകരിച്ചു. |

**നിക്ഷേപ വേലകൾ പൂർത്തിയാക്കിയിട്ടില്ല**

വിവിധ ഏജൻസികളിൽ പദ്ധതി നിർവ്വഹണത്തിനായി പദ്ധതി പണം നിക്ഷേപിച്ചുവെങ്കിലും ഈ പ്രവർത്തികൾ യഥാസമയം പൂർത്തിയാക്കാത്തിനാൽ വൃഥാ ചെലവായി ഭവിച്ചു. വേലകൾ പൂർത്തിയാക്കുന്നതിനുള്ള തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലായെന്നതും ശ്രദ്ധേയമാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് | വർഷം | ഖണ്ഡിക | തുക |
|---|---|---|---|
| അഴുത ബ്ലോക്ക് | 2003-04 | 3-4 | 939000 |
| അഴുത ബ്ലോക്ക് | 2003-04 | 3-4 | 300000 |
| അഴുത ബ്ലോക്ക് | 2004-05 | 3-11 | 470540 |
| ദേവികുളം ബ്ലോക്ക് | 2003-04 | 3-11 | 600000 |
| കട്ടപ്പന ബ്ലോക്ക് | 2003-04 | 3-11 | 480800 |
| തൊടുപുഴ ബ്ലോക്ക് | 2004-05 | 3-2 | 1026588 |
| അടിമാലി ബ്ലോക്ക് | 2004-05 | 3-4 | 226900 |
| കട്ടപ്പന ബ്ലോക്ക് | 2003-04 | 3-11 | 47500 |
| കട്ടപ്പന ബ്ലോക്ക് | 2003-04 | 3-7 | 51215 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2004-05 | 3-27 | 3014200 |

മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ച് വിവരം ലോക്കൽ ഫണ്ട് ഓഡിറ്റിന് അറിയിച്ചിട്ടുള്ളതാണ്. എന്നാൽ സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ടതിനാൽ നിയമസഭാ സമിതി തീർപ്പിന് വിധേയമായി പരാമർശം ഒഴിവാക്കുന്നതാണെന്ന് ഓഡിറ്റിൽ നിന്ന് അറിയിച്ചിട്ടുള്ള വിവരം അഴുത ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**3-11 വൈദ്യുതീകരണ പ്രവർത്തികൾ രണ്ടെണ്ണം പൂർത്തിയാക്കി.** ടി പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുള്ള വിവരം ഓഡിറ്റിന് വിശദാംശങ്ങൾ സഹിതം സമർപ്പിച്ചതിൻറെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിച്ചു കൊള്ളുന്നു.

**അടിമാലി ബ്ലോക്ക് പഞ്ചായത്ത്**

നം.കെ.എസ്.എ.ഐ.ഡി.കെ 11/1061/18 തീയതി 04.06.2019 പ്രകാരം 04.02.2009 ലെ പൂർത്തീകരണ സാക്ഷ്യപത്രത്തിൻറെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കിയിട്ടിട്ടുണ്ട്.

**ദേവികുളംബ്ലോക്ക് പഞ്ചായത്ത്**

ടി പരാമർശത്തിൽ ജില്ലാ ലോക്കൽ ഫണ്ട് ഓഫീസിൽ നിന്നുള്ള 20.04.2011 എൽ.പി.എ നം. 1/136/20210 കത്ത് പ്രകാരം വിനിയോഗ

| | | |
|---|---|---|
| | | സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല എന്ന തടസ്സം ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ ജില്ലാ ലോക്കൽ ഫണ്ട് ഓഫീസിൽ നിന്നുമുള്ള 3.06.2019-ലെ കെ.എസ്.എ/ഐ.ഡി.കെ.14/744/18 കത്ത് പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയതിനാൽ ടി ഖണ്ഡിക പരാമർശം ഒഴിവാക്കിയതായി അറിയിച്ചിട്ടുണ്ട്.<br>**<u>കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത്</u>**<br>2003-2004 ഓഡിറ്റ് വർഷമായി സമാഹൃത റിപ്പോർട്ടിൽ 3.11 ഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുള്ള പരാമർശങ്ങൾക്ക് താഴെ പറയും പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്.<br>1.കെ.എസ്.ഇ.ബി നിക്ഷേപവേലകൾ പൂർത്തീകരിച്ചിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കി നൽകണമെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 02.06.2007 ൽ ഡി 378/2007 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.<br>2.ജല അതോറിറ്റി പ്രവർത്തികൾ പൂർത്തീകരിച്ച് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട് .<br>3.കെയ്ക്കോ ബന്ധപ്പെട്ട പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്.<br><br>**<u>തൊടുപുഴബ്ലോക്ക് പഞ്ചായത്ത്</u>**<br>ഫയൽ പരിശോധിച്ചതിൽ ബ്ലോക്ക് ഓഫീസിൽ നിന്നുള്ള മറുപടി സമർപ്പിച്ചതനുസരിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കിയുടെ 03.07.2019 ലെ |

| | | |
|---|---|---|
| | | കെ.എസ്.എ/ഐ.ഡി.കെ 7/650/19 നമ്പർ കത്ത് പ്രകാരം 2004-2005 വർഷത്തെ എല്ലാ പരാമർശങ്ങളും ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.<br>**<u>ഇടുക്കി ജില്ലാ പഞ്ചായത്ത്</u>**<br>വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 3014200/- രൂപ തടസ്സപ്പെടുത്തിയതിൽ 16,64,200/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്(അനുബന്ധം 2 മുതൽ 5 വരെ). കൂടാതെ മറയൂർ എസ്.സി.കോളനിയിൽ എല്ലാ വീടുകളിലും വൈദ്യുതി കണക്ഷൻ ഉള്ളതായും കേരള സംസ്ഥാന വൈദ്യുതി ബോർഡ് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്(അനുബന്ധം 6). |
| 5. | **<u>ഇടുക്കി ജില്ല</u>**<br>**<u>3.35.2 ഓഡിറ്റ് സമയത്ത് വൗച്ചറുകൾ, ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല</u>**<br>ഓഡിറ്റ് സമയത്ത് ഫയലുകളും വൗച്ചറുകളും അനുബന്ധരേഖകളും ഹാജരാക്കാത്തതിനാൽ വൻതുക തദ്ദേശ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ തടസ്സമായി നിലനിൽക്കുന്നു. ആയത് ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ നിർവ്വഹണാധികാരികളും ഭരണ വകുപ്പും കൈക്കൊള്ളുന്നില്ല. വിശദാംശം താഴെകൊടുക്കുന്നു. | **<u>ഇടുക്കി ജില്ലാ പഞ്ചായത്ത്-</u>**<br>ഫയലുകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാലാണ് 17989797/- രൂപ തടസ്സപ്പെടുത്തിയിട്ടുള്ളതാണ്. ഓഫീസിലെ റെക്കോർഡ് റൂം പരിശോധിച്ചതിൽ നിന്നും 10249787/- രൂപയുടെ 24 ഫയലുകൾ കണ്ടെത്തുകയും 27/10/21 ൽ ഓഡിറ്റ് ഓഫീസിൽ ഹാജരാക്കിയിട്ടുണ്ടെന്നും ബാക്കിയുള്ള ഫയലുകൾ കണ്ടെത്തുന്ന മുറയ്ക്ക് ഓഡിറ്റ് മുമ്പാകെ ഹാജരാക്കിക്കൊള്ളാമെന്നും ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |

<table>
<tr>
<td></td>
<td></td>
<td>
<table>
<tr><th>ക്രമ നം</th><th>സ്ഥാപനം ഓഡിറ്റ് റിപ്പോർട്ട്</th><th>വർഷം</th><th>ഖണ്ഡിക നമ്പർ</th><th>തുക ( രൂപ)</th></tr>
<tr><td>18.</td><td>ഇടുക്കി ജില്ലാ പഞ്ചായത്ത്</td><td>2004-05</td><td>3-29</td><td>17989797</td></tr>
<tr><td>19.</td><td>അഴുത ബ്ലോക്ക് പഞ്ചായത്ത് 2003-04</td><td>2003-04</td><td>3-3</td><td>1473063</td></tr>
<tr><td>20</td><td>അടിമാലി ബ്ലോക്ക് പഞ്ചായത്ത് 2004-05</td><td>2004-05</td><td>3-5</td><td>1003899</td></tr>
</table>
</td>
<td><u>അഴുത ബ്ലോക്ക് പഞ്ചായത്ത്-</u> രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച് വിശദമായ മറുപടി നൽകിയതും തുടർന്ന് ആഡിറ്റിൽ എല്ലാ രേഖകളും പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തതാണ്. എന്നാൽ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ പരാമർശം നിലനിൽക്കുന്നതായും നിയമസഭ സമിതി തീർപ്പിന് വിധേയമായി ഒഴിവാക്കുന്നതാണെന്ന് ഓഡിറ്റ് വകുപ്പിൽ നിന്ന് അറിയിച്ചിട്ടുണ്ട്.<br><u>അടിമാലി ബ്ലോക്ക് പഞ്ചായത്ത്-</u> ഫയൽ കണ്ടെത്താനുള്ള 7 പ്രവൃത്തികളിൽ 2 എണ്ണത്തിന്റേത് കണ്ടെത്തിട്ടുണ്ട്. മറ്റുള്ള ഫയലുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും തൽസ്ഥിതി പരിശോധിച്ചതിൽ ടി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണ് എന്ന് കണ്ടെത്താൻ കഴിഞ്ഞു. പ്രവൃത്തിയുടെ ഫോട്ടോകൾ ഉൾപ്പെടെ സമർപ്പിച്ചിട്ടുള്ളതും ആണ്. ഈ സാഹചര്യത്തിൽ ടി ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. (അനുബന്ധം 9)</td>
</tr>
<tr>
<td>5</td>
<td><u>3.35.3</u></td>
<td><u>നിയമപരമായ രജിസ്റ്ററുകൾ എഴുതുന്നില്ല.</u><br>പുതിയ അക്കൗണ്ടിംഗ് സമ്പ്രദായപ്രകാരം നിയമപരമായി എഴുതേണ്ടതായ രജിസ്റ്ററുകൾ എഴുതാത്തത് വ്യാപകമാണ്. ആയതുകൊണ്ട് സ്ഥാപനങ്ങളിലെ ധനവിനിയോഗത്തിന് കൃത്യമായ കണക്കില്ലാത്ത അവസ്ഥ നിലനിൽക്കുന്നു. കൂടുതൽ സ്ഥാപനങ്ങളും ക്യാഷ്ബുക്ക്, വരവ്-ചെലവ് രജിസ്റ്ററുകൾ എന്നിവ ശരിയാംവണ്ണം എഴുതുന്നതായി കാണുന്നില്ല.</td>
<td><u>അഴുത ബ്ലോക്ക്-</u> നിയമപരമായി എഴുതി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ച് വരുന്നതും 2012-2013 സാമ്പത്തിക വർഷം മുതൽ സാംഖ്യ അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പിലായിട്ടുള്ളതിനാൽ സോഫ്റ്റ് വെയർ മുഖേനയുള്ള രേഖപ്പെടുത്തലുകൾ കൃത്യമായി</td>
</tr>
</table>

<table>
<tr>
<td></td>
<td>വിശദാംശം താഴെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം</th><th>സ്ഥാപനത്തിന്റെ പേര്</th><th>വർഷം</th><th>ഖണ്ഡിക</th></tr>
<tr><td>12</td><td>അഴുത ബ്ലോക്ക് പഞ്ചായത്ത്</td><td>2004-05</td><td>2-1</td></tr>
<tr><td>13</td><td>തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്</td><td>2004-05</td><td>2-1</td></tr>
</table>
</td>
<td>നിർവ്വഹിച്ച് വരുന്നതുമാണ് എന്ന വിവരം സമർപ്പിക്കുന്നു.<br><u>തൊടുപുഴ ബ്ലോക്ക് -.</u> സർക്കാർ നിർദ്ദേശപ്രകാരമുള്ള രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നുണ്ട് എന്ന വിവരം ബ്ലോക്ക് ഓഫീസിലെ 10.04.2007 ലെ ബി2/40/05 നമ്പർ കത്ത് പ്രകാരം ഇടുക്കി ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് മറുപടി നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കിയതായി<br>കെ.എസ്.എ.ഐ.ഡി.കെ.7/650/19 തീയതി 3.07.2019 പ്രകാരം അിറയിച്ചിട്ടുള്ളതാണ് എന്ന് ഗ്രാമ വികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.</td>
</tr>
<tr>
<td>3.53.1</td>
<td>3.53.1 <u>ഒല്ലൂക്കര-മുൻകൂർ കൈപ്പറ്റിയിട്ട് പദ്ധതികൾ പൂർത്തീകരിച്ചില്ല</u><br><br>1) കരിപ്പാക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ<br>അഡ്വാൻസ് തുക - 14500<br><br>2) പുത്തൻകുളം ഉഴവുചാൽ പദ്ധതി<br>അഡ്വാൻസ് തുക - 59485</td>
<td>1) കൺവീനർ ശ്രീമതി.ഷാജിതക്ക് എതിരെ 25.10.2006 ന് റവന്യൂ റിക്കവറി നടപടികൾ ശുപാർശ ചെയ്തിട്ടുള്ളതും 10.11.2006 ൽ ജില്ലാ കളക്ടർ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. കൺവീനർ ശ്രീമതി. ഷാജിതയ്ക്ക് എതിരെയുള്ള റവന്യൂ റിക്കവറിക്കു മറുപടിയായി തൃശ്ശൂർ തഹസിൽദാർ(ആർ.ആർ) 14.10.19 ന് ആർ.ആർ1-1563/06 തുക ഈടാക്കുന്നതിന് മറ്റു മാർഗ്ഗങ്ങൾ ഒന്നും ഇല്ലാത്തതിനാൽ ആർ.ആർ. സർട്ടിഫിക്കറ്റ് മടക്കിയതായി അറിയിച്ചിട്ടുണ്ട്. പദ്ധതി സ്ഥലം നേരിട്ട് പരിശോധന നടത്തിയതനുസരിച്ച് ഈ പദ്ധതിക്കായി പണിത ഷെഡിൽ 1997-98 വർഷം ജനകീയാസൂത്രണ</td>
</tr>
</table>

# ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൻമേൽ കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം & ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശവിഷയം | ഓഡിറ്റ് പരാമർശത്തിനുമേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 2006-2007<br>3.39.1.1. | **മരാമത്തു പണികൾക്കും മറ്റും മുൻകൂർ കൈപ്പറ്റിയിട്ട് പണി പൂർത്തിയാക്കിയില്ല.**<br><br>ജില്ലയിലെ പല തദ്ദേശ ഭരണസ്ഥാപനങ്ങളിലും ഗുണഭോക്തൃ സമിതി കൺവീനർമാർ മരാമത്തുപണികൾക്കായി മുൻകൂർ വാങ്ങിയിട്ട് പണി തുടങ്ങാതിരിക്കുകയോ, പണി പൂർത്തികരിക്കാതിരിക്കുകയോ ചെയ്തതായി കാണുന്നു. മുൻകൂർ കൈപ്പറ്റിയിട്ട് പണി പൂർത്തിയാക്കാത്ത ഗുണഭോക്തൃ സമിതി കൺവീനർമാരിൽ നിന്ന് മുൻകൂർ തുക 12% പലിശ സഹിതം തിരിച്ചു പിടിക്കേണ്ടതാണെന്നും റവന്യു റിക്കവറി നടപടികൾ മുഖേന തിരിച്ചു പിടിക്കേണ്ടിവരുമ്പോൾ 18% പലിശ ഈടാക്കേണ്ടതാണെന്നും സർക്കുലർ നം.1073/ഡി.പി.1/03.ത.സ്വ.ഭ.വ. 27.03.03 പ്രകാരം ഉത്തരവുള്ളതാണ്. ഇപ്രകാരം മുൻകൂർ വാങ്ങിയിട്ട് പണി പൂർത്തിയാക്കാത്തവയുടെ വിവരം താഴെ കൊടുക്കുന്നു. | ഓഡിറ്റ് റിപ്പോർട്ടിൻമേൽ തുടർ നടപടികളുടെ ഭാഗമായി ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. പി.എം. ജോസഫിന് 05.05.2006 ൽ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് സഹിതം കത്ത് നൽകിയതിന് ടിയാൾ മറുപടി ഒന്നും നൽകിയില്ല. വീണ്ടും 15.11.06 ൽ ഓർമ്മ കുറിപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാൾ മറുപടി സമർപ്പിക്കുകയും ടി മറുപടിയിൽ തുക കൺവീനറിൽ നിന്നും ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. നടപടി ക്രമങ്ങൾക്കു ശേഷം വേലയുടെ കൺവീനറായ ശ്രീ. പൈങ്കിളി ശിവൻ, മനയപ്പുറത്ത് കല്ലൂർക്കാട് എന്നയാൾക്ക് ഈ ഓഫീസിൽ നിന്നും 10.05.10 ൽ രജി. എ.ഡി. യിൽ Ac- 2267-ാം നമ്പർ കത്ത് അയയ്ക്കുകയും ടി കത്ത് ടിയാൾ 17/05/10 ൽ കൈപ്പറ്റിയിട്ടും മറുപടി ലഭിക്കാത്തതിനാൽ 04.10.13 -ൽ വീണ്ടും സി1-3843/2013 പ്രകാരം തുക അടയ്ക്കുവാൻ ആവശ്യപ്പെട്ട് കത്ത് അയച്ചുവെങ്കിലും മറുപടി ലഭിച്ചില്ല. തുടർന്ന് 23/04/2014 ലെ പഞ്ചായത്ത് അസി. ഡയറക്ടറുടെ പി.എ3-5364/14 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ 23/04/2014 ൽ സി1-1755/14 നമ്പർ പ്രകാരം കത്ത് അയയ്ക്കുകയും ടിയാളെ നേരിൽ കാണുകയും സ്ഥല പരിശോധന നടത്തുകയും ചെയ്തു. ഈ ഓഫീസിൽ നിന്നും അയച്ച കത്തിന് ലഭിച്ച മറുപടി, 26.04.2014 തീയതിയിൽ നടന്ന പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും 10934/- രൂപ രണ്ട് തവണകളിലായി രണ്ട് മാസത്തിനുള്ളിൽ തിരിച്ചടക്കുന്നതിന് സാവകാശം നൽകിയും പലിശ ഒഴിവാക്കുന്നതിനു സർക്കാരിലേക്ക് അപേക്ഷിക്കുന്നതിനും തീരുമാനിച്ചു. പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ |

| സ്ഥാപനം | വർഷം | ഖണ്ഡിക | തുക | വിവരണം |
|---|---|---|---|---|
| കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് | 01-02 | 2(6) | 10934 | 47600/-രൂപ നൽകിയെങ്കിലും 36666/- രൂപ മൂല്യംവരുന്ന പ്രവൃത്തി ചെയ്യുകയും പണി പൂർത്തിയാക്കാതെ 10934/-രൂപ കൺവീനർ കൈവശം സൂക്ഷിച്ചിരിക്കുകയാണ്. |

ഓഡിറ്റ് തടസ്സപ്പെടുത്തിയ തുകയിൽ 5000/- രൂപ 29/04/2014 ൽ 11402100128 നമ്പർ രസീത് പ്രകാരവും, ബാക്കി തുകയായ 5934/- രൂപ 05/06/2014 ൽ 11402100329 നമ്പർ രസീത് പ്രകാരവും പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി അനുഭാവപൂർവ്വം പരിഗണിച്ച് എടുത്തിട്ടുള്ള തീരുമാനത്തിന്റെ പകർപ്പും അപേക്ഷയും രസീതും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പിഴപലിശ അടയ്ക്കുന്നതിൽ നിന്നും ടിയാനെ ഒഴിവാക്കി തരണമെന്ന് നിയമസഭാ സമിതിയോട് അപേക്ഷിക്കുന്നു.

കല്ലൂർക്കാട്
31/07/2014

## കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്

### 11/07/2014 തീയതി നടന്ന സാധാരണ / അടിയന്തിര മീറ്റിംഗിലെ 19(5)-ാം നമ്പർ തീരുമാനം

കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് 1998-99 വർഷത്തിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രത്യേകഘടകപദ്ധതിയിൽ ഏറ്റെടുത്ത് നടപ്പാക്കിയ, 50400/- രൂപ അടങ്കൽ തുകയുള്ള "നീറംപുഴ ഹരിജൻ കോളനി കമ്മ്യൂണിറ്റി ഹാൾ ഒന്നാംനിലയുടെ നിർമ്മാണം" എന്ന മരാമത്തുപണിയുടെ കൺവീനർ ശ്രീ. പൈങ്കിളി ശിവൻ ടി പ്രവർത്തിക്ക് കണക്കാക്കിയ മൂല്യത്തേക്കാൾ അധികരിച്ച് 10934/- രൂപ അധികമായി കൈപ്പറ്റിയിട്ടുള്ളതാണ്. 2001-02 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ, ടി പ്രവർത്തിക്ക് മെഷർമെന്റ് ബുക്ക് പ്രകാരം കണക്കാക്കിയ മൂല്യമായ 36665.51 രൂപയേക്കാൾ അധികമായി കൈപ്പറ്റിയ 10934/-ക പലിശ സഹിതം തിരികെ പിടിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതുപ്രകാരം കൺവീനറായ ശ്രീ.പൈങ്കിളി ശിവന് കത്തുകൾ നൽകിയിട്ടും ടിയാൻ മറുപടി നൽകുകയോ തുക അടക്കുകയോ ചെയ്തില്ല. തുടർന്ന് 23/04/2014-ൽ വീണ്ടും ടിയാന് രജിസ്റ്റേർഡ് നോട്ടീസ് നൽകുകയും ടിയാനേ നേരിൽ കാണുകയും സ്ഥലപരിശോധന നടത്തുകയും ടിയാനെ നേരിൽ കണ്ട് കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തിയതിന്റെയും അടിസ്ഥാനത്തിൽ ശ്രീ.പൈങ്കിളി ശിവൻ സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും നിരാകരിച്ച തുക രണ്ട് തവണകളായി രണ്ട് മാസത്തിനുള്ളിൽ തിരിച്ചടുക്കുന്നതിന് സാവകാശം നൽകിയും, പലിശ തുക അടക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിന് ബഹു. നിയമസഭാസമിതിയോട് അപേക്ഷിക്കുന്നതിനും 26/04/14-ലെ 12(1) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാണ്. ആയതനുസരിച്ച് ശ്രീ.പൈങ്കിളി ശിവൻ 5000/-ക 29/04/2014-ലെ 11402100128 രസീതു പ്രകാരവും 5934/-ക 05/06/2014-ലെ 11402100329 നമ്പർ രസീതു പ്രകാരവും പഞ്ചായത്ത് ഫണ്ടിലേക്ക് അടച്ചിട്ടുണ്ട്. ടി കമ്മ്യൂണിറ്റി ഹാൾ ഇപ്പോഴും കേടുപാടുകൾ ഒന്നും ഇല്ലാതെ ഉള്ളതും നീറമ്പുഴ കോളനിയിലെ വിവിധ ആവശ്യങ്ങൾക്ക് ഈ കെട്ടിടം ഉപയോഗിക്കുന്നതുമാണെന്നും, നിരാകരിക്കപ്പെട്ട തുക പൂർണ്ണമായും അടച്ചിട്ടുള്ളതാണെന്നും പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാളും നിർദ്ധനനും പ്രായാധിക്യമുള്ള മാതാവും അവിവാഹിതനും മൂകനും ബധിരനുമായ സഹോദരനും ഭാര്യയും കുട്ടികളും അടങ്ങുന്ന കുടുംബത്തിന്റെ ഏക ആശ്രയമാണെന്നതും പലിശ കൂടി ടിയാന് അടക്കുവാൻ കഴിവില്ലാത്തതാണെന്നുമുള്ള കാര്യങ്ങൾ കമ്മറ്റിക്ക് ഉത്തമ ബോദ്ധ്യമുള്ളതാണ്. ആയതിനാൽ ടിയാന്റെ പ്രതികൂല സാഹചര്യങ്ങൾ കണക്കിലെടുത്ത് മേൽ തുകയുടെ പിഴ പലിശ അടക്കുന്നതിൽ നിന്നും ഒഴിവാക്കി ഉത്തരവാകണമെന്ന് ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് നിയമസഭാ സമതിയോട് ഈ യോഗം ഐക്യകണ്ഠേന അഭ്യർത്ഥിച്ചു തീരുമാനിച്ചു.

(ഒപ്പ്)

പ്രസിഡന്റ്

//ശരിപകർപ്പ്//

OFFICE OF THE KALLOORKAD GRAMAPANCHAYAT ERNAKULAM DT. PIN:686 668 KERALA STATE, INDIA KALLOORKAD P.O.

VALSAMMA GEORGE
SECRETARY
KALLOORKAD GRAMA PANCHAYAT

RECEIPT 8312911
11402100128 29-Apr-2014
PAINKILI SIVAN
MANAYAPURATH, KALLOORKAD(CONVINOR)

(Refund Of Advances From Development Fund)
180609901 2014-15/F 5000.00

KREWS(GLM KANJIKODE)

Rnd.Off(0.00)
Total 5000.00

AUDIT RECOVERY CON. 200
6-07 PARA 3.39.1.1

2. Rema Devi PK:R

RECEIPT 3129272
11402100329
PAINKILY SIVAN
MANAYAPURATH

(Refund Of Advances From Development Fund)
180609901 2014-15/F 5934.00

KREWS(GLM KANJIKODE) 2014

Rnd.Off(0.00)
Total 5934.00

AUDIT RECOVERY CON. 200
6/07 PARA3.39.1.1

OFFICE OF THE KALLOORKAD GRAMA PANCHAYATH
ERNAKULAM DT. PIN-686 668
KERALA STATE, INDIA
KALLOORKAD P.O.

VALSAMMA GEORGE
SECRETARY
KALLOORKAD GRAMA PANCHAYAT

ബഹുമാനപ്പെട്ട കല്ലൂർക്കാട് ഗ്രാമ പഞ്ചായത്ത് ഭരണസമിതി മുമ്പാകെ കല്ലൂർക്കാട് പോസ്റ്റൽ അതിർത്തിയിൽ മനയപ്പുറത്ത് വീട്ടിൽ പൈങ്കിളി ശിവൻ പഞ്ചായത്ത് സെക്രട്ടറി മുഖാന്തിരം സമർപ്പിക്കുന്ന അപേക്ഷ.

സർ,

കല്ലൂർക്കാട് ഗ്രാമ പഞ്ചായത്തിന്റെ 1998-99 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തിയ "ചിറപ്പുഴ ഹരിജൻ കമ്മ്യൂണിറ്റി ഹാൾ ഒന്നാം നിലയുടെ നിർമ്മാണം" നിർവ്വഹിച്ച ഗുണഭോക്തൃ സമിതിയുടെ കൺവീനറാണ് ഞാൻ. പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ 50400/-രൂപ അടങ്കൽ ഉള്ള ടി പ്രവർത്തിക്ക് അനർഹമായ മൂല്യത്തേക്കാൾ അധികരിച്ച് 10934/- രൂപ ഞാൻ അധികം കൈപ്പറ്റിയിട്ടുള്ളതായി 2001-02 ലെ ലോക്കൽ ഫണ്ട് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതും ടി തുക പലിശ സഹിതം തിരിച്ചടയ്ക്കണമെന്ന് കാണിച്ച് റിക്കവറി നോട്ടീസ് ലഭിച്ചിട്ടുള്ളതുമാണ്. നാളിതിന്റെ അടിസ്ഥാനത്തിൽ കൂലിപ്പണിക്കാരനും പട്ടികജാതിക്കാരനുമായ എനിക്ക് ടി തുക പലിശ സഹിതം അടയ്ക്കുവാൻ കഴിവില്ലായെന്ന് കാണിച്ച് പഞ്ചായത്ത് ഭരണസമിതിക്ക് അപേക്ഷ സമർപ്പിക്കുകയുണ്ടായി. പഞ്ചായത്ത് ഭരണസമിതി എന്റെ അപേക്ഷ ചർച്ച ചെയ്യുകയും രണ്ട് തവണകളായി തുക അടയ്ക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. ആയതിൻ പ്രകാരം 5000/- രൂപ 29.4.14 ലെ 1140 2100128 നമ്പർ പ്രകാരവും 5934/- രൂപ 05.06.2014 ലെ 11402100329 നമ്പർ രസീത് പ്രകാരവും പഞ്ചായത്തിൽ തിരിച്ചടച്ചിട്ടുണ്ട്. പട്ടികജാതിക്കാരനും നിർദ്ധനനും പ്രായമേറിയ ആളുമായ ഞാനും, അവിവാഹിതയും മൂകയും ബധിരയുമായ സഹോദരിയും, ഭാര്യയും മക്കളുമടങ്ങുന്ന കുടുംബത്തിന്റെ ഏക ആശ്രയമായ എനിക്ക് എന്റെ സാഹചര്യം കണക്കിലെടുത്ത് മേൽ തുകയുടെ പിഴപ്പലിശ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുവാൻ താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

എന്ന്

വിധേയൻ

പൈങ്കിളി ശിവൻ

കല്ലൂർക്കാട്,
..6-2014.

OFFICE OF THE KALLOORKAD GRAMAPANCHAYAT
ERNAKULAM DT. PIN-686 668
KERALA STATE, INDIA
KALLOORKAD P.O.

ശരി പകർപ്പ്

VALSAMMA GEORGE

## 2006-2007 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് സമാഹൃത ആഡിറ്റ് റിപ്പോർട്ടിൻമേൽ സ്വീകരിച്ച ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

# ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത്

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | സമാ.റി. വർഷം & ഖണ്ഡിക നമ്പർ | പരാമർശം | സ്വീകരിച്ച നടപടി |
|---|---|---|---|---|
